KOTTAYAM PUBLIC LIBRARY

Call No. ............ Ac. No. ............ 39

Author ..............................

Title ..............................

Box No. krm
4005,

M. Man

krm

A 519491

KTMPP

hlb

*Travancore University Series No. 28*

KOTTAYAM PUBLIC LIBRARY
61639

# വ്യാസന്റെ വിരുന്ന്

## രണ്ടാം ഭാഗം

ഗ്രന്ഥകർത്താവ്

**സി. രാജഗോപാലാചാര്യ**

വിവർത്തകൻ

**പി. ശേഷാദ്രി അയ്യർ**

ബി. എ; എം. എൽ.

തിരുവിതാംകൂർ സർവകലാശാല
പ്രസിദ്ധീകരണവകുപ്പ്.

കമലാലയാ പ്രിന്റിംഗ് വർക്സ്,
തിരുവനന്തപുരം.

1952. വ… രൂപാ 2. ണ. 8.

*Printed and Published by*
*The Superintendent, Department of Publicat*
*for the University of Travancore.*

*Rights Reserved*

[1st impression. Copies 1000 August 1952.]

DEPARTMENT OF PUBLICATIONS
UNIVERSITY OF KERALA
TRIVANDRUM.

# വ്യാസൻെറ വിരുന്നു്

## 52. വൃത്രൻ

ഒരിക്കൽ ത്രിലോകാധിപതിയായ ദേവേന്ദ്രൻ ആത്മോചിതമായ സ്ഥിതിമാഹാത്മ്യത്തെ മറന്നു് മദോന്മത്തനായിത്തീൎന്നു. സിംഹാസനത്തിൽ ഇരിക്കുന്ന രാജാവു് ആരുവന്നാലും എഴുന്നേല്ക്കേണ്ട ആവശ്യമില്ലെന്നു് ശാസ്ത്രം ഘോഷിക്കുന്നതായി പറഞ്ഞു കേട്ടു് അദ്ദേഹം ദേവപുരോഹിതനായ ബൃഹസ്പതി സഭയിൽ വന്നപ്പോൾ എഴുന്നേററു് യഥായോഗ്യം സൽക്കരിച്ചിരുത്തുന്നതിനു ശ്രമിക്കാതെ ഉദാസീനഭാവത്തിൽ വെറുതേ ഇരുന്നു. എല്ലാവിധത്തിലും പ്രഥമസ്ഥാനത്തിനു് അൎഹനും മഹാനും ദേവാസുരന്മാരുടെ ബഹുമാനത്തിനു പാത്രവുമായ ബൃഹസ്പതി ഇതുകൊണ്ടു് സങ്കടപ്പെട്ടു. ഐശ്വൎയ്യത്തിൻെറ ഉന്മത്തതയാൽ ഇപ്രകാരം സംഭവിച്ചതാണെന്നു മനസ്സിലാക്കി യാതൊന്നും പറയാതെ അദ്ദേഹം സഭയിൽനിന്നും ഇറങ്ങി സ്വഗൃഹത്തിലേക്കു മടങ്ങി. ദേവഗുരു ഇല്ലാതിരുന്നതുകൊണ്ടു് ആ സഭ നിഷ്പ്രഭമായിത്തീൎന്നു.

താൻ ചെയ്തുപോയ അപരാധം ഇന്ദ്രനു മനസ്സിലായി. ഇതുകൊണ്ടു തനിക്കു് എന്താപത്താണു് നേരിടുവാൻപോകുന്നതു് എന്നു വിചാരിച്ചു് അദ്ദേഹം ഭയപ്പെട്ടു. "ഗുരുവിൻെറ പാദങ്ങളിൽ വീ[illegible] അദ്ദേഹത്തെ പ്രസാദിപ്പിക്കണം" എന്നു് ഇന്ദ്രൻ [illegible]യിച്ചു.

ഇന്ദ്രനു് അദൃശ്യമായ മായാരൂപത്തെ ബൃഹസ്പതി കൈക്കൊണ്ടു. ഇന്ദ്രൻ വളരെയെല്ലാം ശ്രമിച്ചിട്ടും ഗുരുവിനെ കാണാൻ സാധിക്കാതെ വ്യാകുലമാനസനായിത്തീൎന്നു.

ആചാൎയ്യൻ തന്നെ വിട്ടുപോയതുമുതൽക്കു് ഇന്ദ്രനു ശക്തി കുറയുവാൻ തുടങ്ങി. അസുരന്മാരുടെ ശക്തി അധികമാകുകയും ചെയ്തു. അവർ ദേവന്മാരെ ആക്രമിച്ചു. ദേവന്മാർ പീഡിതരായതുകണ്ടു് ബ്രഹ്മാവു് ദയാർദ്രനായി ഇപ്രകാരം പറഞ്ഞു. "ദേവന്മാരെ! ബൃഹസ്പതി നിങ്ങളെ കൈവിട്ടു. ഇന്ദ്രന്റെ ബുദ്ധിമോശത്താൽ ഇങ്ങനെ സംഭവിച്ചിട്ടുള്ളതാണു്. ഇപ്പോൾ നിങ്ങൾ ത്വഷ്ടാവിന്റെ പുത്രനും തപസ്വിയുമായ വിശ്വരൂപനെ ശരണം പ്രാപിച്ചു് അദ്ദേഹത്തെ ഗുരുവായി വരിക്കുക. നിങ്ങളുടെ കാൎയ്യം സഫലമാകും."

ബ്രഹ്മാവു് ഇങ്ങനെ പറഞ്ഞതനുസരിച്ചു് ദേവന്മാർ സന്തോഷത്തോടുകൂടി അപ്രകാരം പ്രവൎത്തിച്ചു. ത്വഷ്ടാവിന്റെ പുത്രൻ പ്രായംകൊണ്ടു ബാലനായിരുന്നു. എന്നാൽ അദ്ദേഹം മഹാതപസ്വിയായിരുന്നു. ദേവന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു് ഇപ്രകാരം പ്രാൎത്ഥിച്ചു:—"അങ്ങു് വയസ്സുകൊണ്ടു ചെറുപ്പമാണെങ്കിലും അങ്ങേയ്ക്കു് എല്ലാ വേദങ്ങളും അറിയാം. ഞങ്ങളുടെ പുരോഹിതപദം അങ്ങു സ്വീകരിക്കണം." വിശ്വരൂപൻ സമ്മതിച്ചു.

തപസ്വിയും പരിശുദ്ധനുമായ വിശ്വരൂപന്റെ ഉപദേശത്താൽ ദേവ[illegible]രും ദേവേന്ദ്രനും അസുരന്മാരുടെ ഉപദ്രവത്തിൽനിന്നു [illegible]ക്ഷ പ്രാപിച്ചു.

വിശ്വരൂപൻ ത്വഷ്ടാവിൻെറ പുത്രനാണെങ്കിലും അദ്ദേഹത്തിൻെറ മാതാവ് ദൈത്യകുലത്തിൽ ജനിച്ചവളായിരുന്നു. അതുകൊണ്ടു് വിശ്വരൂപനെപ്പററി ഇന്ദ്രനു സംശയം ഉണ്ടായി. "ഇദ്ദേഹത്തിന്റെ മാതാവ് നമ്മളുടെ ശത്രുകുലത്തിൽ ഉള്ളവളാണു്. അതുകൊണ്ടു് ഇദ്ദേഹത്തിനു് അസുരന്മാരോടു പക്ഷപാതം ഉണ്ടായിരിക്കതന്നെ ചെയ്യും" എന്നു് ഇന്ദ്രൻ വിചാരിച്ചു. അദ്ദേഹത്തിൻെറ ഈ സംശയം ക്രമേണ വർദ്ധിച്ചുവന്നു.

വിശ്വരൂപൻ ജീവിച്ചിരുന്നാൽ തങ്ങൾക്കു് അപായം ഉണ്ടാകുമെന്നു കരുതി ഇന്ദ്രൻ വിശ്വരൂപനെ കബളിപ്പിക്കാൻ അപ്സരസ്ത്രീകളെ പ്രേരിപ്പിച്ചു. ഇന്ദ്രൻെറ ആജ്ഞയനുസരിച്ചു് അവർ പലപ്രകാരത്തിലുള്ള നൃത്തങ്ങളും ശൃംഗാരചേഷ്ടകളും മററുംകൊണ്ടു് വിശ്വരൂപനെ വ്യാമോഹിപ്പിക്കുവാൻ നോക്കി. എന്നാൽ വിശ്വരൂപൻ ഇതിനൊന്നും വശംവദനാകാതെ തൻെറ ബ്രഹ്മചര്യത്തെ ദൃഢമായി പരിപാലിച്ചുവന്നു. ഈ രീതിയിൽ വിജയം സിദ്ധിക്കാൻ സാധിക്കയില്ലെന്നു കണ്ടു് ഇന്ദ്രൻ വലുതായ ഒരു പാപകർമ്മം ചെയ്വാൻ ഒരുമ്പെട്ടു. വജ്രായുധംകൊണ്ടു് അദ്ദേഹം വിശ്വരൂപനെ കൊന്നു.

ഇങ്ങനെ പരിഹാരമില്ലാത്ത പാപം ചെയ്തിട്ടു് ഇന്ദ്രൻ അതിനു പ്രായശ്ചിത്തം നിശ്ചയിച്ചു. തൻെറ പാപത്തെ ലോകത്തിനു പങ്കിട്ടു കൊടുത്തു. ഇതുകൊണ്ടു തന്നെയാണു് ഭൂമിയിൽ ചില ഭാഗങ്ങൾ ഊഷരപ്രദേശങ്ങളായിരിക്കുന്നതെന്നും, സ്ത്രീകൾക്കു് പുരുഷന്മാൎക്കില്ലാത്ത സ്വാഭാവികമായ ചില വൈഷമ്യങ്ങൾ വന്നുചേൎന്നിരിക്കുന്നതെന്നും, വെള്ളത്തിൽ നുരയും ചതയും കാണുന്നതെന്നും പറയപ്പെടുന്നു.

*　　*

തന്റെ പുത്രൻ അക്രമമായി കൊല്ലപ്പെട്ടതറിഞ്ഞു ത്വഷ്ടാവിന്നു് ദേവേന്ദ്രനോടു വലുതായ കോപം ഉണ്ടായി. അതിന്നു് ഇന്ദ്രനെ കൊന്നു പക വീട്ടാൻ അദ്ദേഹം ഒരു ഹോമം ചെയ്തു. അതിൽനിന്നും ഇന്ദ്രന്റെ ശത്രുവായ വൃത്രാസുരൻ ഉദ്ഭവിച്ചു. അഗ്നിയിൽ നിന്നു സംജാതനായ ആ അസുരനോട്ടു് ത്വഷ്ടാവു് ഇപ്രകാരം പറഞ്ഞു. "ഹേ ഇന്ദ്രശത്രു! നിങ്ങൾ അഭിവൃദ്ധിയെ പ്രാപിക്കുക—ഇന്ദ്രനെ കൊല്ലുക".

വൃത്രനും ഇന്ദ്രനും തമ്മിൽ ഘോരസമരം ആരംഭിച്ചു. വൃത്രന്റെ ശക്തിതന്നെയാണു് അധികമായിരുന്നതു്. ഇന്ദ്രനു പരാജയം ഉണ്ടാകുമെന്നറിഞ്ഞു് ഋഷികളും ദേവന്മാരും വിഷ്ണുവിനെ ശരണംപ്രാപിച്ചു. ഭഗവാൻ അവൎക്കു് അഭയം നല്കി ഇങ്ങനെ പറഞ്ഞു. "നിങ്ങൾ ഭയപ്പെടേണ്ട. ഇന്ദ്രന്റെ വജ്രായുധത്തിൽ ഞാൻ പ്രവേശിക്കും, ദേവരാജാവിനു വിജയം ഉണ്ടാകും".

ദേവന്മാരും ഋഷികളും ധൈൎയ്യപ്പെട്ടു മടങ്ങി. പിന്നീടു മഹൎഷിമാർ വൃത്രന്റെ അടുക്കൽചെന്നു് ഇപ്രകാരം പറഞ്ഞു. "നിങ്ങൾ ഇന്ദ്രനോടു സ്നേഹമായ വൎത്തിക്കുക. നിങ്ങൾ രണ്ടുപേരും സമന്മാരായിരിക്കുന്നു. ഈ യുദ്ധം ലോകത്തെ വളരെ പീഡിപ്പിക്കുന്നു."

വൃത്രൻ അവരെ വന്ദിച്ചിട്ടു് ഇങ്ങനെ പറഞ്ഞു. "മഹാനുഭാവന്മാരായ നിങ്ങൾ ക്ഷമിക്കണം. ഇന്ദ്രനും ഞാനും എങ്ങനെ യോജിക്കും. സമതേജസ്സുകളായ രണ്ടുപേൎക്കു് എങ്ങനെ ആണു് യോജിപ്പുണ്ടാകുന്നതു്."

"അങ്ങനെ ന[illegible]യിക്കേണ്ട. സജ്ജനങ്ങളുടെ സഖ്യം ദൃഢമായിര[illegible] ഇരിക്കും." എന്നു മഹൎഷിമാർ പറഞ്ഞു.

വൃത്രൻ സമ്മതിച്ചിട്ട് ഇങ്ങനെ പറഞ്ഞു. "യുദ്ധം ഞാൻ നിർത്താം. എന്നാൽ ഇന്ദ്രനെ എനിക്കു വിശ്വാസമില്ല. നിങ്ങൾ എനിക്കു വരംതരണം. ആയുധത്താലോ, കല്ലുകൊണ്ടോ, മരംകൊണ്ടോ, അസ്ത്രങ്ങളാലോ ഞാൻ ഇന്ദ്രനാൽ വദ്ധ്യനാകരുത്. രാത്രിയിലും, പകലും എനിക്ക് ഇന്ദ്രനിൽനിന്ന് മരണം ഉണ്ടാകാതിരിക്കാൻ ആശീർവ്വദിക്കണം."

"അങ്ങനെതന്നെ" എന്നു ദേവന്മാരും ഋഷികളും അനുഗ്രഹിച്ചു. വൃത്രൻ ഭയന്നതു ന്യായമായിരുന്നു. ഇന്ദ്രന് വൃത്രനുമായി യഥാർത്ഥമായ സൗഹാർദ്ദം ഇല്ലായിരുന്നു. അദ്ദേഹത്തെ കൊല്ലുന്നതിന് അവസരം നോക്കികൊണ്ടിരിക്കയായിരുന്നു ഇന്ദ്രൻ. ഒരു ദിവസം സന്ധ്യാസമയത്ത് സമുദ്രതീരത്തുവച്ച് ഇന്ദ്രൻ വൃത്രനെ കണ്ടുമുട്ടി. അത് വൃത്രവധത്തിനുള്ള നല്ല സമയമായിരുന്നു. ആ സമയം പകലും അല്ല, രാത്രിയും അല്ല. എന്നതുകൊണ്ട് യുദ്ധം ആരംഭിച്ചു. വളരെ നേരം അവർ യുദ്ധംചെയ്തു.

വൃത്രൻ—എടാ നീചാ! ആ വ്യർത്ഥമായ വജ്രായുധം പ്രയോഗിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്? ശ്രീഹരിയുടെ തേജസ്സുകൊണ്ട് തേജഃപൂർണ്ണമായിരിക്കുന്ന നിൻെറ ആയുധത്തെ എൻെറ മേൽ പ്രയോഗിക്കുക. ഞാൻ സദ്ഗതി പ്രാപിക്കും." എന്നു പറഞ്ഞിട്ട് വൃത്രൻ ഭഗവാനെ സ്തുതിച്ച് ധ്യാനിച്ചുകൊണ്ടു നിന്നു.

ഇന്ദ്രൻ വൃത്രൻെറ വലതുകൈ വെട്ടിക്കളഞ്ഞു. വൃത്രൻ നിശ്ചലനായിത്തന്നെ [illegible]. ഇടതുകയ്യിൽ ഇരുമ്പുലക്ക എടുത്തുകൊണ്ട് അ[illegible] ഇന്ദ്രൻെറ നേരെ

പറഞ്ഞു. ഇന്ദ്രൻ ആ കയ്യും ഛേദിച്ചുകളഞ്ഞു. രണ്ടുകയ്യും ഇല്ലാതെ ആയപ്പോൾ വൃത്രൻ വാപിളന്ന് ഇന്ദ്രനെ വിഴുങ്ങി. "അയ്യോ" എന്നു ദേവന്മാർ ആർത്തനാദം പുറപ്പെടുവിച്ചു. എന്നാൽ ഇന്ദ്രൻ മരിച്ചില്ല. ഇന്ദ്രൻ വൃത്രന്റെ വയറു പിളന്ന് വെളിയിൽ വന്നു. സമുദ്രതീരത്ത് അടിഞ്ഞുകൂടിയിരുന്ന ഫേനപംക്തിയിൽ അദ്ദേഹം വജ്രായുധം പ്രയോഗിച്ച് ആ ഫേനത്തെ വൃത്രന്റെ മേൽ പ്രയോഗിച്ചു. അപ്പോൾ മഹാവിഷ്ണു ആ ഫേനത്തിൽ പ്രവേശിച്ചിരുന്നതിനാൽ വൃത്രൻ മരിച്ചു.

ഇടവിടാതെയുള്ള യുദ്ധംകൊണ്ട് അത്യന്തം പീഡിതമായിരുന്ന ലോകം തൽക്ഷണം സന്തുഷ്ടമായി. എന്നാൽ ഇന്ദ്രൻ ബ്രഹ്മഹത്യാദോഷംകൊണ്ടും സത്യഭ്രംശംകൊണ്ടും അവമാനിതനായി, നിഷ്പ്രഭനായി, ലജ്ജിതനായി എവിടെയോ മറഞ്ഞുകളഞ്ഞു.

രാജാവില്ലാതെ പ്രജകൾക്ക ജീവിക്കാൻ സാധിക്കയില്ല. രാജാവെന്നു പറഞ്ഞാൽ രാജ്യഭരണം നടത്തുന്ന ഒരാളോ ഒരു വംശമോ, ഒരു സഭയോ, ഏതും ആകാവുന്നതാണ്. ഈ കാരണത്താൽ ഇന്ദ്രൻ അദൃശ്യനായപ്പോൾ ദേവന്മാരും ഋഷിമാരും വളരെ വിഷമിച്ചു.

അനന്തരം പരാക്രമവും കീർത്തിയും സൽഗുണസമൃദ്ധിയും ഉള്ള നഹുഷൻ എന്ന മഹാരാജാവിന്റെ അടുക്കൽ ഋഷികളും ദേവന്മാരും ചെന്ന് ഇപ്രകാരം അപേക്ഷിച്ചു.—"ദേവരാജപദം സ്വീകരിച്ച് നിങ്ങൾ ഞങ്ങളുടെ ഇന്ദ്രനായിരിക്കണം".

"ഞാൻ അതി[illegible]ക്തനല്ല. നിങ്ങളെ പരിപാലിക്കാൻ എനിക്കെ[illegible] എങ്ങനെ സാധിക്കും? ഇന്ദ്രൻ

എവിടെ? ഞാനെവിടെ?"—എന്നു പറഞ്ഞു നഹുഷൻ സ്വാഭാവികമായ വിനയത്തോടുകൂടി അവരുടെ അപേക്ഷയെ നിരസിച്ചു.

"ഞങ്ങളുടെ തപസ്സിന്റെ ഫലം എല്ലാം നിങ്ങൾക്കു കിട്ടും. ഭയപ്പെടേണ്ട. പട്ടാഭിഷേകം നടത്തുന്നതിന് അനുവദിക്കണം. നിങ്ങളുടെ ദൃഷ്ടിയിൽ പെടുന്ന സകലരുടേയും തേജസ്സ് നിങ്ങളെ പ്രാപിക്കും. ഇതുകൊണ്ട് നിങ്ങൾ ബലവാനായിത്തീരും. സ്വർഗ്ഗത്തിൽ ദേവരാജനായി നിങ്ങൾ പ്രശോഭിക്കും" എന്നു പറഞ്ഞ് അവർ വീണ്ടും നിർബന്ധിച്ചു; നഹുഷൻ സമ്മതിച്ചു.

* * *

രാജാവിനെ ബഹിഷ്കരിക്കുന്ന സമ്പ്രദായം നൂതനമല്ല. ദേവലോകത്തിലും ഈ വിധം ബഹിഷ്കരണം നടന്നതായി ഈ കഥ വ്യക്തമാക്കുന്നു. ദേവന്മാർ ഇന്ദ്രനെ ബഹിഷ്കരിച്ചിട്ട് നഹുഷനെ ദേവരാജാവായി അഭിഷേകം ചെയ്തു. പിന്നീട് നഹുഷനു നാശം സംഭവിച്ച കഥയും ശ്രദ്ധേയമാണ്.

---

## 53. നഹുഷൻ

ബ്രഹ്മഹത്യാദോഷത്താൽ പീഡിതനായി ദേവരാജസ്ഥാനത്തുനിന്നും ഭ്രഷ്ടനായ ഇന്ദ്രൻ എവിടെയോ നിശ്ശബ്ദസ്ഥലത്തു ജീവിച്ചുവന്നു. ആ ദേവരാജസ്ഥാനത്തു നഹുഷൻ ആരൂഢനായി.

ആദ്യമെല്ലാം നഹുഷൻ [illegible]മാന്യനായി വാണു. ഭൂലോകത്തിൽ രാജാവായിരുന്ന[illegible] അദ്ദേഹം സമ്പാ

ദിച്ച കീൎത്തിയും പുണ്യവും കുറച്ചുനാരം അദ്ദേഹത്തെ കാത്തു രക്ഷിച്ചു. പിന്നീട്ട കഷ്ടകാലം ആരംഭിച്ചു. ദേവേന്ദ്രനായതുകൊണ്ടുള്ള ഗൎവം അദ്ദേഹത്തിൻെറ വിനയത്തേയും സൽഗ്ഗുണങ്ങളേയും നാമാവശേഷമാക്കി.

സ്വൎഗ്ഗലോകവും സുഖാനുഭവത്തിനുള്ള ലോകമായതിനാൽ നഹുഷൻ തൻെറ മനസ്സിനെ ആവക ഭോഗങ്ങളിൽ നിമഗ്നമാക്കി. അദ്ദേഹം കാമപരവശനായിത്തീൎന്നു. ഒരു ദിവസം ഇന്ദ്രപത്നിയായ ശചീദേവിയെ കണ്ടിട്ട് അദ്ദേഹത്തിന് അവളിൽ മോഹം ഉണ്ടായി. ദുഷ്ടബുദ്ധിയായിത്തീൎന്ന നഹുഷൻ സഭാവാസികളോട്ട് "ദേവരാജപത്നിയായ ശചീദേവി എന്നെ പ്രാപിക്കാത്തത് എന്തുകൊണ്ട്? ഇപ്പോരം ദേവേന്ദ്രൻ ഞാനല്ലേ. നിങ്ങരം ഇന്ദ്രാണിയെ വേഗം എൻെറ കൊട്ടാരത്തിലേയ്ക്കയക്കണം"- എന്നു് നഹുഷൻ ആജ്ഞാപിച്ചു.

ഈ വിവരം ഇന്ദ്രാണി അറിഞ്ഞു. ദുഃഖവും കോപവും കൊണ്ടു് വ്യാകുലഹൃദയയായ ആ സാധ്വി ഉടൻതന്നെ ദേവന്മാരുടെ പുരോഹിതൻെറ അടുക്കൽ ചെന്നു് "ഗുരോ! ഈ ദുഷ്ടനിൽനിന്നും എന്നെ രക്ഷിക്കണേ!" എന്നു് വിലപിച്ചു പറഞ്ഞു.

ബൃഹസ്പതി ശചിക്ക് അഭയം നല്കിയിട്ട് ഇങ്ങനെ സമാധാനപ്പെടുത്തി.—"ഭയപ്പെടേണ്ട! ഇന്ദ്രൻ വേഗത്തിൽ മടങ്ങിവരും. നിങ്ങരം ഇവിടെ താമസിക്കണം. നിങ്ങളുടെ ഭൎത്താവിനെ നിങ്ങരംക്ക വീണ്ടും പ്രാപിക്കാൻ സാധിക്കും".

ശചീദേവി ത[illegible] ആഗ്രഹത്തിനു് വശംവദയാകുന്നില്ലെന്നും ബൃഹസ്പ[illegible]യ ശരണം പ്രാപിച്ചു് അദ്ദേഹ

ത്തിന്റെ ഗൃഹത്തിൽ താമസിക്കുന്നുവെന്നും അറിഞ്ഞപ്പോൾ നഹുഷൻ കോപാകുലനായി.

നഹുഷന്റെ ഈ കാമാന്ധത കണ്ടു് ദേവന്മാർ വിഷമിച്ചു. അവർ ഇപ്രകാരം പറഞ്ഞു:—"ദേവരാജാവേ! അങ്ങു കോപിക്കരുതു്! അങ്ങു കോപിച്ചാൽ ലോകം മുഴുവനും കഷ്ടപ്പെടും. ശചീദേവി അന്യന്റെ ഭാൎയ്യയാണു്. ആ ദേവിയെ അങ്ങു് പത്നിയാക്കാൻ ആശിക്കരുതു്."

കാമമോഹിതനായ നഹുഷൻ ദേവന്മാരുടെ അഭ്യൎത്ഥന ആദരിച്ചില്ല. അവരുടെ വാക്കുകൾ നിരസിച്ചുകൊണ്ടു് ഇപ്രകാരം ആജ്ഞാപിച്ചു:—"പണ്ടു് ഈ ദേവേന്ദ്രൻ അഹല്യയെ പ്രാപിച്ചപ്പോൾ നിങ്ങളുടെ ധൎമ്മം എവിടെ മറഞ്ഞുകിടന്നു? അപ്പോൾ അയാളെ തടയാതെ ഇന്നു് എന്നോടു മാത്രം ഇപ്രകാരം പെരുമാറുന്നതു് എന്തുകൊണ്ടു്? തപസ്വിയായ വിശ്വരൂപനെ കൊന്നപ്പോൾ നിങ്ങൾ എന്തു ചെയ്തിരുന്നു? വൃത്രനെ വഞ്ചിച്ചു കൊന്ന ദേവേന്ദ്രന്റെ തെററിനു് നിങ്ങൾ എന്താണു ശിക്ഷകൊടുക്കാത്തതു്? ശചീദേവി എന്നെ വന്നു പ്രാപിക്കുന്നതു തന്നെയാണു് അവൾക്കു ശ്രേയസ്സ്. അവളെ പറഞ്ഞു സമാധാനപ്പെടുത്തി എന്റെ അടുക്കലേക്കു് അയയ്ക്കുന്നതാണു് നിങ്ങൾക്കു ക്ഷേമം.

ദേവന്മാർ നഹുഷന്റെ കോപം ഭയന്നു് ബൃഹസ്പതിയുടെ അടുക്കൽ ചെന്നു വിവരം അറിയിച്ചു:— ഇന്ദ്രാണിയെ എങ്ങനെ എങ്കിലും നഹുഷനു കാഴ്ചവയ്ക്കാമെന്നു് അവർ നിശ്ചയിച്ചു[illegible] എല്ലാവരും ചേൎന്നു് ബൃഹസ്പതിയുടെ അടുക്കൽ ചെ[illegible] നഹുഷന്റെ പ്രത

പത്തെ വർണ്ണിച്ച് ദേവരാജന്റെ അഭിലാഷത്തിന്നനുകൂലിക്കാൻ നിർബന്ധിച്ചു. പതിവ്രതയായ ശചീദേവി നടുങ്ങി.

"അയ്യോ! എനിയ്ക്കതു സാധിക്കയില്ല. അങ്ങയെ ഞാൻ ശരണം പ്രാപിക്കുന്നു. ബ്രാഹ്മണോത്തമാ! എന്നെ രക്ഷിക്കണം"—എന്നു ശചീദേവി ബൃഹസ്പതിയോട് കാതരയായി അപേക്ഷിച്ചു.

സുരഗുരു അവളെ ആശ്വസിപ്പിച്ച് ഇങ്ങനെ പറഞ്ഞു. "ശരണാഗതന്മാരെ ശത്രുവിനു കാണിച്ചുകൊടുക്കുന്നവൻ നശിക്കും. ഭൂമിയിൽ അവൻ നടുന്ന വിത്തുപോലും മുളയ്ക്കുകയില്ല. നിങ്ങളെ ഞാൻ കൈവെടിയുകയില്ല. നഹുഷന്റെ വിനാശകാലം അടുത്തിരിക്കുന്നു. നിങ്ങൾ ഭയപ്പെടേണ്ട. കാലം നല്ലതാകുന്ന അവസരത്തിൽ ഈ ആപത്തെല്ലാം തീർന്നുപോകും". ഇങ്ങനെ പരമാർത്ഥം പറഞ്ഞു കേൾപ്പിച്ചിട്ട് സങ്കടവിമോചനത്തിന്നുള്ള മാർഗ്ഗം ശചിക്ക് അദ്ദേഹം ഉപദേശിച്ചു. മഹാബുദ്ധിമതിയായ ശചീദേവി അതു ധരിച്ചു ധൈര്യപ്പെട്ട് നഹുഷന്റെ അടുക്കൽ പോയി.

ശചീദേവിയെ കണ്ടപ്പോൾ അഹങ്കാരവും കാമോന്മത്തതയുംകൊണ്ട് ബുദ്ധിഭ്രംശം വന്നുപോയ നഹുഷൻ, ഇന്ദ്രാണി തന്നെ അനുസരിച്ചതുകൊണ്ടുണ്ടായ ആനന്ദപാരവശ്യത്താൽ ഇങ്ങനെ പറഞ്ഞു. "ഹേ സുന്ദരി! ഞാൻ ത്രിലോകാധിപതിയാണ്. നീ പാപമുണ്ടാകുമെന്നു ഭയപ്പെടേണ്ട. എന്നെ ഭർത്താവായി വരിക്കുക".

ആ ദുഷ്ടന്റെ വ[illegible]കേട്ട് പതിവ്രതാശിരോമണിയായ ഇന്ദ്രാണി വി[illegible]ടുങ്ങി. പിന്നീട് മനസ്സ് ഒരു

വിധം ധൈയ്യപ്പെടുത്തിയിട്ട് ഇങ്ങനെ പറഞ്ഞു. "ദേവ രാജാവേ! ഞാൻ അങ്ങയെ പ്രാപിക്കേണ്ടവൾ തന്നെ. എന്നാൽ ഒരു സംഗതി അറിയിക്കുവാനുണ്ടു്. ഇന്ദ്രൻ ജീവിച്ചിരിക്കുന്നുവോ അതോ മരിച്ചുപോയോ? ജീവിച്ചിരുന്നാൽ അദ്ദേഹം എവിടെ ഇരിക്കുന്നു? ഇതു ഞാൻ അന്വേഷിച്ചു നോക്കി കണ്ടുകിട്ടിയില്ലെങ്കിൽ പിന്നെ എനിക്കു കുററമുണ്ടാകയില്ലല്ലോ. തദനന്തരം അങ്ങയെ ഞാൻ വരിച്ചുകൊള്ളാം".

നഹുഷനു വളരെ സന്തോഷമായി. "നീ പറയുന്നതു ശരിതന്നെ. അന്വേഷിച്ചു വരുക. എന്നോടു പറഞ്ഞ വാക്കിനെ പരിപാലിക്കണം. ലംഘിക്കരുതു്." എന്നു നഹുഷൻ ശചീദേവിയോടു പറഞ്ഞു.

ഇപ്രകാരം സമ്മതിച്ചതിന്റെശേഷം ശചീദേവിയെ ബൃഹസ്പതിയുടെ ഗൃഹത്തിലേക്കു തിരിച്ചയച്ചു.

* * * *

ദേവന്മാർ മഹാവിഷ്ണുവിൻെറ അടുക്കൽ ചെന്നു് നഹുഷൻെറ പെരുമാററം അറിയിച്ചിട്ടു് ഇങ്ങനെ പ്രാത്ഥിച്ചു:—"ഹേ! നാഥാ! വൃത്രാസുരനെ സംഹരിച്ച ശക്തി അവിടുത്തേതു തന്നെ. എന്നാൽ ദേവേന്ദ്രൻ ബ്രഹ്മഹത്യാദോഷം ബാധിച്ചു് ലോകാപവാദം ഭയന്നു മറഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു പാപവിമോചനം നല്കണം."

"എന്നെ ആരാധിക്കട്ടെ. എന്നാൽ അദ്ദേഹം പരിശുദ്ധനാകും. ദുർബുദ്ധിയായിത്തീൎന്നിരിക്കുന്ന നഹുഷൻ നശിച്ചുപോകും" എന്നു് നാരാ[illegible]ൻ അരുളിച്ചെയ്തു.

* * *

ഇന്ദ്രാണി ഭഗവാനെ ശരണംപ്രാപിച്ചു് തൽപ്രസാദത്താൽ ഇന്ദ്രൻ നിഗ്രൂഢനായി താമസിച്ചുവന്ന സ്ഥലത്തു ചെന്നുചേൻ. മാനസസരോവരത്തിൽ ഒരു താമരയുടെ തണ്ടിനകത്തു് ഒരു നാരിൽ തൻെറ ദേഹത്തെ അണുമാത്രമാക്കിക്കൊണ്ടു് ഇന്ദ്രൻ വസിക്കുകയായിരുന്നു. പാപം ക്ഷയിച്ചു് നല്ലകാലം എപ്പോൾ വരുമെന്നു ചിന്തിച്ചു് തപസ്സുചെയ്തുംകൊണ്ടു് കാത്തിരുന്ന തൻെറ ഭത്താവിന്റെ നിലകണ്ടു ശചീദേവി ദുഃഖം സഹിക്കവയ്യാതെ കരയാൻ തുടങ്ങി. തനിക്കു നേരിട്ട കഷ്ടതകളെ ദേവി ഇന്ദ്രനെ അറിയിച്ചു.

“പാപം ചെയ്യാൻ തുനിഞ്ഞിരിക്കുന്ന നഹുഷന്റെ ദുഷ്കാലം വളരെ സമീപിച്ചിരിക്കുന്നു. നീ ഏകാകിനിയായി നഹുഷൻെറ അടുക്കൽ ചെന്നു് അവൻെറ ആഗ്രഹത്തിനു് അനുകൂലിച്ചിരിക്കുന്നു എന്നു പറയുക. സപ്തഷിമാർ വഹിക്കുന്ന പല്ലക്കിൽ കയറി നിൻെറ അരമനയിലേക്കു വരുന്നതിനു് അവനെ ക്ഷണിക്കണം. നഹുഷൻ നശിക്കും”.—ഇപ്രകാരം പറഞ്ഞു് ദേവേന്ദ്രൻ ഇന്ദ്രാണിയെ യാത്രയയച്ചു.

ശചീദേവി ഇന്ദ്രൻ പറഞ്ഞതനുസരിച്ചു് നഹുഷൻെറ അടുക്കൽ ചെന്നു.

പറഞ്ഞതുപോലെ ഇന്ദ്രാണി തൻെറ അടുക്കൽ തിരിച്ചു വന്നതുകണ്ടു് നഹുഷൻ അത്യധികം സന്തോഷിച്ചു. ആ മൂഢൻ ഇങ്ങനെ പറഞ്ഞു. “ഹേ കല്യാണി! നീ എന്താഗ്രഹിക്കുന്നുവോ അതുപോലെ പ്രവത്തിക്കുവാൻ ഞാൻ തയ[illegible]ിരിക്കുന്നു. പ്രതിജ്ഞയെ ലംഘിക്കാതെ നീ വന്നിരി[illegible]ല്ലോ.”

ശചീദേവി പറഞ്ഞു. "അതേ. ഞാൻ വന്നിരിക്കുന്നു. അങ്ങ് എന്റെ ഭർത്താവാകാൻ പോകുന്നു. അങ്ങ് ത്രിലോകാധിപതിയല്ലേ. എനിക്കു പ്രിയമുള്ള ഒരു കാര്യം അങ്ങ് സാധിച്ചുതരണം. മഹാവിഷ്ണുവിനും രുദ്രനും ദേവന്മാൎക്കും അസുരന്മാൎക്കും ഇല്ലാത്തതായ ഒരു വാഹനം അങ്ങുണ്ടാക്കിച്ച് അതിൽ കയറി പ്രൗഢിയോടുകൂടി എന്റെ കൊട്ടാരത്തിലേക്ക് അങ്ങ് വരണം. പ്രഭോ! സപ്തൎഷികൾ ആയിരിക്കണം അങ്ങയെ പല്ലക്കിൽ ചുമന്നുകൊണ്ടുവരുന്നത്. ഞാൻ എതിരേററു സ്വീകരിക്കാം."

"കല്പനാശക്തിയുള്ള സുന്ദരീ! നീ പറയുന്നത് വളരെ ഉചിതമായിരിക്കുന്നു. നീ ആഗ്രഹിക്കുന്ന വാഹനം അത്യന്തം അപൂൎവമായ ഒന്നാണ്. എനിക്കു വളരെ പിടിച്ചു. ആരെ ഞാൻ നോക്കുന്നുവോ അവന്റെ തേജസ്സ് എന്നെ വന്നു പ്രാപിക്കുമെന്നുള്ള വരം എനിക്കുണ്ട്. അങ്ങനെ വരസമ്പന്നനായ എന്നെ മഹൎഷികൾ വഹിക്കുന്നത് അത്യന്തം യുക്തം തന്നെ. നീ പറയുന്നതുപോലെ ഞാൻ ചെയ്യാം." എന്നു പറഞ്ഞു ദേവിയെ തിരിച്ചയച്ചു. മദോന്മത്തനായ നഹുഷൻ മഹൎഷികളെ വിളിച്ചുവരുത്തി തന്റെ പല്ലക്കു ചുമക്കുവാൻ ആജ്ഞാപിച്ചു. ഈ പാപകൃത്യം കണ്ടു് ത്രിലോകങ്ങളും ഭയപ്പെട്ടു വിറച്ചു.

പല്ലക്കിൽ കയറിപ്പോകുമ്പോൾ നഹുഷന്റെ പാപഭാരം വൎദ്ധിച്ചു. ശചീദേവിയുടെ മനോഹരരൂപത്തെ മനസ്സിൽ ചിന്തിച്ചുംകൊണ്ടു് അവളെ വേഗം പ്രാപിക്കുന്നതിന്ന് നഹുഷൻ വ്യാകുല[illegible] പല്ലക്കു ചുമന്ന മുനികളോടു് വേഗം പോകുന്നതി[illegible]യി നഹുഷൻ വീണ്ടും

വീണ്ടും പറഞ്ഞു. തന്നെ വഹിച്ചുകൊണ്ടു് നടന്നിരുന്ന ഋഷികളിൽ ഒരുവനായ അഗസ്ത്യനെ കാലുകൊണ്ടു് തൊഴിച്ചു. "സപ്പ്! സപ്പ്!" എന്നു് ഗൌരവമായി ആജ്ഞാപിച്ചു.

"സപ്പ്! സപ്പ്!" എന്നതു് നടക്കുക നടക്കുക എന്നു സൂചിപ്പിക്കുന്ന ഒരു ധ്വനിയാണു്. റിക്ഷാ ഓടിക്കുന്നവരോടു് നടക്കു്, നടക്കു് എന്നു ചിലർ പറയുന്നതു പോലെ ഉപയോഗിക്കുന്ന ഒരു ശബ്ദമാണു് അതു്. അഗസ്ത്യനെ തൊഴിച്ചപ്പോൾ നഹുഷന്റെ പാപഭാരം പൂർണ്ണമായി.

"എടാ നീചാ! നീ സ്വർഗ്ഗത്തിൽനിന്നും അധഃപതിക്കുക! "സപ്പ്! സപ്പ്!" എന്നു് മഹർഷിമാരോടു് പറഞ്ഞതുകൊണ്ടു് നീ ഒരു സർപ്പമായി ഭൂമിയിൽ പതിക്കുക" എന്നു് അഗസ്ത്യൻ ശപിച്ചു.

ആ നിമിഷംതന്നെ നഹുഷൻ തലകീഴായി വീണു. പിന്നീടു് മലമ്പാമ്പായി ഭവിച്ചു. ശാപവിമോചനത്തിനായി നഹുഷൻ ദീർഘകാലം കാത്തുകിടന്നു.

* * *

ഇന്ദ്രൻ വീണ്ടും ദേവരാജവായിത്തീൎന്നു. ശചീദേവിക്കു സമാധാനം ഉണ്ടായി. ഇപ്രകാരം ഇന്ദ്രനും ഇന്ദ്രാണിയും അനുഭവിച്ച കഷ്ടതകളെ അമ്മാവനായ ശല്യർ ഉപപ്ലാവ്യനഗരത്തിൽവച്ചു് യുധിഷ്ഠിരനോടും ദ്രൗപദിയോടും പറഞ്ഞു് ദുഃഖപീഡിതരായ അവരെ ആശ്വസിപ്പിച്ചു.

"സഹിക്കുന്നവ[illegible] വിജയം ഉണ്ടാകും. ഐശ്വര്യോന്മത്തന്മാർ നശിക്[illegible] ഇന്ദ്രനും അദ്ദേഹത്തിന്റെ

പത്നിയും കഷ്ടപ്പെട്ടതുപോലെ നിങ്ങളും ദ്രൗപദിയും നിങ്ങളുടെ സഹോദരന്മാരും വാചാമഗോചരങ്ങളായ കഷ്ടതകളനുഭവിച്ചിരിക്കുന്നു. ആ കഷ്ടതകളെല്ലാം തീൎന്നു് നിങ്ങൾ അചിരേണ രാജ്യപരിപാലനം ചെയ്യും. ദുഷ്ടബുദ്ധികളായ കർണ്ണനും. ദുശ്ശാസനനും നഹുഷനെപ്പോലെ നശിക്കും" എന്നു് ശല്യർ പറഞ്ഞു.

---

## 54. സഞ്ജയദൂതു്

വിരാടരാജ്യത്തു് "ഉപപ്ലാവ്യനഗരത്തിൽ" താമസിച്ചുകൊണ്ടു് പാണ്ഡവന്മാർ അവരുടെ സുഹൃത്തുക്കളായ രാജാക്കന്മാരുടെ അടുക്കൽ ദൂതന്മാരെ അയച്ചു് വലിയ സൈന്യം ശേഖരിച്ചു. ഏഴു് അക്ഷൗഹിണികൾ അവരുടെ പക്ഷത്തിൽ വന്നുചേൎന്നു. ശത്രുക്കളായ കൗരവന്മാരും ഇതുപോലെതന്നെ സൈന്യം ശേഖരിച്ചു. അവൎക്കു പതിനൊന്നു് അക്ഷൗഹിണികൾ ലഭിച്ചു.

ഒരു അക്ഷൗഹിണി എന്നതു് ഇപ്പോഴത്തെ ഒരു ഡിവിഷൻ എന്നതുപോലെ എല്ലാ വിധത്തിലുമുള്ള സൈന്യങ്ങളെ യഥാരീതി സംഘടിപ്പിച്ചിട്ടുള്ള ഒരു വിഭാഗമാണു്. ഒരു രഥം, ഒരാന, മൂന്നു കുതിര, അഞ്ചു് കാലാൾപ്പട ഈ കണക്കനുസരിച്ചു് സൈന്യത്തെ രൂപീകരിക്കുന്നതു് അക്കാലത്തെ രീതിയായിരുന്നു. ഒരു അക്ഷൗഹിണിയിൽ ഇരുപത്തോരായിരത്തി എണ്ണൂററിഎഴുപതു് രഥങ്ങൾ ഉണ്ടായിരിക്കും. ഇ[illegible]സരിച്ചുതന്നെയാണു് മററംഗങ്ങളുടെ കണക്കും. ഇ[illegible]ട്ടക്കൂടി എല്ലാവിധ

ത്തിലുമുള്ള ആയുധങ്ങളും, മററു യുദ്ധസാമഗ്രികളും, ഉണ്ടായിരിക്കും. ഇക്കാലത്ത് "ആർമേർഡ്കാറുകൾ" ചെയ്യുന്ന ജോലികൾ തന്നെയാണ് അക്കാലത്തെ രഥങ്ങൾ ചെയ്തിരുന്നത്. ഇപ്പോഴത്തെ യുദ്ധങ്ങളിൽ 'ടാങ്ക്'കൾ ചെയ്യുന്ന ജോലി അന്ന് ആനകൾ നിർവഹിച്ചിരുന്നു.

*　　　*　　　*

ദ്രുപദൻ അയച്ച പുരോഹിതൻ ധൃതരാഷ്ട്രൻെറ സമീപത്തുചെന്ന് ആദ്യമായി ചോദിക്കേണ്ട കുശലപ്രശ്നങ്ങൾ ആചാരമനുസരിച്ച ചോദിച്ചതിൽ പിന്നീട് സഭയിൽവച്ച് പാണ്ഡവദൂതനെന്ന നിലയിൽ ഇങ്ങനെ പറഞ്ഞു:—

"ധർമ്മം അനാദിയാണ്. അതു നിങ്ങൾക്ക് അറിയാൻ പാടില്ലാത്തതല്ല. ധൃതരാഷ്ട്രരാജാവും പാണ്ഡുരാജാവും വിചിത്രവീര്യൻെറ പുത്രന്മാരാണ്. അച്ഛൻെറ സ്വത്തു രണ്ടുപേക്കും സമാനമായിട്ടുള്ളതുതന്നെ. അങ്ങനെയിരിക്കെ ധൃതരാഷ്ട്രന്റെ പുത്രന്മാർ രാജ്യപാലനം ചെയ്യുകയും പാണ്ഡുപുത്രന്മാർ രാജ്യവിഹീനന്മാരായി ഇരിക്കുകയും ചെയ്യുന്നു. ഇതിന് എന്തു ന്യായമാണ് ഉള്ളതു്. കുരുവംശത്തിൽ ജനിച്ച പാണ്ഡവന്മാർ അവരനുഭവിച്ച കഷ്ടതകളെയെല്ലാം വിസ്മരിച്ച് സമാധാനം കാംക്ഷിക്കുന്നു. യുദ്ധം ലോകനാശം ഉണ്ടാക്കുമെന്നുള്ളതിനാൽ അവർ ആ മാർഗ്ഗത്തെ വെറുക്കുന്നു. ധർമ്മവും മുൻപു ചെയ്തിട്ടുള്ള ഉടമ്പടിയും അനുസരിച്ച് അവക്ക് കൊടുക്കേണ്ടതു കൊടുക്കു[illegible]അതിന് ഒട്ടും കാലവിളംബം വരുത്തരുത്.

ജ്ഞാനവൃദ്ധനും വീരശ്രേഷ്ഠനുമായ ഭീഷ്മർ പറഞ്ഞു:—

"ദൈവാനുകൂല്യത്താൽ പാണ്ഡവന്മാർ ക്ഷേമമായിരിക്കുന്നു. പല രാജാക്കന്മാരുടെയും സഹായം ലഭിച്ച് അവർ ബലവാന്മാരായിത്തീർന്നിട്ടുണ്ടെങ്കിലും യുദ്ധം ആരംഭിക്കുന്നതിന് അവർ ആഗ്രഹിക്കാതെ സമാധാനമാണു കാംക്ഷിക്കുന്നതു്. അവരുടെ സ്വത്തു് അവൎക്കു കൊടുക്കുന്നതുതന്നെയാണു ധൎമ്മം".

ഇങ്ങനെ ഭീഷ്മർ പറഞ്ഞപ്പോൾ കർണ്ണൻ കോപാക്രാന്തനായി. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ദൂതനെനോക്കി ഇങ്ങനെ പറഞ്ഞു:—

"ഹേ! ബ്രാഹ്മണാ! അങ്ങു പറയുന്നതിൽ പുത്തനായിട്ട് എന്താണ് ഉള്ളതു്. പഴയ കഥ പറയുന്നതുകൊണ്ടു പ്രയോജനമെന്തു്? ചൂതുകളിയിൽ യുധിഷ്ഠിരനു നഷ്ടമായ സ്വത്തു് ഇപ്പോൾ അയാൾ എങ്ങനെ ചോദിക്കും. യുധിഷ്ഠിരൻ തൻെറ പ്രതിജ്ഞ ശരിയായി നിറവേററി, എന്തെങ്കിലും ഭിക്ഷയായി ചോദിക്കട്ടെ. മാത്സ്യദേശത്തിലെ രാജാവിൻെറ സൈന്യത്തേയും, പാഞ്ചാലരാജാവിൻെറ ബലത്തേയും വിശ്വസിച്ചല്ലേ അവൻ ഇപ്പോൾ രാജ്യം ചോദിക്കുന്നതു്. ഭയപ്പെടുത്തി ദുര്യോധനൻെറ അടുക്കൽനിന്നും യാതൊന്നും ലഭിക്കാൻ സാധിക്കുകയില്ല എന്നു് അറിഞ്ഞാലും. പതിമൂന്നുവൎഷം പൂൎണ്ണമാകുന്നതിനുമുൻപ് പ്രതിജ്ഞാഭംഗം ചെയ്തതിനാ പാണ്ഡവന്മാർ വീണ്ടും പന്ത്രണ്ടുവൎഷം അരണ്യത്തിൽ തന്നെ കഴിച്ചു തിരിച്ചുവരേണ്ടതാണു്.

ഭീഷ്മർ:—ഹേ രാധേയ! [illegible] വൃഥാ ജല്പിക്കുന്നു. ഈ ദൂതൻ പറയുന്നപ്രകാരം [illegible]ൾ ചെയ്യില്ലെങ്കിൽ

യുദ്ധത്തിൽ പരാജയം പ്രാപിച്ചു് ദുര്യോധനാദികൾ നശി ച്ചുപോകുമെന്നതു് നിശ്ചയംതന്നെ.

സഭയിൽ ഉണ്ടായ കോലാഹലം ശ്രവിച്ചു് ധൃതരാഷ്ട്രർ ഇങ്ങനെ പറഞ്ഞു.

"ലോകനന്മയെ കരുതിയും പാണ്ഡവന്മാരുടെ നന്മയെ മുൻനിർത്തിയും അവരുടെ അടുക്കൽ സഞ്ജയനെ അയയ്ക്കണമെന്നു് ഞാൻ നിശ്ചയിച്ചിരിക്കുന്നു. ഹേ! ദൂത! അങ്ങു് ഉടനെ മടങ്ങി ഈ സംഗതി യുധിഷ്ഠിരനെ അറിയിക്കുക".

അനന്തരം ധൃതരാഷ്ട്രർ സഞ്ജയനെ വിളിച്ചു് അദ്ദേഹത്തോടു് ഇങ്ങനെ ആജ്ഞാപിച്ചു.

"ഹേ! സഞ്ജയ! നിങ്ങൾ പാണ്ഡുപുത്രന്മാരുടെ അടുക്കൽ ചെന്നു് കൃഷ്ണൻ, സാത്യകി, വിരാടൻ മുതലായവരോടു് ഞാൻ സ്നേഹപൂർവ്വം ക്ഷേമം ചോദിക്കുന്നതായി അറിയിക്കുക. ആർക്കും കോപം ഉണ്ടാകാത്തവിധവും യുദ്ധം ഇല്ലാതാകത്തക്കവണ്ണവും എനിക്കുവേണ്ടി നിങ്ങൾ ചെന്നു പറയുക."

സഞ്ജയൻ യുധിഷ്ഠിരന്റെ അടുക്കൽ ചെന്നു. ഉപപ്ലാവ്യത്തിലുള്ള എല്ലാവരെയും യഥാരീതി വണങ്ങി സഭയിൽ വച്ചു് സഞ്ജയൻ പറഞ്ഞുതുടങ്ങി.

"ഹേ! ധർമ്മപുത്ര! അങ്ങയെ വീണ്ടും എന്റെ കണ്ണുകൾകൊണ്ടു കണ്ടതു് എന്റെ ഭാഗ്യംതന്നെ. രാജാക്കന്മാരാൽ ചുറ്റപ്പെട്ടു് അങ്ങു് ദേവേന്ദ്രനെപ്പോലെ ശോഭിക്കുന്നു. ഈ കാഴ്ച എ[illegible] ഹൃദയത്തിനു സന്തോഷകരമായിരിക്കുന്നു. ധൃതരാ[illegible]ഹാരാജാവു് അങ്ങയുടെ ക്ഷേമം

അന്വേഷിക്കുന്നു. അംബികാപുത്രൻ (ധൃതരാഷ്ട്രൻ) യുദ്ധം വെറുക്കുന്നു. അദ്ദേഹം സ്നേഹമാണ് ആഗ്രഹിക്കുന്നതു്. സമാധാനം മാത്രമാണ് അദ്ദേഹം കാംക്ഷിക്കുന്നതു്.

ഇപ്രകാരം സഞ്ജയൻ പറഞ്ഞതു കേട്ട് ധർമ്മപുത്രൻ സന്തോഷിച്ചു് ഇങ്ങനെ പറഞ്ഞു "അങ്ങനെയാണെങ്കിൽ ധൃതരാഷ്ട്രപുത്രന്മാർക്കു രക്ഷയുണ്ടു്. നമ്മളെല്ലാം വലുതായ ദുഃഖത്തിൽനിന്നും രക്ഷപ്രാപിക്കും. ഞാനും സമാധാനം തന്നെയാണ് ആഗ്രഹിക്കുന്നതു്. യുദ്ധം എന്നതു സ്മരിക്കുമ്പോൾതന്നെ എന്റെ ഹൃദയത്തിൽ വെറുപ്പുണ്ടാകുന്നു. ഞങ്ങളുടെ രാജ്യം തിരിച്ചു തന്നാൽ ഞങ്ങൾ അനുഭവിച്ച ദുഃഖങ്ങളെ മുഴുവനും ഞങ്ങൾ വിസ്മരിക്കും".

സഞ്ജയൻ—ധൃതരാഷ്ട്രപുത്രന്മാർ മൂഢന്മാരാണ്. അവർ അവരുടെ അച്ഛന്റെ വാക്കും, പിതാമഹനായ ഭീഷ്മരുടെ ഉപദേശവും ത്യജിച്ചു് അജ്ഞന്മാരായിത്തന്നെ പ്രവർത്തിക്കുന്നു. എന്നുവരികിലും നിങ്ങൾ ക്ഷമാവിഹീനരാകരുതു്. ഹേ യുധിഷ്ഠിര! അങ്ങു് എപ്പോഴും ഉൽകൃഷ്ടമായ ധർമ്മത്തിൽ സ്ഥിതിചെയ്യുന്നു. യുദ്ധം വേണ്ടാ. യുദ്ധംകൊണ്ടു കിട്ടുന്ന ഐശ്വര്യത്താൽ എന്തു സുഖമാണു ലഭിക്കാൻ പോകുന്നതു്? ബന്ധുവധത്താൽ പ്രാപിക്കുന്ന രാജ്യംകൊണ്ടു് എന്തുനന്മയാണു കിട്ടുന്നതു്? അതുകൊണ്ടു് യുദ്ധത്തിന്നു് ആരംഭിക്കേണ്ട. സമുദ്രപര്യന്തമുള്ള രാജ്യം ലഭിച്ചാലും ജരാമരണങ്ങൾ തടുക്കുവാൻ സാധിക്കയില്ല. ദുര്യോധനാദികൾ മൂഢന്മാരാണ്. അതുകൊണ്ടു് അങ്ങു് അവരെയുടെ ധർമ്മവും

ക്ഷമയും ത്യജിക്കരുതു്. അവർ അങ്ങേയ്ക്കു് രാജ്യം തരാതിരുന്നാലും അങ്ങു് അങ്ങയുടെ ഉൽകൃഷ്ടമായ ധർമ്മനില പരിത്യജിക്കരുതു്.

യുധിഷ്ഠിരൻ—ഹേ! സഞ്ജയാ! നിങ്ങൾ പറയുന്നതു സത്യമായിരിക്കാം. ധർമ്മംതന്നെയാണു് ഉൽകൃഷ്ടമായിട്ടുള്ളതു്. എന്നാൽ ഞങ്ങൾ അധർമ്മത്തിൽ ആണോ ഏർപ്പെട്ടിരിക്കുന്നതു്? ശ്രീകൃഷ്ണനു ധർമ്മരഹസ്യം അറിയാം. ഇരുപക്ഷത്തിന്റേയും നന്മയെമാത്രം ആഗ്രഹിക്കുന്ന വാസുദേവൻ എന്തു പറയുന്നുവോ അതു് ഞാൻ അനുഷ്ഠിക്കും.

ശ്രീകൃഷ്ണൻ—ഞാൻ പാണ്ഡവന്മാരുടെ ക്ഷേമം കാംക്ഷിക്കുന്നു. ധൃതരാഷ്ട്രനും അദ്ദേഹത്തിന്റെ പുത്രന്മാരും സുഖമായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതു് വിഷമമായ ഒരു വിഷയമാണു്. ഞാൻതന്നെ ഹസ്തിനപുരത്തിൽ ചെന്നു് ഈ കാര്യം നിർണ്ണയിക്കാമെന്നു വിചാരിക്കുന്നു. പാണ്ഡവന്മാരുടെ നന്മയ്ക്കു് യാതൊരു കോട്ടവും തട്ടാതെ കൗരവന്മാരുടെ അടുക്കൽനിന്നും സമാധാനം കിട്ടാൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യുന്നതിന്നാണു ഞാൻ ആഗ്രഹിക്കുന്നതു്. അങ്ങനെ ചെയ്യാൻ സാധിച്ചാൽ കൗരവന്മാർ യമബാധയിൽനിന്നും രക്ഷപ്പെടും. ഞാൻ വലുതായ പുണ്യം ചെയ്തവനായിത്തീരും. സമാധാനം വന്നു് അവൎക്കുകിട്ടേണ്ട രാജ്യത്തെ അവർ പ്രാപിച്ചാൽ പാണ്ഡവന്മാർ ധൃതരാഷ്ട്രരെ ഭൃത്യന്മാരെപ്പോലെ സേവിക്കും. അതുതന്നെയാണു് അവരും ആഗ്രഹിക്കുന്നതു്. എന്നാൽ അവർ യുദ്ധ

ത്തിന്നും തയാറാണു്. ഇതിൽ ഏതാണു് ധൃതരാഷ്ട്രർ ആഗ്രഹിക്കുന്നതു്? അതുതന്നേ അദ്ദേഹത്തിന്നു കിട്ടും.

യുധിഷ്ഠിരൻ—ഹേ സഞ്ജയാ! കൗരവന്മാരുടെ സഭയിൽ ചെന്നു് മഹാരാജാവായ അംബികാപുത്രനോടു് ഇപ്രകാരം പറയണം:—'അങ്ങയുടെ ഉദാരബുദ്ധികൊണ്ടല്ലേ ബാലന്മാരായ ഞങ്ങൾക്കു പണ്ടു് രാജ്യം ലഭിച്ചതു്. ഒരിക്കൽ എന്നെ രാജാവാക്കിയ അങ്ങു് ഇപ്പോൾ ഞങ്ങളെ രാജ്യവും നഗരവും മററുമില്ലാതെ അന്യരെ ആശ്രയിച്ചു് ജീവിക്കത്തക്കവണ്ണം ആക്കരുതു്. വാത്സല്യനിധിയായ അപ്പൂപ്പാ! ജീവിക്കാൻ വിശാലമായ ഭൂമി ഇരിക്കുമ്പോൾ പരസ്പരം വിരോധം ആചരിക്കാൻ ഇടയാക്കരുതു്.' ഇപ്രകാരം എനിക്കുവേണ്ടി ധൃതരാഷ്ട്രരെ അറിയിക്കണം. പിതാമഹനായ ഭീഷ്മദേവനു് എന്റെ നമസ്കാരം സമർപ്പിച്ചു് ഇങ്ങനെ എനിക്കുവേണ്ടി അപേക്ഷിക്കണം. 'അങ്ങയുടെ പൗത്രന്മാർ എല്ലാവരും സ്നേഹപൂർവ്വം ജീവിക്കാൻ വേണ്ട വഴി ഉണ്ടാക്കിയാലും.' അതുപോലെ തന്നെ വിദുരനോടും പറയണം. അദ്ദേഹം തന്നെയാണു് നമ്മുടെ കുലത്തിൻെറ ഹിതമറിഞ്ഞു് ഉപദേശിക്കാൻ യോഗ്യനായുള്ളവൻ. ദുര്യോധനനെ സമാധാനപ്പെടുത്തി അയാളോടും ഇങ്ങനെ പറയണം. 'സ്നേഹഭാജനമായ അനുജ! രാജകുമാരന്മാരായ ഞങ്ങളെ മരവുരി ധരിപ്പിച്ചു് വനത്തിൽ താമസിപ്പിക്കാൻ ഇടയാക്കിയതു് നിങ്ങളാണല്ലോ. ഞങ്ങളുടെ ഭാര്യയായ ദ്രൗപദിയെ രാജസഭയിൽ വച്ചു നിങ്ങൾ ഉപദ്രവിച്ചു. ഇതെല്ലാം ഞങ്ങൾ സഹിച്ചുകഴിഞ്ഞു. ഇപ്പോഴെങ്കിലും ഞങ്ങളുടെ ന്യായമായ അവ

കാലത്തെ ഞങ്ങൾക്ക് അനുവദിക്കുക. അന്യരുടെ സ്വത്ത് ആശിക്കരുത്. ഞങ്ങൾ അഞ്ചുപേൎക്കും കൂടി അഞ്ചു ഗ്രാമമെങ്കിലും തന്ന് സമാധാനം സ്ഥാപിക്കുക. ഭാരതകുലസിംഹമേ! നമ്മൾക്കെല്ലാവൎക്കും തൃപ്തിയായി ജീവിക്കാം.' ഹേ സഞ്ജയാ! സമാധാനത്തിന്നും യുദ്ധത്തിന്നും—രണ്ടിന്നും ഞാൻ തയ്യാറായിരിക്കുന്നു.

ഇങ്ങനെ യുധിഷ്ഠിരൻ പറഞ്ഞതിന്റെ ശേഷം സഞ്ജയൻ പാണ്ഡവന്മാരോടും കൃഷ്ണനോടും യാത്രപറഞ്ഞ് ഹസ്തിനപുരത്തിലേക്കു മടങ്ങി.

---

## 55. "സൂചികുത്താൻ പോലും സ്ഥലം നല്കയില്ല"

പാണ്ഡവന്മാരുടെ അടുക്കലേക്ക് സഞ്ജയനെ അയച്ചതിനുശേഷം ചിന്താക്രാന്തനായ ധൃതരാഷ്ട്രനെ നിദ്രാദേവി സമീപിച്ചില്ല. രാത്രിയിൽ മഹാരാജാവ് വിദുരനെ വിളിച്ചുവരുത്തി അദ്ദേഹത്തിനോട് സകല കാൎയ്യങ്ങളും പറഞ്ഞു വ്യാകുലപ്പെട്ടു.

"പാണ്ഡവന്മാൎക്ക് അവരുടെ ഭാഗം രാജ്യം കൊടുക്കുന്നതുതന്നെയാണ് ശ്രേയസ്സ്. കൗരവപാണ്ഡവവംശത്തിനു മുഴുവനും അതു മംഗളകരമായി ഭവിക്കും. അങ്ങ് സ്വന്തം പുത്രന്മാരേപ്പോലെതന്നെ പാണ്ഡവരേയും സ്നേഹിക്കണം. ദയതന്നെയാണ് മാൎഗ്ഗം. ദയതന്നെയാണ്

ധമ്മം"—എന്ന് വിദുരൻ ധൃതരാഷ്ട്രനോട്ട് പലപ്രകാരേണയും ഉപദേശിച്ചു.

അടുത്ത ദിവസം രാവിലേതന്നെ സഞ്ജയൻ ഹസ്തിനപുരത്തിലേക്ക മടങ്ങിവന്നു. യുധിഷ്ഠിരൻെറ സഭയിൽ നടന്ന സകലവൎത്തമാനങ്ങളും അദ്ദേഹം ധൃതരാഷ്ട്രനോട്ട് സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. "അജ്ജ്ജുനൻ പറഞ്ഞ ഈ വാക്കുകൾ ദുൎയ്യോധനൻ ഏററവും ശ്രദ്ധിച്ചിരിക്കേണ്ടതാണ്. ശ്രീകൃഷ്ണനും ഞാനുംകൂടി ദുൎയ്യോധനനേയും അദ്ദേഹത്തിൻെറ പക്ഷത്തിൽ ചേൎന്നുനില്ക്കുന്നവരേയും സമൂലം നശിപ്പിക്കും. നിശ്ചയംതന്നെ. എൻെറ ഗാണ്ഡീവം യുദ്ധം ചെയ്യാൻ ബദ്ധപ്പെടുന്നു. ഞാൻ ആ വില്ലു കലയ്ക്കാതിരിക്കയാണെങ്കിലും അതിൻെറ ഞാൺ സ്വയമേവ ഒലി ഉണ്ടാക്കുന്നു. ആവനാഴികളിൽനിന്നും അമ്പുകൾ പുറത്തേക്കുവന്ന്—"എപ്പോൾ, എപ്പോൾ" —എന്നു ചോദിക്കുന്നു. ഹേ സഞ്ജയ! മൂഢനായ ദുൎയ്യോധനൻ—ഇന്ദ്രാദിദേവന്മാരെപ്പോലും യുദ്ധത്തിൽ തോല്പിക്കാൻ സമൎത്ഥന്മാരായ ഞങ്ങളെ യുദ്ധത്തിന്ന് ക്ഷണിക്കുന്നത്ു് അവൻെറ വിനാശകാലത്തിൻെറ പ്രേരണകൊണ്ടുതന്നെയാണ് എന്നതു തീൎച്ചതന്നെ. ഇങ്ങനെയെല്ലാമാണ് അൎജ്ജുനൻ പറഞ്ഞതു്."

സഞ്ജയൻ ഇപ്രകാരം പറഞ്ഞതിന്നശേഷം ഭീഷ്മർ ദുൎയ്യോധനനോട്ട് ഇങ്ങനെ ഉപദേശിച്ചു.

"അജ്ജ്ജുനനും കൃഷ്ണനും സാക്ഷാൽ നരനാരായണന്മാരാണെന്ന് അറിയുക. അവരിരുവരും ഒന്നുചേൎന്നു യുദ്ധത്തിൽ നിന്നെ എതിൎക്കുമ്പോൾ ഈ സത്യം നീ മനസ്സി

ലാക്കം." ദുര്യോധനനോട് ഇത്രയും പറഞ്ഞിട്ട് ധൃതരാഷ്ട്രനെ നോക്കി ഭീഷ്മർ പറഞ്ഞു. "വീണ്ടും വീണ്ടും ഞാൻ പാണ്ഡവന്മാരെ കൊല്ലുമെന്നു വീരവാദം പറയുന്ന കർണ്ണൻ പാണ്ഡവന്മാരുടെ പതിനാറിലൊരംശം പോലും ശക്തിയുള്ളവനല്ല. ഇയാളുടെ വാക്കുകേട്ട് നിന്റെ പുത്രന്മാർ നാശത്തിലേക്കു വഴി നോക്കിക്കൊണ്ടിരിക്കുന്നു. വിരാടൻെറ നഗരത്തെ ആക്രമിച്ചപ്പോൾ അർജ്ജുനൻ നമ്മുടെ അഹങ്കാരത്തെ ശമിപ്പിച്ചില്ലേ! അപ്പോൾ കർണ്ണന് അവിടെ വച്ച് എന്തുചെയ്യാൻ സാധിച്ചു. ഗന്ധർവ്വന്മാർ നിന്റെ മകനെ ബന്ധനസ്ഥനാക്കി കൊണ്ടുപോയ സമയത്ത് ഇപ്പോൾ ഗർജ്ജിക്കുന്ന കർണ്ണൻ എവിടെ മറഞ്ഞിരുന്നു. അർജ്ജുനൻ അല്ലേ ഗന്ധർവ്വന്മാരെയെതിർത്ത് ഓടിച്ചതു്" ഇങ്ങനെ ഭീഷ്മർ മർമ്മസ്പൃക്കായ പല ദൃഷ്ടാന്തങ്ങളും പറഞ്ഞുകേൾപ്പിച്ചു.

"കുലപിതാമഹനായ ഭീഷ്മർ പറയുന്നതുതന്നെയാണു ചെയ്യേണ്ടതു്. യുദ്ധംവേണ്ട; സമാധാനംതന്നെയാണ് ഉചിതമായിട്ടുള്ളതു്. എന്നാൽ ഞാൻ എന്തു ചെയ്യും. ഈ മൂഢന്മാർ ഞാൻ എത്രതന്നെ പറഞ്ഞാലും അനുസരിക്കുന്നില്ല. അവർ തോന്നുന്ന വഴിയിൽ കൂടിയേ പോകുകയുള്ളൂ. അറിവും അനുഭവവുമുള്ളവരെല്ലാം സമാധാനം തന്നെയാണു വേണ്ടതെന്നു് ഉപദേശിക്കുന്നു. അങ്ങനെ ചെയ്യണമെന്നുതന്നെയാണ് എൻെറ അഭിപ്രായവും." എന്നു ധൃതരാഷ്ട്രർ വിലപിച്ചു പറഞ്ഞു.

ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ദുര്യോധനൻ എഴുന്നേററു.

"രാജാവേ! ഞങ്ങൾക്കുവേണ്ടി അങ്ങു ഭയന്നു മരി ക്കേണ്ട. ഞങ്ങൾക്കാവശ്യമുള്ള ബലം ഞങ്ങൾ സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. നമുക്കു വിജയം സിദ്ധിക്കുമെന്നുള്ള തിൽ സംശയം ഇല്ല. യുധിഷ്ഠിരൻ ഇന്ദ്രപ്രസ്ഥത്തിൻെറ കാര്യം വിട്ടിട്ട് അഞ്ചു ഗ്രാമങ്ങളാണു് ഇപ്പോൾ ആവ ശ്യപ്പെടുന്നതു്. നമ്മുടെ പതിനൊന്നു് അക്ഷൗഹിണി കളെ കണ്ടു് അയാൾ ഭയന്നിരിക്കുന്നു എന്നുള്ളതു് അങ്ങേയ്ക്കു് ഇതുകൊണ്ടു് മനസ്സിലാകുന്നില്ലേ? പതി നൊന്നു് അക്ഷൗഹിണികളെ പാണ്ഡവന്മാർ എങ്ങനെ എതിക്കും. നമ്മുടെ വിജയത്തെപ്പററി അങ്ങു് ഇനിയും ഇങ്ങനെ സംശയിക്കുന്നതു് എന്തിനു്?" എന്നു പറഞ്ഞു ദുര്യോധനൻ അച്ഛനെ ധൈര്യപ്പെടുത്തി.

ധൃതരാഷ്ട്രർ—മകനേ! യുദ്ധം പാടില്ല. അർദ്ധരാജ്യം ഭരിച്ചുകൊണ്ടു തൃപ്തിപ്പെടുക. അതു ഭംഗിയായി പരി പാലിച്ചാൽ മതിയാകും.

ദുര്യോധനനു് സഹിച്ചില്ല. "ഒരു സൂചി കുത്തുവാ നുള്ള സ്ഥലംപോലും പാണ്ഡവന്മാക്കു് ഞാൻ കൊടുക്കു കയില്ല." എന്നു് തീരുമാനിച്ചു പറഞ്ഞിട്ടു് സഭയിൽ നിന്നും ഇറങ്ങിപ്പോയി. സഭാവാസികൾ വിഹ്വലരായി.

* * * *

ഇനിയും പാണ്ഡവന്മാർ പറഞ്ഞിരുന്നതു പ്രസ്താ വിക്കാം. സഞ്ജയൻ ഉപപ്ലാവ്യത്തിൽനിന്നും ഹസ്തിനപു രത്തേക്കു പോയതിനുശേഷം യുധിഷ്ഠിരൻ കൃഷ്ണനോടു് ഇപ്രകാരം പറഞ്ഞു. "വാസുദേവാ! സഞ്ജയൻ ധൃതരാ ഷ്ട്രൻെറ രണ്ടാമത്തെ പ്രാണൻപോലെയാണു്. സഞ്ജ യൻ പറഞ്ഞതിൽനിന്നും ധൃതരാഷ്ട്രൻെറ മനസ്സിലുള്ള

ഉദ്ദേശ്യം ഞാൻ ശരിയായി മനസ്സിലാക്കി. ഞങ്ങൾക്കു രാജ്യം തരാതെ സമാധാനം സ്ഥാപിക്കുന്നതിനാണു് ധൃതരാഷ്ട്രൻ മോഹിക്കുന്നതു്. ആദ്യമായി സഞ്ജയൻ വളരെ നയമായി സംസാരിച്ചു. അതുകേട്ടു് എനിക്കുണ്ടായ സന്തോഷം അസ്ഥാനത്തുമായിരുന്നു എന്നു് അദ്ദേഹം പിന്നീടു് പറഞ്ഞതിൽനിന്നും സ്പഷ്ടമായി. ഇടയ്ക്കു മധ്യസ്ഥമായി സമാധാനത്തിനുള്ള ആഗ്രഹമുള്ളതുപോലെയും സംസാരിച്ചു. അവസാനത്തിൽ അദ്ദേഹം പറഞ്ഞതു് വളരെ അന്യായമാണെന്നു തോന്നുന്നു. ഞങ്ങളുടെ കാര്യത്തിൽ ധൃതരാഷ്ട്രർ സത്യമായി പെരുമാറിയിട്ടില്ല. പരീക്ഷണഘട്ടം വന്നിരിക്കുന്നു. അങ്ങല്ലാതെ ഞങ്ങൾക്കു മറ്റൊരു ആശ്രയവും ഇല്ല. അഞ്ചു ഗ്രാമങ്ങൾ മതിയെന്നു ഞാൻ പറഞ്ഞയച്ചിരുന്നു. ദുഷ്ടന്മാർ അതും തരികയില്ലെന്നുപറയുന്നു. ഇതു് എങ്ങനെയാണു സഹിക്കുന്നതു്. അങ്ങുതന്നെ ഞങ്ങളെ ഉപദേശിക്കാൻ യോഗ്യൻ. അങ്ങല്ലാതെ ധമ്മവും നീതിയും നയവും അറിഞ്ഞവരായി മററാരുമില്ല.

ഇപ്രകാരം യുധിഷ്ഠിരൻ പറഞ്ഞതു കേട്ടു് കൃഷ്ണൻ മറുപടി പറഞ്ഞു. "ഇരുക്കൂട്ടരുടേയും നന്മയെ ഉദ്ദേശിച്ചു് ഞാൻതന്നെ ഹസ്തിനപുരത്തിൽ പോകാൻ തീരുമാനിച്ചിരിക്കുന്നു. ധൃതരാഷ്ട്രൻെറ സഭയിൽ ചെന്നു് യുദ്ധംകൂടാതെ നിങ്ങളുടെ അവകാശം സ്ഥാപിക്കാൻ ഞാൻ ശ്രമിക്കാം. അതു സാധിച്ചാൽ ലോകത്തിന്നു ക്ഷേമം ഉണ്ടാകും.

യുധിഷ്ഠിരൻ:—അങ്ങു പോകണ്ട. ഈ സന്ദർഭത്തിൽ ശത്രുക്കളുടെ ഇടയിൽ അങ്ങു പോകുന്നതുകൊണ്ടു്

എന്തുഫലം? മൂഢനായ ദുൎയ്യോധനൻ തൻെറ നിൎബ്ബന്ധം ത്യജിക്കാൻ പോകുന്നില്ല. ആ ദുഷ്ടന്മാരുടെ ഇടയിൽ അങ്ങു പോകുന്നതു് എനിക്കു ഇഷ്ടമാകുന്നില്ല. അതു കൊണ്ടു് ഞങ്ങൾക്കു് എന്തൊക്കെ ഗുണം വന്നേയ്ക്കാമെങ്കിലും അങ്ങേയ്ക്കു് അപായം വരുന്ന കാൎയ്യം ഇപ്പോൾ ചെയ്യുണ്ട. അവർ അധൎമ്മം ചെയ്യാൻ മടിക്കയില്ല.

കൃഷ്ണൻ—ധൎമ്മപുത്രർ ദുൎയ്യോധനൻെറ സ്വഭാവം എനിക്കറിയാം. എങ്കിലും നിങ്ങൾക്കും എനിക്കും യാതൊരുവിധത്തിലും ലോകാപവാദം വരാതിരിക്കുന്നതിന്നു് വേണ്ടതെല്ലാം പ്രവൎത്തിക്കേണ്ടതു് എൻെറ കടമയാണല്ലോ. സമാധാനം സ്ഥാപിക്കുന്നതിന്നു സാധ്യമായ സകല പ്രയത്നവും ചെയ്തില്ല എന്നു് ലോകം എന്നെ പഴിക്കും. അതിന്നിടകൊടുക്കരുതു്. സന്ധിപറയുന്നതിന്നു വേണ്ടി ദൂതനായി പോകുന്ന എനിക്കു് എന്തെങ്കിലും ദോഷം വരുത്താൻ അവർ തുനിഞ്ഞാൽ ക്ഷണത്തിൽ തന്നെ ഞാൻ അവരെ നശിപ്പിക്കും. ഞാൻ തന്നെ പോയി പറഞ്ഞിട്ടും സന്ധി ഉണ്ടായില്ലെങ്കിൽ പിന്നെ നമ്മളെ ആരും കുററപ്പെടുത്തുകയില്ല. ഞാൻ പോകുന്നതു തന്നെയാണു് നല്ലതു്. തടസ്സം പറയരുതു്.

യുധിഷ്ഠിരൻ:—അങ്ങു് സൎവ്വജ്ഞനാണല്ലോ. കൗരവന്മാരെയും ഞങ്ങളെയും അങ്ങേയ്ക്കു് നല്ലവണ്ണം അറിയാമല്ലോ. സകല കാൎയ്യങ്ങളും യുക്തിയുക്തമായി പറയുന്നതിന്നു് അങ്ങയെക്കാൾ സമൎത്ഥൻ ആരും ഇല്ലതന്നെ.

കൃഷ്ണൻ:—അജാതശത്രുവായ അങ്ങയുടെ ഹൃദയം എനിക്കറിയാം. അങ്ങയുടെ മനസ്സു് എല്ലായ്പ്പോഴും

ധർമ്മത്തിൽ തന്നെ സ്ഥിതിചെയ്യുന്നു. അവരുടെ ഹൃദയം വിദ്വേഷപൂർണ്ണമായും ഇരിക്കുന്നു. പറയേണ്ടതെല്ലാം ഞാൻ പറഞ്ഞുനോക്കാം. യുദ്ധത്തിനിടയാക്കാതെ സമാധാനത്തിനുവേണ്ടിമാത്രം അല്പംലഭിച്ചാലും അങ്ങ് അതിനെ വലുതായി ഗണിക്കുമെന്ന് എനിക്കു നല്ലതുപോലെ അറിയാം. ആ ഉദ്ദേശ്യത്തെ മനസ്സിൽവച്ചു ഞാൻ അവരോടു പറഞ്ഞുനോക്കാം. അശുഭകരങ്ങളായ ഉൽപാതങ്ങൾ അടുത്തുവരുന്ന യുദ്ധത്തെത്തന്നെ സൂചിപ്പിക്കുന്നു. എങ്കിലും സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടതു പ്രവൎത്തിക്കേണ്ടതു് നമ്മുടെ കൎത്തവ്യമാണു്.

ഇത്രയും പറഞ്ഞിട്ടു് ശ്രീകൃഷ്ണൻ യാത്രചോദിച്ചു് ഹസ്തിനപുരത്തിലേയ്ക്കു പുറപ്പെടുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തു.

## 56. കൃഷ്ണൻെറ ദൗത്യം

സമാധാനം സ്ഥാപിക്കാൻ ശ്രീകൃഷ്ണഭഗവാൻ രഥത്തിൽ കയറി ഹസ്തിനപുരത്തിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിൻെറകൂടെ സാത്യകിയും ഉണ്ടായിരുന്നു.

അവർ പുറപ്പെടുന്നതിനു മുമ്പിൽ ശ്രീകൃഷ്ണൻ വളരെനേരം പാണ്ഡവന്മാരുമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. വീരനായ ഭീമൻപോലും ഇങ്ങനെ പറഞ്ഞു. "കുലനാശം അഭിലഷണീയമല്ല. സമാധാനമായിത്തീരുന്നതാണു ശ്രേഷ്ഠമായിട്ടുള്ളതു്." സഹനശക്തിയുള്ള വീരൻ സമാധാനം മാത്രമേ ആഗ്രഹിക്കുന്നുള്ളു. അങ്ങനെ

ആഗ്രഹിക്കുന്നതു ഭീരുതചമല്ല എന്നു കാണിക്കുന്നതിനാ യിട്ടാണ് വ്യാസഭഗവാൻ ഭീമനെക്കൊണ്ടു് ഇങ്ങനെ പറയിച്ചതു്.

എന്നാൽ ദ്രൗപദിക്കു താൻ സഹിച്ച അപമാനം വിസ്മരിക്കാൻ സാധിച്ചില്ല. തന്റെ അഴിഞ്ഞ കേശഭാരം കൈകൊണ്ടു പിടിച്ചുകൊണ്ടു് ദ്രൗപദി ശ്രീകൃഷ്ണഭഗ വാന്റെ മുൻപിൽ വന്നു നിന്നു് ഇപ്രകാരം പറഞ്ഞു.

"മധുസൂദന! ഈ തലമുടി ഒന്നുനോക്കിയിട്ടു് വേണ്ടതു ചെയ്യണം. അർജ്ജുനനും ഭീമസേനനും യുദ്ധം വേണ്ടെ ന്നുവെച്ചാലും എന്റെ വൃദ്ധനായ പിതാവു് എന്റെ അഞ്ചു മക്കളുടെ സഹായത്തോടുകൂടി യുദ്ധം നടത്തുക തന്നെ ചെയ്യും. എന്റെ അച്ഛൻപോലും വേണമെന്നില്ല. സുഭദ്രാപുത്രനായ അഭിമന്യുവിനെ മുന്നിൽനിർത്തിക്കൊണ്ടു എന്റെ പുത്രന്മാർ കൗരവന്മാരെ എതിക്കും. ധർമ്മപുത്ര ക്കുവേണ്ടി എന്റെ അളവററ കോപം ഈ പതിമൂന്നു വർഷമായി ഞാൻ അടക്കിക്കൊണ്ടിരുന്നു. ഇനി ഞാൻ സഹിക്കയില്ല."

അശ്രുക്കൾകൊണ്ടു തടയപ്പെട്ട സ്വരത്തിൽ ദ്രൗപദി പറഞ്ഞതു കേട്ടു് വാസുദേവൻ ഇപ്രകാരം പറഞ്ഞു. "കരയരുതു്. ധൃതരാഷ്ട്രരുടെ പുത്രന്മാർ എന്റെ സമാ ധാനവർത്തമാനങ്ങളെ കേൾക്കപോലും ചെയ്കയില്ല. പട്ടികൾക്കും നരികൾക്കും ഇരയായിട്ടു് അവർ എല്ലാ പേരും നിലംപതിച്ചു വീഴാൻ പോകുന്നു. അത്യുൽകൃഷ്ട മായവിജയം നിങ്ങൾക്കു ലഭിക്കാൻ പോകുന്നു."

ദ്രൗപദിയുടെ ഹൃദയം പരിതൃപ്തമായി.

* * * *

കുശസ്ഥലം എന്ന നഗരത്തിൻെറ സമീപത്തിൽ മാധവൻ കുതിരകളെ വിശ്രമിപ്പിച്ചിട്ട് ഒരു രാത്രി അവിടെ താമസിച്ചു. ഗോവിന്ദൻ വരുന്നു എന്ന വാൎത്തമാനം അറിഞ്ഞപ്പോൾ ഹസ്തിനപുരത്തിൽ വലിയ കോലാഹലം ഉണ്ടായി. ധൃതരാഷ്ട്രർ നഗരത്തെ അലങ്കരിക്കുന്നതിനു് ആജ്ഞാപിച്ചു. ജനങ്ങൾ ജനാർദ്ദനനെ എതിരേററു കൊണ്ടുവരുന്നതിനു് പല ഏൎപ്പാടുകളും ചെയ്തു.

ദുര്യോധനൻെറ മാളികയെക്കാൾ ദുശ്ശാസനൻെറ ഗൃഹം വളരെ മനോഹരമായിരിക്കുന്നതുകൊണ്ടു് ശ്രീകൃഷ്ണനും അദ്ദേഹത്തിന്റെ അനുയായികൾക്കും താമസിക്കുന്നതിനു് ആ ഭവനത്തെ വേണ്ടവണ്ണം അലങ്കരിക്കാൻ അനുശാസിച്ചു. പല സ്വീകരണമണ്ഡപങ്ങളും നഗരത്തിനു വെളിയിൽ ശ്രീകൃഷ്ണൻെറ തേരു വരുന്ന വഴിയിൽ പണിയിക്കപ്പെട്ടു. വിദുരനോടുകൂടി ധൃതരാഷ്ട്രർ ആലോചിക്കാൻ തുടങ്ങി. ഗോവിന്ദനു രഥവും ആനകളും കൊടുക്കാൻ ഏൎപ്പാടു ചെയ്തു. അതുകൂടാതെ അനേകം സമ്മാനങ്ങളും നല്കണം എന്നു നിശ്ചയിച്ചു.

വിദുരൻ പറഞ്ഞു:—"ഗോവിന്ദൻ ഇതിനൊന്നും വശപ്പെടുകയില്ല. ഏതുദ്ദേശ്യത്തിനായി ഈ കുരുദേശത്തിൽ ഗോവിന്ദൻ വന്നിരിക്കുന്നുവോ അതിനു വേണ്ട സഹായം ചെയ്യുകയാണു് ആവശ്യം. സമാധാനം ആഗ്രഹിച്ചല്ലയോ അദ്ദേഹം വന്നിരിക്കുന്നതു്. അതാണു ചെയ്തുകൊടുക്കേണ്ടതു്. മാധവനെ മററു സമ്മാനങ്ങൾകൊണ്ടു തൃപ്തിപ്പെടുത്താൻ സാധിക്കുകയില്ല."

* * * *

ഗോവിന്ദൻ ഹസ്തിനപുരത്തിൽ എത്തി. നഗരവാസികരം അലങ്കരിക്കപ്പെട്ട വീഥിയിൽ കൂട്ടംകൂട്ടമായി നിന്നതുകൊണ്ടു് രഥം വളരെ സാവധാനത്തിലാണ പോയതു്. ആദ്യമായി ധൃതരാഷ്ട്രരുടെ അരമനയിലേക്ക ഭഗവാൻ എഴുന്നള്ളി. അവിടെ നല്ലപ്പെട്ട സൽക്കാരം സ്വീകരിച്ചിട്ടു് ശ്രീകൃഷ്ണൻ വിദുരൻെറ ഭവനത്തിലേക്ക പോയി. കുന്തീദേവി കൃഷ്ണനെ കണ്ടു് തൻെറ പുത്രന്മാരെ ഓൎത്തു് ദുഃഖാതിരേകത്താൽ കരയാൻതുടങ്ങി.

കൃഷ്ണൻ അവരെ സമാധാനപ്പെടുത്തി യാത്രപറഞ്ഞു. അനന്തരം ദുൎയ്യോധനൻെറ കൊട്ടാരത്തിലേക്ക ചെന്നു. ദുൎയ്യോധനൻ ഗോവിന്ദനെ സൽക്കരിച്ചു് തന്റെ ഗൃഹത്തിൽ ആഹാരം കഴിക്കാൻ ക്ഷണിച്ചു. ശ്രീകൃഷ്ണൻ മന്ദഹാസപൂൎവം പറഞ്ഞു. "ദൂതന്മാർ അവരുടെ കാൎയ്യം നിൎവ്വഹിച്ചതിൽപിന്നീടേ വിരുന്നു കഴിക്കുകയുള്ളൂ. ഞാൻ വന്ന കാൎയ്യം സാധിച്ചുകഴിഞ്ഞാൽ നിങ്ങരംക്കു് എന്നെ വിരുന്നിനു ക്ഷണിക്കാം". ഇങ്ങനെ പറഞ്ഞു് വിദുരൻെറ മാളികയിലേക്ക മടങ്ങി. അവിടെ ഊണു കഴിച്ചു വിശ്രമിച്ചു.

* * * *

പിന്നീടു വിദുരനും കൃഷ്ണനും കാൎയ്യങ്ങളെപ്പററി ആലോചിക്കാൻ തുടങ്ങി. ഭീഷ്മർ, ദ്രോണർ മുതലായവർ തന്നെ വിട്ടുമാറുകയില്ല എന്നു കരുതി ദുൎയ്യോധനൻ അവരുടെ സഹായംകൊണ്ടു് അജേയനാണെന്നു് അഹങ്കരിക്കുന്നു എന്നും അയാളോടു് സമാധാനത്തെപ്പററി പറയുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നും ദുഷ്ടന്മാരുടെ സഭയിൽ ഗോവിന്ദൻ പ്രവേശിക്കുന്നതുതന്നെ

തെററാണെന്നും വിദുരൻ അഭിപ്രായപ്പെട്ടു. കൃഷ്ണന്റെ ജീവിതത്തിനുപോലും ദുര്യോധനാദികൾ എന്തെങ്കിലും വഞ്ചന പ്രയോഗിച്ച് അപായം വരുത്തുമെന്നും അവരുടെ സ്വഭാവം നല്ലപോലെ അറിഞ്ഞിട്ടുള്ള എല്ലാവരും സംശയിച്ചിരുന്നു.

ശ്രീകൃഷ്ണൻ പറഞ്ഞു. "അങ്ങു പറയുന്നതെല്ലാം സത്യം തന്നെ. സമാധാനം സ്ഥാപിക്കാമെന്നു വിചാരിച്ച് ഞാൻ ഇവിടെ വന്നതല്ല. ലോകം പഴിക്കാതിരിക്കാൻ വേണ്ടി മാത്രമാണ് ഞാൻ വന്നിട്ടുള്ളത്. എന്റെ ജീവിതത്തെപ്പററി അങ്ങു ഭയപ്പെടേണ്ട."

അടുത്തദിവസം രാവിലെ ദുര്യോധനനും ശകുനിയും "രാജാവു കാത്തിരിക്കുന്നു" എന്ന് വന്നു ക്ഷണിച്ചപ്പോൾ ഗോവിന്ദൻ വിദുരന്റെകൂടെ സഭയ്ക്കു പുറപ്പെട്ടു.

* * * *

വാസുദേവൻ സഭയിൽ പ്രവേശിച്ചപ്പോൾ സകലരും എഴുന്നേററു. വയോവൃദ്ധന്മാരെയെല്ലാം നമസ്കരിച്ചു. ശ്രീകൃഷ്ണൻ ആസനസ്ഥനായി. ഉപചാരാനന്തരം ഗോവിന്ദൻ എഴുന്നേററ് ധൃതരാഷ്ട്രനെ നോക്കിക്കൊണ്ട് താൻ വന്നകാര്യം അറിയിച്ചു. പാണ്ഡവന്മാരുടെ അപേക്ഷയെ വിവരിച്ചു പറഞ്ഞുകേൾപ്പിച്ചു. അനന്തരം ശ്രീകൃഷ്ണൻ ഇങ്ങനെ പറഞ്ഞു. "ഹേ രാജാവേ! പ്രജകളെ നശിപ്പിക്കാതിരിക്കുക. അങ്ങ് നന്മയെ തിന്മയായും തിന്മയെ നന്മയായും ഗണിക്കുന്നു. പുത്രന്മാരെ വിധേയരാക്കി രാജ്യം പരിപാലിക്കേണ്ടതാണ് അങ്ങയുടെ കർത്തവ്യം. പാണ്ഡവന്മാർ യുദ്ധത്തിനു തയാറായിത്തന്നെ ഇരിക്കുന്നു. എന്നാൽ അവർ സമാധാനമാണ് ആഗ്രഹി

ക്കുന്നതു്. അങ്ങേയ്ക്കു് അധീനപ്പെട്ടു് സന്തോഷമായി കാലം കഴിക്കാൻ അവർ ആഗ്രഹിക്കുന്നു. അവരേയും പുത്രന്മാരായി കരുതി അങ്ങു് ഭാഗ്യവാനായിത്തീരാനുള്ള വഴി തേടിയാലും".

ധൃതരാഷ്ട്രർ:—ഹേ സഭാവാസികളെ! എന്റെ പേരിൽ ഒരു കുററവും ഇല്ല. മാധവൻ പറയുന്നതു തന്നെയാണു് ഞാനും ആഗ്രഹിക്കുന്നതു്. എന്നാൽ ഞാൻ അശക്തനായിരിക്കുന്നു. ദുഷ്ടന്മാരായ പുത്രന്മാർ എന്റെ വാക്കു കേരംക്കുന്നില്ല. ഹേ കൃഷ്ണ! അങ്ങുതന്നെ ഈ ദുര്യോധനാദികളെ വേണ്ടവിധം ഗുണദോഷിക്കണം.

കൃഷ്ണൻ:—ഹേ ദുര്യോധനാ! മഹാന്മാരുടെ കുലത്തിലാണു് നിങ്ങരം ജനിച്ചിരിക്കുന്നതു്. ധമ്മത്തെ മുൻനിത്തിവേണം നിങ്ങരം ജീവിക്കുവാൻ. നിങ്ങളുടെ സങ്കല്പങ്ങളെല്ലാം ഹീനകുലോചിതമാണു്. നിങ്ങരം നിമിത്തം വിഖ്യാതമായ ഈ കുലം നശിക്കാൻ പോകുന്നു. പാണ്ഡവർതന്നെ നിങ്ങളെ യുവരാജാവായും ധൃതരാഷ്ട്രനെ മഹാരാജാവായും വാഴിക്കും. പാണ്ഡവന്മാക്കു് പകുതി രാജ്യം കൊടുത്തു സന്ധിചെയ്യുക.

ഭീഷ്മരും ദ്രോണരും ഗോവിന്ദൻ പറഞ്ഞതനുസരിച്ചു് പ്രവത്തിക്കാൻ ദുര്യോധനനെ ബലമായി പ്രേരിപ്പിച്ചു. എന്നാൽ ദുര്യോധനന്റെ മനസ്സു് ഇളകുന്നതായി കാണപ്പെട്ടില്ല.

വിദുരൻ:—ദുര്യോധനന്റെ പ്രവൃത്തികരംകൊണ്ടു ദുഃഖിക്കുന്ന ഗാന്ധാരിയെപ്പററിയും ധൃതരാഷ്ട്രരെപ്പററിയും ആണു് ഞാൻ സങ്കടപ്പെടുന്നതു്.

ധൃതരാഷ്ട്രർ വീണ്ടും മകനെ ശാസിച്ചു് ഇങ്ങനെ പറഞ്ഞു.

"ഗോവിന്ദൻ പറയുന്നതു് അനുസരിച്ചില്ലെങ്കിൽ കുലത്തിനു് നാശമുണ്ടാകും."

ഭീഷ്മരും ദ്രോണരും വീണ്ടും വീണ്ടും ദുര്യോധനനു് സദുപദേശം നല്കി. "സന്ധിചെയ്യുന്നതാണു നല്ലതു്. യുദ്ധം ഒഴിക്കണം" എന്നു പല പ്രാവശ്യവും ദുര്യോധനനോടു പറഞ്ഞുനോക്കി.

ഇപ്രകാരം സകലരും പിന്നെയും പിന്നെയും ഉൽബോധിപ്പിച്ചപ്പോൾ ദുര്യോധനൻ എഴുന്നേററു് ഇങ്ങനെ പറഞ്ഞു. "ഹേ മധുസൂദനാ! പാണ്ഡവന്മാരോടു് അങ്ങേയ്ക്കുള്ള പക്ഷപാതംകൊണ്ടു് എന്നെ പല പ്രാവശ്യവും അങ്ങു ദൂഷിക്കുന്നു. സഭയിലുള്ള സകലരും എന്നെ കുററപ്പെടുത്തുന്നു. എന്നാൽ എന്റെ പക്ഷത്തിൽ അല്പംപോലും കുററം ഞാൻ കാണുന്നില്ല. പാണ്ഡവന്മാർ മനഃപൂർവ്വം കളിയിൽ പങ്കുകൊണ്ടു തോററു് രാജ്യച്യുതന്മാരായിത്തീൎന്നു. ആ സംഗതിയിൽ എൻെറ പേരിൽ എന്തുകുററമാണു് ഉള്ളതു്. ചൂതുകളിയിൽ തോററു് അവർ വനത്തിലേക്കു പോയി. ഞാൻ ചെയ്ത എന്തു കുറ്റത്തിനാണു് അവരിപ്പോൾ യുദ്ധം ആരംഭിച്ചു് ഞങ്ങളെ കൊല്ലാൻ ആഗ്രഹിക്കുന്നതു്. സൈന്യം ശേഖരിച്ചു ഞങ്ങളെ ഭയപ്പെടുത്താൻ സാധിക്കുകയില്ല. ഞാൻ ബാലനായിരുന്ന സമയം പാണ്ഡവന്മാൎക്കു് അവകാശം ഇല്ലാത്ത രാജ്യം നിങ്ങളെല്ലാംകൂടി അവൎക്കു കൊടുപ്പിച്ചു. അജ്ഞതകൊണ്ടോ ഭയംകൊണ്ടോ കുലത്തിൻെറ യോഗക്ഷേമം നോക്കി വന്ന മഹാന്മാരാണു് ഇങ്ങനെ ചെയ്തതു്.

61639

അപ്പോഠ ഞാനും അതനുസരിച്ചു. എന്നാൽ ആ രാജ്യം അവരുടെ പ്രവൃത്തികൊണ്ടു തന്നെ അവർ കളഞ്ഞു. തിരിയെ കൊടുക്കുവാൻ ഞാൻ സമ്മതിക്കുകയില്ല. എന്റെ പേരിൽ യാതൊരു കുറ്റവും ഇല്ല. പാണ്ഡവന്മാക്കു സൂചി കുത്തുവാനുള്ള സ്ഥലംപോലും ഞങ്ങഠ കൊടുക്കുകയില്ല."

യാതൊരു കുററവും താൻ ചെയ്തിട്ടില്ലെന്നു ദുര്യ്യോധനൻ പറഞ്ഞതുകേട്ടു ഗോവിന്ദൻ ചിരിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഹേ മൂഢ, ശകുനിയുമായി ചേൎന്നു വഞ്ചനകൊണ്ടു ചൂതുകളിക്കു നിങ്ങഠ ഏപ്പ്പാടുചെയ്തു. ദ്രൗപദിയെ സഭയിൽ വരുത്തി നിങ്ങഠ അവമാനിച്ചു. യാതൊരു കുററവും ചെയ്തിട്ടില്ലെന്നു നിങ്ങഠ പ്രലപിക്കുന്നല്ലോ" ഇങ്ങനെ തുടങ്ങി ദുര്യ്യോധനൻ പാണ്ഡവന്മാരോടു ചെയ്ത അന്യായപ്രവൃത്തികളെല്ലാം ശ്രീകൃഷ്ണൻ വിവരിച്ചു പറഞ്ഞു.

ഭീഷ്മർ തുടങ്ങിയവരെല്ലാവരും കൃഷ്ണൻ കുററപ്പെടുത്തിയതു സമ്മതിക്കുന്നതായി കണ്ടു ദുശ്ശാസനൻ എഴുന്നേററു ഇങ്ങനെ പറഞ്ഞു. "ജ്യേഷ്ഠാ! ഇവർ അങ്ങയെ ബന്ധിച്ചു പാണ്ഡവന്മാരുടെ കൈയിൽ ഇപ്പോഠ തന്നെ സമപ്പിക്കുമെന്നു തോന്നുന്നു. എണീക്കുക! നമുക്കു വെളിയിൽ പോകാം. നമ്മഠ ഇവിടെ ഇരിക്കുന്നതു ശരിയല്ല."

ദുശ്ശാസനൻ ഇങ്ങനെ പറഞ്ഞ ഉടൻ അനുജന്മാരോടുകൂടി ദുര്യ്യോധനൻ സഭവിട്ടു വെളിയിൽപ്പോയി.

ഗോവിന്ദൻ സഭാവാസികളോടു വീണ്ടും ഇങ്ങനെ പറഞ്ഞു. "മഹാജനങ്ങളെ! കംസനും ശിശുപാലനും മരിച്ചതുകൊണ്ടു യാദവന്മാരും വൃഷ്ണികളും സുഖമായി

കാലംകഴിക്കുന്നു. ഒരു കുലത്തെ രക്ഷിക്കുന്നതിനുവേണ്ടി ചില സമയങ്ങളിൽ അതിൽ ചേൎന്ന ഒരാളെ ഉപേക്ഷിക്കേണ്ടതായി വരും. ഒരു ദേശത്തെ രക്ഷിക്കുന്നതിനായി ഒരു ഗ്രാമത്തെ ചിലപ്പോഠം ത്യജിക്കേണ്ടതായി വരുമല്ലോ. ഈ ദുൎയ്യോധനനെ നിങ്ങഠം ത്യജിക്കേണ്ടതാണു്. അതുകൊണ്ടു മാത്രമേ കുലത്തിനു രക്ഷയുണ്ടാകുകയുള്ളൂ".

ധൃതരാഷ്ട്രർ വിദുരനോടു് ഇങ്ങനെ പറഞ്ഞു. "ഗാന്ധാരിയെ കൂട്ടിക്കൊണ്ടുവരുക. അവഠം ദീൎഘദൃഷ്ടിയുള്ളവളാണു്. അവഠം പറയുന്നതു് ഒരു പക്ഷെ ദുൎയ്യോധനൻ കേഠംക്കുമോ എന്നു നോക്കാം." ഗാന്ധാരിയെ ക്ഷണിക്കുന്നതിനായി സേവകന്മാർ പോയി.

ഗാന്ധാരി വന്നു. അവരും ധൃതരാഷ്ട്രരും ദുൎയ്യോധനനെ സഭയിലേക്കു വരുന്നതിനായി പറഞ്ഞയച്ചു. കണ്ണുകഠം ചുവപ്പിച്ചുകൊണ്ടു് ദുൎയ്യോധനൻ വീണ്ടും സഭയിൽ പ്രവേശിച്ചു. ഗാന്ധാരി പല പ്രകാരത്തിലും ഉപദേശിച്ചു നോക്കി. ദുൎയ്യോധനൻ സാധിക്കുകയില്ലെന്നു പറഞ്ഞു് സഭയിൽ നിന്നിറങ്ങി വീണ്ടും വെളിയിൽ പോയി.

അങ്ങനെ വെളിയിൽ പോയ ദുൎയ്യോധനൻ തന്റെ സ്നേഹിതന്മാരുമായി ചതിക്കു് ആലോചിച്ചു. ദൂതനായി വന്ന ഗോവിന്ദനെ ബന്ധിച്ചു് അവമാനിക്കാൻ ഏൎപ്പാടു ചെയ്തു. ഈ വൎത്തമാനം സഭയിൽ പരന്നു. ഇതെല്ലാം മുൻപേതന്നെ അറിഞ്ഞിരുന്ന ഗോവിന്ദൻ മന്ദഹാസപൂൎവ്വം തന്റെ വിശ്വരൂപം പ്രദൎശിപ്പിച്ചു. ആ സമയം അന്ധനായ ധൃതരാഷ്ട്രനും കാഴ്ചകിട്ടി വിശ്വരൂപം ദൎശിച്ചുവെന്നു് ശ്രീവ്യാസൻ പറയുന്നു.

"ഹേ പുണ്ഡരീകാക്ഷ! അങ്ങയുടെ വിശ്വരൂപം ദശിച്ച ഈ കണ്ണുകൾകൊണ്ടു് മറെറാന്നും കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എൻെറ കണ്ണുകൾ വീണ്ടും അന്ധങ്ങളായി പോകട്ടെ എന്നു് ഞാൻ പ്രാത്ഥിക്കുന്നു." എന്നു് ധൃതരാഷ്ട്രർ അപേക്ഷിച്ചപ്പോൾ അദ്ദേഹം വീണ്ടും അന്ധനായിത്തീന്നു.

"നമ്മളുടെ ശ്രമങ്ങളെല്ലാം വൃഥാവായി. ദുയ്യോധനൻ കേൾക്കയില്ലല്ലോ." എന്നു് ധൃതരാഷ്ട്രർ ഗോവിന്ദനോടു പറഞ്ഞു. പിന്നീടു് ശ്രീകൃഷ്ണൻ എഴുന്നേററു. സാത്യകിയും വിദുരനും അദ്ദേഹത്തിൻെറ ഇരുവശങ്ങളിലും നിന്നു. എല്ലാവരും സഭയിൽ നിന്നും ഇറങ്ങിപ്പോയി.

അവിടെനിന്നു് ശ്രീകൃഷ്ണൻ കുന്തീദേവിയുടെ അടുക്കൽ ചെന്നു് നടന്നതെല്ലാം അറിയിച്ചു. അവരും പുത്രന്മാൎക്കു തൻെറ അനുഗ്രഹങ്ങൾ നല്കുവാൻ അത്ഥിച്ചു.

"ഒരു ക്ഷത്രിയസ്ത്രീ ഏതുദ്ദേശ്യത്തിനായി പുത്രന്മാരെ പ്രസവിക്കുന്നുവോ ആ ഉദ്ദേശ്യം സാധിക്കാനുള്ള കാലം അടുത്തിരിക്കുന്നു. എൻെറ പുത്രന്മാരെ അങ്ങു രക്ഷിക്കണം" എന്നു് കുന്തീദേവി പറഞ്ഞു.

ക്ഷത്രിയമാതാവു് പുത്രന്മാരെ പ്രസവിക്കുന്നതു് യുദ്ധത്തിൽ ബലികൊടുക്കുന്നതിന്നുതന്നെയാണു്. പുരുഷോത്തമൻ സ്വരഥത്തിൽ കയറി ഉപപ്ലാവ്യനഗരത്തിലേക്കു് ത്വരിതഗതിയായി ചെന്നു. യുദ്ധം അന്നു നടക്കട്ടെ എന്നു് നിർണ്ണയിക്കപ്പെട്ടു.

---

## 57. മമതാബന്ധവും ധൎമ്മവും

ശ്രീകൃഷ്ണൻ ഹസ്തിനപുരത്തിൽനിന്നും മടങ്ങിവന്നപ്പോൾ സമാധാനത്തെപ്പററി ഉണ്ടായിരുന്ന അല്പമായ ആശയും ഇല്ലാതായി. കുലനാശത്തിനു കാരണമായ യുദ്ധം നിശ്ചയമായും സംഭവിക്കും എന്നു് അറിഞ്ഞ കുന്തീദേവി ദുഃഖനിമഗ്നയായി. "അപമാനം സഹിക്കുക-രാജ്യവും വേണ്ട, യുദ്ധവും വേണ്ട എന്നു പറയുവാൻ എന്റെ നാവു് പൊങ്ങുന്നില്ല. ക്ഷത്രിയകുലത്തിൽ ജനിച്ച എന്റെ പുത്രന്മാർ എങ്ങനെ അതു സഹിക്കും. എന്നാൽ യുദ്ധം നടത്തി പരസ്പരം കൊലചെയ്തു് കുലം നശിച്ചാൽ പിന്നെ ആൎക്കു എന്താണു ലാഭം. എന്താണു സുഖം. ഞാൻ എന്താണു ചെയ്യേണ്ടതു്" എന്നിങ്ങനെ കുലനാശഭയം ഒരുവശത്തും, ക്ഷത്രിയസംസ്കാരം മറ്റൊരു വശത്തും കുന്തിയുടെ മനസ്സിനെ ഏററവും വ്യാകുലപ്പെടുത്തി. ആ വീരമാതാവു് ഇങ്ങനെ ആലോചിച്ചു.

"ഭീഷ്മർ, ദ്രോണൻ, കൎണ്ണൻ ഈ മൂന്നു മഹാരഥന്മാരെ എന്റെ പുത്രന്മാൎക്കു് എങ്ങനെ തോല്പിക്കാൻ സാധിക്കും. ആൎക്കും എതിൎക്കാൻ പാടില്ലാത്ത വീരന്മാരല്ലെ ഇവർ. ഈ മൂന്നുപേരെയും സ്മരിക്കുമ്പോൾ എന്റെ ഹൃദയം നടുങ്ങുന്നു. മററുള്ളവരെ ഞാൻ സാരമാക്കുന്നില്ല. കൗരവസൈന്യത്തിൽ ഈ മൂന്നുപേർ മാത്രമാണു് എന്റെ പുത്രന്മാരുടെ ജീവഹാനി വരുത്താൻ ശക്തരായിട്ടുള്ളതു്. ഇവരിൽ ആചാൎയ്യനായ ദ്രോണൻ ശിഷ്യന്മാരോടുള്ള സ്നേഹംകൊണ്ടോ അവരുമായി യുദ്ധം ചെയ്വാൻ മനസ്സില്ലാക്കയോ എന്റെ പുത്രന്മാരെ കൊല്ലാതിരുന്നേക്കാം.

പിതാമഹൻ എൻെറ പുത്രന്മാരെ വധിക്കയില്ല. കർണ്ണൻ മാത്രമാണ് പാണ്ഡവന്മാരുടെ പ്രധാനശത്രു. എൻെറ പുത്രന്മാരെ കൊന്നു് ദുര്യ്യോധനനെ തൃപ്തിപ്പെടുത്തണമെന്നു് അവന്ന വലിയ ആഗ്രഹവുമുണ്ടു്. കർണ്ണൻ മഹാശൂരനുമാണു്. അവനെ ഓക്കുമ്പോൾതന്നെ എൻെറ ഹൃദയം നീറുന്നു. അവനെ ഞാൻ നേരിട്ടുകണ്ടു് അവന്റെ ജന്മത്തെക്കുറിച്ചു് യഥാർത്ഥവിവരം പറയാൻ ഇതാണു് തക്ക സമയം. തൻെറ ജനനത്തെപ്പററി മനസ്സിലാക്കിയാൽ പിന്നെ അവൻെറ ഹൃദയം മാറാതിരിക്കുകയില്ല."

പുത്രചിന്തയാൽ പീഡിതയായ കുന്തീദേവി ഇങ്ങനെ പലതും ആലോചിച്ചു്, കർണ്ണൻ ദിവസവും ജപിച്ചുകൊണ്ടിരിക്കുന്ന സ്ഥലം അന്വേഷിച്ചു ചെന്നു.

പ്രതീക്ഷിച്ചിരുന്നപ്രകാരം കർണ്ണൻ ജപത്തിൽ ഏകാഗ്രനായിരിക്കുകയായിരുന്നു. പൂർവ്വാഭിമുഖനായി കൈകൂപ്പിക്കൊണ്ടു് അദ്ദേഹം സൂര്യ്യോപാസനയിൽ നിമഗ്നനായിരുന്നു. അദ്ദേഹത്തിൻെറ ജപം അവസാനിക്കുന്നതുവരെ കുന്തീദേവി അദ്ദേഹത്തിൻെറ പിന്നിൽ നിന്നു.

ജപം കഴിഞ്ഞു തിരിഞ്ഞുനോക്കിയപ്പോൾ കുന്തീദേവി നില്ക്കുന്നതു് അദ്ദേഹം കണ്ടു. സൂര്യ്യാതപത്താൽ വിഷമിച്ച കുന്തീദേവി കർണ്ണൻെറ ഉത്തരീയത്തെ തൻെറ തലയ്ക്കുമീതെ വലിച്ചു പിടിച്ചിരുന്നു. അതുകണ്ടു് കർണ്ണൻ കാര്യ്യം മനസ്സിലാക്കാതെ വിസ്മയിച്ചു.

പാണ്ഡുരാജാവിൻെറ പട്ടമഹിഷിയും, രാജകുമാരന്മാരുടെ മാതാവുമായ കുന്തീദേവി ഒരു സാരഥിയുടെ

പുത്രന്റെ വസ്ത്രത്തെ തലയ്ക്കു മുകളിൽ പിടിച്ചുകൊണ്ടു നില്ക്കുന്നതു് അദ്ദേഹത്തിനു് അത്ഭുതകരമായിരുന്നു.

"രാധയുടേയും സാരഥിയായ അതിരഥന്റേയും പുത്രനും കർണ്ണനെന്നപേരുള്ളവനുമായ ഞാൻ ദേവിയെ വണങ്ങുന്നു. സേവിക്കാൻ കാത്തിരിക്കുന്ന ഞാൻ നിങ്ങൾക്കു് എന്താണു് ചെയ്യേണ്ടതു്" എന്നു് മഹാന്മാരെ വണങ്ങുന്ന രീതി അനുസരിച്ചു് തന്റെ പേരും കുലവും പറഞ്ഞു നമസ്കരിച്ചിട്ടു് കർണ്ണൻ കുന്തിയോടു ചോദിച്ചു.

"കർണ്ണാ, നീ രാധയുടെ പുത്രനല്ല. സാരഥി നിന്റെ അച്ഛനുമല്ല. നീ സൂതകുലത്തിൽ ജനിച്ചവനാണെന്നു് വിചാരിക്കരുതു്. ക്ഷത്രിയകുലജാതയായ പൃഥയുടെ അഥവാ കുന്തിയുടെ വയററിൽ ജനിച്ച സൂര്യപുത്രനാണു് നീ. നിനക്കു മംഗളം ഭവിക്കട്ടെ."എന്നു പറഞ്ഞു് അദ്ദേഹത്തിന്റെ ജന്മവൃത്താന്തത്തെ കുന്തി സവിസ്തരം അറിയിച്ചു.

പിന്നീടു് കുന്തി ഇങ്ങനെ തുടൻു. "കവചകുണ്ഡലങ്ങളോടുകൂടി ദേവകുമാരനായി ജനിച്ച നീ സ്വസഹോദരന്മാരെ അറിയാതെ ദുര്യോധനനുമായി ചേൎന്നു് അവരെ ഹിംസിക്കുന്നു. ധൃതരാഷ്ട്രപുത്രന്മാരെ ആശ്രയിച്ചു ജീവിക്കുന്നതു് നിനക്കു് അപമാനമാണു്. അർജ്ജുനനോടുകൂടിച്ചേൎന്നു് വീരനായി നീ രാജ്യത്തെ പരിപാലിക്കുക. നീയും അർജ്ജുനനുമായി ഒന്നുചേൎന്നു് ദുഷ്ടന്മാരെ അടക്കുക. ലോകം നിങ്ങളെ വണങ്ങും. ബലഭദ്രനേയും കൃഷ്ണനേയുംപോലെ നിങ്ങൾ രണ്ടുപേരും കീർത്തിനേടും. അനുജന്മാർ അഞ്ചുപേരക്കും ജ്യേഷ്ഠനായ

നീ അവരാൽ ചുററപ്പെട്ടു് ദേവന്മാരാൽ ബ്രഹ്മാവു് എന്നതുപോലെ പ്രകാശിക്കും. ധർമ്മസങ്കടമുള്ള വിഷയങ്ങളിൽ സ്നേഹമുള്ള മാതാപിതാക്കന്മാരെ സന്തോഷിപ്പിക്കുന്നതുതന്നെയാണു് ഉത്തമധർമ്മമെന്നു ശാസ്ത്രം പറയുന്നു."

സൂര്യഭഗവാനെ ഉപാസിച്ചുകഴിഞ്ഞ അവസരത്തിൽ ഇപ്രകാരം തൻെറ പെററമ്മ അപേക്ഷിച്ചപ്പോഠം ആദിത്യനും കുന്തിയുടെ പ്രാർത്ഥനയെ സമർത്ഥിക്കുന്നതായി കർണ്ണൻെറ ഉള്ളിൽതോന്നി. എന്നാൽ അദ്ദേഹം തൻെറ മനസ്സിനെ സ്ഥിരമാക്കിയിട്ടു് സൂര്യൻ തൻെറ ധൈര്യത്തെയും സത്യത്തെയും പരീക്ഷിക്കുന്നു എന്നും ആ പരീക്ഷയിൽ താൻ പരാജയപ്പെടരുതെന്നും കർണ്ണൻ നിശ്ചയിച്ചു.

അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു. "ക്ഷത്രിയമാതാവേ! നിങ്ങഠം പറയുന്നതു ധർമ്മവിരുദ്ധമാണു്. ഞാൻ നിങ്ങഠംക്കുവേണ്ടി ക്ഷത്രിയ ധർമ്മം പരിത്യജിച്ചു് അധർമ്മം ആചരിക്കുന്നതായാൽ അതിനേക്കാഠം വലുതായ ദോഷം യുദ്ധത്തിൽ എനിക്കു് വരുത്തുവാൻ ഒരു ശത്രുവിനും സാധിക്കയില്ല, നിശ്ചയംതന്നെ. കുട്ടിക്കാലത്തിൽ എന്നെ നിങ്ങഠം വെള്ളത്തിൽ എറിഞ്ഞു. ഇപ്പോഠം ക്ഷത്രിയജാതിക്കു് ഉചിതമായ സംസ്കാരങ്ങഠം ചെയ്യേണ്ടകാലം അതിക്രമിച്ചതിൽ പിന്നീടു് എന്നെ നോക്കി നീ ക്ഷത്രിയനെന്നു് നിങ്ങഠം പറയുന്നു. മാതാവിൻെറ കർത്തവ്യങ്ങഠം ചെയ്യേണ്ട കാലത്തിൽ ചെയ്യാതെ നിങ്ങളുടെ പുത്രന്മാരുടെ മംഗളത്തെ കരുതി ഇപ്പോഠം നിങ്ങഠം ഈ കഥയെല്ലാം പറയുന്നുവല്ലോ.

പാണ്ഡവന്മാരുമായി ഞാൻ ഇപ്പോൾ ചേന്നാൽ ശത്രുക്കളെക്കണ്ടു ഭയന്നു് അവരോടു ചേന്നതാണെന്നു് ക്ഷത്രിയലോകം പറയും. ധൃതരാഷ്ട്രപുത്രന്മാരുടെ അടുക്കൽനിന്നും സകല സുഖവും—സത്തും— ബഹുമാനവും—സല്ക്കാരവും ഇതുവരെ അനുഭവിച്ചിട്ടു് ഇപ്പോൾ യുദ്ധം വന്നസമയം അവയെല്ലാം വിസ്മരിച്ചു് പാണ്ഡവന്മാരുമായി ചേരാനാണു് നിങ്ങൾ പറയുന്നതു്. യുദ്ധസമുദ്രത്തെ തരണം ചെയ്വാൻ ധൃതരാഷ്ട്രപുത്രന്മാർ എന്നെയാണു് കപ്പലായി കരുതിയിരിക്കുന്നതു്. അവരെ യുദ്ധം ചെയ്വാൻ അധികമായി പ്രേരിപ്പിച്ചതു് ഞാൻ തന്നെയാണു്. അവരെ ഈ അവസരത്തിൽ ഞാൻ എങ്ങനെ പരിത്യജിക്കും. ഉപകാരം ചെയ്യേണ്ട കാലം അടുത്തിരിക്കുമ്പോൾ ദ്രോഹം ചെയ്താൽ പിന്നെ മാനമായി ജീവിച്ചിരിക്കുക സാധ്യമോ? അമ്മേ! എന്റെ കടം എനിക്കു വീട്ടണം. പ്രാണനെ ത്യജിച്ചും ആ കടം തീൎത്തേമതിയാവൂ. അല്ലെങ്കിൽ ഞാൻ ഉണ്ട ചോററിനു നന്ദിയില്ലാത്തവനായിത്തീരും. എന്റെ ശക്തിയെല്ലാം പ്രയോഗിച്ചു് നിങ്ങളുടെ പുത്രന്മാരുമായി ഞാൻ യുദ്ധം ചെയ്തേതീരൂ. നിങ്ങളോടു് ഞാൻ പൊളിപറയുകയില്ല. എനിക്കു മാപ്പു തരണം. എങ്കിലും നിങ്ങൾ ചെയ്ത പ്രയത്നം നിശ്ശേഷം വ്യൎത്ഥമാകുമെന്നു വിചാരിക്കേണ്ടാ. നിങ്ങളുടെ പുത്രന്മാരിൽ അർജ്ജുനനെ മാത്രം എനിക്കായി വിട്ടുതരിക. അവനോ ഞാനോ ഈ യുദ്ധത്തിൽ മരിച്ചേതീരൂ. നിങ്ങളുടെ മററു പുത്രന്മാർ എന്തുതന്നെ ചെയ്താലും അവരെ ഞാൻ കൊല്ലുകയില്ല. വീരന്മാരുടെ മാതാവേ, നിങ്ങൾക്കു് അഞ്ചുപുത്രന്മാർ എങ്ങനെയെങ്കിലും

ശേഷിക്കും. ഞാനോ അജ്ജുനനോ രണ്ടുപേരിൽ ഒരു വൻ ജീവിച്ചിരിക്കും. മററു നാലുപുത്രന്മാരോടുകൂടി നിങ്ങൾക്ക് അഞ്ചുപുത്രന്മാർ ഉണ്ടായിരിക്കുന്നതാണ്." എന്നു കണ്ണൻ പറഞ്ഞു.

ക്ഷത്രിയധൎമ്മോചിതമായി ഇപ്രകാരം തന്റെ മൂത്ത പുത്രൻ പറഞ്ഞതുകേട്ട് കുന്തി അവനെ ആശ്ലേഷിച്ചു വൎത്തമാനം പറയാൻ സാധിക്കാതെ അശ്രുക്കൾ പൊഴിച്ചു.

പിന്നീട് ആ വീരമാതാവ് "വിധിയെ ആൎക്കു തട്ടുകളവാൻ സാധിക്കും. നീ നിന്റെ നാലു് അനുജന്മാൎക്ക് അഭയം നല്കി. അതുമതി. നിനക്കു മംഗളം ഭവിക്കട്ടെ." എന്ന് ആശീൎവ്വദിച്ചു തിരിച്ചുപോയി.

---

## 58. പാണ്ഡവസേനാപതി

ഗോവിന്ദൻ ഉപപ്ലാവ്യത്തിലേക്കു മടങ്ങി വന്നു. ഹസ്തിനപുരത്തിൽ നടന്ന സംഗതികൾ എല്ലാം അദ്ദേഹം പാണ്ഡവരെ പറഞ്ഞു കേൾപ്പിച്ചു. "സത്യവും ഹിതവും ആയിട്ടുള്ളതു ഞാൻ പറഞ്ഞു. ഒരു ഫലവുമുണ്ടായില്ല. ഇനി നാലാമത്തേതും അവസാനത്തേതുമായ ദണ്ഡനോപായം പ്രയോഗിക്കാതെ നിവൃത്തിയില്ല. സഭയിലുള്ള മഹാന്മാരെല്ലാം പറഞ്ഞിട്ടും മൂഢനായ ദുൎയ്യോധനൻ വിഗണിക്കുകയത്രെ ചെയ്തതു്. ഇനിമേൽ യുദ്ധത്തിനു വേണ്ട ഏൎപ്പാടുകൾ താമസംകൂടാതെ നടത്തണം.

കുരുക്ഷേത്രം മഹായജ്ഞത്തിനായി കാത്തിരിക്കുക യാണു്." എന്നു് കൃഷ്ണൻ പറഞ്ഞു.

"പുരുഷശ്രേഷ്ഠന്മാരെ! ഇനിയും സമാധാനം ഉണ്ടാകുമെന്നു് ആശയില്ല. നമ്മുടെ സൈന്യത്തെ അണിനിരത്തണം." എന്നു് യുധിഷ്ഠിരൻ തൻെറ അനുജന്മാരോടു് ആജ്ഞാപിച്ചു.

സൈന്യത്തെ ഏഴായി പകുത്തു് അവക്കു് യഥാക്രമം ദ്രുപദൻ, വിരാടൻ, ധൃഷ്ടദ്യുമ്നൻ, ശിഖണ്ഡി, സാത്യകി, ചേകിതാനൻ, ഭീമസേനൻ എന്നിങ്ങനെ ഏഴു നായകന്മാരെ നിയമിച്ചു. പാണ്ഡവസേനാധിപതിയായി ആരെ വാഴിക്കണമെന്നു് ആലോചന നടന്നു.

"സഹദേവാ! ഈ ഏഴുപേരിൽ ഒരുവനെ തിരഞ്ഞെടുത്തു് ഒരു സേനാധിപതി ആക്കണം. അഗ്നിയെപ്പോലെ ശത്രുക്കളെ ദഹിപ്പിക്കുന്ന ഭീഷ്മരെ എതിക്കാൻ സമത്ഥനും എല്ലാ സൈന്യങ്ങളേയും സന്ദർഭാനുസരണം നയിക്കാൻ ശക്തിയുള്ളവനും ആയ ഒരാം നമുക്കു് സേനാപതിയായിരിക്കണം. നിൻെറ അഭിപ്രായത്തിൽ ഇതിനു യോഗ്യൻ ആരാണു്?." എന്നു് യുധിഷ്ഠിരൻ ആദ്യമായിത്തന്നെ സഹദേവനോടു ചോദിച്ചു.

അഭിപ്രായങ്ങറം അറിയാൻ ആദ്യമായി പ്രായം കുറഞ്ഞവരോടു ചോദിച്ചു് പിന്നീടു് ക്രമേണ വയോവൃദ്ധന്മാരോടു് ആലോചിക്കുക എന്നതു് പ്രാചീനസമ്പ്രദായമാണു്. ചെറുപ്പക്കാക്കു് ഉത്സാഹവും സ്വാധീനശക്തിയും വർദ്ധിക്കുവാൻ ഇതുതന്നെയാണു് ശരിയായ മുറ. ആദ്യംതന്നെ വയോവൃദ്ധന്മാരോടു് ചോദിച്ചുപോയാൽ പിന്നെ മററുള്ളവക്കു സ്വാതന്ത്ര്യമായി മറുപടി പറ

യുവാൻ ഇടയുണ്ടായിരിക്കയില്ല. അവരെന്തെങ്കിലും പറഞ്ഞാൽ അതു വിനയത്തിന്നു ബാധകമായിരിക്കും.

"അജ്ഞാതവാസത്തിൽ ഏതു രാജാവിനെ നമ്മൾ ശരണംപ്രാപിച്ചുവോ, ആരുടെ നിഴലിൽ നിന്നുംകൊണ്ടു് നമ്മൾ വീണ്ടും നമ്മളുടെ ന്യായമായ അവകാശം ചോദിക്കുന്നുവോ ആ വിരാടരാജാവിനെ നമുക്കു സേനാധിപതിയായി അഭിഷേകംചെയ്യാം." എന്നു് സഹദേവൻ മറുപടി പറഞ്ഞു.

നകുലനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് ഇങ്ങനെ ആയിരുന്നു. "വയസ്സ്, അറിവ്, ധൈര്യം, കുലം, ബലം ഇവയിൽ ശ്രേഷ്ഠനായ ദ്രുപദരാജാവിനെ സേനാധിപതിയായി വരിക്കുന്നതു് ഉചിതമെന്നു് എനിക്കു തോന്നുന്നു. ഭരദ്വാജന്റെ അടുക്കൽനിന്നു് അസ്ത്രങ്ങൾ അഭ്യസിച്ചവനും ദ്രോണരെ എതിക്കണമെന്നു വളരെനാളായി കാത്തിരിക്കുന്നവനും രാജാക്കന്മാർക്കു ബഹുമാന്യനും ദ്രൗപദിയുടെ പിതാവും നമുക്കു് സ്വന്തഅച്ഛനെപ്പോലെ അവലംബമായിരിക്കുന്നവനുമായ ദ്രുപദൻ നമ്മളുടെ സൈന്യത്തിന്റെ മുന്നണിയിൽ നിന്നു് ദ്രോണനേയും, ഭീഷ്മനേയും എതിക്കും." പിന്നീടു് ധർമ്മപുത്രർ ധനഞ്ജയനോടു ചോദിച്ചു. "ഇന്ദ്രിയങ്ങളെ ജയിച്ചവനും ദ്രോണന്റെ സംഹാരത്തിന്നുവേണ്ടി ജനിച്ച വീരനുമായ ധൃഷ്ടദ്യുമ്നൻ നമ്മളുടെ സേനാധിപതിയായി ഇരിക്കണമെന്നാണു് എന്റെ അഭിപ്രായം. പരശുരാമനെക്കൂടി സ്തംഭിപ്പിച്ച ഭീഷ്മന്റെ ബാണങ്ങളെ എതിക്കുവാൻ ധൃഷ്ടദ്യുമ്നനുമാത്രമേ സാധിക്കയുള്ളു. ദ്രുപദപു

ത്ര നെ ഒഴിച്ചു പിതാമഹനെ എതിക്കുന്നതിന്ന മററാരും ഉള്ളതായി എനിക്കറിവില്ല. അദ്ദേഹം തന്നെയാണ് ഈ പദവിക്കു യോഗ്യൻ." എന്ന് അർജ്ജുനൻ മറുപടി പറഞ്ഞു.

ഭീമൻ:—രാജാവേ, അർജ്ജുനൻ പറഞ്ഞതു ശരിയാണെങ്കിലും ഭീഷ്മൻെറ വധത്തിന്നായി ജനിച്ചതാണ് ശിഖണ്ഡി എന്ന് ഋഷികളും മഹാന്മാരും പറയുന്നു. പരശുരാമന്നു തുല്യമായ തേജസ്സുള്ള ആ വീരനെ സേനാധിപതി ആക്കണമെന്നാണ് എൻെറ അഭിപ്രായം. ശിഖണ്ഡിയല്ലാതെ മററാരും ഭീഷ്മരെ തോല്പിക്കുകയില്ല.

കേശവൻെറ അഭിപ്രായം എന്താണെന്ന് അവസാനത്തിൽ യുധിഷ്ഠിരൻ ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു:—

"ഇവർ ഓരോരുത്തരും ആരെപ്പററി പറഞ്ഞുവോ അവരെല്ലാം സേനാധിപതിസ്ഥാനത്തിന്ന് യോഗ്യന്മാർ തന്നെ. അവരെല്ലാം ദുര്യോധനന്ന് ഭയമുളവാക്കാൻ സമർത്ഥരുംതന്നെ. എങ്കിലും മൊത്തത്തിൽ പറയുകയാണെങ്കിൽ അർജ്ജുനൻെറ അഭിപ്രായമാണ് ഞാൻ അംഗീകരിക്കുന്നതു്. ധൃഷ്ടദ്യുമ്നനെ നമ്മുടെ സൈന്യത്തിൻെറ അധിപതിയായി അഭിഷേകംചെയ്യാം".

## 59. കൗരവസേനാപതി

സ്വയംവരത്തിൽ ദ്രൗപദിയെക്കൊണ്ടു് അർജ്ജുനനെ പാണിഗ്രഹണംചെയ്യിച്ചവനും പാഞ്ചാലിക്കു് രാജസഭയിൽ നേരിട്ട ആപത്തിനെ ഓർത്തു് അതിനു പകവീട്ടാൻ എപ്പോഴം സന്ദർഭമുണ്ടാകുമെന്നു പതിമൂന്നുവർഷങ്ങളായി കാത്തിരുന്നവനും ദ്രുപദരാജാവിൻെറ പുത്രനും വീരകേസരിയും ആയ ധൃഷ്ടദ്യുമ്നൻ പാണ്ഡവസൈന്യത്തിൻെറ നേതാവായി അഭിഷേകംചെയ്യപ്പെട്ടു. വീരന്മാരുടെ സിംഹനാദങ്ങളും ശംഖധ്വനികളും ദുന്ദുഭിനിനാദങ്ങളും ആകാശത്തെ ഭേദിച്ചു. വലുതായ കോലാഹലത്തോടുകൂടി പാണ്ഡവന്മാർ കുരുക്ഷേത്രത്തിൽ പ്രവേശിച്ചു. കൗരവസൈന്യത്തിനു് ഭീഷ്മർ സേനാധിപതിയായി. ദുര്യോധനൻ കൈകൂപ്പി വണങ്ങിക്കൊണ്ടു് അദ്ദേഹത്തോടു് ഇങ്ങനെ പറഞ്ഞു. "ദേവന്മാരെ കാർത്തികേയൻ നയിച്ചതുപോലെ പിതാമഹനായ അവിടുന്നു് ഞങ്ങളുടെ നായകനായിരുന്നു് വിജയവും കീർത്തിയും സമ്പാദിക്കണം. വൃഷഭശ്രേഷ്ഠൻെറ പുറകെ കന്നുകാലികൾ പോകുന്നതുപോലെ ഞങ്ങൾ പിതാമഹനെ അനുസരിക്കാം."

"അങ്ങനെ തന്നെയാകട്ടെ" എന്നു ഭീഷ്മർ മറുപടി പറഞ്ഞു. "എന്നാൽ എൻെറ ഒരു നിശ്ചയത്തെ നിങ്ങൾ അറിയണം. ധൃതരാഷ്ട്രപുത്രന്മാരായ നിങ്ങൾ എപ്രകാരമോ അപ്രകാരംതന്നെയാണു് എനിക്കു പാണ്ഡുപുത്രന്മാരും. നിങ്ങൾക്കു ഞാൻ നല്കിയിട്ടുള്ള പ്രതിജ്ഞയനുസരിച്ചു് യുദ്ധം നടത്തി എൻ്റെ കടം ഞാൻ വീട്ടാം.

ഓരോ ദിവസവും ഞാൻ യുദ്ധക്കളത്തിൽ പതിനായിരം വീരന്മാരെ എൻെറ ബാണങ്ങൾക്കിരയാക്കാം, എങ്കിലും പാണ്ഡുപുത്രന്മാരെ ഞാൻ കൊല്ലുകയില്ല. ഈ യുദ്ധം എൻെറ അനുമതിയോടുകൂടി ആരംഭിച്ചതല്ല. പാണ്ഡവന്മാരെ ഞാൻ നേരിട്ടുകൊല്ലാതെ എൻെറ കത്തവ്യങ്ങളെല്ലാം ഞാൻ നിറവേററാം. മറെറാരു കായ്യവും പറയാനുണ്ടു്. നിങ്ങൾക്കു് അത്യന്തം പ്രിയനായ സൂതപുത്രൻ എൻെറ ഉപദേശത്തെ എപ്പോഴും എതിക്കുന്നു. അയാളോടു് ആദ്യമായി ചോദിക്കുക. അയാൾ നേതൃത്വം വഹിച്ചു് ആദ്യമായിത്തന്നെ യുദ്ധം നടത്തട്ടെ. എനിക്കു യാതൊരു വിരോധവും ഇല്ല." കർണ്ണൻെറ നടപടികൾ ഭീഷ്മനു് ഇഷ്ടമില്ലായിരുന്നു.

"ഭീഷ്മർ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഞാൻ ഒഴിഞ്ഞുമാറി നിന്നുകൊള്ളാം. അദ്ദേഹത്തിൻെറ പതനത്തിനുശേഷം മാത്രമേ ഞാൻ വരികയുള്ളു. അപ്പോൾ അജ്ജുനനെ എതിത്തു ഞാൻ വീഴ്ത്തും" എന്നു് അഹംഭാവത്താൽ ഉന്മത്തനായ കർണ്ണൻ ശഠിച്ചു പറഞ്ഞു.

ശ്രേഷ്ഠങ്ങളായ പല സദ്ഗുണങ്ങൾ ഉള്ളവക്കും സമാനന്മാരോടു് അസൂയ ഉണ്ടാകുന്നതും പ്രതികാരബുദ്ധി ഉണ്ടാകുന്നതും ഉൽകൃഷ്ടരായവരോടു് അസൂയ തോന്നുന്നതും അക്കാലത്തും സാധാരണമായിരുന്നു.

ദുര്യോധനൻ ഭീഷ്മൻെറ നിശ്ചയങ്ങളെല്ലാം അനുസരിച്ചു. അദ്ദേഹത്തെ സേനാപതിയായി നിയമിച്ചു. പിതാമഹൻ സേനാനായകനായിട്ടു് കൗരവസൈന്യത്തോടുകൂടി സമുദ്രത്തെപ്പോലെ കുരുക്ഷേത്രത്തിൽ പ്രവേശിച്ചു.

# 60. ബലഭദ്രൻ

വിഖ്യാതവീൎയ്യനായ ബലരാമൻ പാണ്ഡവന്മാരുടെ ശിബിരത്തിൽ വന്നു. തഴമ്പുകൾ നിറഞ്ഞ ഭുജങ്ങൾ ഉള്ളവനും നീലാംബരനും സിംഹവിക്രാന്തഗാമിയുമായ ഹലായുധൻ വന്നയുടനെ യുധിഷ്ഠിരനും കൃഷ്ണനും മററുള്ളവരും വളരെ സന്തോഷിച്ച് എഴുന്നേററു വണങ്ങി. വയോവൃദ്ധന്മാരും മഹാനുഭാവന്മാരുമായ ദ്രുപദനേയും വിരാടനേയും വന്ദിച്ചിട്ട് ബലരാമൻ ധൎമ്മപുത്രൻെറ സമീപത്തിൽ ഇരുന്നു.

"ഭരതവംശത്തിൽ ദുരാശയും കോപവും ദ്വേഷവും വളൎന്നുവന്നിരിക്കുന്നു. സമാധാനത്തിനുള്ള സംരംഭങ്ങളെല്ലാം ക്ഷയിച്ചുപോയിരിക്കുന്നു. യുദ്ധം ആസന്നമായിക്കഴിഞ്ഞു എന്നറിഞ്ഞാണ് ഞാൻ കുരുക്ഷേത്രത്തിൽ വന്നിരിക്കുന്നതു്" എന്നു് ബലരാമൻ പറഞ്ഞു.

ദുഃഖാധിക്യത്താൽ വൎത്തമാനം ഒരു നിമിഷത്തേക്കു നിൎത്തിവച്ച് വീണ്ടും ബലരാമൻ ഇങ്ങനെ തുടൎന്നു. "ഹേ ധൎമ്മപുത്ര! ഭയങ്കരമായ വിനാശം ഉണ്ടാകാൻ പോകുന്നു. വെട്ടി നുറുക്കിയ അവയവങ്ങൾ കൊണ്ടും, രക്തപ്പുഴ കൊണ്ടും ഭൂമി മുഴുവനും ഭീഷണമായി തീരുന്നതാണ്. ലോകത്തിലുള്ള രാജാക്കന്മാരും ക്ഷത്രിയജാതി തന്നെയും വിധിപ്രേരിതരായി യമാലയത്തെ അന്വേഷിച്ച് ഭ്രാന്തന്മാരെപ്പോലെ ഇവിടെ കൂടിയിരിക്കുന്നു. നമുക്കു പാണ്ഡവന്മാരെപ്പോലെ തന്നെ ദുൎയ്യോധനനും ബന്ധുവാണ്. ഇരുകൂട്ടരും കാട്ടിക്കൂട്ടുന്ന മൂഢപ്രവൃത്തികളിൽ നമ്മൾ ഒരു ഭാഗത്തും ചേരരുതു് എന്നു് ഞാൻ എത്രയോ

പ്രാവശ്യം പറഞ്ഞിട്ടും എൻെറ വാക്കുകളെ കൃഷ്ണൻ സ്വീകരിച്ചില്ല. ധനഞ്ജയനോട്ട് കൃഷ്ണന്ന സ്നേഹമുള്ളതു കൊണ്ടു് പാണ്ഡവന്മാരായ നിങ്ങളുടെ പക്ഷത്തിൽതന്നെ ചേൎന്ന യുദ്ധം നടത്തുന്നതിന്ന് കൃഷ്ണൻ സമ്മതിച്ചിരിക്കയാണ്. കൃഷ്ണൻ ഒരുപക്ഷത്തിൽ ചേൎന്നിരിക്കുമ്പോൾ മറു പക്ഷത്തിൽ ഞാൻ എങ്ങനെ ഇരിക്കും? വീരന്മാരായ ഭീമനും ദുൎയ്യോധനനും എൻെറ അടുക്കൽനിന്നും ഗദായുദ്ധം അഭ്യസിച്ചു് എൻെറ ശിഷ്യന്മാരായിരിക്കുന്നു. രണ്ടുപേരോടും എനിക്കു് സമാനമായ സ്നേഹമുണ്ടു്. കൗരവന്മാരുടെ നാശം എന്നെക്കൊണ്ടു കാണ്മാൻ സാധിക്കയില്ല. നിങ്ങൾ യുദ്ധം ചെയ്യുക. ഈ വൈഷമ്യം അത്യധികം വൎദ്ധിക്കും. ഞാൻ തീൎത്ഥയാത്രയ്ക്കായി പോകുന്നു. എനിക്കു ലോകമേ പിടിക്കുന്നില്ല."

ഇങ്ങനെ പറഞ്ഞു് ശ്രീകൃഷ്ണൻെറ സഹോദരനായ ബലരാമൻ ദുഃഖം സഹിക്കവയ്യാതെ പരമാൎത്ഥതത്വത്തെ ധ്യാനിച്ചു് തീൎത്ഥയാത്ര ചെയ്തുവെന്നു് വ്യാസൻ പറയുന്നു.

ധൎമ്മസങ്കടം എന്നാൽ പരസ്പരഭിന്നങ്ങളായ കൎത്തവ്യങ്ങളിൽ ഏതാണു ചെയ്യേണ്ടതു് എന്നു നിശ്ചയമില്ലാതെ വിഷമിക്കുന്ന അവസ്ഥയാണ്. ഈ വൈഷമ്യം യോഗ്യന്മാൎക്കു് ഇടയ്ക്കിടയ്ക്കു നേരിടുന്നുമുണ്ടു്. അയോഗ്യന്മാൎക്കു് ഈ വൈഷമ്യം ഇല്ല. അവരുടെ ബന്ധങ്ങളും ആശകളുംതന്നെയാണ് അവരെ നയിക്കുന്നതു്. ആശകൾ പരിത്യജിച്ച മഹാന്മാൎക്കും ധൎമ്മസങ്കടങ്ങൾ വന്നുചേരുന്നു. ഭാരതകഥയിൽ ഭീഷ്മർ, വിദുരൻ, യുധിഷ്ഠിരൻ, കൎണ്ണൻ ഇവൎക്കെല്ലാം വലുതായ ധൎമ്മസങ്കടപരീക്ഷകൾ

നേരിട്ടു. പുരാണത്തിൽ അപ്പോഴപ്പോൾ ഏതെല്ലാം വിധത്തിലുള്ള സങ്കടങ്ങൾ ഇവൎക്കു ഉണ്ടായി എന്നു വൎണ്ണിച്ചിട്ടുണ്ടു്. അവരവരുടെ സ്വാഭാവികഗുണങ്ങൾക്കും ആസക്തിക്കും പരിചയിച്ചിട്ടുള്ള സംസ്കാരത്തിന്നും അനുസരിച്ചു് താദൃശധൎമ്മസങ്കടങ്ങൾ ഒരോരുത്തരും പരിഹരിച്ചിരുന്നതായി പുരാണങ്ങൾ പറയുന്നു. ഇപ്പോൾ വിമൎശിക്കുന്നവർ ഈ വസ്തുത വിസ്മരിച്ചു് പലപ്പോഴും എല്ലാറ്റിനേയും ഒരേ ത്രാസിൽ തൂക്കിനോക്കുന്നു. അതു ശരിയല്ല. രാമായണത്തിൽ ദശരഥൻ, കുംഭകൎണ്ണൻ, മാരീചൻ, ഭരതൻ, ലക്ഷ്മണൻ ഇവൎക്കു ധൎമ്മസങ്കടങ്ങൾ ഉണ്ടായി. അവർ ഓരോ രീതിയിൽ അതിനെ പരിഹരിച്ചിരുന്നതാലോചിച്ചാൽ നമുക്കും സദുപദേശം അവയിൽനിന്നും ലഭിക്കും. ഇപ്രകാരംതന്നെയാണു് ഭാരതത്തിലും. ബലഭദ്രൻ യുദ്ധത്തിൽനിന്നും ഒഴിഞ്ഞ കഥയാണു് ഇപ്പോൾ നമ്മൾ പ്രസ്താവിച്ചതു്. മഹാഭാരതയുദ്ധത്തിൽ ചേരാത്ത ഭാരതത്തിലെ രാജാക്കന്മാർ രണ്ടുപേർ മാത്രമായിരുന്നു. ഒരാൾ ബലരാമൻ, മറെറയാൾ രുഗ്മൻ. ഭോജകടത്തിലെ രാജാവായ രുഗ്മന്റെ കഥ പ്രത്യേകം ഒരദ്ധ്യായത്തിൽ ആരംഭം മുതല്ക്കു പറയേണ്ടതാണു്. രുഗ്മന്റെ അനുജത്തി രുഗ്മിണി ശ്രീകൃഷ്ണപത്നിയാണു്.

# 61. രുഗ്മിണി

വിദർഭദേശാധിപതിയായ ഭീഷ്മകന് അഞ്ചു കുമാരന്മാരും ഒരു പുത്രിയും ഉണ്ടായിരുന്നു. സൗന്ദര്യവും സൽഗുണവുംകൊണ്ടു് അപ്രതിമയായ ആ പുത്രിയുടെ പേരു് രുഗ്മിണി എന്നായിരുന്നു. കൃഷ്ണനെപ്പററി ലോകംഎല്ലാം പുകഴ്ത്തിപ്പറയുന്നതുകേട്ട് രുഗ്മിണി ആ വീരനെ വിവാഹം ചെയ്തു ഗൃഹസ്ഥാശ്രമം നയിക്കണമെന്നു് ആഗ്രഹിച്ചു. ബന്ധുക്കളെല്ലാം ഈ സങ്കല്പത്തെ അനുമോദിച്ചു. എന്നാൽ ഭീഷ്മകന്റെ സീമന്തപുത്രനും യുവരാജാവുമായ രുഗ്മൻ ഇതിനനുകൂലിച്ചില്ല. ആ രാജകുമാരൻ രുഗ്മിണിയെ ദ്വാരകാധിപതിക്കു വിവാഹം കഴിച്ചു കൊടുക്കാൻ പാടില്ലെന്നും ചേദിരാജാവായ ശിശുപാലനു് പാണിഗ്രഹണം ചെയ്തുകൊടുക്കണമെന്നും അച്ഛൻെറ അടുക്കൽ നിർബന്ധിച്ചു പറഞ്ഞു. മഹാരാജാവു് വൃദ്ധനായിരുന്നതുകൊണ്ടു് യുവരാജാവിൻെറ അഭിപ്രായത്തെ ആദരിച്ചു് ശിശുപാലനെക്കൊണ്ടു് രുഗ്മിണിയെ വിവാഹം കഴിപ്പിക്കുവാൻ തീരുമാനിച്ചു.

ശ്രീകൃഷ്ണനെത്തന്നെ മനസാ വരിച്ചിരുന്നവളും ലക്ഷ്മീദേവിയുടെ അവതാരവുമായ രുഗ്മിണി അസുരഗുണസമ്പന്നനായ ശിശുപാലനെ ഭർത്താവായി എങ്ങനെ സ്വീകരിക്കും. അച്ഛനു് തന്നെ രക്ഷിക്കാൻ സാധിക്കുകയില്ല. നിർബന്ധബുദ്ധിയായ രുഗ്മൻെറ ഉദ്ദേശ്യം വിജയകരമാകുമല്ലോ എന്നു ഭയന്നു് ആ രാജകുമാരി വളരെ സങ്കടപ്പെട്ടു.

പിന്നീട് ഒരു ദിവസം രുഗ്മിണി ധൈൎയ്യപ്പെട്ട് തന്റെ സങ്കടനിവാരണത്തിനായി ഒരു മാൎഗ്ഗം എങ്ങനെ യെങ്കിലും കണ്ടുപിടിക്കണമെന്നു നിശ്ചയിച്ച്, അതു സംബന്ധിച്ച് ഒരു ബ്രാഹ്മണനുമായി ആലോചിച്ചു. സ്ത്രീസഹജമായ ലജ്ജയെ പരിത്യജിച്ച് ആ ബ്രാഹ്മ ണനെ ശ്രീകൃഷ്ണന്റെ അടുക്കൽ ദൂതനായി അയയ്ക്കുകയും ചെയ്തു. അവിടെച്ചെന്നു് തന്റെ സങ്കടാവസ്ഥ അറിയിച്ച് എങ്ങനെ എങ്കിലും തന്നെ ഈ ആപത്തിൽനിന്നും രക്ഷിക്കണമെന്നു് ശ്രീകൃഷ്ണനോടു് അഭ്യൎത്ഥിക്കാൻ ആ സ്ത്രീ ബ്രാഹ്മണനോടാവശ്യപ്പെട്ടു.

ആ ബ്രാഹ്മണൻ ദ്വാരകയിൽ ചെന്നു് ശ്രീകൃഷ്ണനെ കണ്ടു് രുഗ്മിണിയുടെ പരിതാപത്തെയും പ്രാൎത്ഥനയേയും അറിയിച്ചു. രുഗ്മിണി കൊടുത്തയച്ചിരുന്ന ലേഖനം ഭഗ വാന്റെ അടുക്കൽ സമൎപ്പിച്ചു.

"അങ്ങയെ ഞാൻ വരിച്ചിരിക്കുന്നു. എന്റെ മനസ്സും അങ്ങയിൽ ലയിച്ചിരിക്കുന്നു. അങ്ങേയ്ക്കു സ്വാധീനമായി ത്തീൎന്നിട്ടുള്ള ആ വസ്തുവിനെ ശിശുപാലൻ വന്നു് അപ ഹരിക്കുന്നതിനു മുൻപുതന്നെ അങ്ങു് ഇവിടെ വന്നു് രക്ഷിക്കണം. നാളെത്തന്നെ ഇവിടെ വന്നുചേരണം. ശിശുപാലന്റെയും ജരാസന്ധന്റെയും സൈന്യങ്ങളെ എതിൎത്തു് ഛിന്നഭിന്നമാക്കി വീരനായ അങ്ങു് എന്നെ സ്വീകരിക്കണം. ശിശുപാലനു് എന്നെ വിവാഹം ചെയ്തു കൊടുക്കാൻ ജ്യേഷ്ഠൻ തീരുമാനിച്ചിരിക്കുന്നു. വിവാഹച്ച ടങ്ങുകൾക്കു മുൻപ്് അവശ്യകരണീയമായ ദേവീവന്ദന ത്തിനു ഭവാനീക്ഷേത്രത്തിലേക്കു ഞാൻ പരിവാരങ്ങളോടു കൂടിപ്പോകും. അപ്പോൾ അങ്ങു വന്നു് എന്നെ രക്ഷി

ക്കണം. അല്ലെങ്കിൽ ഞാൻ പ്രാണത്യാഗം ചെയ്യും. അടുത്ത ജന്മത്തിലെങ്കിലും അങ്ങയെ പ്രാപിക്കാം." ഈ എഴുത്തു വായിച്ച ഉടൻ തന്നെ ശ്രീകൃഷ്ണൻ തേരിൽ കയറി.

* * * *

വിദർഭദേശത്തിലെ രാജധാനിയായ കുണ്ഡിനപുരം വിവാഹോത്സവത്തിനായി അലങ്കരിക്കപ്പെട്ടു. രുഗ്മിണിയുടെ വിവാഹത്തിന് ഭീഷ്മകരാജാവിൻെറ ആജ്ഞാനുസരണം വേണ്ട ഒരുക്കങ്ങൾ ചെയ്തു. ശിശുപാലനും അദ്ദേഹത്തിൻെറ ബന്ധുക്കളും വന്നുചേൻ്നു. അവരെല്ലാം ശ്രീകൃഷ്ണശത്രുക്കളായിരുന്നു.

ശ്രീകൃഷ്ണൻ തനിച്ച് തേരിൽ കയറിപ്പോയ വൎത്തമാനം ബലരാമൻ അറിഞ്ഞു. ഇതു വിദർഭരാജാവിൻെറ പുത്രിയുടെ വിവാഹം സംബന്ധിച്ചായിരിക്കുമെന്നും അനുജനായ കൃഷ്ണൻ അവിടെ ജന്മശത്രുക്കളാൽ വളയപ്പെട്ട് ആപത്തിൽ അകപ്പെട്ടേക്കുമെന്നും ബലരാമൻ വ്യാകുലപ്പെട്ടു. ഉടൻതന്നെ ഒരു വലിയ സൈന്യത്തെ ബദ്ധപ്പെട്ടു ശേഖരിച്ചു. അദ്ദേഹവും കുണ്ഡിനത്തിലേക്കു തന്നെ തിരിച്ചു.

രുഗ്മിണി അന്തഃപുരത്തിൽനിന്നും പുറപ്പെട്ടു. പരിവാരവും സൈന്യവുമെല്ലാം ചേൻ്ന് ഒരു വലിയ ജനസംഘം രാജകുമാരിയെ അനുഗമിച്ചു. ദേവാലയത്തിൽ ചെന്ന് അഭീഷ്ടവരത്തിനായി ദേവീപൂജ ചെയ്തു.

"ഹേ ദേവി! അവിടുത്തെ ഞാൻ വന്ദിക്കുന്നു. ഞാൻ ഇത്രയും നാളായി അവിടുത്തെ സേവിച്ചുകൊണ്ടിരിക്കുന്നു.

ശ്രീകൃഷ്ണൻ തന്നെ എൻെറ ഭർത്താവായിത്തീരണം. ഈ വരം അവിടുന്നു് എനിക്കു നല്കണം." എന്നു് ഉള്ളഴിഞ്ഞു ദേവിയുടെ സന്നിധിയിൽ രുഗ്മിണി സങ്കടപ്പെട്ടു പ്രാൎത്ഥിച്ചു.

* * * *

ദേവാലയത്തിൽനിന്നും രുഗ്മിണി വെളിയിൽ വന്ന ഉടൻതന്നെ ശ്രീകൃഷ്ണൻെറ രഥം കണ്ടു. തൽക്ഷണം അയസ്കാന്തത്താൽ ആകൎഷിക്കപ്പെട്ട ഇരുമ്പുസൂചി പോലെ യാതൊന്നും പറയാതെ നേരെ ചെന്നു് ആ രഥത്തിൽ കയറി. ശത്രുക്കൾ നോക്കിക്കൊണ്ടിരിക്കവെ ശ്രീകൃഷ്ണൻ രുഗ്മിണിയേയുംകൊണ്ടു തേർ ഓടിച്ചു.

യുവരാജാവായ രുഗ്മൻെറ അടുക്കൽ സേവകന്മാർ ഓടിച്ചെന്നു് ഈ വിവരം അറിയിച്ചു.

"ജനാർദ്ദനനെ കൊല്ലാതെ ഞാൻ മടങ്ങുന്നതല്ല" എന്നു ശപഥംചെയ്തു് അയാൾ വലിയ ഒരുസേനയോടുകൂടി ശ്രീകൃഷ്ണനെ ആക്രമിച്ചു. ഇതിനകം ബലരാമനും സൈന്യസമേതനായി അവിടെ വന്നുചേൎന്നു. ഇരുകക്ഷികളും തമ്മിൽ വലുതായ യുദ്ധം നടന്നു. ബലരാമനും കൃഷ്ണനും ചേൎന്നു് ശത്രുക്കളെ ഛിന്നഭിന്നമാക്കി വിജയസമേതം ദ്വാരകയ്ക്കു മടങ്ങി. അവിടെ വച്ചു രുഗ്മിണിയെ ശ്രീകൃഷ്ണൻ ശാസ്ത്രവിധി അനുസരിച്ചു് വിവാഹം കഴിച്ചു.

* * * *

പരാജിതനായ രുഗ്മൻ ലജ്ജിച്ചു് കുണ്ഡിനപുരത്തിലേക്കു തിരിച്ചുപോകാതെ യുദ്ധഭൂമിയിൽതന്നെ തൻെറ സൈന്യത്തോടുകൂടി ഭോജകടം എന്നൊരു പുതിയ

നഗരം നിർമ്മിച്ചു. അവിടെ താമസിച്ച് രാജ്യപരിപാലനം ചെയ്തുവന്നു.

*　　*　　*　　*

കുരുക്ഷേത്രത്തിൽ യുദ്ധം നടക്കാൻ പോകുന്നു എന്നറിഞ്ഞു് രുഗ്മൻ ഒരക്ഷൗഹിണി സൈന്യത്തോടുകൂടി അവിടെ എത്തി. വാസുദേവൻെറ സഖ്യം ഇപ്പോഴം കിട്ടുമെന്നു വിചാരിച്ച് അദ്ദേഹം പാണ്ഡവന്മാരുടെ അടുക്കൽ ചെന്നു് ധനഞ്ജയനോട്ട് ഇപ്രകാരം പറഞ്ഞു. "പാണ്ഡവന്മാരെ, നിങ്ങളുടെ ശത്രുസൈന്യം വളരെ വലുതാണ്. അതുകൊണ്ടു നിങ്ങളെ സഹായിക്കാൻ ഞാൻ വന്നിരിക്കുന്നു. ശത്രുസൈന്യത്തിൽ ഏതുഭാഗത്തെ ആക്രമിക്കണമെന്നു് നിങ്ങൾ ആഗ്രഹിക്കുന്നോ അതിനെ ഞാൻ ആക്രമിച്ചുകൊള്ളാം. ദ്രോണർ, കൃപർ, ഭീഷ്മർ തുടങ്ങിയവരെ എല്ലാം ആക്രമിച്ച് ജയിക്കാൻ ഞാൻ ശക്തനാണ്. നിങ്ങൾക്കു ഞാൻ വിജയം സാധിപ്പിച്ചുതരാം. നിങ്ങൾ എന്താഗ്രഹിക്കുന്നു."

രുഗ്മന്റെ ഇപ്രകാരമുള്ള വാക്കുകൾ കേട്ട് ധനഞ്ജയൻ വാസുദേവനെ നോക്കി ചിരിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു.

"ഭോജകടാധിപതേ, ഞങ്ങൾ ശത്രുക്കളുടെ മഹാസൈന്യത്തെ സാരമാക്കുന്നില്ല; ഭയപ്പെടുന്നുമില്ല. നിങ്ങളുടെ സഹായം ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നിങ്ങൾക്ക് ഇഷ്ടാനുസരണം പ്രവർത്തിക്കാം."

കോപവും ലജ്ജയും കൊണ്ടു് രുഗ്മൻ തന്റെ സൈന്യത്തേയും കൊണ്ടു് ദുര്യോധനന്റെ അടുക്കൽ എത്തി.

"പാണ്ഡവന്മാർ എന്നെ നിരസിച്ചു. നിങ്ങൾക്കു ഞാൻ സഹായം ചെയ്യാം" എന്നു രുഗ്മൻ ദുര്യോധനനോടു പറഞ്ഞു.

"പാണ്ഡവന്മാർ ഉപേക്ഷിച്ചതിൽ പിന്നീടാണല്ലോ നിങ്ങൾ എന്റെ അടുക്കൽ വന്നതു്. അവർ പരിത്യജിച്ച സാധനം സ്വീകരിക്കേണ്ട ആവശ്യം എനിക്കില്ല." എന്നു് ദുര്യോധനനും മറുപടി കൊടുത്തു.

രണ്ടു ഭാഗത്തുനിന്നും അവമാനിതനായ രുഗ്മൻ യുദ്ധത്തിൽ പങ്കെടുക്കാതെ തന്റെ രാജധാനിയിലേക്കു മടങ്ങി.

* * * * *

യുദ്ധത്തിൽ ചേരാതെയിരിക്കുന്നതു് പല പ്രകാരത്തിലും ആകാം. ചിലപ്പോൾ സാത്വികകാരണങ്ങൾകൊണ്ടായിരിക്കാം. രജോഗുണത്താൽ അതായതു് അഹംഭാവം, സ്വാർത്ഥപ്രഭുത്വം എന്നിവകൊണ്ടും ആവാം. ആലസ്യം, ഭയം, മുതലായ താമസികകാരണങ്ങൾകൊണ്ടും ഇങ്ങനെ സംഭവിക്കാം. ബലരാമൻ യുദ്ധത്തിൽ ചേരാതിരുന്നതു് സാത്വികകാരണങ്ങൾ കൊണ്ടായിരുന്നു. രുഗ്മൻ യുദ്ധത്തിൽ ചേരാതിരുന്നതിനു കാരണം രജോഗുണമായിരുന്നു. ധർമ്മത്തെ ആരാഞ്ഞു് സ്വകർത്തവ്യത്തെ അനുഷ്ഠിക്കാത്ത അഹംകാരമത്തനായി പ്രവർത്തിച്ച രുഗ്മൻ അവമാനിതനായി.

# 62. നിസ്സഹകരണം

യുദ്ധം ആരംഭിച്ചതിൻെറ തലേ ദിവസം ഭീഷ്മർ ദുര്യോധനനെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. കൗരവന്മാൎക്കുവേണ്ടി യുദ്ധംചെയ്യാൻ തയാറായിരിക്കുന്ന വീരന്മാരുടെ സാമൎത്ഥ്യവും വൈശിഷ്ട്യങ്ങളും എടുത്തുപറഞ്ഞു ദുര്യോധനനെ ഭീഷ്മർ ഉത്സാഹിപ്പിച്ചു. കർണ്ണനെപ്പറ്റി അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു.

"നിന്റെ പ്രീതി സമ്പാദിച്ചിട്ടുള്ളവനും നിനക്കു പാണ്ഡവന്മാരോട് അസൂയ വൎദ്ധിപ്പിക്കുന്നവനും ആത്മപ്രശംസ ചെയ്യുന്നതിൽ ഇഷ്ടമുള്ളവനും അസീമമായ അഹങ്കാരമുള്ളവനും ആയ കർണ്ണനെ ഞാൻ അത്ര വിലമതിക്കുന്നില്ല. അവനെ ഞാൻ കണക്കാക്കുന്നില്ല. ജനിച്ചപ്പോൾതന്നെ തനിക്കുണ്ടായിരുന്ന കവചകുണ്ഡലങ്ങളെ കൊടുത്തുകളഞ്ഞതിനാൽ യുദ്ധത്തിൽ നമ്മെ സഹായിക്കാൻ അവനു വലുതായ കഴിവുണ്ടാകുന്നതല്ല. പരശുരാമന്റെ ശാപത്താൽ ആപൽക്കാലത്തിൽ അവനു് ഓൎമ്മശക്തിയില്ലാതെയാകും. അർജ്ജുനനുമായി യുദ്ധംചെയ്തു് ഇവൻ മരിക്കും." ഇപ്രകാരം ഭീഷ്മർ ദുര്യോധനനും കർണ്ണനും അത്യന്തം അപ്രിയമായിട്ടുള്ള അഭിപ്രായം പ്രകടിപ്പിച്ചു.

ദ്രോണനും ഭീഷ്മവാക്യത്തെ അനുമോദിച്ചു് ഇങ്ങനെ പറഞ്ഞു. "ഇവൻ ഗൎവ്വിഷ്ഠനാണു്. കാര്യങ്ങൾ സൂക്ഷ്മമായി ഗ്രഹിക്കുകയില്ല. അജാഗ്രതകൊണ്ടു് ഇവനു പരാജയം സംഭവിക്കും."

ഈ കടുത്ത വാക്കുകൾ കേട്ടുകൊണ്ടിരുന്ന കർണ്ണൻ കോപാവിഷ്ടനായി. അദ്ദേഹത്തിന്റെ കണ്ണുകൾ ചുവന്നു. അദ്ദേഹം ഭീഷ്മരോടു് ഇങ്ങനെ പറഞ്ഞു.

“കുരുപിതാമഹാ! ഒരു കുററവും ചെയ്യാത്ത എന്നെ അങ്ങു് എപ്പോഴും അവമാനിച്ചുകൊണ്ടിരിക്കുന്നു. ദ്വേഷവും അസൂയയും വർദ്ധിച്ചു് വാഗ്ബാണങ്ങൾ കൊണ്ടു് എന്നെ കൂടക്കൂടെ പ്രഹരിക്കുന്നു. ദുര്യോധനനുവേണ്ടി ഞാൻ ഇതെല്ലാം സഹിച്ചുവരികയാണു്. യുദ്ധത്തിൽ എന്നേക്കൊണ്ടു് വലിയ സഹായങ്ങൾ ഉണ്ടാകുകയില്ലെന്നു് അങ്ങു പറഞ്ഞതല്ലോ. എന്റെ ദൃഢമായ അഭിപ്രായം അങ്ങു കേൾക്കുക. അങ്ങയുടെ സഹായം തന്നെയാണു് യുദ്ധത്തിൽ ഉണ്ടാകാതെ ഇരിക്കാൻ പോകുന്നതു്. പൊളിപറയേണ്ട. അങ്ങേയ്ക്കു് കൗരവന്മാരോടു സ്നേഹമില്ല. ധൃതരാഷ്ട്രമഹാരാജാവിനു് ഇതു അറിയാൻ പാടില്ല. അങ്ങയുടെ ദ്വേഷംനിമിത്തം ദുര്യോധനനു് എന്നോടുള്ള പ്രീതിയെ നശിപ്പിക്കുന്നതിനു് അങ്ങു ശ്രമിക്കുന്നു. മിത്രഭേദം ചെയ്യുന്നതിനായി എന്റെ യഥാർത്ഥമായ പരാക്രമത്തെ നിസ്സാരമാക്കിപ്പറഞ്ഞു് എന്നെ നിന്ദിച്ചുകൊണ്ടിരിക്കുന്നു. അങ്ങയെപ്പോലെ മററാരും ഈ അക്രമം പ്രവർത്തിക്കുകയില്ല. ക്ഷത്രിയന്മാരുടെ ഇടയിൽ വാർദ്ധക്യം ഒന്നുമാത്രംകൊണ്ടു പൂജ്യതയുണ്ടാകുകയില്ല. ബലംകൊണ്ടു മാത്രമാണു് ബഹുമാനം ഉണ്ടാകുന്നതു്. ദുര്യോധനനും എനിക്കും തമ്മിലുള്ള സ്നേഹം ഇല്ലാതാക്കാൻ ശ്രമിക്കേണ്ട.” ഇപ്രകാരം കർണ്ണൻ ഭീഷ്മരെ നിന്ദിക്കാൻ തുടങ്ങി.

പിന്നീടു് ദുര്യോധനനോടു് കർണ്ണൻ ഇപ്രകാരം പറഞ്ഞു. ഹേ വീര! നല്ലതുപോലെ ആലോചിച്ചു് അങ്ങ

യുടെ നന്മയെ അറിഞ്ഞുകൊണ്ടാലും. ഭീഷ്മരെ അങ്ങവിശ്വസിക്കരുത്. നമ്മളുടെ യുദ്ധവീരന്മാരിൽ ശത്രുത ഉണ്ടാക്കാൻ ഇദ്ദേഹം ശ്രമിക്കുന്നു. എന്നെപ്പററി ഇദ്ദേഹം പറഞ്ഞത് അങ്ങയുടെ കാൎയ്യത്തിന്നു വിഘ്നം ഉണ്ടാക്കും. തേജോവധം ചെയ്ത് എന്റെ ഉത്സാഹത്തെ നശിപ്പിക്കാനാണ് ഇദ്ദേഹം നോക്കുന്നത്. ഇദ്ദേഹത്തിന്റെ ബുദ്ധിശക്തി, പ്രായംകൊണ്ട് ക്ഷീണിച്ചിരിക്കുന്നു. ഇദ്ദേഹം മരണോന്മുഖനായിരിക്കുന്നു. ഇദ്ദേഹത്തിന്നു വലുതായ അഹംഭാവമുണ്ട്. ലോകത്തിൽ മററാരേയും ഇദ്ദേഹം വിലമതിക്കുന്നില്ല. വയോവൃദ്ധന്മാരുടെ അഭിപ്രായം നിശ്ചയമായും ശ്രദ്ധാൎഹംതന്നെ. എന്നാൽ ശാസ്ത്രമനുസരിച്ച് വാൎദ്ധക്യത്തിന് ഒരു സീമയുണ്ട്. വീണ്ടും ബാല്യാവസ്ഥ പ്രാപിച്ചിരിക്കുന്നതുപോലെയുള്ള വാൎദ്ധക്യം ഒന്നിനും പ്രയോജനപ്പെടുന്നതല്ല. ഇദ്ദേഹത്തെ അങ്ങ് സേനാപതിയാക്കി. അന്യർ ചെയ്യുന്ന വീരകൃത്യങ്ങളെക്കൊണ്ട് ഇദ്ദേഹം കീൎത്തി സമ്പാദിക്കും. ഇദ്ദേഹം നേതാവായി നടക്കുന്ന യുദ്ധത്തിൽ ഞാൻ ആയുധം എടുക്കുന്നതല്ല. ഭീഷ്മർ മരിച്ചതിന്റെ ശേഷമേ ഞാൻ യുദ്ധം ചെയ്യുകയുള്ളൂ."

* * * *

അഹംകാരിയായ മനുഷ്യന് തന്നിക്കുള്ള അഹംഭാവം മനസ്സിലാകുന്നതല്ല. തന്റെ അഹംഭാവത്തെ ചൂണ്ടിക്കാണിക്കുന്നവനെ അഹങ്കാരിയായി മനുഷ്യർ കരുതും. തന്റെ കുററം എടുത്തു കാണിക്കുന്നതുതന്നെ വലിയ കുററമായി അവന്നു തോന്നും. ഭീഷ്മകൎണ്ണസംവാദം ഇതിന്ന് ഒരു ഉത്തമദൃഷ്ടാന്തമാകുന്നു.

* * *

ഭീഷ്മർ:—സൂതപുത്ര! ആപത്തു് അത്യാസന്നമായ കാലമായതുകൊണ്ടു് നിൻെറ അനുചിതമായ വാക്കുകളേയും ഞാൻ ക്ഷമിക്കുന്നു. അതുകൊണ്ടാണു് നീ ജീവിച്ചിരിക്കുന്നതു്. ദ്വേഷബുദ്ധിയുള്ള നീ കൗരവന്മാരോടു ചേൎന്നതുകൊണ്ടാണു് ഈ വലിയ കഷ്ടം അവൎക്കു നേരിട്ടതു്. ഇങ്ങനെ പറഞ്ഞു് ഭീഷ്മർ തന്റെ കോപം അടക്കി.

ദുൎയ്യോധനൻ:—ഗാംഗേയാ! നിങ്ങൾ രണ്ടുപേരുടേയും സഹായം എനിക്കാവശ്യമായിരിക്കുന്നു. നിങ്ങൾ രണ്ടുപേരും മഹാ പരാക്രമങ്ങൾ ചെയ്യും. രാവിലെ യുദ്ധമാരംഭിക്കുന്നു. ഈ സന്ദൎഭത്തിൽ കലഹമരുതു്.

ഭീഷ്മർ സേനാപതിയായി ഇരിക്കുന്ന കാലമത്രയും താൻ ആയുധമെടുക്കുകയില്ലെന്നു കർണ്ണൻ ശഠിച്ചു. ദുൎയ്യോധനനും അതിനു സമ്മതിച്ചതുകൊണ്ടു് അപ്രകാരം തന്നെ കർണ്ണൻെറ ശപഥം നിറവേറി. ഈ കാരണത്താൽ ഭാരതയുദ്ധത്തിലെ ആദ്യത്തെ പത്തു ദിവസങ്ങളിൽ നടന്ന സമരങ്ങളിൽ കർണ്ണൻ പങ്കുകൊണ്ടില്ല. തൻെറ സൈന്യത്തെ മാത്രമാണു് അദ്ദേഹം യുദ്ധത്തിനയച്ചതു്. പത്തുദിവസം കഴിഞ്ഞു് ഭീഷ്മർ ദേഹമെല്ലാം അമ്പുകൾ തറച്ചു് യുദ്ധക്കളത്തിൽ വീണതിനുശേഷം അദ്ദേഹത്തിൻെറ അടുക്കൽ കർണ്ണൻ ചെന്നു് അപരാധങ്ങളെ ക്ഷമിക്കുന്നതിനായി പ്രാൎത്ഥിച്ചു് അദ്ദേഹത്തിൻെറ അനുഗ്രഹം വാങ്ങി. പിന്നീടു് കർണ്ണനെ പ്രോത്സാഹിപ്പിച്ചു് ദ്രോണരെ സേനാപതിയായി അഭിഷേകം ചെയ്യിച്ചു. അപ്പോൾ കർണ്ണൻ യുദ്ധത്തിൽ പങ്കുകൊണ്ടു. ദ്രോണരുടെ മരണാനന്തരം കർണ്ണൻ സേനാപതിയായി യുദ്ധം നടത്തി.

# 63. ഗീതാസന്ദർഭം

യുദ്ധം ആരംഭിക്കുന്നതിനു മുമ്പ് ഇരുഭാഗങ്ങളിലെ വീരന്മാരും ഒന്നിച്ചുകൂടി അക്കാലത്തെ രീതി അനുസരിച്ചുള്ള പ്രതിജ്ഞകൾ ചെയ്തു. യുദ്ധരീതികൾ ഓരോ കാലത്തിലും മാറിക്കൊണ്ടിരിക്കുന്നു. അക്കാലത്തെ സമരസമ്പ്രദായങ്ങൾ മനസ്സിൽ വച്ചുകൊണ്ട് ആലോചിച്ചാൽ മാത്രമേ ഭാരതയുദ്ധം ശരിയായി ധരിക്കാൻ സാധിക്കയുള്ളൂ. അങ്ങനെ ചെയ്തില്ലെങ്കിൽ ചില സംഭവങ്ങൾ അസംഭാവ്യങ്ങളായി തോന്നും.

ഭാരതയുദ്ധരീതികളെ സംക്ഷേപിച്ചു പറയാം; ഓരോദിവസവും യുദ്ധം കഴിഞ്ഞാൽ ഇരുകക്ഷികളും സൗഹാർദ്ദമായി പെരുമാറണം. യുദ്ധത്തിൽ സമന്മാരോടു മാത്രമേ യുദ്ധം ചെയ്യാവൂ. അധർമ്മമായി ആരോടും യുദ്ധം ചെയ്യരുത്. സൈന്യത്തിൽ നിന്നും ഒഴിഞ്ഞു പോകുന്നവരെ ഒരിക്കലും കൊല്ലരുത്. രഥത്തിൽ കയറിയവൻ രഥസ്ഥനേയും ഹസ്തിവീരൻ ഹസ്തിവീരനേയും അശ്വാരൂഢൻ അശ്വാരൂഢനേയും മാത്രമേ എതിർക്കാവൂ. എതിരാളിയെ വിശ്വസിച്ചു യുദ്ധം നിർത്തിയവനോടും, ഭയന്നു കീഴടങ്ങുന്നവനോടും ആയുധം പ്രയോഗിക്കരുത്. മറെറാരുവനുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഒരാളെ യുദ്ധത്തിൽ ചേരാത്ത വേറൊരാൾ ആക്രമിച്ചു കൊല്ലരുത്. ആയുധഹീനനേയോ, ജാഗ്രതയില്ലാത്തവനേയോ പുറം തിരിഞ്ഞ് ഓടുന്നവനേയോ കവചം കളഞ്ഞവനേയോ വധിക്കരുത്. ആയുധവാഹികൾ, പെരുമ്പറ അടിക്കുന്നവർ, ശംഖുവിളിക്കുന്നവർ മുതലായവരെ ആരെയും ആയു

ധംകൊണ്ടു് പ്രഹരിക്കരുതു്. ഇങ്ങനെയുള്ള യുദ്ധമുറക ളെല്ലാം അനുഷ്ഠിക്കാമെന്നു് കൗരവന്മാരും പാണ്ഡവ ന്മാരും പ്രതിജ്ഞചെയ്തു.

കാലക്രമേണ ന്യായാന്യായസീമകൾ ഭഗ്നമാകുമല്ലോ. ഇക്കാലത്തു് യുദ്ധത്തിൽ യുദ്ധസാമഗ്രികൾ, കുതിരകൾ മുതലായ ജന്തുക്കൾ, ചികിത്സാസാധനങ്ങൾ ഇവ യെല്ലാം നശിപ്പിക്കാം. ഇപ്പോൾ യുദ്ധത്തിൽ യാതൊരു സീമയും ഇല്ല. മുൻകാലത്തു് ഇങ്ങനെ അല്ലായിരുന്നു.

അക്കാലത്തു സ്വീകരിച്ചുവന്ന നിയമങ്ങൾ പോലും അന്നും ചിലപ്പോൾ ചില കാരണങ്ങൾകൊണ്ടു് ഭംഗം ചെയ്തിരുന്നുവെന്നു് ഭാരതത്തിൽനിന്നും നിശ്ചിത മായി മനസ്സിലാകുന്നു. വിശേഷസന്ദർഭങ്ങളും കാരണ ങ്ങളും വരുമ്പോൾ നിയമങ്ങൾ അവഗണിക്കപ്പെട്ടു് ക്രമേണ രീതിയെല്ലാം മാറി പുതിയ രീതി പ്രചാരത്തിൽ വരും. ഭാരതയുദ്ധത്തിൽ അതിരുകടന്ന പ്രവൃത്തികളും ചില സമയങ്ങളിൽ ചെയ്യപ്പെട്ടതായി കാണുന്നു. എങ്കിലും പൊതുവായി പറയുന്നതായാൽ മുൻപറഞ്ഞ നിയമങ്ങൾ സ്വീകരിക്കപ്പെട്ടു് അതനുസരിച്ചുതന്നെ യാണു് എല്ലാവരും പ്രവർത്തിച്ചതു്. നിയമങ്ങൾ ലംഘി ക്കപ്പെട്ടപ്പോൾ അതിനെ സകലരും നിന്ദിച്ചിരുന്നു. ലംഘിച്ചവർ ലജ്ജിച്ചുമിരുന്നു.

*  *  *  *

"വീരന്മാരെ! നിങ്ങളുടെ മുൻപിൽ സ്വർഗ്ഗം തുറന്നി രിക്കുന്നു. ഇന്ദ്രനോടും ബ്രഹ്മാവിനോടും ചേർന്നു വസിക്കാ നുള്ള ഭാഗ്യം നിങ്ങൾക്കു സിദ്ധിച്ചിരിക്കുന്നു. നിങ്ങളുടെ മാതാപിതാക്കന്മാർ മുതലായ പൂർവ്വികന്മാർ പോയിട്ടുള്ള

ഗ്ഗത്തിൽ നിങ്ങളും ചെന്നെത്തും. വിജയം അഥവാ സ്വൎഗ്ഗം നിങ്ങളുടെ മുൻപിൽ നില്ക്കുന്നു. ഇതുതന്നെയാണു് നിങ്ങളുടെ സനാതനധൎമ്മം. വ്യാകുലതകൂടാതെ സന്തോഷപൂൎവ്വം യുദ്ധത്തിൽ ചേൎന്നു കീൎത്തിയും മഹിമയും പ്രാപിക്കുക. ഗൃഹത്തിൽ കിടന്നു് രോഗബാധിതനായി മരിക്കുന്നതു ക്ഷത്രിയനു യോഗ്യമല്ല. ആയുധത്തിന്നു് ഇരയാകുന്നതാണു് ക്ഷത്രിയന്റെ ധൎമ്മം."

ഇങ്ങനെ സേനാപതിയായ ഭീഷ്മർ പ്രചോദിപ്പിച്ചപ്പോൾ രാജാക്കന്മാർ പെരുമ്പറ മുഴക്കിക്കൊണ്ടു് കൗരവന്മാൎക്കു വിജയവും കീൎത്തിയും സമ്പാദിച്ചുകൊടുക്കാമെന്നു് ഉദ്ദേശിച്ചു് യുദ്ധം ആരംഭിച്ചു.

ഭീഷ്മരുടെ കൊടിയിൽ പനയും അഞ്ചു നക്ഷത്രങ്ങളും പ്രകാശിച്ചിരുന്നു. സിംഹപുച്ഛം ചിത്രീകരിച്ചിരുന്ന അശ്വത്ഥാമാവിന്റെ കൊടി കാററിൽ ആടിക്കൊണ്ടിരുന്നു. ദ്രോണരുടെ സ്വൎണ്ണധ്വജത്തിൽ കമണ്ഡലുവും വില്ലും പ്രകാശിച്ചു. കൃപന്റെ കൊടിയിൽ കാളയും, ജയദ്രഥന്റേതിൽ പന്നിയും ആണു്. ദുൎയ്യോധനന്റെ വിഖ്യാതമായ കൊടിയിൽ സൎപ്പവും ചിത്രീകരിക്കപ്പെട്ടിരുന്നു. ഇതുപോലെതന്നെ മററു വീരന്മാരുടെ രഥങ്ങളിലും പലപ്രകാരത്തിലുള്ള കൊടികൾ നൎത്തനം ചെയ്തുകൊണ്ടിരുന്നു.

* * * *

വ്യൂഹബന്ധമായ കൗരവസൈന്യത്തെ കണ്ടു് യുധിഷ്ഠിരൻ അൎജ്ജുനനോടു് ഇങ്ങനെ ആജ്ഞാപിച്ചു:— "ശത്രുസൈന്യം വളരെ വലുതായിരിക്കുന്നു. കുറവായിരിക്കുന്ന നമ്മളുടെ സൈന്യത്തെ എല്ലായിടത്തും നിര

ത്താതെ ഒതുക്കി നിൎത്തി യുദ്ധംചെയ്യണം. നിരത്തി നിൎത്തിയാൽ നമ്മുടെ സൈന്യത്തിനു ബലഹാനി ഉണ്ടാകും. സൂചീമുഖമെന്ന വ്യൂഹത്തിൽ നമ്മുടെ സൈന്യത്തെ സജ്ജീകരിക്കണം.

ഇപ്രകാരം ഇരുപക്ഷത്തിലുള്ള സൈന്യവും അണിനിരന്നപ്പോൾ അൎജ്ജുനനുണ്ടായ മനോവിഭ്രമവും അതിനെ നീക്കാൻ ശ്രീകൃഷ്ണഭഗവാൻ ഉപദേശിച്ച കൎമ്മയോഗവും ലോകപ്രസിദ്ധമാണു്. അപ്പോൾ ശ്രീകൃഷ്ണൻ അരുളിയ ഭഗവദ്ഗീതഎന്ന ഉപദേശാമൃതം ലോകത്തിൽ ഏതുതൊഴിലിൽ ഏൎപ്പെട്ടു് ഏതുനിലയിൽ ഇരിക്കുന്നവനും ഏതുഗുണവിശേഷത്തോടുകൂടി ജനിച്ചവനും ഉന്നതി പ്രാപിക്കാനുള്ള മാൎഗ്ഗം കാണിച്ചുകൊണ്ടു് സകലൎക്കും പ്രയോജനകരമായി ഇരിക്കുന്ന ഒരു ശാസ്ത്രമായി മഹാന്മാർ കരുതുന്നു.

---

## 64. ആശീർവാദലാഭം

യുദ്ധം ആരംഭിച്ചുവെന്നു് എല്ലാവരും വിചാരിച്ചിരുന്ന സമയത്തു് വീരനും ധീരനും ആയ യുധിഷ്ഠിരൻ പെട്ടെന്നു് കവചം അഴിച്ചു് ആയുധങ്ങളെല്ലാം തേരിൽ വച്ചിട്ടു് താഴെ ഇറങ്ങി കാൽനടയായി കൌരവസേനാധിപതി ഇരിക്കുന്ന സ്ഥലത്തേക്കു ചെന്നു. അങ്ങനെ യാതൊന്നും പറയാതെ യുധിഷ്ഠിരൻ പോകുന്നതുകണ്ടു് എല്ലാവരും വിസ്മയിച്ചു സ്തംഭിച്ചുപോയി.

ധനഞ്ജയൻ ഉടൻതന്നെ തേരിൽനിന്നും ചാടി ഇറങ്ങി യുധിഷ്ഠിരനെ പിൻതുടൎന്നു് വേഗം നടന്നു. അദ്ദേഹത്തിന്റെ കൂടെ മററു സഹോദരന്മാരും ശ്രീകൃഷ്ണനും പോയി. യുധിഷ്ഠിരൻ ഒരു പക്ഷേ തന്റെ ആജന്മസിദ്ധമായ സ്വഭാവമനുസരിച്ചു് കരുണാർദ്രനായി പെട്ടെന്നു യുദ്ധം മതിയാക്കാൻ തീരുമാനിച്ചതായിരിക്കുമെന്നു് അവരെല്ലാം സംശയിച്ചിട്ടു് വ്യാകുലപ്പെട്ടു.

"രാജൻ, ഞങ്ങളെ ഇങ്ങനെ കൈവിട്ടു് യാതൊന്നും സംസാരിക്കാതെ നിരായുധനായി ശത്രുക്കളെ നോക്കി അങ്ങു് പോകുന്നതു് എന്തിനായിട്ടാണു്. എതിരാളികൾ കവചം ധരിച്ചു് ആയുധങ്ങൾ എടുത്തിരിക്കവേ കവചവും ആയുധങ്ങളും ഇല്ലാതെ അങ്ങു് യുദ്ധാരംഭത്തിൽ തനിച്ചു് എവിടെപ്പോകുന്നു." എന്നു് അൎജ്ജുനൻ ചോദിച്ചു.

ഗംഭീരധ്യാനത്തിൽ ആമഗ്നനായിരുന്ന യുധിഷ്ഠിരൻ മറുപടി പറയാതെ നടന്നു. അപ്പോൾ വാസുദേവൻ "ഇദ്ദേഹത്തിന്റെ മനോഭാവം എനിക്കു് മനസ്സിലായിരിക്കുന്നു. യുദ്ധം ആരംഭിക്കുന്നതിനു മുൻപു് മഹാന്മാരുടെ അനുവാദം വാങ്ങാനായി ഇദ്ദേഹം പോകയാണു്. മഹാന്മാരുടെ അനുമതി കൂടാതെ യുദ്ധം ചെയ്യുന്നതായാൽ അതു നിന്ദനീയമായിരിക്കും. ഭീഷ്മദ്രോണാദികളുടെ അനുവാദം വാങ്ങാൻ ധൎമ്മപുത്രൻ നിരായുധപാണിയായി പോകയാണു്. അതു ധൎമ്മത്തിനു യോജിച്ചതും വിജയം നല്കുന്നതും ശ്രേഷ്ഠവുമായ രീതിയുമാണു്."

*　　*　　*　　*

ദുര്യോധനന്റെ സൈന്യത്തിലുള്ളവർ യുധിഷ്ഠിരൻ കൂപ്പുകയ്യുമായി ഭീഷ്മരുടെ സമീപത്തേക്കു വരുന്നതു കണ്ടു് പരസ്പരം ഇപ്രകാരം പറഞ്ഞു സന്തോഷിച്ചു. "നോക്കുക നമ്മുടെ സൈന്യത്തെക്കണ്ടു ഭയന്നു് സന്ധി പറയാനായി യുധിഷ്ഠിരൻ വണക്കത്തോടെ വരുകയാണു്. ഈ ഭീരു ക്ഷത്രിയകുലത്തിനു് അപമാനം വരുത്താനായി ജനിച്ചവനാണു്." ഇങ്ങനെ അവർ ധർമ്മപുത്രനെ നിന്ദിച്ചു.

ശത്രുസൈന്യത്തിൽ ആയുധപാണികളായി നിന്ന വീരന്മാരുടെ ഇടയിൽ കടന്നു് കുഴങ്ങാതെ യുധിഷ്ഠിരൻ നേരെ ഭീഷ്മരുടെ അടുക്കൽ ചെന്നു് അദ്ദേഹത്തിന്റെ പാദപത്മങ്ങളെ തന്റെ കൈകളാൽ പിടിച്ചുകൊണ്ടു് നമസ്കരിച്ചിട്ടു് ഇങ്ങനെ പറഞ്ഞു:—

"അജയ്യനായ വീര! അങ്ങുമായി യുദ്ധം ചെയ്വാൻ തുനിഞ്ഞ ഞങ്ങൾക്കു് യുദ്ധം നടത്താൻ അനുവാദം നൽകണം. ഞങ്ങളെ ആശീർവദിക്കാൻ പ്രാർത്ഥിച്ചുകൊള്ളുന്നു."

പിതാമഹനായ ഭീഷ്മർ ഇപ്രകാരം അരുളിച്ചെയ്തു. "വത്സാ! ഭരതകുലത്തിൽ ജനിച്ച നീ ധർമ്മാനുസരണം പ്രവർത്തിച്ചിരിക്കുന്നു. അതുകൊണ്ടു് ഞാൻ ആനന്ദപരവശനായിത്തീർന്നിരിക്കുന്നു. യുദ്ധം ചെയ്യു. നിനക്കു വിജയം സിദ്ധിക്കും. ഞാൻ സ്വതന്ത്രനല്ല. പരാധീനനാണു്. കൗരവപക്ഷത്തിൽ യുദ്ധം ചെയ്യുന്നതിനു് ഞാൻ കടപ്പെട്ടവനായിരിക്കുന്നു. എങ്കിലും നിനക്കു പരാജയം ഉണ്ടാകുകയില്ല."

ഇങ്ങനെ അനുവാദവും ആശീർവ്വാദവും ലഭിച്ച് യുധിഷ്ഠിരൻ ആചാര്യനായ ദ്രോണരുടെ സമീപത്തിൽ ചെന്ന് അദ്ദേഹത്തെ പ്രദക്ഷിണം ചെയ്തു നമസ്കരിച്ചു. ദ്രോണരും ധർമ്മപുത്രനെ അനുഗ്രഹിച്ചു.

"ധനം ആരുടെയും ദാസനല്ല. മനുഷ്യർ ധനത്തിന് അധീനരാണ്. ഞാൻ കൗരവന്മാരോട് കടപ്പെട്ട ബദ്ധനായിരിക്കുന്നു. അവരുടെ പക്ഷത്തിൽ ചേർന്ന ഞാൻ യുദ്ധം ചെയ്യും. എങ്കിലും നിനക്കു വിജയം നിശ്ചയമായും സിദ്ധിക്കും." എന്ന് ദ്രോണൻ ആശീർവദിച്ചു. അതുപോലെതന്നെ കൃപൻെറയും അമ്മാവനായ ശല്യൻെറയും അടുക്കൽ ചെന്ന് അനുഗ്രഹം വാങ്ങി ധർമ്മപുത്രൻ മടങ്ങി.

* * * *

യുദ്ധം ആരംഭിച്ചു. ആദ്യമായി വീരന്മാർ തമ്മിൽ ദ്വന്ദ്വയുദ്ധങ്ങൾ നടന്നു; അതായത് സമമായ ആയുധങ്ങളോടുകൂടി ഓരോരുത്തർ പരസ്പരം എതിർത്തു യുദ്ധം ചെയ്തു. പാർത്ഥൻ ഭീഷ്മരെയും സാത്യകി കൃതവർമ്മാവിനേയും അഭിമന്യു ബൃഹദ്ബലനേയും ഭീമൻ ദുര്യോധനനേയും യുധിഷ്ഠിരൻ ശല്യനേയും എതിർത്തു. ധൃഷ്ടദ്യുമ്നൻ ദ്രോണനെ എതിർത്തപ്പോൾ രണ്ടുപേരും തമ്മിൽ ഭീഷണമായ സമരം നടന്നു. ഇതുപോലെതന്നെ അനേകം വീരന്മാരും യുദ്ധധർമ്മം അനുസരിച്ചു സമരത്തിൽ പങ്കുകൊണ്ടു.

ഇപ്രകാരം സമാനബലശാലികളായ വീരന്മാർ തമ്മിൽ പരസ്പരം നടന്നുകൊണ്ടിരുന്ന അസംഖ്യം ദ്വന്ദ്വ

യുദ്ധങ്ങൾക്കു പുറമെ സങ്കുലയുദ്ധവും തുടൎന്നുകൊണ്ടിരുന്നു. ഒരാൾ മറ്റൊരാളുമായി—എന്നു് കണക്കില്ലാതെ എല്ലാവരും ഒന്നുചേൎന്നു യുദ്ധം നടത്തുന്നതിനു "സങ്കുലയുദ്ധം" എന്നു പേർ പറയുന്നു. അത്യന്തം ഘോരമായ ആ സങ്കുലയുദ്ധങ്ങളിൽ ഇരുകക്ഷികളിലും അസംഖ്യം ജനങ്ങൾ ഭ്രാന്തുപിടിച്ചവരെപ്പോലെ പങ്കുകൊണ്ടിരുന്നു. രക്തവും മാംസവും മണ്ണും എല്ലാംകൂടി കലൎന്നു ഭീഷണമായ സമരാങ്കണത്തിൽ ഭടന്മാരും സാരഥികളും ആനകളും കുതിരകളും മരിച്ചുവീണിരുന്നതിനാൽ അതിൽക്കൂടി രഥങ്ങൾ നയിക്കാൻപോലും പ്രയാസമായിരുന്നു. ആധുനികയുദ്ധങ്ങളിൽ ദ്വന്ദ്വയുദ്ധം നിലച്ചുപോയിരിക്കുന്നു. എല്ലാം സങ്കുലമായിത്തന്നെയാണു് ഇക്കാലത്തു നടക്കുന്നതു്.

* * * *

ഭീഷ്മരുടെ നേതൃത്വത്തിൽ കൗരവവീരന്മാർ പത്തു ദിവസം യുദ്ധം നടത്തി. ഭീഷ്മർ നിലംപതിച്ചതിൽ പിന്നീടു് ദ്രോണർ സേനാപതിയായി. ദ്രോണരുടെ മരണാനന്തരം കൎണ്ണൻ കൗരവസൈന്യത്തിന്റെ നായകനായി. പതിനേഴാംദിവസത്തെ യുദ്ധത്തിൽ കൎണ്ണനും മരിച്ചു. അനന്തരം ശല്യൻ നേതാവായി കൗരവസൈന്യത്തെ നയിച്ചു.

ഭാരതയുദ്ധം പതിനെട്ടു ദിവസം നീണ്ടുനിന്നു. യുദ്ധത്തിന്റെ അപരാൎദ്ധത്തിൽ അനേകം ഘോരങ്ങളായ അധൎമ്മരീതികൾ അവലംബിക്കപ്പെട്ടു. ധൎമ്മം ഒരു ദിവസംകൊണ്ടു് പെട്ടെന്നു നശിക്കുന്നില്ല. അപ്പോഴപ്പോൾ നേരിടുന്ന സങ്കടാവസ്ഥകൾ ധൎമ്മത്തിന്റെ

സ്ഥൈര്യത്തെ പരീക്ഷിക്കുന്നു. മഹാന്മാരും പ്രമാദങ്ങൾ ആചരിക്കുന്നു. പിന്നീട് അതനുസരിച്ച് മററുള്ളവരും അധർമ്മങ്ങൾ പ്രവർത്തിക്കുന്നു. ഇങ്ങനെ ധർമ്മം നശിച്ച് അധർമ്മം വ്യാപിക്കുന്ന കാലം ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

---

## 65. യുദ്ധം

### [ഒന്നാം ദിവസം]

കൗരവപക്ഷത്തിൽ ദുശ്ശാസനൻെറ സൈന്യം മുന്നണിയിൽ നിന്നു. അതുപോലെ പാണ്ഡവന്മാരുടെ പക്ഷത്തിൽ ഭീമസേനനും മുൻപിൽ ചെന്നു നിന്നു. സിംഹനാദങ്ങളും ശംഖധ്വനികളും ശൃംഗവാദ്യങ്ങളും ഭേരീനിനാദങ്ങളും മുഴങ്ങി. കുതിരകളുടെ ഘോഷാരവങ്ങളും ആനകളുടെ ഗർജ്ജനങ്ങളും ചേർന്ന് അംബരാന്തം പ്രതിധ്വനിച്ചു. അമ്പുകൾ വേഗത്തിൽ പാഞ്ഞുപോകുമ്പോൾ കൊള്ളിനക്ഷത്രങ്ങളെപ്പോലെ പ്രകാശിച്ചിരുന്നു. അച്ഛൻ മകനേയും മകൻ അച്ഛനേയും കൊന്നു. അനന്തരവൻ അമ്മാവനേയും അമ്മാവൻ അനന്തരവനേയും വധിച്ചു.

ആദ്യദിവസത്തെ പൂർവ്വാദ്ധത്തിൽ പാണ്ഡവസൈന്യം ഭീഷ്മൻെറ ആക്രമത്താൽ നടുങ്ങി. അദ്ദേഹത്തിൻെറ രഥം ചെന്ന വഴിയെല്ലാം കാലൻെറ താണ്ഡവരംഗം ആയിത്തീർന്നു. അർജ്ജുനപുത്രനായ അഭിമന്യു ഇതുകണ്ടു് സഹിക്കവയ്യാതെ പിതാമഹനെ എതിർത്തു. ഇരുപക്ഷങ്ങളിലെയും യുദ്ധവീരന്മാരിൽ പ്രായംകൊണ്ടു്

ബാലനായ അഭിമന്യു എല്ലാവരെക്കാളും വൃദ്ധനായ പിതാമഹനെ എതിൎത്തു തടുത്തതു് ദേവന്മാർപോലും നോക്കിക്കൊണ്ടിരുന്നു. അഭിമന്യുവിന്റെ തേരിലെ കൊടിയിൽ കർണ്ണികാരമരം സ്വർണ്ണംകൊണ്ടു് ചിത്രീകരിച്ചു് വിളങ്ങിയിരുന്നു. കൃതവൎമ്മാവിനെ ഒരു ബാണംകൊണ്ടും ശല്യനെ അഞ്ചു ബാണങ്ങൾകൊണ്ടും ഭീഷ്മരെ ഒൻപതു ബാണങ്ങൾകൊണ്ടും അഭിമന്യു എതിൎത്തു. ഒരമ്പുകൊണ്ടു് ദുൎമ്മുഖൻെറ സാരഥിയുടെ തല മുറിഞ്ഞു താഴെ വീണു. മറെറാരുബാണം കൃപൻെറ വില്ലിനെ മുറിച്ചു. അഭിമന്യുവിൻെറ യുദ്ധവൈദഗ്ദ്ധ്യം കണ്ടു് ദേവന്മാർ പുഷ്പവൎഷം ചെയ്തു. ഭീഷ്മരും അദ്ദേഹത്തിൻെറ അടുത്തുള്ള വീരന്മാരും അഭിമന്യു ധനഞ്ജയനു യോഗ്യനായ പുത്രനാണെന്നു പ്രശംസിച്ചു.

പിന്നീടു് പല കൗരവവീരന്മാരും അദ്ദേഹത്തെ വളഞ്ഞു് എതിൎത്തു. അഭിമന്യു ഇളകിയില്ല. ഭീഷ്മൻെറ വില്ലിൽനിന്നും പാഞ്ഞ അമ്പുകളെയെല്ലാം അഭിമന്യു തൻെറ അമ്പുകൾകൊണ്ടു ഛേദിച്ചു. ലക്ഷ്യം തെറ്റാതെ അദ്ദേഹം അയച്ച ബാണങ്ങളിൽ ഒന്നു് ഭീഷ്മൻെറ സാലവൃക്ഷാങ്കിതമായ കൊടിയെ മുറിച്ചു് ഭൂമിയിൽ വീഴ്ത്തി. ഭീഷ്മന്റെ കൊടി മുറിഞ്ഞുവീണതുകണ്ടു് ഭീമൻ അത്യന്തം ഉത്സാഹിതനായിട്ടു് ഉച്ചത്തിൽ സിംഹനാദം ചെയ്തു. വല്യപ്പൻെറ സിംഹനാദം കേട്ടു് അഭിമന്യുവിനു് വലുതായ ഉത്സാഹം ഉണ്ടായി.

ബാലൻെറ അത്ഭുതമായ യുദ്ധസാമൎത്ഥ്യം കണ്ടു് ഭീഷ്മർ സന്തോഷിച്ചു. എന്നാൽ തൻെറ സൎവ്വശക്തിയും

അഭിമന്ന്യുവിന്റെ മേൽ പ്രയോഗിക്കണമല്ലോ എന്നു വിചാരിച്ചു് ഭീഷ്മർ സങ്കടപ്പെടുകയും ചെയ്തു. അഭിമന്ന്യുവിന്റെ നേൎക്കു പിതാമഹന്റെ വില്ലു് ശരമാരി പൊഴിച്ചു. വിരാടനും അദ്ദേഹത്തിന്റെ മകനായ ഉത്തരനും ദ്രുപദകുമാരനായ ധൃഷ്ടദ്യുമ്നനും ഭീമനും എല്ലാവരും ഒന്നുചേൎന്നു് അഭിമന്ന്യുവിനെ രക്ഷിക്കാൻ ഓടിവന്നു് പിതാമഹനെ എതിൎത്തു. ഭീഷ്മർ അഭിമന്ന്യുവിനെ വിട്ടിട്ടു് അവരെ ആക്രമിച്ചു.

* * * *

വിരാടന്റെ പുത്രനായ ഉത്തരൻ അപ്പോൾ ആനപ്പുറത്തു കയറി ശല്യനെ എതിൎത്തു. തേൎക്കുതിരകൾ നാലും ആനയുടെ പ്രഹാരംകൊണ്ടു് മരിച്ചുവീണു. ഇങ്ങനെ ആക്രമിക്കപ്പെട്ട ശല്യൻ ശക്ത്യായുധത്തെ ഉത്തരന്റെ നേൎക്കു എറിഞ്ഞു. അതു് ഉത്തരന്റെ കവചത്തെ പിളൎന്നു് ഉള്ളിലേക്കു പാഞ്ഞു. അദ്ദേഹത്തിന്റെ കയ്യിലിരുന്ന അംകുശവും തോമരവും താഴെ വീണു. ആനയുടെ മുകളിൽനിന്നും ഉത്തരൻ പ്രേതമായി ഭൂമിയിൽ പതിച്ചു.

ആന ശല്യനെ ആക്രമിച്ചുകൊണ്ടുതന്നെ ഇരുന്നു. ശല്യനും വാളെടുത്തു് ആനയെ ആക്രമിച്ചു. ആനയുടെ തുമ്പിക്കൈ മുറിഞ്ഞു മൎമ്മസ്ഥാനങ്ങളിൽ ബാണങ്ങൾ തറച്ചതിനാൽ ആന ഭയങ്കരമായ ശബ്ദത്തോടുകൂടി താഴെ വീണു മരിച്ചു. പിന്നീടു് ശല്യൻ കൃതവൎമ്മാവിന്റെ തേരിൽ കയറി. അപ്പോൾ വിരാടന്റെ പുത്രനായ ശ്വേതൻ തന്റെ അനുജനായ ഉത്തരൻ കൊല്ലപ്പെട്ടതു കണ്ടു് ആഹവനീയാഗ്നിയേപ്പോലെ രൗദ്രാകാരനാ

യിട്ട് തൻെറ രഥം ശല്യൻെറ നേൎക്കു ഓടിച്ചു. ശല്യൻ മരണത്തിന്നധീനപ്പെട്ടമെന്നു് ശങ്കിച്ചു് ഏഴു രഥികരം അദ്ദേഹത്തെ രക്ഷിക്കുന്നതിനായി വളരെ വേഗം വന്നു. അവർ ശ്വേതനെ നാലുവശത്തും വളഞ്ഞു യുദ്ധം ചെയ്തു. മേഘങ്ങരം മിന്നുന്നതുപോലെ ജ്വലിക്കുന്ന വില്ലുകരം ശ്വേതന്റെ നേൎക്കു് അസ്ത്രമാരി പൊഴിച്ചു. കൗരവവീരന്മാരുടെ വില്ലുകളെ ശ്വേതൻ തന്റെ ബാണങ്ങളാൽ മുറിച്ചു. അവർ ഏഴുപേരും ഏഴു ശക്ത്യായുധങ്ങളെ ശ്വേതൻെറ നേൎക്കെറിഞ്ഞു. അദ്ദേഹം അവയെ ഉടൻതന്നെ ഏഴസ്ത്രങ്ങരംകൊണ്ടു മുറിച്ചു. ശ്വേതൻ നടത്തിയ യുദ്ധം കണ്ടു് ഇരുപക്ഷത്തിലുമുള്ള വീരന്മാരും വിസ്മയിച്ചു. ശല്യൻെറ ആപൽക്കരമായ അവസ്ഥ കണ്ടു് ദുൎയ്യോധനൻ ഒരു വലിയ സൈന്യത്തെ ആ സ്ഥലത്തേക്കയച്ചു. അനന്തരം ഭയങ്കരമായ യുദ്ധം നടന്നു. ആയിരക്കണക്കിനു് വീരന്മാർ മൃതിയടഞ്ഞു. രഥങ്ങരം പൊളിഞ്ഞുവീണു. അസംഖ്യം ആനകളും കുതിരകളും നശിച്ചു. ശ്വേതൻ ദുൎയ്യോധനന്റെ സൈന്യത്തെ തുരത്തി ഭീഷ്മരെ ആക്രമിച്ചു. അവർ രണ്ടുപേരും തമ്മിൽ ഘോരമായ ഒരു യുദ്ധം നടന്നു. ഭീഷ്മരുടെ രഥധ്വജത്തെ ശ്വേതൻ മുറിച്ചുകളഞ്ഞു. ഭീഷ്മർ ശ്വേതൻെറ തേർകുതിരകളേയും കൊടിയേയും സാരഥിയേയും നിലംപതിപ്പിച്ചു. അപ്പോരം ശ്വേതൻ ഒരു ശക്ത്യായുധം എടുത്തു് ഭീഷ്മരുടെ നേരെ എറിഞ്ഞു. അതിനെ ഭീഷ്മർ തൻെറ ബാണംകൊണ്ടു് തടുത്തു.

അനന്തരം ശ്വേതൻ, ഗദ എടുത്തു കറക്കി ഭീഷ്മരുടെ രഥത്തിലേക്കു് എറിഞ്ഞു. തേർ തകൎന്നുപോകു

മെന്ന മനസ്സിലാക്കിയ ഭീഷ്മർ അതിൽനിന്നും കുതിച്ചു ചാടി—ആ നിമിഷംതന്നെ കൊടിമരത്തോടുകൂടി രഥം ഛിന്നഭിന്നമായി നശിച്ചു. പിതാമഹൻ കോപിഷ്ഠനായിട്ടു് മറെറാരു തേരിൽ കയറി വില്ലു് നന്നായി കുലച്ചു് ഒരമ്പു് ശ്വേതൻെറ നേക്കയച്ചു. വിരാടപുത്രനായ ശ്വേതൻ യമസദനം പ്രാപിച്ചു. ദുശ്ശാസനൻ വാദ്യഘോഷങ്ങളോടുകൂടി വിജയം ആഘോഷിച്ചു. പിന്നീട്ടു് പിതാമഹൻ പാണ്ഡവസൈന്യത്തെ ആക്രമിച്ചു.

*　　*　　*　　*

ആദ്യദിവസത്തെ യുദ്ധത്തിൽ പാണ്ഡവസൈന്യത്തിനു് വലുതായ നഷ്ടം ഉണ്ടായി—ധർമ്മപുത്രൻ ഭയന്നു. ദുര്യോധനൻെറ ആനന്ദത്തിനു് അതിരില്ലായിരുന്നു. പാണ്ഡവന്മാർ കൃഷ്ണസന്നിധിയിൽ ചെന്നു് ഇനിമേൽ എന്താണു ചെയ്യേണ്ടതു് എന്നു് ആലോചിച്ചു.

ശ്രീകൃഷ്ണൻ യുധിഷ്ഠിരനെ ഇങ്ങനെ ആശ്വസിപ്പിച്ചു.—"ഭരതശ്രേഷ്ഠ! സങ്കടപ്പെടേണ്ട; ശൂരന്മാരായ അനുജന്മാർ അങ്ങേക്കുണ്ടല്ലോ. അങ്ങെന്തിനു ഭയപ്പെടുന്നു? സാത്യകിയും വിരാടനും ദ്രുപദനും ധൃഷ്ടദ്യുമ്നനും ഞാനും ഇരിക്കുമ്പോൾ അങ്ങു് എന്തിനു വിചാരപ്പെടുന്നു?—ഭീഷ്മൻെറ മരണത്തിനായി ശിഖണ്ഡി സന്നദ്ധനായിരിക്കുന്നതു് അങ്ങു് മറന്നുകളഞ്ഞുവോ?

# 66. യുദ്ധം

[ രണ്ടാം ദിവസം ]

ആദ്യത്തെ ദിവസം പാണ്ഡവസൈന്യം ഭയപീഡിതമായിരിക്കുന്നതു കണ്ടു് സേനാപതിയായ ധൃഷ്ടദ്യുമ്നൻ ചിന്താപരവശനായി. അടുത്ത ദിവസം തന്റെ സൈന്യത്തെ വളരെ നിഷ്കർഷിച്ചു് അണിനിരത്തി ഭടന്മാർക്കു് ധൈര്യവും ഉത്സാഹവും നല്കി.

ദുര്യോധനൻ അഹങ്കാരോന്മത്തനായി സ്വസൈന്യമദ്ധ്യത്തിൽ നിന്നുകൊണ്ടു രണവീരന്മാരോടു് ഇപ്രകാരം ഗർജ്ജിച്ചു. "കവചധാരികളായ വീരന്മാരേ! നമുക്കു വിജയം സിദ്ധിക്കുമെന്നതു് നിശ്ചയമാണു്. പ്രാണനെ നിസ്സാരമാക്കി യുദ്ധംചെയ്യുക."

ഭീഷ്മരുടെ നേതൃത്വത്തിൽ കൗരവസൈന്യം പാണ്ഡവസൈന്യത്തെ വീണ്ടും നിർദ്ദയമായി ആക്രമിച്ചു. വ്യൂഹം പിളർന്നുപോയി. പാണ്ഡവസൈന്യത്തിനു് വലുതായ നാശമുണ്ടായി.

അർജ്ജുനൻ തന്റെ സാരഥിയായ കൃഷ്ണനോടു് ഇങ്ങനെ പറഞ്ഞു:—"നമ്മൾ അജാഗ്രതയായിരുന്നാൽ ഭീഷ്മർ നമ്മുടെ സൈന്യത്തെയെല്ലാം വേഗം നശിപ്പിച്ചുകളയും. ഭീഷ്മരെ വധിക്കാതെ നമ്മുടെ സൈന്യത്തിനു് രക്ഷയുണ്ടാകയില്ല."

"ധനഞ്ജയാ! അതാ പിതാമഹന്റെ രഥം. ഈ രഥത്തെ ഞാൻ അങ്ങോട്ടു നയിക്കാം. അദ്ദേഹത്തെ എതിർക്കാൻ ഒരുങ്ങിക്കൊള്ളുക."—എന്നിങ്ങനെ പറഞ്ഞു് അർജ്ജുനന്റെ രഥത്തെ ഭീഷ്മർ ഇരുന്ന സ്ഥലത്തേക്കു നയിച്ചു.

അതിവേഗത്തിൽ തന്റെ നേൎക്കു വരുന്ന അൎജ്ജുനനെക്കണ്ടു് പിതാമഹൻ അദ്ദേഹത്തെ ബാണങ്ങൾകൊണ്ടെതിരേററു. വീരന്മാരിൽ അഗ്രഗണ്യനെന്നു ലോകപ്രസിദ്ധനായ ഭീഷ്മർ നല്ലവണ്ണം ലക്ഷ്യംനോക്കി പാൎത്ഥന്റെ നേൎക്കു് ബാണങ്ങളയച്ചു. പിതാമഹനെ എപ്പോഴും ജാഗ്രതയായി കാത്തുരക്ഷിച്ചുകൊള്ളണമെന്നു് തന്റെ സൈന്യത്തോടു് ദുൎയ്യോധനൻ ആജ്ഞാപിച്ചിരുന്നു. ഭീഷ്മരെ കാത്തിരുന്ന വീരന്മാരെല്ലാം അൎജ്ജുനനെ എതിൎത്തു.

ധനഞ്ജയൻ അതൊന്നും ലേശംപോലും കൂട്ടാക്കിയില്ല. അദ്ദേഹത്തെ എതിൎത്തു യുദ്ധംചെയ്വാൻ സമൎത്ഥരായി കൌരവസൈന്യത്തിൽ മൂന്നുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു.—പിതാമഹനായ ഭീഷ്മരും ദ്രോണരും കൎണ്ണനും. മററാൎക്കും അതു സാധിക്കുകയില്ലെന്നാണു് ലോകപ്രസിദ്ധി. തന്നെ തടുത്ത വീരന്മാരുടെ ഇടയിൽ അൎജ്ജുനൻ പ്രവേശിച്ചു് മഹാരഥന്മാരെയെല്ലാം ഭ്രമിപ്പിക്കത്തക്ക പാടവത്തോടുകൂടി ഗാണ്ഡീവത്തെ പ്രയോഗിച്ചു. ശത്രുരഥമദ്ധ്യത്തിൽ അദ്ദേഹത്തിന്റെ രഥം അത്ഭുതമായ രീതിയിൽ അങ്ങുമിങ്ങും കണ്ണിനു ദൃശ്യമാകാതെ സഞ്ചരിച്ചു. ദുൎയ്യോധനന്റെ ഹൃദയം കലങ്ങിമറിഞ്ഞു. ഭീഷ്മരിൽ അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസം തകൎന്നുപോയി.

"ഗംഗാപുത്ര! അങ്ങും ദ്രോണരും ജീവിച്ചിരിക്കുമ്പോൾതന്നെ കൃഷ്ണാൎജ്ജുനന്മാർ നമ്മുടെ സൈന്യത്തെ എല്ലാം നശിപ്പിച്ചുകളയുമെന്നു തോന്നുന്നു. എന്നോടു് യഥാൎത്ഥമായ സ്നേഹമുള്ള കൎണ്ണൻ അങ്ങേയ്ക്കുവേണ്ടി ആയുധമെടുക്കാതിരിക്കുന്നു. ഞാൻ വഞ്ചിതനായിത്തീരു

...AYAM PUBLIC LIBRARY ... KOTTAYAM

കമെന്നു തോന്നുന്നു. ഫല്ഗുനനെ കൊല്ലാനുള്ള വഴി അങ്ങ് ഉടനെ തേടണം" എന്ന് ദുര്യ്യോധനൻ ഭീഷ്മരോടു പറഞ്ഞു.

ഭീഷ്മാർജ്ജുനയുദ്ധം കാണുന്നതിനായി ദേവന്മാരും ഗന്ധർവ്വന്മാരും വന്നുചേൎന്നു. രണ്ടുപേരുടെ രഥങ്ങളിലും വെള്ളക്കുതിരകൾ പൂട്ടിയിരുന്നു. ഇരുവരും സമവീരന്മാരും യുദ്ധസാമൎത്ഥ്യം കാണിക്കുന്നതിൽ താൽപര്യമുള്ളവരുമായിരുന്നതുകൊണ്ടു് വളരെനേരം യുദ്ധം തുടൎന്നു. ഇരുപക്ഷത്തിൽനിന്നും അസംഖ്യം ബാണങ്ങൾ അയയ്ക്കപ്പെട്ടു. അമ്പുകൾ പരസ്പരം ഭേദിച്ചു് വിഫലങ്ങളായി. ചിലപ്പോൾ ഭീഷ്മരുടെ ബാണങ്ങൾ കൃഷ്ണൻെറ മാറിലും പാഞ്ഞു. മുറിവേററു് രക്തം ഒഴുകി മേഘശ്യാമളനായ മാധവൻ പുഷ്പിതപലാശവൃക്ഷംപോലെ പൂർവ്വാധികം മനോഹരനായി പ്രകാശിച്ചു. മാധവനു മുറിവേററതുകണ്ടു് പാൎത്ഥനു വലുതായ വ്യസനമുണ്ടായി. അദ്ദേഹം പിതാമഹനെ കഠിനമായി എതിൎത്തു. എങ്കിലും രണ്ടുപേൎക്കും ജയിക്കാൻ സാധിക്കാതെ അൎജ്ജുനനും ഭീഷ്മരും വളരെനേരം ആയുധങ്ങൾകൊണ്ടു യുദ്ധം ചെയ്തു. രണ്ടുരഥങ്ങളും ഒന്നിനൊന്നു കൂട്ടിമുട്ടി അങ്ങുമിങ്ങും പായുമ്പോൾ രണ്ടുവശത്തുള്ള സൈന്യങ്ങൾക്കും കൊടികളുടെ അടയാളം മാത്രമാണു് അവയെ തിരിച്ചറിയാൻ സഹായകമായി ഭവിച്ചതു്. ഭീഷ്മർ എവിടെ, അൎജ്ജുനൻ എവിടെ എന്നു തിരിച്ചറിയാൻ ആൎക്കും സാധിച്ചില്ല. പിതാമഹനും ധനഞ്ജയനും യുദ്ധംചെയ്തു് കുരുക്ഷേത്രത്തിലെ വീരന്മാരേയും സ്വൎഗ്ഗത്തിലെ ദേവന്മാരേയും അത്ഭുതപരതന്ത്രരാക്കി. മറെറാരുവശത്തു്

ദ്രോണരും അദ്ദേഹത്തിൻെറ ജന്മശത്രുവായ പാഞ്ചാലരാജപുത്രനും ദ്രൗപദിയുടെ സോദരനുമായ ധൃഷ്ടദ്യുമ്നനും തമ്മിൽ ഘോരയുദ്ധം നടന്നുകൊണ്ടിരുന്നു.

ദ്രോണർ ധൃഷ്ടദ്യുമ്നനെ നിർദ്ദയമായി ആക്രമിച്ച് വ്രണിതശരീരനാക്കി. എന്നാൽ ധൃഷ്ടദ്യുമ്നൻ ഇളകാതെ കോപത്താൽ ഹസിച്ചുകൊണ്ട് അസ്ത്രവർഷം ചെയ്തു. ദ്രോണരേയും അദ്ദേഹം പ്രയോഗിച്ച ബാണങ്ങളെയും ഖഡ്ഗഗദാദികളേയും അതിസാമർത്ഥ്യത്തോടെ ധൃഷ്ടദ്യുമ്നൻ അസ്ത്രസഞ്ചയത്താൽ മുറിച്ച് ഭൂമിയിൽ വീഴ്ത്തി. ധൃഷ്ടദ്യുമ്നൻെറ വില്ലിനെ ദ്രോണർ പല പ്രാവശ്യവും മുറിച്ചുകളഞ്ഞു. ധൃഷ്ടദ്യുമ്നൻെറ സാരഥിയും ഹതനായി. അതിനാൽ കോപാകുലനായി ഗദാപാണിയായിട്ട് തേരിൽനിന്നും ചാടി അദ്ദേഹം ദ്രോണരുടെ നേക്കു പാഞ്ഞു. ദ്രോണർ ബാണംപ്രയോഗിച്ച് ഗദയെ താഴെ വീഴ്ത്തി. പാഞ്ചാലൻ കോപം സഹിക്കവയ്യാതെ ഖഡ്ഗം വീശിക്കൊണ്ട് ഒരാനയുടെ നേരെ സിംഹമെന്നതുപോലെ ദ്രോണരെ ആക്രമിച്ചു. ദ്രോണർ ശരവർഷത്താൽ അദ്ദേഹത്തെ തടുത്തിട്ട് അനങ്ങാൻ പാടില്ലാത്ത നിലയിൽ ആക്കിത്തീർത്തു. ആ സമയം ഭീമസേനൻ ധൃഷ്ടദ്യുമ്നൻെറ അവസ്ഥ കണ്ടിട്ട് അതിവേഗത്തിൽ ആ സ്ഥലത്തുചെന്ന് ദ്രോണരെ എതിർത്തു. അങ്ങനെ ധൃഷ്ടദ്യുമ്നന് രക്ഷനല്കി, അദ്ദേഹത്തെ തൻെറ രഥത്തിൽ കേററിക്കൊണ്ടുപോയി.

ഇതു കണ്ടു് ദുര്യോധനൻ ഭീമനോടു യുദ്ധം ചെയ്വാൻ കലിംഗസേനയോടാജ്ഞാപിച്ചു.

ഭീമസേനൻ തന്നോട് യുദ്ധത്തിനു വന്ന കലിംഗസൈന്യത്തെ ഛിന്നഭിന്നമാക്കി നശിപ്പിച്ചു. കാലൻ

തന്നെ ഭീമസേനൻെറ രൂപം ധരിച്ചു് കലിംഗസൈന്യത്തെ വധിക്കുന്നു എന്നു് അവർ ശങ്കിച്ചു. കൗരവസൈന്യം ഉത്സാഹഹീനരും ഭയവിഹ്വലരുമായി ഇരിക്കുന്നതു കണ്ടു് ഭീഷ്മർ കലിംഗസൈന്യത്തെ സഹായിക്കുന്നതിനായി അവിടെ ചെന്നു. ഭീഷ്മർ ഭീമനെ ആക്രമിച്ചതറിഞ്ഞു് സാത്യകിയും, അഭിമന്യുവും മററുള്ളവരും ചേൎന്ന ഭിഷ്മരെ എതിൎത്തു. സാത്യകി അയച്ച ഒരമ്പു് പിതാമഹൻെറ സാരഥിയെ നിലം പതിപ്പിച്ചു. സാരഥി വീണു കഴിഞ്ഞപ്പോൾ കുതിരകൾ ഭ്രമിച്ചു് അപ്രതീക്ഷിതമായ വേഗത്തോടുകൂടി യുദ്ധക്കളത്തിൽ നിന്നും ഓടാൻ തുടങ്ങി. ഇതു കണ്ടു് പാണ്ഡവസൈന്യങ്ങൾ ആനന്ദമഗ്നരായി. അവർ ഒന്നുചേൎന്ന കൗരവസൈന്യത്തോടു് യുദ്ധം ചെയ്തു. അൎജ്ജുനൻ അന്നു കാണിച്ച പരാക്രമത്താൽ കൗരവസൈന്യത്തിനു് വലിയ നഷ്ടം സംഭവിച്ചു. കൗരവപക്ഷത്തിലെ വീരന്മാർ ഉത്സാഹം വെടിഞ്ഞു് സൂൎയ്യാസ്തമയം കാത്തുകൊണ്ടിരുന്നു.

സൂൎയ്യൻ അസ്തമയപൎവ്വതത്തെ ആശ്രയിച്ച ഉടൻ തന്നെ ഭീഷ്മർ ദുൎയ്യോധനനോടു് ഇങ്ങനെ പറഞ്ഞു—"യുദ്ധം ഇപ്പോൾ അവസാനിപ്പിക്കുന്നതാണു് നല്ലതു്. നമ്മുടെ സൈന്യം ക്ഷീണവും ഭയവും കൊണ്ടു് വിഷമിച്ചിരിക്കുന്നു." പാണ്ഡവപക്ഷത്തിലെ ധനഞ്ജയൻമുതലായവർ ചതുർവിധവാദ്യഘോഷങ്ങളോടുകൂടി അവരുടെ ശിബിരങ്ങളിലേക്കു മടങ്ങി. പ്രഥമദിവസത്തെ യുദ്ധത്തിൽ പാണ്ഡവന്മാർ ഭയന്നതുപോലെ രണ്ടാംദിവസം അവസാനത്തിൽ കൗരവന്മാരും ഭയപ്പെട്ടു.

# 67. യുദ്ധം

[ മൂന്നാം ദിവസം ]

മൂന്നാം ദിവസം പ്രഭാതത്തിൽ ഭീഷ്മർ തന്റെ സൈന്യത്തെ ഗരുഡവ്യൂഹമായി അണിനിരത്തി സ്വയം മുന്നണിയിൽ നിന്നു. ദുര്യോധനൻ വ്യൂഹത്തിൻെറ പിൻഭാഗത്തിൽ പരിവാരസമേതം നിന്നു കാത്തു. അത്യന്തം ജാഗ്രതയോടുകൂടി എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നതിനാൽ അന്നു വ്യൂഹം ഭഗ്നമാകയില്ലെന്നു കൗരവന്മാർ ഉറച്ചിരുന്നു.

പാണ്ഡവന്മാരും അവരുടെ സൈന്യത്തെ നന്നായി അണി നിരത്തിയിരുന്നു. ധനഞ്ജയനും ധൃഷ്ടദ്യുമ്നനും കൗരവന്മാരുടെ ഗരുഡവ്യൂഹത്തെ വളഞ്ഞു് എതിക്കാൻ വേണ്ടി പാണ്ഡവസൈന്യത്തെ അർദ്ധചന്ദ്രാകൃതിയിൽ അണിനിരത്തി. അതിൻെറ വലത്തുഭാഗത്തു ഭീമനും ഇടത്തുഭാഗത്തു അർജ്ജുനനും നിന്നു് സൈന്യത്തെ രണ്ടു വശവും രക്ഷിച്ചു.

ഇങ്ങനെ അണിനിരത്തപ്പെട്ട രണ്ടു സൈന്യങ്ങളും പരസ്പരം എതിർത്തു. എല്ലാ വിഭാഗങ്ങളിലുമുള്ള സൈന്യങ്ങളും യുദ്ധത്തിൽ പങ്കുകൊണ്ടു. ഒരു രക്തനദി പ്രവഹിച്ചു. തേരു്, കുതിര, ആന ഇവയുടെ ഗതിയിൽ നിന്നുണ്ടായ പൊടിപടലം സൂര്യനെ ആവരണം ചെയ്തു. എങ്കിലും ശത്രുക്കളുടെ പടയെ ഉടയ്ക്കാൻ സാധിച്ചില്ല.

അനന്തരം കൗരവന്മാരും പാണ്ഡവവ്യൂഹത്തെ ഭഗ്നമാക്കാൻ ശ്രമിച്ചു. കൗരവന്മാരുടെ പൂർണ്ണബലവും അർജ്ജുനൻെറ നേർക്കു പ്രയോഗിക്കപ്പെട്ടു. പലപലായ

മാനമായി മിന്നുന്ന നിശിതമായ ശക്ത്യായുധങ്ങളും ഗദകളും കുന്തങ്ങളും മുദ്ഗരങ്ങളും മഴുക്കളും ധനഞ്ജയന്റെ രഥത്തിൽ വീണു. വിട്ടിലുകളെപ്പോലെ തന്റെ രഥത്തിൽ പാഞ്ഞുവന്ന ശസ്ത്രങ്ങളെ അർജ്ജുനൻ അത്ഭുതമായ സാമർത്ഥ്യത്തോടുകൂടി തന്റെ രഥത്തിന്റെ നാലുവശവും അമ്പുകൾ ഇടവിടാതെ അയച്ച് കോട്ടയുണ്ടാക്കി തടുത്തു.

മറ്റൊരു വശത്ത് വലിയസൈന്യത്തോടുകൂടി വന്ന ശകുനിയെ സാത്യകിയും അഭിമന്യുവും എതിർത്തു. സാത്യകിയുടെ രഥം ഉടഞ്ഞ് തകർന്നുപോയി. ഉടൻതന്നെ അദ്ദേഹം അഭിമന്യുവിന്റെ രഥത്തിൽ കയറി. രണ്ടുപേരും ഒരേ രഥത്തിൽ ഇരുന്നുകൊണ്ട് ശകുനിയുടെ സൈന്യത്തെ എതിർത്തു നശിപ്പിച്ചു. ദ്രോണരും ഭീഷ്മരും ഒന്നുചേർന്ന് ധർമ്മപുത്രന്റെ നേതൃത്വത്തിൽ ഉള്ള സൈന്യവിഭാഗത്തെ ആക്രമിച്ചു. നകുലസഹദേവന്മാർ ധർമ്മപുത്രന് സഹായമായി വന്ന് ദ്രോണരുടെ സൈന്യത്തെ എതിർത്തു. ഭീമനും ഘടോൽക്കചനും ചേർന്ന് ദുര്യോധനനോട് എതിരിട്ടു. ആ പോരിൽ ഘടോൽക്കചൻ തന്റെ അച്ഛനേയും ജയിക്കത്തക്കവണ്ണമുള്ള പരാക്രമം പ്രകടിപ്പിച്ചു.

ഭീമന്റെ ബാണം ഏററ് ദുര്യോധനൻ മോഹാലസ്യപ്പെട്ടു രഥത്തിൽ വീണു. ഇതുകണ്ട് അദ്ദേഹത്തിന്റെ സാരഥി രഥത്തെ വേഗത്തിൽ പോർക്കളത്തിൽ നിന്നും അകററി. ദുര്യോധനൻ മോഹാലസ്യപ്പെട്ടതു കണ്ടാൽ അദ്ദേഹത്തിന്റെ സൈന്യം ഭയപ്പെട്ട് വ്യൂഹം

ഭഗ്നമാകും എന്നു കരുതിയാണു് സാരഥി ഇപ്രകാരം ചെയ്തതു്. എന്നാൽ അയാളുടെ പ്രവൃത്തിതന്നെ കുഴപ്പത്തിനു കാരണമായിത്തീൎന്നു. ദുൎയ്യോധനൻ യുദ്ധക്കളം വിട്ടു പൊയ്ക്കളഞ്ഞു എന്നുവിചാരിച്ചു് കൗരവസൈന്യം ഭീതിയോടുകൂടി നാലുവശത്തേക്കും ഓടിപ്പോയതുകൊണ്ടു് വ്യൂഹം പാടേ തകൎന്നുപോയി. അങ്ങനെ ഓടിപ്പോയ സൈന്യങ്ങളെ ഭീമസേനൻ തുരത്തിക്കൊണ്ടു് ബാണങ്ങൾ വൎഷിച്ചു. ഇങ്ങനെ കൗരവസൈന്യം ചിന്നിച്ചിതറി ഓടുന്നതിനെ ദ്രോണരും ഭീഷ്മരും വളരെ പണിപ്പെട്ടു തടഞ്ഞുനിൎത്തി. ദുൎയ്യോധനനും മടങ്ങിവന്നു് എല്ലാഭാഗത്തും ചെന്നു് ചിതറിക്കിടന്ന സൈന്യത്തെ വീണ്ടും ഒരുമിച്ചുകൂട്ടി അണിനിരത്തി. പിന്നീടു് ദുൎയ്യോധനൻ ഭീഷ്മരുടെ അടുക്കൽചെന്നു് ഇങ്ങനെ പരാതി പറഞ്ഞു. "അങ്ങും ദ്രോണരും നേതൃത്വം വഹിച്ച സൈന്യം ഇപ്രകാരം ചിന്നിച്ചിതറി ഓടിപ്പോകുമ്പോൾ ആ അപമാനത്തെ സഹിച്ചു് അങ്ങു് എന്താണു് വെറുതേ ഇരിക്കുന്നതു്. പാണ്ഡവന്മാരോടു് അങ്ങേയ്ക്കുള്ള സ്നേഹം തന്നെയാണു് ഇതിനു കാരണം. 'പാണ്ഡവന്മാരെയും ധൃഷ്ടദ്യുമ്നനെയും സാത്യകിയെയും എന്നെക്കൊണ്ടു് എതിൎക്കാൻ സാധിക്കുകയില്ല. അവർ എനിക്കിഷ്ടമുള്ളവരാണു്' എന്നു് എന്നോടു മുമ്പേതന്നെ വ്യക്തമായി പറയാൻ പാടില്ലായിരുന്നുവോ. ഇവരെ എതിൎക്കാൻ അങ്ങേയ്ക്കു് യഥാൎത്ഥത്തിൽ യാതൊരു വിഷമവുമില്ല. അങ്ങും ദ്രോണരും എന്നെ ത്യജിക്കാൻ നിശ്ചയിച്ചിരിക്കുകയാണെങ്കിൽ അതു് ഇപ്പോൾ തന്നെ സ്പഷ്ടമായി പറഞ്ഞാലും."

പരാജയം കൊണ്ടുണ്ടായ മനോവൈഷമ്യത്താലും താൻ ചെയ്ത തെററുകരം ഭീഷ്മർ വെറുത്തിരുന്നതു് മുൻ കൂട്ടി അറിഞ്ഞിരുന്നതിനാലും ആണു് ദുര്യോധനൻ ഇപ്ര കാരം പറഞ്ഞതു്.

ആ ബുദ്ധിശൂന്യൻെറ വാക്കുകരം കേട്ടപ്പോരം ഭീഷ്മർ ചിരിച്ചു് ഇങ്ങനെ പറഞ്ഞു. "രാജാവേ! ഞാൻ നിങ്ങരംക്കു് നിസ്സംശയമായി ഉപദേശിച്ചതു് നിങ്ങരം കേട്ടില്ല. പാണ്ഡവന്മാരെ നിങ്ങരംക്കു തോല്പിക്കാൻ സാധിക്കയില്ലെന്നുള്ള പരമാൎത്ഥം നിങ്ങളോടു ഞാൻ പറഞ്ഞിട്ടും കേരംക്കാതെ നിങ്ങരം യുദ്ധം ആരംഭിച്ചു. അതു് എൻെറ കുററമല്ല. എങ്കിലും നിങ്ങരംക്കുവേണ്ടി ഞാൻ എൻെറ കടമ നിറവേററുന്നതാണു്. ഞാൻ വൃദ്ധൻ. എൻെറ ശക്തിക്കൊത്തവണ്ണം ഞാൻ ചെയ്യേ ണ്ടതെല്ലാം ചെയ്യും. എൻെറ പൂൎണ്ണബലവും വഞ്ചനകൂ ടാതെ ഞാൻ നിങ്ങരം കാണത്തക്കവണ്ണം പ്രയോഗിക്കും." ഭീഷ്മർ യുദ്ധം തുടൎന്നു.

ഉച്ചയ്ക്കു മുൻപു നടന്ന സംഭവങ്ങളുടെ ഫലമായി പാണ്ഡവന്മാർ വളരെ ക്ഷീണിച്ചിരുന്നു. ഓടിപ്പോയ സൈന്യത്തെ വീണ്ടും ഒരുമിച്ചുചേൎത്തു ഭീഷ്മർ എതിൎക്കു മെന്നു് അവർ കരുതിയിരുന്നില്ല. ദുര്യോധനൻ കുത്തിപ്പ റഞ്ഞ വാക്കുകരം ഭീഷ്മരുടെ കോപത്തെ വളൎത്തി. കറ ങ്ങുന്ന തീക്കട്ട ഉണ്ടാക്കുന്ന വൃത്തംപോലെ യുദ്ധക്കള ത്തിൻെറ നാനാഭാഗത്തും അദ്ദേഹം ചുററി. അതുവരെ നടക്കാത്ത ഘോരസമരം നടന്നു. മായകൊണ്ടു്, തന്നെ, പല ഭീഷ്മരാക്കി എന്നു് തോന്നത്തക്കവണ്ണം ഭീഷ്മർ

യുദ്ധക്കളത്തിൽ എവിടെനോക്കിയാലും കാണപ്പെട്ടിരുന്നു. അഗ്നിയിൽ ശലഭങ്ങൾ വന്നുവീഴുന്നതുപോലെ അദ്ദേഹത്തിൻെറ ബാണാഗ്നിയിൽ പതിച്ച് ശത്രുസൈനികന്മാർ നശിച്ചു. പാണ്ഡവസൈന്യം ധൈയ്യം വെടിഞ്ഞു് ചിതറിപ്പോകാൻ ആരംഭിച്ചു. വാസുദേവനും പാൎത്ഥനും ശിഖണ്ഡിയും എത്രതന്നെ ശ്രമിച്ചിട്ടും അതിനെ തടുക്കാൻ സാധിച്ചില്ല. അപ്പോൾ ശ്രീകൃഷ്ണൻ ഇങ്ങനെ പറഞ്ഞു. "ധനഞ്ജയ! നിന്റെ പരീക്ഷണഘട്ടം ആസന്നമായിരിക്കുന്നു. ഭീഷ്മർ, ദ്രോണർ, ബന്ധുമിത്രങ്ങൾ മുതലായ എല്ലാവരെയും കൊല്ലുമെന്നു് നീ ചെയ്ത പ്രതിജ്ഞ നിറവേററാനുള്ള സമയം ഇതാ വന്നിരിക്കുന്നു. നമ്മുടെ സൈന്യം ഭയംകൊണ്ടു് കുഴങ്ങിയിരിക്കുന്നു. ഇപ്പോൾ നീ ഭീഷ്മരെ എതിർക്കണം."

* * * *

"രഥത്തെ അങ്ങോട്ടു നയിക്കുക" എന്നു് അർജ്ജുനൻ പറഞ്ഞു. ഭീഷ്മരെ നോക്കി അതിവേഗത്തിൽ ധനഞ്ജയൻെറ രഥം പാഞ്ഞു. പിതാമഹൻ അതുകണ്ടു് ശരവർഷം പൊഴിച്ചു. അർജ്ജുനൻ ഗാണ്ഡീവം കുലച്ച് മൂന്നു ബാണങ്ങൾ അയച്ചു് ഭീഷ്മരുടെ വില്ലു ഛേദിച്ചു. ഉടൻ തന്നെ അദ്ദേഹം മറെറാരു വില്ലെടുത്തു. അതും അർജ്ജുനൻ മുറിച്ചു. അർജ്ജുനൻെറ സാമൎത്ഥ്യം കണ്ടു് ആചാൎയ്യർ ആനന്ദിച്ച് "വീരാ! വരുക" എന്നു പറഞ്ഞു് മറെറാരു വില്ലെടുത്തു് ലക്ഷ്യം തെററാതെ ബാണങ്ങൾ പൊഴിച്ചു. ആ ആക്രമത്തെ അർജ്ജുനൻ തടുത്ത രീതി ശ്രീകൃഷ്ണനു തൃപ്തിയായില്ല. പിതാമഹൻെറ ആക്രമണം ശക്തിമത്തായിരുന്നു. അദ്ദേ

ഥത്തോട്ട് അർജ്ജുനനന്നുണ്ടായിരുന്ന ബഹുമാനത്താൽ അർജ്ജുനൻെറ കൈകൾ ശരിയായി പ്രവൎത്തിച്ചില്ല. തങ്ങളുടെ പട ഭയന്നു് ഓടിക്കൊണ്ടിരിക്കുന്ന ഈ സന്ദൎഭത്തിൽ ഇങ്ങനെ മനസ്സില്ലാമനസ്സോടെ എതിൎത്താൽ കാൎയ്യം വ്യൎത്ഥമായിപ്പോകും എന്നു് ശ്രീകൃഷ്ണൻ ചിന്തിച്ചു. രഥത്തെ വളരെ സാമൎത്ഥ്യത്തോടുകൂടി വളച്ചു തിരിച്ചു; എങ്കിലും കൃഷ്ണാൎജ്ജുനന്മാരുടെ ദേഹങ്ങളിൽ പലയിടത്തും അമ്പുകൾ കൊണ്ടു. ജനാർദ്ദനന്നു് കോപം വളൎന്നു.

"ഇനി ഇതു ഞാൻ സഹിക്കുകയില്ല. ഭീഷ്മരെ ഞാൻ തന്നെ കൊല്ലും" എന്നു് സങ്കല്പിച്ചു് ശ്രീകൃഷ്ണൻ കുതിരകളുടെ കടിഞ്ഞാൺ വിട്ടിട്ടു് ചക്രായുധം കൈയിൽ എടുത്തു് രഥത്തിൽ നിന്നു് താഴെച്ചാടി ഭീഷ്മരിരുന്ന സ്ഥലം നോക്കി വളരെ വേഗം പാഞ്ഞു.

ഭീഷ്മൎക്കാകട്ടെ ഇതുകൊണ്ടു കലുക്കമുണ്ടായില്ല. അദ്ദേഹം പ്രസന്നവദനനായി "വന്നാലും വന്നാലും താമരസേക്ഷണ! മാധവ! ലോകനാഥ! അങ്ങയെ ഞാൻ വണങ്ങുന്നു. എനിക്കുവേണ്ടി അങ്ങു് തേരിൽ നിന്നു് ഇറങ്ങിയോ! അങ്ങുതന്നെ എൻെറ പ്രാണനെ എടുത്താലും. മൂന്നുലോകത്തിലും എനിക്കു് അങ്ങു് കീൎത്തിയുണ്ടാക്കിത്തരും. അങ്ങയുടെ കൈകൾകൊണ്ടു് ഞാൻ മരിച്ചാൽ എനിക്കു് ശാശ്വതമായ ആനന്ദാവസ്ഥ ലഭിക്കും" എന്നു പറഞ്ഞു.

കാൎയ്യം അപകടത്തിലായെന്നു് വിചാരിച്ചു് അൎജ്ജുനൻ രഥം വെടിഞ്ഞു് താഴെയിറങ്ങി അതിവേഗം

പാഞ്ഞുകൊണ്ടിരുന്ന ശ്രീകൃഷ്ണനെ പിൻതുടൎന്നോടി വളരെ പണിപ്പെട്ടു പിടിച്ചു. "കോപം അരുതു്; അടങ്ങിയാലും; ഈ കാൎയ്യം ഞാൻ തന്നെ ചെയ്യാം" എന്നു് അർജ്ജുനൻ പറഞ്ഞപ്പോൾ ശ്രീകൃഷ്ണൻ തിരിയെ വന്നു് രഥത്തിൽ കയറി കുതിരകളെ നടത്തി.

അനന്തരം അർജ്ജുനൻ കൗരവസൈന്യത്തെ ബലമായി എതിൎത്തു് ആയിരക്കണക്കിന്നു് ഭടന്മാരെ വധിച്ചു. അന്നു് സായാഹ്നത്തിൽ യുദ്ധം അവസാനിച്ചപ്പോൾ കൗരവസൈന്യം വല്ലാതെ പരാജയപ്പെട്ടു് തങ്ങളുടെ കൂടാരത്തെ പ്രാപിച്ചു.

"അർജ്ജുനൻ ജയിച്ചതു് ഉചിതം തന്നെ. അദ്ദേഹത്തിന്റെ സാമൎത്ഥ്യം മററാൎക്കുണ്ടു്." എന്നു് പരസ്പരം പറഞ്ഞുംകൊണ്ടാണു് ഭടന്മാർ പോയതു്.

---

## 68. യുദ്ധം

[നാലാം ദിവസം]

യുദ്ധസംഭവങ്ങൾ ദിവസവും ഒരുപോലെ തന്നെയിരിക്കും. വെട്ടും കുത്തും കൊലയും അല്ലാതെ മററൊന്നുമില്ല. എങ്കിലും മഹാഭാരതകഥയിൽ യുദ്ധം തന്നെയാണു് പ്രധാനസംഭവം. അതിനെ ഉപേക്ഷിച്ചാൽ കഥാപാത്രങ്ങളുടെ സ്വഭാവം ശരിയായി നമുക്കു മനസ്സിലാകയില്ല.

രാവിലെ സൂൎയ്യനുദിച്ചു ഉടൻതന്നെ ഭീഷ്മർ കൗരവസൈന്യത്തെ അണിനിരത്തി. ദ്രോണർ, ദുൎയ്യോധനൻ മുതലായവരാൽ ചുററപ്പെട്ടു് ദേവന്മാരാൽ ചുററപ്പെട്ട വജ്രപാണിയായ ഇന്ദ്രനെപ്പോലെ ഭീഷ്മർ പ്രകാശിച്ചു. അണിനിരത്തിയ സൈന്യം മഹാരഥന്മാർ, ആനകൾ, കുതിരകൾ ഇവയെക്കൊണ്ടു നിറഞ്ഞു് മേഘവും മിന്നലും ഇടി മുഴക്കവും നിറഞ്ഞ വൎഷകാലത്തിലെ ആകാശംപോലെ വിളങ്ങി. പിതാമഹൻ സൈന്യത്തെ മുന്നോട്ടു പോകാൻ ആജ്ഞാപിച്ചു. കപിധ്വജാങ്കിതമായ രഥത്തിൽ കയറിയിരുന്ന അർജ്ജുനൻ പിതാമഹന്റെ പ്രവൃത്തികൾ ദൂരെ നിന്നു നോക്കി. അദ്ദേഹവും തയാറായി യുദ്ധം ആരംഭിച്ചു.

അശ്വത്ഥാമാവു്, ഭൂരിശ്രവസ്സു്, ശല്യൻ, ചിത്രസേനൻ, ശലന്റെ മകൻ ഇവർ അഞ്ചുപേരും അഭിമന്യുവിനെ വളഞ്ഞു് എതിൎത്തു. അഞ്ചു് ആനകളെ ഒരു സിംഹം എതിൎക്കുന്നതുപോലെ അഭിമന്യു ഇവരെ അഞ്ചുപേരേയും എതിൎത്തു് യുദ്ധം ചെയ്തു. പലരും വളഞ്ഞുനിന്നു് തന്റെ പുത്രനെ ആക്രമിക്കുന്നതു കണ്ടു് അർജ്ജുനൻ കുപിതനായി സിംഹനാദം ചെയ്തുകൊണ്ടു് സ്വപുത്രനെ സഹായിക്കാൻ വന്നുചേൎന്നു. ഉടനെ യുദ്ധം കുറേക്കൂടി ഭയങ്കരമായി. ധൃഷ്ടദ്യുമ്നനും ഒരു വലിയ സൈന്യത്തോടുകൂടി വന്നുചേൎന്നു.

ശലന്റെ പുത്രൻ കൊല്ലപ്പെട്ടതിനാൽ ധൃഷ്ടദ്യുമ്നനെ ശലനും ശല്യനും കൂടി ബലമായെതിൎത്തു. ധൃഷ്ടദ്യുമ്നന്റെ വില്ലിനെ ശല്യൻ ഒരു കൂൎത്ത ബാണംകൊണ്ടു്

ഭേദിച്ചു. ഇതുകണ്ടു് അഭിമന്യു ശല്യന്റെ നേൎക്കു് അമ്പുകൾ പൊഴിച്ചു. അഭിമന്യുവിന്റെ കോപംകണ്ടു് ശല്യനു് അപായം വന്നേക്കുമെന്നു ശങ്കിച്ചു് ദുൎയ്യോധനനും സഹോദരന്മാരും വന്നു് ശല്യനെ കാത്തു രക്ഷിച്ചു. ആ സമയം ഭീമസേനനും വന്നുചേൎന്നു.

ഭീമൻ ഗദായുധം കയ്യിലേന്തി. അപ്പോൾ തന്റെ അനുജന്മാർ നടുങ്ങുന്നതു കണ്ടു് ദുൎയ്യോധനനു കോപം ഉണ്ടായി. വലുതായ ഹസ്തിസൈന്യത്തെ ഭീമന്റെ നേൎക്കു ദുൎയ്യോധനൻ അയച്ചു. ആനകളെ കണ്ടപ്പോൾ ഭീമൻ രഥത്തിൽ നിന്നിറങ്ങി കൈയിൽ ഒരിരുമ്പുഗദ യെടുത്തു് ആ മൃഗങ്ങളെ എതിൎത്തു. അവ വിരണ്ടു് പര സ്പരം ആക്രമിക്കാൻ ആരംഭിച്ചു; ആനപ്പടകളുടെ ഗതി എപ്പോഴും ഇങ്ങനെ തന്നെയാണെന്നു് നമ്മുടെ പ്രാചീ നകഥകളിൽ നിന്നും മനസ്സിലാകുന്നു. പാണ്ഡവസൈ ന്യത്തിലെ വീരന്മാർ ആ സമയത്തെ വിനിയോഗിച്ചു് ആനകളുടെ മേൽ ശരം വൎഷിച്ചു് അവയെ കൂട്ടത്തിൽ വിരട്ടി.

ഭീമൻ ആനകൾക്കിടയിൽ പ്രവേശിച്ചു് അവയെ വെട്ടിക്കൊന്നു. പണ്ടു് ഇന്ദ്രൻ മലകളെ പിളൎന്നതുപോ ലെയായിരുന്നു ഇതു്. ആ മൃഗങ്ങൾ അസംഖ്യമായി മരിച്ചു് യുദ്ധക്കളത്തിൽ പൎവ്വതങ്ങൾപോലെ കിടന്നു. അവശേഷിച്ച ആനകൾ അങ്ങുമിങ്ങും ഓടി കൗരവ സൈന്യത്തെ നശിപ്പിച്ചു. പിന്നീടു് ദുൎയ്യോധനന്റെ ആജ്ഞാനുസരണം എല്ലാ സൈന്യങ്ങളും ഭീമനെ എതിൎത്തു. അദ്ദേഹം മേരുവിനെപ്പോലെ നിശ്ചലനായി

നിന്നു. ആ സമയം പാണ്ഡവസൈന്യത്തിലെ പ്രധാന യോദ്ധാക്കൾ അദ്ദേഹത്തെ സഹായിക്കാൻ വന്നുചേൎന്നു.

ദുൎയ്യോധനൻ എയ്ത അനേകം ബാണങ്ങൾ ഭീമസേനന്റെ വക്ഷസ്സിൽ കൊണ്ടു് അദ്ദേഹത്തെ വിഷമിപ്പിച്ചു. ഭീമൻ വീണ്ടും രഥത്തിൽ കയറി തന്റെ സാരഥിയായ വിശോകനോടു് ഇങ്ങനെ പറഞ്ഞു: "ഹേ, വിശോകാ! ഈ യുദ്ധക്കളത്തിൽ ഇപ്പോൾ എന്റെ മുൻപിൽ ധൃതരാഷ്ട്രപുത്രന്മാർ വന്നുനില്ക്കുന്നതു് എന്നെ ആനന്ദിപ്പിക്കുന്നു. എന്റെ ആശാവൃക്ഷത്തിലെ ഫലങ്ങളെപ്പോലെ ഇവർ ഇന്നു് എന്റെ കൈയിൽ അകപ്പെട്ടിരിക്കുന്നു. കുതിരകളെ ശരിയായി നടത്തുക. ഇവരെ ഞാൻ യമലോകത്തിലേയ്ക്കയയ്ക്കാൻ പോകുന്നു."

ഇങ്ങനെ പറഞ്ഞു് വില്ലുകുലച്ചു് ദുൎയ്യോധനന്റെ നേക്കു് അദ്ദേഹം അനേകം അമ്പുകൾ അയച്ചു. ദുൎയ്യോധനൻ കവചം ഇല്ലായിരുന്നുവെങ്കിൽ മരിക്കുമായിരുന്നു. അന്നു് ഭീമൻ ദുൎയ്യോധനന്റെ അനുജന്മാരിൽ ഏഴു പേരെ വധിച്ചു. ദുൎയ്യോധനനും പല ബാണങ്ങൾ ഭീമന്റെ നേക്കയച്ചു. ഭീമൻ പിടിച്ചിരുന്ന വില്ലു് ദുൎയ്യോധനൻ ഒരു അമ്പയച്ചു് ഛേദിച്ചു. ഉടൻതന്നെ ഭീമൻ മറ്റൊരു വില്ലെടുത്തു് അതിൽ വാളുപോലുള്ള ഒരമ്പു തൊടുത്തു ദുൎയ്യോധനന്റെ വില്ലു ഛേദിച്ചു് താഴെ വീഴ്ത്തി. ദുൎയ്യോധനനും മറെറാരു വില്ലെടുത്തു് തീവ്രമായ ഒരു ബാണം നന്നായി ലക്ഷ്യം നോക്കി ഭീമന്റെ മാറിൽ അയച്ചു. അതിന്റെ വേഗംകൊണ്ടു ഭീമൻ മോഹാലസ്യപ്പെട്ടു് താഴെ ഇരുന്നുപോയി.

ഇതുകണ്ടു് പാണ്ഡവവീരന്മാരായ അഭിമന്യു തുടങ്ങിയവർ ദുര്യോധനന്റെമേൽ ശരങ്ങൾ പൊഴിച്ചു. അപ്പുന്റെ നിലകണ്ടു് ഘടോൽക്കചൻ കുപിതനായി സമരം നടത്തി. അദ്ദേഹത്തിന്റെ ആക്രമണം കൗരവസൈന്യത്തിനു് തടുക്കാൻ കഴിഞ്ഞില്ല.

അതുകണ്ടു് ഭീഷ്മർ ഇങ്ങനെ ദ്രോണരോടു പറഞ്ഞു: "ഈ രാക്ഷസനുമായി നമുക്കു് യുദ്ധംചെയ്യാൻ സാധിക്കുകയില്ല. നമ്മുടെ സൈന്യം ക്ഷീണിച്ചു് തളന്നിരിക്കുന്നു. അസ്തമയകാലവും അടുത്തിരിക്കുന്നു. രാക്ഷസന്മാക്കു് ഇരുട്ടിൽ ബലംകൂടും. നാളെ നോക്കിക്കൊള്ളാം." ഇങ്ങനെ പറഞ്ഞു് ഭീഷ്മർ സൈന്യത്തെ പിൻതിരിച്ചു. ദുര്യോധനൻ തന്റെ സഹോദരന്മാരുടെ വേർപാടുകൊണ്ടുള്ള ദുഃഖത്താൽ അശ്രുപൂർണ്ണലോചനനായി കൂടാരത്തിൽ ഇരുന്നു് അഗാധചിന്തയിൽ നിമഗ്നനായി.

* * * *

യുദ്ധത്തിൽ നടന്ന സംഭവങ്ങളെല്ലാം സഞ്ജയൻ പറഞ്ഞതു കേട്ടുകൊണ്ടിരുന്ന ധൃതരാഷ്ട്രർ ഇങ്ങനെ പ്രസ്താവിച്ചു. "സഞ്ജയ! എന്റെ സ്വജനങ്ങൾ വധിക്കപ്പെട്ടു, കഷ്ടപ്പെട്ടു, എന്നെല്ലാം എപ്പോഴും നിങ്ങൾ പറയുന്നുവല്ലോ. എനിക്കു് വലുതായ ദുഃഖം ഉണ്ടാകുന്നു. ഏതു മാർഗ്ഗം അവലംബിച്ചാലാണു് നമ്മൾ ജയിക്കുന്നതു്? എനിക്കു് അസഹനീയമായ ഭയം തോന്നുന്നു. പ്രയത്നത്തെക്കാൾ വിധിതന്നെയാണു വലുതെന്നു് എനിക്കു തോന്നുന്നു."

സഞ്ജയൻ മറുപടി പറഞ്ഞു. "മഹാരാജാവേ! ഈ വിഷമത്തിനു കാരണം അങ്ങുതന്നെയല്ലേ. മനസ്സു കലങ്ങാതെ ധൈര്യമായി സംഭവങ്ങൾ കേൾക്കുക."

"വിദുരൻെറ വാക്യങ്ങൾ സത്യമായിത്തീരുന്നു." എന്ന് ധൃതരാഷ്ട്രമഹാരാജാവ് പറഞ്ഞ് വലുതായ ദുഃഖത്തിൽ മുഴുകി.

---

## 69. യുദ്ധം

### [അഞ്ചാം ദിവസം]

കൈകൾകൊണ്ടു നീന്തി ഒരുവന്ന് കടൽകടന്ന് അക്കരെയ്ക്കു പോകുവാൻ സാധിക്കുകയില്ല. അതുപോലെ ഈ മഹാദുഃഖത്തെ കടക്കാൻ ഒരു മാർഗ്ഗവും ഞാൻ കാണുന്നില്ല." എന്നിങ്ങനെ ധൃതരാഷ്ട്രൻ വിലപിച്ചു.

യുദ്ധക്കളത്തിൽ അപ്പോഴപ്പോൾ നടക്കുന്നതെല്ലാം സഞ്ജയൻ അന്ധനും വൃദ്ധനും ആയ രാജാവിനോടു പറയുമ്പോൾ ദുഃഖം സഹിക്കവയ്യാതെ ധൃതരാഷ്ട്രൻ ഇടയ്ക്കിടയ്ക്ക് ഇപ്രകാരമെല്ലാം പ്രലപിച്ചിരുന്നു.

"എൻെറ പുത്രന്മാരെ എല്ലാം ഭീമൻ കൊല്ലും. അവരെ രക്ഷിക്കാൻ സമർത്ഥനായ ഒരു വീരൻ നമ്മുടെ സൈന്യത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. യുദ്ധത്തിൽ നമ്മുടെ സൈന്യം ഭയന്നോടിയപ്പോൾ ഭീഷ്മരും ദ്രോണരും കൃപരും അശ്വത്ഥാമാവും യാതൊന്നും ചെയ്യാതെ അതു കണ്ടുകൊണ്ടിരുന്നുവോ? അവർ എന്റെ പുത്രനെ എപ്പോഴാണ് സഹായിക്കാൻ വിചാരിച്ചിരിക്കുന്നത്. എൻെറ പുത്രന്മാർ എങ്ങനെയാണ് രക്ഷനേടാൻ പോകുന്നത്" എന്നു പറഞ്ഞ് വൃദ്ധൻ കരഞ്ഞു.

"രാജാവേ! ശാന്തനായാലും; പാണ്ഡവന്മാർ ധർമ്മത്തിൽ നിലകൊള്ളുന്നു. അതുകൊണ്ടു് അവർക്കു യുദ്ധത്തിൽ വിജയം കിട്ടുന്നു. അങ്ങയുടെ പുത്രന്മാർ വീരന്മാരാണെങ്കിലും അവരുടെ ഉദ്ദേശ്യങ്ങൾ ശുദ്ധമല്ല. അതിനാൽ അവർ ക്ഷയിക്കുന്നു. അവർ പാണ്ഡവന്മാർക്കു് അനേകം അപകാരങ്ങൾ ചെയ്തിട്ടുണ്ടു്. അവയുടെ ഫലം അവരിപ്പോൾ അനുഭവിക്കുന്നു. പാണ്ഡവന്മാർ മന്ത്രമോ മായയോ യാതൊന്നും പ്രയോഗിച്ചിട്ടില്ല. ക്ഷത്രിയന്മാർ ചെയ്യുന്ന രീതിയനുസരിച്ചു തന്നെയാണു് അവർ യുദ്ധം ചെയ്യുന്നതു്. ന്യായമാർഗ്ഗത്തിൽ നിലകൊള്ളുന്നതിനാൽ അതിന്റെ ഫലം അവർക്കു കിട്ടുന്നു. അങ്ങയുടെ യഥാർത്ഥമിത്രങ്ങൾ പറഞ്ഞതു് അങ്ങു കേട്ടില്ല. വിദുരനും ഭീഷ്മരും ദ്രോണരും ഞാനും തടുത്തിട്ടും അങ്ങു് അങ്ങയുടെ വഴിയിൽത്തന്നെ പോയി. രോഗി മരുന്നു കഴിക്കയില്ലെന്നു ശാഠ്യംപിടിക്കുന്നതുപോലെ അങ്ങു് അങ്ങയുടെ പുത്രന്റെ അഭിപ്രായത്തിനിണങ്ങി. കുലത്തിനു് ഹിതമായിട്ടുള്ള ഉപദേശത്തെ സ്വീകരിച്ചില്ല. ഇപ്പോൾ അങ്ങു സങ്കടപ്പെടുന്നു. ദുര്യോധനനും യുദ്ധത്തിന്റെ നാലാമത്തെ രാത്രിയിൽ അങ്ങയെപ്പോലെ തന്നെ ഭീഷ്മരോടു് ചോദിച്ചു. അദ്ദേഹം പറഞ്ഞതു കേൾക്കുക" എന്നു് ആരംഭിച്ചു് അനന്തരവൃത്താന്തം സഞ്ജയൻ പറഞ്ഞു കേൾപ്പിച്ചു.

* * * *

നാലാം ദിവസം യുദ്ധം അവസാനിച്ചതിൽ പിന്നീടു് രാത്രിയിൽ പിതാമഹന്റെ അടുക്കൽ തനിച്ചു് ദുര്യോധനൻ ചെന്നു് ഇങ്ങനെ വിനയപൂർവ്വം ചോദിച്ചു.

KOTTAYAM PUBLIC LIBRARY KOTTAYAM

"അങ്ങും ദ്രോണരും കൃപരും അശ്വത്ഥാമാവും കൃതവ ൎമ്മാവും സുദക്ഷിണനും ഭൂരിശ്രവസ്സും വികൎണ്ണനും ഭഗദ ത്തനും യമനെപ്പോലും ഭയപ്പെടുകയില്ല എന്നുള്ളതു് ലോകപ്രസിദ്ധമാണല്ലോ. നിങ്ങളുടെ സാമൎത്ഥ്യത്തിന്നു് അതിരില്ല എന്നതിന്നു് സംശയമില്ല. പാണ്ഡവന്മാർ എല്ലാം ഒന്നുചേൎന്നാലും നിങ്ങളിൽ ഒരാളെപ്പോലും ജയിക്കാൻ സാധിക്കുകയില്ല. ഇങ്ങനെ ഇരുന്നിട്ടും കുന്തീ പുത്രന്മാർ നമ്മെ ദിവസംതോറും തോല്പിക്കുന്നതിന്റെ രഹസ്യമെന്താണു്."

ഭീഷ്മർ പറഞ്ഞു. "ഹേ രാജൻ, ഞാൻ പറയുന്നതു കേൾക്കുക. പല പ്രാവശ്യവും ഞാൻ ഹിതമായിട്ടുള്ളതു് ഉപദേശിച്ചു. നിങ്ങൾ മഹാന്മാർ പറയുന്നതു കേൾക്കുക യില്ല. പാണ്ഡവന്മാരുമായി സന്ധിചെയ്യുന്നതാണു് ശ്രേയസ്സ്. അങ്ങനെ ചെയ്യുന്നതാണു് നിങ്ങൾക്കും ലോകത്തിന്നും നല്ലതു്. ഒരേകുലത്തിൽ ചേൎന്ന നിങ്ങൾക്കു് ഈ രാജ്യം സുഖമായി അനുഭവിക്കാം. ഇതു് ഞാൻ നിങ്ങളോടു് മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. എങ്കിലും നിങ്ങൾ അതു കേട്ടില്ല. പാണ്ഡവന്മാരെ നിങ്ങൾ അവ മാനിച്ചു. അതിന്റെ ഫലം നിങ്ങൾ അനുഭവിക്കുന്നു. ശ്രീകൃഷ്ണനാൽ രക്ഷിക്കപ്പെട്ട പാണ്ഡവന്മാർ ജയിക്കുമെ ന്നതിൽ സംശയമില്ല. ഇപ്പോഴും സന്ധിചെയ്യാം. ബല വാന്മാരായ സഹോദരന്മാരുമായി യോജിച്ചു ഭൂമിയെ നിങ്ങൾക്കു ഭരിക്കാം. നരനാരായണന്മാരായ കൃഷ്ണാൎജ്ജുന ന്മാരെ നിങ്ങൾ അവമാനിച്ചാൽ നിങ്ങൾക്കു നാശം ഉണ്ടാകും"

ദുര്യോധനൻ യാത്രപറഞ്ഞു് തൻെറ വാസസ്ഥലത്തു ചെന്നു് ശയിച്ചു; എങ്കിലും അദ്ദേഹത്തിനു് ഉറക്കം വന്നില്ല.

*  *  *  *

അടുത്തദിവസം രാവിലെ മുൻപിലത്തേപ്പോലെ രണ്ടു സൈന്യങ്ങളും യുദ്ധത്തിനണിനിരന്നു. ഭീഷ്മർ കൗരവസൈന്യത്തെ ബലമായി വ്യൂഹപ്പെടുത്തി. പാണ്ഡവസൈന്യത്തെ യുധിഷ്ഠിരൻ നന്നായി അണിനിരത്തി. പതിവുപോലെ ഭീമസേനൻ മുന്നണിയിൽ നിന്നു. ശിഖണ്ഡിയും ധൃഷ്ടദ്യുമ്നനും സാത്യകിയും അടുത്തു നിന്നു് സേനയെ രക്ഷിച്ചു. അതിൻെറ പുറകിൽ മററു വീരന്മാർ നിന്നിരുന്നു. എല്ലാവക്കും പിന്നിൽ ധമ്മപുത്രനും നകുലസഹദേവന്മാരും നിന്നു.

ഭീഷ്മർ വില്ലു കുലച്ചു് അസ്ത്രങ്ങൾ തൊടുത്തു. വളരെ വേഗത്തിൽ പാണ്ഡവസൈന്യത്തെ അദ്ദേഹം വിഷമിപ്പിച്ചു. സൈന്യം വിഷമിക്കുന്നതുകണ്ടു് ധനഞ്ജയൻ ഭീഷ്മരുടെ നേക്കു് അനേകം അമ്പുകൾ അയച്ചു.

ദുര്യോധനൻ പതിവുപോലെ ദ്രോണരുടെ അടുക്കൽ ചെന്നു് അദ്ദേഹത്തെ ആക്ഷേപിച്ചു് കോപം ഉള്ളവാക്കി. ദ്രോണർ ഇപ്രകാരം പറഞ്ഞു. "ഹേ ബുദ്ധിശൂന്യ! പാണ്ഡവന്മാരുടെ പരാക്രമമറിയാതെ നിങ്ങൾ സംസാരിക്കുന്നു. എങ്കിലും എനിക്കു് വഞ്ചനയില്ല". എന്നു പറഞ്ഞു് പാണ്ഡവസൈന്യത്തെ ബലമായി എതിൎത്തു. സാത്യകിയും ദ്രോണരും തമ്മിൽ ഭയങ്കരമായി യുദ്ധം നടന്നു. സാത്യകിയ്ക്കു് ദ്രോണരുടെ ആക്രമണം സഹി

ക്കാൻ ത്രാണിയില്ലെന്നു കണ്ടു് ഭീമസേനൻ ദ്രോണരെ ആക്രമിച്ചു.

അപ്പോൾ യുദ്ധം കൂടുതൽ ഭയങ്കരമായിത്തീൎന്നു. ഭീഷ്മരും ശല്യനും ചേൎന്നു ഭീമനെ എതിൎത്തു. ആ സമയം ശിഖണ്ഡി ഭീഷ്മരുടെയും ദ്രോണരുടെയും നേൎക്കു ശരങ്ങൾ പൊഴിച്ചു. ശിഖണ്ഡി വന്നപ്പോൾ ഭീഷ്മർ മാറി. ശിഖണ്ഡി പുരുഷനായിപ്പിറന്നതല്ലെന്നും സ്ത്രീയായി ജനിച്ചതാണെന്നും ഒരു ക്ഷത്രിയനു് ഒരു സ്ത്രീയോടു യുദ്ധം ചെയ്യുന്നതു് അധൎമ്മമാണെന്നും ആയിരുന്നു ഭീഷ്മരുടെ അന്തൎഗ്ഗതം. ഇതുതന്നെയായിരുന്നു വിധിവിധാനത്താൽ ഒടുവിൽ പിതാമഹന്റെ മരണത്തിനു കാരണമായിത്തീൎന്നതും.

ഭീഷ്മർ മാറിയതുകണ്ടു് ദ്രോണർ ശിഖണ്ഡിയെ എതിൎത്തു മഹാരഥനായ ശിഖണ്ഡിക്കു് ദ്രോണരുടെ എതിൎപ്പു് താങ്ങാൻ സാധിച്ചില്ല. അതിനാൽ അദ്ദേഹം പിന്തിരിഞ്ഞു.

ഉച്ചവരെ ഘോരമായ സങ്കുലയുദ്ധം നടന്നു. സൈന്യങ്ങൾ മുഴുവൻ രണ്ടുവശത്തും അതിരില്ലാതെ കൊലനടത്തി. ഉച്ചതിരിഞ്ഞു ദുൎയ്യോധനൻ സാത്യകിയെ എതിക്കുന്നതിനു്.വലുതായ സൈന്യം അയച്ചു. സാത്യകി ആ സൈന്യത്തെ നിശ്ശേഷം നശിപ്പിച്ചു് ഭൂരിശ്രവസ്സിനെ തേടി എതിൎത്തു. ഭൂരിശ്രവസ്സ് മഹാപരാക്രമശാലിയായിരുന്നു. അദ്ദേഹം സാത്യകിയുടെ സൈന്യത്തെ എതിൎത്തു് അവരെയെല്ലാം പിൻതിരിപ്പിച്ചു സാത്യകിമാത്രം ഇളകാതെ നിന്നു. സാത്യകിയുടെ നില കണ്ടു് അദ്ദേഹത്തിന്റെ പത്തു പുത്രന്മാരും വന്നു് ഭൂരിശ്രവസ്സിനെ എതിൎത്തു.

ഒന്നുചേൎന്നു വന്ന ആ പത്തു വീരന്മാരെയും ഭൂരിശ്രവസ്സ് തനിയെ എതിൎത്ത് സമരം നടത്തി. പത്തുപേരും അദ്ദേഹത്തെ വളഞ്ഞു് ശരവൎഷം പൊഴിച്ചു എങ്കിലും അദ്ദേഹം അവരുടെ വില്ലുകളെ തന്റെ അമ്പുകൾ കൊണ്ടു് മുറിച്ചു് അവരെയെല്ലാം യമലോകത്തേയ്ക്കയച്ചു. സാത്യകിയുടെ പത്തു കുമാരന്മാരും ഇടിവെട്ടി വീണ മരങ്ങൾപോലെ യുദ്ധക്കളത്തിൽ വീണു. തന്റെ പുത്രന്മാർ മരിച്ചുവീണതുകണ്ടു് സാത്യകിക്കു് ശോകവും കോപവും വളൎന്നു. ഭൂരിശ്രവസ്സിന്റെ നേൎക്കു് അദ്ദേഹം പാഞ്ഞു. രണ്ടുപേരുടെയും രഥങ്ങൾ ഉടഞ്ഞു് തകൎന്നു. വാളും പരിചയും എടുത്തു് തറയിൽ നിന്നുംകൊണ്ടു് രണ്ടുപേരും പരസ്പരം എതിൎത്തു. ആ സമയം ഭീമസേനൻ അവിടെവന്നു് സാത്യകിയുടെ മുമ്പിൽനിന്നു തടുത്തു് അദ്ദേഹത്തെ തന്റെ തേരിൽ കേററിക്കൊണ്ടുപോയി. ഖഡ്ഗയുദ്ധത്തിൽ ആൎക്കും ഭൂരിശ്രവസ്സിനെ ജയിക്കാൻ സാധിക്കുകയില്ല എന്നു് അറിയാമായിരുന്നതിനാലാണു് ഇപ്രകാരം ഭീമൻ സാത്യകിയെ തടുത്തതു്. അന്നു് ആയിരക്കണക്കിനു് വീരന്മാർ അൎജ്ജുനനാൽ വധിക്കപ്പെട്ടു. പാൎത്ഥനെ എതിൎത്തു കൊല്ലുന്നതിനായി ദുൎയ്യോധനൻ അയച്ച പടവീരന്മാർ എല്ലാവരും അഗ്നിയിൽ ശലഭങ്ങളെന്നപോലെ മരിച്ചുപോയി. പാണ്ഡവസൈന്യത്തിലുള്ള രാജാക്കന്മാർ അർജ്ജുനനെ വളഞ്ഞു് ജയഘോഷം മുഴക്കി. അപ്പോൾ സൂൎയ്യൻ അസ്തമിച്ചു. ഭീഷ്മരുടെ ആജ്ഞാനുസരണം ക്ഷീണിച്ച ആനകളോടും കുതിരകളോടുംകൂടി എല്ലാവരും യുദ്ധക്കളം വിട്ടുപോയി.

---

# 70. യുദ്ധം

[ആറാം ദിവസം]

യുധിഷ്ഠിരന്റെ ആജ്ഞാനുസരണം അടുത്തദിവസം ധൃഷ്ടദ്യുമ്നൻ പാണ്ഡവസേനയെ മകരവ്യൂഹമായി അണിനിരത്തി. കൗരവസേന ക്രൗഞ്ചവ്യൂഹമായിട്ടാണു് നിരന്നിരുന്നതു്. അക്കാലത്തു് സേനാവ്യൂഹങ്ങൾക്കു് പക്ഷിമൃഗാദികളുടെ പേർ കൊടുത്തുവന്നിരുന്നു. യോഗാഭ്യാസത്തിലുള്ള ആസനങ്ങൾക്കും ഇതുപോലെ ജന്തുക്കളുടെ പേരുകൾ ഇടുന്നതു് അനേകാപേക്ഷം അറിവുള്ള ഒരു സംഗതിയാണല്ലോ. സേന അണിനിരത്തുന്നതിനും അതുപോലെ പേരുകൊടുത്തു വന്നിരുന്നു. സേനയെ എപ്രകാരം നിൎത്തണമെന്നും ഏതേതു സേനാവിഭാഗങ്ങൾ ഏതേതു സ്ഥാനത്തു വേണമെന്നും ആരെല്ലാം ഏതെല്ലാം സ്ഥാനത്തു് നായകത്വം വഹിക്കണമെന്നും മററും നിശ്ചയിച്ചു് ശരിപ്പെടുത്തി നിൎത്തുന്നതിനാണു് വ്യൂഹം ചമയ്ക്കുക എന്നു പറഞ്ഞിരുന്നതു്. സേനയുടെ ബാഹ്യമായ ആകൃതിക്കു് മീൻ, പരുന്തു് മുതലായ ജന്തുക്കളുടെ ദേഹത്തിനോടുള്ള സാമ്യം കണ്ടിട്ടാണു് ഈ പേരുകൾ നൽകപ്പെട്ടതു്. അക്കാലത്തെ യുദ്ധശാസ്ത്രത്തിൽ പല വ്യൂഹങ്ങളെപ്പററിയും പറഞ്ഞിട്ടുണ്ടു്.

ഭാരതയുദ്ധത്തിൽ ഓരോദിവസവും ഏതു ലക്ഷ്യം അനുസരിച്ചു് ഓരോ കാൎയ്യങ്ങൾ നേടണമെന്നും ഏതു രീതിയിൽ സംഭവങ്ങൾ നടക്കും എന്നുമെല്ലാം ഉദ്ദേശിച്ചു് അതിനു് ഉതകുന്ന വിധത്തിലുള്ള വ്യൂഹങ്ങൾ നിൎമ്മിക്ക

ണമെന്നു് സേനാപതികളാണു് നിശ്ചയിച്ചുവന്നിരു ന്നതു്. ആറാംദിവസത്തെ യുദ്ധത്തിൽ ഉച്ചയ്ക്കുമുമ്പുതന്നെ വലിയ തോതിൽ ഭടന്മാർ നശിക്കാൻ തുടങ്ങി.

ദ്രോണരുടെ സാരഥി കൊല്ലപ്പെട്ടു. സാരഥിയി ല്ലാത്ത തേർ ദ്രോണർതന്നെ കടിഞ്ഞാൺ പിടിച്ചു് പഞ്ഞിക്കൂട്ടത്തെ അഗ്നി എന്നപോലെ പാണ്ഡവ സേനയെ നശിപ്പിക്കാൻ ആരംഭിച്ചു.

വേഗത്തിൽ രണ്ടു വ്യൂഹങ്ങളും തകൎന്നുപോയി. അതിനുശേഷം രണ്ടുവശത്തുള്ള സേനകളും തമ്മിൽ വളരെ അതിരു കടന്നു് ഘോരമായ കയ്യേററം നടത്തി. രക്തം നദിപോലെ ഒഴുകിത്തുടങ്ങി. മരിച്ചുപോയ യുദ്ധ വീരന്മാരാലും ആനകളാലും കുതിരകളാലും ഉടഞ്ഞ തേരു കളാലും യുദ്ധക്കളം നിറഞ്ഞു.

ഭീമൻ ദുര്യോധനന്റെ സഹോദരന്മാരെ കൊല്ലുന്ന തിനുവേണ്ടി വൈരികളുടെ ഇടയിൽ അവരെ തേടി നട കൊണ്ടു. അവരാകട്ടെ താമസിയാതെ ഭീമസേനനെ വളഞ്ഞു. ദുശ്ശാസനൻ, ദുർവിഷഹൻ, ദുർമദൻ, ജയൻ, ജയത്സേനൻ, വികൎണ്ണൻ, ചിത്രസേനൻ, സുദൎശനൻ, ചാരുചിത്രൻ, സുവർമൻ, ദുഷ്കർണ്ണൻ മുതലായവർ ഭീമ സേനനെ വളഞ്ഞു് ഒരേ സമയത്തു് ആക്രമിച്ചു. ഭയം എന്നതു് എന്തെന്നു് അറിഞ്ഞിട്ടില്ലാത്ത വായുപുത്രൻ ഒരേസമയത്തുതന്നെ വൈരികളോടെല്ലാം ഒറ്റയ്ക്കു നിന്നു് എതിർത്തു. ജീവനോടുകൂടിത്തന്നെ ഭീമനെ പിടിക്കണമെ ന്നുള്ളതായിരുന്നു അവരുടെ ആഗ്രഹം. അവരെയെല്ലാം കൊല്ലണമെന്നതായിരുന്നു ഭീമസേനന്റെ ഉദ്ദേശ്യം.

യുദ്ധം ഭയങ്കരമായി നടന്നു. ആ യുദ്ധം ദേവാസുരയുദ്ധത്തിന്നു തുല്യമായിരുന്നു. പെട്ടെന്നു് പാണ്ഡുപുത്രൻ അക്ഷമനായി രഥത്തിൽനിന്നു ചാടി ഇറങ്ങി തന്റെ ഗദയുമെടുത്തുകൊണ്ടു "സാരഥി, നിങ്ങൾ ഇവിടെ ത്തന്നെ നില്ക്കുക. ഞാൻ മുന്നോട്ടുചെന്നു് ഈ ധൃതരാഷ്ട്രകുമാരന്മാരെ എല്ലാവരെയും കൊന്നു് തിരിച്ചുവരാം. അതുവരെ നിങ്ങൾ ഇവിടെത്തന്നെ നില്ക്കുക" എന്നു് വിശോകനോടു് പറഞ്ഞിട്ടു വൈരികളുടെ ഇടയിൽ പ്രവേശിച്ചു. കുതിരകളെയും കുതിരക്കാരന്മാരെയും തേരുകളെയും നശിപ്പിച്ചുകൊണ്ടു് കാലദണ്ഡമെടുത്തു പുറപ്പെട്ടിരിക്കുന്ന അന്തകനെപ്പോലെ ഭീമൻ കൗരവസേനയുടെ ഇടയിൽക്കൂടി ധൃതരാഷ്ട്രപുത്രന്മാർ നിന്നിരുന്ന സ്ഥലത്തു് എത്തിച്ചേൎന്നു.

തേരിൽ നിന്നിരുന്ന ഭീമൻ വൈരികളുടെ സേനയുടെ ഇടയിൽ മറഞ്ഞതുകണ്ടു് ധൃഷ്ടദ്യുമ്നൻ വേഗത്തിൽ ഭീമനെ പിൻതുടൎന്നുചെന്നു. തേരു കണ്ടുപിടിച്ചു് അടുത്തുചെന്നു നോക്കിയപ്പോൾ ഭീമനില്ലാതെ സാരഥി തനിയെ ഇരിക്കുന്നതു കണ്ടു. ഉടൻതന്നെ വിഭ്രാന്തചിത്തനായി കണ്ണുനീരോടുകൂടി സാരഥിയെ നോക്കിക്കൊണ്ടു്,

"വിശോക! എനിക്കു് പ്രാണനേക്കാൾ പ്രിയപ്പെട്ട ഭീമസേനൻ എവിടെ?" എന്നു ചോദിച്ചു.

ദ്രുപദകുമാരനെ വണങ്ങിയിട്ടു് വിശോകൻ "എന്നോടു് ഇവിടെ ഇരിക്കാൻ പറഞ്ഞിട്ടു് ധൃതരാഷ്ട്രപുത്രന്മാർ ഒന്നിച്ചു കൂടിനിന്നിരുന്ന സൈന്യസമുദ്രത്തിന്നുള്ളിൽ പാണ്ഡുപുത്രൻ ഗദയും എടുത്തുകൊണ്ടു് കാൽനട

യായിപ്പോയി മറഞ്ഞു" എന്നു പറഞ്ഞു. ഇതു കേട്ടിട്ട് എല്ലാവരുംചേൎന്നു ഭീമസേനനെ കൊന്നുകളഞ്ഞേക്കുമെന്നു ഭയന്നു് ധൃഷ്ടദ്യുമ്നനും വൈരികളുടെ ഇടയിൽ കടന്നു. ഭീമൻെറ ഗദയ്ക്കു് ഇരയായിത്തീൎന്നു മരിച്ചുകിടന്നിരുന്ന ആനകളെക്കണ്ടു് യുദ്ധക്കളത്തിൽ വഴിമനസ്സിലാക്കി മുന്നോട്ടുപോയി.

അദ്ദേഹം വൈരികളുടെ ഇടയിൽ ഭീമസേനനെ കണ്ടു. ചുറവും രഥങ്ങളിൽ കയറിനിന്നു് എതിൎത്തുകൊണ്ടിരുന്ന വൈരികളുടെ മദ്ധ്യത്തിൽ മുറിവേററു് കോപാഗ്നി ജ്വലിപ്പിച്ചുകൊണ്ടു് ഗദാധാരിയായി ഭീമസേനൻ നിന്നിരുന്നു. ധൃഷ്ടദ്യുമ്നൻ ഭീമനെ ആലിംഗനംചെയ്തു് തേരിലേററിക്കൊണ്ടു് അദ്ദേഹത്തിൻെറ ദേഹത്തിൽ തറച്ചിരുന്ന അമ്പുകളെയെല്ലാം ഊരിക്കളഞ്ഞു.

അപ്പോൾ ദുൎയ്യോധനൻെറ ആജ്ഞപ്രകാരം പല വീരന്മാരും ഒന്നിച്ചു് ദ്രുപദനന്ദനനേയും ഭീമസേനനെയും എതിൎത്തു. "ഇവരെ കൊല്ലുക. ഇവർ യുദ്ധംചെയ്യാതിരിക്കവെ അവരെ ആക്രമിക്കുവിൻ" എന്നു് ദുൎയ്യോധനൻ ഉത്തരവു നൽകി. അതിൻപ്രകാരം യുദ്ധത്തിനു തയാറാകാതിരുന്ന ഭീമനേയും ധൃഷ്ടദ്യുമ്നനേയും അവർ എതിൎത്തു.

അപ്പോൾ ധൃഷ്ടദ്യുമ്നൻ ദ്രോണരുടെപക്കൽനിന്നും മനസ്സിലാക്കിയിരുന്ന ഒരു അസ്ത്രം അയച്ചു് വൈരികളെ പ്രജ്ഞയററവരാക്കിത്തീൎത്തു. ആ സമയം ദുൎയ്യോധനൻ അവിടെ ആഗതനായി മോഹനാസ്ത്രത്തിനു് എതിരായ മറെറാരു അസ്ത്രം പ്രയോഗിച്ചു് കൗരവവീരന്മാൎക്കു് പ്രജ്ഞ ഉളവാക്കി അവരെ ഉത്സാഹപ്പെടുത്തി ധൃഷ്ടദ്യുമ്നനെ എതിൎത്തു.

ഇതിനകം യുധിഷ്ഠിരൻ അഭിമന്യുവിൻെറ കീഴിൽ പന്ത്രണ്ടു് രഥവീരന്മാരോടുകൂടിയ ഒരു സേനയെ ധൃഷ്ടദ്യുമ്നനും ഭീമനും നിന്ന സ്ഥലത്തേക്ക് അയച്ചു. സുഭദ്രയുടെ വീരപുത്രൻ സേനയോടുകൂടി വന്നതുകണ്ടു് ധൃഷ്ടദ്യുമ്നൻ അതീവ സന്തുഷ്ടനായി യുദ്ധം തുടൎന്നു. ഇതിനിടയ്ക്കു് ഭീമനും വെള്ളംകുടിച്ചു് തൻെറ ക്ഷീണം മാററിയതിനുശേഷം കേകയരാജാവിൻെറ രഥത്തിൽകയറി യുദ്ധത്തിൽ പങ്കുകൊണ്ടു. എന്നാൽ ദ്രോണരുടെ പരാക്രമം അന്നു് വളരെ കൂടുതലായിരുന്നു. ധൃഷ്ടദ്യുമ്നൻെറ സാരഥിയേയും കുതിരകളേയും കൊന്നു് അദ്ദേഹത്തിൻെറ തേരും തകൎത്തുകളഞ്ഞു. തേരു് നഷ്ടപ്പെട്ട ദ്രുപദകുമാരൻ ഉടൻ അഭിമന്യുവിൻെറ തേരിലേറി യുദ്ധം തുടൎന്നു. പാണ്ഡവരുടെ സേന ഗതികാണാതെ ഞെട്ടുങ്ങി. കൗരവസേനയിലുള്ളവർ ദ്രോണരെ വളരെ പുകഴ്ത്തി.

അതിനുശേഷം അതിഭയങ്കരമായ യുദ്ധംനടന്നു. ആയിരക്കണക്കിനു് പടനായകന്മാരും പടയാളികളും മരിച്ചു. ദുൎയ്യോധനൻ ഭീമനുമായി കണ്ടുമുട്ടി. രണ്ടുപേൎക്കുമുള്ള വൈരം ആദ്യം അവരുടെ സംഭാഷണത്തിൽ വെളിപ്പെടുത്തിയതിനുശേഷം യുദ്ധംതുടങ്ങി. തേരുകളിൽ നിന്നു് രണ്ടുപേരും അന്യോന്യം ഭയങ്കരമായി എതിൎത്തു. ദുൎയ്യോധനൻ വളരെ അവശനായി മൂൎഛിച്ചു. അപ്പോൾ കൃപർ സാമൎത്ഥ്യത്തോടുകൂടി ദുൎയ്യോധനനെ തൻെറ തേരിൽ കയററി കാത്തുരക്ഷിച്ചു. ആ സമയം ഭീഷ്മരും അവിടെ വന്നുചേൎന്നു. അവിടെ തന്നെത്താനെ യുദ്ധം നടത്തി പാണ്ഡവന്മാരെ തുരത്തി ഓടിച്ചു. സൂൎയ്യൻ അസ്തമിക്കാറായിരുന്ന ആ സന്ദൎഭത്തിൽ ഒരു മുഹൂൎത്തം

നേരത്തേക്കു് വളരെ ഭയങ്കരമായ ഒരു യുദ്ധം അവിടെ നടന്നു. ആയിരക്കണക്കിനു് യുദ്ധവീരന്മാർ മൃതിയടഞ്ഞു. അതിനുശേഷം പോർ നിർത്തപ്പെട്ടു. ധൃഷ്ടദ്യുമ്നനും ഭീമനും ജീവനോടുകൂടി തിരിച്ചുവന്നതു് ധർമ്മപുത്രർക്കു് അളവററ സന്തോഷം നല്കി.

---

# 71. യുദ്ധം

## [ഏഴാം ദിവസം]

ദേഹം മുഴുവനും അമ്പുകൾ കൊണ്ടു് മുറിവേററു് ദുര്യോധനൻ ഭീഷ്മരുടെ സമീപം ചെന്നു് ഇങ്ങനെ പറഞ്ഞു. "ഓരോ ദിവസവും പാണ്ഡവന്മാർ ജയിച്ചു് നമ്മുടെ സേനാവ്യൂഹത്തെ ഭേദിച്ചു രണവീരന്മാരെ കൊന്നുവരുന്നു. അങ്ങു വെറുതേ ഇരിക്കുന്നല്ലോ."

ഭീഷ്മർ ദുര്യോധനനെ സാന്ത്വനവാക്കുകൾകൊണ്ടു് ഇപ്രകാരം ആശ്വസിപ്പിച്ചു. "ഞാനും ദ്രോണനും ശല്യനും കൃതവർമ്മാവും അശ്വത്ഥാമാവും വികർണ്ണനും ഭഗദത്തനും ശകുനിയും അവന്തിദേശത്തിലെ രണ്ടു സഹോദരന്മാരും ത്രിഗർത്തരാജാവും മഗധദേശാധിപതിയും കൃപാചാര്യരും നിങ്ങൾക്കുവേണ്ടി പ്രാണനെപ്പോലും ഉപേക്ഷിക്കാൻ തയാറായിരിക്കുമ്പോൾ നിങ്ങൾ എന്തിനാണു് ഇങ്ങനെ ധൈര്യം വെടിയുന്നതു്? അതു് ആവശ്യമില്ല." പിന്നീടു് ഭീഷ്മർ കൗരവസൈന്യത്തെ ആ ദിവസത്തെ യുദ്ധത്തിനുവേണ്ടി അണിനിരത്തി.

"അതാ നോക്കുക: അനേകായിരം രഥങ്ങളും കുതിരകളും കുതിരപ്പടയാളികളും ശ്രേഷ്ഠങ്ങളായ ആനകളും

പല ദേശങ്ങളിൽനിന്നും വന്നിരിക്കുന്ന ആയുധപാണികളായ കാലാൾപ്പടകളും ഉള്ള ഈ സൈന്യത്തെക്കൊണ്ടു് ദേവന്മാരെപ്പോലും തോല്പിക്കാൻ സാധിക്കും. ഭയപ്പെടേണ്ട" എന്നു പറഞ്ഞു് ഭീഷ്മർ ദുര്യോധനന്റെ മുറിവുകൾ ഭേദമാകുന്നതിനു് ഔഷധം നല്കി.

ദുര്യോധനൻ ആ ഔഷധം തന്റെ ദേഹത്തിൽ പുരട്ടി അമ്പുകൊണ്ടുണ്ടായ ക്ഷതങ്ങൾ മാറ്റി ധൈര്യവും ഉത്സാഹവും അവലംബിച്ചു് യുദ്ധത്തിനു ഹാജരായി. അന്നു് കൗരവസൈന്യം മണ്ഡലവ്യൂഹമായി അണിനിരന്നു. ഓരോ ആനയുടെ അടുത്തു് ഏഴു രഥങ്ങളും ഓരോ രഥത്തിനു് സഹായമായി ഏഴു് അശ്വഭടന്മാരും ഓരോ കുതിരപ്പടയാളിക്കും പരിച ധരിച്ച പത്തു് ആളുകളും തുണയായി നിന്നു. എല്ലാ വീരന്മാരും നല്ല കവചം ധരിച്ചിരുന്നു. ഈ മഹാസൈന്യത്തിന്റെ മദ്ധ്യത്തിൽ രഥത്തിൽ നിന്നുകൊണ്ടു് ദുര്യോധനൻ ഇന്ദ്രനെപ്പോലെ ശോഭിച്ചു.

* * * * * *

യുധിഷ്ഠിരൻ പാണ്ഡവസൈന്യത്തെ വജ്രവ്യൂഹമായി അണിനിരത്തി. അന്നത്തെ യുദ്ധത്തിൽ പല സ്ഥലങ്ങളിലും വലിയ സമരം നടന്നു. അർജ്ജുനന്റെ ആക്രമണത്തെ ഭീഷ്മർ തടുത്തു. ദ്രോണരും വിരാടനും മറെറാരു സ്ഥലത്തു് പരസ്പരം എതിർത്തു് പോരു നടത്തി. വേറൊരു സ്ഥാനത്തു് ശിഖണ്ഡിയും അശ്വത്ഥാമാവും തമ്മിൽ വലിയ യുദ്ധം നടന്നു. മറെറാരിടത്തു് ദുര്യോധനനും ധൃഷ്ടദ്യുമ്നനുമായി പോരാടി. നകുലസഹ

ദേവന്മാർ അവരുടെ അമ്മാവനായ ശല്യനെ എതിൎത്തു. അവന്തിരാജാക്കന്മാർ യുധാമന്യുവിനോടെതിരിട്ടു. ഭീമസേനനാകട്ടെ കൃതവൎമ്മാവു്, ചിത്രസേനൻ, വികൎണ്ണൻ, ദുൎമ്മഷണൻ എന്നിവരുമായി പോരാടി. മറെറാരുവശത്തു് ഘടോൽക്കചനും ഭഗദത്തനും തമ്മിൽ വലുതായ സമരം നടന്നു. വേറൊരിടത്തു് അലംബുസൻ സാത്യകിയെ എതിൎത്തു. ഭൂരിശ്രവസ്സ് ധൃഷ്ടകേതുവിനെ ആക്രമിച്ചു. യുധിഷ്ഠിരൻ ശ്രുതായുസ്സിനെ എതിൎത്തു. ചേകിതാനൻ മറെറാരു സ്ഥലത്തു് കൃപാചാൎയ്യരെ നേരിട്ടു.

*　*　*　*　*

ദ്രോണരും വിരാടനും തമ്മിൽ നടന്ന യുദ്ധത്തിൽ വിരാടൻ തോററു് തന്റെ രഥം, സാരഥി, കുതിരകൾ ഇവ നഷ്ടപ്പെട്ടു് പുത്രനായ ശംഖന്റെ രഥത്തിൽ കയറി. വിരാടന്റെ പുത്രനായ ഉത്തരനും ശ്വേതനും ആദ്യത്തെ ദിവസത്തെ യുദ്ധത്തിൽതന്നെ മരിച്ചിരുന്നു. ഏഴാമത്തെ ദിവസം ശംഖൻ പിതൃസമീപത്തിൽവച്ചു് മരണം പ്രാപിച്ചു.

ദ്രുപദന്റെ പുത്രനായ ശിഖണ്ഡിക്കു് അശ്വത്ഥാമാവിന്റെ ആക്രമണത്താൽ രഥം നഷ്ടമായി. ഉടൻ തന്നെ അദ്ദേഹം താഴെച്ചാടി വാളും പരിചയും എടുത്തു് യുദ്ധംചെയ്വാൻ ശ്രമിച്ചു. അശ്വത്ഥാമാവു് ശിഖണ്ഡിയുടെ വാളിനെ ബാണങ്ങൾകൊണ്ടു് ഛേദിച്ചു. ഉടൻ തന്നെ ശിഖണ്ഡി ഭഗ്നമായ വാൾ എടുത്തു് അശ്വത്ഥാമാവിന്റെ നേൎക്കു് എറിഞ്ഞു. ഉഗ്രവേഗത്തിൽ പാഞ്ഞുവന്ന ഖഡ്ഗത്തെ അശ്വത്ഥാമാവു് ഒരു ബാണംകൊണ്ടു

വളരെ സാമത്ഥ്യത്തോടുകൂടി തടുത്തു. അത്യന്തം മുറിവേററ ശിഖണ്ഡി സാത്യകിയുടെ രഥത്തിൽ കയറി അവിടെനിന്നും മാറിപ്പോയി.

സാത്യകിയും രാക്ഷസനായ അലംബസനും തമ്മിൽ നടന്ന യുദ്ധത്തിൽ ആദ്യമായി സാത്യകിക്കു് വലുതായ വിഷമം നേരിട്ടു. എന്നാൽ അവസാനത്തിൽ അലംബസൻ തോററു് പിന്തിരിഞ്ഞോടി.

ധൃഷ്ടദ്യുമ്നനാൽ ആക്രമിക്കപ്പെട്ട ദുര്യോധനന്റെ രഥത്തിലെ കുതിരകൾ നഷ്ടമായി. വാളുംകൊണ്ടു താഴെച്ചാടി ദുര്യോധനൻ ധൃഷ്ടദ്യുമ്നനെ എതിൎത്തു. ആ സമയം ശകുനി വന്നു് രാജാവിനെ തന്റെ രഥത്തിൽ കേററിക്കൊണ്ടു് പോയി. കൃതവമ്മാവു് ഭീമനെ ശക്തിയായി ആക്രമിച്ചു. എങ്കിലും പരാജയം പ്രാപിച്ചു. ദേഹം മുഴുവനും അമ്പുകൾ തറച്ചു് കൃതവമ്മാവു് മുള്ളൻ പന്നിയെപ്പോലെ ശോഭിച്ചു. കുതിരകളും തേരും ഇല്ലാതെയായി അദ്ദേഹം പരാജയം സ്വീകരിച്ചു് ശകുനിയുടെ രഥത്തിൽ കയറാൻ ഓടി.

അവന്തിദേശത്തിലെ സഹോദരന്മാരായ വിന്ദനും അനുവിന്ദനും യുധാമന്യുവിനെ എതിൎത്തു് തോററു. അവരുടെ പടയും നശിച്ചു. ഭഗദത്തൻ ആനപ്പുറത്തു കയറി ഘടോൽക്കചനെ എതിൎത്തു അദ്ദേഹത്തിനു വലുതായ വിജയം സിദ്ധിച്ചു. ഘടോൽക്കചന്റെ കൂടെയുണ്ടായിരുന്ന വീരന്മാരും ഭടന്മാരും പിന്തിരിഞ്ഞോടി. ഘടോൽക്കചൻ മാത്രം അവിടെനിന്നു് ഭഗദത്തനെ എതിൎത്തു. ഭയങ്കരമായ യുദ്ധം അവർ തമ്മിൽ നടന്നു.

ഒടുവിൽ ഘടോൽക്കചന് വലുതായ പരാജയം ഉണ്ടായി. യുദ്ധക്കളത്തിൽനിന്നും ഓടി രക്ഷപ്രാപിച്ചു. കൗരവസേന സന്തോഷിച്ചു.

* * * * *

ശല്യൻ മറെറാരു സ്ഥലത്തു് തൻെറ സഹോദരിയുടെ മക്കളായ നകുലസഹദേവന്മാരെ എതിർത്തു. നകുലൻെറ തേർ ഉടഞ്ഞു. കുതിരകൾ കൊല്ലപ്പെട്ടു. ഉടനെ അദ്ദേഹം സഹദേവൻെറ രഥത്തിൽ കയറി. രണ്ടുപേരും ഒരേ രഥത്തിലിരുന്നു് യുദ്ധംചെയ്തു. സഹദേവൻ അയച്ച അമ്പുകൾ ശല്യനെ മോഹാലസ്യപ്പെടുത്തി. പിന്നീടു് സാരഥി ശല്യൻെറ രഥത്തെ സാവധാനത്തിൽ മറെറാരിടത്തു കൊണ്ടുപോയി.

ഇങ്ങനെ മദ്രദേശത്തിലെ രാജാവു് പിൻതിരിഞ്ഞതു കണ്ടു് ദുര്യോധനൻെറ സൈന്യം ധൈര്യം വെടിഞ്ഞു. മാദ്രീസുതന്മാർ ശംഖു് ഊതിക്കൊണ്ടു് ശല്യൻെറ സൈന്യത്തെ നശിപ്പിച്ചു.

* * * * *

മദ്ധ്യാഹ്നത്തിൽ യുധിഷ്ഠിരൻ ശ്രുതായുസ്സിൻെറ നേർക്കു രഥം നയിച്ചു. ധർമ്മപുത്രൻ തൊടുത്ത അമ്പുകളെ ശ്രുതായുസ്സ ഛേദിച്ചു് ഏഴു കൂർത്ത അമ്പുകളെ എയ്തു് ധർമ്മപുത്രന്റെ കവചത്തെ ഭേദിച്ചു് അദ്ദേഹത്തെ വ്രണപ്പെടുത്തി. ധർമ്മപുത്രൻ ശ്രുതായുസ്സിൻെറ വക്ഷസ്സിൽ തറയ്ക്കത്തക്കവണ്ണം ഒരു ബാണം അയച്ചു. അന്നു് ധർമ്മപുത്രൻ തൻെറ സ്വാഭാവികമായ മനോഭാവം വെടിഞ്ഞു് ക്രോധോജ്ജ്വലനായെന്നു് വ്യാസൻ പറയുന്നു. അവസാനത്തിൽ തേരും കുതിരകളും സാരഥിയും ഇല്ലാ

തായി ശ്രുതായുസ്സ് യുദ്ധക്കളംവിട്ട് മാറി. അപ്പോൾ ദുര്യോധനന്റെ സൈന്യം ധൈര്യമുപേക്ഷിച്ചു പരവശമായി.

കൃപരെ എതിൎത്തു് ചേകിതാനനു് സാരഥിയും രഥവും നഷ്ടപ്പെട്ടു. അപ്പോൾ അദ്ദേഹം ഗദ എടുത്തുംകൊണ്ടു് താഴെ ഇറങ്ങി കൃപരുടെ കുതിരകളേയും സാരഥിയേയും കൊന്നു. കൃപരും രഥംവിട്ടിറങ്ങി തറയിൽ നിന്നും വില്ലുകുലച്ചു് അമ്പുകൾ അയച്ചു. അതിനേയും ചേകിതാനൻ തന്റെ ബാണത്താൽ തടുത്തു. പിന്നീടു് ചേകിതാനൻ വാൾവീശി അദ്ദേഹത്തിന്റെമേൽ പാഞ്ഞു. കൃപർ വില്ലുപേക്ഷിച്ചു് വാളെടുത്തുംകൊണ്ടു് നിന്നു. രണ്ടുപേരും ഖഡ്ഗയുദ്ധത്തിൽ മുറിവേററു ഭൂമിയിൽ വീണു. ഭീമസേനൻ വന്നു് ചേകിതാനനെ തന്റെ തേരിൽ കയററി. അതുപോലെ ശകുനിയും കൃപരെ തേരിൽ കയററിക്കൊണ്ടുപോയി.

ധൃഷ്ടകേതു ഭൂരിശ്രവസ്സിന്റെ വക്ഷസ്സിലേയ്ക്കു തൊണ്ണൂററാറു ബാണങ്ങൾ അയച്ചു. കിരണങ്ങൾകൊണ്ടു ജ്വലിക്കുന്ന ആദിത്യനെപ്പോലെ ഭൂരിശ്രവസ്സ് തന്റെ വക്ഷസ്സിലേററ ബാണങ്ങളോടുകൂടി പ്രകാശിച്ചു. അപ്പോഴും അദ്ദേഹം യുദ്ധംതുടൎന്നു് ധൃഷ്ടകേതുവിനെ തോല്പിച്ചോടിച്ചു. ദുര്യോധനന്റെ സഹോദരന്മാർ മൂന്നുപേരും അഭിമന്യുവിനെ എതിൎത്തു വലുതായ പരാജയം അടഞ്ഞു. അഭിമന്യു "ഇവരെ കൊല്ലുമെന്നു് ഭീമൻ പ്രതിജ്ഞചെയ്തിരിക്കുന്നതുകൊണ്ടു് ഞാൻ ഇവരെ വിട്ടുകളയാം." എന്നു വിചാരിച്ചു് അവിടെനിന്നും മാറിപ്പോയി. അനന്തരം ഭീഷ്മർ അഭിമന്യുവിനെ എതിൎത്തു.

അതുകണ്ടു് അർജ്ജുനൻ ഇങ്ങനെ പറഞ്ഞു "ഹേ, കൃഷ്ണ, ഭീഷ്മരെ എതിക്കണം. രഥത്തെ നയിച്ചാലും." ആ സമയം മററു പാണ്ഡവന്മാരും അർജ്ജുനന്റെ സമീപത്തുവന്നു. അവരഞ്ചുപേരെയും പിതാമഹൻ തടുത്തു. യുദ്ധംനടന്നുകൊണ്ടിരിക്കുമ്പോഠംതന്നെ സൂര്യൻ മറഞ്ഞു. യുദ്ധം നിറുത്തപ്പെട്ടു. എല്ലാവരും വളരെ മുറിവേററു് ക്ഷീണിച്ചു് അവരവരുടെ കൂടാരങ്ങളിലേക്കു പോയി. രണ്ടുവശത്തുമുള്ള വീരന്മാരും അവരുടെ ദേഹത്തിൽ തറച്ചിരുന്ന അമ്പുകളെ എടുത്തു് വൈദ്യശാസ്ത്രപ്രകാരം മുറിവുകഠം കഴുകി വിശ്രമിച്ചു. ഒരു മുഹൂർത്തകാലത്തേക്കു് എല്ലാവരും സംഗീതവാദ്യങ്ങഠം കേട്ടു് ഉല്ലാസമായി സമയംകഴിച്ചു. ആ സമയം സ്വർഗ്ഗത്തിൽ ഇരിക്കുന്നതുപോലെ യുദ്ധവർത്തമാനം യാതൊന്നും ഉരിയാടാതെ അവർ കഴിച്ചുകൂട്ടി. ആ കാഴ്ച കാണാൻ രമണീയമായിരുന്നു എന്നു് വ്യാസഭഗവാൻ പറയുന്നു. മഹാഭാരതത്തിലെ ഉപദേശതത്വം ഇതിൽനിന്നും മനസ്സിലാക്കാം.

## 72. യുദ്ധം

[എട്ടാം ദിവസം]

എട്ടാംദിവസം ഉദിച്ചു. ഭീഷ്മർ കൗരവസൈന്യത്തെ കൂർമ്മവ്യൂഹമായി അണിനിരത്തി. യുധിഷ്ഠിരൻ ധൃഷ്ടദ്യുമ്നനോടു പറഞ്ഞു. "കൗരവസൈന്യത്തിന്റെ കൂർമ്മവ്യൂഹം നോക്കുക. അതിനെ ഭേദിക്കാൻതക്കവണ്ണം നമ്മുടെ സൈന്യത്തെ വേഗം അണിനിരത്തുക." ധൃഷ്ട

ദ്യുമ്നൻ പാണ്ഡവസൈന്യത്തെ മൂന്നു ശിഖരങ്ങളുള്ള വ്യൂഹമായി അണിനിരത്തി. ഭീമസേനൻ ഒരു കൊട്ടമു ടിയിലും സാത്യകി മറെറാന്നിലും അവരവരുടെ പടക ളോട്ടുകൂടി നിന്നു. നടുവിൽ യുധിഷ്ഠിരൻ നിന്നു. യുദ്ധ വിദ്യ നമ്മുടെ പൂർവ്വികന്മാർ നല്ലവണ്ണം അറിഞ്ഞിരുന്നു. അതു മിക്കവാറും ക്ഷത്രിയന്മാൎക്കു പാരമ്പര്യമായി കിട്ടി യിരുന്നു. പുസ്തകങ്ങളിൽ എഴുതപ്പെട്ടിരുന്നില്ല. ശത്രു ക്കൾ ഉപയോഗിക്കാവുന്ന ആയുധബലത്തിനും അക്കാ ലത്തു് അവലംബിച്ചുവന്ന യുദ്ധരീതികൾക്കും അനുസര ണമായി രാജാക്കന്മാർ അവരുടെ ആയുധങ്ങളും യുദ്ധ രീതികളും ശരിപ്പെടുത്തിവന്നിരുന്നു.

അനേകായിരം വൎഷങ്ങൾക്കുമുൻപു് നടന്ന സംഭ വമാണു് കുരുക്ഷേത്രയുദ്ധം. ഭാരതത്തിൽ കാണപ്പെടുന്ന യുദ്ധവർണ്ണന ഇക്കാലത്തെ യുദ്ധരീതികളുമായി താരത മ്യപ്പെടുത്തി അതു് വെറും കല്പനമാത്രമാണെന്നും സാര മില്ലെന്നും വിചാരിച്ചു് ഉപേക്ഷിക്കരുതു്. നൂറെറൺ പതു വൎഷങ്ങൾക്കുമുൻപാണു് ആംഗ്ലേയവീരനായ നെൽ സൺ നടത്തിയ കപ്പൽയുദ്ധം. അദ്ദേഹത്തിൻെറ കപ്പൽപ്പടയും ആയുധങ്ങളും ഇപ്പോൾ നടപ്പിലിരിക്കുന്ന നാവികസൈന്യങ്ങളും ആയുധങ്ങളുമായി താരതമ്യപ്പെ ടുത്തി നോക്കുന്നതായാൽ നെൽസൻെറ കാലത്തിൽ നടന്നതെല്ലാം വളരെ വിനോദകരമായി തോന്നും. നൂറെറൺപതു വൎഷത്തിനെക്കാൾ പതിന്മടങ്ങു പുരാത നമാണല്ലോ ഭാരതയുദ്ധം.

മറെറാരു വിഷയവും നമ്മൾ ഓൎക്കേണ്ടതാണു്. യുദ്ധത്തെപ്പററി കവികളും ഗ്രന്ഥകാരന്മാരും എഴുതുന്ന

കൃതികളിൽ ആയുധങ്ങളെയും യുദ്ധനടപടികളെയും സംബന്ധിച്ചു് ശരിയായ വിവരങ്ങൾ കിട്ടുമെന്നു നമ്മൾ പ്രതീക്ഷിക്കരുതു്. പ്രാചീനകാലത്തിൽ നടപ്പിലിരുന്ന യുദ്ധരീതികൾ ക്ഷത്രിയസംസ്കാരത്തെ ആശ്രയിച്ചിരുന്നു. അവയുടെ രഹസ്യങ്ങളും തത്വങ്ങളും ആ തൊഴിലിൽ ഏൎപ്പെട്ടിരിക്കുന്നവൎക്കു പരമ്പരയാ ലഭിച്ചിരുന്നു. കവികളും ഋഷികളും രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ അവയെ വിശദമായി വൎണ്ണിച്ചുകാണുകയില്ല. ഇപ്പോഴും നോവലുകളിലും ചെറുകഥകളിലും കഥാപാത്രങ്ങൾക്കു് ചികിത്സ നടത്തിയതായി പറയുന്നതല്ലാതെ ആ മരുന്നുകളുടെ വിവരണം ഗ്രന്ഥകാരൻ എഴുതുന്ന പതിവില്ലല്ലോ. അങ്ങനെ എഴുതിയാൽ അതു് കഥയ്ക്കു് പൊരുത്തമായിരിക്കയില്ല. അതിനാൽ മഹാവ്യൂഹം, കൂൎമ്മവ്യൂഹം, ശൃംഗാടകം, അമ്പുകൾ വൎഷിച്ചു കോട്ടകെട്ടുക, ബാണത്താൽ ബാണത്തെ ഛേദിക്കുക, ദേഹത്തിൽ അമ്പുകൾ തറച്ചതിനുശേഷവും എങ്ങനെയാണു് ജീവിക്കുക, കവചങ്ങൾ എപ്രകാരമാണു് വീരന്മാൎക്കു് ഉതകിയതു്, എന്നിത്യാദി വിവരങ്ങൾ എല്ലാം നമുക്കു് മനസ്സിലാകത്തക്കവണ്ണം വ്യാസദേവൻ തന്റെ പുരാണത്തിൽ എഴുതിയിട്ടില്ല. ഇത്രയും എഴുതിയിരിക്കുന്നതുതന്നെ ഒരു വലിയ ആശ്ചൎയ്യമാണു്.

*     *     *     *

എട്ടാമത്തെ ദിവസം യുദ്ധത്തിൽ ആദ്യംതന്നെ ധൃതരാഷ്ട്രപുത്രന്മാരായ എട്ടുപേരെ ഭീമൻ കൊന്നു. ഈ സംഭവം ദുൎയ്യോധനന്റെ ഹൃദയത്തെ ഭേദിച്ചു. സഭയിൽ

താൻ ചെയ്ത പ്രതിജ്ഞ ഭീമൻ ഇന്നുതന്നെ പരിപാലി ക്കും എന്നു് എല്ലാവരും ഭയന്നു.

അർജ്ജുനനു് അന്നു് വലുതായ ദുഃഖം ഉണ്ടായി. അദ്ദേഹത്തിൻെറ പ്രിയപുത്രനായ ഇരാവാൻ കൊല്ല പ്പെട്ടു. നാഗകന്യകയിൽ അർജ്ജുനനു ജനിച്ച ഈ വീരൻ പാണ്ഡവന്മാക്കു തുണയായി വന്നു് യുദ്ധംചെയ്തു് കൗരവസൈന്യത്തിൽ വലുതായ നാശം ഉണ്ടാക്കി. ഇരാവാനെ എതിക്കുന്നതിനു് രാക്ഷസനായ അലംബു സനെയാണു് ദുര്യോധനൻ നിയോഗിച്ചതു്. ഇരുവരും തമ്മിൽ ഘോരമായ യുദ്ധംനടന്നു. ഒടുവിൽ ഇരാവാൻ കൊല്ലപ്പെട്ടു.

ഈ വത്തമാനം അർജ്ജുനൻ അറിഞ്ഞപ്പോരം അദ്ദേഹത്തിനു് അസഹ്യമായ ദുഃഖം ഉണ്ടായി. അദ്ദേഹം വാസുദേവനെ നോക്കി ഇങ്ങനെ വിലപിച്ചു. "ഇരുഭാഗത്തിലും വലിയ ദുഃഖം ഉണ്ടാകുമെന്നു് വിദുരർ പണ്ടുതന്നെ പറഞ്ഞിട്ടുണ്ടു്. ധനത്തിനുവേണ്ടി ഇപ്ര കാരം നാശകരമായ കാര്യം നമ്മരം ചെയ്യുന്നല്ലോ. ഇത്ര വളരെ കൊലപാതകങ്ങരം ചെയ്തു് നമ്മളോ, അവരോ എന്തു സുഖമാണനുഭവിക്കാൻപോകുന്നതു്? മധുസൂദനാ! യുധിഷ്ഠിരൻ ദുര്യോധനനോടു് അഞ്ചു ഗ്രാമങ്ങരം എങ്കി ലും വാങ്ങിച്ചു് യുദ്ധം ഒഴിക്കാൻ ശ്രമിച്ചതിൻെറ ദീർഘ ദശിത്വം ഞാൻ ഇപ്പോഴാണു മനസ്സിലാക്കുന്നതു്. മൂർഖ നായ ദുര്യോധനൻ അഞ്ചു ഗ്രാമങ്ങരംപോലും തരാൻ വിസമ്മതിച്ചു് രണ്ടുവശത്തും നടക്കുന്ന ഈ മഹാപാപ കൃത്യങ്ങരംക്കു കാരണമായിത്തീൻ. ഇയാരം ഭീരു എന്നു് ജനങ്ങരം പഴിക്കുമെന്നു് വിചാരിച്ചല്ലേ ഞാൻ യുദ്ധം

ചെയ്യുന്നതു്. യുദ്ധക്കളത്തിൽ വീണുകിടക്കുന്ന ക്ഷത്രിയന്മാരെ നോക്കി എൻെറ മനസ്സു കലങ്ങുന്നു. നമ്മുടെ ജീവിതം പാപകരം തന്നെ.”

* * * *

ഇരാവാൻ കൊല്ലപ്പെട്ടു എന്നുകണ്ടു് ഭീമസേനൻെറ പുത്രനായ ഘടോൽക്കചൻ സൈന്യത്തെയെല്ലാം നടുക്കത്തക്കവണ്ണം ഗർജ്ജിച്ചുംകൊണ്ടു് കൗരവസൈന്യത്തെ നശിപ്പിക്കാൻ ആരംഭിച്ചു. അനേകം സ്ഥലങ്ങളിൽ കൗരവസൈന്യം ഭയന്നു ചിന്നിച്ചിതറി. അതു കണ്ടു് ദുര്യോധനൻ തന്നെ ഘടോൽക്കചനെ എതിക്കാൻ സന്നദ്ധനായി.

ദുര്യോധനനു തുണയായി വംഗദേശത്തിലെ രാജാവു് ആനപ്പടയോടുകൂടി ചെന്നു. എട്ടാമത്തെ ദിവസത്തിൽ ദുര്യോധനൻ വളരെ ധൈര്യമായി യുദ്ധം ചെയ്തു. ഘടോൽക്കചൻെറ സൈന്യത്തിലുള്ള അനേകം പേരെ ദുര്യോധനൻ വധിച്ചു. ഇതുകണ്ടു് അത്യന്തം കുപിതനായി ഘടോൽക്കചൻ ദുര്യോധനൻെറ നേക്കു് ശക്ത്യായുധം എറിഞ്ഞു. വംഗദേശാധിപതി പെട്ടെന്നു് തൻെറ ആനയെ നടുവിൽ നിൎത്തി ദുര്യോധനനെ രക്ഷിച്ചു. ആന ഘടോൽക്കചൻെറ ശക്ത്യായുധത്തിനിരയായിത്തീൎന്നു.

ഭീഷ്മർ ദുര്യോധനൻ അപായത്തിലായിരിക്കുന്നു എന്നു് അനുമാനിച്ചു് ഒരു വലിയ സൈന്യത്തെ ദ്രോണൻെറ നേതൃത്വത്തിൽ രാജാവിനെ സഹായിക്കാൻ അയച്ചു. കൗരവസൈന്യത്തിലുള്ള വിഖ്യാതവീരന്മാരിൽ

പലതും ഒരുമിച്ചു ചേൎന്നു് ഘടോൽക്കചനെ എതിൎത്തു. അപ്പോഠം ഉണ്ടായ ഗൎജ്ജനങ്ങഠം നിമിത്തം ഘടോൽക്കചനു് ആപത്തു നേരിട്ടതായി അറിഞ്ഞു് യുധിഷ്ഠിരൻ ഭീമസേനനെ സഹായമായി അയച്ചു. ഭീമൻ വന്നതിനു ശേഷം പൂൎവ്വാധികം ഘോരമായി യുദ്ധം നടന്നു. എട്ടാം ദിവസത്തെ യുദ്ധത്തിൽ ആകെക്കൂടി ദുൎയ്യോധനന്റെ പതിനാറനുജന്മാർ മരിച്ചു.

---

# 73. യുദ്ധം

[ഒൻപതാംദിവസം]

ഒൻപതാമത്തെ ദിവസം യുദ്ധം ആരംഭിക്കുന്നതിനു മുൻപു് ദുൎയ്യോധനൻ ഭീഷ്മരുടെ അടുക്കൽ ചെന്നു് തനിക്കു് നേരിട്ട തോൽവികളെപ്പറ്റി വിലപിച്ചു് കഠാരി കൊണ്ടു് കുത്തുന്നതുപോലെയുള്ള നിശിതവാക്കുകഠം കൊണ്ടു് ആ ധൎമ്മാത്മാവിനെ പീഡിപ്പിച്ചു. എങ്കിലും പിതാമഹൻ ക്ഷമ വെടിഞ്ഞില്ല. "ശക്തിയനുസരിച്ചു് പ്രവൎത്തിക്കുന്നവനും നിനക്കു വേണ്ടി യുദ്ധത്തിൽ പ്രാണനെ ബലികൊടുക്കാൻ സന്നദ്ധനും ആയ എന്നെ എന്തു കൊണ്ടാണു് ദുഃഖിപ്പിക്കുന്നതു്? വാച്യാവാച്യങ്ങഠം മനസ്സിലാക്കാതെ നീ സംസാരിക്കുന്നു. മരണം അടുക്കുമ്പോഠം മനുഷ്യർ വൃക്ഷങ്ങളെ സ്വൎണ്ണമയമായിക്കാണുന്നു എന്നു പറയാറുണ്ടു്. അതുപോലെ ഇപ്പോഠം നീ കാൎയ്യങ്ങളെല്ലാം വിപരീതമായിക്കാണുന്നു. നീ മനഃപൂൎവ്വം വരുത്തിവച്ച വിരോധത്തിന്റെ ഫലം ഇപ്പോഠം അനുഭവിക്കുന്നു.

പൗരുഷം വിടാതെ ധൈര്യമായി യുദ്ധം ചെയ്യുന്നതാണു് ഇപ്പോഠം നിൻെറ കർത്തവ്യം. അതുതന്നെയാണു് നിൻെറ ധർമ്മവും. ശിഖണ്ഡിയെ എതിക്കാൻ എനിക്കു സാധിക്കുകയില്ല. സ്ത്രീവധം ഞാൻ ചെയ്യുകയില്ല. പാണ്ഡവന്മാരെ എൻെറ കൈകൊണ്ടു് വധിക്കാൻ കഴിയുകയില്ല. ഇതു രണ്ടും ഒഴിച്ചു് ബാക്കി എല്ലാവരെയും എതിത്തു ഞാൻ യുദ്ധം ചെയ്യും. ക്ഷത്രിയകുലത്തിനു് യോഗ്യമായ രീതിയിൽ നീയും മനസ്സിടിയാതെ യുദ്ധം ചെയ്യുക" എന്നു് പിതാമഹൻ ദുര്യോധനനു ഹിതമായുള്ളതിനെ ഉപദേശിച്ചു. അനന്തരം അന്നേ ദിവസം സൈന്യത്തെ വ്യൂഹപ്പെടുത്തേണ്ട രീതിയെപ്പറ്റി അദ്ദേഹം പ്രസ്താവിച്ചു.

ദുര്യോധനൻ ആശ്വസിച്ചു് ദുശ്ശാസനനെ വിളിച്ചിങ്ങനെ പറഞ്ഞു. "അനുജാ! നമ്മുടെ പൂർണ്ണബലവും ഇന്നു് യുദ്ധക്കളത്തിൽ ഉപയോഗിക്കണം, ഭീഷ്മർ നിഷ്കളങ്കമായ ഹൃദയത്തോടുകൂടിത്തന്നെയാണു് നമുക്കു വേണ്ടി യുദ്ധം ചെയ്യുന്നതു്. ശിഖണ്ഡിയെമാത്രം അദ്ദേഹത്തിനു് എതിക്കാൻ സാധിക്കുകയില്ല എന്നു പറയുന്നു. മററാരെപ്പററിയും നമുക്കു് വിഷമിക്കേണ്ട. ശിഖണ്ഡി അദ്ദേഹത്തെ ആക്രമിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകഠം ചെയ്യണം. അജാഗ്രതയോടുകൂടി ഇരുന്നാൽ സിംഹത്തെയും ചെന്നായു് കൊല്ലുമല്ലോ".

*       *       *       *       *       *

ഒൻപതാംദിവസത്തെ യുദ്ധത്തിൽ അഭിമന്യുവും അലംബുസനും തമ്മിൽ വലുതായ യുദ്ധം നടന്നു. വിഖ്യാതനായ ധനഞ്ജയനെപ്പോലെ തന്നെ പുത്രനായ

അഭിമന്യുവും യുദ്ധം ചെയ്തു് അലംബുസനെ രഥഹീനനാക്കി യുദ്ധക്കളത്തിൽ നിന്നും ഓടിച്ചു.

സാത്യകിയും അശ്വത്ഥാമാവും തമ്മിൽ വലുതായ യുദ്ധം നടന്നു. ദ്രോണർ അർജ്ജുനനെ എതിരിട്ടു. പിന്നീടു് എല്ലാ പാണ്ഡവന്മാരും ഭീഷ്മരെ എതിർത്തു. ഭീഷ്മരെ കാത്തു രക്ഷിക്കുന്നതിനു് ദുര്യോധനൻ ദുശ്ശാസനനെ അയച്ചു. ഭീഷ്മർ ഘോരമായി യുദ്ധംചെയ്തു് പാണ്ഡവന്മാരുടെ ശ്രമങ്ങളെല്ലാം വ്യർത്ഥമാക്കി. പാണ്ഡവസൈന്യം അന്നു് വളരെ വിഷമിച്ചു് കാട്ടിൽ വഴി തെറ്റി ചുററിത്തിരിയുന്ന പശുക്കളെപ്പോലെ ദയനീയമായ നിലയെ പ്രാപിച്ചു.

അപ്പോൾ ശ്രീകൃഷ്ണൻ രഥം നിറുത്തി ഇങ്ങനെ പറഞ്ഞു. "ഹേ പാർത്ഥ! നീയും നിന്റെ സഹോദരന്മാരും പതിമൂന്നു സംവത്സരക്കാലമായി കാത്തുകൊണ്ടിരുന്ന സന്ദർഭം ഇപ്പോൾ വന്നിരിക്കുന്നു. ക്ഷത്രിയധർമ്മം ഓർമ്മിക്കുക. ഭീഷ്മരെ കൊല്ലാൻ മടിക്കേണ്ടാ".

അർജ്ജുനൻ തലകുനിച്ചു് ഇങ്ങനെ പറഞ്ഞു. "അവധ്യരായ ആചാര്യന്മാരേയും പിതാമഹനേയും കൊല്ലുന്നതിനേക്കാൾ വനവാസം തന്നെയാണു് ശ്രേയസ്കരം. എങ്കിലും അങ്ങു പറയുന്നതുപോലെ ഞാൻ ചെയ്യാം. രഥത്തെ നയിക്കുക". അർജ്ജുനൻ വളരെ വിഷമിച്ചു് ഇഷ്ടമില്ലാത്ത ആ പ്രവൃത്തി ചെയ്യുന്നതിനായി ഒരുമ്പെട്ടു. ഭീഷ്മർ മദ്ധ്യാഹ്നസൂര്യനെപ്പോലെ പ്രകാശിച്ചു.

പാർത്ഥന്റെ രഥം ഭീഷ്മരുടെ നേർക്കു പാഞ്ഞപ്പോൾ പാണ്ഡവസൈന്യത്തിനു് വീണ്ടും ധൈര്യമു

ങ്ങളായി. അർജ്ജുനന്റെ രഥത്തിന്നുനേരെ ഭീഷ്മർ പൊഴിച്ച ശരവർഷം അതിനെ പാടെ മൂടിയതുകൊണ്ടു് സാരഥിയെയോ കുതിരകളെയോ അർജ്ജുനനെയോ രഥത്തെയോ കാണാൻ സാധിച്ചില്ല. കൃഷ്ണൻ പരിഭ്രമം കൂടാതെ ജാഗ്രതയായി രഥത്തെ ഓടിച്ചു. അർജ്ജുനൻ അയച്ച അമ്പുകൾകൊണ്ടു് ഭീഷ്മരുടെ വില്ലു പല പ്രാവശ്യവും മുറിഞ്ഞു് താഴെ വീണു. ഭീഷ്മർ അർജ്ജുനനെ പുകഴ്ത്തി, മറെറാരു വില്ലെടുത്തു പാർത്ഥനെയും കൃഷ്ണനെയും മുറിവേല്പിച്ചു. 'അപ്പോഴും നീ ശരിയായി യുദ്ധം ചെയ്യുന്നില്ലാ' എന്നു് കൃഷ്ണൻ അർജ്ജുനനോടു പറഞ്ഞു് കോപത്തോടു കൂടി രഥത്തിൽ നിന്നും താഴെ ചാടി ചക്രായുധം എടുത്തുകൊണ്ടു് ഭീഷ്മരുടെ നേരെ പാഞ്ഞു.

കോപത്തോടുകൂടി വരുന്ന വാസുദേവനെ നോക്കി ഭീഷ്മർ "പുണ്ഡരീകാക്ഷ! വന്നാലും, അങ്ങയാൽ വധിക്കപ്പെട്ടു് ഞാൻ പ്രാണനെ ഉപേക്ഷിക്കട്ടെ." എന്നു പറഞ്ഞു് എതിരേററു.

അർജ്ജുനൻ കേശവനെ പിൻതുടർന്നു് ഇരുകൈകളുംകൊണ്ടു് കെട്ടിപ്പിടിച്ചു് "ആയുധം എടുത്തു യുദ്ധം ചെയ്കയില്ല എന്നു് അങ്ങു ചെയ്ത സത്യത്തെ വ്യർത്ഥമാക്കരുതു്. ഇതു് എന്റെ ചുമതലയാണു്. എനിക്കു് ബഹുമാന്യനായ ഭീഷ്മരെ ഞാൻ അമ്പുകൾകൊണ്ടു് വീഴ്ത്തും. അങ്ങു് രഥത്തിൽ കയറി കുതിരകളെ നടത്തുക" എന്നു് പറഞ്ഞു് വാസുദേവനെ പിന്തിരിപ്പിച്ചു.

ഭീഷ്മർ വീണ്ടും യുദ്ധം ആരംഭിച്ചു. പാണ്ഡവസേന അത്യന്തം വിഷമിച്ചു് കഷ്ടപ്പെട്ടപ്പോൾ സൂര്യൻ അസ്തമിച്ചു. യുദ്ധം നിറുത്തപ്പെട്ടു.

---

## 74. ഭീഷ്മപതനം

പത്താം ദിവസത്തെ യുദ്ധത്തിൽ ശിഖണ്ഡിയെ മുന്നിൽ നിറുത്തിക്കൊണ്ടു് അർജ്ജുനൻ പിതാമഹനെ ആക്രമിച്ചു. നിർവ്വാണോന്മുഖമായ അഗ്നിയെപ്പോലെ ഭീഷ്മർ പ്രകാശിച്ചു. ശിഖണ്ഡിയുടെ അമ്പുകൾ പിതാമഹൻെറ വക്ഷസ്സിനെ പിളർന്നു. അപ്പോൾ ഭീഷ്മരുടെ കണ്ണുകളിൽനിന്നും അഗ്നിസ്ഫുലിംഗങ്ങൾ പറന്നു. അവ ശിഖണ്ഡിയെ ദഹിപ്പിക്കുമെന്നു് തോന്നി. അടുത്ത നിമിഷം അദ്ദേഹത്തിൻെറ കോപം ശമിച്ചു. തൻെറ അവസാനം അടുത്തു എന്നു് വിചാരിച്ചു് സ്ത്രീയായി ജനിച്ച ശിഖണ്ഡിയെ എതിർക്കാതെ അദ്ദേഹം നിന്നു. കണ്ടു നിന്നവർക്കെല്ലാം ഇതൊരത്ഭുതമായിത്തോന്നി. ദേവന്മാരും വിസ്മയിച്ചു.

ശിഖണ്ഡി ഭീഷ്മരുടെ മനോഭാവത്തെ ലക്ഷ്യമാക്കാതെ അദ്ദേഹത്തിൻെറ നേർക്കു ശരങ്ങൾ വർഷിച്ചു. ഭീഷ്മർ നിശ്ചലനായി നിന്ന ഈ അവസരത്തിൽ അർജ്ജുനനും മനസ്സിനെ ധൈര്യപ്പെടുത്തിക്കൊണ്ടു് പിതാമഹൻെറ മർമ്മസ്ഥാനങ്ങളെ ലക്ഷ്യമാക്കി അമ്പുകൾ എയ്തു.

ദേഹം മുഴുവനും ഇപ്രകാരം പിളർക്കപ്പെട്ടപ്പോൾ ഭീഷ്മർ പുഞ്ചിരിതൂകിക്കൊണ്ടു് ദുശ്ശാസനനോടു് ഇങ്ങനെ പറഞ്ഞു. "ഇവ അർജ്ജുനൻെറ അമ്പുകളാണു്. ശിഖണ്ഡിയുടേതല്ല. ശിശുഞണ്ടുകൾ അതിൻെറ അമ്മയുടെ ദേഹത്തെ തുരക്കുന്നതുപോലെ ഈ അമ്പുകൾ എൻെറ പ്രാണനെ നശിപ്പിക്കുന്നു." തൻെറ പ്രിയശിഷ്യൻ എയ്ത അമ്പുകളെ ഇപ്രകാരമാണു് പിതാമഹൻ കണ്ടറിഞ്ഞതു്.

ഇങ്ങനെ പറഞ്ഞു് ഒരു ശക്ത്യായുധം എടുത്തു് ഭീഷ്മർ പാൎത്ഥന്റെ നേക്കെറിഞ്ഞു. അതിനെ അർജ്ജുനൻ മൂന്നു ബാണങ്ങൾകൊണ്ടു് ഛേദിച്ചു. അപ്പോൾ ഇതു് അവസാന യുദ്ധമെന്നു വിചാരിച്ചു് വാളും പരിചയുമായി രഥത്തിൽ നിന്നും പിതാമഹൻ താഴെ ഇറങ്ങാൻ ശ്രമിച്ചു. അദ്ദേഹം അങ്ങനെ ചെയ്യുന്നതിനു മുമ്പു് അർജ്ജുനൻ അദ്ദേഹത്തിന്റെ പരിചയെ ബാണങ്ങൾകൊണ്ടു് തുണ്ടം തുണ്ടമായി ഛേദിച്ചു. പിതാമഹന്റെ ദേഹം മുഴുവനും രണ്ടു വിരലിടപോലും ഇല്ലാതെ അർജ്ജുനന്റെ അമ്പുകൾകൊണ്ടു് നിറഞ്ഞു. രഥത്തിൽ നിന്നും ഭീഷ്മർ തലകീഴായി താഴെ വീണു. അദ്ദേഹം അങ്ങനെ വീണപ്പോൾ ദേവന്മാർ ആകാശത്തിൽ അഞ്ജലിബദ്ധരായി നമസ്കരിച്ചു. സുഗന്ധപൂർണ്ണമായ കുളിർകാററു വീശി.

*   *   *   *   *

ആകാശത്തിൽനിന്നും ഭൂമിയിൽ അവതരിച്ചു് ദേഹത്തിനു് ജീവനും ആത്മാവിനു് മംഗളവും കൊടുത്തു സകലൎക്കും മാതാവായിരിക്കുന്ന ഗംഗയുടെ ഔരസപുത്രൻ, അച്ഛനായ ശന്തനുരാജാവിനു് സുഖം നൽകുന്നതിനായി തനിക്കു് സന്താനം വേണ്ട എന്നുവച്ചു് വിവാഹം കഴിക്കയില്ലെന്നു് കഠിനമായ പ്രതിജ്ഞ ചെയ്തു് അതു നിറവേററിയ മഹാവീരൻ, പരശുരാമനെ ജയിച്ച അതുലനീയനായ ശൂരൻ, തന്നെ സംശയിച്ച ദുര്യോധനനു് തന്റെ സത്യതെ കാണിക്കാൻ ദേഹം മുഴുവനും അഗ്നിപോലെ ജ്വലിക്കുന്ന അമ്പുകൾ ഏററു് താഴെ പതിക്കുന്നതുവരെ തന്റെ കൎത്തവ്യം അനുഷ്ഠിച്ചു് ഭാരതയുദ്ധത്തിൽ

പത്താംദിവസം രഥത്തിൽനിന്നും താഴെ വീണു. ഭീഷ്മർ വീണപ്പോൾ കൗരവന്മാരുടെ ഹൃദയങ്ങളും നിലംപതിച്ചു എന്നു് വ്യാസൻ പറയുന്നു.

*　　*　　*　　*　　*

ഭീഷ്മരുടെ ദേഹം ഭൂമിയെ സ്പൃശിച്ചില്ല. ശരീരത്തിൻെറ എല്ലാ ഭാഗങ്ങളിലും തറച്ചിരുന്ന അമ്പുകൾ പിതാമഹൻെറ ദേഹത്തെ അങ്ങനെതന്നെ താങ്ങി. അപ്രകാരം നിലം സ്പർശിക്കാതെ ശരശയ്യയിൽ കിടന്നു് ദേഹം നവതേജസ്സോടുകൂടി പൂർവ്വാധികം പ്രകാശിച്ചു. രണ്ടു ഭാഗത്തെ സൈന്യങ്ങളും യുദ്ധം നിറുത്തി, നിശ്ചലനായി യുദ്ധക്കളത്തിൽ വീണു കിടന്ന പിതാമഹനെ ദർശിക്കുന്നതിനായി ഓടി എത്തി. പ്രജാപതിയായ ബ്രഹ്മാവിനെ ദേവന്മാർ നമസ്കരിക്കുന്നതുപോലെ ഭാരതദേശത്തിലെ രാജാക്കന്മാർ എല്ലാവരും ഭീഷ്മരെ വണങ്ങി.

*　　*　　*　　*　　*

"എൻെറ തലയിൽ അമ്പു തറച്ചിട്ടില്ല. അതു് തൂങ്ങിക്കിടക്കുന്നു, തല ഒന്നു പൊക്കത്തക്കവണ്ണം എന്തെങ്കിലും ചെയ്യുക" എന്നു് ഭീഷ്മർ പറഞ്ഞു. അരികിലിരുന്ന രാജാക്കന്മാർ ഉടനെ ഓടിപ്പോയി തലയണ കൊണ്ടുവന്നു. പട്ടും പഞ്ഞിയും അടങ്ങിയിരുന്ന ആ തലയണകൾ തനിക്കു വേണ്ട എന്നു പിതാമഹൻ പറഞ്ഞു് അവിടെ നിന്നിരുന്ന അർജ്ജുനനെ നോക്കി "വത്സ! പാർത്ഥ! എൻ്റെ തലയ്ക്കു് താങ്ങില്ല; താഴോട്ടു തൂങ്ങിക്കിടക്കുന്നു. ശരിയായിട്ടുള്ള തലയണ അന്വേഷിച്ചു കൊണ്ടുവന്നു വയ്ക്കുക" എന്നു പറഞ്ഞു. തൻെറ പ്രാണനെ

സംഹരിക്കത്തക്കവണ്ണം അമ്പുകൾ എയ്ത അർജ്ജുനനെ നോക്കി പുഞ്ചിരി തൂകിക്കൊണ്ടാണ് അദ്ദേഹം ഇപ്ര കാരം പറഞ്ഞതു്. അതു കേട്ട ഉടൻ അർജ്ജുനൻ തൻെറ ആവനാഴിയിൽ ഇരുന്ന മൂന്നമ്പുകളെ എടുത്തു് പിതാ മഹന്റെ തലയെ അവയുടെ കൂർത്ത മുനകളിൽ വച്ചു.

"രാജാക്കന്മാരെ! അർജ്ജുനൻ വച്ചിരിക്കുന്ന തല യണ മാത്രമാണു് എന്നെ സന്തോഷിപ്പിക്കുന്നതു്. ദേഹത്തെ വിട്ടു പിരിയാൻ ഈ സമയം നല്ലതല്ല. ഉത്ത രായണം വരെ ഞാൻ ഇവിടെ ഇപ്രകാരം കിടക്കും. അതുവരെ എൻെറ ആത്മാവു് ദേഹത്തിൽ സ്ഥിതി ചെയ്യും. അപ്പോൾ നിങ്ങളുടെ ഇടയിൽ ആരെല്ലാം ജീവിച്ചിരിക്കുന്നുവോ അവർക്കെല്ലാം എന്നെ വന്നു കാണാം" എന്നു പറഞ്ഞു.

പിന്നീടു് പിതാമഹൻ അർജ്ജുനനെ നോക്കി "കുഞ്ഞേ! ദേഹമെല്ലാം വെന്തുരുകുന്നു. കുറച്ചു വെള്ളം കുടിക്കാൻ തരുക" എന്നു പറഞ്ഞു. ഉടനെ അർജ്ജുനൻ തൻെറ വില്ലു കുലച്ചു ഭീഷ്മരുടെ വലതുവശത്തു് അമ്പും തറയിൽ കയറത്തക്കവിധം അയച്ചു. അതു പാതാള ത്തിൽ എത്തി മറഞ്ഞു. ഉടനെ അവിടെ ഒരു ഊററു് ഉത്ഭവിച്ചു് മുകളിലേക്കു് പൊങ്ങി. മാതാവായ ഗംഗാ, തൻെറ ഓമനസന്താനത്തിൻെറ ദാഹം തീർക്കുന്നതി നായി വന്നു എന്നു് കവി പറയുന്നു. അമൃതതുല്യമായ ആ വെള്ളം കുടിച്ചു ഭീഷ്മർ ദാഹം ശമിപ്പിച്ചു് ആനന്ദ ത്തിൽ ആറാടി.

"ദുര്യോധന! നിനക്കു് നല്ല ബുദ്ധി ഉണ്ടാകട്ടെ. അർജ്ജുനൻ എൻെറ ദാഹത്തിനു് എങ്ങനെ വെള്ളം

ഉണ്ടാക്കിയെന്ന് നീ കണ്ടുവോ? ഇത് ലോകത്തിൽ മറ്റൊരാണു ചെയ്യുന്നതു്. ഇനി താമസിക്കണ്ട. അവനോടു കൂടി സന്ധി ചെയ്ക. ഈ യുദ്ധം എന്റെ കൂടെ തീരട്ടെ. വത്സ! ഞാൻ പറയുന്നതു കേൾക്കുക. പാണ്ഡവരുമായി സമാധാനത്തിൽ വത്തിക്കുക" എന്നു പറഞ്ഞു. മരിക്കുന്ന സമയത്തും രോഗിക്ക് മരുന്ന് പിടിക്കുകയില്ല. മരുന്നു കയ്ക്കുന്നു എന്നു പറയും. അതുപോലെ ദുര്യോധനനും പിതാമഹന്റെ വാക്കുകൾ പിടിച്ചില്ല. രാജാക്കന്മാർ എല്ലാം അവരവരുടെ ശിബിരങ്ങളിലേക്ക് മടങ്ങി.

---

## 75. പിതാമഹനും കർണ്ണനും

ഭീഷ്മർ മുറിവേററു വീണതറിഞ്ഞു് കർണ്ണൻ ചെന്നു് അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. "കുലപതേ! ഒരു കുററവും ചെയ്യാതിരുന്നിട്ടും അങ്ങ് അത്യന്തം വെറുത്തിരുന്നവനായ രാധയുടെ മകൻ അങ്ങയെ നമസ്കരിക്കുന്നു." എന്നു പറഞ്ഞു വണങ്ങി നില്ക്കുന്ന സൂര്യപുത്രന്റെ മുഖത്തിൽ അല്പം ഭയശങ്കകൾ പിതാമഹൻ കണ്ടു. അത്യന്തം കരുണയോടുകൂടി അവന്റെ മേൽ കൈവച്ച് അച്ഛൻ മകനെ എന്നതു പോലെ ഭീഷ്മർ അനുഗ്രഹിച്ചു. കാഴ്ചയ്ക്കു തടസ്സം ഉണ്ടാകുന്ന അമ്പുകൾക്കിടയിൽകൂടി കർണ്ണനെ നോക്കി ഭീഷ്മർ ഇങ്ങനെ പറഞ്ഞു. "നീ രാധയുടെ മകനല്ല. കുന്തീദേവിയുടെ മകനാണു്. ലോകരഹസ്യമെല്ലാം അറിഞ്ഞ നാരദൻ ഇതു് എന്റെ അടുക്കൽ പറഞ്ഞി

ണ്ടു. സൂര്യകുമാര! നിൻെറ മേൽ എനിക്കു് അല്പവും ദ്വേഷമില്ല. നീ പാണ്ഡവരെ കാര്യമില്ലാതെ വെറുക്കുന്നതാണു് എൻെറ മനസ്സിനെ വിഷമിപ്പിച്ചിരുന്നതു്. നിൻെറ ശൗര്യവും ദാനശീലവും എനിക്കറിയാം. ശൗര്യത്തിൽ നീ ഫൽഗുനനും കൃഷ്ണനും സമനാണെന്നുള്ളതിനു സംശയമില്ല. പാണ്ഡവരുടെ സഹോദരനായ നീ അവരെ സ്നേഹിക്കുന്നതാണു് ധർമ്മം. യുദ്ധത്തിൽ എൻെറ കർത്തവ്യവും അവസാനിച്ചു. ഇതോടുകൂടി അവരുടെ നേർക്കു് നിനക്കുള്ള വൈരവും അവസാനിക്കണമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതു്."

ഇതുകേട്ടു് കർണ്ണൻ അത്യന്തം വിനയത്തോടുകൂടി ഇങ്ങനെ പറഞ്ഞു "പിതാമഹ! ഞാൻ കുന്തീപുത്രനാണെന്നുള്ളതു് എനിക്കറിയാം. സാരഥിയുടെ പുത്രനല്ല എന്നും എനിക്കറിയാം. എങ്കിലും ദുര്യോധനൻെറ ധനം സ്വീകരിച്ചു് ഞാൻ അദ്ദേഹത്തിനു കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനെ ഉപേക്ഷിച്ചു് ശത്രുപക്ഷത്തിൽ ചേരാൻ എന്നെക്കൊണ്ടു് സാധിക്കുകയില്ല. ദുര്യോധനനുവേണ്ടി ഞാൻ യുദ്ധം ചെയ്യേതീരൂ. അതിനായിട്ടു് അങ്ങു് അനുമതി നൽകണം. ഞാൻ പറഞ്ഞതിലും പ്രവർത്തിച്ചതിലും പല കുററങ്ങളും ഉണ്ടു്. അവ ക്ഷമിച്ചു് എന്നെ രക്ഷിക്കണം."

സകല ധർമ്മങ്ങളേയും അറിഞ്ഞിരുന്ന പിതാമഹൻ കർണ്ണൻ പറഞ്ഞതു് ആലോചിച്ചു് "നിൻെറ ഇഷ്ടം പോലെ ചെയ്തുകൊള്ളുക. ധർമ്മമേ ജയിക്കൂ" എന്നു് പറഞ്ഞു. ഭീഷ്മർ വീണതിൽ പിന്നീടും ഭാരതയുദ്ധം അവസാനിച്ചില്ല. പിതാമഹൻെറ ഉപദേശം ഗണിക്കാതെ

കൗരവവീരന്മാർ വീണ്ടും യുദ്ധം തുടൎന്നു. ഭീഷ്മരുടെ നേതൃത്വം ഇല്ലാതെ കൗരവസൈന്യം ഇടയനില്ലാത്ത ആട്ടിൻകൂട്ടംപോലെയായിത്തീൎന്നു. സത്യസന്ധനായ പിതാമഹൻ വീണപ്പോൾതന്നെ കൗരവന്മാരെല്ലാം യുദ്ധക്കളത്തിൽ വെച്ചു് "കൎണ്ണാ! കൎണ്ണാ! നീതന്നെ ഞങ്ങളെ രക്ഷിക്കണം" എന്നു വിളിച്ചുപറഞ്ഞു.

കൎണ്ണൻ യുദ്ധത്തിൽ പങ്കെടുത്താൽ ജയം നിശ്ചയമെന്നു് കൗരവവീരന്മാരെല്ലാം സങ്കല്പിച്ചിരുന്നു. ഭീഷ്മർ നേതൃത്വംവഹിച്ച പത്തു ദിവസങ്ങളും സൂൎയ്യകുമാരനെ കൂടാതെതന്നെയാണു് യുദ്ധം നടന്നതു്. ഭീഷ്മരാൽ ഗൎവ്വഭംഗം ചെയ്യപ്പെട്ട കൎണ്ണൻ കോപത്തോടുകൂടി "അങ്ങ് ജീവിച്ചിരിക്കുന്നിടത്തോളംകാലം ഞാൻ യുദ്ധത്തിൽ ചേരുകയില്ല. അങ്ങ് പാണ്ഡവന്മാരെക്കൊന്നു് ദുൎയ്യോധനനു് വിജയം നൽകിയാൽ ഞാൻ രാജാവിന്റെ അടുക്കൽ നിന്നു് അനുവാദം വാങ്ങി കാട്ടിൽ പോകും. അങ്ങ് പരലോകം പ്രാപിക്കുന്നതായാൽ അതിരഥനായി കരുതപ്പെടാത്ത ഞാൻ തനിച്ചു് ഒരു രഥത്തിൽ കയറി അങ്ങു മഹാരഥന്മാരെന്നു് കരുതുന്ന സകലരേയും തോല്പിച്ചു് ദുൎയ്യോധനനു വിജയം സമ്പാദിച്ചുകൊടുക്കും" എന്നു് പ്രതിജ്ഞചെയ്തു് ദുൎയ്യോധനന്റെ സമ്മതത്തോടുകൂടി യുദ്ധത്തിൽ ചേരാതെ മാറിനിന്ന കൎണ്ണൻ പാദചാരിയായി ഭീഷ്മന്റെ അടുക്കൽ ചെന്നു് വണങ്ങിനിന്നു.

"പരശുരാമനെ ജയിച്ച വീര! ശിഖണ്ഡിയാൽ വീഴ്ത്തപ്പെട്ടു് യുദ്ധഭൂമിയിൽ അങ്ങു് ശയിക്കുന്നു. ധാൎമ്മികശ്രേഷ്ഠനും ഉത്തമനും ആയ അങ്ങേതന്നെ ഈ ഗതിയെ പ്രാപിച്ചിരിക്കുന്ന സ്ഥിതിക്കു് ഈ ലോകത്തിൽ ഒരുവനും പുണ്യത്തിന്റെ ഫലം കിട്ടുകയില്ല എന്നതു് നിശ്ച

യംതന്നെ. കൗരവക്ക് അങ്ങ് ഒരു വലിയ നൗകയായിരുന്നു. ഇനി പാണ്ഡവന്മാരാൽ അവർ ആക്രമിക്കപ്പെടും. അവക്ക് വലുതായ കഷ്ടം നേരിടാൻ പോകുന്നു. അജ്ജുനനും കൃഷ്ണനും അവരെ കാററും തീയും ചേന്ന് വനത്തെ നശിപ്പിക്കുന്നതുപോലെ നശിപ്പിക്കും എന്നതിന്ന് സംശയമില്ല. അങ്ങയുടെ പുണ്യദൃഷ്ടി എൻെറമേൽ പതിപ്പിക്കാൻ ഞാൻ അപേക്ഷിക്കുന്നു" എന്നു് കർണ്ണൻ പറഞ്ഞു.

ഭീഷ്മർ കർണ്ണനെ ആശീർവദിച്ചു. "നദികൾക്കു സമുദ്രവും വിത്തുകൾക്കു മണ്ണും പ്രാണികൾക്കു മേഘവും എന്നപോലെ നിന്നെ സ്നേഹിക്കുന്നവക്ക് നീ ഒരു ബലമായ അവലംബമാണു്. ദുര്യോധനനെ നീ രക്ഷിക്കണം. അവന്നുവേണ്ടി നീ കാംബോജന്മാരെ ജയിച്ചു് ഹിമാലയദുർഗ്ഗങ്ങളിലുള്ള കിരാതന്മാരെയെല്ലാം അടക്കി. മററു രാജാക്കന്മാരെയും നീ ജയിച്ചു. ഇതുപോലെ മററനേകം കാര്യങ്ങളും നീ ദുര്യോധനന്നുവേണ്ടി ചെയ്തു. അദ്ദേഹത്തിൻെറ സൈന്യത്തിന്നു നീ രക്ഷകനായിരിക്കണം. നിനക്കു മംഗളം. ശത്രുക്കളുമായി യുദ്ധം ചെയ്യുക. പോയാലും. കൗരവപ്പടയെ നിൻെറ സ്വന്തമായി കരുതി രക്ഷിക്കുക" എന്നു് കർണ്ണനെ ഭീഷ്മർ ആശീർവദിച്ചു.

കർണ്ണൻ പിതാമഹൻെറ ആശീർവാദം ലഭിച്ചു് ആനന്ദിച്ചു് രഥത്തിൽ കയറി യുദ്ധക്കളത്തിൽ വന്നുചേന്നു. അദ്ദേഹത്തെ കണ്ടപ്പോൾ ദുര്യോധനന്നു് അടങ്ങാത്ത സന്തോഷം ഉണ്ടായി. ഭീഷ്മരുടെ വിയോഗത്തെ അല്പം വിസ്മരിച്ചു.

---

# 76. ദ്രോണരുടെ നേതൃത്വം

ദുര്യോധനനും കർണ്ണനും ഇനി ആരെയാണു് സേനാപതിയാക്കേണ്ടതു് എന്നു് ആലോചിച്ചു. "ഇവിടെ കൂടിയിരിക്കുന്ന ക്ഷത്രിയന്മാർ എല്ലാവരും തന്നെ സേനാപതിയാകുന്നതിന്നു് യോഗ്യതയുള്ളവരാണു്. ദേഹബലം, പരാക്രമം, ഉത്സാഹം, ബുദ്ധി, ധൈര്യം ശൗര്യം, കുലം, അറിവു് ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും ഈ വീരന്മാരിൽ മിക്കവരും ഒരുപോലെയുള്ളവരാണു്. എങ്കിലും ഒരേ സമയത്തിൽ എല്ലാവർക്കും ഒന്നിച്ചു് സേനാപതികളാകാൻ സാധിക്കയില്ല. അവരിൽ ഒരാളെ തലവനാക്കിയാൽ മററുള്ളവർക്കു് മുഷിച്ചിലുണ്ടാകും. നമുക്കു് അതു് നഷ്ടത്തിന്നിടയാകും. ഈ സന്ദർഭത്തിൽ എല്ലാ യുദ്ധവീരന്മാരുടേയും ആചാര്യനായ ദ്രോണരെ സേനാധിപതിയാക്കുന്നതു തന്നെയാണു നല്ലതു്. ആയുധം എടുത്തവരിൽ ഏററവും ശ്രേഷ്ഠൻ അദ്ദേഹമാണു്. അദ്ദേഹത്തിനോടു് തുല്യനായി ഒരു ക്ഷത്രിയനും ഇല്ല. അദ്ദേഹത്തെത്തന്നെയാണു് സേനാനായകനായി അഭിഷേകം ചെയ്യേണ്ടതു്" എന്നു് കർണ്ണൻ പറഞ്ഞതിനോടു് ദുര്യോധനനും യോജിച്ചു.

* * * *

"അല്ലയോ ഗുരോ, ജാതികൊണ്ടും കുലംകൊണ്ടും ശാസ്ത്രജ്ഞാനംകൊണ്ടും വയസ്സ്, ബുദ്ധി, വീര്യം, സാമർത്ഥ്യം ഇവകളാലും അങ്ങു് എല്ലാവർക്കും മേലെയാണു്. സേനാനായകത്വം അങ്ങുതന്നെ ഏറെറടുക്കണം.

അങ്ങ് സേനാനായകനായിരുന്നാൽ തീച്ചയായും നമുക്ക് യുധിഷ്ഠിരനെ ജയിക്കാൻ സാധിക്കും" എന്നു പറഞ്ഞു് എല്ലാ ക്ഷത്രിയന്മാരുടേയും മുമ്പിൽവച്ച് ദുര്യോധനൻ ദ്രോണരെ വണങ്ങി.

ഇതു കേട്ട രാജാക്കന്മാരെല്ലാം സിംഹനാദം ചെയ്ത് ദുര്യോധനനെ സന്തോഷിപ്പിച്ചു. മുറപ്രകാരം ദ്രോണരുടെ അഭിഷേകം നടന്നു. ജയഘോഷം ആകാശത്തെ ഭേദിച്ചു. വന്ദികളുടെ സ്തുതികളും ജയഘോഷങ്ങളും കേട്ട് കൗരവന്മാർ പാണ്ഡവന്മാരെ ജയിച്ചു കഴിഞ്ഞു എന്നു തന്നെ ആ ഉത്സാഹാവേശത്തിൽ എല്ലാവരും കരുതി.

*　　*　　*　　*

ദ്രോണർ സേനയെ ശകടവ്യൂഹമാക്കി നിർത്തി. അതുവരെ മാറി നിന്ന കർണ്ണൻെറ തേർ യുദ്ധത്തിൽ മുന്നണിയിൽ തന്നെ അങ്ങോട്ടുമിങ്ങോട്ടും ത്വരിതഗമനം ചെയ്യുന്നതു കണ്ട് കൗരവസേനയ്ക്കു് ഒരു പുതിയ സന്തോഷവും ധൈര്യവും ജനിച്ചു.

"പിതാമഹൻ പാണ്ഡവന്മാരെ കൊല്ലാൻ ഇഷ്ടമില്ലാതെ മനസ്സില്ലാമനസ്സോടെയാണു് യുദ്ധം നടത്തിയതു്. കർണ്ണൻ അപ്രകാരം പ്രവത്തിക്കയില്ല. ഇനി പാണ്ഡവന്മാരുടെ നാശം നിശ്ചയമായും സംഭവിക്കും" എന്നു് കൗരവസേന പറഞ്ഞു സന്തോഷിച്ചു.

ദ്രോണർ കൗരവസേനയുടെ നായകത്വം വഹിച്ച് അഞ്ചു ദിവസം യുദ്ധം നടത്തി. വൃദ്ധനായിരുന്നിട്ടും ഒരു യുവാവിനെപ്പോലെ യുദ്ധക്കളത്തിൽ എല്ലാ സ്ഥലത്തും

എത്തി ഉന്മത്തനായി പോർ നടത്തി. കാററു് എപ്രകാരം മേഘശകലങ്ങളെ ഛിന്നഭിന്നമാക്കുമോ അതുപോലെ ദ്രോണർ പാണ്ഡവസേനയെ തുരത്തി. സാത്യകിയേയും ഭീമനേയും അർജ്ജുനനേയും ധൃഷ്ടദ്യുമ്നനേയും അഭിമന്യുവിനേയും ദ്രുപദനേയും കാശിരാജനേയും മററു് അനേകമഹാരഥന്മാരേയും മുറയായി എതിർത്തു് ദ്രോണർ തോല്പിച്ചു. പാണ്ഡവസേനയെ അഞ്ചുദിവസം മുഴുവനും അദ്ദേഹം തടുത്തു നിറുത്തി വളരെ വിഷമിപ്പിച്ചു.

---

## 77. "ജീവനോടുകൂടി പിടിക്കുക"

ദ്രോണർ സേനാധിപത്യം ഏറെറടുത്തപ്പോൾ ദുര്യോധനനും കർണ്ണനും ദുശ്ശാസനനുംകൂടി ആലോചിച്ചു് ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. അതിനുശേഷം ദുര്യോധനൻ ദ്രോണരുടെ അടുത്തു ചെന്നു്, "ഹേ! ഗുരോ! അങ്ങു് യുധിഷ്ഠിരനെ എങ്ങനെയെങ്കിലും ജീവനോടുകൂടി പിടിച്ചു് ഞങ്ങളുടെ കയ്യിൽ ഏല്പിക്കണമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതിൽ കൂടുതലായി ഞങ്ങൾ യാതൊന്നും ആഗ്രഹിക്കുന്നില്ല. ഇതു് അങ്ങു് ചെയ്തു തരികയാണെങ്കിൽ ഞാനും എന്നെ സംബന്ധിച്ചവരും തികച്ചും തൃപ്തിപ്പെടും." എന്നു പറഞ്ഞു.

ഇതു കേട്ടപ്പോൾ ദ്രോണർക്കു സീമാതീതമായ സന്തോഷം ഉണ്ടായി. പാണ്ഡവന്മാരെ കൊല്ലുന്നതിനു ദ്രോണർക്കു് ഇഷ്ടമില്ലായിരുന്നു. തന്റെ കർത്തവ്യപരിപാലനത്തിനായി ഏറെപ്പെട്ടെങ്കിലും പാണ്ഡുപുത്രന്മാരെ, വിശേ

ഷിച്ചു് ധമ്മപുത്രരെ, കൊല്ലുന്നതു് ധമ്മമല്ല എന്നു് സംശയിച്ചുകൊണ്ടിരുന്ന ദ്രോണക്കു് ദുര്യോധനൻ പറഞ്ഞ വാക്കു വലിയ സന്തോഷം നല്കി.

"ദുര്യോധന! നീയും യുധിഷ്ഠിരൻെറ ജീവനെ രക്ഷിക്കാൻ ആഗ്രഹിക്കുന്നു, അല്ലേ? നിനക്കു് മംഗളം വരട്ടെ! ധമ്മപുത്രക്കു് പ്രാണഹാനി സംഭവിക്കേണ്ട എന്നു് നീയും പറഞ്ഞതുകൊണ്ടു് അദ്ദേഹം അജാതശത്രു ആണെന്നുള്ളതിൽ എന്താണു് സംശയം? അജാതശത്രു എന്നു് കുന്തീനന്ദനനു് ജനങ്ങരം നല്കിയിരിക്കുന്ന പേർ യഥാത്ഥമാണെന്നു് നിൻെറ വാക്കുകരം തെളിയിക്കുന്നു. ജീവനോടുകൂടി പിടിക്കണം; കൊല്ലരുതു് എന്നു് നീയും ആവശ്യപ്പെടുന്നതിനാൽ യുധിഷ്ഠിരൻെറ കീത്തി പതിന്മടങ്ങു് വർദ്ധിച്ചിരിക്കുന്നു. അദ്ദേഹംതന്നെയാണു് ഭാഗ്യശാലി" എന്നു് ദ്രോണർ പറഞ്ഞു. പിന്നീടും "വത്സ! നീ പറഞ്ഞതു കേട്ടിട്ടു് യുദ്ധത്തിൽ ജയിച്ചതിനുശേഷം രാജ്യത്തിൽ അവക്കു് കിട്ടേണ്ടതായ ഓഹരി കൊടുത്തു് സന്ധി ചെയ്യാൻ ഉദ്ദേശിക്കുന്നതായി തോന്നുന്നു. ഇതിനല്ലേ യുധിഷ്ഠിരനേ ജീവനോടുകൂടി പിടിച്ചു തരണമെന്നു് നീ ആവശ്യപ്പെടുന്നതു?" എന്നു പറഞ്ഞു് ദ്രോണർ സന്തോഷിച്ചു.

"ബുദ്ധിമാനായ പുത്രൻെറ ജന്മം തന്നെയാണു് കൃതാത്ഥം. കുന്തീപുത്രൻ തന്നെയാണു് ഭാഗ്യശാലി. അദ്ദേഹത്തിൻെറ ഗുണമല്ലേ ശത്രുക്കളുടെ മനസ്സിനേയും ജയിച്ചിരിക്കുന്നതു്?" എന്നു് വീണ്ടും വീണ്ടും ധമ്മത്തിൻെറ വിജയത്തെ വാഴ്ത്തി ദ്രോണർ തൃപ്തിപ്പെട്ടു.

സഹോദരസ്നേഹം ദുര്യോധനൻ മറന്നിട്ടില്ല എന്നു വിചാരിച്ചു് ആചാര്യർ സന്തോഷിച്ചു.

*  *  *  *

എന്നാൽ ദുര്യോധനന്റെ ആലോചന മറവു വിധത്തിലായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ പകയും പാപസങ്കല്പവും മുമ്പിലത്തെപ്പോലെ തന്നെ ശക്തമായിരുന്നു. "അങ്ങനെ തന്നെയാകട്ടെ. ജീവനോടുകൂടി യുധിഷ്ഠിരനെ പിടിച്ചു തരാം" എന്നു് ദ്രോണർ പറഞ്ഞപ്പോൾ തന്റെ യഥാർത്ഥമായ ഉദ്ദേശ്യം ദുര്യോധനൻ ദ്രോണരെ അറിയിച്ചു.

യുധിഷ്ഠിരനെ കൊന്നാൽ പാണ്ഡവന്മാരുടെ കോപം ശമിക്കയില്ല. മുമ്പിലത്തേക്കാളും ഭയങ്കരമായി അനേകംപേർക്ക് നാശം സംഭവിക്കുന്നതുവരെ യുദ്ധം നടക്കും. തന്റെ സൈന്യം പരാജയപ്പെടുകയും പാണ്ഡവന്മാർ ജയിക്കയും ചെയ്യും. അല്ലെങ്കിൽതന്നെ രണ്ടു വശത്തുമുള്ള വീരന്മാരിൽ ആരും അവശേഷിച്ചില്ലെങ്കിലും കൃഷ്ണൻ ജീവനോടുകൂടിത്തന്നെ ഇരിക്കും. അദ്ദേഹം ദ്രൗപദിയേയോ കുന്തിയേയോ രാജ്യം ഏല്പിക്കും. അതിനാൽ യുധിഷ്ഠിരനെ കൊല്ലുന്നതുകൊണ്ടു് ലാഭമൊന്നും ഇല്ല. എന്നാൽ യുധിഷ്ഠിരനെ ജീവനോടുകൂടി പിടിച്ചാൽ യുദ്ധം അചിരേണ വിജയകരമായി അവസാനിക്കും. ക്ഷത്രിയധർമ്മത്തേയും സത്യത്തേയും പരിപാലിച്ചു വരുന്ന ധർമ്മപുത്രരെ എങ്ങനെയെങ്കിലും വീണ്ടും ചൂതാട്ടത്തിൽ വഞ്ചിക്കാം. പിന്നീടു് വീണ്ടും കാട്ടിലേക്കു് അയയ്ക്കാം. യുദ്ധംകൊണ്ടു് കുലനാശം കൂടാതെ കാര്യസിദ്ധി നേടാൻ സാധിക്കയില്ല എന്നതു് ദുര്യോധനൻ പത്തുദിവസത്തെ

യുദ്ധത്തിൽ നിന്നു് മനസ്സിലാക്കി; ഇതുകൊണ്ടാണു് ദുര്യോധനൻ യുധിഷ്ഠിരനെ ജീവനോടു പിടിച്ചുതരണമെന്നു് ദ്രോണരോടു അപേക്ഷിച്ചതു്.

ഇതു കേട്ടപ്പോൾ താൻ ആദ്യം സന്തോഷിച്ചതു് അസ്ഥാനത്തിലായിരുന്നു എന്നു് ദ്രോണർ സങ്കടപ്പെട്ടു് ദുര്യോധനനെ മനസാ തികച്ചും നിന്ദിച്ചു. എങ്കിലും യുധിഷ്ഠിരനെ കൊല്ലാതിരിക്കുന്നതിനു് ഒരു വഴി കിട്ടിയല്ലോ എന്നു് അല്പം സന്തോഷിക്കയും ചെയ്തു.

* * * *

ദ്രോണർ യുധിഷ്ഠിരനെ ജീവനോടുകൂടി പിടിക്കാൻ പ്രതിജ്ഞ ചെയ്തിരിക്കുന്നു എന്ന വർത്തമാനം ചാരന്മാർ മുഖേന പാണ്ഡവസേന മനസ്സിലാക്കി; ആചാര്യർ ഒരു കാര്യം ചെയ്യണമെന്നു തീരുമാനിച്ചു് പ്രതിജ്ഞ ചെയ്തതിനാൽ അദ്ദേഹത്തിൻെറ അതുലനീയമായ യുദ്ധസാമർത്ഥ്യത്തേയും പരാക്രമത്തേയും അറിഞ്ഞിരുന്ന പാണ്ഡവന്മാർ വളരെ ഭയപ്പെടേണ്ടതായി വന്നു. യുധിഷ്ഠിരൻെറ അരികിൽ പര്യാപ്തമായ ഒരു കാവൽ എപ്പോഴും ആവശ്യമാണല്ലോ എന്നു വിചാരിച്ചു് എല്ലാവരും വ്യാകുലപ്പെട്ടു.

അതനുസരിച്ചു് യുദ്ധക്രമം ശരിപ്പെടുത്തി. ഏതു സന്ദർഭത്തിലും പര്യാപ്തമായ കാവൽ ഉണ്ടായിരിക്കത്തക്കവിധം സൈന്യവ്യൂഹത്തെ അണിനിരത്തി.

* * * *

ദ്രോണർ സേനാപതിയായതിനു ശേഷം നടന്ന ഒന്നാംദിവസത്തെ യുദ്ധത്തിൽ അദ്ദേഹം തൻെറ പരാ

ക്രമം നല്ലവണ്ണം പ്രദശിപ്പിച്ചു. വറണ്ടുണങ്ങിക്കിടക്കുന്ന വനത്തെ അഗ്നി ദഹിപ്പിക്കുന്നതുപോലെ പാണ്ഡവസേനയെ ദ്രോണർ എരിച്ചുകൊണ്ടു് സഞ്ചരിച്ചു. ഒരു ദ്രോണർ പല ദ്രോണരായി മാറിയിരിക്കുന്നുവെന്നു് പാണ്ഡവസേനയ്ക്കു് തോന്നുമാറു് അദ്ദേഹം തന്റെ തേരിനെ അങ്ങും ഇങ്ങും വേഗത്തിൽ ഓടിച്ചു് ശരവഷം ചെയ്തു് യുദ്ധക്കളം മുഴുവനും യമന്റെ താണ്ഡവരംഗമാക്കിത്തീത്തു.

ധൃഷ്ടദ്യുമ്നന്റെ നേതൃത്വത്തിൽ ഇരുന്ന പാണ്ഡവസൈന്യത്തെ അദ്ദേഹം ആദ്യമായി തകത്തു. മഹാരഥന്മാർ തമ്മിൽ പല ദ്വന്ദ്വയുദ്ധങ്ങൾ നടന്നു. ചതിപ്രയോഗത്തിൽ സമത്ഥനായ ശകുനിയും സഹദേവനും തമ്മിൽ പോർ നടന്നു. തേരുകൾ തകക്കപ്പെട്ടു. താഴെ ഇറങ്ങി ഗദായുദ്ധംകൊണ്ടു് രണ്ടുപേരും രണ്ടു മാമലകൾ ജീവനോടുകൂടെ നിന്നു് പൊരുതുന്നതുപോലെ യുദ്ധം ചെയ്തു.

ഭീമനും വിവിംശതിയും തമ്മിലും വലിയ പോർ നടന്നു. രണ്ടുപേരുടേയും തേരു് തകന്നു. ശല്യർ തന്റെ മരുമകനായ നകുലനെ എതിത്തു് ചിരിച്ചുകൊണ്ടുതന്നെ അദ്ദേഹത്തെ വളരെ പീഡിപ്പിച്ചു. നകുലൻ കോപിഷ്ഠനായി അമ്മാവന്റെ തേരിലുള്ള കൊടിയേയും കുടയേയും തകത്തു് താഴെ ഇട്ടു് ജയശംഖം മുഴക്കി. കൃപാചാര്യർ ധൃഷ്ടകേതുവിനെ എതിത്തു് അദ്ദേഹത്തെ തോല്പിച്ചു് ഓടിച്ചു. കൃതവമ്മാവും സാത്യകിയും തമ്മിലും വലിയ പോർ നടന്നു.

വിരാടൻ കർണ്ണനെ എതിൎത്തു. അഭിമന്യുവിന്റെ പരാക്രമം പതിവുപോലെ അത്ഭുതമാംവിധം ജ്വലിച്ചു. പൌരവൻ, കൃതവൎമ്മൻ, ജയദ്രഥൻ, ശല്യൻ മുതലായ നാലു വലിയ വീരന്മാരേയും ഒറ്റയ്ക്കു നിന്നുതന്നെ അഭിമന്യു എതിൎത്തു തോല്പിച്ചു.

അതിന്നുശേഷം ഭീമനും ശല്യനും തമ്മിൽ ഉഗ്രമായ ഗദായുദ്ധം നടന്നു. ഒടുവിൽ ശല്യൻ ഭീമനാൽ തോല്പിക്കപ്പെട്ടു് യുദ്ധത്തിൽനിന്നും പിൻമാറി. കൌരവസേനയുടെ ധൈൎയ്യം ക്രമേണ നശിച്ചുതുടങ്ങി. അതിനെതുടൎന്നു് പാണ്ഡവസേന കൌരവസേനയെ നല്ലവണ്ണം പീഡിപ്പിച്ചു് ഛിന്നഭിന്നമാക്കി.

ഇതുകണ്ടു തൻെറ സേനയെ ഉത്സാഹപ്പെടുത്തുന്നതിന്നുവേണ്ടി തന്റെ സാരഥിയോടു് യുധിഷ്ഠിരൻെറ സമീപത്തേക്കു് തേർ തെളിക്കുന്നതിന്നു് ദ്രോണർ ആജ്ഞാപിച്ചു. അഴകും ബലവും ഒന്നുപോലെ ചേൎന്നിട്ടുള്ള നാലു കുതിരകളെ പൂട്ടിയിട്ടുള്ളതും പൊൻനിറമായതുമായ ആ തേർ അതിവേഗത്തിൽ യുധിഷ്ഠിരൻെറ തേരിന്നെലാക്കാക്കി ചെന്നു. ഉടനെ യുധിഷ്ഠിരൻ ഗരുഡപക്ഷങ്ങളോടുകൂടിയതും കൂൎമ്മയേറിയതും ആയ തൻെറ അസ്ത്രങ്ങളെ ദ്രോണരുടെ നേക്കു് അയച്ചു. എന്നാൽ ഇതുകൊണ്ടു് ആചാൎയ്യൎക്കു് ഒരു കുലുക്കവും ഉണ്ടായില്ല. തന്റെ ബാണങ്ങളാൽ അദ്ദേഹം ധൎമ്മപുത്രനെ ആക്രമിച്ചു് അദ്ദേഹത്തിന്റെ വില്ലിന്നെ ഛേദിച്ചു് താഴെ വീഴ്ത്തിയിട്ടു് വളരെ വേഗത്തിൽ അദ്ദേഹത്തിൻെറ അരികിൽ ചെന്നു. ധൃഷ്ടദ്യുമ്നൻ ദ്രോണരെ എതിൎത്തു തടുത്തുനിൎത്താൻ എത്രതന്നെ ശ്രമിച്ചിട്ടും സാധിച്ചില്ല. അദ്ദേഹത്തിന്റെ ആക്രമത്തെ തടുക്കാൻ സാധിക്കാതെ എല്ലാവരും നിന്നു.

"യുധിഷ്ഠിരൻ പിടിക്കപ്പെട്ടു! യുധിഷ്ഠിരൻ പിടിക്കപ്പെട്ടു! എന്ന ആരവം യുദ്ധക്കളത്തിൽ വ്യാപിച്ചു. ആ സമയം പെട്ടെന്നു് അർജ്ജുനൻ ആഗതനായി. അദ്ദേഹത്തിൻെറ രഥം യുദ്ധക്കളത്തിലെ ആ രക്തനദിയേയും അസ്ഥിസഞ്ചയത്തേയും കടന്നു് അവിടെ വന്നുചേൎന്നപ്പോഠം ദ്രോണർ ഒന്നു ഭയപ്പെട്ടു.

* * * *

അമ്പുകളെ തൊടുക്കുന്നതിലും അയയ്ക്കുന്നതിലും ഇടയ്ക്കുള്ള സമയം ആരും മനസ്സിലാക്കാതെ അത്രവേഗത്തിൽ ഗാണ്ഡീവം ശരമാരി പൊഴിച്ചു. യുദ്ധക്കളത്തിൽ ബാണാന്ധകാരം, അതായതു് അമ്പുകഠം ആകാശത്തെ മൂടിയതിനാൽ ഉണ്ടായ ഇരുട്ടു്, വ്യാപിച്ചു.

ദ്രോണർ പിൻവാങ്ങി. യുധിഷ്ഠിരൻ പിടിക്കപ്പെട്ടില്ല; അന്നത്തെ യുദ്ധവും അവസാനിച്ചു. കൗരവസേന ഭയത്തോടുകൂടി മടങ്ങി. പാണ്ഡവസേനയും ഗാംഭീൎയ്യപൂൎവ്വം യുദ്ധക്കളംവിട്ടു് രാത്രി വിശ്രമത്തിനുള്ള സ്ഥലത്തേക്കു് പിൻവാങ്ങി. പടകഠംക്കെല്ലാംപിൻപേ കേശവനും അർജ്ജുനനും ശിബിരത്തിൽ പ്രവേശിച്ചു. അങ്ങനെ പതിനൊന്നാം ദിവസത്തെ യുദ്ധം അവസാനിച്ചു.

# 78. യുദ്ധം

[പന്ത്രണ്ടാംദിവസം]

യുധിഷ്ഠിരനെ ജീവനോടുകൂടി പിടിക്കാനുള്ള തലേ ദിവസത്തെ ശ്രമം പരാജയത്തിൽ കലാശിച്ചല്ലോ. ദുര്യോധനനെ നോക്കി ദ്രോണർ ഇപ്രകാരം പറഞ്ഞു. "ധനഞ്ജയൻ അടുത്തുള്ളപ്പോൾ നിശ്ചയമായും യുധിഷ്ഠിരനെ പിടിക്കാൻ സാദ്ധ്യമല്ല. ഞാൻ യാതൊരു വഞ്ചനയും കാണിക്കുന്നില്ല. എന്തെങ്കിലും കൗശലം പ്രയോഗിച്ച് ധനഞ്ജയനെ വേറെ ഒരു സ്ഥലത്തേയ്ക്ക് കൊണ്ടുപോയി യുധിഷ്ഠിരനെ തനിച്ചാക്കിയാൽ സേനയെ അകത്ത് ഞാൻ യുധിഷ്ഠിരനെ പിടിക്കാം. യുദ്ധഭീരുവായ അയാൾ ഓടിപ്പോകാതെ നിന്ന് യുദ്ധം ചെയ്യുമെങ്കിൽ തീർച്ചയായും ഞാൻ പിടിച്ചു തരാം. അപ്രകാരം യുദ്ധം ചെയ്യാതെ യുദ്ധഭൂമിയിൽ നിന്ന് അയാൾ ഓടിയാൽ തന്നെ അതും നമുക്ക് വിജയമല്ലേ?"

ഇപ്രകാരം ദ്രോണർ പറഞ്ഞത് കൗരവസേനയിലെ ത്രിഗർത്തസേനാധിപതിയായ സുശർമ്മാവ് കേട്ടു. അദ്ദേഹം തൻെറ സഹോദരന്മാരുമായി ഇതിനെപ്പററി ആലോചിച്ചു. അവർ എല്ലാവരും ഒത്തുചേർന്ന് അർജ്ജുനനുമായി യുദ്ധം ചെയ്ത് യുധിഷ്ഠിരൻെറ സമീപത്തുനിന്നും അദ്ദേഹത്തെ അകററാൻ തീരുമാനിച്ചു.

അവർ ഒരു വലിയ സേനയെ ശേഖരിച്ചു. എല്ലാവരും ചേർന്ന് അഗ്നിയെ അർച്ചിച്ചു. പുല്ലുകൊണ്ടുള്ള വസ്ത്രങ്ങൾ ധരിച്ച്, ശരീരത്തെ ത്യജിക്കാൻ അവർ സന്നദ്ധരായി. "ഞങ്ങൾ ഈ യുദ്ധത്തിൽ ധനഞ്ജയനെ

കൊല്ലാതെ തിരിച്ചു വരുകയില്ല. ഭയന്നു് പുറകോട്ട് ഓടിയാൽ പല പ്രകാരത്തിലുള്ള പാപകൃത്യങ്ങൾ ചെയ്തതിന്റെ ദോഷം ഞങ്ങൾ അനുഭവിക്കട്ടെ" എന്നു് ശപഥം ചെയ്തു. മരണകാലത്തു് ചെയ്യേണ്ടതായിട്ടുള്ള ദാനകർമ്മങ്ങൾ എല്ലാം നടത്തിയതിനു ശേഷം യുദ്ധക്കളത്തിൽ തങ്ങൾക്കു് നിർദ്ദേശിച്ചിരുന്ന സ്ഥാനങ്ങളിലേക്കു് അവർ പോയി.

"അർജ്ജുനാ!" എന്നു് വിളിച്ചുംകൊണ്ടു് അവർ അർജ്ജുനനെ യുദ്ധത്തിനു് ക്ഷണിച്ചു. ഒരു മുഖ്യമായ കാര്യസാദ്ധ്യത്തിനു് ഒരു പടയോ പടയാളികളോ തങ്ങളുടെ ജീവനേക്കൂടി ഇല്ലായ്മചെയ്തു് കാര്യസാദ്ധ്യം നേടുക എന്ന ആത്മഹത്യാപരമായ രീതി ഇക്കാലത്തെ യുദ്ധങ്ങളിലും കാണാം. അർജ്ജുനനെ ദൂരെ ആനയിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ആത്മനാശത്തിനു് ഒരുമ്പെട്ട ത്രിഗർത്തസേന അതിനു വേണ്ട സംശപ്തകപ്രതിജ്ഞ ചെയ്തുകൊണ്ടു് അർജ്ജുനനെ പോരിനു വിളിച്ചു.

അർജ്ജുനൻ ധർമ്മപുത്രനെ നോക്കി, "അല്ലയോ, രാജാവേ ഈ സംശപ്തകന്മാർ എന്നെ യുദ്ധത്തിനു വിളിക്കുന്നു. യുദ്ധത്തിനു് ആരെങ്കിലും വിളിച്ചാൽ പിൻവാങ്ങുകയില്ല എന്ന പ്രതിജ്ഞയാൽ ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നുവല്ലോ? സുശർമ്മാവും അവന്റെ ആളുകളും എന്നെ യുദ്ധത്തിനു വിളിക്കുന്നു. ഇവരേയും ഇവരുടെ ആളുകളേയും കൊന്നു് ഞാൻ തിരിച്ചുവരാം. എനിക്കു് അനുമതി നല്കിയാലും" എന്നു പറഞ്ഞു.

"വത്സ! ദ്രോണരുടെ നിശ്ചയം നിനക്കു് അറിയാമല്ലോ. അതു് കരുതിക്കൊണ്ടു വേണം എല്ലാക്കാര്യങ്ങളും

ചെയ്യുന്നതു്. എന്നെ ജീവനോടുകൂടി പിടിക്കാമെന്നു് അദ്ദേഹം ദുര്യോധനനു വാക്കു് കൊടുത്തിരിക്കയാണു്. അദ്ദേഹം ബലവാനും ശൂരനും അസ്ത്രവിദ്യാവിദഗ്ദ്ധനും പരിശ്രമസഹിഷ്ണുവും ഉത്സാഹശീലനുമാണു്." എന്നു് യുധിഷ്ഠിരൻ പറഞ്ഞു.

"രാജൻ! അങ്ങയെ കാത്തുരക്ഷിക്കുന്നതിനു് സത്യജിത്തു് ഇവിടെയുണ്ടു്. അദ്ദേഹം ജീവനോടുകൂടി അങ്ങയുടെ സമീപം ഉള്ളപ്പോൾ അങ്ങേയ്ക്കു് യാതൊരപായവും ഇല്ല" എന്നു് അർജ്ജുനൻ ധർമ്മപുത്രനോടു് പറഞ്ഞു് പാഞ്ചാലകുമാരനായ സത്യജിത്തിനെ യുധിഷ്ഠിരനു കാവൽനിർത്തിയിട്ടു് സംശപ്തകന്മാരുടെ പോർവിളി ശ്രവിച്ചു് വിശന്നിരിക്കുന്ന സിംഹത്തെപ്പോലെ അവരെ എതിർത്തു.

"ഹേ! കൃഷ്ണാ! അതാ നോക്കുക ത്രിഗർത്തന്മാർ നില്ക്കുന്നതു്. കരയേണ്ടതിനു പകരം വ്രതത്തിന്റെ ഉന്മത്തതയാൽ അവർ സന്തോഷത്തോടെ നില്ക്കുന്നു. സ്വർഗ്ഗത്തെ പ്രതീക്ഷിച്ചു് അവർ ആനന്ദപരവശരായിത്തീർന്നിരിക്കുന്നു" എന്നു പറഞ്ഞുംകൊണ്ടു് ശത്രുക്കളുടെ വലിയ സേനയെ അർജ്ജുനൻ സമീപിച്ചു.

* * * *

ഭാരതയുദ്ധത്തിലെ പന്ത്രണ്ടാംദിവസമാണു് ഇതു്. യുദ്ധം ഘോരമായി നടന്നു. അർജ്ജുനന്റെ ആക്രമണം മൂലം ത്രിഗർത്താക്കളുടെ സേനയ്ക്കു് അവിടവിടെ ക്ഷീണം സംഭവിച്ചുതുടങ്ങി. ത്രിഗർത്തരാജൻ ഭീരുക്കളായിത്തീർന്നിരുന്ന തന്റെ ഭടന്മാരെ ധൈര്യപ്പെടുത്തിക്കൊണ്ടു് ഉറക്കെ സിംഹനാദം പുറപ്പെടുവിച്ചു.

"അല്ലയോ ശൂരന്മാരേ! നിങ്ങൾ ഒരു വലുതായ ക്ഷത്രിയസൈന്യത്തിന്റെ സമക്ഷം ശപഥം ചെയ്തു വ്രതം ഏററിരിക്കയാണു്. ഘോരശപഥത്തിനു ശേഷം വീണ്ടും ഭയപ്പെടുന്നതു ശരിയല്ല. അപ്രകാരം ഭയന്നാൽ നിങ്ങൾ പരിഹാസത്തിനു പാത്രമായിത്തീരും" എന്നു അ വീരന്മാർ പരസ്പരം ഉത്സാഹപ്പെടുത്തിക്കൊണ്ടു വീണ്ടും ഘോരമായ സമരം തുടങ്ങി.

*   *   *   *

"ഹൃഷീകേശ! ഇവരെ കൊല്ലുന്നതുവരെ ഇവർ യുദ്ധത്തിൽനിന്നും പിൻമാറുകയില്ല; ഭയപ്പെടുകയുമില്ല. അങ്ങു് തേരു് മുമ്പോട്ടു് തെളിച്ചാലും" എന്നു് അർജ്ജുനൻ പറഞ്ഞു.

മധുസൂദനൻ തേരു മുമ്പോട്ടു നയിച്ചു. ദേവാസുരയുദ്ധത്തിൽ ഇന്ദ്രന്റെ രഥം എപ്രകാരമായിരുന്നുവോ അപ്രകാരം കൃഷ്ണൻ ഓടിച്ച ആ തേർ ശത്രുസേനയ്ക്കിടയിൽ അങ്ങും ഇങ്ങും പാഞ്ഞു. അർജ്ജുനന്റെ ഗാണ്ഡീവം അതിന്റെ മുഴുവൻ പരാക്രമത്തേയും പ്രദർശിപ്പിക്കാൻ ആരംഭിച്ചു. ത്രിഗർത്താക്കളുടെ കണ്ണിൽ നൂറു് അർജ്ജുനന്മാർ കാണപ്പെട്ടു. മുറിവേററ വീരന്മാർ ആയിരക്കണക്കിനു് പൂത്ത പലാശമരംപോലെ ശോഭിച്ചു.

അതിഘോരമായ യുദ്ധം നടന്നു. ഒരു പ്രാവശ്യം ശരമാരിയാൽ അർജ്ജുനന്റെ രഥം കൊടിമരത്തോടുകൂടി അന്ധകാരത്താൽ ആവൃതമായി.

"ധനഞ്ജയാ! ജീവനോടുകൂടിത്തന്നെയിരിക്കുന്നുവോ?" എന്നു് കൃഷ്ണൻ അർജ്ജുനനോടു ചോദിച്ചു.

"ഞാൻ ജീവിച്ചിരിക്കുന്നു." എന്നു് അർജ്ജുനൻ മറുപടി പറഞ്ഞതിനു ശേഷം ആ ഇരുട്ടിൽ ഗാണ്ഡീവം കുലച്ചു് തൻെറ അമ്പുകളാൽ ശത്രുക്കളുടെ ശരവർഷത്തെ തടുത്തു.

പ്രളയകാലത്തിൽ ഉണ്ടാകുന്ന രുദ്രൻെറ താണ്ഡവനൃത്തരംഗംപോലെ ആ യുദ്ധക്കളം വിളങ്ങി. ഛിന്നങ്ങളായ മസ്തകങ്ങളും ഛിന്നങ്ങളായ അവയവങ്ങളും എങ്ങും നിറഞ്ഞു് യുദ്ധക്കളം ഭയങ്കരമായി കാണപ്പെട്ടു.

* * * *

സംശപ്തകന്മാരെ എതിർക്കാൻ അർജ്ജുനൻ പോയപ്പോൾ അണിനിരന്നു നിന്ന പാണ്ഡവസൈന്യത്തിൽ യുധിഷ്ഠിരൻ നിന്നിരുന്ന സ്ഥലം നോക്കി ബലമായി എതിർക്കുന്നതിനു് ദ്രോണർ തൻെറ സേനയ്ക്കു് ഉത്തരവു നല്കി. ഒരു വലിയ സേന ദ്രോണരുടെ നേതൃത്വത്തിൽ തന്നെ എതിർക്കാൻ വരുന്നതായി യുധിഷ്ഠിരൻ കണ്ടു.

"ദ്വിജശ്രേഷ്ഠൻ എന്നെ പിടിക്കാൻ വരുകയാണു്. ജാഗ്രതയായി സേനയെ സൂക്ഷിച്ചുകൊള്ളുക" എന്നു് യുധിഷ്ഠിരൻ ധൃഷ്ടദ്യുമ്നനു് താക്കീതു നല്കി.

ദ്രുപദകുമാരൻ ദ്രോണരുടെ വരവിനെ കാത്തിരിക്കാതെ സ്വയം ദ്രോണരെ എതിർക്കുന്നതിനു് വേഗത്തിൽ തന്റെ തേരു് മുന്നോട്ടു് നയിച്ചു. തന്നെ കൊല്ലുന്നതിനു ജനിച്ചിരിക്കുന്ന ധൃഷ്ടദ്യുമ്നൻ തന്റെ എതിരേ വരുന്നതു കണ്ടു് ഒരു ക്ഷണനേരത്തേയ്ക്കു് കാലനെക്കണ്ടതുപോലെ ദ്രോണർ പരവശനായി. ഇവന്റെ കൈകൊണ്ടു് താൻ

മരിക്കും എന്നുള്ള സംഗതി മനസ്സിൽ സ്മരിച്ചു. അതിനാൽ ആ സൈന്യവിഭാഗം വിട്ട് ദ്രുപദൻ യുദ്ധം ചെയ്തുകൊണ്ടിരുന്ന സ്ഥലം നോക്കി ദ്രോണർ പോയി.

*　　　*　　　*　　　*

ദ്രുപദന്റെ സേനയെ വളരെയൊക്കെ ഉപദ്രവിച്ചു് രക്തത്തിൽ ആറാടിച്ചതിനുശേഷം ദ്രോണർ മനസ്സിനെ ധൈര്യപ്പെടുത്തി വീണ്ടും യുധിഷ്ഠിരസമീപത്തിലേക്കു ചെന്നു. യുധിഷ്ഠിരൻ യാതൊരു കലുഷവും കൂടാതെ ശരവർഷം ചെയ്തു. അതിനുശേഷം സത്യജിത്തു് ദ്രോണരോടു് ഏററു. ഘോരമായ സമരം നടന്നു. ദ്രോണർ യുദ്ധക്കളത്തിൽ യമധർമ്മരാജാവായ കാലനെപ്പോലെ വിളങ്ങി. ഘോരോത്തരരായി അനേകം യോദ്ധാക്കളെ അദ്ദേഹം കൊന്നൊടുക്കി. പാഞ്ചാലനന്ദനനായ വൃകൻ അദ്ദേഹത്തിന്റെ ബാണങ്ങൾക്കിരയായി. അതിനു ശേഷം സത്യജിത്തും മൃതിയടഞ്ഞു.

ഇതു കണ്ടു് വിരാടകുമാരനായ ശതാനീകൻ ദ്രോണരെ എതിർത്തു. ശതാനീകന്റെ കുണ്ഡലമണ്ഡിതമായ മസ്തകം ഭൂമിയിൽ വീണുരുണ്ടു. കേതുമാൻ എന്ന രാജാവു് ദ്രോണരെ എതിർത്തു അദ്ദേഹവും ജീവനെ വെടിയേണ്ടി വന്നു. ദ്രോണരുടെ ആക്രമണത്തെ എങ്ങനെയെങ്കിലും തടയണമെന്നു് കരുതിവന്ന വസുദാനൻ ഒരു ബാണത്താൽ യമാലയത്തിൽ അയയ്ക്കപ്പെട്ടു. യുധാമന്യുവിനെയും സാത്യകിയേയും ശിഖണ്ഡിയേയും ഉത്തമൗജസ്സിനെയും സ്വബാണങ്ങൾകൊണ്ടു ദൂരത്തിയിട്ടു് ദ്രോണർ യുധിഷ്ഠിരസമീപമെത്തി. ആ സമയം ദ്രുപദന്റെ മറെറാരു പുത്രനായ പാഞ്ചാലൻ തന്റെ

ജീവനെ തൃണവൽഗണിച്ച് ദ്രോണരെ ആവേശപൂർവം എതിർത്തു. അദ്ദേഹവും ജീവനെ വെടിഞ്ഞു് ആകാശത്തിൽ നിന്നു് നക്ഷത്രം നിപതിക്കുന്നതുപോലെ താഴെ വീണു.

"രാധേയാ! ദ്രോണരുടെ പരാക്രമം കണ്ടോ? ഈ പാണ്ഡവന്മാർ ഇനി യുദ്ധം ചെയ്‌വാൻ ആഗ്രഹിക്കുകയില്ല. അവരുടെ സേന ഛിന്നഭിന്നമായിപ്പോയതു് നോക്കുക." എന്നു് ദുര്യോധനൻ കർണ്ണനോടു പറഞ്ഞു.

കർണ്ണൻ തലകുലുക്കി അതു് ശരിയല്ലഎന്നു് അഭിപ്രായപ്പെട്ടു. "അല്ലയോ, ദുര്യോധന! പാണ്ഡവന്മാർ ഇത്ര എളുപ്പത്തിൽ തോൽവിയടയുന്നവരല്ല. യുദ്ധം ഉപേക്ഷിച്ച് പോവുകയുമില്ല. വിഷം, അഗ്നി, ചൂതുകളി ഇവയാൽ ഉണ്ടായ കഷ്ടപ്പാടുകളേയും വനവാസത്തേയും അവർ മറക്കുകയില്ല. അതാനോക്കുക! പാണ്ഡവന്മാർ വീണ്ടും ഒന്നിച്ചുചേൎന്നു് ദ്രോണരെ എതിർത്തു് തുടങ്ങിയിരിക്കുന്നു. ഭീമനും സാത്യകിയും യുധാമന്യുവും ക്ഷത്രധർമ്മനും നകുലനും ഉത്തമൗജസ്സും ദ്രുപദനും വിരാടനും യുധിഷ്ഠിരനെ കാക്കുന്നതിനു് തയ്യാറായിരിക്കുന്നു. ദ്രോണർ പലവശത്തുനിന്നും ആക്രമിക്കപ്പെടുന്നു. ഇത്ര വലിയ ഒരു ഭാരം ആചാര്യനിൽ ചുമത്തിയിട്ടു് നാം വെറുതെ ഇരിക്കരുതു്. മഹാപരാക്രമിയാണെങ്കിലും അദ്ദേഹത്തിനും താങ്ങാവുന്നതിനു് ഒരതിരുണ്ടു്. കുറേ ചെന്നായ്ക്കൾ ഒന്നു ചേൎന്നാൽ ഒരു ഗജശ്രേഷ്ഠനെ കൊല്ലാൻ സാധിക്കും. ദ്രോണരുടെ സമീപത്തേയ്ക്കു് നമുക്കു് പോകാം. അദ്ദേഹത്തെ തനിയെ വിട്ടുകളയരുതു്." എന്നു് കർണ്ണൻ പറഞ്ഞു.

---

# 79. ശൂരനായ ഭഗദത്തൻ

യുധിഷ്ഠിരനെ ജീവനോടുകൂടി പിടിക്കുന്നതിന്നായി ദ്രോണർ പല പ്രാവശ്യവും പ്രയത്നിച്ചു എങ്കിലും അതു സാധിച്ചില്ല.

ദുര്യോധനൻ ഒരു വലിയ ഗജസൈന്യത്തെ ശേഖരിച്ചു് ഭീമൻെറ നേക്കു് അയച്ചു. ഭീമൻ ആ ആനപ്പടയെ അമ്പുകൾകൊണ്ടു് എതിത്തു. അൎദ്ധചന്ദ്രാകൃതിയിലുള്ള ബാണങ്ങൾ പ്രയോഗിച്ചു് ദുര്യോധനൻെറ കൊടിയും അദ്ദേഹം പിടിച്ചിരുന്ന വില്ലും ഭീമൻ മുറിച്ചു. ഇങ്ങനെ ദുര്യോധനൻ വിഷമിക്കുന്നതുകണ്ടു് മ്ലേച്ഛരാജാവായ അംഗൻ ഒരു വലിയ ആനപ്പുറത്തുകയറി ഭീമസേനനെ എതിത്തു. ഭീമൻ നാരാചങ്ങൾ അയച്ചു് ആനയെ വീഴ്ത്തി മ്ലേച്ഛരാജാവിനേയും കൊന്നു. ഇതുകണ്ടു് ആ വശത്തുണ്ടായിരുന്ന കൗരവസൈന്യം ഭയന്നു ചിന്നിച്ചിതറി ഓടാൻ തുടങ്ങി.

ആനകളും രഥങ്ങളിൽ പൂട്ടിയിരുന്ന കുതിരകളും ഭയന്നു് ഓടുമ്പോൾ ആയിരക്കണക്കിനു കാലാൾപ്പടകൾ അവയുടെ ചവിട്ടുകൊണ്ടു് മരിച്ചു. നാലുവശത്തും ഉള്ള സൈന്യവും ചിന്നിച്ചിതറി ഓടുന്നതുകണ്ടു് പ്രാഗ്ജ്യോതിഷദേശത്തിലെ രാജാവായ ഭഗദത്തനു് സഹിക്കവയ്യാത്ത കോപം ഉണ്ടായി. അദ്ദേഹം പ്രസിദ്ധപ്പെട്ട സുപ്രതീകം എന്ന തൻെറ ആനമേൽ കയറി അതിനെ ഭീമന്റെനേക്കു് നയിച്ചു. ചെവിവട്ടം പിടിച്ചു് തുമ്പിക്കൈ നാലുവശത്തേക്കും വീശിക്കൊണ്ടു് ആ ആന ഭീമന്റെ മേൽ പാഞ്ഞു് അദ്ദേഹത്തിൻെറ രഥത്തേയും കുതിരകളേയും

നശിപ്പിച്ചു. ഭീമന് ആനയുടെ മമ്മസ്ഥാനങ്ങൾ നല്ല വണ്ണം അറിയാമായിരുന്നു. തേരും കതിരകളും നശിച്ച ഉടൻ അദ്ദേഹം താഴെച്ചാടി ആനയുടെ കാലുകൾക്കിടയിൽ പ്രവേശിച്ച് അതിൻെറ ശരീരത്തെ നല്ലവണ്ണം ഞെരുക്കി പല മമ്മസ്ഥാനങ്ങളേയും കൈകൊണ്ടു് ഇടിച്ച് അതിനെ ഉപദ്രവിച്ചു. ആന വിരണ്ടു് കുംഭകാരൻെറ ചക്രംപോലെ വളഞ്ഞു് ഭീമനെ തള്ളാൻ നോക്കി. തുമ്പികൈകൊണ്ടു് അദ്ദേഹത്തെ പിടിച്ച് മുഴംകാൽകൊണ്ടു് അദ്ദേഹത്തിനെ ഉപദ്രവിക്കാൻ ഭാവിച്ചപ്പോൾ വൃകോദരൻ തുമ്പിക്കയ്യിൽനിന്നും എങ്ങനെയോ രക്ഷപ്പെട്ടു് വീണ്ടും ആനയുടെ അടുത്തു ചെന്നു് അതിൻെറ കാലുകളുടെ ഇടയിൽ പ്രവേശിച്ച് അതിനെ പീഡിപ്പിച്ചു.

പാണ്ഡവസൈന്യത്തിൽനിന്നും ഏതെങ്കിലും ഒരു ആനവന്നു് ഭഗദത്തൻെറ ആനയെ എതിക്കുമെന്നും അപ്പോൾ സ്വയം രക്ഷപ്പെട്ടുകൊള്ളാമെന്നും പ്രതീക്ഷിച്ചുംകൊണ്ടു് ഭീമസേനൻ കാത്തിരുന്നു. ആനയുടെ ശരീരത്തിൽ അദ്ദേഹം മറഞ്ഞിരുന്നതിനാൽ "ഭഗദത്തൻെറ ആന ഭീമസേനനെ കൊന്നുകളഞ്ഞു ഭീമൻ മരിച്ചുപോയി" എന്നുള്ള ശബ്ദം യുദ്ധക്കളത്തിൽ മുഴങ്ങി.

ഭീമൻ മരിച്ചുപോയി എന്നുതന്നെ യുധിഷ്ഠിരനും നിശ്ചയിച്ച് വീരന്മാരേയെല്ലാം ഭഗദത്തനെ എതിക്കാൻ അയച്ചു. ഇതിനകം ദശാർണ്ണദേശത്തിലെ രാജാവു് ഒരു പടയാനയെക്കൊണ്ടു് ഭഗദത്തൻെറ ആനയെ എതിത്തു. ദശാർണ്ണൻെറ ആന ഭഗദത്തൻെറ ആനയെ തീവ്രമായി ആക്രമിച്ച് വളരെ ഭയങ്കരമായി പൊരുതി.

എങ്കിലും അവസാനത്തിൽ അതിന്റെ സുപ്രതീകം കുത്തി താഴെ വീഴ്ത്തി. അപ്പോൾ ഭീമസേനൻ ആനയുടെ അടിയിൽനിന്നും പുറത്തുവന്നു് ഓടി രക്ഷപ്പെട്ടു.

മഹാരഥന്മാരാൽ ചുററപ്പെട്ടു് വളരെ പീഡിപ്പിക്കപ്പെട്ടിരുന്ന ഭഗദത്തൻ ധൈര്യം ഉപേക്ഷിച്ചില്ല. മലയുടെ മുകളിൽ കാട്ടുതീ പററിപ്പിടിച്ചു് എരിയുന്നപോലെ ആ വീരൻ പ്രകാശിച്ചു. തന്നെ വളഞ്ഞിരുന്ന ശത്രുക്കളെ നിസ്സാരമാക്കി സാത്യകിയുടെ രഥത്തിന്റെ നേക്കു് ഭഗദത്തൻ തന്റെ ആനയെ നയിച്ചു. ആന സാത്യകിയുടെ രഥത്തെ എടുത്തു് എറിഞ്ഞു. സാത്യകി രഥം ഉപേക്ഷിച്ചു് താഴെച്ചാടി രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ സാരഥി രഥത്തേയും കുതിരകളേയും വലിയ സാമർത്ഥ്യത്തോടുകൂടി രക്ഷിച്ചു; ഉടൻതന്നെ വീണ്ടും രഥത്തെ ശരിപ്പെടുത്തി നിരുത്തി,സാത്യകി നിന്ന സ്ഥലത്തേക്കു തിരിച്ചു കൊണ്ടുചെന്നു.

ഭഗദത്തന്റെ ആന പാണ്ഡവസൈന്യമദ്ധ്യത്തിൽ യഥേഷ്ടം പ്രവേശിച്ചു് പല വീരന്മാരേയും എടുത്തെറിഞ്ഞു് കാലനെപ്പോലെ ഭയം ഉളവാക്കി. ഐരാവതത്തിൽ കയറി ഇന്ദ്രൻ അസുരന്മാരേ പീഡിപ്പിച്ചതുപോലെ ഭഗദത്തനും പല രാജാക്കന്മാരെയും പീഡിപ്പിച്ചു.

നീണ്ട തുമ്പിക്കയ്യോടും നിശ്ചലങ്ങളായ കർണ്ണങ്ങളോടുംകൂടി ആന അങ്ങുമിങ്ങും ഓടി അസംഖ്യം കുതിരകളേയും രഥങ്ങളേയും ആളുകളേയും ചവിട്ടിക്കൊന്നു. ബാണങ്ങൾ അതിന്റെ നേക്കു് അയയ്ക്കുംതോറും ആന

യുടെ പരാക്രമം മേല്ക്കുമേൽ അധികമായി. കാട്ടിൽ ഉള്ള ഇടയൻ പശുക്കൂട്ടങ്ങളേ നയിക്കുന്നതുപോലെ ഭഗദത്തൻ തന്റെ യുദ്ധഗജത്തേ നയിച്ചു് പാണ്ഡവസൈന്യത്തെ വിരട്ടിഓടിച്ചു. ഭീമസേനൻ വീണ്ടും രഥത്തിൽ കയറി സുപ്രതീകത്തെ എതിൎത്തു. ആന തുമ്പിക്കൈ നീട്ടി തേർക്കുതിരകളെ വിരട്ടിയതുകൊണ്ടു് അവ വിരണ്ടോടി.

അപ്പോഠം കുറേ ദൂരത്തിൽ സംശപ്തകന്മാരുമായി യുദ്ധംചെയ്തുകൊണ്ടിരുന്ന അൎജ്ജുനൻ പാണ്ഡവസൈന്യം നിന്നിരുന്ന സ്ഥലത്തുനിന്നും ഉത്ഭവിച്ച ധൂളിപടലം കണ്ടും ആനയുടെ ശബ്ദം കേട്ടും പാണ്ഡവസൈന്യത്തിനു് ഏതോ അനൎത്ഥം നേരിട്ടിരിക്കുമെന്നു് ഊഹിച്ചു. "മധുസൂദന! ഇതു ഭഗദത്തന്റെ ആനയുടെ ശബ്ദമാണു്. യുദ്ധഗജത്തേ നയിച്ചു് ഭഗദത്തൻ പാണ്ഡവസൈന്യത്തെ നശിപ്പിക്കയാണു്. ഗജയുദ്ധം നടത്തുന്ന വീരന്മാരിൽ ഭഗദത്തനേപ്പോലെ ലോകത്തിൽ ആരും തന്നെ ഇല്ല. അവൻ നമ്മെളെ പീഡിപ്പിക്കും. നമുക്കു് വേഗം അവിടെ പോകണം. സംശപ്തകന്മാരെ നശിപ്പിച്ചതു് മതി. അവരെ വിട്ടു് ദ്രോണർ യുധിഷ്ഠിരനെ എതിൎത്തു കൊണ്ടിരിക്കുന്ന സ്ഥലത്തേക്കു് രഥത്തേ വേഗം തെളിച്ചാലും" എന്നു് അൎജ്ജുനൻ കൃഷ്ണനോടു പറഞ്ഞു.

ശ്രീകൃഷ്ണനും അപ്രകാരം രഥത്തെ അങ്ങോട്ടു് നയിച്ചു. സുശൎമ്മാവും സഹോദരന്മാരും അൎജ്ജുനന്റെ തേരിനേ പിൻതുടൎന്നു് "നില്ക്കുക! നില്ക്കുക!" എന്നു് വിളിച്ചുപറഞ്ഞു് ആക്രമിച്ചു.

രണ്ടു പിന്തകളാൽ അർജ്ജുനൻ പീഡിക്കപ്പെട്ടു. "ഇവിടെ സുശർമ്മാവു് എന്നെ പോരിനു വിളിക്കുന്നു. ഞാൻ പിൻതിരിഞ്ഞു് ഓടുന്നവനെപ്പോലെ പോക ണോ? മറെറാരു വശത്തു് നമ്മുടെ സേന തകർക്കപ്പെട്ടു് അപായനിലയിൽ എത്തിച്ചേൎന്നിരിക്കുന്നു. ഉടനെ ഞാൻ അവിടെ ചെന്നു് സഹായിച്ചില്ലെങ്കിൽ കാൎയ്യസി ദ്ധിക്കു് തടസ്സം നേരിടും" എന്നു് അർജ്ജുനൻ വ്യാകുല നായി.

ആ സമയം സുശർമ്മാവു് ഒരു ശക്ത്യായുധം അർജ്ജു നൻെറയും ഒരു തോമരം ജനാർദ്ദനൻെറയും നേരേ അയച്ചു. കോപാവിഷ്ടനായ അർജ്ജുനൻ മൂന്നു ബാണ ങ്ങൾ എയ്തു് സുശർമ്മാവിനെ പിന്തിരിപ്പിച്ചശേഷം വേഗം ഭഗദത്തൻ നിന്ന സ്ഥലത്തേക്കു് തേരു തെളിക്കാൻ അപേക്ഷിച്ചു.

അർജ്ജുനൻ വന്നു ചേൎന്നപ്പോൾ പാണ്ഡവസേനയ്ക്കു് വീണ്ടും ധൈൎയ്യം ഉണ്ടായി. പിൻമാറാതെ നിന്നു് ആ സൈന്യം യുദ്ധം ചെയ്തു. കാടു തകൎത്തുവരുന്ന ആനയെ പ്പോലെ അർജ്ജുനൻ കൗരവസേനയെ തകൎത്തു് ഭഗദ ത്തനെ എതിൎത്തു. അർജ്ജുനൻ വരുന്നതു കണ്ടപ്പോൾ ഭഗദത്തൻ തൻെറ സേനയെ അങ്ങോട്ടു് നയിച്ചു. ആന അർജ്ജുനൻെറ തേരിൻെറ നേൎക്കു് കാലനെപ്പോലെ പാഞ്ഞു ചെന്നു. അപ്പോൾ വാസുദേവൻ തേരിനെ ആന യുടെ പാതയിൽനിന്നു് വളരെ സാമൎത്ഥ്യമാംവണ്ണം മാററി രക്ഷിച്ചു.

ഭഗദത്തൻ ആനയുടെ പുറത്തിരുന്നുകൊണ്ടു് അർജ്ജുനൻെറയും ശ്രീകൃഷ്ണൻെറയും നേൎക്കു് ശരവൎഷം

ചെന്നു. അർജ്ജുനൻ ബാണങ്ങളാൽ ആനയുടെ കവചത്തെ ആദ്യം തകർത്തുകളഞ്ഞു. അതിനുശേഷം ആനയ്ക്കു് ബാണങ്ങളിൽ നിന്നും ഉപദ്രവം നേരിടുവാൻ ആരംഭിച്ചു. ഇതു കണ്ടു് ഭഗദത്തൻ ഒരു ശക്ത്യായുധം വാസുദേവൻെറ നേരെ അയച്ചു. അർജ്ജുനൻ അതിനെ തൻെറ ബാണത്താൽ രണ്ടായി മുറിച്ചു. പിന്നീടു് ഭഗദത്തൻ ഒരു തോമരം അർജ്ജുനൻെറ നേക്കു് എറിഞ്ഞു. അതു് അർജ്ജുനൻെറ കിരീടത്തിൽ തട്ടി.

അർജ്ജുനൻ കിരീടത്തെ വീണ്ടും ശരിപ്പെടുത്തിയിട്ടു് "ഭഗദത്താ! അവസാനമായി ഈ ലോകത്തെ ഒന്നു് ശരിക്കു് നോക്കിക്കൊൾക" എന്നു പറഞ്ഞു് ഗാണ്ഡീവം കലച്ചു.

ഭഗദത്തൻ ഒരു പടുവൃദ്ധൻ ആയിരുന്നു. മുടി നല്ലവണ്ണം നരച്ചിരുന്നു. മാംസം മടിഞ്ഞു കിടന്നിരുന്നു. അദ്ദേഹത്തിൻെറ മുഖം ഒരു സിംഹത്തിൻേറതുപോലെ വിളങ്ങി. വാർദ്ധക്യംകൊണ്ടു് കുഴിഞ്ഞിരുന്ന കണ്ണുകൾ മൂടിയിരുന്ന മാംസത്തെ അദ്ദേഹം ഒരു പട്ടുവസ്ത്രത്താൽ ശരിയായി കെട്ടിയിരുന്നു. അസമാനപരാക്രമിയായ ആ ശൂരൻെറ ശീലവും ഗുണവും പ്രതാപവും ക്ഷത്രിയലോകത്തിൽ പ്രസിദ്ധമായിരുന്നു. ഇന്ദ്രസഖാവെന്നു് അദ്ദേഹത്തെ ജനങ്ങൾ വാഴ്ത്തിയിരുന്നു. "അവസാനമായി ലോകത്തെ ഒന്നു നോക്കിക്കൊൾക" എന്നു പറഞ്ഞു് അർജ്ജുനൻ അദ്ദേഹത്തിൻെറ നേരേ ബാണങ്ങളയച്ചു് അദ്ദേഹത്തിൻെറ വില്ലും തൂണീരവും തകർത്തു് മർമ്മസ്ഥാനങ്ങളെ പിളർന്നു. ആ കാലത്തു് എല്ലാ യുദ്ധവീരന്മാരും കവചം ധരിക്കുമായിരുന്നു. കവചത്തിൻെറ ഏതു സ്ഥാനത്തു

കൊണ്ടാൽ അമ്പ് അകത്ത് തുളച്ചു കയറും എന്നും മററു മുള്ള രഹസ്യങ്ങളും അന്നത്തെ യുദ്ധശാസ്ത്രത്തിൽ ഉൾപ്പെട്ടിരുന്നു.

വൃദ്ധനായ ഭഗദത്തൻ തൻെറ ആയുധങ്ങൾ നഷ്ട മായതുകൊണ്ട് ആനയെ നയിക്കാൻ ഉപയോഗിച്ചിരുന്ന അങ്കുശത്തെ മന്ത്രപ്രയോഗം കൊണ്ടു് അജ്ജുനൻെറ നേരെ അയച്ചു. അതു് അർജ്ജുനനെ നശിപ്പിക്കുമായി രുന്നു. പക്ഷെ ശ്രീകൃഷ്ണൻ അതു് തൻെറ മാറിൽ ഏററു. വൈഷ്ണവാസ്ത്രമന്ത്രത്തോടുകൂടി അയയ്ക്കപ്പെട്ടിരുന്നതു കൊണ്ടു് അതു് മാധവൻെറ കഴുത്തിൽ വനമാലയോ ടൊപ്പം ഒരു ആഭരണമായി കിടന്നു.

"ജനാർദ്ദനാ! ശത്രു അയച്ച അസ്ത്രത്തെ അങ്ങ് എന്തിനാണു് ഏററതു്? 'രഥത്തെ ഓടിക്കുകയേ ഉള്ളു. യുദ്ധം ചെയ്യുകയില്ല' എന്നു പറഞ്ഞ ആൾ ഞാൻ വില്ലും അമ്പുമായി ഇരിക്കുമ്പോൾ ഇപ്രകാരം ചെയ്തതു് എന്തി നാണു്?" എന്നു് അർജ്ജുനൻ ആക്ഷേപിച്ചു.

"വത്സ! നിനക്കു് അറിഞ്ഞുകൂടാ. ഈ അസ്ത്രം നിന്നെ കൊല്ലുമായിരുന്നു. അതു് എൻെറ സ്വന്തമാ യിരുന്നു. ഇപ്പോൾ എൻെറ അടുക്കൽതന്നെ തിരിച്ചു വന്നു" എന്നു പറഞ്ഞു് ജനാർദ്ദനൻ മന്ദഹസിച്ചു. പിന്നീടു് പാത്ഥൻ ഒരു ബാണം അയച്ചു. അതു് ആന യുടെ കുംഭസ്ഥലങ്ങളുടെ ഇടയിൽ കയറി മറഞ്ഞു.

ഭഗദത്തൻ ആനയെ നയിക്കാൻ ശ്രമിച്ചു. ധനഹീ നനായ ഭർത്താവിൻെറ വാക്കുകളെ പത്നി അനുസരിക്കാ തിരിക്കുന്നതുപോലെ ആ ആന അപ്പോൾ ഭഗദത്തൻെറ

ആജ്ഞയെ നിരസിച്ചുകളഞ്ഞു. മലപോലെ നിന്നിരുന്ന ആന അംഗങ്ങൾ സ്തംഭിച്ചും കൊമ്പുകൾ നിലത്തു് മുട്ടിച്ചും ഒരു ദീനസ്വരം പുറപ്പെടുവിച്ചും കൊണ്ടു് പ്രാണനെ വെടിഞ്ഞു.

ആനയെ കൊല്ലാതെ ഭഗദത്തനെമാത്രം കൊല്ലാൻ ഉദ്ദേശിച്ചിരുന്ന ധനഞ്ജയൻ അപ്രകാരം ചെയ്വാൻ സാധിക്കാത്തതിൽ സ്വല്പം വിഷണ്ണനായി. അർജ്ജുനന്റെ അമ്പുകൊണ്ടു് കണ്ണു കെട്ടിവെച്ചിരുന്ന പട്ടു് മുറിഞ്ഞു് ഭഗദത്തരാജൻ അന്ധകാരത്തിൽ അകപ്പെട്ടു. പിന്നീടു് അയച്ച സൂര്യപ്രകാശത്തോടുകൂടിയ ഒരു ബാണം അദ്ദേഹത്തിന്റെ വക്ഷസ്സിനെ പിളന്നു.

നന്നായി പൂത്തു നിന്നിരുന്ന ഒരു മരം കാററടിച്ചു് മലമുകളിൽനിന്നു വീഴുന്നതുപോലെ സ്വർണ്ണമാല അണി ഞ്ഞിരുന്ന ഭഗദത്തൻ ആനയുടെ മുകളിൽനിന്നും താഴെ വീണു. ആ ഭാഗത്തുനിന്നും കൗരവപ്പട ഭയന്നു് ഓടി.

ശകുനിയുടെ സഹോദരന്മാരായ വൃഷനും അച ലനും അപ്പോഴും യാതൊരു കുലുക്കവും കൂടാതെ അർജ്ജു നനെ എതിർത്തു് വളരെ വിഷമിപ്പിച്ചു. അർജ്ജുനൻ അവരുടെ രഥങ്ങളെ നശിപ്പിച്ചതിനുശേഷം അവരുടെ പടയേയും അമ്പുകൾകൊണ്ടു് ആക്രമിച്ചു. ഒരേ മുഖ ഭാവത്തോടുകൂടിയ സിംഹക്കുട്ടികൾക്കൊപ്പമായ ആ രണ്ടു സഹോദരന്മാരും മരിച്ചു താഴെ വീണു.

"യുദ്ധത്തിൽ നിന്നും പിന്തിരിഞ്ഞു് ഓടാതെ നിന്ന ആ രണ്ടു സഹോദരന്മാരുടേയും ശരീരങ്ങൾ പാവനമായ കീർത്തിപ്രകാശം പത്തു ദിക്കുകളിലും വ്യാപിപ്പിച്ചു" എന്നു് വ്യാസൻ പറഞ്ഞിരിക്കുന്നു.

അതുലനീയപരാക്രമികളായ തന്റെ രണ്ടു വീര സഹോദരന്മാരുടേയും മരണം കണ്ടു് ഏററവും കോപിഷ്ഠനായ ശകുനി താൻ അറിഞ്ഞിരുന്ന മായാപ്രയോഗങ്ങളെല്ലാം പ്രയോഗിച്ചു് യുദ്ധം ചെയ്തു. അജ്ജുനൻ അവയെല്ലാം പ്രത്യസ്ത്രം എയ്തു് അവയുടെ ശക്തിയെ ഇല്ലാതാക്കി. ശീഘ്രഗാമികളായ കുതിരകളെപ്പൂട്ടിയ രഥത്തിൽ നിന്നിരുന്ന ശകുനി അജ്ജുനന്റെ ബാണങ്ങളാൽ പീഡിതനായി യുദ്ധക്കളത്തിൽനിന്നും പിൻവാങ്ങി.

അതിനുശേഷം പാണ്ഡവസേന ദ്രോണരുടെ സേനയെ പലവിധത്തിലും ആക്രമിച്ചു. അസംഖ്യം വീരന്മാർ മൃതിയടഞ്ഞു. രക്തനദികൾ ഒഴുകി. ആ സമയം സൂര്യൻ അസ്തമിച്ചു. തന്റെ സേന വലുതായ പരാജയം നേരിട്ടു്, കവചങ്ങൾ ഉടഞ്ഞു്, ദേഹം മുറിവേററു്, ധൈര്യം നശിച്ചു്, വിഭ്രാന്തമായിരിക്കുന്നതു കണ്ടു് ദ്രോണർ പന്ത്രണ്ടാമത്തെ ദിവസത്തെ യുദ്ധം നിറുത്തിവച്ചു. രണ്ടു സേനകളും പരസ്പരം നോക്കിക്കൊണ്ടുതന്നെ പോർക്കളം വിട്ടു് പോയി.

---

## 80. അഭിമന്യു

പന്ത്രണ്ടാം ദിവസം രാത്രി പാണ്ഡവസൈന്യത്തിലെ വീരന്മാരെല്ലാം ഫൽഗുനനെ പ്രശംസിച്ചുകൊണ്ടു് ഉത്സാഹപൂർവ്വം സ്വസ്ഥാനങ്ങളിലേക്കു മടങ്ങി. കൗരവവീരന്മാർ ദുഃഖവും ലജ്ജയുംകൊണ്ടു് മൗനമായിരുന്നു.

അടുത്ത ദിവസം രാവിലെ ദുൎയ്യോധനൻ അത്യന്തം കോപാവിഷ്ടനായിട്ട് ദ്രോണരുടെ സമീപത്തിൽ ചെന്നു നമസ്കരിച്ചു് അസംഖ്യം വീരന്മാരുടെ സമക്ഷത്തിൽ വച്ചു് താഴെപ്പറയുന്നവിധം പറഞ്ഞു.

"ബ്രാഹ്മണോത്തമ! അടുത്തു നിന്ന യുധിഷ്ഠിരനെ പിടിക്കാതെ അങ്ങ് ഇന്നലെ വിട്ടു കളഞ്ഞതല്ലോ. ഞങ്ങളെ രക്ഷിക്കണമെന്നുള്ള വിചാരം അങ്ങേയ്ക്കുണ്ടായിരുന്നു എങ്കിൽ ഇന്നലത്തെ സംഭവങ്ങൾ നടന്നിരിക്കയില്ലായിരുന്നു. യഥാൎത്ഥത്തിൽ യുധിഷ്ഠിരനെ പിടിക്കണമെന്നുള്ള സങ്കല്പം അങ്ങേയ്ക്കു ദൃഢമായി ഉണ്ടായിരുന്നു എങ്കിൽ അങ്ങയെ തടുക്കാൻ ആൎക്കു സാധിക്കും? അങ്ങ് എനിക്കു നല്കിയ വരം ഫലിക്കാതിരിക്കാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല. മഹാന്മാരുടെ പ്രവൃത്തികൾ വിചിത്രമായിട്ടു തന്നെ ഇരിക്കുന്നു." ഇപ്രകാരം ദുൎയ്യോധനൻ ദ്രോണരെ കുററപ്പെടുത്തി.

ഇതുകേട്ട് ദ്രോണർ വളരെ സങ്കടപ്പെട്ടു. "ദുൎയ്യോധന! നിനക്കു വേണ്ടി ഞാൻ എന്റെ സൎവ്വബലവും പ്രയോഗിച്ചു വരികയാണ്. നിന്റെ സങ്കല്പങ്ങൾ രാജാവായ നിനക്കു ചേൎന്നതല്ല. യുധിഷ്ഠിരന്റെ അടുക്കൽ അൎജ്ജുനൻ ഇരിക്കുന്നിടത്തോളം നമ്മുടെ ഉദ്ദേശ്യം സഫലമാകയില്ലെന്ന് ഞാൻ മുമ്പു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. അൎജ്ജുനനെ എങ്ങനെയെങ്കിലും യുദ്ധക്കളത്തിൽ നിന്നും അകററിയാൽ മാത്രമെ നിന്റെ ആഗ്രഹം ഫലിക്കയുള്ളു. ഇനിമേലും അതിനുവേണ്ടി ഞാൻ ശ്രമിക്കാം." എന്നിപ്രകാരം തന്റെ കോപം അടക്കിക്കൊണ്ടു് ദുൎയ്യോധനനോട് ദ്രോണർ പറഞ്ഞു സമാധാനപ്പെടുത്തി.

* * * *

പതിമൂന്നാംദിവസവും സംശപ്തകന്മാർ അർജ്ജുനനെ യുദ്ധത്തിന്നു വെല്ലുവിളിച്ചു. അദ്ദേഹം അവരെ എതിർത്തു തെക്കോട്ടു ചെന്നു. അവിടെ വച്ചു് അദ്ദേഹവും ആ മഹാസൈന്യവും തമ്മിൽ ഘോരമായ ഒരു യുദ്ധം നടന്നു. അതുപോലെ ഒരിടത്തും കാണുകയോ കേൾക്കുകയോ ചെയ്യപ്പെട്ടിട്ടില്ലെന്നു വ്യാസൻ പറയുന്നു.

ധനഞ്ജയൻ തെക്കുഭാഗത്തു ചെന്നപ്പോൾ ദ്രോണർ അദ്ദേഹത്തിന്റെ സൈന്യത്തെ പത്മവ്യൂഹമായി നിരത്തി യുധിഷ്ഠിരനെ എതിർത്തു ഭീമൻ, സാത്യകി, ചേകിതാനൻ, ധൃഷ്ടദ്യുമ്നൻ, കുന്തിഭോജൻ, ദ്രുപദൻ, ഘടോൽകചൻ, യുധാമന്യു, ശിഖണ്ഡി, ഉത്തമൗജസ്സ്, വിരാടൻ, കേകയന്മാർ, സൃഞ്ജയന്മാർ മുതലായ പല മഹാവീരന്മാരും ദ്രോണരുടെ സൈന്യത്തെ എതിർത്തിട്ടും യാതൊരു ഫലവും ഉണ്ടായില്ല. ദ്രോണരുടെ ആക്രമണത്തിന്റെ ശക്തികണ്ടു് അവർ സംഭ്രമിച്ചു നിന്നുപോയി.

സുഭദ്രാപുത്രനായ അഭിമന്യു ബാലനെങ്കിലും കൃഷ്ണാർജ്ജുനന്മാൎക്കു് തുല്യനായ ശൂരനെന്നു് വിഖ്യാതനായിരുന്നു. അദ്ദേഹത്തെ യുധിഷ്ഠിരൻ വിളിച്ചു് ഇപ്രകാരം പറഞ്ഞു. "വത്സാ! ദ്രോണർ നമ്മെ വിഷമിപ്പിക്കുന്നു. നമുക്കു പരാജയം ഉണ്ടായാൽ അർജ്ജുനൻ നമ്മെ വളരെ നിന്ദിക്കും. ദ്രോണരുടെ സൈന്യത്തെ നശിപ്പിക്കാൻ ആ വീരന്മാൎക്കു സാധിക്കയില്ല നീ മാത്രമാണു് അതിന്നു സമൎത്ഥൻ. ദ്രോണരുടെ സൈന്യത്തെ എതിൎക്കുക."

"ഞാൻ ഈ വ്യൂഹത്തിൽ പ്രവേശിക്കാം. അതിന്നു സംശയമില്ല. എന്നാൽ പ്രവേശിച്ചതിൽ പിന്നീടു്

ഏതെങ്കിലും ആപത്തു നേരിട്ടാൽ വെളിയിൽ വരുന്ന തിന്ന് എനിക്കു സാധിക്കുകയില്ല" എന്ന് അഭിമന്യു പറഞ്ഞു.

"ഹേ! വീരാ! വ്യൂഹത്തെ നീ ഭംഗം ചെയ്തു പ്രവേശിക്കുക. നീ പ്രവേശിച്ച് പോകുന്ന വഴിയിൽ ഞങ്ങൾ നിന്നെ തുടൎന്നുവരാം. നീ വ്യൂഹത്തെ ഭേദിച്ച് അകത്തു ധൈൎയ്യമായി പോകുക. പിന്നെ ഞങ്ങൾ എല്ലാവരും നിനക്കു രക്ഷയായി ഇരിക്കാം" എന്നിങ്ങനെ ധൎമ്മപുത്രൻ പറഞ്ഞതിനെ തുടൎന്നു ഭീമസേനനും ഇപ്രകാരം ആശ്വസിപ്പിച്ചു. "ഞാൻ നിന്നെ പിൻതുടൎന്നു വരാം. ധൃഷ്ടദ്യുമ്നനും സാത്യകിയും പാഞ്ചാലന്മാരും കേകയന്മാരും മത്സ്യദേശത്തിലെ സൈന്യവും നിന്നെ പിൻതുടൎന്നു പ്രവേശിക്കും. വ്യൂഹത്തെ നീ ഒന്നു ഭേദിച്ചാൽ ഞങ്ങൾ കൗരവസൈന്യത്തെ നശിപ്പിച്ചുകൊള്ളാം."

"എന്റെ പരാക്രമം കാണിച്ച് അമ്മാവനും അച്ഛനും സന്തോഷമുണ്ടാക്കാം" എന്ന് അഭിമന്യു കൃഷ്ണനേയും ധനഞ്ജയനേയും സ്മരിച്ച് ഉത്സാഹപൂൎവം ഉദ്ഘോഷിച്ചു.

"നിന്റെ ബലം വളൎന്നു വരട്ടെ" എന്നു യുധിഷ്ഠിരനും അനുഗ്രഹം നല്കി.

* * * *

സുമിത്ര! അതാ വേഗം കുതിരകളെ ദ്രോണരുടെ രഥധ്വജം കാണുന്ന സ്ഥലത്തേക്കു നയിക്കുക" എന്ന് അഭിമന്യു തന്റെ സാരഥിയോട് ആജ്ഞാപിച്ചു. സാരഥി അതുപോലെ ചെയ്തു

"വേഗം പോവുക പോവുക" എന്നു് വീണ്ടും വീണ്ടും അഭിമന്യു സാരഥിയോടു് ആജ്ഞാപിച്ചു. സാരഥി വിനയപൂർവ്വം ഇങ്ങനെ അറിയിച്ചു. "ആയുഷ്മൻ! യുധിഷ്ഠിരൻ അങ്ങയെ ഏല്പിച്ചിരിക്കുന്നതു് ഒരു വലിയ ചുമതലയാണു്. അല്പം ആലോചിച്ചതിൽ പിന്നീടു വേണം വ്യൂഹത്തിൽ പ്രവേശിക്കുവാൻ. ദ്രോണർ അത്യുൽകൃഷ്ടനായ വില്ലാളിയും ബലവാനും ആണു്. അങ്ങു് പരിചയം ഇല്ലാത്ത ഒരു ബാലൻ മാത്രമാണല്ലോ."

അഭിമന്യു ചിരിച്ചു. "കൃഷ്ണൻ മാതുലനായും അർജ്ജുനൻ പിതാവായും ഇരിക്കുന്ന എന്റെ സമീപം ഭയപ്പിശാചു് അടുക്കുകയില്ല. ഈ ശത്രുക്കൾ എന്റെ ബലത്തിനു പതിനാറിലൊരംശം ബലംകൂടി ഉള്ളവരല്ല. വേഗത്തിൽ ദ്രോണരുടെ സൈന്യത്തിന്റെ നേക്കു് എന്റെ രഥത്തെ നയിക്കുക. പരിഭ്രമിക്കേണ്ടാ" എന്നു് അഭിമന്യു ആജ്ഞാപിച്ചു. സാരഥിയും അപ്രകാരം ചെയ്തു.

* * * *

മൂന്നു വയസ്സുള്ള ഇളംകുതിരകളെ പൂട്ടിയതും സ്വർണ്ണമയമായതും ആയ രഥം വളരെ വേഗം പാഞ്ഞു ചെന്നു. കൗരവസൈന്യം "അഭിമന്യു വന്നുപോയി" എന്നു ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. പാണ്ഡവന്മാരും അഭിമന്യു പോയവഴിയെ പിൻതുടന്നു. കർണ്ണികാരവൃക്ഷധ്വജത്തോടുകൂടിയ അഭിമന്യുവിന്റെ രഥം തങ്ങളുടെ നേക്കു് വളരെ വേഗം വന്നപ്പോൾ കൗരവസൈന്യത്തി

ച്ചുള്ള വീരന്മാർ "ഇയാറം അർജ്ജുനനെക്കാറം ശൂരനാണു" എന്നു കരുതി പരിഭ്രമിച്ചു. ആനകളുടെ നേക്ക് സിംഹക്കുട്ടി പാഞ്ഞുപോകുന്നതുപോലെ അഭിമന്യു പാഞ്ഞു. സമുദ്രത്തിൽ ഗംഗാപ്രവാഹം ചെന്നുചേന്നാൽ ഉണ്ടാകുന്ന ചുഴലിപോലെ കൗരവസൈന്യത്തിൽ ഒരു മുഹൂർത്തനേരത്തേയ്ക്കു് കലക്കം ഉണ്ടായി. ദ്രോണർ നോക്കിക്കൊണ്ടിരിക്കുമ്പോഠംതന്നെ വ്യൂഹം ഭഗ്നമായി. അഭിമന്യു വ്യൂഹത്തിനുള്ളിൽ പ്രവേശിച്ചു.

കൗരവവീരന്മാർ അഗ്നിയിൽ ശലഭങ്ങഠം എന്നപോലെ അഭിമന്യുവിനെ എതിർത്തു് ഓരോരുത്തരായി വീണു മരിച്ചു. തന്നെ എതിർത്ത വീരന്മാരെ എല്ലാം തടുത്തു് ആ വീരബാലൻ അസ്ത്രപ്രയോഗംചെയ്തു് കവചങ്ങളിലുള്ള മർമ്മസ്ഥാനങ്ങളെ നല്ലതുപോലെ മനസ്സിലാക്കി ഭേദിച്ചു. യാഗഭൂമിയിൽ ദർഭപ്പുല്ലു വിരിക്കുന്നതുപോലെ അഭിമന്യുവിനാൽ വീഴ്ത്തപ്പെട്ട വീരന്മാർ യുദ്ധക്കളത്തിൽ വ്യാപിച്ചു കിടന്നു. എവിടെ നോക്കിയാലും വില്ലു്, അമ്പു്, വാളു്, പരിച, അങ്കുശം, കടിവളം, തോമരം, കോടാലി, ഗദ, കുന്തം, ചാട്ട, ശംഖു് ഇവ ചിതറിക്കിടക്കുന്നു. കൈകളും തലകളും ശരീരഖണ്ഡങ്ങളും ഭഗ്നമായിക്കിടന്നതിനാൽ ഭൂമിയിൽ മണ്ണുകാണാതെയായി.

അഭിമന്യു വരുത്തിക്കൂട്ടിയ നാശം കണ്ടു് ദുര്യോധനൻ അത്യന്തം കോപാക്രാന്തനായി, നേരേ ചെന്നു് അഭിമന്യുവിനെ എതിർത്തു. അഭിമന്യുവിനെ എതിർക്കുവാൻ രാജാവു തന്നെ പോയിരിക്കുന്നു എന്നറിഞ്ഞു്

ദ്രോണർ ദുൎയ്യോധനനെ നാലുവശത്തും നിന്നു രക്ഷിക്കണമെന്നു കരുതി അനേകം വീരന്മാരെ അയച്ചു. കുറെനേരം സമരം നടന്നു. അവർ വളരെ വിഷമിച്ചു് ദുൎയ്യോധനനെ രക്ഷപ്പെടുത്തി. കൈയിൽ കിട്ടിയതു് വായിൽ എത്തിക്കുന്നതിനു സാധിച്ചില്ലല്ലോ എന്നു വിചാരിച്ചു് അഭിമന്യു മനസ്താപിച്ചു. ദുൎയ്യോധനമഹാരാജാവിന്റെ രക്ഷയ്ക്കായി വന്ന മഹാരഥന്മാരെ എല്ലാവരേയും അഭിമന്യു പിൻതിരിച്ചു് ഓടിച്ചു.

അനന്തരം യുദ്ധധൎമ്മവും ലജ്ജയും പരിത്യജിച്ചു് അനേകം വീരന്മാർ ഒന്നുചേൎന്നു് തനിച്ചു നിന്ന ആ ബാലനെ വളഞ്ഞു് ഒരേ സമയത്തിൽ ആക്രമിച്ചു. പൊങ്ങിവരുന്ന സമുദ്രത്തെ കടൽത്തീരം എന്നതുപോലെ അൎജ്ജുനപുത്രൻ അവരെയെല്ലാം തടുത്തു നിന്നു. ദ്രോണർ, അശ്വത്ഥാമാവു്, കൃപർ, കൎണ്ണൻ, ശകുനി, ശല്യർ തുടങ്ങിയ മഹാരഥന്മാർ അവരുടെ രഥങ്ങളിൽ ഇരുന്നുകൊണ്ടു് അഭിമന്യുവിനെ ആക്രമിച്ചു അശ്മകരാജാവു് തന്റെ രഥത്തെ ആശ്ചൎയ്യകരമാംവണ്ണം നയിച്ചു് അഭിമന്യുവിന്റെ നേൎക്കു പാഞ്ഞു. അഭിമന്യു മന്ദഹാസപൂൎവ്വം ആ ആക്രമണത്തെ തടുത്തു ബാണങ്ങൾകൊണ്ടു് അദ്ദേഹത്തെ വധിച്ചു. പിന്നീടു് കൎണ്ണന്റെ കവചത്തെ പിളൎന്നു് വിഖ്യാതനായ ആ സൂൎയ്യപുത്രനേയും വിഷമിപ്പിക്കത്തക്കവണ്ണം ബാണങ്ങൾ പ്രയോഗിച്ചു. അതുപോലെ മററു പല പ്രബലവീരന്മാരും മുറിവേററു് പിൻതിരിഞ്ഞോടി. അനേകം ആളുകൾ മരിച്ചു. ശല്യർ, അത്യന്തം വിഷമിച്ചു് രഥത്തിൽ മോഹാലസ്യപ്പെട്ടിരുന്നുപോയി. ഇതുകണ്ടു് ശല്യന്റെ അനുജൻ അഭിമന്യുവിനെ അസാ

ധാരണമായ വേഗത്തോടുകൂടി ആത്മരക്ഷപോലും വകവയ്ക്കാതെ ആക്രമിച്ചു. എന്നാൽ അജ്ജുനകുമാരൻ ശത്രുഘം നിന്നിരുന്ന സ്ഥലംപോലും തിരിച്ചറിയാൻ പാടില്ലാത്തവണ്ണം ആക്കിത്തീത്തു് അദ്ദേഹത്തെ വധിച്ചു. ഇപ്രകാരം മാതുലൻേറയും പിതാവായ അജ്ജുനൻേറയും അടുക്കൽനിന്നും അഭ്യസിച്ചിരുന്ന അസ്ത്രങ്ങൾ പ്രയോഗിച്ചു് ശത്രുക്കളെ നശിപ്പിച്ച ബാല വീരൻെറ ശൌയ്യവും സാമത്ഥ്യവും കണ്ടു് സന്തോഷത്താൽ ദ്രോണാചായ്യരുടെ കണ്ണുകൾ വികസിച്ചതായി വ്യാസദേവൻ വർണ്ണിക്കുന്നു.

"അഭിമന്യുവിനു തുല്യനായി ആരുമില്ല" എന്നു് കൃപരോടു ദ്രോണർ പറഞ്ഞു.

അതു കേട്ടുകൊണ്ടിരുന്ന ദുയ്യോധനനു് സഹിക്കവ യ്യാത്ത കോപം ഉണ്ടായി.

"ആചായ്യക്കു് അർജ്ജുനനോടുള്ള സ്നേഹത്താൽ അയാളുടെ പുത്രനെ പുകഴ്ത്തിപ്പറഞ്ഞു് അവനെ കൊല്ലാതിരിക്കയാണു്. യഥാത്ഥത്തിൽ അവനെ ഒടുക്കണമെന്നു് ആചായ്യർ ആഗ്രഹിച്ചിരുന്നാൽ അതു നട ക്കാത്ത കായ്യമാണോ?" എന്നു ദുയ്യോധനൻ പറഞ്ഞു.

അധമ്മയുദ്ധത്തിൽ പ്രവേശിച്ച ദുര്യോധനൻ ഇപ്ര കാരം പല പ്രാവശ്യവും ഭീഷ്മരുടേയും ദ്രോണരുടേയും ആത്മാത്ഥതയെ സംശയിച്ചു പരിതപിച്ചിരുന്നു.

"മൂർഖനായ ഈ ബാലനെ ഞാൻ കൊന്നേയ്ക്കാം." എന്നു പറഞ്ഞു് സിംഹനാദത്തോടുകൂടി ദുശ്ശാസ്സനൻ അഭിമന്യുവിനെ ആക്രമിച്ചു.

KOTTAYAM PUBLIC LIBRARY KOTTAYAM.

ദുശ്ശാസനനും അഭിമന്യുവും അവരുടെ രഥങ്ങളെ പലപ്രകാരത്തിൽ മണ്ഡലാകാരങ്ങളായി നയിച്ചു് വളരെ നേരം യുദ്ധം ചെയ്തു. ഒടുവിൽ ദുശ്ശാസനൻ മുറിവേററു് മൂർച്ഛിച്ചു വീണു. ഇതു കണ്ടു് ദുശ്ശാസനൻെറ സാരഥി വേഗത്തിൽ രഥത്തെ രണക്ഷേത്രത്തിൽനിന്നും പിൻവലിച്ചു. ബലവാനായ ദുശ്ശാസനൻെറ പരാജയം കണ്ടു് പാണ്ഡവസൈന്യം സന്തോഷിച്ചു ജയഘോഷം മുഴക്കി.

* * * *

അനന്തരം അഭിമന്യു കർണ്ണനാൽ ആക്രമിക്കപ്പെട്ടു് അത്യന്തം വിഷമിച്ചു. എങ്കിലും ആ വീരൻ പരിഭ്രമിക്കാതെ ഒരു ബാണം പ്രയോഗിച്ചു് കർണ്ണൻെറ വില്ലു ഛേദിച്ചു് ഭൂമിയിൽ പതിപ്പിച്ചു. ഇതു കണ്ടു് കർണ്ണൻെറ സഹോദരൻ അഭിമന്യുവിനെ എതിർത്തു. അടുത്ത നിമിഷം അഭിമന്യു അയച്ച അമ്പുകൊണ്ടു് ആ ശത്രുവിൻെറ തല ശരീരത്തിൽനിന്നും ഭിന്നമായി താഴെ വീണു് ഉരുണ്ടുതുടങ്ങി. പിന്നീടു് അഭിമന്യു കണ്ണനേയും ശക്തിയോടുകൂടി ആക്രമിച്ചു. അദ്ദേഹത്തിൻെറ സൈന്യത്തെ പിൻതിരിഞ്ഞു് ഓടത്തക്കവണ്ണം ആക്കിത്തീർത്തു. ഇതു കണ്ടപ്പോൾ കൗരവസൈന്യത്തിനു് അച്ചടക്കമില്ലാതായി. "നില്ക്കുക! നില്ക്കുക!" എന്നു് ദ്രോണർ എത്രതന്നെ പറഞ്ഞിട്ടും യോദ്ധാക്കൾ അടങ്ങിനില്ക്കാതെ പരിഭ്രമിച്ചോടി. പലായനം ചെയ്യാതെ അവിടെത്തന്നെ നിന്നവരെ കാട്ടുതീ കാടിനെ നശിപ്പിക്കുന്നതുപോലെ അഭിമന്യു സംഹരിച്ചു.

# 81. അഭിമന്യുവധം

മുൻനിശ്ചയമനുസരിച്ചു് അഭിമന്യു വ്യൂഹഭേദം ചെയ്ത ദിക്കിൽ അദ്ദേഹത്തെ പിൻതുടൎന്നു് പാണ്ഡവന്മാർ വ്യൂഹമദ്ധ്യത്തിൽ പ്രവേശിക്കാൻ ശ്രമിച്ചു. ഇതു കണ്ടു് ധൃതരാഷ്ട്രന്റെ മരുമകനും മഹാപരാക്രമിയും സിന്ധുദേശത്തിലെ രാജാവുമായ ജയദ്രഥൻ കുഴിയിൽ ആന വീഴുന്നതുപോലെ പാണ്ഡവന്മാരുടെ നേൎക്കു് തന്റെ പടയോടുകൂടി പാഞ്ഞു. അദ്ദേഹത്തിന്റെ ധൈൎയ്യവും സമയോചിതമായ പ്രവൃത്തികുശലതയും കണ്ടു് കൌരവസൈന്യത്തിനു വീണ്ടും ധൈൎയ്യമുണ്ടായി. ജയദ്രഥൻ പാണ്ഡവസൈന്യത്തെ തടുത്തു നിന്നിരുന്ന സ്ഥലത്തു് യുദ്ധവീരന്മാർ ബലമായി ഒന്നുചേൎന്നു. വ്യൂഹം വീണ്ടും അച്ഛിദ്രമായി. സിന്ധുരാജാവിന്റെ സൂകരധ്വജത്തെ കണ്ടു് കൌരവസൈന്യത്തിനു് ഉത്സാഹം ഉണ്ടായി. അഭിമന്യുവിന്റെ ആക്രമംകൊണ്ടുണ്ടായ വിടവുനീങ്ങി വ്യൂഹം മുമ്പിലത്തെപ്പോലെ അഭേദ്യമായി നിലകൊണ്ടു.

* * * *

യുധിഷ്ഠിരൻ അസ്ത്രപ്രയോഗംകൊണ്ടു് ജയദ്രഥന്റെ ധനുസ്സിനെ ഛേദിച്ചു. ഒരു നിമിഷത്തിനുള്ളിൽ ജയദ്രഥൻ മറെറാരു വില്ലെടുത്തു് പത്തു ബാണങ്ങൾ ധൎമ്മപുത്രന്റെ നേൎക്കു് പ്രയോഗിച്ചു. ഭീമസേനൻ ജയദ്രഥന്റെ വില്ലു്, രഥം, കൊടി മുതലായവയെ എല്ലാം ബാണങ്ങൾകൊണ്ടു മുറിച്ചു് ഭൂമിയിൽ വീഴ്ത്തി. സിന്ധുരാജാവു് അക്ഷോഭ്യനായി മറ്റൊരു വില്ലെടുത്തു് ഭീമന്റെ

വില്ല് ഛേദിച്ചു. ഭീമൻെറ തേരിൽ പൂട്ടിയിരുന്ന കുതിരകളും നിലംപതിച്ചു. ഭീമസേനൻ സ്വരഥത്തിൽ നിന്നും ഇറങ്ങി സാത്യകിയുടെ രഥത്തിൽ കയറേണ്ടിവന്നു.

ഇങ്ങനെ ജയദ്രഥൻ അതിസാമൎത്ഥ്യത്തോടുകൂടി വ്യൂഹത്തെ ഉടൻതന്നെ അടച്ചു് പാണ്ഡവന്മാൎക്കു് അകത്തു പ്രവേശിക്കാൻ സാധിക്കാതെ ആക്കിത്തീൎത്തു. അഭിമന്യു വ്യൂഹമദ്ധ്യത്തിൽ നിസ്സഹായനായി നിന്നു.

* * * *

കൗരവസൈന്യത്തിൻെറ ഉള്ളിൽ പ്രവേശിച്ച സുഭദ്രാപുത്രൻ തന്നെ എതിൎത്ത വീരന്മാരെ എല്ലാം നിലംപതിപ്പിച്ചു. തനിച്ചു നിന്ന അദ്ദേഹത്തെ എതിൎക്കാൻ വന്നവരെല്ലാം സമുദ്രത്തിൽ പ്രവേശിക്കുന്ന നദികളെപ്പോലെ നിന്നിരുന്ന സ്ഥലം അറിയാൻ പാടില്ലാത്ത വിധത്തിൽ തിരോധാനം ചെയ്തു. ദുൎയ്യോധനപുത്രനായ ലക്ഷ്മണനു് അത്യന്തം തേജസ്സും വീൎയ്യവും ഉണ്ടായിരുന്നു. എല്ലാവരും പിൻവാങ്ങിയപ്പോൾ ലക്ഷ്മണൻ നിൎഭയനായി അഭിമന്യുവിനെ എതിൎത്തു. ഇതു കണ്ടപ്പോൾ പിൻതിരിഞ്ഞോടിപ്പോയ പല കൗരവവീരന്മാരും തിരിയെ വന്നു് ദുൎയ്യോധനകുമാരനു സഹായമായി നിന്നു് യുദ്ധം ചെയ്തു. പൎവ്വതത്തിൻെറ മുകളിൽ മഴ പെയ്യുന്നതുപോലെ അഭിമന്യുവിൻെറ നേൎക്കു് അവർ ശരങ്ങൾ വൎഷിച്ചു.

ദുൎയ്യോധനപുത്രനായ ലക്ഷ്മണൻ വലിയ പരാക്രമത്തോടുകൂടി യുദ്ധം ചെയ്തു. അവസാനത്തിൽ സുഭദ്രാപുത്രൻ അയച്ച ഒരു അമ്പു് ലക്ഷ്മണനെ പീഡിപ്പിച്ചു.

മനോഹരമായ നാസികയും സുന്ദരങ്ങളായ പുരികങ്ങളും മിന്നുന്ന കുന്തളവും കുണ്ഡലങ്ങളും ഉള്ള ആ വീരൻ മരിച്ചു വീണു.

"ഹാ! ഹാ! കഷ്ടം! കഷ്ടം!" എന്നു കൗരവസൈന്യം മുറവിളി കൂട്ടി. "അക്രമിയായ ഈ അഭിമന്യുവിനെ കൊല്ലുക" എന്നു ദുര്യോധനൻ ഉച്ചത്തിൽ ഗർജ്ജിച്ചു

*　　　*　　　*　　　*

ദ്രോണർ, കൃപർ, കർണ്ണൻ, അശ്വത്ഥാമാവു്, ബൃഹദ്ബലൻ, കൃതവർമ്മാവു് ഇങ്ങനെ ആറു മഹാരഥന്മാർ അഭിമന്യുവിനെ വളഞ്ഞു.

ദ്രോണർ കർണ്ണനോടു് ഇങ്ങനെ പറഞ്ഞു. "ഇവന്റെ കവചത്തെ ഭേദിക്കാൻ സാധിക്കയില്ല. ശരിയായി ലക്ഷ്യം ഉറപ്പിച്ചു് ഇവന്റെ കുതിരയുടെ കടിഞ്ഞാണുകളെ ഛേദിക്കുക. പിൻഭാഗത്തിൽ നിന്നും ഇവന്റെ മേൽ ആയുധം പ്രയോഗിക്കുക".

സൂര്യപുത്രനായ കർണ്ണൻ അപ്രകാരം ചെയ്തു. പുറകിൽ നിന്നും അയയ്ക്കപ്പെട്ട അമ്പുകൾകൊണ്ടു് അഭിമന്യുവിന്റെ വില്ലു് മുറിഞ്ഞു വീണു. കുതിരകളും സാരഥിയും കൊല്ലപ്പെട്ടു. അഭിമന്യുവിനു വില്ലും തേരും ഇല്ലാതെയായി. അപ്പോൾ ക്ഷത്രിയ പരാക്രമത്തിന്റെ അവതാരമെന്നപോലെ വിളങ്ങിയ അഭിമന്യു വാളും പരിചയും എടുത്തുകൊണ്ടു നിന്നു. അദ്ദേഹം ആ സമയം കാണിച്ച സാമർത്ഥ്യം യുദ്ധക്ഷേത്രത്തിലുള്ള വീരന്മാരെയെല്ലാം വിസ്മയിപ്പിച്ചു. ഒരുമിച്ചു ചേർന്നു തന്നെ എതിർത്തവരെ എല്ലാം അദ്ദേഹം വാളുകൊണ്ടു് തടുത്തു. നിലത്തു കാൽ വച്ചുനില്ക്കാതെ ആകാശത്തിൽ പറന്നു് യുദ്ധംചെയ്യുന്നതു

പോലെ അദ്ദേഹം കാണപ്പെട്ടു. അഭിമന്യുവിൻെറ കയ്യിലിരുന്ന വാളിനെ ദ്രോണർ ഒരു ബാണം കൊണ്ടു് മുറിച്ചു. കർണ്ണൻ നിശിതങ്ങളായ ബാണങ്ങൾ എയ്തു് അഭിമന്യുവിൻെറ പരിചയും ഭേദിച്ചു.

ഉടൻ തന്നെ അഭിമന്യു രഥചക്രത്തെ എടുത്തു് സുദർശനധാരിയായ മഹാവിഷ്ണുവിനെപ്പോലെ പ്രകാശിച്ചു. രഥചക്രത്തിൽ നിന്നും പുറപ്പെട്ട രേണുക്കൾ അദ്ദേഹത്തിൻെറ ദേഹത്തു പുരണ്ടു് സ്വാഭാവികമായ സൗന്ദര്യത്തെ പൂർവ്വാധികം പ്രകാശിപ്പിച്ചു.

*　　*　　*　　*

മറെറാരു ജനാർദ്ദനനെപ്പോലെ അഭിമന്യു ക്ഷണനേരം യുദ്ധം നടത്തി. പിന്നീടു് സൈന്യം മുഴുവനും അദ്ദേഹത്തെ ആക്രമിച്ചു് അദ്ദേഹത്തിൻെറ കയ്യിലുണ്ടായിരുന്ന രഥചക്രത്തെ തുണ്ടുതുണ്ടായി അറുത്തു. ദുശ്ശാസനപുത്രൻ ഗദ എടുത്തു് അഭിമന്യുവിനെ എതിക്കാൻ ആ സമയത്തു വന്നുചേൻറു. അഭിമന്യുവും ഗദ എടുത്തു. രണ്ടുപേരും പരസ്പരം യുദ്ധം ചെയ്തു. ഒടുവിൽ ഇരുവരും താഴെ വീണു. ദുശ്ശാസനകുമാരനാണു് ആദ്യമായി എഴുന്നേററതു്. സുഭദ്രാപുത്രൻ എഴുന്നേല്ക്കാൻ ഭാവിക്കുമ്പോൾ അദ്ദേഹത്തിൻെറ തലയിൽ ഗദ കൊണ്ടു് ദുശ്ശാസനപുത്രൻ അടിച്ചു. ഒന്നു ചേൻറു് അനേകം ആളുകളുമായി യുദ്ധം ചെയ്തതു കൊണ്ടുള്ള ക്ഷീണത്താൽ മൂർച്ഛിച്ചിരുന്ന അഭിമന്യു ആ അടി ഏററു് മരിച്ചു വീണു.

"താമരപ്പൊയ്കയെ ആന എന്നതുപോലെ വലുതായ കൗരവസൈന്യത്തെ കലക്കിയ സുഭദ്രാപുത്രനെ അനേകം ആളുകൾ ഒന്നു ചേൻറു കൊന്നു" എന്നു്

സഞ്ജയൻ ധൃതരാഷ്ട്രരോടു പറഞ്ഞു. "അപ്രകാരം കൊല്ലപ്പെട്ട അഭിമന്യുവിനെ കണ്ടു് അങ്ങയുടെ പക്ഷത്തിലുള്ളവർ വളഞ്ഞു് കാട്ടിലെ വേടന്മാരെപ്പോലെ കൂത്താടി സന്തോഷിച്ചു. യഥാൎത്ഥവീരന്മാരുടെ കണ്ണുകളിൽ നിന്നു് അശ്രുക്കറം പൊഴിഞ്ഞു. ആകാശത്തിൽ പറന്നുകൊണ്ടിരുന്ന പക്ഷികറം "ഇതു ധൎമ്മമല്ല, ഇതു ധൎമ്മമല്ല" എന്നു് പ്രതിഷേധിച്ചതുപോലെ ശബ്ദിച്ചു.

കൗരവവീരന്മാർ അഭിമന്യുവധത്തിൽ ആനന്ദിച്ചു സിംഹനാദം മുഴക്കി. ധൃതരാഷ്ട്രപുത്രനായ യുയുൽസു മാത്രം അത്യന്തം കോപാവിഷ്ടനായി "ഇതു് ഉചിതമല്ല. യുദ്ധധൎമ്മം അറിയാത്ത ക്ഷത്രിയന്മാരെ! ലജ്ജിക്കുന്നതിനു പകരം നിങ്ങറം സിംഹനാദം ചെയ്യുന്നു. വലുതായ അധൎമ്മം ചെയ്തിട്ടു് അത്യാസന്നമായ അപായത്തെ അറിയാതെ മൂഢന്മാരെപ്പോലെ നിങ്ങറം സന്തോഷിക്കുന്നു" എന്നു പറഞ്ഞു് ആയുധത്തെ ദൂരെ എറിഞ്ഞു് യുദ്ധരംഗത്തിൽനിന്നും ഇറങ്ങിപ്പോയി. യുയുൽസു ധൎമ്മത്തെ പരിപാലിച്ചിരുന്നു. അദ്ദേഹത്തിൻെറ വാക്കുകറം കൗരവന്മാൎക്കു രസിച്ചില്ല.

---

## 82. പുത്രശോകം

"ദ്രോണരേയും അശ്വത്ഥാമാവിനേയും ദുൎയ്യോധനനേയും യുദ്ധത്തിൽ വിഷമിപ്പിച്ചു് ശത്രുക്കളെ നശിപ്പിച്ച വീരൻ ദീൎഘനിദ്രയെ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. ദുശ്ശാസനനേയും പിൻതിരിപ്പിച്ച ശൂരാ! നീ മരിച്ചുവോ?

എനിക്കു് ഇനി എന്തിന്ന വിജയം? എന്തിന്ന രാജ്യം? അർജ്ജുനനോടു ഞാൻ എന്തു സമാധാനമാണു പറയുന്നതു്? കിടാവു മരിച്ച പശുവിനെപ്പോലെ പുത്രനഷ്ടം കൊണ്ടു ദുഃഖിക്കുന്ന സുഭദ്രയോടു ഞാൻ എന്തു സമാധാനം പറയും? അർത്ഥശൂന്യങ്ങളായ വാക്കുകൾ പറഞ്ഞതുകൊണ്ടു് വിശേഷം ഇല്ലല്ലൊ. ലോഭം വന്നു പോയാൽ ബുദ്ധിനാശം സംഭവിക്കും. തേൻ ആഗ്രഹിച്ചു് താഴെയുള്ള പടുകുഴി കാണാതെ നാശം പ്രാപിക്കുന്നതുപോലെ സുഖാനുഭവങ്ങൾ അനുഭവിക്കേണ്ട ആ വാത്സല്യഭാജനമായ ഓമനക്കുഞ്ഞിനെ എൻെറ വിജയം ആഗ്രഹിച്ചു് യുദ്ധത്തിൻെറ മുന്നണിയിൽ ഞാൻ തള്ളിക്കളഞ്ഞല്ലൊ. അർജ്ജുനൻ ഇവിടെ ഇല്ലാതിരുന്ന സമയത്തു് അവൻെറ പ്രിയപുത്രനെ രക്ഷിക്കേണ്ടതിന്ന പകരം ഞാൻ അവൻെറ നാശത്തിന്ന കാരണമായിത്തീൎന്നല്ലൊ."

ഇങ്ങനെ തൻെറ കൂടാരത്തിലിരുന്നു് യുധിഷ്ഠിരൻ വിലപിച്ചു. അടുത്തിരുന്ന വീരന്മാർ അഭിമന്യുവിൻെറ വീൎയ്യപരാക്രമങ്ങളെ ഓൎത്തു് മൗനമായിരുന്നു. അസഹനീയമായ ദുഃഖംകൊണ്ടു് യുധിഷ്ഠിരൻ സങ്കടപ്പെട്ടപ്പോൾ പാണ്ഡവന്മാരുടെ ആചാൎയ്യനും പിതാമഹനുമായ വ്യാസൻ വന്നു് സമാധാനം പറയുന്നതു പതിവാണു്. ഈ അവസരത്തിലും പതിവുപോലെ അദ്ദേഹം വന്നുചേൎന്നു.

യുധിഷ്ഠിരൻ അദ്ദേഹത്തെ പൂജിച്ചു് ആസനസ്ഥനാക്കി. "മനസ്സിനെ സ്ഥിരപ്പെടുത്താൻ എത്രതന്നെ ശ്രമിച്ചിട്ടും എനിക്കു സാധിക്കുന്നില്ല" എന്നു് യുധിഷ്ഠിരൻ അദ്ദേഹത്തോടറിയിച്ചു.

"മഹാബുദ്ധിമാനും സവ്വശാസ്ത്രജ്ഞനുമായ നീ ഇപ്രകാരം മതിമറന്നു് ശോചിക്കരുതു്. മൃത്യുതത്വം നിനക്കറിയാമല്ലോ. പാമരന്മാരെപ്പോലെ നീയും ശോകത്തിനു വശംവദനായി ദുഃഖിക്കരുതു്" എന്നു് വ്യാസൻ ധമ്മപുത്രനെ സമാധാനപ്പെടുത്തി.

"ലോകത്തേയും സവ്വജീവജാലങ്ങളേയും സൃഷ്ടിച്ച ബ്രഹ്മം വദ്ധിച്ചുകൊണ്ടിരിക്കുന്ന ഭൂഭാരത്തെക്കണ്ടു്, ഇതിനെന്തു പരിഹാരം ചെയ്യണമെന്നു ചിന്തിച്ചു. ഒരു വഴിയും കണ്ടില്ല. ബ്രഹ്മത്തിന്റെ ഹൃദയത്തിൽ ഉണ്ടായ ആ ചിന്താവേഗം ഒരു വലിയ ജ്വാലയായി പുറപ്പെട്ടു് ലോകത്തെ നിശ്ശേഷം സംഹരിക്കാൻ ഭാവിച്ചു. ലോകം നശിച്ചുപോകും എന്നു് രുദ്രൻ അറിയിച്ചപ്പോൾ ബ്രഹ്മം തന്റെ കോപത്തെ അടക്കി. അപ്രകാരം അടങ്ങിയ കോപാഗ്നി മരണമെന്ന ശാന്തരൂപം കൈക്കൊണ്ടു. അതു് ലോകത്തിന്റെ സൃഷ്ടിയും സംഹാരവും സമമാക്കുന്നതിനു് വ്യാധിയും വിപത്തുകളുമായി പരിണമിച്ചു് ജീവിതത്തിൽ അലംഘ്യമായി പ്രവത്തിക്കുന്നു. മരണം എന്നതു് ലോകനന്മയ്ക്കായി ഏർപ്പെടുത്തപ്പെട്ട ഒരു വ്യവസ്ഥയാണു്. മരണത്തെക്കണ്ടു് ആരും ദുഃഖിക്കരുതു്. മരിച്ചവരെപ്പററി പരിതപിക്കേണ്ടതായില്ല. ജീവിച്ചിരിക്കുന്നവരെപ്പററിയാണു് ദുഃഖിക്കേണ്ടതു്" എന്നു് പൂവ്വകഥകളും ഇതിഹാസങ്ങളും തത്വജ്ഞാനവും പറഞ്ഞു് പിതാമഹനായ കൃഷ്ണദ്വൈപായനമഹഷി യുധിഷ്ഠിരനെ ആശ്വസിപ്പിച്ചു.

"ലോകത്തിൽ വളരെ വലിയ ഖ്യാതി ലഭിച്ചു് ഭാഗ്യവും മംഗളങ്ങളും പ്രാപിച്ച പൂവ്വികന്മാരെല്ലാവരും

മരിച്ചു എന്നു നിനക്കറിയാമല്ലോ. മരുത്തൻ, സുഹോത്രൻ, അംഗൻ, ശിബി, ശ്രീരാമൻ, ഭഗീരഥൻ, ദിലീപൻ, മാന്ധാതാ, യയാതി, അംബരീഷൻ, ശശിബിന്ദു, രന്തിദേവൻ, ഭരതൻ, പൃഥു, മുതലായ വിഖ്യാതന്മാരായ ചക്രവത്തികളും ഒടുവിൽ മരണംപ്രാപിച്ചില്ലേ? നിങ്ങരം പുത്രനെപ്പററി ദുഃഖിക്കരുത്. അചിരേണ സ്വർഗ്ഗത്തെ പ്രാപിക്കുന്നവരെപ്പററി ദുഃഖിക്കുന്നതു് ഉചിതമല്ല. ദുഃഖിക്കുന്നവന്നു് ദുഃഖം വളരുകയേ ഉള്ളു. വിവേകമുള്ളവർ ശോകത്തെ ത്യജിച്ചു് തങ്ങളുടെ കർത്തവ്യങ്ങരം നിർവ്വഹിച്ചു് സൽക്കീത്തി ലഭിക്കുന്നതിന്നു പ്രയത്നിക്കണം." ഇങ്ങനെ ധർമ്മപുത്രനോടു പറഞ്ഞിട്ടു് വ്യാസൻ അന്തർധാനം ചെയ്തു.

*　　*　　*　　*

ധനഞ്ജയനും കൃഷ്ണനും, സംശപ്തകന്മാരുമായി യുദ്ധം ചെയ്തു് അവരെ വധിച്ചു് തങ്ങളുടെ കൂടാരത്തിലേക്കു് യാത്രയായി.

"ഹേ! ഗോവിന്ദ! എന്തുകൊണ്ടെന്നു് അറിയാൻ പാടില്ല, എൻെറ മനസ്സു പരിഭ്രമിക്കുന്നു. ശങ്കടം വരുന്നു. കാരണം കൂടാതെ മനസ്സിൽ ദുഃഖം ഉണ്ടാകുന്നു. യുധിഷ്ഠിരൻ ക്ഷേമമായി ഇരിക്കുന്നുവോ? അദ്ദേഹത്തിന്നു് എന്തെങ്കിലും ആപത്തു നേരിട്ടിരിക്കുമോ?" എന്നു് ധനഞ്ജയൻ സംശയിച്ചു ചോദിച്ചു.

വാസുദേവൻ ഇപ്രകാരം മറുപടി പറഞ്ഞു. "ധർമ്മപുത്രൻ സഹോദരന്മാരോടുകൂടി ക്ഷേമമായിരിക്കുന്നു. അതിനെപ്പററി നീ വിചാരപ്പെടേണ്ട."

വഴിയിൽവച്ചു് സന്ധ്യാകാലത്തു് ചെയ്യേണ്ട കർമ്മങ്ങൾ നടത്തി രഥത്തിൽ കയറി അവർ സ്വസ്ഥാനങ്ങളിലേക്കു് മടങ്ങി. കൂടാരം അടുക്കുന്തോറും അർജ്ജുനന്റെ സംശയം വർദ്ധിച്ചു. "ജനാർദ്ദന! പതിവുപോലെ മംഗളവാദ്യം ഒന്നും കേൾക്കുന്നില്ലല്ലോ. വഴിയിൽ കാണുന്ന യുദ്ധവീരന്മാർ എല്ലാം ദൂരെ നിന്നു് എന്നെ നോക്കി തല കുനിച്ചു് തിരിയെ പോകുന്നു. ഇതു് ആശ്ചര്യമായി തോന്നുന്നു. മാധവാ! എന്റെ സഹോദരന്മാർ ക്ഷേമമായി കഴിയുന്നുവോ. എന്റെ മനസ്സിനു തെളിച്ചം വരുന്നില്ല. അഭിമന്യു അവന്റെ സഹോദരന്മാരോടുകൂടി മന്ദഹാസപൂർവ്വം എന്നെ എതിരേല്ക്കാൻ വരാത്തതു് എന്തുകൊണ്ടു്?" എന്നു അർജ്ജുനൻ ശങ്കാകുലനായി ചോദിച്ചു.

ഇങ്ങനെ വർത്തമാനം പറഞ്ഞുകൊണ്ടു് അവർ അകത്തു പ്രവേശിച്ചു.

"സകലരും ഉന്മേഷമില്ലാതെ ദുഃഖത്തോടുകൂടിയിരിക്കുന്നതു് എന്തുകൊണ്ടു്? അഭിമന്യുവിനേയും ഇവിടെ കാണുന്നില്ല. ആരുംതന്നെ എന്നെ കണ്ടു് സന്തോഷിക്കാത്തതു് എന്തുകൊണ്ടു്? ദ്രോണർ പത്മവ്യൂഹത്തിൽ സൈന്യത്തെ അണിനിരത്തിയതായി ഞാൻ കേട്ടു. നിങ്ങളുടെ ഇടയിൽ സൗഭദ്രനായ അഭിമന്യുവിനല്ലാതെ അതിനെ ഭേദിച്ചു് ഉള്ളിൽ പ്രവേശിക്കുവാൻ മററാക്കും സാധിക്കുകയില്ല. ആ വ്യൂഹത്തെ ഭേദിച്ചു് അഭിമന്യു അകത്തു പ്രവേശിച്ചുവോ? അകത്തുനിന്നും വെളിയിൽ വരാനുള്ള മാർഗ്ഗം ഞാൻ അവനു് ഉപദേശിച്ചിട്ടില്ല. അവനു മരണം സംഭവിച്ചുവോ?" എന്നു നടന്ന സംഭവം ഊഹിച്ചു് അർജ്ജുനൻ ചോദിച്ചു.

"അയ്യോ! എൻെറ പുത്രൻ കാലൻെറ അതിഥിയായിത്തീൎന്നുവോ? യുധിഷ്ഠിരനും ഭീമസേനനും ധൃഷ്ടദ്യുമ്നനും പരാക്രമശാലിയായ സാത്യകിയും ഇരിക്കുമ്പോൾ ശത്രുക്കൾക്കു് ബലിയായി സുഭദ്രാപുത്രനെ നിങ്ങൾ കൊടുത്തുവോ? സുഭദ്രയോടു് ഞാൻ എന്തു സമാധാനമാണു് പറയുന്നതു്! അയ്യോ! ദ്രൗപദിയോടു് ഞാൻ എന്തു പറയും? ഉത്തരയെ ഞാൻ എങ്ങനെ ആശ്വസിപ്പിയ്ക്കും" എന്നു പറഞ്ഞു് അൎജ്ജുനൻ വിലപിച്ചു.

പുത്രശോകത്താൽ തപിക്കുന്ന ആ വീരനോടു് വാസുദേവൻ ഇങ്ങനെ അരുളിച്ചെയ്തു. "പ്രിയസഖാവേ! നീ ഇങ്ങനെ ദുഃഖിക്കരുതു്. ക്ഷത്രിയന്മാരായി ജനിച്ച നമുക്കു് ആയുധംതന്നെയാണു് ജീവൻ. ആയുധംതന്നെയാണു് മരണം. യുദ്ധത്തിൽ പിൻവാങ്ങാത്ത ശൂരന്മാൎക്കു് മൃത്യു നിത്യസഹവാസിയായ സ്നേഹിതനാണു്. ശൂരന്മാൎക്കു് മരണം ഉണ്ടാകുന്നതു് സഹജമല്ലേ? പുണ്യം ചെയ്തവൎക്കു മാത്രം ലഭിക്കുന്ന ഉച്ചലോകത്തെ അഭിമന്യു പ്രാപിച്ചിരിക്കുന്നു. യുദ്ധത്തിൽ മരണംവരിക്കണമെന്നു് വീരന്മാർ ആഗ്രഹിക്കുന്നില്ലേ. അഭിമന്യുവിനുണ്ടായ മരണം ക്ഷത്രിയന്മാൎക്കു വിധിക്കപ്പെട്ട സനാതനലക്ഷ്യമാണു്. നീ അധികം ദുഃഖിച്ചാൽ നിൻെറ സഹോദരന്മാരും മററു രാജാക്കന്മാരും അവരുടെ ധൈൎയ്യംവെടിയും. മററുള്ളവൎക്കു് സമാധാനവും ധൈൎയ്യവും നീയാണു് നൽകേണ്ടതു്. ശോകത്തെ ത്യജിക്കുക."

വീരപുത്രൻെറ മരണത്തെ സംബന്ധിച്ച സകല വൎത്തമാനവും കേൾക്കണമെന്നു് ധനഞ്ജയൻ അപേക്ഷിച്ചപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു.

"പത്മവ്യൂഹത്തെ പിളൎന്നു് ഞങ്ങൾക്കു വഴികാട്ടി തന്നാൽ ഞങ്ങളും അതിനെ തുടൎന്നു് ചെന്നുകൊള്ളാമെന്നും, അവനല്ലാതെ ഈ വ്യൂഹത്തെ ഭേദിക്കാൻ ആൎക്കും സാധിക്കുന്നതല്ല എന്നും അവന്റെ അച്ഛനും അമ്മാവനും പ്രിയമുള്ള ഈ പ്രവൃത്തി അവൻ നിൎവ്വഹിക്കണമെന്നും ഞാൻ അഭിമന്യുവിനോടു് നിൎബ്ബന്ധിച്ചു പറഞ്ഞു. അഭേദ്യമായ വ്യൂഹത്തെ പിളൎന്നു് വഴിയുണ്ടാക്കിക്കൊണ്ടു് ആ ബാലവീരൻ വ്യൂഹത്തിനുള്ളിൽ പ്രവേശിച്ചു. മുൻതീരുമാനമനുസരിച്ചു് ഞങ്ങൾ അവനെ പിൻതുടൎന്നുപോയി. പാപിയായ ജയദ്രഥൻ ഞങ്ങളെ തടുത്തു. പിളൎക്കപ്പെട്ട വ്യൂഹം വീണ്ടും ഒന്നായി ഞങ്ങൾക്കു് അകത്തു പ്രവേശിക്കാൻ സാധിക്കാത്തവിധം സൈന്ധവൻ (ജയദ്രഥൻ) പ്രവൎത്തിച്ചു. ക്ഷത്രിയധൎമ്മത്തിനു വിരുദ്ധമായി മഹാരഥന്മാരിൽ പലരും ഒന്നുചേൎന്നു് ഏകനായിരുന്ന അഭിമന്യുവിനെ വളഞ്ഞു് കൊന്നുകളഞ്ഞു." ഇപ്രകാരം നടന്ന വിവരങ്ങളെല്ലാം യുധിഷ്ഠിരൻ പറഞ്ഞുകേൾപ്പിച്ചു.

"ഹാ! പുത്രാ!" എന്നു നിലവിളിച്ചുകൊണ്ടു് അൎജ്ജുനൻ തറയിൽവീണു. മോഹാലസ്യം മാറിയതിൽപിന്നീടു് അദ്ദേഹം എഴുന്നേറ്റു് ഇങ്ങനെ പറഞ്ഞു. "എന്റെ മകൻ മരിക്കുന്നതിനു കാരണമായ ജയദ്രഥനെ നാളെ തന്നെ ഞാൻ കൊല്ലും. അയാളെ രക്ഷിക്കാൻ ദ്രോണരും കൃപരുംകൂടി യുദ്ധക്കളത്തിൽ വന്നാലും വന്ദ്യന്മാരായ ആ ഗുരുക്കന്മാരെയും ഞാൻ അമ്പുകൾക്കു് ഇരയാക്കും. ഇതു് എന്റെ ദൃഢപ്രതിജ്ഞയാണു്." ഇങ്ങ

ന്നെ പറഞ്ഞു് അജ്ജുനൻ ഗാണ്ഡീവം ധ്വനിപ്പിച്ചു- ശ്രീകൃഷ്ണൻ പാഞ്ചജന്യം മുഴക്കി.

ഭീമസേനൻ ഇങ്ങനെ പറഞ്ഞു. "ഈ ഗാണ്ഡീവ ധ്വനിയും ശംഖധ്വനിയും ധാത്തരാഷ്ട്രന്മാരുടെ നാശത്തെ സൂചിപ്പിക്കുന്ന മുഴക്കമാണു്."

---

## 83. സിന്ധുരാജൻ

അഭിമന്യുവിൻെറ വധത്തിനു കാരണമായ സൈന്ധവരാജനെ അടുത്ത ദിവസം സൂര്യാസ്തമയത്തിനു മൻപു് കൊല്ലാൻപോകുന്നു എന്നു് അജ്ജുനൻ പ്രതിജ്ഞചെയ്തതു് ചാരന്മാർമുഖേന ദുര്യോധനൻെറ പക്ഷത്തിലുള്ളവർ മനസ്സിലാക്കി.

*　　*　　*　　*

വൃദ്ധക്ഷത്രൻ എന്ന വിഖ്യാതനായ സിന്ധുരാജാവു് കഠിനതപസ്സുചെയ്തതിൻെറ ഫലമായി ജയദ്രഥൻ എന്നൊരു പുത്രൻ അദ്ദേഹത്തിന്നു് ലഭിച്ചു. ശിശുവിൻെറ ജനനസമയം ഇപ്രകാരം ഒരു അശരീരി ഉണ്ടായി. ഈ രാജകുമാരൻ വിഖ്യാതനായി വിളങ്ങും. ലോകത്തിൽ എപ്പോഴും ശൂരന്മാരാൽ കൊണ്ടാടപ്പെട്ട ക്ഷത്രിയശ്രേഷ്ഠനായ ഒരുവനാൽ ശിരസ്സു് ഛേദിക്കപ്പെട്ടു് ഇവൻ ഉൽകൃഷ്ടലോകത്തെ പ്രാപിക്കും."

ജനിച്ചവരെല്ലാം മരിക്കുമെന്നു് അറിഞ്ഞിരുന്നിട്ടും വിജ്ഞന്മാക്കും തപസ്സുചെയ്തു് ജ്ഞാനം സമ്പാദിച്ചു

വക്കംക്രുടി മരണം ദുഃഖത്തെ ഉളവാക്കുന്നു. വൃദ്ധക്ഷത്രൻ പുത്രൻെറ മരണത്തെ പററിയുള്ള അശരീരികേട്ട് അത്യന്തം ദുഃഖിച്ചു. ഇതു് സത്യമാണെങ്കിൽ എൻെറ മകൻെറ തലയെ യാതൊരുവൻ ഭൂമിയിൽ പതിപ്പിക്കുമോ അവൻെറ തലയും ആ സമയംതന്നെ പൊട്ടിപ്പിളന്നു് അവൻ മരിക്കും! എന്നു് ശാപം നല്കി.

ജയദ്രഥനു് പ്രായപൂർത്തിവന്നപ്പോൾ അദ്ദേഹത്തെ രാജാവായി വാഴിച്ചതിനുശേഷം വൃദ്ധക്ഷത്രൻ വനത്തിൽ പോയി തപസ്സുചെയ്തു് ജീവിതം നയിച്ചു. കരുക്ഷേത്രം എന്നു് പിന്നീടു് പ്രസിദ്ധമായ സ്യമന്തപഞ്ചകം എന്ന മൈതാനത്തിൻെറ സമീപം ഒരാശ്രമത്തിൽ അദ്ദേഹം താമസിച്ചു.

അജ്ജുനൻെറ പ്രതിജ്ഞകേട്ടപ്പോൾ തൻെറ അവസാനം അശരീരി പറഞ്ഞതുപോലെ സംഭവിക്കുമോ എന്നു് ജയദ്രഥൻ സംശയിച്ചു് ദുര്യോധനൻെറ അടുക്കൽ ചെന്നു് ഇപ്രകാരം പറഞ്ഞു. "ഇനി എനിക്കു് യുദ്ധത്തിലേപ്പെടാൻ കഴികയില്ല. ഞാൻ എൻെറ രാജ്യത്തിലേയ്ക്കു് മടങ്ങിപ്പോകുന്നു."

"സൈന്ധവാ! നിങ്ങൾ ഭയപ്പെടേണ്ട. ഈ ക്ഷത്രിയവീരന്മാരെല്ലാം നിങ്ങളെ കാത്തുരക്ഷിക്കും. കണ്ണൻ, ചിത്രസേനൻ, വിവിംശതി, ഭൂരിശ്രുവസ്സ്, ശല്യൻ, വൃഷസേനൻ, പുരുമിത്രൻ, ജയൻ, ഭോജൻ, കാംബോജൻ, സുദക്ഷിണൻ, സത്യവ്രതൻ, വികർണ്ണൻ, ദുർമുഖൻ, ദുശ്ശാസനൻ, സുബാഹു, കലിംഗൻ, അവന്തിരാജാക്കന്മാർ, ദ്രോണർ, ദ്രോണപുത്രൻ, ശകുനി ഇവരെല്ലാം

വരും ഞാനും ഉള്ളപ്പോൾ നിങ്ങൾ മടങ്ങിപ്പോകുന്നതു ശരിയല്ല. എൻെറ സൈന്യം മുഴുവനും നിങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ട വ്യവസ്ഥ ഞാൻ ചെയ്യാം. നിങ്ങൾ ഇപ്പോൾ പിന്മാറേണ്ട" എന്നു് ദുര്യോധനൻ നിർബ്ബന്ധിച്ചപ്പോൾ ജയദ്രഥൻ അങ്ങനെ സമ്മതിച്ചു.

ദ്രോണരുടെ അടുക്കൽ ചെന്നു് ജയദ്രഥൻ ഇങ്ങനെ പറഞ്ഞു. "ഗുരോ! എനിക്കും അർജ്ജുനനും അങ്ങുതന്നെയാണല്ലോ ഗുരു. ഞങ്ങളുടെ യുദ്ധസാമർത്ഥ്യത്തിൽ വല്ല വ്യത്യാസവും അങ്ങു് കണ്ടിട്ടുണ്ടോ?"

"വത്സ! നിന്നെയും അർജ്ജുനനേയും ഒരുപോലെ പഠിപ്പിച്ചാണു് എൻെറ കർത്തവ്യം ഞാൻ നിറവേറ്റിയിരിക്കുന്നതു്. ഉപദേശം ഒന്നാണെങ്കിലും അഭ്യാസം, അപസ്സു് ഇവയിൽ അർജ്ജുനൻ നിന്നെക്കാൾ മെച്ചമാണു്. എങ്കിലും നീ ഭയപ്പെടേണ്ട. അർജ്ജുനനു് കടക്കാൻ പാടില്ലാത്ത വ്യൂഹത്തെ രചിച്ചു് അതിൻെറ പിൻപിൽ നിന്നെ നിറുത്താം. നീ നിൻെറ പൂർവ്വികന്മാരുടെ ധർമ്മത്തെ അനുസരിച്ചു് യുദ്ധം ചെയ്യുക. നമ്മളെല്ലാവരും ഏതോ ഒരു ക്രമം അനുസരിച്ചു് യമനാൽ പ്രേരിപ്പിക്കപ്പെട്ടു പരലോകം പ്രാപിക്കും. തപസ്വികൾ പ്രാപിക്കുന്ന ലോകത്തെ യുദ്ധത്തിൽ മരിച്ച ക്ഷത്രിയനു് സുലഭമായി കിട്ടുന്നു. ഭയപ്പെടേണ്ട" എന്നു പറഞ്ഞു് ദ്രോണർ ധൈര്യപ്പെടുത്തി.

അടുത്ത പ്രഭാതത്തിൽ ആയുധധാരികളിൽ ശ്രേഷ്ഠനായ ദ്രോണർ സൈന്യത്തെ അണിനിരത്തി. സേനയുടെ പിന്നിൽ പന്ത്രണ്ടു മൈൽ ദൂരത്തായി ജയദ്രഥനും അദ്ദേഹത്തെ രക്ഷിക്കുന്നതിനു വേണ്ട സന്നാഹത്തോടുകൂടി

ഭൂരിശ്രവസ്സ്, കർണ്ണൻ, അശ്വത്ഥാമാവ്, ശല്യൻ, വൃഷസേനൻ, കൃപർ എന്നിവരും നിന്നിരുന്നു. അവർക്കും പാണ്ഡവസൈന്യത്തിനും നടുവിൽ ദ്രോണർ വലുതായ ഒരു സൈന്യത്തെ ശകടവ്യൂഹത്തിൽ അണിനിരത്തി. ശകടവ്യൂഹത്തിനു പുറകിലായി ഒരു പത്മവ്യൂഹവും തയ്യാറാക്കിയിരുന്നു. ആ പത്മവ്യൂഹത്തിനും പുറകിൽ ഒരു സൂചീമുഖവ്യൂഹവും ദ്രോണർ രചിച്ചിരുന്നു. സൂചീമുഖവ്യൂഹത്തിനപ്പുറമാണു് ജയദ്രഥൻ നിന്നിരുന്നതു്. ശകടവ്യൂഹത്തിൻെറ മുന്നിൽ ദ്രോണർ നിന്നു. ശ്വേതകവചവും, വസ്ത്രവും, ശിരോവേഷ്ടനവും ധരിച്ചുനിന്ന ദ്രോണരുടെ കാന്തി അവർണ്ണനീയമായിരുന്നു. ചുവന്ന നിറത്തിലുള്ള കുതിരകളെ പൂട്ടിയ അദ്ദേഹത്തിൻെറ രഥത്തിൻെറ ധ്വജത്തിൽ യജ്ഞവേദിയും ഹരിണചർമ്മവും ചിത്രീകരിച്ചിരുന്നു. ആ ധ്വജം കാററിലാടുന്നതു കണ്ടു് കൗരവന്മാർ ഉത്സാഹഭരിതരായി. വ്യൂഹത്തിൻെറ ബലം കണ്ടപ്പോൾ ദുര്യോധനനു് ധൈര്യം ഉണ്ടായി.

*    *    *    *

ആയിരം തേരുകളും നൂറു് ആനകളും മൂവായിരം കുതിരകളും പതിനായിരം കാലാൾപ്പടകളും ആയിരത്തിഅഞ്ഞൂറു് വില്ലാളിവീരന്മാരും ഉൾപ്പെട്ട പടയോടുകൂടി ധൃതരാഷ്ട്രപുത്രനായ ദുർമർഷണൻ കൗരവസൈന്യത്തിൻെറ മുൻപിൽ നിന്നുകൊണ്ടു് ശംഖു് ഊതി, കാഹളം മുഴക്കി.

"യുദ്ധത്തിൽ ജയിക്കാൻ സാധിക്കാത്തവനും കോപിഷ്ഠനുമായ ധനംജയൻ എവിടെ? അയാൾ ഞങ്ങളുടെ

നേക്ക് യുദ്ധം ചെയ്തു് കല്ലിന്മേൽ എറിയുന്ന മൺകുടം പോലെ ഉടഞ്ഞുപോകുന്നതു് ലോകം ഇപ്പോൾ കാണും" എന്നു് ദുർമർഷണൻ ഘോഷിച്ചു.

അമ്പു പായുന്ന ദൂരത്തിന്റെ ഒന്നരമടങ്ങു് അകലെയായി അർജ്ജുനൻ തന്റെ രഥത്തെ നിറുത്തി ശംഖ് മുഴക്കി പ്രതിധ്വനി ചെയ്തു. ഉടൻ തന്നെ കൗരവസൈന്യത്തിലും ശംഖുകൾ മുഴങ്ങി.

"കേശവാ! ദുർമർഷണൻ ഇരിക്കുന്ന സ്ഥലത്തേയ്ക്കു് എന്റെ രഥം നയിക്കുക. അവിടെ നില്ക്കുന്ന ആനപ്പടയെ ഭേദിച്ചു് നമുക്കു് ഉള്ളിൽ പ്രവേശിക്കാം" എന്നു് അർജ്ജുനൻ പറഞ്ഞു.

* * * *

ദുർമർഷണന്റെ സൈന്യം അർജ്ജുനനാൽ ഛിന്നഭിന്നമാക്കപ്പെട്ടു വലുതായ കാററുകൊണ്ടു് അങ്ങുമിങ്ങും പായുന്ന മേഘശകലങ്ങൾ പോലെ സൈന്യാംശങ്ങൾ അങ്ങുമിങ്ങും പലായനം ചെയ്തു. ദുശ്ശാസനൻ അത്യന്തം കോപാക്രാന്തനായി ഒരു വലുതായ ആനപ്പടയോടുകൂടി അർജ്ജുനനെ വളഞ്ഞു.

ദുശ്ശാസനൻ ഒരു വലിയ അക്രമി ആയിരുന്നുവെങ്കിലും മഹാപരാക്രമി ആയിരുന്നു. ഒരു ഘോരസമരം നടന്നു. അർജ്ജുനനാൽ വീഴ്ത്തപ്പെട്ട യുദ്ധവീരന്മാരെകൊണ്ടു് യുദ്ധക്ഷേത്രം ഭയങ്കരമായി തോന്നി. ദുശ്ശാസനന്റെ സൈന്യം ധൈര്യമുപേക്ഷിച്ചു് ഭയപ്പെട്ടു് പിൻവാങ്ങി. ദുശ്ശാസനനും മടങ്ങി ദ്രോണരുടെ അടുത്തു ചെന്നു.

സവ്യസാചിയുടെ തേരും വേഗത്തിൽ ദ്രോണരെ സമീപിച്ചു. "ദ്വിജശ്രേഷ്ഠ, പുത്രവിരഹംകൊണ്ടു് ദുഃഖപീഡിതനായ ഞാൻ സിന്ധുരാജാവിനെ അന്വേഷിച്ചു് ഇവിടെ വന്നിരിക്കുന്നു. എൻെറ പ്രതിജ്ഞ സഫലമാകാൻ അങ്ങു് അനുഗ്രഹിക്കണം" എന്നു് ധനഞ്ജയൻ പറഞ്ഞു.

ദ്രോണാചാര്യർ പുഞ്ചിരി തൂകിക്കൊണ്ടു "അർജ്ജുനാ! എന്നെ ജയിക്കാതെ ജയദ്രഥനെ സമീപിക്കാൻ നിനക്കു് സാധിക്കുകയില്ല" എന്നു പറഞ്ഞു് യുദ്ധം ആരംഭിച്ചു. വില്ലുകുലച്ചു് അർജ്ജുനൻെറ നേക്കു് ദ്രോണർ അനേകം അസ്ത്രങ്ങൾ അയച്ചു.

പാർത്ഥനും അമ്പുകൾ കൊണ്ടു് ദ്രോണരെ എതിർത്തു. അവയെ തൻെറ അമ്പുകൾകൊണ്ടു് അനായാസമായി ദ്രോണർ തടുത്തു് അഗ്നിതുല്യങ്ങളായ ബാണങ്ങളാൽ കൃഷ്ണാർജ്ജുനന്മാരെ വിഷമിപ്പിച്ചു. അർജ്ജുനൻ ദ്രോണരുടെ വില്ലിനെ മുറിക്കുന്നതിനു് തീരുമാനിച്ചു. അതിനുവേണ്ടി അമ്പു് എടുത്തു കൊണ്ടിരിക്കുമ്പോൾ തന്നെ ദ്രോണർ അർജ്ജുനൻെറ വില്ലിൻെറ ഞാണിനെ മുറിച്ചു. പിന്നീടു് ചിരിച്ചുംകൊണ്ടു് അർജ്ജുനൻെറയും അദ്ദേഹത്തിൻെറ കുതിരകൾ, തേരു് മുതലായവയുടേയും നേക്കു് നാലുവശവും ദ്രോണർ ബാണങ്ങൾ പൊഴിച്ചു. അർജ്ജുനൻ കോപിച്ചു് ദ്രോണാചാര്യരെ പിൻതിരിപ്പിക്കുന്നതിനായി പല ബാണങ്ങളും തുടരെത്തുടരെ പ്രയോഗിച്ചു.

ദ്രോണർ ഒരു വിനാഴിക നേരത്തേക്കു് ശിഷ്യനെ അതിക്രമിച്ചു് ശരവർഷം പൊഴിച്ചു് അർജ്ജുനനേയും അദ്ദേഹത്തിൻെറ രഥത്തേയും അന്ധകാരത്തിൽ നിമഗ്നമാക്കി.

ശ്രീകൃഷ്ണൻ ദ്രോണരുടെ പരാക്രമം കണ്ടു് ഇങ്ങനെ പറഞ്ഞു. പാൎത്ഥാ! കാലവിളംബം പാടില്ല. ദ്രോണരെവിട്ടു് നമുക്കു് മാറിപ്പോകണം. ഈ ബ്രാഹ്മണനു് ക്ഷീണമെന്നതു് ഇല്ല."

അപ്പോൾ ശ്രീകൃഷ്ണൻ അർജ്ജുനൻെറ രഥത്തെ ദ്രോണരുടെ ഇടത്തു ഭാഗത്തുകൂടെ ഓടിച്ചു കൗരവസൈന്യത്തിൻെറ നേരെ പാഞ്ഞു.

"നീ എവിടെപ്പോകുന്നു. യുദ്ധത്തിൽ ശത്രുവിനെ പരാജിതനാക്കാതെപോകുന്നവൻ അല്ലല്ലോ നീ, നില്ക്കുക, നില്ക്കുക" എന്നു് ദ്രോണർ പറഞ്ഞതിനു് അർജ്ജുനൻ ഇങ്ങനെ സമാധാനം പറഞ്ഞു.

"അവിടുന്നു് എൻെറ ഗുരുവാണു്; ശത്രു അല്ല. ഞാൻ അങ്ങയുടെ ശിഷ്യനെന്നു മാത്രമല്ല അങ്ങയുടെ മകനെപ്പോലെയുമാണു്. അങ്ങയെ യുദ്ധത്തിൽ തോല്പിക്കത്തക്ക ഒരുവൻ ലോകത്തിൽ ഇല്ല." ഇങ്ങനെ പറഞ്ഞു് അർജ്ജുനൻ വേഗം ദ്രോണരെ വിട്ടു മാറി കൗരവസൈന്യത്തിൻെറ നേരെ പാഞ്ഞു.

അർജ്ജുനൻ ഭോജസൈന്യമദ്ധ്യത്തിൽ പ്രവേശിച്ചു് കൃതവർമ്മാവിനേയും സുദക്ഷിണനേയും ഒരേ സമയത്തിൽ എതിൎത്തു് അവരെ തോല്പിച്ചു. തന്നെ തടുക്കാൻ വന്ന ശ്രുതായുധനെ അദ്ദേഹം എതിൎത്തു. അപ്പോൾ ഭയങ്കരമായ സമരം നടന്നു. ശ്രുതായുധൻെറ കുതിരകൾ നശിച്ചു. ശ്രുതായുധൻ തൻെറ ഗദ എടുത്തു് കറക്കി ശ്രീകൃഷ്ണനെ അടിച്ചു. യുദ്ധം ചെയ്യാത്ത ശ്രീകൃഷ്ണൻെറ നേരെ പ്രയോഗിച്ച ഗദായുധം അയാളുടെ നേരെ തന്നെ പാഞ്ഞു്

അയാളെ കൊന്നു. അതിനു കാരണം അയാളുടെ അമ്മയ്ക്കു കിട്ടിയ വരം തന്നെയായിരുന്നു.

*  *  *  *  *

ശ്രുതായുധൻെറ മാതാവായ പർണ്ണാശ വരുണനോട്ട് തൻെറ മകൻ ലോകത്തിൽ ശത്രുക്കളാൽ കൊല്ലപ്പെടാത്തവനായിരിക്കണമെന്നു് അപേക്ഷിച്ചു. കൃപാപൂർണ്ണനായി വരുണൻ ഇങ്ങനെ അരുളിച്ചെയ്തു. "നിന്റെ പുത്രനു് ഞാൻ ഒരു ദിവ്യായുധം നല്കാം. ആ ആയുധം കൊണ്ടു് അവൻ യുദ്ധം ചെയ്താൽ അവനെ ആക്കും ജയിക്കാൻ സാധിക്കുന്നതല്ല. എന്നാൽ യുദ്ധം ചെയ്യാത്തവൻെറ നേക്ക് പ്രയോഗിച്ചാൽ അങ്ങനെ പ്രയോഗിച്ചവനെത്തന്നെ അതു കൊല്ലും" ഇങ്ങനെ പറഞ്ഞു് വരുണൻ ആ ദിവ്യമായ ഗദായുധം സമ്മാനിച്ചു. യുദ്ധത്തിൻെറ ഉദ്വേഗത്തിൽ ഈ സംഗതി മറന്നു് ശ്രുതായുധൻ ഗദായുധത്തെ ശ്രീകൃഷ്ണൻെറ നേക്ക പ്രയോഗിച്ചു. ജനാർദ്ദനൻ അതിനെ തൻെറ മാറിൽ ഏററു മന്ത്രംതെററിയതുകൊണ്ടു് മന്ത്രവാദിയുടെ അധീനത്തിലിരുന്ന പിശാച്ച് അവനെ കൊല്ലുന്നതുപോലെ ആ ഗദായുധം തിരിച്ചുചെന്നു് വീരനായ ശ്രുതായുധനെ കൊന്നു. കാററുകൊണ്ടു വീഴുന്ന വലിയ വൃക്ഷത്തെപ്പോലെ ശ്രുതായുധൻ ഭൂമിയിൽ വീണു.

അനന്തരം കാംബോജരാജാവായ സുദക്ഷിണൻ അർജ്ജുനനെ ബലമായി എതിർത്തു. അദ്ദേഹവും ശരമേററു് കവചം ഉടഞ്ഞു് മാറിൽ അടിപെട്ട് ഉത്സവാനന്തരമുള്ള ഇന്ദ്രധ്വജത്തെപ്പോലെ കൈകരം വിരിച്ചുംകൊണ്ടു് നിലംപതിച്ചു.

മഹാവീരന്മാർ എന്നു കീർത്തിപ്പെട്ട ശ്രുതായുധനും കാംബോജരാജനും കൊല്ലപ്പെട്ടതുകണ്ടു് കൗരവസൈന്യം കുഴങ്ങി. ഇതു കണ്ടപ്പോൾ ശ്രുതായു, അശ്രുതായു, എന്ന രണ്ടു സഹോദരന്മാരും പാർത്ഥനെ രണ്ടു ഭാഗത്തുനിന്നും എതിർത്തു.

ഈ ഘോരസമരത്തിൽ അർജ്ജുനൻ വല്ലരെ വിഷമിച്ചു് കൊടിമരത്തിലേയ്ക്കു ചാഞ്ഞു. ശ്രീകൃഷ്ണന്റെ പ്രയത്നത്താൽ വീണ്ടും അർജ്ജുനൻ യുദ്ധം ആരംഭിച്ചു് ആ രണ്ടു സഹോദരന്മാരെയും നിലംപതിപ്പിച്ചു. അവരുടെ രണ്ടു പുത്രന്മാർ യുദ്ധം തുടന്നു. അവരേയും അർജ്ജുനൻ യമപുരിയിലേയ്ക്കു് അയച്ചു.

ഇപ്രകാരം പല വീരന്മാരെയും ധ്വംസിച്ചു് ഗാണ്ഡീവധാരിയായ അർജ്ജുനൻ ശത്രുസേനയിൽ വഴിയുണ്ടാക്കിക്കൊണ്ടു് ജയദ്രഥൻ ഇരുന്ന സ്ഥലത്തേയ്ക്കു വേഗം പാഞ്ഞു.

---

# 84. തനിക്കു ചേരാത്ത കവചധാരണം

അർജ്ജുനന്റെ വിജയത്തെപ്പററി സഞ്ജയൻ പറഞ്ഞതുകേട്ടു് ധൃതരാഷ്ട്രൻ ഇങ്ങനെ വിലപിച്ചു. "സൂതാ! സമാധാനം ആഗ്രഹിച്ചു് ജനാർദ്ദനൻ ഹസ്തിനപുരത്തിൽ വന്നപ്പോൾ, ഇതു നല്ല അവസരമാണു്; ഇതിനെ കൈവിടരുതു്; സഹോദരന്മാരുമായി സന്ധിചെയ്യുക; നമ്മുടെ നന്മയ്ക്കായിട്ടുതന്നെയാണു് കേശവൻ വന്നിരി

കുന്നതു്. അദ്ദേഹത്തിന്റെ ഉപദേശം അനുസരിക്കണം" എന്നെല്ലാം ഞാൻ പറഞ്ഞു. എന്റെ ഉപദേശത്തെ ദുര്യോധനൻ വകവച്ചില്ല. കർണ്ണനും, ദുശ്ശാസനനും പറഞ്ഞതാണു് അവനു് ഇഷ്ടമായി തോന്നിയതു്. കാലനാൽ പ്രേരിതനായി അവൻ നാശം തേടുകയാണു ചെയ്തതു്. യുദ്ധം വേണ്ട എന്നാണു് ദ്രോണരും ഉപദേശിച്ചതു്. ഭീഷ്മരും ഭൂരിശ്രവസ്സും കൃപരും മററു പലരും യുദ്ധം വേണ്ട എന്നു പറഞ്ഞു. മൂഢനായ എന്റെ പുത്രൻ അതൊന്നും കേട്ടില്ല. ലോഭത്താൽ മതിമറന്നു് അവൻ ദോഷപൂർണ്ണമായ സങ്കല്പവും കോപവും നിറഞ്ഞ മനോഭാവത്തിൽ കുടുങ്ങി യുദ്ധത്തെ വരിക്കുകയാണു ചെയ്തതു്."

സഞ്ജയൻ മറുപടിപറഞ്ഞു. "വെള്ളമെല്ലാം ഒഴുകിപ്പോയതിൽ പിന്നീടു് അണകെട്ടുന്നതുപോലെ ഇപ്പോൾ അങ്ങു വിലപിക്കുന്നതുകൊണ്ടു് എന്തു പ്രയോജനം? ചൂതുകളിയിൽ നിന്നു് കുന്തീപുത്രനെ അങ്ങു് ആദ്യമായി എന്തുകൊണ്ടാണു് വിലക്കാഞ്ഞതു്? അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ വലിയ ദുഃഖം വരികയില്ലായിരുന്നു. പിന്നീടു യുദ്ധം ചെയ്യണമെന്നു സങ്കല്പിച്ചപ്പോൾ അങ്ങയുടെ പുത്രനെ തടുത്തിരുന്നെങ്കിൽ ഈ ദുഃഖം അനുഭവിക്കേണ്ടായിരുന്നു. അച്ഛൻ ചെയ്യേണ്ട കർത്തവ്യം ചെയ്തു് മകനെ അടക്കിയിരുന്നുവെങ്കിൽ ഈ മഹാദുഃഖം അങ്ങയെ പീഡിപ്പിക്കുക ഇല്ലായിരുന്നു. ബുദ്ധിമാന്മാരിൽ അഗ്രഗണ്യനായ അങ്ങു് അങ്ങയുടെ ജ്ഞാനം ഉപേക്ഷിച്ചു് കർണ്ണന്റെയും, ശകുനിയുടേയും മൂഢങ്ങളായ ഉപദേശങ്ങളെ അനുസരിച്ചു. കേശവനും യുധിഷ്ഠി

രനും ദ്രോണരും ഇപ്പോൾ അങ്ങേയെ പണ്ടത്തെപ്പോലെ മതിക്കുന്നില്ല. അങ്ങ് ലോഭിയും വാക്കിൽമാത്രം ധൎമ്മം പറയുന്നവനും ആണെന്നു വാസുദേവൻ മനസ്സിലാക്കിക്കഴിഞ്ഞു. ക്ഷത്രിയധൎമ്മമനുസരിച്ച് ശൂരന്മാരാൽ എത്രത്തോളം ചെയ്യാൻ സാധിക്കുമോ അത്രത്തോളം കൗരവന്മാർ ഇപ്പോൾ ചെയ്യുന്നുണ്ട്. അങ്ങ് അവരെ നിന്ദിക്കുന്നതു ശരിയല്ല. അവർ പ്രാണനെപ്പോലും നിസ്സാരമായി കരുതി യുദ്ധംചെയ്യുന്നു. അൎജ്ജുനനും, കൃഷ്ണനും, സാത്യകിയും, ഭീമനും നടത്തുന്ന യുദ്ധത്തിൽ അവരെ എതിൎത്തു നില്ക്കാൻ ഇവൎക്ക് ബലമില്ല. എങ്കിലും എത്രത്തോളം ചെയ്യാൻ സാദ്ധ്യമോ അത്രത്തോളം അങ്ങയുടെ പുത്രനായ ദുൎയ്യോധനൻ ചെയ്യുന്നുണ്ട്. ഇപ്പോൾ അദ്ദേഹത്തെ അങ്ങു നിന്ദിക്കരുതു്."

"വത്സ സഞ്ജയ! നീ പറയുന്നതു് ശരിയെന്നു തന്നെ ഞാൻ സമ്മതിക്കുന്നു. വിധിയെ ലംഘിക്കാൻ ആൎക്കും സാധിക്കുന്നതല്ല. നടന്ന സംഭവങ്ങളെല്ലാം പറയുക. നല്ലതായാലും ദുഃഖവൎത്തമാനമായാലും എല്ലാം നടന്നവണ്ണം പറയുക" എന്നു് ശോകത്തിൽ മുഴുകിയിരുന്ന വൃദ്ധരാജാവു് സഞ്ജയനോടു പറഞ്ഞു. അതനുസരിച്ചു് സഞ്ജയൻ പറഞ്ഞതിനെ അദ്ദേഹം ശ്രദ്ധിച്ചു കേട്ടു.

* * * * *

അൎജ്ജുനന്റെ രഥം സിന്ധുരാജാവിന്റെ നേൎക്കു പോകുന്നതു കണ്ടു് ദുൎയ്യോധനനു് അസഹ്യമായ ദുഃഖം ഉണ്ടായി. അദ്ദേഹം ദ്രോണന്റെ സമീപത്തേയ്ക്കു വേഗം ചെന്നു.

"വലുതായ സൈന്യത്തെ പിളന്നുംകൊണ്ടു് അജ്ജുനൻ പ്രവേശിച്ചുകഴിഞ്ഞു. നമ്മുടെ പരാജയംകണ്ടു് ജയദ്രഥനെ രക്ഷിക്കാൻ കാത്തുനില്ക്കുന്ന വീരന്മാർ ധൈര്യമുപേക്ഷിച്ചിരിക്കുന്നു. ദ്രോണരെ കടന്നു് അജ്ജുനനു പോകാൻ സാധിക്കുകയില്ലെന്നു് രാജാക്കന്മാരെല്ലാം കരുതിയിരുന്നതു് അസത്യമായിത്തീൎന്നു. അങ്ങു് നോക്കിക്കൊണ്ടിരിക്കുമ്പോൾതന്നെ രഥം നയിച്ചു് അങ്ങയെ കടന്നു് അയാൾ പോയല്ലോ. പാണ്ഡവന്മാൎക്കു നന്മ ചെയ്യുന്നതിനായിത്തന്നെയാണു് അങ്ങു് താല്പൎയ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. എന്റെ മനസ്സു് വല്ലാതെ കുഴങ്ങിയിരിക്കുന്നു. അങ്ങയോടു് ഞാൻ എന്തപരാധമാണു് ചെയ്തിരിക്കുന്നതു്. എന്നെ എന്താണു് അങ്ങു് ഉപേക്ഷിച്ചിരിക്കുന്നതു്.? ഇതു ഞാനറിഞ്ഞിരുന്നെങ്കിൽ ജയദ്രഥനെ യുദ്ധക്ഷേത്രത്തിൽ നിറുത്തുകയില്ലായിരുന്നു. തന്റെ രാജ്യത്തിലേക്കു മടങ്ങിപ്പോകണമെന്നു പറഞ്ഞ ജയദ്രഥനെ ഞാൻ താമസിപ്പിച്ചതു് വലിയ തെറ്റായിപ്പോയി. അർജ്ജുനൻ ആക്രമിച്ചാൽ ജയദ്രഥൻ മരിച്ചുപോകും. ദുഃഖംകൊണ്ടു് ഞാൻ വിഭ്രാന്തനായിരിക്കുന്നു. ക്ഷമിച്ചാലും. അങ്ങുതന്നെ ചെന്നു് സൈന്ധവനെ രക്ഷിക്കണം" എന്നു് ദുര്യോധനൻ പ്രലപിച്ചു.

ദ്രോണർ മറുപടി പറഞ്ഞു. "രാജാവേ! പറയാൻ പാടില്ലാത്ത വാക്കുകൾ നീ പറഞ്ഞുവെങ്കിലും ഞാൻ നിന്നോടു് കോപിക്കുന്നില്ല. നീ എന്റെ പുത്രനെപ്പോലെയാണു്. എനിക്കു് അശ്വത്ഥാമാവിനെപ്പോലെതന്നെയാണു നീയും. ഞാൻ പറയുന്നതുപോലെ ചെയ്യുക. ഈ കവചം ധരിക്കുക. ഇതു ധരിച്ചാൽ നിനക്കു

തന്നെ അർജ്ജുനനെ തടുക്കാൻ കഴിയും. ഇവിടം വിട്ട് എനിക്കു പോകാൻ നിവൃത്തിയില്ല. അതാ! ബാണങ്ങൾ വരുന്നതു നോക്കുക. പാണ്ഡവസൈന്യം നമ്മെ ബലമായി എതിൎക്കുന്നു. അൎജ്ജുനനെ കൂടാതെ യുധിഷ്ഠിരൻ തനിച്ചിരിക്കുന്നു. ഇതിനു വേണ്ടിയല്ലേ ഈ ഏൎപ്പാടു നമ്മൾ ചെയ്തതു്? അവനെപ്പിടിച്ച് നിനക്കു് സമൎപ്പിക്കേണ്ടിയിരിക്കുന്നു. ആ കൃത്യത്തെ ഉപേക്ഷിച്ച് അർജ്ജുനനെ പിൻതുടൎന്നു പോകാൻ എനിക്കു സാധിക്കുന്നതല്ല. വ്യൂഹമുഖത്തെ വിട്ടിട്ട് ഞാൻ അൎജ്ജുനന്റെ നേൎക്കു പോയാൽ അനൎത്ഥമുണ്ടാകും. എന്റെ കവചവും ധരിച്ചുകൊണ്ടു് നീ പോകുക. ഭയപ്പെടേണ്ട. നീ ശൂരനും സമൎത്ഥനും ആണു്. നീ കവചം ധരിച്ചാൽ ഒരായുധവും നിന്നെ ബാധിക്കുന്നതല്ല. മന്ത്രശക്തിയുള്ള ഈ കവചം നിന്റെ ദേഹത്തെ രക്ഷിക്കും. ബ്രഹ്മാവിന്റെ അടുക്കൽ നിന്നും കവചം വാങ്ങി ഇന്ദ്രൻ യുദ്ധം ചെയ്തതുപോലെ ഞാൻ നല്കുന്ന ദിവ്യമായ ഈ മന്ത്രകവചം ധരിച്ചുംകൊണ്ടു് നീ പോകുക. നിനക്കു മംഗളം ഭവിക്കട്ടെ!"

ദിവ്യകവചം അണിഞ്ഞു് ദുര്യോധനൻ ദ്രോണാചാര്യൻ പറഞ്ഞതനുസരിച്ച് വലുതായ സൈന്യത്തോടു കൂടി ധൈര്യസമേതം അൎജ്ജുനന്റെ നേൎക്കു പാഞ്ഞു.

* * *

അൎജ്ജുനൻ കൗരവസൈന്യത്തെ കടന്നു് വളരെ ദൂരം പോയി. കുതിരകൾ ക്ഷീണിച്ചിരിക്കുന്നതു കണ്ടു് ശ്രീകൃഷ്ണൻ രഥത്തെ നിറുത്തി കുതിരകളെ അഴിച്ച് വിശ്രമിപ്പിക്കാൻ ഉദ്ദേശിച്ചു. അപ്പോൾ വിന്ദൻ, അനുവിന്ദൻ എന്ന രണ്ടു സഹോദരന്മാർ അൎജ്ജുനനെ ആക്ര

മിച്ചു. അവരെ എതിൎത്തു് അവരുടെ സൈന്യത്തെ ഓടിച്ചു് രണ്ടു സഹോദരന്മാരേയും അൎജ്ജുനൻ വധിച്ചു. പിന്നീടു് ശ്രീകൃഷ്ണൻ കുതിരകളെ അഴിച്ചു് മണ്ണിൽ കിടത്തി വിശ്രമിപ്പിച്ചു. വീണ്ടും രഥം പൂട്ടി ജയദ്രഥന്റെ നേൎക്കു് നയിച്ചു.

* * * *

"ധനഞ്ജയ! അതാ നോക്കുക, പിറകിൽ കൂടി ദുൎയ്യോധനൻ വരുന്നു. നിനക്കു് ഇതിനേക്കാറം ഒരു നല്ല അവസരം കിട്ടാനില്ല. ദീൎഘകാലമായി അടക്കി വച്ച കോപത്തെ ഇപ്പോറം തീൎക്കാം. അനൎത്ഥങ്ങറംക്കെല്ലാം മൂലകാരണമായ ഇവൻ നിന്റെ ബാണങ്ങറംക്കു് ഇരയാകാൻ വന്നിരിക്കുന്നു. ഇവൻ ഒരു മഹാരഥനാണു്. ദൂരെ നിന്നും എതിൎക്കാനുള്ള സാമൎത്ഥ്യം ഇവനുണ്ടു്. ഇവൻ ഒരു വലിയ വില്ലാളിയുമാണു്. അസ്ത്രശസ്ത്രനിപുണനായ ഇവൻ യുദ്ധോന്മത്തനായിരിക്കുന്നു. ഇവന്റെ ദേഹം സുദൃഢമാണു്. ഇവനാണല്ലോ നമ്മുടെ ശത്രു" എന്നു് ശ്രീകൃഷ്ണൻ അൎജ്ജുനനോടു പറഞ്ഞു് ദൂരെ നിന്നു വരുന്ന ദുൎയ്യോധനനെ കാണിച്ചു കൊടുത്തു. അനന്തരം രഥത്തെ പിൻതിരിച്ചു് ദുൎയ്യോധനന്റെ നേരെ ചെന്നു് അദ്ദേഹത്തെ അൎജ്ജുനൻ എതിൎത്തു.

* * * *

ദുൎയ്യോധനൻ ഭയപ്പെട്ടില്ല.

"നീ അനേകം വലിയ കാൎയ്യങ്ങറം ചെയ്തിട്ടുള്ളതായി ജനങ്ങറം പറയുന്നു. എന്നാൽ അവയൊന്നും ഞാൻ നേരിട്ടു കണ്ടിട്ടില്ല. നിന്റെ കീൎത്തിക്കു കാരണമായ പരാക്രമം ഇപ്പോറം കാണാമല്ലോ. എന്നെ കാണിക്കുക"

എന്നു് ദുൎയ്യോധനൻ അൎജ്ജുനനോട്ടു് പറഞ്ഞു. രണ്ടു പേരും തമ്മിൽ ഘോരമായ സമരം നടന്നു.

* * * *

"പാൎത്ഥ! ഇതെന്തൊരാശ്ചൎയ്യം! നീ അയക്കുന്ന അമ്പുകൾ ദുൎയ്യോധനനെ പീഡിപ്പിക്കാത്തതു് എന്തു കൊണ്ടു? ഗാണ്ഡീവത്തിൽ നിന്നും അയയ്ക്കുന്ന അമ്പുകൾ വ്യൎത്ഥമായിപ്പോയതു് ഇന്നാണു ഞാൻ കണ്ടതു്. ഇതു് ഒരിക്കലും കാണാത്ത ഒരു സംഭവമായിരിക്കുന്നു. നിന്റെ കൈകാൎയ്യക്ഷം ഭുജബലവും കുറഞ്ഞുപോയോ? ഗാണ്ഡീവത്തിന്നു് അതിന്റെ ഗുണം ഇല്ലാതായിത്തീൎന്നുവോ? നീ ദുൎയ്യോധനന്റെ നേൎക്കു് അയയ്ക്കുന്ന ബാണങ്ങൾ അവന്റെ മേൽ ഏററു് വ്യൎത്ഥമായി താഴെ വീഴുന്നതു കണ്ടു് എനിക്കു ആശ്ചൎയ്യം തോന്നുന്നു." എന്നു് ശ്രീകൃഷ്ണൻ പറഞ്ഞു.

"കൃഷ്ണാ! ഇവൻ ദ്രോണരുടെ അടുക്കൽനിന്നു് കവചം വാങ്ങി അതു ധരിച്ചുകൊണ്ടു നില്ക്കുന്നുവെന്നാണു് തോന്നുന്നതു്. ഈ കവചധാരണരഹസ്യം ദ്രോണർ എന്നോടു പറഞ്ഞിട്ടുണ്ടു്. ഇവന്റെ ദേഹത്തിൽ ആ കവചത്തെ ദ്രോണാചാൎയ്യർ ധരിപ്പിച്ചിരിക്കുന്നതായി തോന്നുന്നു. മറെറാരുവനാൽ ധരിക്കപ്പെട്ട ഈ കവചം ഒരു കാള, ഭാരം ചുമക്കുന്നതുപോലെ ഇവൻ ചുമക്കുക മാത്രമാണു ചെയ്യുന്നതു്. ഇപ്പോൾ എന്റെ സാമൎത്ഥ്യം നോക്കുക" എന്നു പറഞ്ഞു് അൎജ്ജുനൻ ബാണങ്ങൾ അയച്ചു് ദുൎയ്യോധനന്റെ കുതിരകളേയും സാരഥിയേയും രഥത്തേയും നശിപ്പിച്ചു. പിന്നീടു് വില്ലും കൈയ്യുറയും ഛേദിച്ചു. കവചം ഏതു ഭാഗത്തെ മൂടാതിരുന്നുവോ ആ-

ഭാഗം ലക്ഷ്യമാക്കി അജ്ജുനൻ ദുൎയ്യോധനനെ പീഡി പ്പിച്ചു. കവചം മൂടാതിരുന്ന ഉള്ളംകൈകളിലും നഖ ങ്ങളിലും പ്രവേശിച്ച അമ്പുകൾ ദുൎയ്യോധനനെ വളരെ വിഷമിപ്പിച്ചു. ദുൎയ്യോധനൻ തോററു.

ദുൎയ്യോധനൻ പിൻതിരിഞ്ഞപ്പോൾ ശ്രീകൃഷ്ണൻ പാഞ്ചജന്യം മുഴക്കി.

ജയദ്രഥനെ കാത്തുരക്ഷിച്ചിരുന്ന വീരന്മാർ ഈ സംഭവം കണ്ടപ്പോൾ വളരെ കുഴങ്ങി. ഭൂരിശ്രവസ്സ്, ശല്യൻ, കൎണ്ണൻ, വൃഷസേനൻ, കൃപർ, അശ്വത്ഥാ മാവ്, ജയദ്രഥൻ ഇവരെല്ലാം രഥങ്ങളിൽ കയറി പാൎത്ഥനെ എതിൎത്തു.

---

## 85. ധൎമ്മപുത്രന്റെ ചിന്ത

അജ്ജുനനെ പിൻതുടൎന്നു് ദുൎയ്യോധനൻ പോകു ന്നതു് കണ്ടിട്ടു് പാണ്ഡവസൈന്യങ്ങൾ ശത്രുക്കളെ ശക്തിയായി ആക്രമിച്ചു. ജയദ്രഥനു് സഹായമായി ദ്രോണർകൂടി പോകുന്നതായാൽ കാൎയ്യം അപകടത്തിലാ കുമെന്നു് വിചാരിച്ചു് ധൃഷ്ടദ്യുമ്നൻ അടുത്തടുത്തു് അദ്ദേഹ ത്തിന്റെ നേൎക്കു് സൈന്യങ്ങളെ അയച്ചു് തടുത്തുകൊ ണ്ടിരുന്നു. ദ്രുപദപുത്രൻ ഇപ്രകാരം ചെയ്തതിന്റെ ഫല മായി കൗരവസൈന്യം മൂന്നായി പിളൎന്നു് ബലഹീനമാ യിത്തീൎന്നു.

ധൃഷ്ടദ്യുമ്നൻ തന്റെ രഥംകൊണ്ടു് ദ്രോണരുടെ രഥത്തെ ഇടിച്ചു തകൎത്തു. അദ്ദേഹത്തിന്റെ പാൎശ്വവൎത്ത

വർണ്ണമായ കുതിരകളും ദ്രോണരുടെ രക്തവർണ്ണങ്ങളായ കുതിരകളും ഒന്നുചേൎന്ന് സൂൎയ്യാസ്തമനകാലത്തിലെ മേഘങ്ങളെപ്പോലെ വിചിത്രമായി ശോഭിച്ചു. ധൃഷ്ടദ്യുമ്നൻ തൻെറ വില്ല് എറിഞ്ഞുകളഞ്ഞു്; വാളും പരിചയുമായി ദ്രോണൻെറ തേരിൽ ചാടിക്കയറി. രഥത്തിൻേറയും കുതിരകളുടേയും മേൽ നിന്നു് അദ്ദേഹം ദ്രോണരെ ആക്രമിച്ചു. മരിച്ചുപോയ മൃഗത്തിൻെറ മാംസം ആഗ്രഹിച്ചു് പായുന്ന പരുന്തിനെപ്പോലെ ധൃഷ്ടദ്യുമ്നൻ പാഞ്ഞു. ക്രൂരദൃഷ്ടിയോടുകൂടി അങ്ങുമിങ്ങും പാഞ്ഞു് തൻെറ ജന്മശത്രുവിനെ ധൃഷ്ടദ്യുമ്നൻ എതിൎത്തു. അങ്ങനെ വളരെനേരം അവർ സമരം നടത്തി. ഒടുവിൽ കോപാക്രാന്തനായ ദ്രോണർ എയ്ത ഒരു ബാണം പാഞ്ചാലൻെറ പ്രാണനെ സംഹരിക്കുമായിരുന്നു. എന്നാൽ ആ സമയം അപ്രതീക്ഷിതമായി സാത്യകി ആ ബാണത്തെ സ്വബാണത്താൽ തടുത്തു. ദ്രോണർ സാത്യകിയെ എതിൎക്കാൻ ആരംഭിച്ചപ്പോൾ പാഞ്ചാലഭടന്മാർ ധൃഷ്ടദ്യുമ്നനെ അവിടെനിന്നും കൂട്ടിക്കൊണ്ടുപോയി.

* * * *

കൃഷ്ണസൎപ്പത്തെപ്പോലെ ചീറിക്കൊണ്ടും കോപത്താൽ കണ്ണുകൾ ചുവപ്പിച്ചും ദ്രോണർ സാത്യകിയെ എതിൎത്തു. സാത്യകി പാണ്ഡവസൈന്യത്തിൽ പ്രഥമസ്ഥാനത്തിൽപെട്ട ഒരാളായിരുന്നു. ദ്രോണർ തൻെറ നേരെ വരുന്നതുകണ്ടു് അദ്ദേഹവും ദ്രോണരുടെ നേൎക്ക് പാഞ്ഞു ചെന്നു.

സാത്യകി തൻെറ സാരഥിയോടു് ഇപ്രകാരം പറഞ്ഞു. "ഇദ്ദേഹം തൻെറ കുലത്തിനു ചേൎന്ന തൊഴില്

വിട്ടിട്ട് ക്ഷത്രിയധമ്മത്തെ സ്വീകരിച്ച് പാണ്ഡവന്മാക്ക് ഉപദ്രവം ഉണ്ടാക്കുന്നു. ദുര്യോധനൻെറ അഹങ്കാരത്തിന് ഇദ്ദേഹംതന്നെയാണു കാരണം. താൻ ഒരു മഹാവീരനും ശൂരനും ആണെന്ന് ഇദ്ദേഹം എപ്പോഴും അഹങ്കരിക്കുന്നു. ഇദ്ദേഹത്തെ എതിത്തടക്കണം. കുതിരകളെ വേഗം ഇദ്ദേഹത്തിൻെറ നേക്ക് നയിക്കുക."

സാരഥി അപ്രകാരം ആ വെള്ളക്കുതിരകളെ ദ്രോണൻെറ നേക്ക് വായുവേഗത്തിൽ നയിച്ചു. അവർ പരസ്പരം ബാണവഷം ചെയ്തു. രണ്ടുപേരുടേയും വില്ലുകളിൽനിന്നും ബഹിർഗമിച്ച ബാണങ്ങൾ സൂര്യനെ മറച്ച് യുദ്ധഭൂമിയെ അന്ധകാരാവൃതമാക്കി. പടം പൊഴിഞ്ഞ പാമ്പുകളെപ്പോലെ ഉജ്ജ്വലങ്ങളായ ബാണങ്ങൾ ഇരുഭാഗത്തുനിന്നും ഭയങ്കരമായി പാഞ്ഞു. രണ്ടുപേരുടെയും രഥങ്ങളിലെ കൊടികളും കുടകളും ഒടിഞ്ഞു് താഴെ വീണു. ഇരുവരുടേയും ദേഹത്തിൽനിന്ന് രക്തം പ്രവഹിച്ചു. ഇവർ തമ്മിലുള്ള സമരം കണ്ട് മററു വീരന്മാർ തങ്ങളുടെ യുദ്ധം നിറുത്തി സ്തബ്ധരായി നോക്കിക്കൊണ്ടു നിന്നു. ഗർജ്ജനങ്ങളും സിംഹനാദങ്ങളും ശംഖധ്വനികളും ദുന്ദുഭിഘോഷങ്ങളും എല്ലാം ശമിച്ചു. സാത്യകിയും ദ്രോണരും പലവിധത്തിലുള്ള ആയുധങ്ങൾ പ്രയോഗിച്ചു നടത്തിയ ആ ചണ്ഡയുദ്ധം കാണുന്നതിന് ദേവന്മാരും വിദ് യാധരന്മാരും യക്ഷന്മാരും ഗന്ധവന്മാരും ആകാശത്തിൽ നിലകൊണ്ടു.

* * * *

ദ്രോണരുടെ വില്ലിനെ സാത്യകി തൻെറ ബാണങ്ങളാൽ ഛേദിച്ചു. ഭരദ്വാജപുത്രൻ (ദ്രോണർ) ആ ക്ഷണ

ത്തിൽതന്നെ മററൊരു വില്ലെടുത്തു് കുലയ്ക്കാൻ ഭാവിച്ചു. ഉടൻതന്നെ സാത്യകി അതിനേയും ഛേദിച്ചു. ഇപ്രകാരം ഞാണിലേററാൻ സമ്മതിക്കാതെ നൂററൊന്നു് വില്ലുകളെ സാത്യകി അരുത്തുകളഞ്ഞു. ശ്രീരാമൻ, കാർത്തവീര്യാർജ്ജുനൻ, ധനഞ്ജയൻ, ഭീഷ്മർ ഇവരെപ്പോലെ സാത്യകിയും യുദ്ധം ചെയ്യുന്നുവെന്നു് കണ്ടു് ദ്രോണർ സംതൃപ്തനായി. ഇപ്രകാരം ശത്രുസേനയിലുൾപ്പെട്ട തങ്ങളുടെ ശിഷ്യരിലും നല്ല സാമർത്ഥ്യം കാണുമ്പോൾ ആചാര്യന്മാർക്കു് സന്തോഷമുളവാകുന്നതു് സഹജമാണു്. ദ്രോണർ ഏതേതു് അസ്ത്രങ്ങൾ പ്രയോഗിച്ചുവോ അതിനു് അനുരൂപമായ അസ്ത്രമാണു് സാത്യകിയും പ്രയോഗിച്ചതു്. ഇങ്ങനെ വളരെനേരം കഴിഞ്ഞതിൽ പിന്നീടു് ധനുർവേദപാരംഗതനായ ദ്രോണാചാര്യർ സാത്യകിയെ വധിക്കുന്നതിനായി ആഗ്നേയാസ്ത്രം തൊടുത്തു. ഉടൻതന്നെ സാത്യകി അതിനു് പ്രതിവിധിയായി വരുണാസ്ത്രം പ്രയോഗിച്ചു.

*  *  *  *

ക്രമേണ സാത്യകിയുടെ പരാക്രമം ക്ഷയിച്ചു തുടങ്ങി. ഇതുകണ്ടു് കൗരവന്മാർ അഭിനന്ദിച്ചു് ഗർജ്ജനംചെയ്തു.

സാത്യകി ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടുമെന്നു് യുധിഷ്ഠിരൻ അറിഞ്ഞപ്പോൾ അടുത്തുള്ള വീരന്മാരെ നോക്കി അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഉത്തമവീരനും സത്യപരാക്രമിയുമായ യുയുധാനൻ (സാത്യകി) ദ്രോണരാൽ കഠിനമായി എതിർക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ രക്ഷിക്കാൻ നിങ്ങൾ വേഗം അവിടെ ചെല്ലുക."

പിന്നീട് ധൃഷ്ടദ്യുമ്നനെ നോക്കി യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞു. "വേഗം ചെന്ന് ദ്രോണരെ തടുക്കുക. ആ ബ്രാഹ്മണൻ സാത്യകിയെ കൊന്നുകളയും. എന്താണു കാത്തുനില്ക്കുന്നതു്? ഉടൻതന്നെ സാത്യകി നില്ക്കുന്ന സ്ഥലത്തേയ്ക്കു പോകുക. ദ്രോണർനിമിത്തം നമുക്ക് വലുതായ ഭയം നേരിട്ടിരിക്കുന്നു. ഒരു ചെറുബാലൻ കയറിൽ കെട്ടിയിട്ടു് പക്ഷിയെ പറപ്പിച്ചു് വിനോദിക്കുന്നതുപോലെ ദ്രോണർ നടത്തുന്ന ഈ യുദ്ധം അദ്ദേഹത്തിനു വിനോദകരമായിരിക്കുന്നു. സാത്യകിക്ക് ദ്രോണാചാര്യരെ എതിർത്തു നില്പാൻ ഇനി സാധിക്കുകയില്ല. നീ വേഗം ചെന്ന് സാത്യകിയെ സഹായിക്കുക. മററു വീരന്മാരേയും കൂട്ടിക്കൊണ്ടു് പോകുക. താമസം അരുതു്. കാലന്റെ മുഷ്ടിയ്ക്കുള്ളിൽ സാത്യകി അകപ്പെട്ടിരിക്കുന്നു" ദ്രോണരോടു് എതിർക്കാൻ യുധിഷ്ഠിരൻ തന്റെ സേനയ്ക്കു് ഉത്തരവു നല്കി.

എല്ലാവരുംകൂടി വളരെ പ്രയത്നിച്ചു് സാത്യകിയെ രക്ഷിച്ചു

*　　*　　*　　*　　*　　*

ആ സമയം പാഞ്ചജന്യത്തിന്റെ മുഴക്കം കേട്ടു് യുധിഷ്ഠിരൻ ചിന്താമഗ്നനായി.

"ഹേ സാത്യകി! പാഞ്ചജന്യത്തിന്റെ ശബ്ദം കേൾക്കുന്നു. അതിനോടൊപ്പം ഗാണ്ഡീവത്തിന്റെ ശബ്ദം കേൾക്കുന്നും ഇല്ല. പാർത്ഥനെപ്പററി എനിക്ക് വലിയ വിചാരമായിരിക്കുന്നു. ജയദ്രഥനെ സഹായിക്കുന്ന വീരന്മാർ അവനെ വളഞ്ഞു് ആപത്തിൽ അകപ്പെടുത്തിയിരിക്കണമെന്ന് എനിക്കു തോന്നുന്നു. മുമ്പിൽ സൈന്ധ

വന്റെ സൈന്യവും പിമ്പിൽ ദ്രോണരുടെ മഹാസൈന്യവും അജ്ജുനനെ വിഷമിപ്പിച്ചിരിക്കും. സൂയ്യോദയസമയത്തു് അജ്ജുനൻ ശത്രുസൈന്യമദ്ധ്യത്തിൽ പ്രവേശിച്ചതാണു്. ഇപ്പോഠം പകൽ മിക്കവാറും തീരാറായി. പാഞ്ചജന്യം മാത്രം ശബ്ദിക്കുന്നതുകൊണ്ടു് അജ്ജുനൻ മരിച്ചുപോയെന്നും വാസുദേവൻ മാത്രം യുദ്ധം ചെയ്യുന്നുവെന്നും ഞാൻ സംശയിക്കുന്നു. സാത്യകീ! നിങ്ങഠംക്കു് അസാദ്ധ്യമായി യാതൊന്നുംതന്നെ ഇല്ല. അജ്ജുനൻ നിങ്ങളുടെ സഖാവും ആചായ്യനും ആണല്ലോ. അയാഠംക്കു് ഇപ്പോഠം നിശ്ചയമായും സങ്കടം നേരിട്ടിട്ടുണ്ടു്. സാത്യകീ! ധനഞ്ജയൻ നിങ്ങളെപ്പററി അനേകം പ്രാവശ്യം എന്നോടു് പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ടു്. സാത്യകിയെപ്പോലെ സത്യപരാക്രമനായി മററാരും ഇല്ല എന്നു് വനവാസകാലത്തു് അജ്ജുനൻ എന്നോടു പറഞ്ഞു. അതാ നോക്കുക! യുദ്ധക്കളത്തിൽനിന്നും പൊടിപടലം പുറപ്പെടുന്നതു കാണുന്നില്ലേ! അജ്ജുനനെ ശത്രുക്കഠം വളഞ്ഞു എന്നതു് നിശ്ചയംതന്നെ. ജയദ്രഥൻ മഹാശൂരനാണു്. അയാഠംക്കു വേണ്ടി പ്രാണനെ ത്യജിയ്ക്കാൻ സന്നദ്ധരായ പലവീരന്മാരും അയാളെ കാത്തുരക്ഷിക്കുന്നു. ഉടൻതന്നെ അങ്ങോട്ടു് ചെല്ലുക" എന്നു് യുധിഷ്ഠിരൻ പരിഭ്രമത്തോടുകൂടി പറഞ്ഞു.

ധമ്മപുത്രൻ ഇപ്രകാരം നിർബന്ധിച്ചപ്പോഠം സാത്യകി ഇങ്ങനെ മറുപടി പറഞ്ഞു. "ധമ്മത്തിൽനിന്നും വ്യതിചലിക്കാത്ത മഹാത്മൻ! അങ്ങയുടെ ആജ്ഞയെ ഞാൻ ശിരസാ വഹിക്കുന്നു. ധനഞ്ജയനുവേണ്ടി എന്റെ പ്രാണനും ഞാൻ നിസ്സാരമായി

ഗണിച്ചു ബലികഴിക്കും. അങ്ങ് ആജ്ഞാപിക്കുന്നപക്ഷം ദേവന്മാരോടുകൂടി ഞാൻ യുദ്ധം ചെയ്യാം. എന്നാൽ സർവ്വജ്ഞനായ കൃഷ്ണനും അർജ്ജുനനും എന്നോട് ആവശ്യപ്പെട്ടിരിക്കുന്നതു് എന്താണെന്നു് ഞാൻ അറിയിച്ചുകൊള്ളട്ടെ:-അവർ ഇങ്ങനെയാണു് എന്നോടു് ആജ്ഞാപിച്ചിട്ടുള്ളതു്. "ജയദ്രഥനെക്കൊന്നു് ഞങ്ങൾ തിരിയെ വരുന്നതുവരെ നീ യുധിഷ്ഠിരനെ കാത്തുകൊണ്ടിരിക്കണം. വളരെ ജാഗ്രതയായി അദ്ദേഹത്തെ സൂക്ഷിച്ചുകൊള്ളണം. നിങ്ങളെ വിശ്വസിച്ചാണു് ഞങ്ങൾ പോകുന്നതു്. കൗരവസൈന്യത്തിൽ നമുക്കു് ഭയപ്പെടേണ്ടതു് ദ്രോണരെ മാത്രമാണു്. അദ്ദേഹത്തിന്റെ പ്രതിജ്ഞ എന്തെന്നു് നിങ്ങൾക്കറിയാമല്ലോ. ധർമ്മപുത്രരെ നിങ്ങളുടെ കയ്യിൽ ഏല്പിച്ചാണു് ഞങ്ങൾ പോകുന്നതു്." ദ്രോണർക്കു് സമാനനും വീരശ്രേഷ്ഠനുമായ അർജ്ജുനൻ എന്നെ ബഹുമാനിച്ചും വിശ്വസിച്ചും ഇങ്ങനെ ആജ്ഞാപിച്ചിട്ടു പോയിരിക്കയാണു്. ആ ആജ്ഞയെ ഞാൻ എങ്ങനെ ലംഘിക്കും? അർജ്ജുനനെപ്പററി അങ്ങു് വിഷമിയ്ക്കേണ്ട. അദ്ദേഹത്തെ ജയിക്കാൻ ആർക്കും സാധിക്കുകയില്ല. സിന്ധുരാജാവും മററുള്ളവരും അദ്ദേഹത്തിൻെറ പതിനാറിലൊരംശം വരികയില്ല. ധർമ്മപുത്ര! ഞാൻ അങ്ങയെ ആരെ ഏല്പിച്ചിട്ടാണു് പോകേണ്ടതു്? ദ്രോണരുടെ ആക്രമത്തെ നേരിടുന്നതിനു് സമർത്ഥനായ ആരേയും ഞാൻ ഇവിടെ കാണുന്നില്ല. ഇതെല്ലാം നല്ലതുപോലെ ആലോചിച്ചതിനു ശേഷം എന്നോടു എന്തു് വേണമെന്നു് ആജ്ഞാപിക്കുക."

"സകലതും നല്ലവണ്ണം ആലോചിച്ചതിനു ശേഷം തന്നെയാണു് ഞാൻ നിങ്ങളോടു് അർജ്ജുനന്റെ സമീപ

ത്തുസ്സൂ പോകാൻ ആവശ്യപ്പെടുന്നതു്. എൻെറ അനുമതിതോടുകൂടി നിങ്ങൾ പോവുക. മഹാബലവാനായ ഭീമൻ എന്നെ കാത്തുകൊള്ളും. പോരെങ്കിൽ ധൃഷ്ടദ്യുമ്നനും ഇവിടെ ഉണ്ടല്ലോ. ഇവരെ കൂടാതെ മററു പല വീരന്മാരും എനിക്കു് സഹായമായി ഇവിടെ ഉണ്ടു്. എന്നെപ്പററി നിങ്ങൾ വിഷമിക്കേണ്ട." എന്നു പറഞ്ഞു് സാത്യകിയുടെ തേരിൽ അസ്ത്രങ്ങളും തൂണീരവും മററ് ഉപകരണങ്ങളും ശസ്ത്രങ്ങളും വച്ചു് നല്ലതുപോലെ വിശ്രമിച്ചു് ക്ഷീണം തീൎത്ത കുതിരകളേയും പൂട്ടുന്നതിനു് യുധിഷ്ഠിരൻ ഏൎപ്പാടു ചെയ്തു. അനന്തരം ധൎമ്മപുത്രൻ ആശീൎവാദത്തോടുകൂടി സാത്യകിയെ അയച്ചു.

"ഭീമസേന! ധൎമ്മപുത്രനെ കാത്തുകൊള്ളണം." എന്നു പറഞ്ഞു് സാത്യകി ധനഞ്ജയനെ അന്വേഷിച്ചു പുറപ്പെട്ടു.

* * * *

ഇങ്ങനെ പുറപ്പെട്ട സാത്യകിയെ കൗരവസൈന്യം നിൎദ്ദയമായി എതിൎത്തു് തടുത്തു. തടുത്തവരെയെല്ലാം ജയിച്ചു് അവരിൽ പലരേയും വധിച്ചു് സാത്യകി മുന്നോട്ടു് പോയി. വഴിയിൽ അനേകം ശത്രുക്കളോടു പൊരുതേണ്ടിവന്നതുകൊണ്ടു് അൎജ്ജുനൻെറ സമീപത്തു ചെല്ലാൻ അദ്ദേഹത്തിനു വളരെ നേരം വേണ്ടിവന്നു.

സാത്യകി യുധിഷ്ഠിരനെ വിട്ടുപിരിഞ്ഞപ്പോൾ ദ്രോണർ പാണ്ഡവസൈന്യത്തെ ഇടവിടാതെ എതിൎത്തു. പാണ്ഡവസൈന്യം ഛിന്നിച്ചിതറി പിൻവാങ്ങി. യുധിഷ്ഠിരൻ അത്യന്തം ചിന്താപരവശനായിത്തീൎന്നു.

# 86. യുധിഷ്ഠിരൻെറ ആഗ്രഹം

"അർജ്ജുനനെ കാണുന്നില്ലല്ലോ. അവനെ തേടിപ്പോയ സാത്യകിയും മടങ്ങിവന്നില്ല. ഹേ! ഭീമ! അനുജനെപ്പററി എനിക്കു് വലിയ വിചാരമായിരിക്കുന്നു. പാഞ്ചജന്യത്തോടൊപ്പം ഗാണ്ഡീവധ്വനി കേൾക്കാതിരിക്കുന്നതു് എൻെറ മനസ്സിൽ വലുതായ ഭയം ഉളവാക്കുന്നു. പ്രാണസഖാവും വീരനുമായ സാത്യകിയെ ഞാൻ അയച്ചു. അയാളും തിരികെ വന്നില്ല. എൻെറ സങ്കടവും വിചാരവും വളർന്നുവരുന്നു." എന്നു് യുധിഷ്ഠിരൻ ഭീമനോടു് പറഞ്ഞു പരിഭ്രമിച്ചു് ഇതികർത്തവ്യതാമൂഢനായിത്തീർന്നു.

"അങ്ങേയ്ക്കു് ഇങ്ങനെയുള്ള പരിഭ്രമം ഉണ്ടായി ഞാൻ ഇതേവരെ കണ്ടിട്ടില്ലല്ലോ. അങ്ങു് ഒരിക്കലും ധൈര്യം ഉപേക്ഷിക്കരുതു്. എന്താണു് വേണ്ടതെന്നു് എന്നോടു് ആജ്ഞാപിക്കുക. മനസ്സിനെ പീഡിപ്പിക്കരുതു്." എന്നു് ഭീമസേനൻ പറഞ്ഞു.

"വത്സ! നിൻെറ അനുജൻ മരിച്ചുപോയി എന്നുതന്നെ ഞാൻ കരുതുന്നു. അവൻ കൊല്ലപ്പെട്ടതിനാൽ മാധവൻതന്നെ ആയുധം എടുത്തു് യുദ്ധം ചെയ്യുന്നതായി തോന്നുന്നു. പാഞ്ചജന്യധ്വനി മാത്രം കേൾക്കുന്നതിനും ഗാണ്ഡീവധ്വനി കേൾക്കാത്തതിനും ഇതുതന്നെയാണു് കാരണം. അതുലനീയപരാക്രമിയും നമ്മളുടെ പ്രാണാധാരവും ആയ ധനഞ്ജയൻ കൊല്ലപ്പെട്ടു എന്നുതന്നെയാണു് എനിക്കു് തോന്നുന്നതു്. ഞാൻ വിഭ്രാന്തനായിത്തീർന്നിരിക്കുന്നു. ഭീമ! നീ ഞാൻ പറയുന്നതു് അനു

സരിക്കമെങ്കിൽ ഉടൻതന്നെ ധനഞ്ജയൻെറ സമീപത്തേയ്ക്കു പോകുക. അർജ്ജുനനേയും സാത്യകിയേയും കണ്ടു് വേണ്ടതെല്ലാം പ്രവൎത്തിച്ചു് മടങ്ങിവരുക. എൻെറ വാക്കനുസരിച്ചു് സാത്യകി അജ്ജുനനെ അന്വേഷിച്ചു് കൗരവസൈന്യത്തെ ഭേദിച്ചു് പോയിരിക്കുന്നു. അദ്ദേഹത്തെ തുടൎന്നു് നീയും പോയി അവർ ക്ഷേമത്തോടുകൂടിയിരിക്കുന്നതു് കണ്ടു് ആ വിവരം നിൻെറ സിംഹനാദംമൂലം എന്നെ അറിയിക്കുക" എന്നു് യുധിഷ്ഠിരൻ ഭീമനോടു പറഞ്ഞു.

"പ്രഭോ! വ്യസനിക്കേണ്ട! ഞാൻ ചെന്നു് അവരെ കണ്ടു് അവരുടെ ക്ഷേമവൃത്താന്തം അങ്ങയെ അറിയിക്കാം" എന്നു് തക്കുത്തരം ഒന്നും പറയാതെതന്നെ ഭീമൻ സമ്മതിച്ചു. പിന്നീടു് ധൃഷ്ടദ്യുമ്നനോടു് ഭീമൻ ഇങ്ങനെ പറഞ്ഞു: "പാഞ്ചാലാ! ധൎമ്മപുത്രനെ എങ്ങനെയെങ്കിലും പിടിക്കണമെന്നു് തീൎച്ചപ്പെടുത്തി അതിനവസരം നോക്കിയിരിക്കയാണു് ദ്രോണർ എന്നു നിങ്ങൾക്കറിയാമല്ലോ. രാജാവിനെ രക്ഷിക്കയെന്നതാണു് നമ്മുടെ പ്രഥമകൎത്തവ്യം. എന്നാൽ അദ്ദേഹത്തിൻെറ ആജ്ഞയേയും എനിക്കു് അനുസരിക്കേണ്ടതായിരിക്കുന്നു. നിങ്ങളെ വിശ്വസിച്ചാണു് ഞാൻ പോകുന്നതു്."

"ഭീമാ! നിങ്ങൾ വിചാരപ്പെടേണ്ട. നിശ്ചിന്തനായി പോകുക. എന്നെ കൊല്ലാതെ ദ്രോണക്കു് യുധിഷ്ഠിരനെ പിടിക്കാൻ സാദ്ധ്യമല്ല" എന്നു് വീരനും ദ്രോണരുടെ ജന്മശത്രുവുമായ ദ്രുപദപുത്രൻ പറഞ്ഞപ്പോൾ ഭീമൻ വേഗത്തിൽ അവിടെനിന്നും പുറപ്പെട്ടു.

* * * *

അൎജ്ജുനന്ന സഹായമായി അയയ്ക്കപ്പെട്ട ഭീമനെ വഴിയിൽവച്ചു കൗരവന്മാർ വളഞ്ഞു് തടുത്തു. എന്നാൽ ഭീമനാകട്ടെ സിംഹം മററു ചെറുമൃഗങ്ങളെ ഭയപ്പെടുത്തി ഓടിക്കുന്നതുപോലെ അവരെ ഓടിച്ചു. ധൃതരാഷ്ട്രകുമാരന്മാരിൽ പതിനൊന്നുപേരെ വഴിയിൽവച്ചു് തന്നെ കൊന്നിട്ടു് അദ്ദേഹം ദ്രോണരെ സമീപിച്ചു. അദ്ദേഹം ഭീമനെ തടുത്തു് ഇപ്രകാരം പറഞ്ഞു. "ഭീമസേനാ! ശത്രുവായ എന്നെ ജയിക്കാതെ നിനക്കു് പോകാൻ സാധിക്കുന്നതല്ല. നിൻെറ അനുജനായ അൎജ്ജുനൻ എൻെറ സമ്മതത്തോടുകൂടിയാണു് സൈന്യത്തിൻെറ ഉള്ളിൽ പ്രവേശിച്ചതു്. എന്നാൽ നിനക്കു് ഞാൻ അതിനുള്ള അനുവാദം തരികയില്ല." ഫൽഗുനനെപ്പോലെ ഭീമനും തന്നെ ബഹുമാനിക്കുമെന്നു വിചാരിച്ചാണു് ദ്രോണർ ഇപ്രകാരം പറഞ്ഞതു്.

എന്നാൽ ഭീമൻ ദ്രോണരുടെ വാക്കുകേട്ടു് അത്യന്തം കോപിഷ്ഠനായി ഇങ്ങനെ പറഞ്ഞു. "ഹേ ബ്രാഹ്മണാ! അങ്ങയുടെ അനുവാദത്തോടുകൂടിയല്ല അൎജ്ജുനൻ കൗരവസേനയ്ക്കുള്ളിൽ പ്രവേശിച്ചതു്. അവൻ തൻെറ പരാക്രമംകൊണ്ടുതന്നെയാണു് അങ്ങയുടെ വ്യൂഹത്തെ ഭേദിച്ചതു്. അൎജ്ജുനനെന്നപ്പോലെ ഞാൻ അങ്ങയോടു ദയ കാണിക്കുകയില്ല. ഞാൻ അങ്ങയുടെ ശത്രു തന്നെയാണു്. ഒരു കാലത്തു് അങ്ങു ഞങ്ങളുടെ പിതൃതുല്യനും ഗുരുവുമായിരുന്നു. ഞങ്ങൾ അങ്ങയെ വണങ്ങിയുമിരുന്നു. ഇപ്പോൾ അങ്ങു് ഞങ്ങളുടെ ശത്രുവാണെന്നു് അങ്ങുതന്നെ പറഞ്ഞല്ലോ. അങ്ങനെ തന്നെ

യാകട്ടെ" എന്നു പറഞ്ഞു് ഗദായുധത്തെ കറക്കി കൊണ്ടു് ഭീമൻ ദ്രോണരെ എതിൎത്തു. ദ്രോണരുടെ രഥം തവിടുപൊടിയായിത്തീൎന്നു.

ദ്രോണർ മറെറാരു രഥത്തിൽ കയറി. അതിനെയും ഭീമൻ ചൂൎണ്ണമയമാക്കിത്തീൎത്തു. ഇങ്ങനെ ദ്രോണരെ എതിൎത്തു് നാലുവശത്തുമുള്ള യുദ്ധവീരന്മാരെത്തുരത്തി വഴിതെളിച്ചുംകൊണ്ടു് ഭീമൻ സൈന്യമദ്ധ്യത്തിൽ പ്രവേശിച്ചു.

അന്നു് ദ്രോണരുടെ എട്ടു രഥങ്ങൾ ഒന്നിനു പിമ്പേ ഒന്നായി ഭഗ്നമായി. സേനയെ പിളൎന്നുകൊണ്ടു പോകുന്ന ഭീമനെ ഭോജന്മാരുടെ സൈന്യം എതിൎത്തു. അതിനെ ധ്വംസിച്ചുകൊണ്ടു് അദ്ദേഹം മുമ്പോട്ടു പാഞ്ഞു. അനന്തരം തന്നെ തടുത്ത സൈന്യവിഭാഗങ്ങളെയെല്ലാം വധിച്ചു് ഭീമൻ വേഗത്തിൽ ജയദ്രഥൻെറ സൈന്യത്തോടു് എതിൎത്തുനിന്നു യുദ്ധം ചെയ്തുകൊണ്ടിരുന്ന അൎജ്ജുനനെക്കണ്ടു.

അൎജ്ജുനനെക്കണ്ടു ഉടൻ ഭീമൻ സിംഹനാദം മുഴക്കി. ആ ശബ്ദം കേട്ടു് കൃഷ്ണാൎജ്ജുനന്മാരും ആനന്ദപരവശരായി സിംഹനാദം മുഴക്കി.

* * * *

ധൎമ്മപുത്രൻ ഈ ശബ്ദങ്ങൾ കേട്ടു് സന്തോഷിച്ചു. തൻെറ ശോകം ത്യജിച്ചു് മനസ്സുകൊണ്ടു് അദ്ദേഹം അൎജ്ജുനനെ ആശീൎവദിച്ചു.

"അസ്തമിക്കുന്നതിനുമുമ്പു് അൎജ്ജുനൻ തൻെറ പ്രതിജ്ഞയെ പരിപാലിച്ചു് സിന്ധുരാജനെ വധിച്ചു്

മടങ്ങിവരും. ധനഞ്ജയനാൽ ജയദ്രഥൻ കൊല്ലപ്പെട്ട തിൽ പിന്നീടു് ദുര്യോധനൻ സന്ധിക്കായി വന്നേ യ്ക്കുമോ? അനുജന്മാർ വധിക്കപ്പെട്ടതുകണ്ടു് മൂഢനായ ദുര്യോധനനു് സൽബുദ്ധി ഉണ്ടാകുമോ? ശ്രേഷ്ഠന്മാരായ രാജാക്കന്മാരും യുദ്ധവീരന്മാരും യുദ്ധക്കളത്തിൽ വീണു കിടക്കുന്നതു കണ്ടു് ദുര്യോധനൻ തന്റെ തെററു മനസ്സി ലാക്കി സന്ധിക്കായി ഒരുമ്പെട്ടുമോ? പിതാമഹനായ ഭീഷ്മർ വീണതിൽ പിന്നീടു് നമ്മുടെ ഇടയിലുണ്ടായിരി ക്കുന്ന ഈ പാപപൂർണ്ണമായ വൈരം നീങ്ങി ബാക്കിയു ള്ളവരെങ്കിലും നശിക്കാതെ രക്ഷപ്രാപിക്കാനുള്ള വഴി ഉണ്ടാകുമോ?" എന്നിപ്രകാരം കാരുണ്യാർദ്രഹൃദയനായി ധർമ്മപുത്രൻ ആലോചിക്കുവാൻ തുടങ്ങി.

* * * *

ഇങ്ങനെ യുധിഷ്ഠിരൻ സമാധാനത്തിനുവേണ്ടി ആഗ്രഹിച്ചുകൊണ്ടിരിക്കുമ്പോൾ ഭീമനും സാത്യകിയും അർജ്ജുനനും ഇരുന്ന സ്ഥലത്തു് ഘോരമായ യുദ്ധം നട ക്കുകയായിരുന്നു. ലോകം എങ്ങിനെ മുന്നോട്ടു പോകും. അതിനുവേണ്ടി എന്തെല്ലാം സംഭവിക്കേണ്ടതായുണ്ടു്; എന്ന സംഗതികളെല്ലാം ഈശ്വരനല്ലാതെ മററാക്കും അറിയാൻ പാടില്ല. എല്ലാം അദ്ദേഹത്തിന്റെ ലീല യല്ലേ!

# 87. കർണ്ണനും ഭീമനും

അഭിമന്യുവിനെ രക്ഷിക്കാനായി ചെന്ന പാണ്ഡവന്മാരെ തടുത്തവനും ആ വീരബാലൻെറ വധത്തിന്ന് മുഖ്യകാരണക്കാരനുമായ ജയദ്രഥനെ യുദ്ധത്തിന്ന വെല്ലുവിളിക്കാൻ പോയ അജ്ജുനൻ മടങ്ങി വരാത്തതുകൊണ്ട് യുധിഷ്ഠിരൻ ഉൽക്കണ്ഠാകുലനായി സാത്യകിയേയും പിന്നീട് ഭീമസേനനേയും അയച്ചല്ലോ. ഭീമൻ ചെന്ന് ധനഞ്ജയൻ ജീവിച്ചിരിക്കുന്നു എന്ന് സൂചിപ്പിക്കാൻ ഉച്ചത്തിൽ സിംഹനാദം ചെയ്തപ്പോഠം യുധിഷ്ഠിരന്ന് ആശ്വാസവും ധൈയ്യവും ഉണ്ടായി.

ഒരുവശത്ത് സാത്യകിയും ഭൂരിശ്രവസ്സും, മറെറാരുവശത്ത് കർണ്ണനും ഭീമനും, വേറൊരുഭാഗത്തിൽ അജ്ജുനനും ജയദ്രഥനും അതുവരെ കാണുകയോ കേഠംക്കുകയോ ചെയ്തിട്ടില്ലാത്ത വിധത്തിലുള്ള സമരം തമ്മിൽ തമ്മിൽ നടത്തി. ദ്രോണർ പാഞ്ചാലന്മാരും, പാണ്ഡവന്മാരും നടത്തിയ ആക്രമത്തെ തടുത്തും എതിത്തും യുദ്ധക്കളത്തിൽ ആദ്യത്തെ വ്യൂഹത്തിൽനിന്നു. അജ്ജുനൻ ജയദ്രഥനെ എതിത്ത സ്ഥലത്ത് ദുയ്യോധനനും വന്നുചേന്നു. അദ്ദേഹവും പരാജിതനായി പിൻതിരിഞ്ഞു.

ഇങ്ങിനെ യുദ്ധം പല സ്ഥലങ്ങളിലും തീവ്രമായി നടന്നു. ഇരുക്കൂട്ടക്കും ചുറരും അപായം ഉണ്ടായിരുന്നു. അപ്പോഠം ദ്രോണരുടെ അടുക്കൽ ദുയ്യോധനൻ വന്ന് തൻെറ പതിവനുസരിച്ച് അദ്ദേഹത്തെ കുററപ്പെടുത്തി ഇങ്ങിനെ പറഞ്ഞു. "അജ്ജുനനും ഭീമസേനനും, സാത്യ

കിയും ഇത സൈന്യത്തെ വകവെയ്ക്കാതെ കടന്നുചെന്നു് സിന്ധുരാജാവിനെ സമീപിച്ചിരിക്കുന്നു. അവിടെ ഘോരമായ സമരം നടക്കുന്നു. അങ്ങയുടെ നേതൃത്വത്തിൽ ഇരിക്കുന്ന നമ്മുടെ വ്യൂഹം ഇങ്ങനെ ഭഗ്നമായി നമ്മുടെ ഉദ്ദേശം സഫലമാകാതെ തീൎന്നിരിക്കുന്നതു് ആശ്ചൎയ്യമായിരിക്കുന്നു. ധനുൎവ്വേദത്തിൽ പാരംഗതനായിരിക്കുന്ന ദ്രോണാചാൎയ്യർ എങ്ങനെയാണു തോറ്റതെന്നു എല്ലാവരും ചോദിക്കുന്നു. ഞാൻ എന്താണു് സമാധാനം പറയേണ്ടതു്? അങ്ങുനിമിത്തം ഞാൻ ഭാഗ്യഹീനനായി തീൎന്നിരിക്കുന്നു."

"നീ എന്നെ നിന്ദിക്കുന്നതെല്ലാം സത്യത്തിനും ധൎമ്മത്തിനും വിരുദ്ധമാണു്. കഴിഞ്ഞുപോയതിനെപ്പറ്റി സംസാരിക്കുന്നതുകൊണ്ടു് യാതൊരു ഫലവും ഇല്ല. അനന്തരകൎത്തവ്യത്തെപ്പററി ആലോചിക്കുക" എന്നു് ദ്രോണർ പറഞ്ഞു.

"എന്താണു ചെയ്യേണ്ടതെന്നു് അങ്ങുതന്നെ ആലോചിച്ചു പറഞ്ഞാലും. നന്നായി ആലോചിച്ചു നിശ്ചയിക്കുന്നതിനെ വേഗം നടത്തണം" എന്നു് ശോകത്താൽ മതിമറന്നു് ദുൎയ്യോധനൻ പറഞ്ഞു.

"വത്സ! ആലോചിക്കേണ്ട സംഗതികൾ പലപ്രകാരത്തിലും ഇരിക്കുന്നു. മൂന്നു മഹാരഥന്മാർ നമ്മെ കടന്നുപോയിരിക്കുന്നു എന്നതു് സത്യംതന്നെ. എന്നാൽ അവർ മുന്നോട്ടു ചെന്നതുകൊണ്ടു് അവർ ഭയപ്പെടുന്നതുപോലെ പിൻപിൽ നമ്മൾ ഇരിക്കുന്നതു് അവൎക്കും ഭയത്തിനു കാരണമാണു്. അവരുടെ ഇരുപുറവും ശത്രുക്ക

ളായ നമ്മുടെ സൈന്യം നില്ക്കുന്നു. അതുകൊണ്ടു് ധൈര്യമായി ജയദ്രഥനു സഹായമായി ചെന്നു് അവിടെ ചെയ്യേണ്ടതെല്ലാം ചെയ്തുകൊള്ളുക. ദുഃഖിക്കുന്നതുകൊണ്ടു യാതൊരു ഫലവുമില്ല. ഞാൻ ഇവിടെ ഇരിക്കുന്നതാണു നല്ലതു്. ആവശ്യമുള്ളപ്പോൾ ഇവിടെനിന്നു് മററു വീരന്മാരെയും സൈന്യങ്ങളേയും നിനക്കു് സഹായമായി അയയ്ക്കാം. പാഞ്ചാലനേയും പാണ്ഡവസൈന്യത്തേയും എതിർക്കാൻ ഞാൻ ഇവിടെത്തന്നെ വേണം." എന്നു് ദ്രോണർ മറുപടി പറഞ്ഞു.

ആചാര്യന്റെ ഉപദേശമനുസരിച്ചു് ദുര്യോധനൻ ചില ഭടന്മാരെയും കൂട്ടിക്കൊണ്ടു് അർജ്ജുനൻ യുദ്ധം ചെയ്തുകൊണ്ടിരുന്ന സ്ഥലത്തേയ്ക്കു മടങ്ങിപ്പോയി.

ഇപ്പോൾ നടക്കുന്ന യുദ്ധസമ്പ്രദായം അനുസരിച്ചു് ശത്രുസൈന്യങ്ങൾ വളഞ്ഞുകൊണ്ടു നില്ക്കുന്ന സ്ഥലത്തെ ചിലപ്പോൾ അങ്ങനെതന്നെ വിട്ടിട്ടു് മുന്നോട്ടു പോകുന്ന ഒരു രീതി ഉണ്ടു്. അങ്ങനെ ശത്രുക്കളുടെ ബലത്തെ ലക്ഷ്യമാക്കാതെ മുന്നോട്ടു പോകുന്നതിന്റെ ഗുണദോഷങ്ങൾ 1939-ൽ ആരംഭിച്ച മഹായുദ്ധത്തിൽ രണ്ടു കൂട്ടരും ആരാഞ്ഞതുപോലെ ഭാരതയുദ്ധത്തിലും നടന്നിരുന്നു. പതിനാലാമത്തെ ദിവസം അപ്രതീക്ഷിതമായ വിധത്തിൽ അർജ്ജുനൻ ചെയ്ത മഹാപരാക്രമങ്ങളും അവയെപ്പററി ദ്രോണരും ദുര്യോധനനും ആലോചിച്ചതും ഇതുതന്നെയാണു്. ശത്രുസൈന്യം ഇരിക്കുന്ന സ്ഥലത്തെല്ലാം സമരം നടത്തിക്കൊണ്ടു് കാലവിളംബം കൂടാതെ കടന്നു് മുൻപേ പോകുന്ന യുദ്ധരീതിക്കു്

'ബൈ-പാസിങ്'' (by passing) എന്നാണ് ഇക്കാലത്ത് പറഞ്ഞുവരുന്നതു്. ആ രീതി തന്നെയാണ് അർജ്ജുനൻ വൈദഗ്ധ്യത്തോടുകൂടി പ്രയോഗിച്ചു് ദുര്യോധനനു് പരിഭ്രമമുണ്ടാക്കിയതു്.

*       *       *       *

ഭീമനും കർണ്ണനുംകൂടി അന്നു് നടത്തിയ യുദ്ധം, രോമാഞ്ചം ഉണ്ടാക്കത്തക്കവണ്ണം ആശ്ചര്യകരമായിരുന്നു. ഭാരതയുദ്ധത്തെപ്പററി ദ്രോണപർവ്വത്തിലും കർണ്ണപർവ്വത്തിലും വായിക്കുമ്പോൾ പല സ്ഥലങ്ങളിലും അതു് ഇപ്പോൾ നടക്കുന്ന യുദ്ധത്തോടു എല്ലാവിധത്തിലും സമമായിരിക്കുന്നു.

*       *       *       *

ആദ്യമായിത്തന്നെ എതിർത്ത കർണ്ണനെ വിട്ടിട്ടു് ഭീമൻ അർജ്ജുനൻ ഇരിക്കുന്ന സ്ഥലത്തേയ്ക്കു പോകുന്നതിനു് ആഗ്രഹിച്ചു. എന്നാൽ രാധേയൻ അതു സമ്മതിച്ചില്ല. ഭീമസേനൻെറമേൽ ശരങ്ങൾ വർഷിച്ചു് കർണ്ണൻ അദ്ദേഹത്തെ തടുത്തു. പത്മംപോലെ സുന്ദരമായ മുഖമുള്ള കർണ്ണൻ ചിരിച്ചുംകൊണ്ടു് "ഓടരുതു്, യുദ്ധത്തിൽ പിൻതിരിയരുതു്'' എന്നു് ഭീമനെ നിസ്സാരമാക്കി സംസാരിച്ചു. കർണ്ണൻെറ പരിഹാസം ഭീമനു് സഹിച്ചില്ല. ഇരുവരും തമ്മിൽ കഠോരമായ യുദ്ധം നടന്നു. കർണ്ണൻ മന്ദഹാസപൂർവ്വം താൻ ചെയ്യേണ്ടതെല്ലാം ചെയ്തു. എന്നാൽ ഭീമൻ കോപാവേശത്തോടുകൂടിയാണു് യുദ്ധംചെയ്തതു്. കർണ്ണൻ ദൂരെനിന്നു് ലക്ഷ്യം തെററാത്ത ബാണങ്ങൾ പ്രയോഗിച്ചു. ഭീമൻ

തൻെറ ദേഹത്തിൽ പൊഴിയുന്ന ബാണങ്ങളേയും നാരാചങ്ങളേയും ലക്ഷ്യമാക്കാതെ കർണ്ണനെ സമീപിക്കാൻ ഭാവിച്ചു. കർണ്ണൻ തനിക്കു ശ്രമമൊന്നും ഇല്ലെന്നു തോന്നത്തക്കവണ്ണം എല്ലാം തെററാതെ ശാന്തമായി നടത്തി. ഭീമസേനൻ അപമാനം സഹിക്കവയ്യാതെ കോപാവിഷ്ടനായി വിസ്മയകരമായ രീതിയിൽ സ്വബലത്തെ കാണിച്ചുകൊടുത്തു.

* * * *

ഭീമസേനൻെറ ദേഹമെല്ലാം മുറിവേററു രക്തം പ്രവഹിച്ചു് വസന്തകാലത്തെ അശോകവൃക്ഷംപോലെ പ്രകാശിച്ചു. ആ മുറിവുകളൊന്നും ലക്ഷ്യമാക്കാതെ ഭീമൻ കർണ്ണൻെറ രഥത്തേയും, കുതിരകളേയും, വില്ലിനേയും നശിപ്പിച്ചു.

മറെറാരു രഥം അന്വേഷിച്ചു് കർണ്ണൻ ഓടേണ്ടിവന്നു. വേറെ ഒരു രഥത്തിൽ കയറിയ കർണ്ണൻ തനിക്കു വന്ന അപമാനത്താൽ മന്ദഹാസത്തെ ത്യജിച്ചു് വാവുകാലങ്ങളിലെ സമുദ്രത്തെപ്പോലെ ക്രോധപൂർണ്ണനായി ഭീമനെ എതിർത്തു. ഇരുവരും കായബലത്തിൽ പുലികളെപ്പോലെയും പായുന്നതിൽ പരുന്തുകളെപ്പോലെയും കോപത്തിൽ സർപ്പങ്ങളെപ്പോലെയും പരസ്പരം ആക്രമിച്ചു് യുദ്ധംചെയ്തു. തനിക്കും തൻെറ സഹോദരന്മാൎക്കും ധർമ്മപത്നിയായ ദ്രൗപദിക്കും നേരിട്ട അപമാനങ്ങളും വൈഷമ്യങ്ങളും എല്ലാം ആ സമയം ഭീമൻ ഓർമ്മിച്ചു. തന്റെ പ്രാണനെ ലക്ഷ്യമാക്കാതെ അദ്ദേഹം യുദ്ധംചെയ്തു. രണ്ടു രഥങ്ങളും തമ്മിൽ ഇടഞ്ഞു. കർണ്ണന്റെ

ശോൽതാശങ്ങളും ഭീമൻെറ കൃഷ്ണാശങ്ങളും, മേഘങ്ങൾ കലരുന്നതുപോലെ പരസ്പരം കലൎന്നു.

* * * *

കൎണ്ണൻെറ വില്ലു് ഛേദിക്കപ്പെട്ടു. സാരഥിയും മുറിവേററു് രഥത്തിൽനിന്നും താഴെ വീണു. അപ്പോൾ കൎണ്ണൻ ഒരു ശക്ത്യായുധം ഭീമൻെറനേൎക്കു വീശി. ഭീമൻ അതിനെ തടുത്തു് അമ്പുകൾ തൊടുത്തു. കൎണ്ണനും ഒരു പുതിയ വില്ലെടുത്തു ഭീമൻെറനേൎക്കു് ശരവൎഷം പൊഴിച്ചു. വീണ്ടും കൎണ്ണൻെറ രഥം തകൎന്നു.

* * * *

ദുൎയ്യോധനൻ കൎണ്ണൻെറ വിഷമസ്ഥിതി കണ്ടു് തൻെറ അനുജനായ ദുൎജ്ജയനെ വിളിച്ചു് ഇങ്ങനെ പറഞ്ഞു. "പാപിഷ്ഠനായ ഈ പാണ്ഡവൻ കൎണ്ണനെ കൊല്ലാൻപോകുന്നു. നീ ഉടൻ ചെന്നു ഭീമനെ എതിൎത്തു് കൎണ്ണനെ രക്ഷിക്കുക." ദുൎജ്ജയനും ആജ്ഞാനുസരണം ഭീമനെ എതിൎത്തു. വൃകോദരൻ കോപിച്ചു് ഏഴു ബാണങ്ങൾകൊണ്ടു ദുൎജ്ജയനേയും, കുതിരകളേയും, സാരഥിയേയും യമലോകത്തിലേയ്ക്കു് അയച്ചു. അടി കൊണ്ടു നിലത്തുവീണു പുളയുന്ന പാമ്പിനെപ്പോലെ പുളയുന്ന ദുൎജ്ജയനെ കണ്ടപ്പോൾ കൎണ്ണനു സഹിച്ചില്ല. കണ്ണുനീർ പൊഴിച്ചുകൊണ്ടു് അദ്ദേഹം അവനെ പ്രദക്ഷിണംചെയ്തു. എന്നാൽ ഭീമൻ യുദ്ധത്തിൽനിന്നും വിരമിച്ചില്ല. വീണ്ടും കൎണ്ണനെ അമ്പുകൾകൊണ്ടു വളരെ വിഷമിപ്പിച്ചു.

* * * *

രഥം ഇല്ലാതായ കർണ്ണൻ മറെറാരു തേരിൽ കയറി വീണ്ടും ഭീമനെ എതിർത്തു. അദ്ദേഹം അയച്ച അമ്പുകൾ ഭീമനെ നല്ലവണ്ണം പീഡിപ്പിച്ചു. അദ്ദേഹം കോപാവിഷ്ടനായി ഗദായുധമെടുത്തു കർണ്ണനെ ലക്ഷ്യമാക്കി എറിഞ്ഞു. അതു് കർണ്ണൻെറ സാരഥിയേയും കുതിരകളേയും കൊന്നു് ധ്വജസ്തംഭത്തെയും ഭഗ്നമാക്കി. കർണ്ണൻ കുതിരകളില്ലാതായപ്പോൾ രഥം ഉപേക്ഷിച്ചു താഴെയിറങ്ങി വില്ലെടുത്തുകൊണ്ടു് നിന്നു.

ഇതു കണ്ടപ്പോൾ ദുര്യോധനൻ ദുർമ്മുഖനെന്ന മറെറാരു അനുജനോടു് ഇപ്രകാരം ആജ്ഞാപിച്ചു. "ഭീമൻ കർണ്ണൻെറ രഥത്തെ വീണ്ടും നശിപ്പിച്ചിരിക്കുന്നു. കർണ്ണനെ നിൻെറ രഥത്തിൽ കയററുക." ദുർമ്മുഖനും രഥത്തെ കർണ്ണൻ നിന്ന സ്ഥലത്തേയ്ക്കു നയിച്ചു. ധൃതരാഷ്ട്രപുത്രന്മാരിൽ മറെറാരാളും വന്നു എന്നു കണ്ടു് ഭീമൻ ആനന്ദിച്ചു് ദുർമ്മുഖൻെറനേക്കു് ഒമ്പതു ബാണങ്ങൾ അയച്ചു. കർണ്ണൻ ആ രഥത്തിൽ കയറിയ ഉടൻതന്നെ ദുർമ്മുഖൻെറ കവചം ഭേദിച്ചു. അദ്ദേഹം മരിക്കയുംചെയ്തു. രക്തംകൊണ്ടു് ആറാടി വീണുകിടന്ന ദുർമ്മുഖനെ കണ്ടപ്പോൾ കർണ്ണൻെറ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. കുറേനേരം യുദ്ധം ചെയ്യാതെതന്നെ അദ്ദേഹം നിശ്ചലനായി നിന്നു. എന്നാൽ ഭീമൻ യുദ്ധം നിർത്താതെതന്നെ വീണ്ടും കർണ്ണൻെറനേക്കു നിശിതങ്ങളായ ബാണങ്ങളെ അയച്ചു. അവ രാധേയൻെറ കവചത്തെ പിളർന്നു് അദ്ദേഹത്തെ വളരെ വിഷമിപ്പിച്ചു. ഉടൻതന്നെ കർണ്ണനും ഭീമനെ

എതിൎത്ത് ബാണങ്ങൾ അയച്ചു. ഭീമന്റെ ദേഹത്തിൽ പല സ്ഥലങ്ങളേയും വ്രണപ്പെടുത്തി. അതെല്ലാം സഹിച്ചുംകൊണ്ടു ഭീമൻ വീണ്ടും കൎണ്ണനെ ബലമായി എതിൎത്തു. വ്രണങ്ങളുടെ വേദനകൊണ്ടും ദുൎയ്യോധനന്റെ അനുജന്മാർ തനിക്കുവേണ്ടി ഓരോരുത്തരായി മരിച്ചതുകൊണ്ടുള്ള ദുഃഖം സഹിക്കവയ്യാത്തതിനാലും കൎണ്ണൻ ധൈൎയ്യം ത്യജിച്ച് യുദ്ധക്ഷേത്രത്തെ വിട്ട് ദൂരെ മാറിപ്പോയി.

അപ്പോൾ ഭീമൻ പല വ്രണങ്ങൾ ഏററ് കത്തുന്ന അഗ്നിയെപ്പോലെ പ്രകാശിച്ചുംകൊണ്ട് യുദ്ധഭൂമിയിൽ നിന്ന് ജയഘോഷം ചെയ്തു. അതുകേട്ട് സഹിക്കവയ്യാതെ കൎണ്ണൻ യുദ്ധഭൂമിയെ വിട്ടുപോകാൻ നിശ്ചയിച്ച സങ്കല്പത്തെ ത്യജിച്ച് തിരിഞ്ഞുനിന്ന് ഭീമനെ നേരിട്ടു.

---

## 88. കുന്തിയോടു ചെയ്ത പ്രതിജ്ഞ

"അഗ്നിയിൽ വീണ് മരിക്കുന്ന ശലഭങ്ങളെപ്പോലെ ദുൎമ്മുഖനേയും ദുൎജ്ജയനേയും യുദ്ധത്തിൽ പ്രവേശിപ്പിച്ച് ആ വാത്സല്യഭാജനങ്ങളായ അനുജന്മാരെ അവൻ കൊല്ലാൻ കാരണമായല്ലോ." കൎണ്ണനെപ്പോലെ ഒരു വീരനെ ഞാൻ ലോകത്തിൽ കണ്ടിട്ടില്ല. കൎണ്ണന്റെ സഹായം ഉള്ള എന്നെ ദേവന്മാൎക്ക് പോലും ജയിക്കാൻ സാധിക്കുന്നതല്ല. പിന്നെയാണോ ഈ പാണ്ഡവന്മാർ ജയിക്കാൻ പോകുന്നത്". "ഇങ്ങിനെ മൂൎഖനായ ദുൎയ്യോധനൻ പറഞ്ഞല്ലോ. ഇപ്പോൾ ഭീമസേനനെ ഭയന്ന്"

കർണ്ണൻ പിൻതിരിഞ്ഞു് ഓടിയതു കണ്ടു് ദുര്യോധനൻ എന്തു ചെയ്തു? സഞ്ജയാ! കാലനെപ്പോലെ മഹാബല സമ്പന്നനായ വായുപുത്രന്റെ വിരോധം ദുര്യോധനൻ സമ്പാദിച്ചല്ലോ. അയ്യോ! നമ്മൾ നശിച്ചുപോയല്ലോ" എന്നു് ധൃതരാഷ്ട്രൻ വിലപിച്ചു.

"ബുദ്ധിശൂന്യനായ പുത്രന്റെ വാക്കുകൾ കേട്ടു് പാണ്ഡവന്മാരുടെ ഒടുങ്ങാത്ത വൈരത്തെ സമ്പാദിച്ചതു് അങ്ങല്ലേ? ഈ അനർത്ഥത്തിനു് മുഖ്യകാരണവും അങ്ങു തന്നെയല്ലേ? ഭീഷ്മർ മുതലായ മഹാന്മാർ പറഞ്ഞതു് കേൾക്കാതെ ആരംഭിച്ച കാര്യത്തിന്റെ ഫലം അങ്ങു് ഇപ്പോൾ അനുഭവിക്കുന്നു. അങ്ങു തന്നെത്താൻ ആത്മ നിന്ദ ചെയ്യാതെ യുദ്ധം ചെയ്യുന്ന വീരന്മാരെ എന്തിനു് നിന്ദിക്കുന്നു." എന്നിപ്രകാരം വൃദ്ധന്റെ വൃഥാലാപത്തെ തടഞ്ഞുകൊണ്ടു് സഞ്ജയൻ അനന്തരസംഭവങ്ങൾ പ്രസ്താവിക്കാൻ ആരംഭിച്ചു.

*    *    *    *

ഭീമസേനൻ കർണ്ണനെ തോല്പിച്ചതു കണ്ടു് ധൃതരാഷ്ട്രപുത്രന്മാരായ ദുർമ്മർഷണൻ, ദുസ്സഹൻ, ദുർമ്മദൻ, ദുർധരൻ, ജയൻ ഈ അഞ്ചുപേരും ഭീമനെ എതിർത്തു. ഇവർ വരുന്നതു കണ്ടു് ധൈര്യപ്പെട്ടു് കർണ്ണൻ വീണ്ടും ഭീമന്റെ നേക്കു ബാണങ്ങൾ പൊഴിച്ചു. ആദ്യമൊക്കെ ഭീമസേനൻ ധൃതരാഷ്ട്രപുത്രന്മാരെ ഗണിക്കാതെ കർണ്ണനെ എതിർത്തുകൊണ്ടിരുന്നു. എന്നാൽ അവർ കർണ്ണനെ വളഞ്ഞു് അമ്പുകൊണ്ടു് മുറിവു് ഏററിരുന്ന ഭീമനെ എതിർത്തു. അപ്പോൾ ഭീമൻ കോപിച്ചു് ആ അഞ്ചു

ധാർത്തരാഷ്ട്രന്മാരേയും തന്റെ ബാണങ്ങൾക്കിരയാക്കി. സാരഥികളോടും കുതിരകളോടുംകൂടി ആ അഞ്ചു യുവാക്കളും മരിച്ചു് യുദ്ധക്കളത്തിൽ വീണു. ആ കിടപ്പു് പൂത്ത മരങ്ങൾ കൊടുങ്കാററടിച്ചു് നിലംപതിച്ചിരിക്കുന്നതിനോടു് സാദൃശ്യം വഹിച്ചു.

ഇങ്ങനെ വീണ്ടും അഞ്ചു രാജകുമാരന്മാർ യമലോകം പ്രാപിച്ചതു കണ്ടു് കർണ്ണൻ പൂർവ്വാധികം ഘോരമായി യുദ്ധം നടത്തി. കർണ്ണൻ ചെയ്തിട്ടുള്ള ദ്രോഹങ്ങളെ ഓർത്തു് ഭീമൻ ക്രൂദ്ധ ബാണങ്ങളെ തൊടുത്തു് കർണ്ണന്റെ നേർക്കയച്ചു. കർണ്ണന്റെ വില്ലു് ഒടിഞ്ഞു; അദ്ദേഹത്തിന്റെ സാരഥിയും കുതിരകളും മൃതിയടഞ്ഞു. അനന്തരം കർണ്ണൻ തേരിൽ നിന്നും ഇറങ്ങി ഗദായുധമെടുത്തു. ഭീമസേനൻ വില്ലു കുലച്ചു് ബാണപ്രയോഗം ചെയ്തു് ഗദയെ തടുത്തു് കർണ്ണന്റെ നേർക്കു് ശരവർഷം ആരംഭിച്ചു. കർണ്ണൻ വീണ്ടും പിൻവാങ്ങി.

ഇതു് കണ്ടിട്ടു് ദുര്യോധനൻ അത്യന്തം ദുഃഖിച്ചു് തന്റെ അനുജന്മാരായ ചിത്രൻ, ഉപചിത്രൻ, ചിത്രാക്ഷൻ, ചാരുചിത്രൻ, ശരാസനൻ, ചിത്രായുധൻ, ചിത്രവർമ്മൻ എന്നു് ഏഴുപേരെ രാധേയന്റെ സഹായത്തിനയച്ചു. അവർ ആശ്ചര്യകരമായ വൈദഗ്ദ്ധ്യത്തോടുകൂടി ഭീമനെ എതിർത്തു. എന്നാൽ അവരും ഓരോരുത്തരായി ഭീമസേനന്റെ കോപാഗ്നിക്കിരയായിത്തീൎന്നു് യുദ്ധക്കളത്തിൽ മരിച്ചുവീണു. കർണ്ണൻ അശ്രുപൂർണ്ണനയനങ്ങളോടുകൂടി തേരിൽ കയറി കോപാക്രാന്തനായി കാലനെപ്പോലെ ഭീമനോടു നേരിട്ടു. ഇടിയും മിന്നലും ചേന്ന

മേഘങ്ങളെപ്പോലെ ഇരുവരും പ്രകാശിച്ചു. കേശവനും, സാത്യകിയും, അർജ്ജുനനും ഭീമന്റെ പരാക്രമം കണ്ടു് സന്തോഷിച്ചു. കൗരവപക്ഷത്തിൽ ഭൂരിശ്രവസ്സു്, കൃപർ അശ്വത്ഥാമാവു്, ശല്യർ, ജയദ്രഥൻ മുതലായ പലവീരന്മാരും വിസ്മയിച്ചു് ഭീമനെ പുകഴ്ത്തി.

ഇതെല്ലാം കണ്ടു് സഹിക്കവയ്യാതെ ദുര്യോധനൻ കർണ്ണന്റെ ദുരവസ്ഥയിൽ അനുതപിച്ചു് തന്റെ ഏഴു സഹോദരന്മാരോടു പറഞ്ഞു. "ഭീമന്റെ അമ്പുകൾ രാധേയനെ കൊല്ലാൻ പോകുന്നു. നിങ്ങൾ ഉടൻ തന്നെ ചെന്നു് ഭീമനെ എതിർത്തു് അവനെ വളയുക". ശത്രുഞ്ജയൻ, ശത്രുസഹൻ, ദൃഢൻ, വികർണ്ണൻ മുതലായ ഏഴു സഹോദരന്മാരും ആജ്ഞാനുസരണം ഭീമനെ വളഞ്ഞു് ഒരേ സമയത്തു് ആക്രമിച്ചു് അദ്ദേഹത്തെ വളരെ വിഷമിപ്പിച്ചു.

* * * *

ദുര്യോധനൻ അയച്ച ഏഴു അനുജന്മാരും ഭീമന്റെ അമ്പുകൾക്കു ഇരയായി പ്രാണൻ ഉപേക്ഷിച്ചു് യുദ്ധഭൂമിയിൽ വീണു.

എല്ലാവർക്കും പ്രിയനായ വികർണ്ണനും പിൻവാങ്ങാതെ എതിർത്തു് കൊല്ലപ്പെട്ടു വീണുപോയതു കണ്ടു് ഭീമൻ ദുഃഖിച്ചു. അദ്ദേഹം ഇങ്ങിനെ വിലപിച്ചു പറഞ്ഞു. "ധർമ്മവും ന്യായവും അറിയുന്ന വികർണ്ണാ! ക്ഷത്രിയന്മാരുടെ കർത്തവ്യനിർവഹണത്തിന്നായി നീ യുദ്ധത്തിൽ ചേർന്നു് പരാജിതനായല്ലോ! നിന്നെയും ഞാൻ കൊല്ലേണ്ടി വന്നുവല്ലോ! നിന്നെയും പിതാമഹനായ

ഭീഷ്മരെയും വധിക്കേണ്ടി വന്ന ഈ യുദ്ധം കഠോരം തന്നെ."

ദുര്യോധനന്റെ സഹോദരന്മാർ തന്നെ രക്ഷിക്കുന്നതിനുവേണ്ടി ഓരോരുത്തരായി ഇങ്ങിനെ വന്നു മരിച്ചതു കണ്ടു് ദുഃഖിതനായ കർണ്ണൻ രഥത്തിൽ ചാഞ്ഞു് രണ്ടു കണ്ണുകളും മൂടിക്കൊണ്ടു് അല്പം മയങ്ങി. വീണ്ടും മനസ്സിനെ ധൈര്യപ്പെടുത്തിക്കൊണ്ടു് അദ്ദേഹം യുദ്ധം ആരംഭിച്ചു.

ഭീമൻ അയച്ച അമ്പുകൾ കർണ്ണന്റെ വില്ലിനെ ഭേദിച്ചപ്പോൾ അദ്ദേഹം മറെറാരു വില്ലെടുത്തു് യുദ്ധം ചെയ്തു. ഇങ്ങനെ പതിനെട്ടു പ്രാവശ്യം കർണ്ണന്റെ വില്ലു് മുറിയ്ക്കപ്പെട്ടു. കർണ്ണനും തന്റെ ശാന്തഭാവത്തെ ഉപേക്ഷിച്ചു് ഭീമനെപ്പോലെ കോപാവിഷ്ടനായി. രണ്ടു പേരും പരസ്പരം ഘോരദൃഷ്ടിയോടുകൂടി നോക്കിക്കൊണ്ടു് യുദ്ധം ചെയ്തു. അപ്പോൾ ഭീമൻ മുഴക്കിയ സിംഹനാദം യുധിഷ്ഠിരൻ കേട്ടു. ധർമ്മപുത്രനും ഉത്സാഹപൂർണ്ണനായി യുദ്ധവാദ്യങ്ങൾ ഉൽഘോഷിച്ചു് ദ്രോണരെ ബലമായി എതിർത്തു.

കർണ്ണനും ഭീമനും വീണ്ടും യുദ്ധം നടത്തി. ഭീമന്റെ കുതിരകളും സാരഥിയും നശിച്ചു. രഥവും മുറിഞ്ഞു. വില്ലും നഷ്ടപ്പെട്ടു. അപ്പോൾ അദ്ദേഹം ശക്ത്യായുധം എടുത്തു് കർണ്ണന്റെ നേർക്കു് പ്രയോഗിച്ചു. അതിനെ കർണ്ണൻ അമ്പുകൾകൊണ്ടു തടുത്തു് വിഫലമാക്കിയപ്പോൾ വാളും പരിചയും എടുത്തു് ഭീമൻ കർണ്ണനെ എതിർത്തു. പരിച കർണ്ണന്റെ അമ്പുകൊണ്ടു് ഒരു നിമിഷത്തിനുള്ളിൽ [illegible]യി. അപ്പോൾ ഭീമസേനൻ

വാറം വീശി കർണ്ണന്റെ നേക്കു് എറിഞ്ഞു. അതു് കർണ്ണന്റെ വില്ലിനെ മുറിച്ചു താഴെ വീഴ്ത്തി. ഉടൻതന്നെ കർണ്ണൻ മറെറാരു വില്ലെടുത്തു് അതുവരെ നടത്താത്ത രീതിയിൽ അമ്പുകറം പ്രയോഗിച്ചു് ഭീമനെ അത്യന്തം വിഷമിപ്പിച്ചു. ഭീമൻ കോപാകുലനായിട്ടു് കർണ്ണന്റെ തേരിൽ ചാടിക്കയറി. രാധേയൻ ഉടൻതന്നെ ധ്വജസ്തംഭത്തിന്റെ പുറകിൽ ഒളിച്ചു് ഭീമന്റെ ആക്രമണത്തിൽ അകപ്പെടാതെ രക്ഷ പ്രാപിച്ചു. ഭീമൻ വീണ്ടും താഴെ ച്ചാടി മരിച്ചുകിടന്ന ആനകളുടെ ഇടയിൽക്കൂടി പാഞ്ഞു് കർണ്ണന്റെ അമ്പുകളിൽ നിന്നും ഒഴിഞ്ഞുകൊണ്ടു് ആശ്ചര്യകരമായ യുദ്ധം നടത്തി. യുദ്ധക്കളത്തിൽ വീണുകിടന്ന രഥങ്ങറം, കുതിര, ആന മുതലായവയുടെ മുറിഞ്ഞ അവയവങ്ങറം എന്നിവയെടുത്തു് എറിഞ്ഞു് യുദ്ധം നിറുത്താതെ ഭീമൻ കർണ്ണനെ എതിർത്തുകൊണ്ടിരുന്നു.

ഇങ്ങനെ ആയുധവിഹീനനായ ഭീമസേനനെ കൊല്ലാൻ കർണ്ണൻ ആഗ്രഹിച്ചില്ല. "അർജ്ജുനനെ ഒഴിച്ചു് നിങ്ങളുടെ മക്കളിൽ ആരെയുംതന്നെ ഞാൻ കൊല്ലുകയില്ല" എന്നു് കർണ്ണൻ മാതാവായ കുന്തിയ്ക്കു നല്കിയ പ്രതിജ്ഞയെ അദ്ദേഹം സ്മരിച്ചു.

"മൂഢ! അമിതഭോജനപ്രിയനായ നീ യുദ്ധം ചെയ്യാൻ അറിയാൻ പാടില്ലാത്തവനാണു്. കാട്ടിൽ പഴങ്ങളും കിഴങ്ങുകളും വയറു നിറച്ചു തിന്നു ജീവിച്ച ക്ഷത്രിയന്മാർ നടത്തുന്ന യുദ്ധരീതികളിൽ കേവലം അജ്ഞനാണു്. പോക്രു" എന്നു് കർണ്ണൻ പലപ്രകാരത്തിലും പരിഹസിച്ചു് ഭീമനെ കോപ[illegible]നാക്കി.

"കർണ്ണനാൽ പീഡിപ്പിക്കപ്പെട്ട ഭീമസേനനെ നോക്കുക!" എന്നു കൃഷ്ണൻ അർജ്ജുനനോടു പറഞ്ഞു. കോപാഗ്നികൊണ്ടു കർണ്ണനെ ദഹിപ്പിക്കത്തക്കവണ്ണം അർജ്ജുനനേത്രങ്ങൾ രക്തവർണ്ണങ്ങളായി. ഗാണ്ഡീവം കുലച്ചു കർണ്ണന്റെ നേർക്കു അർജ്ജുനൻ ശരവർഷം ചെയ്തു. കർണ്ണനു ഭീമനെ വിട്ടു മാറേണ്ടതായി വന്നു. കുന്തിയ്ക്കു നല്കിയ പ്രതിജ്ഞയെ ഓർത്തു കർണ്ണൻ സന്തോഷപൂർവ്വം പിൻവാങ്ങി.

---

## 89. സൗമദത്തവധം

"അതാ! നിന്റെ ശിഷ്യനും, ബന്ധുവും, സത്യപരാക്രമനും ആയ സാത്യകി ശത്രുസൈന്യത്തെ പരാജയപ്പെടുത്തിക്കൊണ്ടു പരാക്രമത്തോടുകൂടി വരുന്നതു നോക്കൂ!"

സാരഥിയായ ശ്രീകൃഷ്ണൻ ഇപ്രകാരം ധനഞ്ജയനോടു പറഞ്ഞു.

അർജ്ജുനൻ മറുപടി പറഞ്ഞു—"ഹേ മാധവ! ധർമ്മപുത്രനെ തനിയെ വിട്ടിട്ടു ഇവിടേയ്ക്കു പോന്നതു എനിക്കു ഇഷ്ടമാകുന്നില്ല. ദ്രോണർ തരംനോക്കിക്കൊണ്ടിരിക്കയാണു. ധർമ്മപുത്രരെ രക്ഷിയ്ക്കാൻ ചുമതലപ്പെട്ട ഈ സാത്യകി ഇവിടെ ഇങ്ങനെ വരാമോ? ജയദ്രഥനെ വധിച്ചിട്ടില്ല. അതാ നോക്കുക! ഭൂരിശ്രവസ്സു സാത്യകിയെ എതിർക്കുന്നു. ഈ സന്ദർഭത്തിൽ സാത്യകിയെ യുധിഷ്ഠിരൻ ഇങ്ങോട്ടു പോരുന്നതിന്നനുവദിച്ചതു വലിയ പ്രമാദം തന്നെയാണു.

* * *

ശ്രീകൃഷ്ണനെ സന്താനമായി ലഭിക്കുന്നതിനുള്ള ഭാഗ്യവിശേഷത്തോടുകൂടി അവതരിച്ച മഹതിയാണ് ദേവകി. ദേവകിയുടെ സ്വയംവരാവസരത്തിൽ സോമദത്തനും ശിനിയും തമ്മിൽ വലുതായ യുദ്ധം ഉണ്ടായി. വസുദേവനവേണ്ടി ശിനി സോമദത്തനെ ജയിച്ച് ദേവകിയെ തൻെറ തേരിൽ കയററിക്കൊണ്ടു പോയി. അന്നുമുതൽക്ക് ആ രണ്ടു വംശക്കാക്കും പരസ്പരം ഭയങ്കരമായ വിരോധം ഉണ്ടായിരുന്നു. ശിനിയുടെ പൗത്രനാണ് സാത്യകി. ഭൂരിശ്രവസ്സ് സോമദത്തൻെറ പുത്രനമാണ്. സാത്യകിയെ കണ്ട ഉടനെ പാരമ്പര്യമായി ലഭിച്ച ശത്രുതകൊണ്ട് അദ്ദേഹത്തെ ഭൂരിശ്രവസ്സ് വെല്ലുവിളിച്ചു.

"ശൂരനെന്ന് എപ്പോഴും വൃഥാ അഭിമാനിക്കുന്ന സാത്യകി! ഇതാ നിങ്ങളെ ഞാൻ നശിപ്പിക്കാൻ പോകുന്നു. വളരെ നാളായി ഞാൻ ആഗ്രഹിച്ച യുദ്ധം ഇപ്പോഠം എനിക്കു ലഭിച്ചിരിക്കുന്നു. ദശരഥകുമാരനായ ലക്ഷ്മണൻ ഇന്ദ്രജിത്തിനെ വധിച്ചതുപോലെ ഞാൻ നിങ്ങളെ വധിച്ച് യമലോകത്തിലേയ്ക്ക് അയയ്ക്കും. നിങ്ങഠം വധിച്ചിട്ടുള്ള വീരന്മാരുടെ വിധവകളെ ഇന്ന് ഞാൻ നിങ്ങളെ കൊന്നിട്ട് സന്തോഷിപ്പിക്കും."

ഇങ്ങനെ പറഞ്ഞിട്ട് ഭൂരിശ്രവസ്സ് സാത്യകിയെ യുദ്ധത്തിനായി ക്ഷണിച്ചു.

സാത്യകി കോപാകുലനായി ഇപ്രകാരം പറഞ്ഞു. "അത്ഥശൂന്യങ്ങളായ വാക്കുകഠം എടുത്തുപറയുന്നതുകൊണ്ട് എന്തു പ്രയോജനം? യുദ്ധത്തിൽ ഭയമില്ലാത്ത എന്നോട് ഇപ്രകാരം പറയു[illegible]ന്തിനായിട്ടാണ്?

ഇത്തരം വികത്ഥനങ്ങളെയെല്ലാം ഉപേക്ഷിച്ചിട്ട് പ്രവൃത്തികൊണ്ടു് നിങ്ങളുടെ ശൌര്യത്തെ കാണിക്കുക. ശരൽകാലത്തിലെ മേഘങ്ങൾ വൃഥാ ഇടിമുഴക്കമുണ്ടാക്കുന്നതുപോലെയുള്ള ഇത്തരം വ്യർത്ഥഗർജ്ജനങ്ങൾ നിർത്തുക."

യുദ്ധം ആരംഭിച്ചു. ഇരുകൂട്ടരും സിംഹങ്ങളെപ്പോലെ യുദ്ധംചെയ്തു.

കുതിരകൾ കൊല്ലപ്പെട്ടു. വില്ലുകൾ ഛേദിക്കപ്പെട്ടു. രഥവിഹീനരായി രണ്ടുപേരും ഭൂമിയിൽ നിന്നുകൊണ്ടു് വാളും പരിചയും എടുത്തു് യുദ്ധംചെയ്തു. രണ്ടുപേരും അത്ഭുതകരമായി യുദ്ധം നടത്തി. കുറേനേരം അങ്ങനെ ഖഡ്ഗയുദ്ധം നടത്തിയപ്പോൾ അവരുടെ പരിചകൾ ഭഗ്നങ്ങളായി. അനന്തരം അവർ രണ്ടുപേരും മുഷ്ടിയുദ്ധമാരംഭിച്ചു.

അവർ രണ്ടുപേരും പരസ്പരം ദൃഢമായി പിടിച്ചും, കറക്കി ഭൂമിയിൽ വീഴ്ത്തിയും, വീണ്ടും എഴുന്നേററും, പരസ്പരം തള്ളിയിട്ടും, ഇങ്ങനെ വിവിധരീതിയിൽ വളരെനേരം യുദ്ധംനടത്തി. പാർത്ഥൻ ആ സമയം സിന്ധുരാജനോടു് യുദ്ധംചെയ്തുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിൻെറ മനസ്സു മുഴുവനും ശത്രുവധത്തിൽ വ്യാപരിച്ചിരുന്നു.

ശ്രീകൃഷ്ണൻ പറഞ്ഞു—"ഹേ! ധനഞ്ജയ! സാത്യകി ക്ഷീണിച്ചിരിക്കുന്നതു നോക്കുക. സാത്യകിയെ ഈ ഭൂരിശ്രവസ്സ് കൊല്ലാൻ പോകുന്നു." എന്നാൽ ധനഞ്ജയൻ ജയദ്രഥനെത്തന്നെ ലക്ഷ്യമാക്കിക്കൊണ്ടു് യുദ്ധംചെയ്തു

ശ്രീകൃഷ്ണൻ:—കൗരവസേനയുമായി യുദ്ധംചെയ്തു ക്ഷീണിച്ചിരിക്കുന്ന [illegible]കിയെ ഭൂരിശ്രവസ്സ് യുദ്ധത്തി

ലേക്ക് ആഘാതം ചെയ്തു. ഇതു് സമമായ യുദ്ധമല്ല. ഇദ്ദേഹത്തെ ഉടൻതന്നെ രക്ഷിക്കണം. അല്ലെങ്കിൽ നമ്മുടെ പ്രിയസുഹൃത്തായ യുയുധാനൻ ഭൂരിശ്രവസ്സിന്റെ ആയുധത്തിനു് ഇരയാകും.

ഇങ്ങനെ ശ്രീകൃഷ്ണൻ പറഞ്ഞവസാനിപ്പിക്കുന്നതിനു മുമ്പു തന്നെ ഭൂരിശ്രവസ്സ് സാത്യകിയെ എടുത്തു് താഴെ അടിച്ചു. "യുയുധാനൻ മരിച്ചു" എന്നു് കൗരവ സൈന്യങ്ങൾ ഉച്ചൈസ്സ്വരം ഉൽഘോഷിക്കാൻതുടങ്ങി.

"വൃഷ്ണികുലശ്രേഷ്ഠനും വീരനുമായ സാത്യകി ഭൂമിയിൽകിടക്കുന്നതു നോക്കുക! നിന്നെ സഹായിക്കാൻവന്ന ആൾ നിന്റെ മുമ്പിൽവച്ചുതന്നെ ഹനിക്കപ്പെടുന്നു. നീ നോക്കിക്കൊണ്ടിരിക്കുമ്പോൾതന്നെ നിന്റെ സ്നേഹിതനു പ്രാണനാശം സംഭവിക്കാൻപോകുന്നു" എന്നു് ശ്രീകൃഷ്ണൻ വീണ്ടും അർജ്ജുനനോടു പറഞ്ഞു. ഒരു സിംഹം ആനയെ വലിച്ചുകൊണ്ടുപോകുന്നതുപോലെ യുദ്ധക്കളത്തിൽ വീണുകിടന്ന സാത്യകിയെ ഭൂരിശ്രവസ്സ് പിടിച്ചുവലിച്ചു.

അർജ്ജുനൻ ധർമ്മസങ്കടത്തിൽ അകപ്പെട്ടു വിഷമിച്ചു.

"ഭൂരിശ്രവസ്സിനെ ഞാൻ എതൃത്തില്ല. മറെറാരാളെ എതിർത്തു യുദ്ധംചെയ്തുകൊണ്ടിരിക്കുന്നു. ഭൂരിശ്രവസ്സിന്റെനേർക്കു് അമ്പയച്ചു് അയാളെ കൊല്ലാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല. ഞാൻനിമിത്തമായി സാത്യകിക്കു പ്രാണഹാനിവരുന്നതു നോക്കിക്കൊണ്ടു് വെറുതേ ഇരിക്കാനും എന്നെക്കൊണ്ടു സാധിക്കയില്ല."

ഇങ്ങനെ അജ്ജുനൻ ശ്രീകൃഷ്ണനോടു പറഞ്ഞവ സാനിപ്പിച്ചപ്പോൾ സൈന്ധവൻ പ്രയോഗിച്ച ഒരു അസ്ത്രം അദ്ദേഹത്തിൻെറനേക്ക് പാഞ്ഞുവന്നു. ഉടൻ തന്നെ അജ്ജുനൻ ജയദ്രഥൻെറ നേക്ക് ശരവഷം ചെയ്തു. ആ സമയം സാത്യകിയുടെ സങ്കടാവസ്ഥയെ വീണ്ടും വീണ്ടും തിരിഞ്ഞുനോക്കി അജ്ജുനൻ വിഷമിക്കയായിരുന്നു.

"ഹേ, പാത്ഥ! അനേകം വീരന്മാരോടുകൂടി യുദ്ധം ചെയ്തു സാത്യകി അത്യന്തം ക്ഷീണിച്ച് ആയുധവിഹീനനായി ഭൂരിശ്രവസ്സിൻെറ കൈയിൽ അകപ്പെട്ടിരിക്കയാണ്" എന്ന് ശ്രീകൃഷ്ണൻ ഒന്നുകൂടി പറഞ്ഞു.

അജ്ജുനൻ തിരിഞ്ഞു നോക്കിയപ്പോൾ ഭൂരിശ്രവസ്സ് താഴെ വീണുകിടന്ന സാത്യകിയെ കാൽകൊണ്ടു തൊഴിച്ച് വാൾ പിടിച്ചിരുന്ന കൈ ഉയത്തുകയായിരുന്നു. അതു കണ്ടയുടനെ പാത്ഥൻ ഒരു അമ്പ് എയ്തു. അത് ഭൂരിശ്രവസ്സിൻെറ ഹസ്തത്തിൻെറ നേക്ക് പാഞ്ഞു. ഉയത്തിയിരുന്ന വലത്തുകൈ മുറിഞ്ഞ് പിടിച്ചിരുന്ന വാളോടുകൂടി താഴെ വീണു.

ഛിന്നഹസ്തനായ ഭൂരിശ്രവസ്സ് തിരിഞ്ഞുനോക്കി ഇങ്ങനെ പറഞ്ഞു. "കൗന്തേയ! വീരന് യോഗ്യമല്ലാത്ത പ്രവൃത്തി നിങ്ങൾ ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിച്ചിട്ടില്ലായിരുന്നു. നിങ്ങളെ നോക്കാതെ മറെറാരാളമായി യുദ്ധം ചെയ്തുകൊണ്ടിരുന്ന എൻെറ കൈ നിങ്ങൾ ഒളിഞ്ഞുനിന്ന് ഛേദിച്ചു. ഹാ, കഷ്ടം! ആരുമായി സഹവാസം ചെയ്യുന്നുവോ അയാളുടെ ഗുണം ഒരു മനു

ഷ്യനിൽ വേഗത്തിൽ പകരുന്ന എന്ന സത്യം നിങ്ങളുടെ പ്രവൃത്തി പ്രഖ്യാപിക്കുന്നു. ധനഞ്ജയ, നിങ്ങളുടെ ജ്യേഷ്ഠനായ ധമ്മപുത്രൻെറ അട്ടക്കൽ ചെന്നു്, ഭൂരിശ്രവസ്സ് എന്തു ചെയ്തുകൊണ്ടിരിക്കുമ്പോഴാണു് അയാളുടെ ഹസ്തത്തെ നിങ്ങൾ ഛേദിച്ചതെന്നു പറയുവാൻ പോകുന്നതു്? കഷ്ടം! അയോഗ്യമായ ഈ യുദ്ധരീതി നിങ്ങൾക്കു് ആരാണു് ഉപദേശിച്ചതു്? അച്ഛനായ ഇന്ദ്രനോ, ആചാര്യന്മാരായ ദ്രോണരോ, കൃപരോ ആരാണു്? നിങ്ങളോടുകൂടി യുദ്ധംചെയ്യാത്തവനും നിങ്ങളെ തിരിഞ്ഞുനോക്കുകപോലും ചെയ്യാത്തവനുമായ ഒരാളെ ഏതു ധമ്മരീതി അനുസരിച്ചാണു് നിങ്ങൾ എതിർത്തതു്? നീചന്മാർ അനുഷ്ഠിക്കുന്ന സമ്പ്രദായമാണല്ലൊ നിങ്ങൾ കൈക്കൊണ്ടതു്? നിങ്ങൾ സ്വയമേവ ഈ അധമ്മം പ്രവത്തിച്ചിരിക്കയില്ലായിരുന്നു. വാസുദേവൻെറ പ്രേരണകൊണ്ടുതന്നെയായിരിക്കണം നിങ്ങൾ ഇങ്ങനെ ചെയ്തതു്. ഇതു് നിങ്ങളുടെ സ്വഭാവത്തിനു ചേന്നതല്ല. മറെറാരു കായ്യത്തിൽ ഏപ്പെട്ടു് അനന്യശ്രദ്ധയോടുകൂടി വ്യാപൃതനായിരുന്ന ഒരുവനെ ക്ഷത്രിയകുലത്തിൽ ജനിച്ച ആരും തന്നെ ആക്രമിക്കയില്ല. നീചനായ കൃഷ്ണൻെറ ഉപദേശം കേട്ടുതന്നെയാണു് നിങ്ങൾ ഈ അധമ്മം പ്രവത്തിച്ചതു്."

വലതുകൈ നഷ്ടമായിപ്പോയ ഭൂരിശ്രവസ്സ് യുദ്ധക്കളത്തിൽവച്ചു കൃഷ്ണാജ്ജുനന്മാരെ ഇപ്രകാരം നിന്ദിച്ചു.

പാത്ഥൻ മറുപടി പറഞ്ഞു. "ഭൂരിശ്രവസ്സേ! വാർദ്ധക്യംകൊണ്ടു നിങ്ങൾക്കു ബുദ്ധിഭ്രംശം സംഭവിച്ചതുപോലെ തോന്നുന്നു. യുദ്ധമുറകൾ നല്ലപോലെ അറി

യുന്ന നിങ്ങൾ എന്തുകൊണ്ടാണു് എന്നേയും ഋഷീകേശനേയും വൃഥാ നിന്ദിക്കുന്നതു്. എനിക്കുവേണ്ടി പ്രാണനെ ഉപേക്ഷിക്കാൻ സന്നദ്ധനായി വന്നു് യുദ്ധം ചെയ്യുന്ന സഖാവു്, എന്റെ വലതുകയ്യായ യുയുധാനൻ നിശ്ചേഷ്ടനായി നിലംപതിച്ചു കിടക്കുമ്പോൾ നിങ്ങൾ വധിക്കുന്നതു് എനിക്കു വെറുതെ കണ്ടുകൊണ്ടിരിക്കുവാൻ എങ്ങനെ സാധിക്കും? അപ്രകാരം ചെയ്യാതെ ഞാൻ ഇരുന്നാൽ എനിക്കു് നരകമേ ഗതിയുള്ളു. മാധവനോടുകൂടിച്ചേർന്നു് ഞാൻ അധഃപതിച്ചുപോയി അല്ലേ? അങ്ങനെ അധഃപതിക്കാൻ ആരാണു് ആഗ്രഹിക്കാത്തതു്? ബുദ്ധിഭ്രമംകൊണ്ടാണു നിങ്ങൾ ഇങ്ങനെ സംസാരിക്കുന്നതു്. അനേകം മഹാരഥന്മാരുമായി യുദ്ധംചെയ്തു ക്ഷീണിച്ചു് ആയുധവിഹീനനായ സാത്യകിയെ നിങ്ങൾ പോരിനു വിളിച്ചു് ജയം നേടി. അങ്ങനെ പരാജിതനായി താഴെ വീണു കിടക്കുന്നവനെ നിങ്ങൾ ഏതു ധർമ്മമനുസരിച്ചാണു് വധിക്കാൻ ഭാവിച്ചതു്? ആയുധവിഹീനനും ഭഗ്നകവചനുമായി ക്ഷീണിച്ചു വിഷമിച്ചു നിന്ന ബാലനായ അഭിമന്യുവിന്റെ വധത്തെ നിങ്ങൾ എങ്ങനെയാണു കൊണ്ടാടിയതു്."

ഇപ്രകാരം അർജ്ജുനൻ മറുപടി പറഞ്ഞതു കേട്ടപ്പോൾ ഭൂരിശ്രവസ്സു് സാത്യകിയെ വിട്ടിട്ടു് യുദ്ധക്കളത്തിൽ വച്ചു് ഇടത്തെ കയ്യിലുള്ള അമ്പുകളെ താഴെയിട്ടു് യോഗാസനാരൂഢനായി ബ്രഹ്മത്തെ ധ്യാനിച്ചു് പ്രായോപവേശനില അവലംബിച്ചു. കൗരവസൈന്യം മുഴുവനും ഭൂരിശ്രവസ്സിനെ സ്തുതിച്ചു വാഴ്ത്തുകയും കൃഷ്ണാർജ്ജുനന്മാരെ നിന്ദിക്കയും ചെയ്തു.

"വീരന്മാരെ! എൻെറ ബാണങ്ങൾ എത്തുന്നിട ത്തോളം ദൂരത്തിൽ എൻെറ പക്ഷത്തിലുള്ള ഒരു വീരനെ ശത്രുക്കൾക്ക് ഇരയാക്കാൻ ഞാൻ അനുവദിയ്ക്കയില്ല എന്നതു് എൻെറ വ്രതമാണ്. എന്തിനാണ് നിങ്ങൾ എന്നെ നിന്ദിക്കുന്നതു്? ധർമ്മത്തെ സൂക്ഷ്മമായി അറി യാതെ എന്നെ നിന്ദിക്കുന്നതു ശരിയല്ല. സാത്യകിയെ രക്ഷിക്കേണ്ടതു് എൻെറ ധർമ്മമാണ്" എന്നു് അർജ്ജു നൻ പറഞ്ഞു. അനന്തരം ഭൂരിശ്രവസ്സിനെ നോക്കി അദ്ദേഹം ഇങ്ങനെ തുടർന്നു. "സമീപിക്കുന്നവർക്ക് അഭയം നല്കുന്ന പുരുഷശ്രേഷ്ഠനായ വീര! നിങ്ങളുടെ ദുഷ്കൃത്യം കൊണ്ടുതന്നെയാണ് നിങ്ങൾ ഈ സ്ഥിതി പ്രാപിച്ചിരിക്കുന്നതു്. എന്നെ നിന്ദിക്കുന്നതുകൊണ്ടു് യാതൊരു ഫലവുമില്ല. ഇതിനെല്ലാം കാരണമായ ക്ഷത്രിയധർമ്മത്തെത്തന്നെയാണ് നമ്മളെല്ലാം പഴി ക്കേണ്ടതു്."

അർജ്ജുനൻെറ വാക്കുകൾ കേട്ടപ്പോൾ ഭൂരിശ്രവസ്സ് യാതൊരു മറുപടിയും പറയാതെ മൗനമായി വണങ്ങി തലകുനിച്ചു് ഭൂമിയെ സ്പർശിച്ചു.

സാത്യകി അല്പനേരം വിശ്രമിച്ചതിനു ശേഷം എഴു ന്നേററു് കോപാധീനനായി വാളെടുത്തു് യോഗനിലയിൽ ഇരുന്ന ഭൂരിശ്രവസ്സിനെ വെട്ടി. സൈന്യമെല്ലാം "കഷ്ടം, കഷ്ടം," എന്നു് നിലവിളിച്ചു. കൃഷ്ണാർജ്ജുനന്മാർ 'അരുതു്, അരുതു്' എന്നു് തടുത്തു പറഞ്ഞു. എന്നാൽ സാത്യകി വാൾകൊണ്ടു് ഭൂരിശ്രവസ്സിന്റെ ശിരസ്സച്ഛേദിച്ചു.

സിദ്ധന്മാരും, ദേവന്മാരും ഭൂരിശ്രവസ്സിനെ വാഴ്ത്തി. സൈന്യത്തിൽ ഉൾപ്പെട്ട സകലരും സാത്യകിയുടെ

പ്രവൃത്തിയെ പഴിച്ചു് വെറുപ്പും ദുഃഖവും പ്രകാശിപ്പിച്ചു. "യുദ്ധക്കളത്തിൽ ജീവനോടുകൂടി താഴെ വീണു കിടന്ന എന്നെ കാലുകൊണ്ടു് തൊഴിച്ചുകൊല്ലാൻ ശ്രമിച്ച കുലശത്രുവായ ഭൂരിശ്രവസ്സ് ഏതു വ്രതത്തിലിരുന്നാലും വധ്യൻ തന്നെ" എന്നു് സാത്യകി പറഞ്ഞു. എങ്കിലും ഭൂരിശ്രവസ്സിൻെറ വധം ന്യായമാണെന്നു് യുദ്ധക്കളത്തിലുള്ള ആരും സമ്മതിച്ചില്ല. മഹാഭാരതത്തിൽ ധർമ്മസങ്കടങ്ങളെപ്പററി വർണ്ണിച്ചിരിക്കുന്ന കഥകളിൽ ഭൂരിശ്രവസ്സിൻെറ വധവും ഉൾപ്പെടുന്നു. ദ്വേഷവും കോപവും വളർന്നു പോയാൽ മര്യാദയും സദാചാരവും ധർമ്മവും എവിടെ?

---

## 90. ജയദ്രഥവധം

"കർണ്ണ! രണ്ടിലൊന്നു് തീർച്ചയാക്കുവാനുള്ള സമയം ഇപ്പോൾ വന്നിരിക്കുന്നു. സൂര്യൻ അസ്തമിക്കുന്നതിനു മുമ്പു് ജയദ്രഥനെ വധിക്കും"—എന്നു ചെയ്ത പ്രതിജ്ഞ പരിപാലിക്കാൻ സാധിച്ചില്ലെങ്കിൽ അർജ്ജുനൻ ലജ്ജകൊണ്ടു് പ്രാണത്യാഗം ചെയ്യും. അർജ്ജുനൻ മരിച്ചാൽ പാണ്ഡവന്മാർ മുഴുവനും നശിക്കുമെന്നതു് നിശ്ചയമാണു്. അപ്പോൾ ഈ ഭൂമണ്ഡലം മുഴുവനും ശത്രുബാധയൊഴിഞ്ഞു് നമ്മുടെ അധീനത്തിലാകും. ബുദ്ധിമാന്ദ്യംകൊണ്ടു് അർജ്ജുനൻ വ്യർത്ഥമായ ഈ പ്രതിജ്ഞ ചെയ്തതു് ആത്മനാശത്തിനുതന്നെയാണു്. ഏതായാലും ഇതു് നമ്മുടെ നല്ലകാലമാണെന്നു തന്നെ

ഞാൻ വിശ്വസിക്കുന്നു. ഈ അവസരം പാഴാക്കരുതു്. എങ്ങിനെയെങ്കിലും അവൻെറ ശപഥം സാധിക്കാതെ ആക്കണം. നിങ്ങൾ ഇന്നു കാണിക്കണം നിങ്ങളുടെ സാമൎത്ഥ്യം. അതാ, സൂൎയ്യൻ അസ്തമിക്കാറായി. ബാക്കിയുള്ള സമയത്തിനുള്ളിൽ അൎജ്ജുനന്നു് ജയദ്രഥനെ സമീപിക്കാൻ സാധിക്കയില്ല. ഞാനും അശ്വത്ഥാമാവും ശല്യനും കൃപനും നിങ്ങളുംകൂടി അസ്തമയസമയം കഴിയുന്നതുവരെ ജയദ്രഥനെ എങ്ങനെയെങ്കിലും രക്ഷിച്ചു് ധനഞ്ജയപ്രതിജ്ഞയെ വ്യൎത്ഥമാക്കിത്തീൎക്കണം”–എന്നു് ദുൎയ്യോധനൻ കൎണ്ണനോടു കല്പിച്ചു.

കൎണ്ണൻ മറുപടി പറഞ്ഞു—“ഭീമൻ അതിഭയങ്കരമായി പ്രഹരിച്ചതിനാൽ എൻെറ ശരീരം മുഴുവനും മുറിവുകൾകൊണ്ടു് നിറഞ്ഞിരിക്കുന്നു. എൻെറ ദേഹത്തിൻെറ ലാഘവവും വൈദഗ്ദ്ധ്യവും വളരെ കുറഞ്ഞുപോയിരിക്കുന്നു. എങ്കിലും എന്നാൽ കഴിയുന്നിടത്തോളം കാൎയ്യം നിറവേററാം. ഞാൻ ജീവിച്ചിരിക്കുന്നതുതന്നെ അങ്ങെയ്ക്കു വേണ്ടിയാണു്.”

ഇങ്ങനെ യുദ്ധക്കളത്തിൽ ദുൎയ്യോധനനും കൎണ്ണനും സംഭാഷണംചെയ്തുകൊണ്ടിരുന്നപ്പോൾ അൎജ്ജുനൻ കൗരവസൈന്യത്തെ ശക്തിയായി എതൃക്കയായിരുന്നു. എങ്ങനെയെങ്കിലും കൗരവസൈന്യത്തെ ഭേദിച്ചു് അസ്തമയത്തിനു മുമ്പു് ജയദ്രഥൻെറ അടുക്കൽ ചെല്ലണമെന്നു് ദൃഢനിശ്ചയം ചെയ്തുകൊണ്ടു് അൎജ്ജുനൻ ഘോരമായി യുദ്ധം ചെയ്യുകയായിരുന്നു.

* * * * *

ശ്രീകൃഷ്ണൻ പാഞ്ചജന്യം മുഴക്കി. ഋഷഭരാഗത്തിലുള്ള ആ ഗംഭീരനാദം കേട്ട ഉടനേതന്നെ മുൻനിശ്ചയമനുസരിച്ച് ശ്രീകൃഷ്ണൻെറ സാരഥിയായ ദാരുകൻ നേരത്തേതന്നെ സജ്ജമാക്കി നിറുത്തിയിരുന്ന രഥത്തെ വിദ്യുദ്‌വേഗത്തിൽ ഓടിച്ചുകൊണ്ടു് അവിടെ വന്നു ചേൎന്നു. അതിൽ സാത്യകി കയറിയിട്ടു് അത്യന്തം സാമൎത്ഥ്യത്തോടുകൂടി കൎണ്ണനുമായി യുദ്ധം ചെയ്തു.

ദാരുകൻെറ സാരഥ്യവും സാത്യകിയുടെ യുദ്ധസാമൎത്ഥ്യവും കൂടിച്ചേൎന്നു് ദേവന്മാരെപ്പോലും വിസ്മയിപ്പിക്കത്തക്ക യുദ്ധം നടന്നു. കൎണ്ണൻെറ നാലു കുതിരകളും നിലം പതിച്ചു. സാരഥിയും രഥത്തിൽനിന്നും വീഴ്ത്തപ്പെട്ടു. പിന്നീടു് കൎണ്ണൻെറ ധ്വജവും തേരും ഭഞ്ജിക്കപ്പെട്ടു. കൎണ്ണൻ രഥവിഹീനനായിത്തീൎന്നു. കൗരവസൈന്യങ്ങൾ "കഷ്ടം കഷ്ടം" എന്നു് നിലവിളിക്കാൻ തുടങ്ങി. തേരു നഷ്ടപ്പെട്ട കൎണ്ണൻ ദുൎയ്യോധനൻെറ രഥത്തിൽ കയറി.

ഇതിനെപ്പററി ധൃതരാഷ്ട്രരോടു വൎണ്ണിച്ചു കേൾപ്പിച്ച അവസരത്തിൽ സഞ്ജയൻ—"ലോകത്തിൽ കൃഷ്ണനും പാൎത്ഥനും സാത്യകിയും അത്യുൽകൃഷ്ടന്മാരായ വില്ലാളികളാണു്. ഇവൎക്കു തുല്യനായി നാലാമതു് ഒരു വില്ലാളിയില്ല" എന്നു പറഞ്ഞു.

* * * *

അൎജ്ജുനൻ കൗരവസൈന്യത്തിൽ ഭൂരിഭാഗത്തേയും തോല്പിച്ചിട്ടു് ജയദ്രഥൻെറ സമീപത്തിൽ ചെന്നു ചേൎന്നു. അഭിമന്യുവിന്റെ വധത്തെയും, തങ്ങൾ അനുഭവിച്ച പല കഷ്ടതകളെയും, ഓൎത്തു് അഗ്നിയെപ്പോലെ കോപോജ്ജ്വലനായിത്തീൎന്ന അൎജ്ജുനൻ ഗാണ്ഡീവമെടുത്തു് ഒരു

കൈകരംകൊണ്ടും അസ്ത്രങ്ങരം പ്രയോഗിച്ചു തുടങ്ങി. ഇരുകരങ്ങളാലും അസ്ത്രപ്രയോഗം ചെയ്യാൻ സാമത്ഥ്യമുണ്ടായിരുന്നതിനാൽ 'സവ്യസാചി' എന്ന സുവിഖ്യാതമായ നാമധേയം അജ്ജുനന്ന് ലഭിച്ചിരുന്നു. ഭയവിഹ്വലരായിത്തീന്ന കൗരവവീരന്മാക്ക് അർജ്ജുനൻ അന്തകനെപ്പോലെ ഭയങ്കരനായി കാണപ്പെട്ടു.

സൈന്ധവനെ രക്ഷിക്കാനായി അദ്ദേഹത്തെ ചുററി നിന്നിരുന്ന അശ്വത്ഥാമാവ് മുതലായ മഹാരഥന്മാരും അജ്ജുനനും തമ്മിൽ അപ്പോരം നടന്ന മഹായുദ്ധം വ്യാസനെക്കൊണ്ടല്ലാതെ മററാരാലും വർണ്ണിക്കാൻ സാദ്ധ്യമല്ല.

മദ്ധ്യത്തിൽ നിന്നു തടുത്തുകൊണ്ടിരുന്ന മഹാരഥന്മാരെയെല്ലാം തോല്പിച്ചിട്ട് അർജ്ജുനൻ ജയദ്രഥനെ ആക്രമിച്ചു.

* * * * *

യുദ്ധം വളരെ നേരം നടന്നുകൊണ്ടിരുന്നു. ഇരുകൂട്ടരും സൂയ്യനെ കൂടെക്കൂടെ നോക്കിക്കൊണ്ടുമിരുന്നു. സൈന്ധവൻ മഹാശൂരനായിരുന്നതിനാൽ അജ്ജുനന്ന് അനായാസമായി അത്രവേഗം പരാജയപ്പെടുത്താവുന്ന ആളല്ലായിരുന്നു. അസ്തമയം വളരെയടുത്തു. സൂയ്യൻ അരുണവർണ്ണമായി. അപ്പോഴും യുദ്ധം അവസാനിച്ചില്ല.

"ഇനിയും അല്പം ചില നിമിഷങ്ങരം മാത്രമേ ബാക്കിയുള്ളു. ജയദ്രഥൻ രക്ഷപ്പെട്ടു, അർജ്ജുനന്റെ പ്രതിജ്ഞ നിഷ്ഫലമായി". എന്നിങ്ങനെ ചിന്തിച്ചുകൊണ്ട് [illegible]യ്യോധനൻ ആനന്ദ[illegible] മുഴുകിത്തുടങ്ങി. ആ സമയ[illegible]ട്ടെന്ന് ലോ[illegible]ാവൃതമായി.

പാണ്ഡവന്മാരുടെ സൈന്യത്തിൽ പലരും ഇങ്ങനെ പറഞ്ഞുതുടങ്ങി. "പകൽ അവസാനിച്ചു കഴിഞ്ഞു. ജയദ്രഥനെ വധിക്കുവാൻ ഇതുവരെ സാധിച്ചില്ല. അൎജ്ജുനന്റെ പ്രതിജ്ഞ വിഫലമായിത്തീൎന്നു." കൗരവസൈന്യത്തിൽ വലുതായ സന്തോഷാരവങ്ങൾ മുഴങ്ങി.

ജയദ്രഥൻ സൂൎയ്യന്റെ അസ്തമനനിലയെ നോക്കിയിട്ടു് ഞാൻ രക്ഷപ്പെട്ടു എന്നു് സങ്കല്പിച്ചു.

ശ്രീകൃഷ്ണൻ ഇങ്ങനെ പറഞ്ഞു.—"ഹേ ധനഞ്ജയ! സിന്ധുരാജാവു് സൂൎയ്യമണ്ഡലത്തെ നോക്കിക്കൊണ്ടിരിക്കുന്നു. ഈ അന്ധകാരം ഞാൻ സൃഷ്ടിച്ചതാണു്. സൂൎയ്യൻ ഇപ്പോഴും അസ്തമിച്ചിട്ടില്ല. നിന്റെ പ്രതിജ്ഞയെ സഫലമാക്കുക. ഇതു തന്നെയാണു് നല്ല സമയം."

ഉടൻ തന്നെ ഗാണ്ഡീവത്തിൽ നിന്നും ഒരസ്ത്രം പ്രക്ഷേപിക്കപ്പെട്ടു. പരുന്തു് കോഴിക്കുഞ്ഞിനെ തൂക്കി എടുത്തു കൊണ്ടു പോകുന്നതുപോലെ ആ അസ്ത്രം ജയദ്രഥന്റെ തലയുംകൊണ്ടു് പോയി.

അപ്പോൾ ശ്രീകൃഷ്ണൻ ഇങ്ങനെ പറഞ്ഞു—"ജയദ്രഥന്റെ തല താഴെ വീഴരുതു്, അതിനെ അന്തരീക്ഷത്തിൽ അമ്പുകൾ കൊണ്ടു് ഉയൎത്തിയിട്ടു് അദ്ദേഹത്തിന്റെ അച്ഛനായ വൃദ്ധക്ഷത്രന്റെ മടിയിൽ തന്നെ സമൎപ്പിക്കണം." അൎജ്ജുനൻ അതനുസരിച്ചു് വീണ്ടും അസ്ത്രം പ്രയോഗിച്ചു് ജയദ്രഥന്റെ ശിരസ്സിനെ ആകാശത്തിലേക്കു് ഉയൎത്തി. അതു് അത്ഭുതകരമായ ഒരു കാഴ്ച തന്നെയായിരുന്നു.

വൃദ്ധക്ഷത്ര[illegible]ചു് തന്റെ ആശ്രമത്തിൽ സന്ധ്യാവന്ദനാനന്തര[illegible]ചസ്സുകൊണ്ടു[illegible]യായിരുന്നു.

കറുത്ത തലമുടിയും കാതിൽ സ്വർണ്ണകുണ്ഡലവും ഉള്ള ജയദ്രഥശിരസ്സ് ധ്യാനനിമഗ്നനായിരുന്ന ആ പിതാവിൻെറ മടിയിൽ ചെന്നു വീണു. ജപം അവസാനിപ്പിച്ച് അദ്ദേഹം ധ്യാനത്തിൽനിന്നും വിരമിച്ച് കണ്ണുതുറന്ന് എഴുനേററപ്പോൾ ആ തല ഉരുണ്ടു് ഭൂമിയിൽ വീണു. ഉടൻതന്നെ വൃദ്ധക്ഷത്രൻെറ ശിരസ്സ് നൂറുകഷണമായി പിളൎന്നുപോയി. ജയദ്രഥനും അദ്ദേഹത്തിന്റെ പിതാവായ സിന്ധുരാജനും ഒരേ സമയംതന്നെ വീരസ്വൎഗ്ഗം പ്രാപിച്ചു.

*   *   *   *

കേശവനും ധനഞ്ജയനും ഭീമനും സാത്യകിയും യുധാമന്യുവും ഉത്തമൌജസ്സും ശംഖനാദം മുഴക്കികൊണ്ടു് വിജയത്തെ ഉൽഘോഷണം ചെയ്തു. അതുകേട്ട്—"അൎജ്ജുനൻ സൈന്ധവനെ വധിച്ചു"—എന്നു് യുധിഷ്ഠിരൻ മനസ്സിലാക്കി ആനന്ദിച്ചു.

അനന്തരം യുധിഷ്ഠിരൻ പാണ്ഡവസൈന്യങ്ങളെ മുഴുവനും ചേൎത്തുകൊണ്ടു് ദ്രോണരെ ഘോരമായിഎതിൎത്തു. പതിനാലാമത്തെ ദിവസത്തിലെ യുദ്ധം ആ പകൽകൊണ്ടു് അവസാനിച്ചില്ല. രാത്രിയിലും തുടൎന്നുകൊണ്ടിരുന്നു. യുദ്ധത്തിന്റെ ഗതി ക്രൂരമാകുംതോറും, ആദ്യമെല്ലാം പരിപാലിച്ചുവന്ന സീമകൾ ക്രമേണ ഉല്ലംഘിതങ്ങളായി.

# 91. ദ്രോണരുടെ ചരമം

ഭീമസേനന്നു് അസുരപത്നിയിൽ ഘടോൽകചൻ എന്നൊരു പുത്രനുണ്ടായിരുന്നു. ഭാരതകഥ കേട്ടിട്ടുള്ളവർക്കെല്ലാം ഘടോൽകചനെപ്പററി അറിയാവുന്നതാണു്. ഭാരതകഥാപാത്രങ്ങളിൽ വീര്യവും ധൈര്യവും ബലവും ഗുണവും കീർത്തിയും എല്ലാം തികഞ്ഞു് വിളങ്ങുന്ന യുവവീരന്മാർ രണ്ടുപേരാണു്.—ഒന്നു് അർജ്ജുനപുത്രനായ അഭിമന്യുവും, മറേറതു് ഭീമസേനപുത്രനായ ഘടോൽകചനും. ഇവർ രണ്ടുപേരും പാണ്ഡവർക്കുവേണ്ടി അതിഭയങ്കരവും അനന്യസാദ്ധ്യവുമായ യുദ്ധം ചെയ്തു് ശരീരത്തെ പരിത്യജിച്ചു.

രണ്ടുപക്ഷത്തിൽ നിന്നും ഉത്ഭൂതമായ ദ്വേഷാവേഗം നിമിത്തം അന്നു് പകലത്തെ യുദ്ധം കൊണ്ടു് മാത്രം ഇരുകൂട്ടർക്കും തൃപ്തിവന്നില്ല. പതിനാലാമത്തെ ദിവസം സൂര്യൻ അസ്തമിച്ചതിൽ പിന്നെയും യുദ്ധം നടത്തണമെന്നു് നിശ്ചയിച്ചു. ദീപയഷ്ടികൾ കൊളുത്തി. അന്ധകാരത്തിന്റെ ആനുകൂല്യത്തോടുകൂടി ഘടോൽകചനും കൂട്ടുകാരും ദുര്യോധനന്റെ സൈന്യത്തെ രാത്രിയിൽ ഘോരമായി എതൃത്തു. ആ രാത്രിയിൽ നടന്ന യുദ്ധം അത്ഭുതാവഹമായിരുന്നു. അതുവരെ ഭാരതഭൂമിയിൽ ഇങ്ങനെയൊരു സംഭവം നടന്നിട്ടില്ല. അസംഖ്യം ദീപയഷ്ടികളും കൊളുത്തി പല പ്രകാരത്തിലുള്ള ശബ്ദങ്ങളും പുറപ്പെടുവിച്ചുകൊണ്ടു് രണ്ടു പക്ഷത്തിലുമുള്ള വീരന്മാരും യുദ്ധം [illegible]

കർണ്ണനും ഘടോൽകചനും തമ്മിൽ അന്നു രാത്രിയിൽ യുദ്ധം ചെയ്തു. ഘടോൽകചനും ഭൃതഗണങ്ങളും പൊഴിച്ച ശരവർഷത്താൽ സ്വസൈന്യത്തിലെ വീരകേസരികളായ പലരും മരിച്ചുവീണതുകണ്ടു് ദുര്യോധനന്റെ ഹൃദയം തുടിച്ചു.—"കർണ്ണാ! ഇവനെ ഉടനേതന്നെ കൊല്ലണം. അല്ലെങ്കിൽ നമ്മളുടെ സൈന്യം മുഴുവനും നശിച്ചുപോകും. ഇവനെ വേഗം സംഹരിക്കണം"—എന്നു് കൗരവന്മാരെല്ലാം കർണ്ണനോടു് അപേക്ഷിച്ചു.

ആ സമയം കർണ്ണനും ഘടോൽകചന്റനേരെ കോപാക്രാന്തനായിരിക്കയായിരുന്നു. എന്തെന്നാൽ അദ്ദേഹത്തിന്റെ ആക്രമണത്താൽ കർണ്ണനും അത്യന്തം വിഷമിച്ചിരുന്നു. രോഷാകുലനായ കർണ്ണൻ ഇന്ദ്രദത്തമായ ശക്തി ആയുധം പ്രയോഗിച്ചു് ഘടോൽകചനെ വധിക്കുന്നതിന്നു് നിശ്ചയിച്ചു. അർജ്ജുനവധത്തിന്നായി അതുവരെ മന്ത്രപൂർവ്വം ഗൂഢമായി സൂക്ഷിച്ചുവച്ചിരുന്ന ആ ശക്തി ആയുധത്തെ കർണ്ണൻ എടുത്തു് ഘടോൽകചനെ ലക്ഷ്യമാക്കി എറിഞ്ഞു. അതുകൊണ്ടു് അർജ്ജുനൻ രക്ഷപ്പെട്ടു. എന്നാൽ അതിന്നു പകരം ഭീമന്റെ അരുമസന്താനം മരിച്ചു. അന്തരീക്ഷത്തിൽ നിന്നും ഘടോൽകചന്റെ പ്രേതം ഭൂമിയിൽ പതിച്ചു. പാണ്ഡവന്മാർ ദുഃഖത്തിൽ മുഴുകി.

* * * *

അപ്പോഴും യുദ്ധം അവസാനിച്ചില്ല. ദ്രോണരുടെ വില്ലിൽനിന്നും ഇടവിടാതെ അസ്ത്രങ്ങൾ പാഞ്ഞുവന്നു് പാണ്ഡവ[illegible]ന്യത്തിൽ [illegible] അന്തകപുരത്തി

ലേയ്ക്കു കൊണ്ടുപോയി. അവരെല്ലാം ഭയാക്രാന്തരായി. ഇതു കണ്ടിട്ട് ശ്രീകൃഷ്ണൻ അർജ്ജുനനോട് ഇപ്രകാരം പറഞ്ഞു. "ദ്രോണരെ യുദ്ധത്തിൽ തോല്പിക്കാൻ ആരാലും സാദ്ധ്യമല്ല. ഇദ്ദേഹം ആയുധപാണിയായിരിക്കുന്നിടത്തോളം കാലം ഇദ്ദേഹത്തെ യുദ്ധരീതി അനുസരിച്ച് ആക്രമിച്ചു ജയം നേടാൻ സാമർത്ഥ്യമുള്ളവരാരും ഇല്ല. ധർമ്മത്തെ ഉല്ലംഘിച്ച് എന്തെങ്കിലും പ്രവർത്തിച്ചേ മതിയാകൂ. മറെറാരു വഴിയും ഇല്ല. അശ്വത്ഥാമാവ് മരിച്ചു എന്നു കേട്ടാൽ പിന്നെ ദ്രോണർ യുദ്ധം ചെയ്കയില്ല. ദുഃഖപരവശനായി ആയുധം താഴെ വയ്ക്കും. ആരെങ്കിലും ചെന്ന് അശ്വത്ഥാമാവ് മരിച്ചു എന്ന് ദ്രോണരോടു പറയണം."

ഇതു കേട്ടപ്പോൾ അർജ്ജുനൻ ഞെട്ടിപ്പോയി. അധർമ്മം പ്രവർത്തിക്കാൻ അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. അവിടെയുണ്ടായിരുന്ന മററു ചിലരും അസത്യമവലംബിക്കയില്ല എന്നു പറഞ്ഞു. അധർമ്മം പ്രവർത്തിക്കാൻ അവർക്കാർക്കുംതന്നെ മനസ്സില്ലായിരുന്നു.

യുധിഷ്ഠിരൻ വളരെ ആലോചിച്ചതിനുശേഷം ഈ പാപം താൻതന്നെ വഹിച്ചുകൊള്ളാമെന്ന് അദ്ദേഹം ഒടുവിൽ തീരുമാനിച്ചു.

സമുദ്രമഥനകാലത്ത് ദേവന്മാരുടെ രക്ഷയ്ക്കായി ഹാലാഹലവിഷം പാനംചെയ്യാമെന്ന് ശ്രീപരമേശ്വരൻ സമ്മതിച്ചു. തന്നെ വിശ്വസിച്ചിരുന്ന സ്നേഹിതനെ രക്ഷിക്കാൻ മറെറാരുവഴിയും കാണാതെ ശ്രീരാമനും പാപഭാരത്തെ സ്വയം സ്വീകരിച്ചുകൊണ്ടു ബാലിയെ അധാർമ്മികമായ[illegible]ൽ വധിക്ക[illegible]ം തീരുമാ

നിച്ചു. അതുപോലെ യുധിഷ്ഠിരനും തന്റെ നിർമ്മലമായ കീർത്തിയെ പരിത്യജിക്കാമെന്നുതന്നെ നിശ്ചയിച്ചു.

ഭീമസേനൻ ഗദകൊണ്ടു്, അശ്വത്ഥാമാവെന്ന പേരുള്ള ഒരു വലിയ ഗജവീരനെക്കൊന്നു. അനന്തരം അദ്ദേഹം ദ്രോണരുടെ സൈന്യങ്ങളുടെ അടുത്തുചെന്നു്—"ഞാൻ അശ്വത്ഥാമാവിനെ കൊന്നു"—എന്നു് ദ്രോണരും കേൾക്കത്തക്കവണ്ണം പറഞ്ഞു. അധാർമ്മികങ്ങളായ പ്രവൃത്തികളെ സ്വപ്നത്തിൽപോലും നിനയ്ക്കാത്ത ഭീമസേനൻ ഇങ്ങനെ പറഞ്ഞ അവസരത്തിൽ സ്വയം ലജ്ജിച്ചുപോയി എന്നു് വ്യാസൻ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു.

അപ്പോൾ ദ്രോണർ ബ്രഹ്മാസ്ത്രമെടുത്തു് പ്രയോഗിക്കാൻ ഭാവിക്കയായിരുന്നു. പുത്രൻ മരിച്ചു എന്ന വാർത്ത കേട്ടപ്പോൾ അദ്ദേഹം സ്തംഭിച്ചുപോയി. അദ്ദേഹം യുധിഷ്ഠിരനോട്—"എന്റെ മകൻ മരിച്ചുവെന്നതു് സത്യംതന്നെയാണോ?" എന്നു ചോദിച്ചു. ത്രൈലോക്യാധിപത്യത്തിനുവേണ്ടിപ്പോലും യുധിഷ്ഠിരൻ അസത്യം പറയുകയില്ലെന്നു വിശ്വസിച്ചാണു് ദ്രോണർ അദ്ദേഹത്തിനോടു് ഇങ്ങനെ ചോദിച്ചതു്.

ആ സമയം ശ്രീകൃഷ്ണൻ അത്യന്തം ചിന്താകുലനായിരുന്നു. "യുധിഷ്ഠിരൻ ധർമ്മത്തെ അവഗണിക്കാൻ ഭയപ്പെടുകയാണെങ്കിൽ പാണ്ഡവന്മാർക്കു നാശംതന്നെയായിരിക്കും ലഭിക്കുന്നതു്. ദ്രോണരുടെ ബ്രഹ്മാസ്ത്രം വ്യർത്ഥമാകയില്ല." എന്നു് ഭഗവാൻ ചിന്തിച്ചുംകൊണ്ടിരുന്നു. യുധിഷ്ഠിര[illegible] അസത്യം പറ[illegible]ു് വിഷമിച്ചു

തിന്നു. എങ്കിലും വിജയം നേടുന്നതിന്നുള്ള ആഗ്രഹവും അദ്ദേഹത്തിന്നുണ്ടായിരുന്നു.

എൻെറ പാപമായിത്തന്നെ ഇതു് ഇരുന്നുകൊള്ളട്ടെ—എന്നു സങ്കല്പിച്ചു് മനസ്സിനെ സ്ഥിരപ്പെടുത്തിയിട്ടു് യുധിഷ്ഠിരൻ—"അശ്വത്ഥാമാവു മരിച്ചതു സത്യംതന്നെ" എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞപ്പോൾ അധൎമ്മഭയം അദ്ദേഹത്തെ പീഡിപ്പിച്ചു. "അശ്വത്ഥാമാവു് എന്നു പേരുള്ള ആന" എന്നു് മൃദുസ്വരത്തിൽ അദ്ദേഹം വീണ്ടും പറഞ്ഞു.

സഞ്ജയൻ ധൃതരാഷ്ട്രരോടു് ഈ സംഭവത്തെക്കുറിച്ചു വർണ്ണിച്ചിട്ടു് "ഇപ്രകാരം അധൎമ്മം പ്രവൎത്തിക്കപ്പെട്ടു" എന്നു ധരിപ്പിച്ചു.

യുധിഷ്ഠിരൻെറ നാവിൽനിന്നും ഇങ്ങനെയുള്ള അസത്യവാക്കുകൾ പുറപ്പെട്ടപ്പോൾ ആ മുഹൂൎത്തംവരെ ഭൂസ്പൎശംചെയ്യാതെ സൎവ്വദാ നാലംഗുലം ഉയൎന്നുനിന്നിരുന്ന യുധിഷ്ഠിരരഥം ക്ഷണനേരംകൊണ്ടു് താഴ്ന്നു് ഭൂമിയെ സ്പൎശിച്ചു.

അധൎമ്മം മാത്രം വ്യാപിച്ചിരുന്ന ഭൂമിയെ ധൎമ്മപുത്രൻെറ സത്യം അതുവരെ സ്പൎശിക്കാതിരിക്കയായിരുന്നു. വിജയത്തിൽ ആശ വൎദ്ധിച്ചു് അസത്യത്തിൽ ബുദ്ധിവച്ചതിനാൽ അദ്ദേഹത്തിൻെറ രഥം പാപപങ്കിലമായ ഭൂമിയുടെ നിരപ്പിൽ വന്നു നിലകൊണ്ടു എന്നു് വ്യാസൻ പറയുന്നു.

* * * *

അശ്വത്ഥാമാവു് മരിച്ചു എന്ന വാൎത്ത കേട്ടപ്പോൾ ദ്രോണൎക്കു ജീ… ളായിരുന്ന ആ… ി പെട്ടെന്നു

പാടേ നശിച്ചു. ആ സ്ഥിതിയിൽ അദ്ദേഹം ഇരിക്കു മ്പോൾ ഭീമസേനൻ അതികഠിനങ്ങളായ വാക്കുകൾ പറ ഞ്ഞു് അദ്ദേഹത്തെ അത്യന്തം നിന്ദിച്ചു.

ഭീമസേനൻ ഇങ്ങനെ പറഞ്ഞു—"അധഃപതിച്ച ബ്രാഹ്മണൻ അവരുടെ ബ്രാഹ്മണവൃത്തിയെ ത്യജിച്ചു് ക്ഷത്രിയരുടെ തൊഴിൽ സ്വീകരിക്കുന്നതുകൊണ്ടുതന്നെ യാണു് രാജാക്കന്മാർക്കു് ആപത്തു നേരിട്ടിരിക്കുന്നതു്. അധർമ്മമാർഗ്ഗത്തിൽ ബ്രാഹ്മണവംശജന്മാർ പ്രവേശിച്ചി ല്ലെങ്കിൽ രാജാക്കന്മാർ മരിക്കാതെ രക്ഷപ്രാപിക്കും. അഹിംസതന്നെയാണു് പരമധർമ്മമെന്നും, ആ ധർമ്മ ത്തിനു് ബ്രാഹ്മണജാതിയാണു് മൂലസ്ഥാനമെന്നും അറി ഞ്ഞിട്ടുള്ള അങ്ങു് ബ്രാഹ്മണനായി ജനിച്ചിട്ടും ലജ്ജയി ല്ലാതെ ഹിംസയെത്തന്നെ അവലംബിച്ചിരിക്കുന്നല്ലോ. ഇങ്ങനെ അങ്ങു് മഹാപാപപങ്കത്തിൽ മുഴുകിയിരിക്കു ന്നതു് എന്തുകൊണ്ടാണു്?"

പുത്രന്റെ മരണവാർത്താശ്രവണത്താൽ ജീവിത ത്തിൽ നിരാശനായിത്തീർന്ന ദ്രോണരെ ഭീമന്റെ ഈ നിന്ദാവചനം അത്യന്തം പീഡിപ്പിച്ചു. അദ്ദേഹം ഉടൻതന്നെ അമ്പും വില്ലുമെല്ലാം ഉപേക്ഷിച്ചിട്ടു് രഥ മധ്യത്തിൽ യോഗനിഷ്ഠനായി ഇരുന്നു.

ആ സമയത്തു് ധൃഷ്ടദ്യുമ്നൻ ഖഡ്ഗപാണിയായിട്ടു് ദ്രോണന്റെ രഥത്തിൽ ചാടിക്കയറി. സൈനികന്മാരെ ല്ലാം "കഷ്ടം കഷ്ടം" എന്നു വിലപിച്ചുകൊണ്ടിരിക്കു മ്പോൾതന്നെ ധൃഷ്ടദ്യുമ്നൻ ഒററവെട്ടുകൊണ്ടു് ദ്രോണാ ചാര്യരുടെ ശിരസ്സു ഛേദിച്ചു.

രാജപുത്രനായ ദ്രോണന്റെ ആത്മാവ് സകലരും പ്രത്യക്ഷമായിത്തന്നെ ജ്യോതിഃസ്വരൂപമായിത്തീർന്ന് ദിവ്യലോകം പ്രാപിച്ചു.

സാമാന്യജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന വിഷമങ്ങളെയെല്ലാം എടുത്തുകാണിക്കുന്ന അത്ഭുതകരമായ ഒരു കല്പനാസൃഷ്ടിതന്നെയാണ് മഹാഭാരതകഥ. വൈഷമ്യങ്ങളെ കാണിച്ച് പരമസത്യമായ പരമവസ്തുവിനെ സ്ഥാപിക്കുന്ന ധർമ്മഗ്രന്ഥംതന്നെയാണ് മഹാഭാരതം. സാധാരണ കെട്ടുകഥകളുടെ രീതി മറെറാരു പ്രകാരമാണ്. മഹാഭാരതത്തിലെ രീതി അതിൽനിന്നും വളരെ ഭിന്നമാകുന്നു. വായനക്കാരെ രോമാഞ്ചകഞ്ചുകിതരാക്കിക്കൊണ്ട്, പലവിധ ആപത്തുകളും കഷ്ടതകളും തരണംചെയ്ത് കഥാനായകൻ അവസാനത്തിൽ വിജയം നേടി ഒരു സ്ത്രീയെ വിവാഹംചെയ്ത് വായനക്കാരെ രസിപ്പിക്കുകയോ, അഥവാ എല്ലാം സുഖമായും അനായാസേനയും സംഭവിക്കുന്നതുപോലെ കാണിച്ച്, വലുതായ വൈഷമ്യം വരുത്തുന്ന ഒരു ഘോരസംഭവത്തോടുകൂടി കഥ അവസാനിപ്പിക്കയോ ചെയ്യുക എന്നതാണ് സാധാരണ കഥകളിൽ അവലംബിച്ചുകാണുന്ന രീതി. എന്നാൽ, രാമായണം, മഹാഭാരതം മുതലായ ധർമ്മഗ്രന്ഥങ്ങളുടെ ഗതി വായനക്കാരുടെ മനസ്സിനെ ആർദ്രമാക്കി, സുഖത്തിലും ദുഃഖത്തിലും ഉൽബോധനം നല്കി അവസാനത്തിൽ അവരെ സത്യമായ വസ്തുവിലേക്ക് നയിക്കുക—എന്ന ആദർശമനുസരിച്ചാണ്.

# 92. കൎണ്ണനും മരിച്ചു

ദ്രോണരുടെ മരണത്തിനുശേഷം കൗരവപക്ഷത്തിലുള്ള രാജാക്കന്മാർ കൎണ്ണനെ സേനാപതിയായി അഭിഷേകം ചെയ്തു. ശല്യൻെറ സാരഥ്യത്താൽ വിളങ്ങിയ മനോഹരമായ രഥത്തിൽ കർണ്ണൻ കയറി. അദ്ദേഹത്തിൻെറ തേജസ്സ് പ്രജ്വലിച്ചു. കൎണ്ണൻെറ നേതൃത്വത്തിൽ യുദ്ധം അത്യുഗ്രമായി നടന്നു.

ഘോരമായ യുദ്ധത്തിനു യോഗ്യമെന്ന് ജ്യോതിഷജ്ഞന്മാർ അഭിപ്രായപ്പെട്ട ഒരു സുമുഹൂൎത്തത്തിൽ അൎജ്ജുനനും അദ്ദേഹത്തിൻെറ രക്ഷകനായി ഭീമസേനനും രഥത്തിൽ കയറി അടുത്തടുത്തു നിന്ന് ഒരുമിച്ചു കൎണ്ണനെ എതിൎത്തു.

ഇതുകണ്ട ഉടനെ ദുശ്ശാസനൻ ഭീമൻെറ നേരെ അസ്ത്രവൎഷം ചെയ്തു. "ദുശ്ശാസന! നീ അകപ്പെട്ടു." എന്നു പറഞ്ഞു് ഭീമൻ ഇങ്ങനെ തുടൎന്നു. "തീൎക്കേണ്ട കടം പലിശയോടുകൂടി ഞാൻ ഇപ്പോൾ വീട്ടാൻ പോകുന്നു. ദ്രൗപദിയെ അപമാനിച്ച സമയം ഞാൻ ചെയ്തിട്ടുള്ള പ്രതിജ്ഞ ഇപ്പോൾ ഞാൻ നിറവേററും." ദുശ്ശാസനൻ ചെയ്തിരുന്ന അക്രമങ്ങൾ ഓൎത്തു കോപാവേശത്തോടുകൂടി ഭീമൻ അയാളെ എതിൎത്തു.

ദ്രൗപദിയെ അപമാനിച്ച പാപിഷ്ഠനായ ദുശ്ശാസനനെ നിലംപതിപ്പിച്ചു് അയാളുടെ അംഗങ്ങളെ ഭീമൻ ഭംഗം ചെയ്തു; "ദുശ്ശാസന! ഈ കയ്യല്ലയോ ദ്രൗപദിയുടെ കേശത്തിൽ പിടിച്ചതു്? അതിനെ ഞാൻ

ദേഹത്തിൽനിന്നും അകററി എറിയാൻ പോകുന്നു. നിനക്കു സഹായമായി ആരെങ്കിലും ഇപ്പോൾ വരട്ടെ! നിന്നെ രക്ഷിക്കാൻ സാമൎത്ഥ്യമുള്ള വല്ലവരും ഉണ്ടെങ്കിൽ അവൎക്ക് ഇവിടെ വരാം." ഇങ്ങനെ ദുൎയ്യോധനൻ കേൾക്കത്തക്കവണ്ണം പറഞ്ഞുംകൊണ്ടു ദുശ്ശാസനന്റെ കൈപിടിച്ചു പറിച്ചു് ദൂരെ എറിഞ്ഞു. പിന്നീടു് അയാളുടെ രക്തം ഉറിഞ്ചികുടിച്ചു. ഒരു കാട്ടുമൃഗത്തെപ്പോലെ ഭീമസേനൻ അതിക്രൂരമായി പെരുമാറിയതായി കാണികൾക്കു തോന്നി.

"എന്റെ പ്രതിജ്ഞ ഞാൻ പരിപാലിച്ചിരിക്കുന്നു. ഈ പാപിയെ സംബന്ധിച്ചു് ഞാൻ ചെയ്തിട്ടുള്ള ശപഥം സഫലമായി. ഇനിമേൽ ദുൎയ്യോധനനെപ്പററിയുള്ള പ്രതിജ്ഞ മാത്രമേ അവശേഷിച്ചിരിക്കുന്നുള്ളൂ. ആ യജ്ഞമൃഗവും തയ്യാറായിരുന്നു കൊള്ളട്ടെ." എന്നു പറഞ്ഞു് ഭീമസേനൻ യുദ്ധക്കളത്തിൽ യമനെപ്പോലെ താണ്ഡവനൃത്തം ചെയ്തു. ഘോരമായ ഈ കാഴ്ച കണ്ടു സകലരും നടുങ്ങി. കൎണ്ണന്റെ ശരീരവും വിറച്ചു.

ശല്യൻ കൎണ്ണനെ പ്രോത്സാഹിപ്പിച്ചു് ഇങ്ങനെ പറഞ്ഞു. "ധീരനായ നിങ്ങൾ ഇങ്ങനെ ഭയപ്പെടുന്നതു ശരിയല്ല. ദുൎയ്യോധനൻ ഭഗ്നഹൃദയനായിരിക്കുമ്പോൾ നിങ്ങളും ധൈൎയ്യം ഉപേക്ഷിക്കുന്നതു ശരിയല്ല. ദുശ്ശാസനന്റെ മരണാനന്തരം നിങ്ങളെത്തന്നെയാണു് സകലരും വിശ്വസിച്ചിരിക്കുന്നതു്. എല്ലാ ചുമതലയും ഭാരവും നിങ്ങൾ തന്നെയാണു് എടുക്കേണ്ടതു്. ക്ഷത്രിയധൎമ്മം പരിപാലിക്കുക. അൎജ്ജുനനെ എതിൎത്തു ജയമോ സ്വൎഗ്ഗമോ നേടുക."

സാരഥിയായ ശല്യൻെറ വാക്കുകൾ കേട്ടപ്പോൾ കർണ്ണൻെറ കണ്ണുകൾ ചുവന്നു. അദ്ദേഹം കോപാവേശത്തോടുകൂടി അർജ്ജുനനെ എതിക്കുന്നതിനായി പുറപ്പെട്ടു.

* * * *

അശ്വത്ഥാമാവ് ദുര്യോധനനോടു പറഞ്ഞു. “ഈ യുദ്ധം മതിയാക്കുക. ഇനിയും വിരോധം പുലത്തേണ്ട. ദുര്യോധനാ! പാണ്ഡവന്മാരുമായി സന്ധി ചെയ്യുക. യുദ്ധം നിറുത്തുക.”

ദുര്യോധനൻ മറുപടി പറഞ്ഞു. “മൂർഖനായ ഭീമസേനൻ കാട്ടുമൃഗത്തെ പോലെ രക്തം കുടിച്ചുംകൊണ്ടു് പറഞ്ഞതു നിങ്ങളും കേട്ടിരിക്കുമല്ലോ? നിങ്ങളും അടുത്തു് ഉണ്ടായിരുന്നുവല്ലോ? ഇനിയും സന്ധിയോ? നിങ്ങൾ എന്തിനാണു് വൃഥാ സംസാരിക്കുന്നതു്?” പിന്നീടു് സേനയെ വീണ്ടും വ്യൂഹബദ്ധമാക്കി പാണ്ഡവന്മാരെ ആക്രമിക്കുന്നതിനായി ദുര്യോധൻ ആജ്ഞാപിച്ചു.

* * *

അർജ്ജുനനും കർണ്ണനും തമ്മിൽ വലുതായ യുദ്ധം നടന്നു. വിഷപ്പാമ്പിൻെറ വായിൽനിന്നെന്നപോലെ അഗ്നി വമിക്കുന്ന ഒരു അമ്പു് അർജ്ജുനൻെറ നേക്കു് കർണ്ണൻ പ്രയോഗിച്ചു. അപ്പോൾ ശ്രീകൃഷ്ണൻ രഥത്തെ കാൽകൊണ്ടു് അമത്തി അഞ്ചു് അംഗുലം തറയിൽ താഴ്ത്തി അർജ്ജുനനെ രക്ഷിച്ചു. ആ നാഗാസ്ത്രം അർജ്ജുനൻെറ കിരീടത്തിൽ കൊണ്ടു് അതിനെ അതിദൂരത്തിൽ തെറിപ്പിച്ചു. കോപാവേശത്താൽ അർജ്ജുനൻതൻെറ വില്ലിൽ

അസ്ത്രം തൊടുത്തു. ആ സമയം കർണ്ണൻെറ രഥത്തിലെ ഇടത്തുവശത്തുള്ള ചക്രം യുദ്ധക്കളത്തിൽ മണ്ണിൽ പതിഞ്ഞു താണു് ഉറച്ചുപോയി.

കർണ്ണൻ അർജ്ജുനനോടു പറഞ്ഞു. "നില്ക്കുക! നില്ക്കുക! എൻെറ രഥത്തിൻെറ ചക്രം താഴെ പുതഞ്ഞുപോയിരിക്കുന്നു. അതിനെ ഞാൻ ഒന്നു് എടുത്തുയർത്തട്ടെ. ഹേ പാണ്ഡവ! അതുവരെ താമസിച്ചാലും. ക്ഷത്രിയധർമ്മം അനുസരിച്ചുമാത്രം യുദ്ധം നടത്തുന്ന ആളെന്നു് നീ വിഖ്യാതനാണു്. ആ കീർത്തിക്കു ഹാനി വരുത്തരുതു്. രഥത്തിൽ ഇരിക്കുന്ന നീ രഥമില്ലാതെ തറയിൽ നില്ക്കുന്ന എൻെറ മേൽ അസ്ത്രം അയയ്ക്കരുതു്. ഇതാ, ഞാൻ രഥചക്രം ഉയർത്തി എടുക്കാൻ പോകുന്നു. അതുവരെ യുദ്ധം നിറുത്തുക"

കർണ്ണൻെറ വാക്കുകൾ കേട്ടുകൊണ്ടുനിന്ന കൃഷ്ണൻ ഇങ്ങനെ പറഞ്ഞു. "ധർമ്മത്തെപ്പററി നിനക്കും ഓർമ്മ വന്നുവോ? ആപത്തു നേരിട്ടപ്പോഴല്ലേ നിനക്കു ധർമ്മത്തെപററിയുള്ള ചിന്തവരുന്നതു്? നീയും ദുര്യോധനനും ദുശ്ശാസനനും ശകുനിയുംകൂടി ദ്രൗപദിയെ സഭയിൽ വലിച്ചിഴച്ചുകൊണ്ടു വന്നില്ലേ? അപ്പോൾ നിങ്ങൾ ധർമ്മത്തെപ്പറ്റി ഓർക്കാത്തതു് എന്തുകൊണ്ടു്? ചൂതുകളിയിൽ സാമർത്ഥ്യമില്ലാത്ത ധർമ്മപുത്രനെ നിങ്ങൾ വഞ്ചിച്ചില്ലേ? ആ സമയം നിങ്ങളുടെ ധർമ്മം എവിടെയായിരുന്നു മറഞ്ഞിരുന്നതു്? പ്രതിജ്ഞാനുസരണം പന്ത്രണ്ടുവർഷം വനവാസവും പതിമൂന്നാമത്തെ ആണ്ടിൽ അജ്ഞാതവാസവും കഴിച്ചതിൽ പിന്നെ ധർമ്മപുത്രനു് രാജ്യം തിരിച്ചു കൊടുക്കാൻ

വിസമ്മതിച്ചതു് ധർമ്മമാണോ? അപ്പോൾ നിങ്ങളുടെ ധർമ്മം എവിടെയാണു് ഒളിച്ചിരുന്നതു്? ഭീമനെ വിഷം കൊടുത്തു കൊല്ലുന്നതിനു യത്നിച്ച പാപികളോടു കൂടിച്ചേർന്നു് നീയും ചതി പ്രയോഗിച്ചില്ലേ? അരക്കില്ലത്തിൽ ഉറങ്ങിക്കൊണ്ടിരുന്ന സമയം കുന്തീപുത്രന്മാരെ അഗ്നിക്കു് ഇരയാക്കുന്നതിനു് നീയും ശ്രമിച്ചില്ലേ? അപ്പോഴെല്ലാം ധർമ്മം എവിടെപ്പോയിരുന്നു? ദ്രൗപദിയെ അക്രമമായി അവമാനിച്ചു് ചിരിച്ചു് സന്തോഷിച്ചുകൊണ്ടിരിക്കയാണല്ലോ ചെയ്തതു്? അപ്പോൾ ധർമ്മം നിന്നോടു് എന്താണു് ഉപദേശിച്ചതു്? "നിന്റെ ഭർത്താക്കന്മാർ നിനക്കു് ഉപകരിക്കാത്തതുകൊണ്ടു് മറെറാരു ഭർത്താവിനെ തേടുക" എന്നു് ആ പതിവ്രതയോടു നീ പറഞ്ഞില്ലേ? ആ സമയം നിന്റെ ധർമ്മം എവിടെയാണു പോയതു്? ബാലനായ അഭിമന്യുവിനെ നിർലജ്ജം വളഞ്ഞു പലരുംകൂടിച്ചേർന്നു കൊന്നില്ലേ? അപ്പോൾ നിന്റെ ധർമ്മം എവിടെയാണു് പോയതു്? കർണ്ണ! മഹാ പാപിഷ്ഠ! ധർമ്മത്തെ എന്തിനാണു് വൃഥാ വലിച്ചുകൊണ്ടു വരാൻ ശ്രമിക്കുന്നതു്?"

ശ്രീകൃഷ്ണൻ ഇപ്രകാരം പറഞ്ഞപ്പോൾ കർണ്ണൻ തല കുനിച്ചു് മറുപടി പറയാതെ മൗനമവലംബിച്ചു. മണ്ണിൽ പുതഞ്ഞുകിടന്ന തേരിൽ കയറി നിന്നുംകൊണ്ടു് അദ്ദേഹം യുദ്ധം തുടർന്നു. ഒരമ്പു് അർജ്ജുനന്റെ മേൽ പതിച്ചപ്പോൾ അദ്ദേഹം അല്പം ക്ഷീണിച്ചു. ആ സമയം കൊണ്ടു് കർണ്ണൻ രഥത്തിൽ നിന്നും ചാടി രഥചക്രത്തെ ഉയർത്താൻ ശ്രമിച്ചു. എന്നാൽ ഭാഗ്യവിപര്യയത്താൽ എത്രതന്നെ പ്രയത്നിച്ചിട്ടും ചക്രം മുകളിൽ വന്നില്ല.

അപ്പോൾ പരശുരാമന്റെ അടുക്കൽ നിന്നു അഭ്യസിച്ചിരുന്ന അസ്ത്രങ്ങളെ ഓക്കുന്നതിന്നായി കർണ്ണൻ ശ്രമിച്ചുനോക്കി. എന്നാൽ ഗുരുശാപത്താൽ അതൊന്നും സ്മരിക്കാൻ സാധിക്കാതെയാണു വന്നതു്.

"അർജ്ജുന! താമസിക്കേണ്ട. ഈ പാപിയുടെ തലയെ ഛേദിക്കത്തക്കവണ്ണമുള്ള അമ്പു് പ്രയോഗിക്കുക" എന്നു് അർജ്ജുനനെ ശ്രീകൃഷ്ണൻ പ്രചോദിപ്പിച്ചു.

"ഭഗവാന്റെ ആജ്ഞ അനുസരിച്ചു് അർജ്ജുനൻ കർണ്ണന്റെ തലയെ അമ്പുകൊണ്ടു് ഛേദിച്ചു" എന്നാണു് വ്യാസൻ പറയുന്നതു്. ധർമ്മവിരുദ്ധമായ ഈ കാര്യം അർജ്ജുനൻ സ്വമേധയാ ചെയ്തുവെന്നു പറയുന്നതിന്നു് മഹാഭാരതകർത്താവിന്നു് മനസ്സു വന്നില്ല. അതിനാൽ അതു് ശ്രീകൃഷ്ണഭഗവാന്റെ പ്രവൃത്തിയാണെന്നു് കവി വർണ്ണിച്ചിരിക്കുന്നു. കർണ്ണൻ അയച്ച അമ്പു് അർജ്ജുനന്റെ തലയിൽ വീഴാതിരിക്കത്തക്കവണ്ണം രഥം താഴ്ത്തിയതും ശ്രീകൃഷ്ണഭഗവാൻ തന്നെയായിരുന്നു. അക്കാലത്തെ യുദ്ധധർമ്മം അനുസരിച്ചു് ഈ മാതിരി പ്രവൃത്തികൾ അക്രമങ്ങളായിക്കരുതപ്പെട്ടിരുന്നു. ആ ഭാരം താങ്ങുന്നതിന്നു് ഭഗവാനല്ലാതെ മററാക്കു സാധിക്കും?

ദേഹബലം ആശ്രയിച്ചു നടത്തുന്ന യുദ്ധംകൊണ്ടു് അന്യായങ്ങളും അക്രമങ്ങളും അടക്കാമെന്നു കരുതി ചെയ്യുന്ന പ്രയത്നങ്ങൾ എല്ലാം വിഫലങ്ങൾതന്നെ. ധർമ്മം നിലനിറുത്തുന്നതിനുവേണ്ടി ചെയ്യുന്ന യുദ്ധത്തിലും അധർമ്മങ്ങൾ സംഭവിക്കാതിരിക്കയില്ല. അതുകൊണ്ടു് ആകെക്കൂടി നോക്കിയാൽ അധർമ്മം വർദ്ധിക്കുകയാണു് ചെയ്യുന്നതു്.

---

## 93. ദുര്യോധനൻെറ അന്ത്യം

കർണ്ണൻ യുദ്ധത്തിൽ മരിച്ചുവെന്നറിഞ്ഞപ്പോൾ ദുര്യോധനൻ അസഹനീയമായ ശോകത്തിൽ മുഴുകി. അദ്ദേഹത്തിൻെറ ശോചനീയമായ സ്ഥിതി കണ്ടു് പരിതാപപൂർവ്വം കൃപർ ഇങ്ങനെ പറഞ്ഞു:—

"രാജ്യലോഭം പിടിപെട്ടു്, അതു നിറവേററുന്നതിനായി ആരുടെയെല്ലാം മേൽ വലുതായ ഭാരം അർപ്പിച്ചുവോ അവരെല്ലാം അതു സന്തോഷപൂർവ്വം വഹിച്ചു് യുദ്ധത്തിൽ പ്രാണത്യാഗം ചെയ്തു സ്വർഗ്ഗലോകത്തിലേക്കു പോയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടതു് ഒന്നു മാത്രമേ ഉള്ളു. പാണ്ഡവന്മാരുമായി സന്ധിചെയ്യുക തന്നെയാണു് നിങ്ങളുടെ കർത്തവ്യം. രാജാവേ! ഇനിമേൽ യുദ്ധം ചെയ്യേണ്ട."

നിരാശയിൽ മുഴുകി ഇരുന്നിട്ടും ദുര്യോധനനു് ഈ ഉപദേശം ഇഷ്ടമായില്ല.

അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഇതു ഭയപ്പെടേണ്ട അവസരമല്ല. യുദ്ധം ചെയ്യുക എന്നതാണു് എൻെറ കർത്തവ്യം. സുഹൃജ്ജനങ്ങളും ബന്ധുക്കളും മരിച്ചതിൽ പിന്നീടു് എൻെറ പ്രാണനെ രക്ഷിക്കുന്നതിനു വേണ്ടി ഞാൻ ശ്രമിക്കുന്നതു് ഉചിതമാണോ? അങ്ങനെ ചെയ്താൽ ലോകം എന്നെ നിന്ദിക്കുമെന്നതു നിശ്ചയം തന്നെ. നിന്ദനീയമായ ജീവിതം നയിക്കുന്നതിൽ എന്തു സുഖമാണുള്ളതു്? സഹോദരന്മാരും ബന്ധുക്കളും മരിച്ചതിനുശേഷം [illegible] സന്ധി[illegible] പരിപാലിക്കു

ന്നതുകൊണ്ടു് എനിക്കു് എന്തു സുഖമാണു് കിട്ടാൻ പോകുന്നതു്?"

ഇങ്ങനെ ദുര്യോധനൻ പറഞ്ഞപ്പോൾ അന്നു് അദ്ദേഹത്തിൻെറ പക്ഷത്തിലുള്ള വീരന്മാരെല്ലാം അഭിനന്ദിച്ചു. ദുര്യോധനൻ പറഞ്ഞതു ശരിയാണെന്നു് അവർ അനുമോദിച്ചു. പിന്നീടു് എല്ലാവരും ആലോചിച്ചു് ശല്യനെ സേനാപതിയായി വാഴിച്ചു. ശല്യൻ അതിബലവാനായിരുന്നു. അദ്ദേഹത്തിൻെറ പരാക്രമം മരിച്ചുപോയ സേനാനായകന്മാരുടേതിനേക്കാൾ കുറവല്ലായിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ വീണ്ടും വലുതായ യുദ്ധം ആരംഭിച്ചു.

പാണ്ഡവപക്ഷത്തിൻെറ സകല ഭാരവും യുധിഷ്ഠിരൻ ഏററു. അദ്ദേഹംതന്നെ നേരിട്ടു ശല്യനെ എതിർത്തു. അതുവരെ ശാന്തിയുടെ ജീവദ്വിഗ്രഹമായി വിരാജിച്ചിരുന്ന യുധിഷ്ഠിരൻ കോപാവിഷ്ടനായി ഘോരയുദ്ധം നടത്തിയതു വിസ്മയകരമായിതോന്നി. വളരെനേരം ദ്വന്ദ്വയുദ്ധം നടത്തിയതിൻെറ ശേഷം യുധിഷ്ഠിരൻ ശല്യൻെറ മേൽ ശക്തി എന്ന ആയുധം പ്രയോഗിച്ചു. ഉത്സവാനന്തരം ഇളക്കിമറിച്ചിടപ്പെട്ട ധ്വജസ്തംഭമെന്നപോലെ ശല്യൻ മരിച്ചു താഴെ വീണു.

ശല്യൻെറ മരണത്തോടുകൂടി ഇനിമേൽ തങ്ങൾക്കു യാതൊരു ബലവുമില്ലെന്നു വിചാരിച്ചു് കൗരവസൈന്യം നിരാശപ്പെട്ടു് കഴിഞ്ഞു. എങ്കിലും അവശേഷിച്ചിരുന്ന ധൃതരാഷ്ട്രപുത്രന്മാർ ഒന്നുചേർന്നു് നാലുവശത്തുനിന്നും ഭീമ[illegible]ച്ചു. അ[illegible]ാം ഭീമൻ

സംഹരിച്ചു. പതിമൂന്നു സംവത്സരക്കാലം കോപംകൊണ്ടു് ഉള്ളു തപിച്ചിരുന്ന വായുപുത്രൻ ജന്മസാഫല്യം വന്നതിൽ ആനന്ദിച്ചു.

*            *            *            *

പിന്നീടു് ശകുനി സഹദേവനെ ആക്രമിച്ചു. സഹദേവൻ അമ്പു എടുത്തു് "മൂഢ! നിങ്ങൾ ചെയ്തിട്ടുള്ള പാപത്തിൻെറ ഫലം ഇപ്പോൾ കിട്ടും" എന്നു പറഞ്ഞു് ശകുനിയുടെ തലമുറിഞ്ഞു് താഴെവീഴത്തക്കവണ്ണം ലക്ഷ്യം നോക്കി അയച്ചു. കൗരവന്മാരുടെ പാപകൃത്യങ്ങൾക്കെല്ലാം മൂലകാരണമായ ശകുനിയുടെ തല മുറിഞ്ഞു് താഴെ വീണു എന്നു് വ്യാസൻ പറയുന്നു.

*            *            *            *

ദുര്യോധനനൊഴിച്ചു് എല്ലാവരും മരിച്ചു. സേനയും രഥവും ഇല്ലാതെ പരിതാപകരമായ നിലയെ പ്രാപിച്ച ആ വീരൻ ഗദയും എടുത്തുകൊണ്ടു് കാൽനടയായി വെള്ളച്ചാൽ നോക്കിനടന്നു. അതുപോലെ ഒരു സരോവരം കണ്ടു. ശീതളമായ ജലത്തിൽ ഇറങ്ങിയാൽ ദേഹക്ലേശം നീങ്ങുമെന്നു വിചാരിച്ചു് അതിൽ ഇറങ്ങി.

"മഹാപ്രാജ്ഞനായ വിദുരൻ, ഇപ്പോൾ നടന്നതെല്ലാം മുൻകൂട്ടിത്തന്നെ പറഞ്ഞു കേൾപ്പിച്ചിരുന്നു" എന്നു് ആലോചിച്ചുകൊണ്ടാണു് ദുര്യോധനൻ സരോവരത്തിൽ ഇറങ്ങിയതു്. അവസരങ്ങൾ കഴിഞ്ഞതിൽ പിന്നീടു് [illegible] തോന്നിയതു [illegible] ഫലവും

ഇല്ല. ചെയ്തിട്ടുള്ള കർമ്മത്തിൻെറ ഫലം അനുഭവിച്ചു തീർത്തേ മതിയാകയുള്ളു.

*  *  *  *

ദുര്യോധനനെ അന്വേഷിച്ചുകൊണ്ടു് യുധിഷ്ഠിരനും അദ്ദേഹത്തിൻെറ അനുജന്മാരും അവിടെ എത്തി. യുധിഷ്ഠിരൻ പറഞ്ഞു. "ദുര്യോധന! കുലവും കുടുംബവും നശിപ്പിച്ചതിൻെറ ശേഷം വെള്ളത്തിൽ ഒളിഞ്ഞിരുന്നു് പ്രാണനെ രക്ഷിക്കാൻ നോക്കുകയാണോ? നിങ്ങളുടെ മാനവും അഹങ്കാരവും എവിടെപ്പോയിരിക്കുന്നു? വെളിയിൽ ഇറങ്ങി വന്നു് യുദ്ധം ചെയ്യു. ക്ഷത്രിയനായി ജനിച്ച നിങ്ങൾ യുദ്ധത്തിൽ നിന്നും ഒഴിയാൻ നോക്കരുതു്."

അപ്പോൾ ദുര്യോധനൻ അത്യന്തം സങ്കടപ്പെട്ടു് ഇങ്ങനെ പറഞ്ഞു. "എൻെറ പ്രാണരക്ഷയ്ക്കായിട്ടല്ല ഞാൻ ഇവിടെ വന്നതു്. ഭയപ്പെട്ടു് ഞാൻ ഇവിടെ വന്നതാണെന്നു ധരിക്കേണ്ട. എൻെറ കായക്ലേശത്തെ തീർക്കുന്നതിനു വേണ്ടി ഈ ശീതളജലത്തിൽ ഞാൻ ഇറങ്ങി നില്ക്കയാണു്. യുധിഷ്ഠിര! എനിക്കു യാതൊരു ഭയവും ഇല്ല. എൻെറ ജീവൻ രക്ഷിക്കണമെന്നുള്ള ആഗ്രഹവും എനിക്കില്ല. എന്നെ സംബന്ധിച്ച സകലരും മരിച്ചിരിക്കുന്നു. രാജ്യം ലഭിക്കാനുള്ള ആഗ്രഹവും എനിക്കില്ല. ഇതെല്ലാം നിങ്ങളുടെ രാജ്യമായിരിക്കുന്നു. നിശ്ചിന്തനായി അനുഭവിച്ചു കൊള്ളുക."

ധർമ്മപുത്രൻ മറുപടി പറഞ്ഞു. "സ[illegible]പി കത്താനുള്ള [illegible]റ പോല[illegible]ണു് നിങ്[illegible] പറഞ്ഞില്ലേ?

സമാധാനം ആഗ്രഹിച്ചു ഞങ്ങൾ വിനയപുരസ്സരം അപേക്ഷിച്ചപ്പോൾ നിരസിച്ച നിങ്ങൾ ഇപ്പോൾ രാജ്യം എടുത്തുകൊള്ളാൻ പറയുന്നുവല്ലോ? നിങ്ങൾ ചെയ്തിട്ടുള്ള പാപങ്ങളെല്ലാം എടുത്തു പറയണോ? ഞങ്ങളോടു കാണിച്ചിട്ടുള്ള ദ്രോഹങ്ങളും ദ്രൗപദിയെ അപമാനിച്ചതും നിങ്ങളുടെ പ്രാണബലികൊണ്ടേ തീരുകയുള്ളു."

സഞ്ജയൻ ധൃതരാഷ്ട്രനോടു പറഞ്ഞു. "ഇങ്ങനെയുള്ള ക്രൂരവചനങ്ങൾ യുധിഷ്ഠിരന്റെ നാവിൽനിന്നും ശ്രവിച്ചപ്പോൾ അങ്ങയുടെ പുത്രനായ ദുര്യോധനൻ ഗദായുധപാണിയായി വെള്ളത്തിൽ നിന്നും എണീററു."

*　　　*　　　*　　　*

അനന്തരം ദുര്യോധനൻ പറഞ്ഞു. "വരിക ഓരോരുത്തരായി വരിക. ഞാൻ ഏകനായിരിക്കുന്നു. നിങ്ങൾ അഞ്ചുപേരും ഒന്നുചേർന്ന് എന്നെ ആക്രമിക്കുന്നതു ശരിയല്ല. എന്റെ ദേഹത്തിൽ കവചവുമില്ല. ഞാൻ ക്ഷീണിച്ചിരിക്കുന്നു. ശരീരത്തിലെ പല ഭാഗങ്ങളിലും മുറിവുകളുമുണ്ട്."

അപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു. "ഒരാളെ പലരും കൂടിച്ചേർന്ന് എതിക്കുന്നതു് ശരിയല്ലെങ്കിൽ അഭിമന്യു എങ്ങനെ മരിച്ചു? നിങ്ങളുടെ സമ്മതത്തോടുകൂടിയല്ലേ പലരുംചേർന്ന് ആ ബാലനെ അന്യായമായിക്കൊന്നതു്? അവരവർക്കു കഷ്ടങ്ങൾ നേരിടുമ്പോൾ എല്ലാവരും ധർമ്മശാസ്ത്രം എടുത്തുപറയും. സരോവരത്തിൽനിന്നും വെളിയിൽവന്നു് കവചം ധരിച്ചുകൊള്ളുക. ഞങ്ങളിലാരെയെങ്കിലും തിരഞ്ഞെടുത്തു് അയാളുമായി യുദ്ധം ചെയ്യുക. മരിച്ചാൽ സ്വർഗ്ഗം ലഭിക്കും. ജയിച്ചാൽ രാജാവായി വാഴാം."

അതനുസരിച്ച് ഭീമസേനനും ദുര്യോധനനും തമ്മിൽ യുദ്ധം നടന്നു. അവരുടെ ഗദകൾ ഒന്നുചേന്നു മുട്ടിയപ്പോൾ തീപ്പൊരികൾ പറന്നുതുടങ്ങി. വളരെനേരം യുദ്ധം നടന്നു.

അവരിലാരാണ് ജയിക്കാൻ പോകുന്നതു് എന്നു കാണികൾ വിമർശിച്ചുകൊണ്ടിരുന്നു. ദുര്യോധനന്റെ തുടകൾ പിളന്നു് ഭീമൻ തന്റെ പ്രതിജ്ഞ നിറവേററുമെന്നു് ശ്രീകൃഷ്ണൻ പറഞ്ഞതു ഭീമൻ കേട്ടു. സിംഹം പായുന്നതുപോലെ ഭീമൻ ദുര്യോധനന്റെ നേക്കു പാഞ്ഞു് ഗദകൊണ്ടു് അദ്ദേഹത്തിന്റെ തുട ഭേദിച്ചു.

ദുര്യോധനൻ താഴെ വീണു. വീണുകിടന്ന ദുര്യോധനന്റെ തലയിൽ കാൽകൊണ്ടു തൊഴിച്ചു് ഭീമൻ നൃത്താടിത്തുടങ്ങി.

അപ്പോൾ ധമ്മപുത്രർ പറഞ്ഞു. “ഭീമ! മതി! മതി! നിന്റെ കടം വീട്ടിക്കഴിഞ്ഞു. ദുര്യോധനൻ രാജകുലത്തിൽ ജനിച്ചവനും നമ്മളുടെ ബന്ധുവും ആണു്. അയാളുടെ തല കാൽകൊണ്ടു തൊഴിക്കുന്നതു ശരിയല്ല”

ശ്രീകൃഷ്ണൻ പറഞ്ഞു. “പാപിഷ്ഠനു് വേഗത്തിൽ പ്രാണവിയോഗം സംഭവിക്കും. പാണ്ഡുപുത്രന്മാരേ! ദുര്യോധനനും അയാളുടെ സഖാക്കളും മരിച്ചുപോയിരിക്കുന്നു. ഇനിയും എന്തിനാണു് താമസിക്കുന്നതു്? രഥത്തിൽ കയറുക.”

അപ്പോൾ താഴെ വീണുകിടന്ന ദുര്യോധനന്റെ മുഖത്തു കോപവും വെറുപ്പും കലന്നു് ഉജ്ജ്വലിച്ചു. അദ്ദേഹം ശ്രീകൃഷ്ണനെ നോക്കി ഇങ്ങനെ പറഞ്ഞു. “ധാമ്മികരീതി[illegible]ലാം ചെയ്യ[illegible]ന്മാരേയും

ചതിപ്രയോഗം ഉപദേശിച്ചു നിങ്ങൾ കൊല്ലിച്ചു. നിങ്ങൾക്കു് അല്പംപോലും ലജ്ജയില്ലേ? കർണ്ണനേയോ ഭീഷ്മരെയോ ദ്രോണരെയോ ന്യായമായ യുദ്ധത്തിൽ നിങ്ങൾക്കു ജയിക്കാൻ ഒരിക്കലും സാധിക്കയില്ല.”

പ്രാണവിയോഗകാലത്തിലും ഇങ്ങനെ പറഞ്ഞ ദുര്യോധനനോടു് കൃഷ്ണൻ പറഞ്ഞു. “ദുര്യോധനാ! നിങ്ങൾ വൃഥാ പുലമ്പുകയാണു്. അമിതമായ ദുരാശകൊണ്ടും രാജ്യലാഭത്തിന്റെ അഹങ്കാരംകൊണ്ടും നിങ്ങൾ ചെയ്തിട്ടുള്ള പാപങ്ങൾ അസംഖ്യമാണു്. അവയുടെ ഫലമത്രേ നിങ്ങൾ അനുഭവിക്കുന്നതു്.”

ദുര്യോധനൻ പറഞ്ഞു. “ക്ഷത്രിയന്മാർ എപ്രകാരമുള്ള മരണത്തെ കാംക്ഷിക്കുന്നുവോ ആ മരണംതന്നെയാണു് എനിക്കു ലഭിച്ചിരിക്കുന്നതു്. എന്നെക്കാൾ ഭാഗ്യവാനായി ആരാണുള്ളതു്? എന്റെ സുഹൃത്തുക്കളോടും സ്വജനങ്ങളോടുംകൂടി ഞാൻ സ്വർഗ്ഗത്തിൽ പോകുന്നു. നിന്ദ്യനായ നിങ്ങൾ ജീവിച്ചിരിക്കുക. താഴെ വീണു കിടന്ന എന്റെ തലയിൽ ഭീമൻ കാൽകൊണ്ടു് തൊഴിച്ചാലും എനിക്കു് അതിൽ ദുഃഖമില്ല. കാക്കയും കഴുകനും എന്റെ തലയിൽ ഏതാനും നിമിഷങ്ങൾക്കുള്ളിൽ ചവിട്ടുകയില്ലേ?”

ഇങ്ങനെ വീരോചിതമായ വാക്കുകൾ ദുര്യോധനൻ പറഞ്ഞസമയം ആകാശത്തിൽനിന്നു പൂമാരി വർഷിച്ചുവെന്നു് വ്യാസൻ വർണ്ണിക്കുന്നു.

ലോഭത്താൽ ദുര്യോധനൻ അധർമ്മങ്ങൾ പ്രവർത്തിച്ചു. അതിന്റെ ഫലമായി ഉത്ഭവിച്ച കോപം കൊണ്ടു് ഇരുപക്ഷത്തിലും പല അന്യായങ്ങളും നടന്നു.

# 94. പാണ്ഡവന്മാരുടെ ലജ്ജ

യുദ്ധം അവസാനിക്കാറായപ്പോൾ ബലഭദ്രൻ തീർത്ഥയാത്രകഴിഞ്ഞു് കുരുക്ഷേത്രത്തിൽ വന്നുചേർന്നു. അപ്പോൾ ഭീമനും ദുര്യ്യോധനനും മല്ലയുദ്ധം ചെയ്തുകൊണ്ടിരിക്കയായിരുന്നു. ഭീമൻ ദുര്യ്യോധനന്റെ തുട അടിച്ചുപിളർന്നതു ബലഭദ്രൻ കണ്ടപ്പോൾ യുദ്ധനിയമങ്ങൾ ലംഘിക്കപ്പെട്ടു് അക്രമം കയ്യേറിയതായി അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടു് ബലരാമൻ കോപാവിഷ്ടനായി.

അദ്ദേഹം ഇങ്ങനെ പറഞ്ഞു. "കഷ്ടം! കഷ്ടം! നാഭിക്കു താഴെ ഗദായുദ്ധത്തിൽ ആരെങ്കിലും അടിക്കുമോ? ശാസ്ത്രവിരുദ്ധമായി ഭീമൻ പെരുമാറിയല്ലോ?"

ഇപ്രകാരം ഭീമന്റെ പ്രവൃത്തികണ്ടു സഹിക്കവയ്യാതെ ബലഭദ്രൻ സഹോദരനായ കൃഷ്ണനോടു് ഇങ്ങനെ പറഞ്ഞു. "നീ ഇതെല്ലാം സഹിക്കും. എനിക്കു് സഹിക്കാൻ വയ്യ." പിന്നീടു് തന്റെ ഹലായുധം എടുത്തുംകൊണ്ടു് ഭീമന്റെ നേർക്കു പാഞ്ഞു. ബലഭദ്രന്റെ പ്രധാനമായ ആയുധം കലപ്പയാണല്ലോ.

ബലഭദ്രൻ കോപിച്ചു ഭീമനെ ആക്രമിക്കാൻപോകുന്നതു കണ്ടു് ശ്രീകൃഷ്ണൻ തടുത്തുനിറുത്തി സമധാനപ്പെടുത്താൻ ശ്രമിച്ചു.

ശ്രീകൃഷ്ണൻ പറഞ്ഞു. "പാണ്ഡവന്മാർ നമ്മളുടെ മിത്രങ്ങളും അടുത്ത ചാർച്ചക്കാരും ആകുന്നു. ദുര്യ്യോധനൻ അവരെ പല പ്രകാരത്തിലും ഉപദ്രവിച്ചിട്ടുണ്ടു്. ദ്രൗപദിയെ സഭയിൽ വെച്ചു് അപമാനിച്ചപ്പോൾ ഈ ഗദകൊണ്ടു് യുദ്ധ... ദുര്യ്യോധനന്റെ ... തുടകളേയും

പിളൎന്നു് ഞാൻ അയാളെ കൊല്ലും” എന്നു ഭീമസേനൻ ശപഥം ചെയ്തു. ഈ വസ്തുത എല്ലാവൎക്കും അറിയാം. പ്രതിജ്ഞാപാലനം ക്ഷത്രിയധൎമ്മമാണു്. നിൎദ്ദോഷികളും സ്വജനങ്ങളുമായ പാണ്ഡവന്മാരോടു് ആലോചന കൂടാതെ ഹഠാൽ കോപിക്കുന്നതു ശരിയല്ല. കൗരവന്മാർ ചെയ്തിട്ടുള്ള ദുഷ്കൃത്യങ്ങളെയെല്ലാം ആലോചിച്ചിട്ടുവേണം ധൎമ്മം എന്തെന്നു നിൎണ്ണയിക്കുന്നതു്. സംഭവങ്ങളിൽ മുമ്പു നടന്നതിനെ വിസ്മരിച്ചു് ഒരു കാൎയ്യത്തെമാത്രം പ്രത്യേകം എടുത്തു് ധൎമ്മവിമൎശനം ചെയ്താൽ അതു തെറ്റായി കലാശിക്കും. ഇപ്പോൾ കലികാലം ആവിൎഭവിച്ചിരിക്കുന്നു. പല സമയങ്ങളിലും വഞ്ചനകൾ പ്രയോഗിച്ച ദുൎയ്യോധനനെ ഈ അവസരത്തിൽ ഇപ്രകാരം നാഭിക്കു താഴെ ഭീമൻ അടിച്ചതിൽ ഒരു കുറവും ഇല്ല. ദുൎയ്യോധനന്റെ പ്രേരണകൊണ്ടു് കൎണ്ണൻ അഭിമന്യുവിന്റെ വില്ലിനെ പുറകിൽനിന്നു് അമ്പയച്ചു് അറുത്തു. തേരും വില്ലും ഇല്ലാതെ നിന്ന അൎജ്ജുനകുമാരനെ പലരും ഒന്നു ചേൎന്നു് ആക്രമിച്ചു് കൊന്നുകളഞ്ഞു. ജനനം മുതൽ വഞ്ചകനായിരുന്ന ദുൎയ്യോധനൻ കുലനാശകനായ പാപിയാണു്. അയാളെ ഭീമസേനൻ കൊന്നതു് അധൎമ്മമാകയില്ല. സഭയിൽ വച്ചുചെയ്ത പ്രതിജ്ഞയെ പതിമൂന്നു സംവത്സരമായി ഭീമൻ സ്മരിച്ചുകൊണ്ടു തന്നെയിരിക്കയായിരുന്നു. “തുടകൾ പിളൎന്നു ഞാൻ സംഹരിക്കും” എന്നു് ഭീമസേനൻ ചെയ്തിരുന്ന ശപഥം ദുൎയ്യോധനനും നല്ലതുപോലെ അറിയാം. വളരെയധികം ഉപദ്രവിക്കപ്പെട്ട പാണ്ഡവന്മാരുമായി യുദ്ധം ചെയ്യുന്നേരം ഭീമൻ ഇപ്പ

കാരം പ്രവത്തിക്കുമെന്നു് ദുര്യോധനൻ അറിഞ്ഞിരുന്നു. ഈ കൃത്യം അക്രമമാണെന്നു് വിചാരിക്കാൻ പാടില്ല."

ശ്രീകൃഷ്ണൻ ഇങ്ങനെയെല്ലാം യുക്തിവാദം ചെയ്തുവെങ്കിലും ബലരാമൻെറ അഭിപ്രായത്തിനു് മാററം വന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ കോപം ശമിച്ചു.

"ദുര്യോധനനു് വീരസ്വർഗ്ഗം കിട്ടും. ഭീമൻെറ യശസ്സിനു് കളങ്കം നേരിട്ടു. പാണ്ഡവനായ ഭീമസേനൻ അക്രമമായി ദുര്യോധനനെ അടിച്ചുവെന്നതു് ഒരു വലിയ അപകീത്തിയായി ലോകത്തിൽ എന്നും ഗണിക്കപ്പെടും. ഞാൻ ഇവിടെ താമസിക്കയില്ല" എന്നു പറഞ്ഞു് ബലഭദ്രൻ ഉടൻ തന്നെ ദ്വാരകയ്ക്കു പോയി.

ശ്രീകൃഷ്ണൻ യുധിഷ്ഠിരനോടു ചോദിച്ചു. "അങ്ങു് എന്തുകൊണ്ടാണു് മൗനമായിരിക്കുന്നതു്."

ധർമ്മപുത്രൻ മറുപടിപറഞ്ഞു. "മാധവ! താഴെ വീണുകിടക്കുന്ന ദുര്യോധനൻെറ തലയിൽ ഭീമൻ കാലുകൊണ്ടു തൊഴിച്ചതു് എനിക്കു് ഇഷ്ടമുള്ള പ്രവൃത്തിയല്ല. കുലനാശം സംഭവിക്കുന്നതു ഞാൻ ആലോചിച്ചുകൊണ്ടിരിക്കയാണു്. കൗരവന്മാർ ഞങ്ങളെ വഞ്ചിച്ചു. വൃകോദരന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന ദുഃഖവും കോപവും എത്രമാത്രമാണെന്നു് എനിക്കു് അറിയാം. മൂഢനും ലോഭിയും ആയ ദുര്യോധനനെ ഇപ്രകാരം കൊന്നതു ന്യായമോ അന്യായമോ ആകട്ടെ. വളരെ വലിയ ദുഃഖങ്ങൾ അനുഭവിച്ച ഭീമസേനൻെറ കൃത്യത്തെ ആക്ഷേപിക്കാൻ എടുന്നുകൊണ്ടു് സാധിക്കയില്ല."

ധർമ്മഭ്രംശം വന്നാൽ യുക്തിവാദങ്ങൾകൊണ്ടു സമാധാനം ഉണ്ടാകയില്ല. ബുദ്ധിമാനായ അർജ്ജുനൻ

മത്തനിയായി ഇരുന്നു. അദ്ദേഹം ഭീമനെ പഴിക്കയോ സ്തുതിക്കയോ ചെയ്തില്ല. എന്നാൽ സമീപത്തിലുണ്ടായിരുന്ന മറെറല്ലാവരും ദുര്യ്യോധനൻെറ കുററങ്ങളെ വർണ്ണിക്കാൻ തുടങ്ങി.

അവരോടു് ശ്രീകൃഷ്ണൻ ഇങ്ങനെ പറഞ്ഞു. "ക്ഷത്രിയവീരന്മാരെ! അടിപെട്ടു താഴെ വീണു മരിക്കാൻ കിടക്കുന്ന ശത്രുവിനെ ആക്ഷേപിക്കുന്നതു ശരിയല്ല. മൂഢൻ മരണോന്മുഖനായി ഇരിക്കുന്നു. ബാലിശന്മാരുടെ സഹവാസംകൊണ്ടു് ഇയാൾ നശിച്ചു. നമുക്കു് രഥത്തിൽ കയറി പോകാം."

ഭഗ്നപാദനായി തറയിൽ കിടന്നു് പ്രാണവേദന അനുഭവിച്ചുകൊണ്ടിരുന്ന ദുര്യ്യോധനൻ ശ്രീകൃഷ്ണൻെറ വാക്കുകൾ കേട്ടു് കോപാവേശത്താൽ രണ്ടു കൈകളേയും തറയിൽ ഊന്നി പ്രയാസപ്പെട്ടു് എണീറ്റിരുന്നു് കൃഷ്ണനെ നോക്കി ഇങ്ങനെ പറഞ്ഞു. "നീച! നിൻെറ അച്ഛനായ വസുദേവൻ കംസൻെറ ദാസനല്ലേ? നൃപതികളുടെ സഹവാസത്തിനു് നീ അർഹനല്ല. നിർലജ്ജനായി നീ സംസാരിക്കുന്നു. എൻെറ തുടകളെ കാണിച്ചുംകൊണ്ടു് അടിക്കാൻ ഉപദേശിച്ചതു നീ അല്ലേ? ഞാനും ഭീമനും മല്ലയുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ അർജ്ജുനനോടു വർത്തമാനം പറയുന്നുവെന്ന ഭാവത്തിൽ തുടകൾ കാണിച്ചു് ഭീമനു് മനസ്സിലാകത്തക്കവണ്ണം സൂചിപ്പിച്ചതു് ഞാൻ കണ്ടില്ലെന്നാണോ നീ വിചാരിക്കുന്നതു്? നിനക്കു് നാണവും ഭയയും ഇല്ല. പിതാമഹനായ ഭീഷ്മർ മരിച്ചതു് നിൻെറ കൗശലംകൊണ്ടല്ലേ? ശിഖണ്ഡിയെ മുന്നിൽ നിറുത്തി യുദ്ധം ചെയ്യിച്ചതും നീ

അല്ലേ? ധർമ്മപുത്രനെക്കൊണ്ടു് കളവു പറയിച്ചതും തന്നിമിത്തം അധാർമ്മികമായ രീതിയിൽ ദ്രോണർ ആയുധം ത്യജിക്കാൻ സംഗതി വരുത്തിയതും നീയല്ലേ? ആയുധം ഇല്ലാതെ യോഗനിലയിൽ സ്ഥിതിചെയ്തിരുന്ന ആചാര്യനെ കൊടുംപാപിയായ ധൃഷ്ടദ്യുമ്നൻ വധിച്ചതിനെ തടുക്കാതെ നോക്കിക്കൊണ്ടു് നീ സന്തോഷിച്ചില്ലേ? അർജ്ജുനനെ സംഹരിക്കുന്നതിന്നായി സൂക്ഷിച്ചു വച്ചിരുന്ന ശക്തിആയുധത്തെ കർണ്ണൻ ഘടോൽക്കചന്റെമേൽ പ്രയോഗിക്കത്തക്കവണ്ണം ചെയ്യിച്ചതും നിന്റെ വഞ്ചന കൊണ്ടല്ലേ? ഭഗ്നഹസ്തനും പ്രായോപവേശാവസ്ഥയിൽ ഇരുന്നവനും ആയ ഭൂരിശ്രവസ്സിനെ സാത്യകി അന്യായമായിക്കൊന്നതും നിന്റെ പ്രേരണ കൊണ്ടല്ലേ? ഭൂമിയിൽ പുതഞ്ഞുകിടന്നിരുന്ന തന്റെ രഥചക്രത്തെ എടുത്തുകൊണ്ടിരുന്ന കർണ്ണനെ അക്രമമായി അർജ്ജുനൻ വധിച്ചതും നീ പ്രേരിപ്പിച്ചതു കൊണ്ടല്ലേ? അയോഗ്യാ! ഞങ്ങളുടെ നാശത്തിനെല്ലാം കാരണം നീ തന്നെ. സിന്ധുരാജാവായ ജയദ്രഥൻ നിന്റെ മായാവിദ്യകൊണ്ടു് വഞ്ചിക്കപ്പെട്ടു. അതിനാൽ സൂര്യാസ്തമനമായെന്നു വിചാരിച്ചു് തന്നെ കാത്തു രക്ഷിക്കാതെ ഇരുന്ന തക്കം നോക്കി നീ കൊല്ലിച്ചു. അതിനെ ലോകമെല്ലാം നിന്ദിക്കുന്നില്ലേ?" ഇപ്രകാരം ആക്ഷേപവചനങ്ങൾ പറഞ്ഞതിൽപിന്നീടു് വേദന സഹിക്കാൻ പാടില്ലാതെ ദുര്യോധനൻ വീണ്ടും താഴെ വീണു.

ശ്രീകൃഷ്ണൻ പറഞ്ഞു. "ഗാന്ധാരീപുത്രാ! കോപം കൊണ്ടു് നിന്റെ ദേഹത്തെ നീ കാര്യമില്ലാതെ പീഡിപ്പിക്കയാണു്. [illegible]ിന്റെ നാശത്തിന്നു [illegible]ണം [illegible]

പാപങ്ങൾ തന്നെയാണ്. ഞാനല്ല. നിന്റെ ദോഷത്താൽ തന്നെയാണ് ഭീഷ്മരും ദ്രോണരും നശിച്ചത്. കർണ്ണനും മററും മരിച്ചതും നീ കാരണം തന്നെ. പാണ്ഡവന്മാർക്ക് നീ ചെയ്തിട്ടുള്ള അന്യായങ്ങൾ എടുത്തു പറയണോ? ദ്രൗപദിയെ അപമാനിച്ചതിനു് എന്തു ശിക്ഷയാണ് അധികമാകുന്നതു്? നീ ചെയ്തിട്ടുള്ള ദുഷ്കൃത്യങ്ങളുടെ ഫലമായി ഉണ്ടായ ദ്വേഷവും കോപവും എങ്ങനെയാണ് മററുള്ളവരുടെ കുററമാകുന്നതു്? നീ ചെയ്ത മഹാപാപത്തിനു് പ്രതിവിധിയായി ഞങ്ങൾക്ക് ചില ചതിവുകൾ ചെയ്യേണ്ടിവന്നു. ലോഭംകൊണ്ടു നീ ചെയ്തിട്ടുള്ള പാപങ്ങളുടെ ഫലംതന്നെയാണ് നീ യുദ്ധക്കളത്തിൽ അനുഭവിച്ചതു്. എന്നാൽ നീ വീരനെപ്പോലെ മരിച്ചു. ക്ഷത്രിയോചിതമായ വീരസ്വർഗ്ഗം നിനക്കു കിട്ടും."

ദുര്യോധനൻ മറുപടി പറഞ്ഞു. "കൃഷ്ണ! സ്നേഹിതന്മാരോടും സ്വജനങ്ങളോടും കൂടി ഞാൻ സ്വർഗ്ഗത്തിൽ പോകുന്നു. നിങ്ങളെല്ലാം ദുഃഖത്തിൽ മുഴുകി ജീവിച്ചിരിക്കൂ."

ആകാശത്തിൽനിന്നും ദുര്യോധനന്റെമേൽ വീണ്ടും പുഷ്പവൃഷ്ടി ചൊരിഞ്ഞു. ഗന്ധർവ്വന്മാർ വാദ്യഘോഷം മുഴക്കി. ദിക്കുകളെല്ലാം ജ്യോതിർമയമായി പ്രകാശിച്ചു. ഇതുകണ്ടു് ശ്രീകൃഷ്ണനും പാണ്ഡവന്മാരും അല്പം ലജ്ജിച്ചുപോയി.

"ദുര്യോധനൻ പറഞ്ഞതു സത്യമാണ്. വഞ്ചന കൂടാതെ നിങ്ങൾക്ക് അയാളെ ജയിക്കാൻ സാധിക്കയില്ലായിരുന്നു" എന്നു ശ്രീകൃഷ്ണൻ പറഞ്ഞു.

# 95. അശ്വത്ഥാമാവ്

ദുര്യോധനൻെറ അന്ത്യാവസ്ഥയെപ്പററിയുള്ള വിവരങ്ങൾ അശ്വത്ഥാമാവ് അറിഞ്ഞ ഉടൻതന്നെ അദ്ദേഹത്തിന്ന് അളവററ കോപം ഉണ്ടായി. സ്വപിതാവായ ദ്രോണരെക്കൊല്ലുന്നതിന്ന പ്രയോഗിച്ച വഞ്ചനയും ഇപ്പോൾ ദുര്യോധനനെ ഹനിക്കാൻ അവലംബിച്ച യുദ്ധനീതിക്ക് വിരുദ്ധമായ നടപടിയും ഓൎത്ത് അശ്വത്ഥാമാവ് ദുര്യോധനൻ വീണുകിടന്ന സ്ഥലത്തുചെന്ന് അദ്ദേഹത്തിൻെറ അടുക്കൽ ഇങ്ങനെ ശപഥം ചെയ്തു. "ഈ പാണ്ഡവന്മാരെ ഇന്നു രാത്രിതന്നെ ഞാൻ കൊല്ലും."

*　　*　　*　　*　　*

ഇരുൾനിറഞ്ഞ ഒരു കാട്ടിൽ വലുതായ ആലിൻെറ ചുവട്ടിൽ കൃപനും കൃതവൎമ്മാവും അശ്വത്ഥാമാവും വിശ്രമിച്ചിരുന്നു. ആദിത്യൻ അസ്തമിച്ചു. ക്ഷീണംകൊണ്ട് തറയിൽ കിടന്ന് കൃപനും കൃതവൎമ്മാവും ഉറങ്ങിപ്പോയി. എന്നാൽ അശ്വത്ഥാമാവിന്ന് ഉറക്കംവന്നില്ല. കോപവും ദ്വേഷവും വളൎന്ന സൎപ്പത്തെപ്പോലെ അദ്ദേഹം ചീറിക്കൊണ്ടിരുന്നു. രാത്രികാലത്തിൽ ചില ജന്തുക്കൾ ശബ്ദിക്കുന്നതു കേട്ട് അദ്ദേഹം ആലോചനയിൽ ആണ്ടു.

ആ ആലിന്റെ കൊമ്പുകളിൽ കാക്കകളുടെ ഒരു കൂട്ടം ഉറങ്ങിക്കൊണ്ടിരുന്നു. അപ്പോൾ ഒരു വലിയ മൂങ്ങ വന്ന് ഉറങ്ങിക്കിടന്നിരുന്ന കാക്കകളെ ഓരോന്നായി കൊത്തി കൊന്നുകൊണ്ടിരുന്നതു് അശ്വത്ഥാമാവു കണ്ടു. രാത്രിയിൽ കണ്ണുകാണാതെ അലറിക്കൊണ്ട് പ്രാണ

ത്യാഗം ചെയ്ത കാക്കകളെ നോക്കി അശ്വത്ഥാമാവിൻെറ മനസ്സിൽ ഒരു കൗശലം ഉദിച്ചു. അദ്ദേഹം ഇങ്ങനെ ഉറച്ചു. "നീചരായ ഈ പാണ്ഡവന്മാരേയും അച്ഛനെ കൊന്ന പാഞ്ചാലനേയും അവരെ സംബന്ധിച്ച സകലരേയും ഈ മൂങ്ങ കാക്കകളെ കൊന്നതുപോലെ അവർ ഉറങ്ങി വിശ്രമിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തു പ്രവേശിച്ചു് അനായാസേന കൊന്നുകളയാം. പാണ്ഡവന്മാർ നടത്തിയ അധർമ്മയുദ്ധത്തിനു പ്രതിക്രിയയായി ഇങ്ങനെതന്നെ ചെയ്യാം. ഈ മൂങ്ങ എനിക്കു വഴി കാണിച്ചു് ഉപദേശം നല്കുകയിരിക്കുന്നു. സന്ദർഭം അനുസരിച്ചു് പുതിയ രീതിയിൽ യുദ്ധം ചെയ്യുന്നതിൽ അന്യായം ഒന്നുമില്ല. ശത്രുക്കൾ ക്ഷീണിച്ചിരിക്കുമ്പോഴും സൈന്യബലം കുറഞ്ഞിരിക്കുമ്പോഴും ആക്രമിക്കാമെന്നു് ശാസ്ത്രപ്രമാണം ഉണ്ടല്ലോ. ബലഹീനന്മാരായ നമ്മൾ ഉറങ്ങിക്കിടക്കുന്ന അവരെ ആക്രമിക്കുന്നതിൽ എന്തു ദോഷമാണുള്ളതു്? അങ്ങനെ ചെയ്താൽ മാത്രമേ അക്രമമായി ജയം നേടിയ ഈ പാണ്ഡവന്മാരെ തോല്പിക്കാൻ സാധിക്കയുള്ളൂ."

ഇങ്ങനെ ഉറച്ച ഉടൻ കൃപനെ ഉണർത്തി തന്റെ നിശ്ചയം അറിയിച്ചു. അശ്വത്ഥാമാവിൻെറ സങ്കല്പം കേട്ടു് കൃപൻ പറഞ്ഞു. "ഇതു് ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണു്. ലോകത്തിൽ ഇതുവരെ നടക്കാത്ത ഒരു അക്രമമായിരിക്കും ഇതു്. യാതൊരുവനു വേണ്ടി നമ്മൾ യുദ്ധം ചെയ്തുവോ ആ രാജാവു് മരിച്ചു പോയിരിക്കുന്നു. നമ്മളുടെ കർത്തവ്യം വേണ്ടവണ്ണം യോഗ്യമായി നമ്മൾ നിറവേററിക്കഴിഞ്ഞു. ലോഭിയും ബുദ്ധിശൂന്യനുമായ ദുര്യോധനനു വേണ്ടി [illegible] യുദ്ധം ചെയ്തു

എന്നാൽ നമ്മൾ തോററു പോയി. ഇനിമേൽ ഈ കാൎയ്യം നിഷ്ഫലമായതിനാൽ നമ്മൾ ത്യജിക്കേണ്ടതാണു്. നമ്മൾ ചെന്നു് മഹാരാജാവായ ധൃതരാഷ്ട്രരോടും പുണ്യശ്ലോകയായ ഗാന്ധാരിയോടും ആലോചിക്കാം. അവർ പറയുന്നതനുസരിച്ചു് നമുക്കു പ്രവൃത്തിക്കാം. ബുദ്ധിമാന്മാരിൽ അഗ്രേസരനായ വിദുരരോടും ചോദിക്കാം. അവർ യോഗ്യമായ ഉപദേശം നല്കും. അതുപോലെ നമുക്കു പ്രവൃത്തിക്കാം."

അശ്വത്ഥാമാവിനു് ശോകവും കോപവും അധികമാവുകയാണു ചെയ്തതു്. അദ്ദേഹം ഇപ്രകാരം പറഞ്ഞു. "ഓരോരുത്തരുടെയും ബുദ്ധിയിൽ അവനവൻ വിചാരിക്കുന്നതു ശരിയെന്നു തോന്നും. പാണ്ഡവന്മാർ ദുൎയ്യോധനനേയും എന്റെ അച്ഛനേയും അത്യന്തം അധാൎമ്മികമായ രീതിയിലാണു് കൊന്നതു്. അതുകൊണ്ടു് അതിനു പകരമായി ഞാൻ നിശ്ചയിച്ചിരിക്കുന്നപ്രകാരം ചെയ്യുന്നതുതന്നെയാണു ശരിയെന്നു് എനിക്കു തോന്നുന്നു. ഇങ്ങനെ ചെയ്താൽ മാത്രമേ രാജാവിനും അച്ഛനും കൊടുത്തുതീൎക്കേണ്ട കടംവീട്ടുകയുള്ളു. ഇതു് എന്റെ സുനിശ്ചിതമായ സങ്കല്പമാണു്. ഇന്നു രാത്രി പാണ്ഡവന്മാരുടെ ശിബിരത്തിൽ പ്രവേശിച്ചു് ആയുധമില്ലാതെ ഉറങ്ങുന്ന ധൃഷ്ടദ്യുമ്നനേയും പാണ്ഡവന്മാരേയും ഞാൻ സംഹരിക്കും."

അശ്വത്ഥാമാവിന്റെ വാക്കുകൾ കേട്ടു് കൃപൻ വളരെ ദുഃഖിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "നിനക്കു് വിശ്വവിഖ്യാതമായ കീൎത്തി ഉണ്ടു്. ഇതുവരെ നിഷ്കളങ്കമായിരു[illegible]ിന്റെ സൽകീൎത്തി[illegible]വസ്ത്ര

ത്തിൽ രക്തംതളിച്ചാലെന്നവണ്ണം ഈ പ്രവൃത്തികൊണ്ടു് നശിച്ചുപോകും. ഉറങ്ങിക്കിടക്കുന്നവരെ കൊല്ലുന്നതു് ഒരുവിധത്തിലും ധർമ്മമാകയില്ല. അങ്ങനെ ചെയ്യരുതു്."

അശ്വത്ഥാമാവു് മറുപടി പറഞ്ഞു. "അങ്ങു് എന്താണു പറയുന്നതു്? ആയുധങ്ങളെല്ലാം ഉപേക്ഷിച്ചു് യുദ്ധംചെയ്യാതെ നിന്നിരുന്ന എന്റെ അപ്പനെ ഈ പാണ്ഡവന്മാർ നിർദ്ദയം കൊന്നില്ലേ? ധർമ്മമാകുന്ന സേതുവിനെ ഇവരാണു ഭംഗംചെയ്തതു്. ഇനിമേൽ എന്തു ധർമ്മമാണു് അവശേഷിച്ചിരിക്കുന്നതു്? രഥത്തെ വിട്ടു തറയിൽ ഇറങ്ങി മണ്ണിൽ പുതഞ്ഞുകിടന്ന രഥചക്രത്തെ എടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന കർണ്ണനെ അക്രമമായ രീതിയിലല്ലേ ഇവർ ആക്രമിച്ചു കൊന്നതു്? ഭീമൻ ദുര്യോധനന്റെ നാഭിക്കു താഴെ അടിച്ചു് അദ്ദേഹത്തെ കൊന്നില്ലേ? ഇനിമേൽ ധർമ്മം എവിടെ ഇരിക്കുന്നു? പാണ്ഡവന്മാർ ധർമ്മത്തെ നിശ്ശേഷം ഭംഗംചെയ്തു കഴിഞ്ഞിരിക്കുന്നു. സീമയെ ലംഘിച്ചു് അധർമ്മത്തിൽ ആണ്ടുകിടക്കുന്ന ഈ നീചന്മാരുടെ കാര്യത്തിൽ ധർമ്മത്തെപ്പററി എന്താണു് ആലോചിക്കാനിരിക്കുന്നതു്? എന്റെ പിതൃഘാതകനായ പാഞ്ചാലനെ ഉറങ്ങിക്കിടക്കുമ്പോൾ കൊല്ലുന്നതുകൊണ്ടു് കീടമായോ പതംഗമായോ ജനിച്ചാലും അതുതന്നെയാണു് ഞാൻ ആഗ്രഹിക്കുന്നതു്." ഇങ്ങനെ തന്റെ ദൃഢനിശ്ചയത്തെ പറഞ്ഞുകേൾപ്പിച്ചു് കുതിരകളെ പൂട്ടി രഥത്തിൽ കയറി ശത്രുക്കൾ വിശ്രമിക്കുന്ന സ്ഥലത്തേക്കു് അശ്വത്ഥാമാവു് പുറപ്പെട്ടു.

ഇതുകണ്ട കൃപനും കൃതവർമ്മാവും ഇങ്ങനെ പറഞ്ഞു. "അശ്വത്ഥാമാവേ! നീ എന്തു പ്രവൃത്തിക്കാണ് പോകുന്നത്? നീ തനിച്ചു പോകേണ്ട. നീ പോകുന്ന വഴിയിൽ ഞങ്ങളും വരുന്നു. എന്തു പാപമായാലും അതിൽ ഞങ്ങളും പങ്കുകൊള്ളാം." അനന്തരം അശ്വത്ഥാമാവിനെ അനുഗമിച്ചു.

*　　　　*　　　　*　　　　*

ധൃഷ്ടദ്യുമ്നൻെറ വിശ്രമഗൃഹത്തിൽ അവർ പ്രവേശിച്ചു. കവചം അഴിച്ച് അദ്ദേഹം ഗാഢനിദ്രയിൽ ആണ്ടിരുന്നു. ഉറങ്ങിക്കൊണ്ടിരുന്ന ആ വീരൻെറമേൽ അശ്വത്ഥാമാവ് കുതിച്ചു കയറി കാൽകൊണ്ടു തൊഴിച്ച് ഘോരമായ രീതിയിൽ കൊന്നു. അതുപോലെതന്നെ പാഞ്ചാലന്മാരേയും ദ്രൗപദീകുമാരന്മാരേയും അശ്വത്ഥാമാവ് സംഹരിച്ചു.

ഇങ്ങനെ അതുവരെ ആരും അനുഷ്ഠിക്കാത്ത അതിഭയങ്കരമായ കൃത്യം കൃപനും കൃതവർമ്മാവും അശ്വത്ഥാമാവും ചെയ്തതിൽ പിന്നീട് ആ ഗൃഹത്തിന് തീവച്ചു. അഗ്നിബാധകൊണ്ട് ഉറങ്ങിക്കിടന്നവർ ഉണർന്നു. കാര്യമൊന്നും മനസ്സിലാകാതെ അവർ അങ്ങുമിങ്ങും ഓടിത്തുടങ്ങി. അങ്ങനെ ഓടാൻ ശ്രമിച്ചവരെയും അശ്വത്ഥാമാവ് നിർദ്ദയം കൊന്നുകളഞ്ഞു.

പിന്നീട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. "നമ്മൾ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇനിയും നമുക്ക് സന്തോഷത്തോടെ ദുര്യോധനൻെറ അടുക്കൽ പോകാം. ജീവനോടുകൂടിയിരിക്കുകയാണെങ്കിൽ തൃപ്തി നല്കുന്ന ഈ വർത്തമാനം പറഞ്ഞുകേൾപ്പിക്കാം." പിന്നീട് ആസന്നമരണനായിക്കിടന്ന ദുര്യോധനൻെറ സമീപത്തേക്കു മ[illegible]ം പോയി[illegible]

# 96. വിലപിക്കുന്നതുകൊണ്ടു് ഫലം എന്തു്?

അശ്വത്ഥാമാവു പറഞ്ഞു. "ഹേ ദുര്യോധന! അങ്ങു് ജീവിച്ചിരിക്കുന്നുവോ? അങ്ങയുടെ ഹൃദയം ആശ്വസിക്കും ഞങ്ങൾ ചെയ്തതു പറയാം കേൾക്കുക. പാഞ്ചാലരേയെല്ലാം കൊന്നൊടുക്കി. പാണ്ഡവകുമാരന്മാരും മരിച്ചു. രാത്രിയിൽ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ സൈന്യത്തെയെല്ലാം ഞങ്ങൾ നശിപ്പിച്ചു. പാണ്ഡവപക്ഷത്തിൽ ഏഴുപേർ മാത്രമേ ശേഷിച്ചിട്ടുള്ളു. നമ്മളുടെ പക്ഷത്തിൽ കൃപരും കൃതവർമ്മാവും ഞാനും ഉണ്ടു്.

"പിതാമഹനായ ഭീഷ്മരും വീരനായ കർണ്ണനും ചെയ്യാത്ത കാര്യം എനിക്കുവേണ്ടി അങ്ങു ചെയ്തു" എന്നുപറഞ്ഞു ദുര്യോധനൻ സസന്തോഷം പ്രാണനെ ഉപേക്ഷിച്ചു.

*　　*　　*　　*

രാത്രിയിൽ അപ്രതീക്ഷിതമായ രീതിയിൽ ആക്രമിക്കപ്പെട്ട സൈന്യം നശിച്ചുവെന്നറിഞ്ഞു യുധിഷ്ഠിരൻ ശോകാകുലനായി ഇങ്ങനെ പറഞ്ഞു. "വിജയം സിദ്ധിച്ച അവസരത്തിൽ നമുക്കു് വലുതായ പരാജയം സംഭവിച്ചു. പരാജിതന്മാർക്കു് വിജയം സിദ്ധിച്ചിരിക്കുന്നു. മഹാവീരനും ശൂരനുമായ കർണ്ണന്റെ അടുക്കൽനിന്നും രക്ഷപ്രാപിച്ച ദ്രൗപദീപുത്രന്മാർ നമ്മളുടെ അശ്രദ്ധകൊണ്ടു് കീടങ്ങളെപ്പോലെ നശിച്ചിരിക്കുന്നു. വലിയ സമുദ്രത്തെ കടന്ന ക[illegible] കുട്ടവി[illegible] ചെറുചാലിൽ

വന്നു് മറിയുന്നതുപോലെ നമുക്കു നാശം സംഭവിച്ചിരിക്കുന്നു."

പുത്രഹീനയായ ദ്രൗപദി അസഹനീയമായ ശോകത്തിൽ നിമഗ്നയായി ധർമ്മപുത്രന്റെ സമീപം വന്നു് "പാപിയായ അശ്വത്ഥാമാവിനെ കൊല്ലാൻ ആരുമില്ലയോ?" എന്നു് ചോദിച്ചു.

ദ്രൗപദിയുടെ വാക്കുകൾ കേട്ട ഉടനെ പാണ്ഡവന്മാർ പുറപ്പെട്ടു. പല സ്ഥലത്തും അന്വേഷിച്ചു് ഒടുവിൽ ഗംഗാതീരത്തിൽ വ്യാസന്റെ അടുക്കൽ ഒളിച്ചിരുന്ന അശ്വത്ഥാമാവിനെ അവർ കണ്ടുപിടിച്ചു. ശ്രീകൃഷ്ണനെയും പാണ്ഡവന്മാരേയും കണ്ടപ്പോൾ "ഇതു പാണ്ഡവവംശത്തെ നിശ്ശേഷം നശിപ്പിക്കട്ടെ" എന്നു മന്ത്രപൂർവ്വം ചൊല്ലി ഒരു തൃണമെടുത്തു് അസ്ത്രമായി അയച്ചു. അതു ഉത്തരയുടെ ഗർഭത്തിൽ പ്രവേശിച്ചു.

പാണ്ഡവവംശം അതോടുകൂടി അടയാളംപോലും അവശേഷിക്കാതെ നിശ്ശേഷം നശിച്ചിരിക്കുമായിരുന്നു. എന്നാൽ ശ്രീകൃഷ്ണന്റെ അനുഗ്രഹത്താൽ ആ ഗർഭത്തിലിരുന്ന ജീവൻ രക്ഷപ്പെട്ടു. അതുതന്നെയാണു് പരീക്ഷിത്തുമഹാരാജാവായി ജനിച്ചു് പാണ്ഡവവംശത്തെ നിലനിറുത്തിയതു്.

*　　*　　*　　*

ശിരസ്സിലിരുന്ന ജ്യോതിഃപൂർണ്ണമായ ചൂഡാമണിയെടുത്തു് തന്റെ പരാജയത്തിന്റെ ചിഹ്നമായി ഭീമന്റെ അടുക്കൽകൊടുത്തു് അശ്വത്ഥാമാവു് വനത്തിലേയ്ക്കു പോയി. ആ [illegible] ഭീമൻ [illegible] കൊടുത്തു്

ങ്ങനെ പറഞ്ഞു. "ഈ മണി നിനക്കായി ഞാൻ കൊണ്ടുവന്നിരിക്കുന്നു. നിന്റെ പുത്രഹന്താവു ജയിക്കയില്ല. ദുര്യോധനൻ ഹതനായി. ദുശ്ശാസനന്റെ ചുടുരക്തം ഞാൻ പാനം ചെയ്തു. എന്റെ ഋണങ്ങളെല്ലാം ഞാൻ വീട്ടിക്കഴിഞ്ഞു. എന്റെ കർത്തവ്യങ്ങൾ ഞാൻ നിറവേററിയിരിക്കുന്നു." ദ്രൗപദി ആ മണിയെ വാങ്ങി യുധിഷ്ഠിരന്റെ കയ്യിൽ കൊടുത്തു വിനയപൂർവം വണങ്ങി ഇപ്രകാരം അറിയിച്ചു. "നിഷ്കളങ്കനും നൃപശ്രേഷ്ഠനുമായ അവിടുന്നുതന്നെയാണ് ഈ മണി ധരിക്കുന്നതിന് സർവ്വഥാ യോഗ്യൻ."

യുദ്ധാനന്തരം ഹസ്തിനപുരത്തിലെ സ്ത്രീകളുടേയും ബാലന്മാരുടേയും വിലാപധ്വനി എല്ലാ ദിക്കുകളിലും വ്യാപിച്ചു. അനേകായിരം സ്ത്രീകളേയും കൂട്ടിക്കൊണ്ട് ധൃതരാഷ്ട്രർ യുദ്ധഭൂമിയിൽ ചെന്നു. ഘോരമായ കുലനാശം സംഭവിച്ച ആ കുരുക്ഷേത്രത്തിൽ അന്ധനായ രാജാവ് കഴിഞ്ഞുപോയ സംഭവങ്ങൾ സ്മരിച്ച് വിലപിച്ചു. എന്നാൽ വിലാപംകൊണ്ടു ഫലം എന്ത്?

---

## 97. ആരാണ് ആശ്വാസം നല്കുന്നത്

സഞ്ജയൻ ധൃതരാഷ്ട്രരോടു പറഞ്ഞു. "ദുഃഖം ഉള്ളവർക്ക് മററാളുകൾ സമാധാനം പറഞ്ഞു ദുഃഖത്തെ അകററാൻ സാധിക്കയില്ല. അനേകം രാജാക്കന്മാർ അങ്ങയുടെ പുത്രന്മാരെ [illegible] ത്യാഗം [illegible]ന്നു. അവർക്കും

അതുപോലെ മരിച്ചിട്ടുള്ള മററുള്ളവക്കും വിധിപ്രകാരമുള്ള സംസ്കാരങ്ങൾ നടത്തണം."

വിദുരനും ധൃതരാഷ്ട്രരുടെ ശോകം മാററുന്നതിന്നായി പ്രയത്നിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു. യുദ്ധത്തിൽ മരിച്ചവരെപ്പററി ദുഃഖിക്കുന്നതു ശരിയല്ല. ദേഹം വിട്ടു പിരിഞ്ഞിട്ടുള്ള ആത്മാവിന്നു ജ്യേഷ്ഠാനുജന്മാർ, ബന്ധുക്കൾ എന്നിത്യാദി പരസ്പരബന്ധങ്ങൾ ഒന്നുമില്ല. അങ്ങയുടെ മക്കൾ യഥാത്ഥത്തിൽ അങ്ങേയ്ക്കു ബന്ധപ്പെട്ടവരല്ല. ദേഹബന്ധം മരണത്തോടുകൂടി അവസാനിക്കുന്നു. അദൃശ്യത്തിൽനിന്നും ജീവൻ ആവിർഭവിക്കയും വീണ്ടും അദൃശ്യത്തിൽതന്നെ ലയിക്കയും ചെയ്യുന്നു. അതിനുവേണ്ടി വിലപിക്കുന്നതു് എന്തിന്നു? യുദ്ധം ചെയ്തു മരിച്ച വീരന്മാർ ഇന്ദ്രന്റെ അതിഥികളായിരിക്കുന്നു. കഴിഞ്ഞുപോയതിനെപ്പററി ദുഃഖിക്കുന്നതുകൊണ്ടു് ധമ്മമോ മററു പുരുഷാത്ഥങ്ങളോ അങ്ങേയ്ക്കു ലഭിക്കുന്നതല്ല." ഇങ്ങനെയുള്ള പല തത്വങ്ങളും എടുത്തു പറഞ്ഞു് വിദുരൻ ധൃതരാഷ്ട്രരെ സമാധാനപ്പെടുത്താൻ ശ്രമിച്ചു.

വ്യാസനും സ്നേഹപൂർവ്വം ധൃതരാഷ്ട്രരോടു് ഇപ്രകാരം പറഞ്ഞു. "വത്സ! നിനക്കു് അറിയാൻ പാടില്ലാത്തതും ഞാൻ പറഞ്ഞുതരേണ്ടതുമായി യാതൊന്നും ഇല്ല. ജീവികളെല്ലാം അനിത്യമാണെന്നു് നീ നല്ലവണ്ണം ധരിച്ചിട്ടുണ്ടല്ലോ. ഈ യുദ്ധം ഭൂഭാരം കുറയ്ക്കുന്നതിന്നായി സംഭവിച്ചിട്ടുള്ളതാണു്. ലോകനിയന്താവായ മഹാവിഷ്ണു ഇതിനെപ്പററി പറഞ്ഞിട്ടുള്ളതു ഞാൻ നേരിട്ടു കേട്ടിട്ടുണ്ടു്. അ[illegible]ന്നയ[illegible] ഞ[illegible]ദ്ധമത്ത തട്ടു

ക്കാൻ സാധിക്കാതെ വന്നതു്. ഇനിമേൽ യുധിഷ്ഠിരൻ തന്നെയാണു് നിനക്കു മകനായിട്ടുള്ളതു്. അവനെ സ്നേഹിച്ചുംകൊണ്ടു് നീ ജീവിച്ചിരിക്കണം. ശോകം ത്യജിക്കുക."

പിന്നീടു യുധിഷ്ഠിരൻ വന്നുചേൎന്നു. വിലപിച്ചുകൊണ്ടിരുന്ന സ്ത്രീകളുടെ കൂട്ടത്തെ കടന്നു് ധൃതരാഷ്ട്രരുടെ സമീപത്തിൽ എത്തി അദ്ദേഹത്തെ ധൎമ്മപുത്രൻ വണങ്ങിനിന്നു. ശോകപീഡിതനായ ധൃതരാഷ്ട്രൻ യുധിഷ്ഠിരനെ ആലിംഗനം ചെയ്തു. എന്നാൽ ആ ആലിംഗനത്തിൽ സ്നേഹം ഇല്ലായിരുന്നു.

അനന്തരം ഭീമസേനനോടു് "വരുക" എന്നു പറഞ്ഞു ധൃതരാഷ്ട്രർ വിളിച്ചപ്പോൾ ശ്രീകൃഷ്ണഭഗവാൻ മുൻകരുതലോടുകൂടി ഭീമനെ മാററി നിറുത്തി ഇരുമ്പുകൊണ്ടു് നിൎമ്മിക്കപ്പെട്ട പ്രതിമയെ അന്ധനായ രാജാവിൻെറ മുന്നിൽ നിറുത്തി. ധൃതരാഷ്ട്രർ കോപാവിഷ്ടനായിരുന്നതുകൊണ്ടാണു് ശ്രീകൃഷ്ണൻ ഇങ്ങനെ ചെയ്തതു്. ആ ഇരുമ്പുപ്രതിമ ഭീമസേനൻ തന്നെയാണെന്നു വിചാരിച്ചു് അതിനെ ധൃതരാഷ്ട്രർ രണ്ടു കൈകളും കൊണ്ടും കെട്ടിപ്പിടിച്ചു് ആലിംഗനം ചെയ്തു. അങ്ങനെ ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ ഭീമൻ തൻെറ പുത്രഹന്താവാണെന്നു് പെട്ടെന്നു് ഓൎമ്മവന്നു. താൻ അറിയാതെതന്നെ ആ പ്രതിമയെ ബലമായി പിടിച്ചു് പൊടിച്ചുകളഞ്ഞു.

അനന്തരം "അയ്യോ! എൻെറ കോപം എന്നെ വഞ്ചിച്ചു. ഭീമൻ മരിച്ചുപോയല്ലോ" എന്നു പറഞ്ഞു് ധൃതരാഷ്ട്രർ വി[illegible]ച്ചു.

അപ്പോൾ ശ്രീകൃഷ്ണൻ അന്ധനായ രാജാവി നോട്ട് ഇങ്ങനെ പറഞ്ഞു. "അങ്ങയുടെ കോപം ഈ വിധം പ്രവർത്തിക്കുമെന്ന് എനിക്കു നേരത്തെ അറിയാമായിരുന്നു. അങ്ങു പൊടിച്ചുകളഞ്ഞതു് ഭീമസേനനെയല്ല. ഒരു ഇരുമ്പുപ്രതിമയെയാണ്. അങ്ങയുടെ ക്രോധാവേശം പ്രതിമാഭംഗത്തോടുകൂടി ശമിക്കട്ടെ. ഭീമൻ ജീവനോടുകൂടിത്തന്നെ ഇരിക്കുന്നു."

കോപാവേശം ശമിച്ചു് ഭീമസേനൻ മുതലായ പാണ്ഡവന്മാരെയെല്ലാം വൃദ്ധനായ രാജാവു് അനുഗ്രഹിച്ചു അദ്ദേഹത്തിൻെറ അനുമതിയോടുകൂടി സകലരും ഗാന്ധാരിയുടെ സമീപത്തു ചെന്നു.

* * * *

ആ സാധ്വിയുടെ അടുക്കൽ വ്യാസനും ഉണ്ടായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "വത്സേ! പാണ്ഡവന്മാരോടു കോപിക്കരുതു്. യുദ്ധത്തിനു മുമ്പു് 'ധർമ്മം എവിടെയോ അവിടെ ജയം ഉണ്ടായിരിക്കും' എന്നു് നീ തന്നെ പറഞ്ഞില്ലേ. അപ്രകാരം തന്നേയാണു സംഭവിച്ചതും. കഴിഞ്ഞുപോയ കാര്യത്തിൽ മനസ്സു നിറുത്തി നീ കോപിക്കരുതു്. നിൻെറ സ്വാഭാവികമായ ക്ഷമ ഇപ്പോൾ പ്രയോജനപ്പെടട്ടെ?"

ഗാന്ധാരി മറുപടി പറഞ്ഞു. "ഹേ ഭഗവൻ! പാണ്ഡവന്മാരോടു് എനിക്കു് അസൂയയില്ല. പുത്രശോകത്താൽ എൻെറ ബുദ്ധി കുഴങ്ങിയിരിക്കുന്നുവെന്നതു ഞാൻ സമ്മതിച്ചുകൊള്ളുന്നു. പാണ്ഡവന്മാരും എൻെറ സന്താനങ്ങൾ തന്നെ. ഈ കുലനാശത്തിനു് കാരണം ദുശ്ശാസനനും ശകുനി[illegible]ന്നു് [illegible]ിക്കു് അറിയാം.

ഭീമനും അർജ്ജുനനും നിരപരാധികളാണ്. അഹങ്കാരം കൊണ്ടാണു യുദ്ധം നേരിട്ടതു്. എൻെറ പുത്രന്മാർ മരിച്ചതു യുക്തംതന്നെ. ആ സംഗതിയെക്കുറിച്ചു് ഞാൻ ഒന്നും പറയുന്നില്ല. എന്നാൽ ശ്രീകൃഷ്ണൻെറ സമക്ഷത്തിൽവച്ചുതന്നെയാണു് ഭീമൻ ദുര്യോധനനെ യുദ്ധത്തിനു വിളിച്ചതും യുദ്ധം നടത്തിയതും. മല്ലയുദ്ധത്തിൽ ദുര്യോധനനു് തന്നെക്കാൾ നൈപുണ്യമുണ്ടെന്നറിഞ്ഞു് അയാളുടെ നാഭിയുടെ താഴെയായി ഭീമസേനൻ അടിച്ചു് അയാളെ കൊന്നുകളഞ്ഞു. ഇതു് എനിക്കു് സഹിക്കാൻ സാധിക്കുന്നില്ല.

അതുകേട്ടു് ഭീമൻപറഞ്ഞു:—"അമ്മേ! യുദ്ധത്തിൽ ആത്മരക്ഷയ്ക്കായി ഞാൻ ഇങ്ങനെ ചെയ്തതാണു്. അതു് ധർമ്മമായാലും അധർമ്മമായാലും അമ്മ ക്ഷമിക്കണം. അമ്മയുടെ പുത്രൻ അജേയനാണു്. അതുകൊണ്ടു് ഞാൻ അക്രമം പ്രവർത്തിച്ചു. എന്നാൽ അയാൾ യുധിഷ്ഠിരനെ ചൂതുകളിക്കാൻ ക്ഷണിച്ചു വഞ്ചിച്ചു. ഞങ്ങളെയെല്ലാം പല പ്രാവശ്യവും അയാൾ വഞ്ചിക്കയും ദ്രോഹിക്കയും ചെയ്തിട്ടുണ്ടു്. അക്രമമായി കൈവശപ്പെടുത്തിയ രാജ്യത്തെ തിരിച്ചുതരികയില്ലന്നു് അയാൾ ശഠിച്ചു. പതിവ്രതയായ ദ്രൗപദിയോടു് അയാൾ പെരുമാറിയതു് ഏതു പ്രകാരമെല്ലാമാണെന്നു് അമ്മയ്ക്കു നല്ലവണ്ണം അറിയാമല്ലോ. അക്രമവും അന്യായവും അവലംബിച്ച അയാളെ ആ സഭയിൽവച്ചു് അന്നുതന്നെ ഞങ്ങൾ കൊന്നിരുന്നാൽ അതു തെറ്റാണെന്നു് അമ്മ നിശ്ചയമായും പറയുകയില്ല. ധർമ്മപുത്രൻെറ പ്രതിജ്ഞയാൽ ബദ്ധരായിരുന്നതു കൊണ്ടു് അന്നു യാതൊരു പ്രതിക്രിയയും ചെയ്യാതെ

ഞങ്ങൾ നോക്കിക്കൊണ്ടിരുന്നു. ഇപ്പോൾ യുദ്ധത്തിൽ ഞങ്ങൾ വൈരനിര്യാതനം ചെയ്തു. അമ്മ ക്ഷമിക്കണം. വ്യസനിക്കരുത്."

ഗാന്ധാരി പറഞ്ഞു—"വത്സ! എൻെറ നൂറുമക്കളിൽ ഒരാളെ മാത്രം ജീവനോടെ വിട്ടിട്ട് മറെറല്ലാപേരേയും കൊന്ന് നിന്റെ കോപം തീർത്തിരുന്നാൽ വൃദ്ധരായ ഞങ്ങൾക്കു രണ്ടുപേക്കും ഒരു അവലംബമുണ്ടാകുമായിരുന്നു. ധർമ്മപുത്രൻ എവിടെ? അയാളെ വിളിക്കുക."

ഇതുകേട്ടപ്പോൾ ധർമ്മപുത്രൻ നടുങ്ങി. അദ്ദേഹം സാഞ്ജലിഹസ്തനായി, വസ്ത്രംകൊണ്ടു് കണ്ണു മൂടിക്കെട്ടിയിരുന്ന ഗാന്ധാരിയുടെ അടുക്കൽ ചെന്ന് വന്ദിച്ചിട്ട് ഇങ്ങനെ പറഞ്ഞു—"ദേവി! അമ്മയുടെ പുത്രഘനാവും ക്രൂരനുമായ യുധിഷ്ഠിരൻ ഇതാ ഭവതിയുടെ മുമ്പിൽ നില്ക്കുന്നു. എന്നെ ശപിക്കുന്നതു് ഉചിതം തന്നെ. ദേവി ശപിച്ചാലും. ഞാൻ ദ്രോഹം പ്രവർത്തിച്ചു. ഇനിമേൽ എനിക്ക് ജീവിതംമാ രാജ്യംമാ കൊണ്ടു് യാതൊരു പ്രയോജനവും ഇല്ല." ഇത്രയും പറഞ്ഞിട്ട് യുധിഷ്ഠിരൻ ഗാന്ധാരിയുടെ പാദങ്ങളിൽ വീണു് സാഷ്ടാംഗം നമസ്കരിച്ചു.

ഗാന്ധാരി ദീർഘശ്വാസത്തോടുകൂടി യാതൊന്നും പറയാതെ നിന്നു. തൻെറ ദൃഷ്ടി യുധിഷ്ഠിരനിൽ പതിഞ്ഞാൽ ആ നിമിഷത്തിൽതന്നെ അദ്ദേഹം ഭസ്മമായിപ്പോകുമെന്നു് ഗാന്ധാരിക്കറിയാമായിരുന്നു. അതുകൊണ്ടു് ആ വീരമാതാവു് അദ്ദേഹത്തെ നോക്കാതെ മറെറാരു ഭാഗത്തേക്കു മുഖം തിരിച്ചുകളഞ്ഞു. എങ്കിലും കണ്ണുകളെ

മറച്ചിരുന്ന വസ്ത്രത്തിന്റെ ഇടയിൽക്കൂടി യുധിഷ്ഠിരന്റെ കാൽവിരലുകളെമാത്രം നോക്കി. ആ വിരലുകൾ ഉടൻ തന്നെ വിരൂപപ്പെട്ടുപോയി എന്നു് പുരാണകർത്താവു പറഞ്ഞിരിക്കുന്നു.

ശോകാകുലയായ ഗാന്ധാരിയുടെ കോപാവേഗത്തെ ഭയന്നു് അർജ്ജുനൻ ശ്രീകൃഷ്ണന്റെ പിന്നിൽ മറഞ്ഞു നിന്നു.

അനന്തരം അഭിജ്ഞയും പുണ്യവതിയുമായ ഗാന്ധാരി കോപത്തെ അടക്കി പാണ്ഡവന്മാരെ അനുഗ്രഹിച്ചിട്ടു് അവരെ കുന്തിയുടെ സമീപത്തിലേക്കു പറഞ്ഞയച്ചു.

പിന്നീടു്, പുത്രനാശം ഓർത്തു വിലപിച്ചുകൊണ്ടിരുന്ന ദ്രൗപദിയോടു് ഗാന്ധാരി ഇങ്ങനെ പറഞ്ഞു— "വത്സേ! ദുഃഖിക്കരുതു്. നിന്നെയും എന്നെയും ആരാണു് ആശ്വസിപ്പിക്കാൻ പോകുന്നതു്? എന്റെ കുററംകൊണ്ടു തന്നെയാണു് ഈ കുലം ഇങ്ങനെ നശിച്ചതു്."

---

## 98. "ഞങ്ങൾ ജ്യേഷ്ഠനെ കൊന്നല്ലോ"

യുദ്ധത്തിൽ മരിച്ചവരുടെ ആത്മശാന്തിക്കായി എള്ളും വെള്ളവും കൊണ്ടു ബലികഴിച്ചു് ഗംഗാതീരത്തിൽ ഒരു മാസകാലം പാണ്ഡവന്മാർ താമസിച്ചു.

* * * *

ഒരു ദിവസം നാരദൻ അവിടെ വന്നു് ഇങ്ങനെ പറഞ്ഞു. "ധർമ്മപുത്ര! ശ്രീകൃഷ്ണന്റെ അനുഗ്രഹവും അർജ്ജുനന്റെ ബലവും നിന്റെ ധർമ്മനിഷ്ഠയും കൊണ്ടു്

ജയം കൈവന്നു. നിങ്ങൾ ഇപ്പോൾ ചക്രവർത്തിയാണു്. എന്നാൽ ഇതുകൊണ്ടു് നിങ്ങൾക്കു സന്തോഷം ഉണ്ടോ?"

ധർമ്മപുത്രൻ മറുപടി പറഞ്ഞു. "ഹേ ഭഗവൻ! എനിക്കു രാജ്യം ലഭിച്ചുവെന്നതു സത്യം തന്നെ. എന്നാൽ എൻെറ സ്വജനങ്ങളും കൂട്ടുകാരും മരിച്ചു. എനിക്കു് ഏത്രയും വാത്സല്യമുള്ള രാജകുമാരന്മാരെ ഞാൻ ബലികഴിച്ചു. ഈ ജയം വലുതായ പരാജയം പോലെയാണു് എനിക്കു തോന്നുന്നതു്. അലംഘ്യമായ നിയമനിഷ്ഠയും ലോകവിസ്മാപകമായ വീർയ്യപരാക്രമവു മുണ്ടായിരുന്ന ഞങ്ങളുടെ ജ്യേഷ്ഠനായ കർണ്ണനെ ശത്രു വെന്നു കരുതി ഞങ്ങൾ കൊന്നുകളഞ്ഞു. രാജ്യലാഭ ത്തിൽ ആശ വച്ചതുകൊണ്ടു് ഈ മഹാപാപവും ഞങ്ങൾ ചെയ്തു. അദ്ദേഹമാവട്ടെ അമ്മയുടെ അടുക്കൽ വാഗ്ദാനം ചെയ്തതിനെ പരിപാലിച്ചു് ഞങ്ങളെ കൊല്ലാതെ പ്രാണ രക്ഷ നല്കി. ഇങ്ങനെയുള്ള ജ്യേഷ്ഠനെ കൊന്ന നീച നായ ഞാൻ അത്യന്തം പരിതപിക്കുന്നു. കർണ്ണൻെറ പാദ ങ്ങൾ ഞങ്ങളുടെ മാതാവായ കുന്തിയുടെ പാദങ്ങൾ പോലെതന്നെ ഇരുന്നു. സഭയിൽ വച്ചു് ഞങ്ങളെ അദ്ദേഹം അധിക്ഷേപിച്ചപ്പോൾ എനിക്കുണ്ടായ കോപം ആ പാദങ്ങൾ കണ്ട മാത്രയിൽ എങ്ങനെയോ ശമിച്ചു. ഈ സംഗതി ഇപ്പോൾ എനിക്കു് ഓർമ്മവരുന്നു."

ഇങ്ങനെ പറഞ്ഞു് യുധിഷ്ഠിരൻ ദീർഘനിശ്വാസം ചെയ്തു് അത്യന്തം ദുഃഖാകുലനായി. പിന്നീടു് നാരദൻ കർണ്ണൻെറ ചരിത്രമെല്ലാം വിസ്തരിച്ചു പറഞ്ഞു. അദ്ദേ

ദേ...

ഹത്തിനു വന്നുചേർന്ന ശാപങ്ങളുടെ കഥയും പ്രസ്താവിച്ചു.

അർജ്ജുനൻ തന്നെക്കാൾ ധനുർവ്വേദത്തിൽ ശ്രേഷ്ഠനാണെന്നു മനസ്സിലാക്കി ദ്രോണരെ സമീപിച്ചു് ബ്രഹ്മാസ്ത്രം ഉപദേശിച്ചു കൊടുക്കുന്നതിനായി കർണ്ണൻ അപേക്ഷിച്ചു. നിഷ്ഠയുള്ള ബ്രാഹ്മണനോ ഘോരമായ തപസ്സുകൊണ്ടു് ശുദ്ധനായി തീർന്ന ക്ഷത്രിയനോ മാത്രമാണു് അതിനു് അധികാരികളെന്നും അതുകൊണ്ടു് കർണ്ണനു് ഉപദേശിക്കയില്ലെന്നും ദ്രോണർ പറഞ്ഞു. അനന്തരം മഹേന്ദ്രപർവ്വതത്തിൽ ചെന്നു് താൻ ബ്രാഹ്മണനാണെന്നു് പറഞ്ഞു കേൾപ്പിച്ചു് കർണ്ണൻ പരശുരാമന്റെ ശിഷ്യനായി ധനുർവ്വേദങ്ങളും അസ്ത്രശസ്ത്രാദികളും അഭ്യസിച്ചു. ഒരു ദിവസം കർണ്ണൻ അസ്ത്രാഭ്യാസം ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ ആശ്രമത്തിന്റെ സമീപത്തിൽ ഉള്ള ഒരു ബ്രാഹ്മണന്റെ പശു യദൃച്ഛയാ ശരാഘാതം ഏറ്റു മരിച്ചു. പശുവിന്റെ ഉടമസ്ഥനായ ബ്രാഹ്മണൻ കോപിച്ചു് "യുദ്ധത്തിൽ നിന്റെ രഥചക്രം ഭൂമിയിൽ പതിഞ്ഞു പോകും. അപ്പോൾ ഈ പശുവിനെപ്പോലെ നീയും കൊല്ലപ്പെടും." എന്നു് ശപിച്ചു.

പരശുരാമനു് കർണ്ണനോടു് വളരെ സ്നേഹം തോന്നി ബ്രഹ്മാസ്ത്രം പ്രയോഗിക്കുന്നതിനും പിൻവലിക്കുന്നതിനുമുള്ള കൗശലം ഉൾപ്പെടെ എല്ലാവിധത്തിലുമുള്ള അസ്ത്രാഭ്യാസവും ഉപദേശിച്ചു കൊടുത്തു. ഒരു ദിവസം ഈ ശിഷ്യൻ ബ്രാഹ്മണനല്ലെന്നു് അദ്ദേഹം കണ്ടുപിടിച്ചു. ഒരു പ്രാണി കർണ്ണന്റെ തുടയെ കടിച്ചു തുള

ച്ചിട്ടും വളരെനേരം ആ വേദന സഹിച്ചുംകൊണ്ടു് അല്പം പോലും ഇളകാതെ തന്റെ തുടയിൽ തലവെച്ചു് ഉറങ്ങിക്കൊണ്ടിരുന്ന പരശുരാമനെ ഉണത്താതെ കർണ്ണൻ ഇരുന്നു. പിന്നീടു് രക്തം പ്രവഹിച്ചതു നിമിത്തം പരശുരാമൻ എണീററു. അദ്ദേഹം കർണ്ണനെ ഇങ്ങനെ ശപിച്ചു. "ഹേ! മൂഢ! ഇങ്ങനെയുള്ള സഹനശക്തി ക്ഷത്രിയനു മാത്രമേ ഉണ്ടായിരിക്കയുള്ളൂ. സത്യം പറയുക. നീ ബ്രാഹ്മണനല്ല. എന്നെ നീ കളിപ്പിക്കയാണു് ചെയ്തതു്. എന്റെ അടുക്കൽ നിന്നും അഭ്യസിച്ച വിദ്യ മരണസമയത്തു നീ ഓക്കയില്ല." കർണ്ണന്റെ സഹനശക്തിതന്നെ അദ്ദേഹം ക്ഷത്രിയനാണെന്നു കാണിച്ചുകൊടുത്തു. പരശുരാമനു് ക്ഷത്രിയരോടു് വലുതായ ദ്വേഷമുണ്ടായിരുന്നു.

കർണ്ണൻ വലിയ ദാനശീലനായിരുന്നു. ഒരു ദിവസം ബ്രാഹ്മണവേഷം ധരിച്ചു് ദേവേന്ദ്രൻ വന്നു യാചിച്ചപ്പോൾ തന്റെ കവചകുണ്ഡലങ്ങൾ അറുത്തു് കർണ്ണൻ ആദ്ദേഹത്തിനു കൊടുത്തു. അതുകൊണ്ടു് കർണ്ണൻ ബലഹീനനായി.

നാരദൻ തുടന്നു പറഞ്ഞു. "കുന്തിക്കു് കർണ്ണൻ നല്കിയ പ്രതിജ്ഞ, പരശുരാമന്റെ ശാപം, പശുവിന്റെ ഉടമസ്ഥനായ ബ്രാഹ്മണന്റെ കോപം, ഭീഷ്മർ തന്നെ മഹാരഥനായി ഗണിക്കാതെ അപമാനിച്ചതു്, സാരഥിയായ ശല്യന്റെ ആക്ഷേപവാക്കുകൾ, ശ്രീകൃഷ്ണന്റെ യുക്തികൗശലം, ഇതെല്ലാം ഒന്നുചേൎന്നു് കർണ്ണന്റെ മരണത്തിനു കാരണമായിത്തീൎന്നു. നിങ്ങൾതന്നെയാണു അതിനു കാരണമായതെന്നു വിചാരിച്ചു ദുഃഖിക്കരുതു്."

നാരദന്റെ സാന്ത്വനവാക്കുകൾകൊണ്ടും യുധിഷ്ഠിരന്ന് ആശ്വാസമുണ്ടായില്ല.

കുന്തീദേവി പറഞ്ഞു—"കർണ്ണനെക്കുറിച്ചു ദുഃഖിക്കരുത്. ദുർബുദ്ധിയായ ദുര്യോധനനെ ഉപേക്ഷിച്ചു് നിന്റെ പക്ഷത്തിൽ ചേരുന്നതിന്ന് അവന്റെ അച്ഛനായ സൂര്യഭഗവാൻതന്നെ അവനോട്ട് ഉപദേശിച്ചു. ഞാനും എത്രയോ പറഞ്ഞുനോക്കി. അവൻ കേട്ടില്ല. അവന്റെ നാശത്തിന്ന് അവൻതന്നെയാണു കാരണം."

യുധിഷ്ഠിരൻ—"കർണ്ണന്റെ ജന്മരഹസ്യം അമ്മ ഒളിച്ചുവച്ചതിനാൽ ഞങ്ങൾ വഞ്ചിതരായി. അതുകൊണ്ടു് ഞങ്ങളുടെ മഹാദുഃഖത്തിന്ന് അമ്മതന്നെയാണു കാരണം. ഇന്നുമുതൽ ലോകത്തിൽ രഹസ്യങ്ങളെ ഗോപനംചെയ്വാൻ സ്ത്രീകൾക്കു സാധിക്കാതെവരട്ടെ!" ജ്യേഷ്ഠസഹോദരനെ വധിക്കുന്നതിന്ന് ഇടയായല്ലോ എന്ന സങ്കടത്താൽ യുധിഷ്ഠിരൻ ഇങ്ങനെ ശപിച്ചുവെന്നു് ഒരു കഥ പൗരാണികനായ മുനി നിർമ്മിച്ചിരിക്കുന്നു.

സ്ത്രീകൾക്കു രഹസ്യം സൂക്ഷിക്കാൻ സാധിക്കയില്ലെന്നാണു സാധാരണയായി ലോകത്തിൽ വിശ്വസിച്ചുവരുന്നതു്. അതിനെ സംബന്ധിച്ചു് ഈ കഥ അതിമനോഹരമായി രചിച്ചുചേർത്തിരിക്കുന്നു. ലൗകികലാഭനഷ്ടങ്ങൾ എങ്ങനെ ഇരുന്നാലും രഹസ്യം സൂക്ഷിക്കുന്നതു് ഒരു വലിയ ഗുണമെന്നോ, ധർമ്മമെന്നോ കരുതേണ്ടതില്ല. അതു ഒരു ഗുണവിശേഷമില്ലെന്നു വിചാരിച്ചു് സ്ത്രീകൾ വ്യസനിക്കയും വേണ്ട. രഹസ്യം സൂക്ഷിക്കാനുള്ള ശക്തി ഇല്ലാതിരിക്കുന്നതു് ധർമ്മദൃഷ്ട്യാ ഒരു

വലിയ കറവല്ല. സ്ത്രീകൾക്ക സഹജമായുള്ള സ്നേഹത്താൽ രഹസ്യം സൂക്ഷിക്കാൻ സാധിക്കാതെവന്നേക്കാം.

എങ്കിലും ചില സ്ത്രീകൾ രഹസ്യങ്ങൾ ശരിയായി കാത്തുരക്ഷിക്കുന്നുണ്ടു്. മാത്രമല്ല; പുരുഷന്മാൎക്കു് സൎവ്വസാധാരണമായി ഈ സാമൎത്ഥ്യം ഉണ്ടെന്നും പറയാൻ നിവൃത്തിയില്ല. എങ്കിലും അഭ്യാസം, തൊഴിൽ മുതലായവയുടെ ഭിന്നതകൊണ്ടുണ്ടാകുന്ന വ്യത്യാസങ്ങളെ— പുരുഷന്മാരുടേയും സ്ത്രീകളുടേയും ജാതീയഗുണങ്ങളെന്നു് പ്രത്യേകം പ്രത്യേകം വേൎതിരിക്കുന്നതു ലോകസമ്പ്രദായമാകുന്നു.

## 99. ശോകവും ശാന്തിയും

സ്വജനങ്ങളെക്കൊന്നുവല്ലോ എന്നു വിചാരിച്ചു് യുധിഷ്ഠിരൻ വളരെ സങ്കടപ്പെട്ടു. എല്ലാം വെടിഞ്ഞു് വനവാസം ചെയ്താൽ മാത്രമേ പാപശാന്തി വരുകയുള്ളു വെന്നു് അദ്ദേഹം നിശ്ചയിച്ചു. സഹോദരന്മാരെ വിളിച്ചു് ധൎമ്മപുത്രൻ ഇപ്രകാരം പറഞ്ഞു. "രാജ്യം കൊണ്ടോ ഭോഗംകൊണ്ടോ എനിക്കു യാതൊരു പ്രയോജനവുമില്ല. നിങ്ങൾതന്നെ രാജ്യം ഭരിക്കുക. ഞാൻ വനത്തിലേക്കു പോകുന്നു."

അൎജ്ജുനൻ ഗൃഹസ്ഥാശ്രമത്തിന്റെ മഹിമയേയും ആ ആശ്രമത്തിൽ ഇരുന്നു ചെയ്യാവുന്ന പുണ്യങ്ങളെയും എടുത്തുകാണിച്ചു. ഭീമസേനൻ കഠിനമായി സംസാരിച്ചു. "വെറും കാണാപ്പാഠം പഠിച്ചു് ശരിയായ ജ്ഞാനം സിദ്ധിക്കാത്ത മന്ദബുദ്ധികളെപ്പോലെ അങ്ങു സംസാരിക്കുന്നു

വല്ലോ." എന്നിപ്രകാരം ആരംഭിച്ച് "ക്ഷത്രിയന്മാക്ക് സംന്യാസം വിധിച്ചതല്ല. കത്തവ്യകമ്മങ്ങൾ നിറവേററി ജീവിതം നയിക്കയാണ് അവരുടെ ധമ്മം" എന്നു നിർബ്ബന്ധിച്ചു പറഞ്ഞു.

"കമ്മമാഗ്ഗമാണ് ഉചിതമായിട്ടുള്ളതു്; സംന്യാസം ആയാസബഹുലവും കഠിനവുംതന്നെ" എന്നു് നകുലനും ധമ്മപുത്രനോട് വാദിച്ചു. സഹദേവനും ഈ അഭിപ്രായംതന്നെ അറിയിച്ചിട്ട് ഇങ്ങനെ പ്രാത്ഥിച്ചു: "എനിക്ക് അച്ഛനും അമ്മയും ആചാര്യനും സഹോദരനും എല്ലാം അവിടുന്നുതന്നെയാണു്."

ദ്രൗപദി പറഞ്ഞു. "ദുര്യോധനനേയും അയാളേ സംബന്ധിച്ചവരെയും കൊന്നതു് ന്യായംതന്നെയാണു്. അതിനുവേണ്ടി വിചാരപ്പെടേണ്ട. രാജാവിൻെറ കത്തവ്യങ്ങളിൽ ശിക്ഷയും ദണ്ഡനീതിയും ഉൾപ്പെടുന്നു. അതു് അനുപേക്ഷണീയമാണു്. തിന്മ ചെയ്യുവരെ അങ്ങു ശിക്ഷിച്ചു. അതുകൊണ്ടു് അങ്ങു വ്യസനിക്കുന്നതു് ഉചിതമല്ല. രാജധമ്മങ്ങൾ പരിപാലിച്ച് രാജ്യഭാരം ചെയ്യുന്നതാണ് അങ്ങയുടെ കത്തവ്യം. അങ്ങു വ്യസനിക്കരുതു്."

അനന്തരം വേദവ്യാസൻ അനേകം യുക്തികളും പ്രമാണങ്ങളും ഇതിഹാസങ്ങളും എടുത്തു കാണിച്ച് യുധിഷ്ഠിരനെ സമാധാനപ്പെടുത്തി. അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ച് നഗരത്തിൽചെന്ന് രാജ്യഭാരം ചെയ്യാമെന്നു യുധിഷ്ഠിരൻ സമ്മതിച്ചു. ഹസ്തിനപുരത്തിൽവെച്ച് ധമ്മപുത്രൻെറ പട്ടാഭിഷേകം നടന്നു.

വീണ്ടും രാജ്യഭാരം വഹിക്കുന്നതിനു മുമ്പ് ശരശയ്യയിൽ തപസ്സു [illegible]ണ്ടു് മരണത്തിനുള്ള ശരിയായ

സമയം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഭീഷ്മരുടെ അടുക്കൽ ചെന്നു് യുധിഷ്ഠിരൻ ധർമ്മോപദേശം വാങ്ങി.

ഭീഷ്മരുടെ ഈ ധർമ്മോപദേശം മഹാഭാരതത്തിലെ സുവിഖ്യാതമായ ശാന്തിപർവ്വത്തിൽ അടങ്ങിയിരിക്കുന്നു.

യുധിഷ്ഠിരനു് വേണ്ട ഉപദേശങ്ങളെല്ലാം നല്കിയതിൽ പിന്നെ ഭീഷ്മർ പ്രാണനെ ത്യജിച്ചു. പരമ്പരാഗതമായ ആചാരമനുസരിച്ചു് യുധിഷ്ഠിരൻ ഗംഗയിൽ ഇറങ്ങി പിതാമഹനു് ഉദകദാനം ചെയ്തു. പിന്നീടു് കരയിൽ കയറിയപ്പോൾ കഴിഞ്ഞ സംഭവങ്ങളെല്ലാം സ്മരിച്ചു് അദ്ദേഹത്തിനു് അസഹനീയമായ ദുഃഖം ഉണ്ടായി. വേടന്റെ അസ്ത്രമേററ ആനയെപ്പോലെ അദ്ദേഹം പെട്ടെന്നു് താഴെ വീണു.

ഭീമൻ ജ്യേഷ്ഠനെപ്പിടിച്ചു തലോടി സാന്ത്വനവാക്കുകൾ അരുളി ആശ്വസിപ്പിച്ചു. ധൃതരാഷ്ട്രനും സമീപത്തു ചെന്നു് ഇങ്ങനെ പറഞ്ഞു. "ഇപ്രകാരം ദുഃഖിക്കരുതു്. എണീക്കുക. സഹോദരന്മാരെയും ബന്ധുക്കളെയും രക്ഷിക്കുക. അതു നിന്റെ കർത്തവ്യമാണു്. ഞാനും ഗാന്ധാരിയുമല്ലേ സങ്കടപ്പെടേണ്ടതു്? ക്ഷത്രിയധർമ്മമനുസരിച്ചു് നീ വിജയിയായി. വിജയംകൊണ്ടു സിദ്ധിച്ച കടമകളെ നിറവേററണം. മന്ദബുദ്ധിയായ ഞാൻ വിദുരന്റെ വാക്കുകൾ കേൾക്കാതെ വലുതായ നാശം പ്രാപിച്ചു. ദുര്യോധനന്റെ ബുദ്ധിശൂന്യങ്ങളായ വാക്കുകൾ കേട്ടു് ഞാൻ വഞ്ചിതനായി. എന്റെ നൂറു പുത്രന്മാരും സ്വപ്നത്തിൽ കണ്ട ധനമെന്നതുപോലെ മറഞ്ഞിരിക്കുന്നു. ഇപ്പോൾ നീ മാത്രമാണു് എന്റെ മകൻ. [illegible]ഖിക്കരുതു്."

# 100. അസൂയ

ഭീഷ്മതപ്പ്ണം ചെയ്തതിൽ പിന്നീട് ശോകസാഗരത്തിൽ നിമഗ്നനായ യുധിഷ്ഠിരനോടു വ്യാസൻ ഒരു കഥ പറഞ്ഞു കേറംപ്പിച്ചു.

എത്ര വലിയ ജ്ഞാനിയായാൽപോലും ഏതു മനുഷ്യനെയും, അസൂയ എന്ന ദുർഗ്ഗുണം നശിപ്പിക്കും.

ബൃഹസ്പതി ദേവന്മാരുടെ പുരോഹിതനായിരുന്നു. അദ്ദേഹത്തിന് സകല വേദങ്ങളിലും ശാസ്ത്രങ്ങളിലും അറിവ് ഉണ്ടായിരുന്നു. അങ്ങനെയുള്ള ആ മഹാനും ഒരിക്കൽ അസൂയാപീഡിതനായി അപമാനത്തിന് അടിപെട്ടു.

ബൃഹസ്പതിക്ക് സംവത്തൻ എന്നു പേരുള്ള ഒരു അനുജനുണ്ടായിരുന്നു. അദ്ദേഹം മഹാപണ്ഡിതനായിരുന്നുവെന്നു മാത്രമല്ല, സദ്ഗുണസമ്പന്നനുമായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തോടു് ബൃഹസ്പതിക്കു് അസൂയ ഉണ്ടായി. നല്ലവരെ സംബന്ധിച്ചു് ഇവർ എന്തുകൊണ്ടു് നല്ലവരായിരിക്കുന്നു എന്നിപ്രകാരമുള്ള ഒരു അസൂയ ലോകത്തിൽ കണ്ടുവരുന്നു. ഇതു് ആശ്ചര്യമെന്നു തോന്നുമെങ്കിലും യഥാത്ഥമാണു്. സംവത്തനെ പല പ്രകാരത്തിലും അദ്ദേഹത്തിൻെറ ജ്യേഷ്ഠൻ ഉപദ്രവിച്ചു. ജ്യേഷ്ഠൻെറ ഹിംസ അതിരുകടന്നുപോയതുകൊണ്ടു് അതിൽനിന്നും രക്ഷനേടാൻ സംവത്തൻ ഒരു ഭ്രാന്തനെപ്പോലെ പെരുമാറി. പല സ്ഥലങ്ങളിലും ചുറ്റിത്തിരിഞ്ഞു് അദ്ദേഹം [illegible]ം കഴിച്ചുവന്നു.

ഇക്ഷ്വാകുവംശത്തിൽ മരുത്തൻ എന്നു് ഒരു രാജാവു് ഉണ്ടായിരുന്നു. അദ്ദേഹം കൈലാസനാഥനായ പരമശിവനെ ഉദ്ദേശിച്ചു് കഠിനമായ തപസ്സുചെയ്തു. തൽഫലമായി ഹിമാലയത്തിൽ ഒരു ഭാഗത്തിൽ കിടന്നിരുന്ന സ്വർണ്ണനിധി അദ്ദേഹത്തിനു വരമായി കിട്ടി. അതുകൊണ്ടു് ഒരു മഹായാഗം അനുഷ്ഠിക്കുന്നതിനു മരുത്തൻ നിശ്ചയിച്ചു. യാഗം നടത്തിക്കൊടുക്കാൻ അദ്ദേഹം ബൃഹസ്പതിയെ ക്ഷണിച്ചു. രാജാവു് യാഗം നടത്തി വലിയ മഹിമ പ്രാപിക്കുമെന്നു് ദേവന്മാൎക്കുവേണ്ടി ബൃഹസ്പതി ഭയപ്പെട്ടു. അതിനാൽ യാഗം നടത്തുന്നതിനു താൻ വരികയില്ലെന്നു ബൃഹസ്പതി പറഞ്ഞു. എങ്ങനെയോ അന്വേഷിച്ചറിഞ്ഞു. സംവൎത്തനെക്കണ്ടുപിടിച്ചു യാഗം നടത്തിച്ചുകൊടുക്കാൻ അദ്ദേഹത്തോടു രാജാവു് അപേക്ഷിച്ചു. ആദ്യം തടസ്സം പറഞ്ഞുവെങ്കിലും ഒടുവിൽ സംവൎത്തൻ സമ്മതിച്ചു. ഇതുകൊണ്ടു ബൃഹസ്പതിക്കും അനുജനോടു് അസൂയയാണു് ഉണ്ടായതു്.

"എന്റെ ശത്രുവായ സംവൎത്തൻ മരുത്തനുവേണ്ടി യാഗം നടത്താൻ പോകയാണു്" എന്നു വിചാരിച്ചു് ആ അസൂയ നിമിത്തം ബൃഹസ്പതി വളരെ മെലിഞ്ഞു പോയി. അദ്ദേഹത്തിന്റെ നിറം മാറി രക്തമില്ലാതെ വിളറി. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിന്റെ സ്ഥിതി പരിതാപകരമായിത്തീൎന്നു.

* * * * *

ദേവന്മാരുടെ രാജാവായ ഇന്ദ്രൻ ദേവപുരോഹിതനായ ബൃഹസ്പതിയുടെ സമീപത്തു വന്നു് സവ്യസനം ഇങ്ങനെ ചോദിച്ചു. "സ്വാമി[illegible] എന്തുകൊണ്ടാണു്

അവിടുന്ന് മെലിഞ്ഞിരിക്കുന്നതു്? അങ്ങ് സുഖമായിട്ടു തന്നെയല്ലേ ഉറങ്ങുന്നതു്? ഭൃത്യന്മാർ അവിടുത്തെ ശരിയായി പരിചരിക്കുന്നില്ലേ? പറയാതെ തന്നെ ഇംഗിതം അറിഞ്ഞു് അവർ അങ്ങയുടെ ശുശ്രൂഷ നടത്തുന്നുണ്ടല്ലോ? ദേവന്മാരെല്ലാം അവിടുത്തെ അടുക്കൽ വേണ്ടവണ്ണം പെരുമാറുന്നുണ്ടല്ലോ! ഏതിലെങ്കിലും വല്ല കുറവും ഉണ്ടോ?"

ബൃഹസ്പതി മറുപടി പറഞ്ഞു. "ദേവരാജൻ! നല്ല ശയ്യയിൽ ശരിയായിത്തന്നെയാണ് ഞാൻ ശയിക്കുന്നതു്. പരിചാരകന്മാരും ശ്രദ്ധാഭക്തിപുരസ്സരം എന്നെ സേവിക്കുന്നു. ദേവന്മാരുടെ പെരുമാററത്തിൽ യാതൊരു വീഴ്ചയുമില്ല." ഇത്രയും പറഞ്ഞതിൽ പിന്നീട്ട് യാതൊന്നും പറയുന്നതിന്ന് അദ്ദേഹത്തിനു സാധിച്ചില്ല. ദുഃഖം അദ്ദേഹത്തിൻെറ വാക്കുകളെ തടഞ്ഞു.

"എന്തിനാണു ദുഃഖിക്കുന്നതു്? എന്തുകൊണ്ടാണ് അങ്ങയുടെ ദേഹം വിളറി മെലിഞ്ഞിരിക്കുന്നതു്" എന്നു് ഇന്ദ്രൻ സ്നേഹപൂർവം ചോദിച്ചു.

ബൃഹസ്പതി കാര്യമെല്ലാം പറഞ്ഞു. "സംവർത്തൻ ഒരു വലിയ യാഗം നടത്തിക്കൊടുക്കാൻ പോകുന്നു. അതു കൊണ്ടുതന്നെയാണു ഞാൻ ഈ അവസ്ഥ പ്രാപിച്ചിരിക്കുന്നതു്" എന്നു അദ്ദേഹം അറിയിച്ചു.

ഇന്ദ്രൻ ആശ്ചര്യപ്പെട്ടു. അദ്ദേഹം ഇങ്ങനെ ചോദിച്ചു. "ഹേ ബ്രാഹ്മണശ്രേഷ്ഠ! അങ്ങയുടെ സകല അഭീഷ്ടങ്ങളും സാധിച്ചിരിക്കുന്നുവല്ലോ. ദേവന്മാരുടെ പുരോഹിതനായും ഉപദേഷ്ടാവായും, അതിബുദ്ധിമാനായും അങ്ങു വിരാജിക്കുന്നു. [illegible]ംവർത്തനിൽ നിന്നും അങ്ങേക്ക്

എന്തുദോഷമാണ് ഉണ്ടാകാൻ പോകുന്നതു്? യാതൊന്നു മില്ലല്ലോ. എന്തിനാണ് അങ്ങ അസൂയകൊണ്ടു കഷ്ട പ്പെടുന്നതു്?"

ഇന്ദ്രൻ യോഗ്യനെന്ന നിലയിൽ ഇങ്ങനെയെല്ലാം ബൃഹസ്പതിക്കു ജ്ഞാനോപദേശം ചെയ്യാൻ ഭാവിച്ചു. അപ്പോൾ ഇന്ദ്രൻെറ പൂവ്വവൃത്താന്തങ്ങൾ എല്ലാം എടുത്തു പറഞ്ഞു ബൃഹസ്പതി ഇങ്ങനെ ആക്ഷേപിച്ചു. "നിങ്ങളുടെ ശത്രുവിന്ന് അഭിവൃദ്ധിയുണ്ടാകുന്നുവെന്നു കണ്ടാൽ നിങ്ങൾ വെറുതെ ഇരിക്കുമോ? ഞാനും അതു പോലെയാണല്ലോ? എങ്ങനെയെങ്കിലും ഈ സംവ ത്തനെ അടക്കി എന്നെ നിങ്ങൾ രക്ഷിക്കണം."

ഇന്ദ്രൻ അഗ്നിയെ വിളിച്ച് "നിങ്ങൾ ചെന്ന് ആ മരുത്തരാജാവിൻെറ യാഗത്തെ എങ്ങനെയെങ്കിലും മുടക്കണം" എന്ന് ആജ്ഞാപിച്ചയച്ചു. അഗ്നിദേവൻ അങ്ങനെതന്നെ ചെയ്യാമെന്ന് ഏററ് അതിന്നുപോയി. അഗ്നിയെപ്പററി പറയാനുണ്ടോ? പോകുന്ന വഴിയിൽ വൃക്ഷങ്ങളേയും ചെടികളേയും കൊടികളേയും എരിച്ചും കൊണ്ടു് ലോകത്തെ നടുക്കത്തക്കവണ്ണം വലുതായ ഗജ്ജനത്തോടുകൂടിയാണ് അദ്ദേഹം പാഞ്ഞതു്. രാജാവിൻെറ അടുക്കൽ ദിവ്യസ്വരൂപത്തോടുകൂടി അദ്ദേഹം ചെന്നു നിന്നു. അഗ്നിദേവൻ തൻെറ സമീപത്തു വന്നതു കൊണ്ടു് രാജാവിന്നു വലുതായ ആനന്ദം ഉണ്ടായി. "ആസനം, അർഘ്യം മുതലായവ കൊണ്ടുവരുക" എന്ന് തൻെറ ഭൃത്യന്മാരോടു രാജാവ് ആജ്ഞാപിച്ചു.

അഗ്നിദേവൻ താൻ വന്ന കാര്യം അറിയിച്ചു. അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഈ സംവത്തനെ ഉപേ

ക്ഷിക്കണം. വേണമെങ്കിൽ നിങ്ങളുടെ പുരോഹിതനാകാൻ ബൃഹസ്പതിയെത്തന്നെ ഞാൻ കൊണ്ടുവരാമല്ലോ?" ഇതു കേട്ടപ്പോറം സമീപത്തിൽ ഇരുന്ന സംവത്തന് വലുതായ കോപം ഉണ്ടായി. അദ്ദേഹം ശാസ്ത്രപ്രകാരം ബ്രഹ്മചര്യം അനുഷ്ഠിച്ച് അമിതശക്തി സമ്പാദിച്ചിരുന്നു.

"ഈ വത്തമാനം നിറുത്തുക. ഞാൻ കോപിച്ച് എൻെറ നേത്രാഗ്നികൊണ്ട് നിങ്ങളെ എരിച്ചുകളയും. സൂക്ഷിച്ചിരിക്കുക" എന്ന് അദ്ദേഹം ശാസിച്ചു.

അഗ്നിയെപ്പോലും എരിക്കുന്നതിനുള്ള ശക്തി ബ്രഹ്മചര്യത്തിനുണ്ട്.

സംവത്തൻെറ വാക്കുകറംകേട്ട് അഗ്നിഭഗവാൻ ഭയവിഹ്വലനായി ആലിലപോലെ വിറച്ച് ഇന്ദ്രൻെറ അടുക്കൽ മടങ്ങിപ്പോയി നടന്നതെല്ലാം പറഞ്ഞു കേറംപ്പിച്ചു.

എന്നാൽ ദേവേന്ദ്രന് വിശ്വാസം വന്നില്ല. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"നിങ്ങറം സകലരേയും ദഹിപ്പിക്കുന്നവനല്ലേ? നിങ്ങളെ ആരാണ് ഭസ്മീകരിക്കാൻ പോകുന്നത്? ഇത് എന്തൊരു നേരമ്പോക്ക്!"

"അങ്ങനെയല്ല. ബ്രഹ്മബലവും ബ്രഹ്മചര്യശക്തിയും അങ്ങേക്ക് അറിയാൻ പാടില്ലേ?" എന്ന് പ്രസ്താവിച്ച് പണ്ട് ദേവേന്ദ്രന് ബ്രാഹ്മണരുടെ അടുക്കൽ നിന്നും ഉണ്ടായിട്ടുള്ള വിഷമങ്ങളെയെല്ലാം അഗ്നി ഓമ്മിപ്പിച്ചു.

ഇന്ദ്രൻ അഗ്നിദേവയ യാത്ര അയച്ചു. അനന്തരം ഒരു ഗന്ധർവ്വനെ വിളിച്ച് ഇന്ദ്രൻ ഇങ്ങനെ ആജ്ഞാപിച്ചു. “നിങ്ങൾ മരുത്തന്റെ അടുക്കൽ പോയി സംവത്തനെ ഉപേക്ഷിക്കാൻ പറയുക. അങ്ങനെ ചെയ്തില്ലെങ്കിൽ എൻെറ ശത്രുത്വം സമ്പാദിച്ച് അയാൾ നശിച്ചുപോകുമെന്ന് ആ രാജാവിനെ അറിയിക്കുക.”

അതനുസരിച്ച് ആ ഗന്ധർവ്വദൂതൻ മരുത്തരാജാവിൻെറ സമീപത്തു ചെന്ന് ഇന്ദ്രൻെറ വാക്കുകൾ പറഞ്ഞുകേൾപ്പിച്ച് ഭയപ്പെടുത്തി.

അതൊന്നും രാജാവ് വകവച്ചില്ല. അദ്ദേഹം ഇങ്ങനെ പറഞ്ഞു. “മിത്രദ്രോഹം വലിയ പാപമാണ്. സംവത്തനെ ഞാൻ ഉപേക്ഷിക്കയില്ല.”

അപ്പോൾ ഗന്ധർവ്വൻ പറഞ്ഞു. “ഹേ രാജാവേ! ഇന്ദ്രൻ നിങ്ങളുടെ മേൽ വജ്രായുധം പ്രയോഗിച്ചാൽ നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ അതിൽനിന്നും എങ്ങനെ രക്ഷപ്പെടും?”

ഇങ്ങനെ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ തന്നെ ആകാശത്തിൽനിന്നും ഇന്ദ്രൻെറ ഇടിമുഴക്കം കേട്ടുതുടങ്ങി.

ഇന്ദ്രൻ യുദ്ധത്തിനു വന്നിരിക്കുന്നുവെന്നു വിചാരിച്ച് രാജാവ് ഭയപ്പെട്ട് സംവത്തനെ ശരണം പ്രാപിച്ചു.

“ഭയപ്പെടേണ്ട” എന്നുപറഞ്ഞ് രാജാവിന് അഭയം നല്കി. സംവത്തൻ തൻെറ തപോബലം പ്രദർശിപ്പിച്ചു. യുദ്ധത്തിനായിവന്ന ഇന്ദ്രൻ അടങ്ങിഒതുങ്ങി ശാന്തനായി യാഗത്തി[illegible]പങ്കുകൊണ്ടു. തൻെറ

ഹവിർഭാഗവും ഇന്ദ്രൻ സ്വീകരിച്ചു. ബൃഹസ്പതിയുടെ അസൂയാജനിതമായ പ്രയത്നങ്ങൾ വിഫലമായി. ബ്രഹ്മചര്യം ജയിച്ചു.

അസൂയ വലുതായ പാപമാണ്. അതു് ആരേയും ബാധിക്കും. വിദ്യാദേവതയായ സരസ്വതീദേവിയെപ്പോലും തോല്പിക്കത്തക്ക ജ്ഞാനമുണ്ടായിരുന്ന ബൃഹസ്പതിയും അസൂയയ്ക്കു് വശംവദനായി. അങ്ങനെയിരിക്കെ സാധാരണ മനുഷ്യരെപ്പററി പറയാനുണ്ടോ?

---

## 101. ഉതങ്കൻ

പാണ്ഡവന്മാരുടെ അടുക്കൽനിന്നും യാത്രപറഞ്ഞു് ശ്രീകൃഷ്ണൻ ദ്വാരകയിലേക്കു് മടങ്ങി. മാർഗ്ഗമദ്ധ്യത്തിൽ ഉതങ്കൻ എന്നുപേരുള്ള ഒരു ബ്രാഹ്മണശ്രേഷ്ഠനെ ഭഗവാൻ സന്ദർശിച്ചു. അദ്ദേഹത്തെ കണ്ടക്ഷണത്തിൽതന്നെ ശ്രീകൃഷ്ണൻ തേരു നിറുത്തി താഴെയിറങ്ങി അദ്ദേഹത്തെ നമസ്കരിച്ചു. ഉതങ്കൻ ശ്രീകൃഷ്ണനോടു സാദരം ഇങ്ങനെ ചോദിച്ചു.

"ഹേ മാധവ! പാണ്ഡവന്മാക്കും കൗരവന്മാക്കും പരസ്പരം വേണ്ടതായ ഭ്രാതൃസ്നേഹം ഉണ്ടോ? അവരെല്ലാം സുഖമായിരിക്കുന്നോ?"

സംന്യാസജീവിതം നയിച്ച ബ്രാഹ്മണനു് ലോകത്തിൽ നടന്ന സംഭവങ്ങൾ ഒന്നും അറിയാൻ പാടില്ലായിരുന്നു. യുദ്ധം ഉണ്ടായെന്നുള്ള വസ്തുതപോലും അദ്ദേഹത്തിന്റെ ശ്രവണങ്ങളിൽ എത്തിയിരുന്നില്ല. അദ്ദേഹ

ത്തിന്റെ ചോദ്യം കേട്ട് ശ്രീകൃഷ്ണൻ ഒരു നിമിഷനേരത്തേക്ക് എന്തു മറുപടിപറയണമെന്നു വിചാരിച്ച് സ്തംഭിച്ച് നിന്നു. പിന്നീട് ഭഗവാൻ ഇങ്ങനെ അരുളിച്ചെയ്തു. "കൗരവപാണ്ഡവന്മാർ തമ്മിൽ ഘോരമായ യുദ്ധം നടന്നിരിക്കുന്നു. സമാധാനത്തിനായി ഞാൻ എത്രയോ ശ്രമിച്ചുനോക്കി. അവരാരും കേട്ടില്ല. യുദ്ധത്തിൽ പ്രായേണ സകലരും നശിച്ചു. വിധിയെ ലംഘിപ്പാൻ ആർക്ക് സാധിക്കും?" ഇപ്രകാരം ആരംഭിച്ച് നടന്ന വർത്തമാനങ്ങളെല്ലാം ശ്രീകൃഷ്ണൻ പറഞ്ഞു കേൾപ്പിച്ചു.

ഭഗവാൻെറ വാക്കുകൾ കേട്ടഉടനെ ഉതങ്കൻ കോപാവിഷ്ടനായി. അദ്ദേഹത്തിന്റെ കണ്ണുകൾ ചുവന്നു. അദ്ദേഹം ഭഗവാനോടു ഇങ്ങനെ പറഞ്ഞു:—

"ഹേ വാസുദേവ! അങ്ങ് സമീപത്തിൽ ഇരുന്നിട്ടും ഇങ്ങനെ സംഭവിച്ചുവോ? അങ്ങ് അവരെ രക്ഷിച്ചില്ല. അങ്ങ് കപടവേല ചെയ്ത് അവരെ നശിപ്പിച്ചു. ഞാൻ അങ്ങയെ ശപിക്കാൻപോകുന്നു."

ഭഗവാൻ മന്ദഹസിച്ച് പറഞ്ഞു. "ശാന്തനാകുക, ശാന്തനാകുക. തപസ്വിയായ അങ്ങ് അങ്ങയുടെ തപസ്സിൻെറ ഫലം കോപംകൊണ്ട് നശിപ്പിക്കാതിരിക്കണം. ആദ്യമായിട്ട് ഞാൻ പറയുന്നതു കേൾക്കുക. പിന്നീട് ആവശ്യമുണ്ടെങ്കിൽ ശപിച്ചുകൊള്ളുക." ഇപ്രകാരം അരുളിച്ചെയ്ത് ഭഗവാൻ ഉതങ്കനെ സമാധാനപ്പെടുത്തി.

ശ്രീകൃഷ്ണൻ ഉതങ്കന് ജ്ഞാനദൃഷ്ടി കൊടുത്ത് തൻെറ വിശ്വരൂപം കാണിച്ച് ഇങ്ങനെ പറഞ്ഞു "ലോകത്തെ രക്ഷിക്കുന്നതിന് [illegible]മ്മത്തെ നിലനിറുത്തു

ന്നതിനും ഞാൻ പലപ്പോഴും ആവിർഭവിക്കുന്നുണ്ടു്. ഞാൻ ഏതു് അവതാരം സ്വീകരിക്കുന്നുവോ, ആ അവതാരത്തിൻെറ ധൎമ്മം ഞാൻ അനുസരിക്കുന്നു. ദേവനായി ജനിക്കുമ്പോൾ ദേവനെപ്പോലെയാണു് ഞാൻ സകലതും ചെയ്യുന്നതു്. യക്ഷനോ രാക്ഷസനോ ആയി ആവിർഭവിക്കുമ്പോൾ അതതു ഭാവം ഞാൻ കൈക്കൊണ്ടു് യക്ഷനേയോ രാക്ഷസനേയോ പോലെ ഞാൻ ഏതു കാൎയ്യവും ചെയ്യുന്നു. മനുഷ്യനായോ മൃഗമായോ ജനിച്ചാൽ ആ രൂപം അനുസരിച്ചു് ഞാൻ പ്രവൎത്തിക്കുന്നു. അവിവേകികളായ കൗരവന്മാരോടു ഞാൻ പ്രാൎത്ഥിച്ചു പറഞ്ഞു. അഹങ്കാരംകൊണ്ടു് മതിമറന്നു് അവർ എൻെറ പ്രാൎത്ഥനയെ തിരസ്കരിക്കയാണു ചെയ്തതു്. ഭയപ്പെടുത്തിനോക്കി. അതിലും അവർ വഴിപ്പെട്ടില്ല. കോപാവിഷ്ടനായി എൻെറ വിശ്വരൂപവും ഞാൻ അവരുടെ മുമ്പിൽ പ്രകടമാക്കി. അതും വിഫലമായതേ ഉള്ളൂ. അധൎമ്മം ചെയ്യുന്നതിൽത്തന്നെയാണു് അവർ നിൎബ്ബന്ധം പിടിച്ചതു്. യുദ്ധം ക്ഷണിച്ചുവരുത്തി അവർ അതിൽ നശിച്ചു. ഹേ ബ്രാഹ്മണശ്രേഷ്ഠ! എന്നോടു് അങ്ങു കോപിക്കേണ്ടുന്ന ഒരു കാരണവുമില്ല."

ഉതങ്കൻ സമാധാനപ്പെട്ടു. അതു കണ്ടു് ശ്രീകൃഷ്ണൻ ആനന്ദിച്ചു്, "അങ്ങേക്കു് ഒരു വരം തരണമെന്നു് ആഗ്രഹിക്കുന്നു. ഇഷ്ടമുള്ളതു ചോദിക്കുക." എന്നു് പറഞ്ഞു.

അതിന്നു് ഉതങ്കൻ ഇങ്ങനെയാണു മറുപടി പറഞ്ഞതു്. "ഹേ അച്യുത! അവിടുത്തെക്കണ്ടും അവിടുത്തെ വിശ്വരൂപം ദർശിച്ചും ഞാൻ ഭാഗ്യവാനായി,

കൃതാർത്ഥനായിത്തീർന്നിരിക്കുന്നു. അതിൽ കൂടുതലായി എനിക്ക് യാതൊന്നും വേണ്ട."

എന്നാൽ ശ്രീകൃഷ്ണൻ വീണ്ടും നിർബന്ധിച്ചതിനാൽ വനത്തിൽ ചുററിസഞ്ചരിച്ചുവന്നവനും ആശാവിരഹിതനമായ ആ ബ്രാഹ്മണൻ ഇങ്ങനെ പറഞ്ഞു. "പ്രഭോ! എനിക്ക് എന്തെങ്കിലും വരം നല്കണമെന്ന് അവിടുന്ന് വിചാരിക്കുന്നുവെങ്കിൽ ഞാൻ എവിടെ ഏതു സമയത്തു ദാഹശമനത്തിനായി വെള്ളം ആവശ്യപ്പെട്ടാലും അപ്പോൾ അവിടെ അതു കിട്ടണമെന്നുള്ള വരം നല്കിയാൽ കൊള്ളാം." ശ്രീകൃഷ്ണൻ മന്ദഹസിച്ച്, "ഇത്രമാത്രമേ ആഗ്രഹിക്കുന്നുള്ളു; അല്ലേ? അങ്ങനെ ഭവിക്കട്ടെ." എന്നു പറഞ്ഞ് ദ്വാരകയിലേക്ക് യാത്രയായി.

*    *    *    *

പിന്നീട് ഒരു ദിവസം ഉതങ്കൻ കഠിനമായ ദാഹം ഉണ്ടായി വെള്ളത്തിനായി കാട്ടിൽ അങ്ങുമിങ്ങും അലഞ്ഞു നടന്നിട്ടും കിട്ടാത്തതുകൊണ്ട് ശ്രീകൃഷ്ണനെ സ്മരിച്ചു. ഉടൻതന്നെ ഒരു ചണ്ഡാളൻ അവിടെ പ്രത്യക്ഷമായി. അയാളുടെ ദേഹത്തിൽ വേണ്ട വസ്ത്രമില്ല. അയാൾ ധരിച്ചിരുന്ന ജീർണ്ണവസ്ത്രവും അഴുക്കും എല്ലാംകൂടി വളരെ വിരൂപമായിരുന്നു. നാലഞ്ചു വേട്ടപ്പട്ടികൾ അയാളെ അനുഗമിച്ചു. ചണ്ഡാളന്റെ കയ്യിൽ ഒരു വില്ലും തോളിൽ ഒരു തോൽസഞ്ചിയും കാണപ്പെട്ടു. ആ സഞ്ചിയിൽ ശുദ്ധജലം ഉണ്ടായിരുന്നു.

ചണ്ഡാളൻ മന്ദഹസിച്ചുകൊണ്ട് ഉതങ്കനെ നോക്കി ഇങ്ങനെ പറഞ്ഞു. "ദാഹംകൊണ്ട് അങ്ങ് വിഷമിക്കുന്നതായി തോന്നുന്നു. അങ്ങയുടെ അവസ്ഥ

കണ്ടിട്ട് ഞാൻ പരിതപിക്കുന്നു. വെള്ളം വാങ്ങിക്കൊള്ളുക." അതോടുകൂടി തന്റെ തോൽസഞ്ചി ബ്രാഹ്മണന്റെ കയ്യിൽ കൊടുക്കാൻ ഭാവിച്ചു.

ചണ്ഡാളനേയും അയാളുടെ തോൽസഞ്ചിയേയും പട്ടികളേയും നോക്കി ഉതങ്കൻ വളരെ വെറുപ്പോടുകൂടി "എനിക്ക് വെള്ളം വേണ്ടാ" എന്നു പറഞ്ഞു.

ശ്രീകൃഷ്ണനെ സ്മരിച്ച്, "ഇതാണോ അങ്ങയുടെ വരം" എന്ന് വിചാരിച്ച് സങ്കടപ്പെട്ടു. തോൽസഞ്ചി കാണിച്ചുംകൊണ്ട് വെള്ളം കുടിക്കുന്നതിനായി ഉതങ്കനെ വീണ്ടും വീണ്ടും ചണ്ഡാളൻ നിർബന്ധിച്ചു. എന്നാൽ ഉതങ്കന് ക്രമേണ കോപം വർദ്ധിക്കയാണ് ചെയ്തതു്. അദ്ദേഹം നിരസിച്ചു. ഉടൻതന്നെ ചണ്ഡാളനും പട്ടികളും മറഞ്ഞു.

* * *

ചണ്ഡാളൻ അന്തർദ്ധാനം ചെയ്തതു കണ്ട് ഉതങ്കൻ ഇങ്ങനെ ആലോചിച്ചു തുടങ്ങി. "ഇതു് ആരാണ്? ചണ്ഡാളൻ അല്ല. ഇതു് ഒരു പരീക്ഷയായിരിക്കും. ഞാൻ തെററു ചെയ്തുപോയി. എന്റെ അറിവുകൊണ്ട് എന്തു പ്രയോജനമാണ് ഉണ്ടായതു്? ചണ്ഡാളൻ തന്നു വെള്ളത്തെ ഞാൻ ഉപേക്ഷിച്ചതു എന്തിന്? ഇപ്രകാരമെല്ലാം ചിന്തിച്ച് ഉതങ്കൻ വ്യാകുലപ്പെട്ടു.

സ്വല്പനേരം കഴിഞ്ഞപ്പോൾ ശംഖചക്രങ്ങളോടുകൂടി ശ്രീകൃഷ്ണഭഗവാൻ ഉതങ്കന്റെ മുമ്പിൽ ആവിർഭവിച്ചു.

ആ ബ്രാഹ്മണൻ സങ്കടപ്പെട്ട് ഇങ്ങനെ ചോദിച്ചു. "ഹേ പുരുഷോത്തമ! അങ്ങ് ഈ വിധത്തിൽ എന്നെ പരീക്ഷിക്കാമോ? ചണ്ഡാളന്റെ തോൽ സഞ്ചിയിലുള്ള

അശുദ്ധജലം ബ്രാഹ്മണനായ എനിക്ക് എന്തിനു നല്കാൻ പ്രേരിപ്പിച്ചു. ഇതു ധർമ്മമാണോ?"

ഭഗവാൻ മന്ദഹസിച്ചുംകൊണ്ടു് പറഞ്ഞു. "ഭദ്ര ഉതങ്ക! അങ്ങയുടെ കയ്യിൽ അമൃതംകൊണ്ടു കൊടുക്കണമെന്നു് ഞാൻ ഇന്ദ്രനോടു് പറഞ്ഞു. ഇന്ദ്രൻ ഇങ്ങനെ അറിയിച്ചു. "മനുഷ്യനു് അമൃതം—മരിക്കാതിരിക്കാനുള്ള ദിവ്യൗഷധം, നല്കാൻ പാടില്ല. മറേറതെങ്കിലും കൊടുക്കാമല്ലോ?" പിന്നെയും ഞാൻ നിർബന്ധിച്ചതുകൊണ്ടു് ഇന്ദ്രൻ സമ്മതിച്ചു് ഇങ്ങനെ പറഞ്ഞു." അങ്ങനെ ചെയ്യാം. ജലരൂപത്തിൽ അമൃതം കൊണ്ടുപോയി ഉതങ്കനു കൊടുക്കാം. എന്നാൽ ഞാൻ ചണ്ഡാലവേഷത്തിൽ പോകും. എന്റെ കയ്യിൽനിന്നും വെള്ളം വാങ്ങിക്കുടിക്കാൻ അയാൾ സമ്മതിച്ചാൽ നന്നു്. അങ്ങു് ജ്ഞാനിയായതുകൊണ്ടു് ചണ്ഡാലവേഷം കണ്ടു വെറുക്കയില്ലെന്നു വിചാരിച്ചു് ആ വേഷത്തിൽ ചെന്നു് അങ്ങേയ്ക്കു് തരുന്നതിനായി ഞാൻ പറഞ്ഞു. അങ്ങു് ഇപ്രകാരം പെരുമാറിയതുകൊണ്ടു് ഞാൻ തോററു."

അമൃതം ത്യജിച്ച ഉതങ്കൻ ലജ്ജയിൽ മുഴുകി.

# 102. ചോളമാവു്

യുദ്ധാനന്തരം രാജാവായ യുധിഷ്ഠിരൻ വലുതായ ഒരു അശ്വമേധയാഗം നടത്തി. അതിൽ ഭാരതവർഷത്തിലെ എല്ലാ രാജാക്കന്മാരും പങ്കെടുത്തിരുന്നു. വളരെ മോടിയോടുകൂടിയാണു് യാഗം നടത്തപ്പെട്ടതു്. എല്ലാ ദിക്കിലും പറകൊട്ടി ക്ഷണിക്കപ്പെട്ട ബ്രാഹ്മണർക്കും ദരിദ്രർക്കും അഗതികൾക്കും ദാനങ്ങൾ കിട്ടി. ശാസ്ത്രാനുസരണം സകലതും അനുഷ്ഠിക്കപ്പെട്ടു. യാഗം കേമമായി നടന്നു.

ആ സമയം എവിടെനിന്നോ ഒരു കൊച്ചു കീരി പെട്ടെന്നു് യാഗശാലയിൽ പ്രവേശിച്ചു് സഭാമദ്ധ്യത്തിൽ കുലുക്കംകൂടാതെ എല്ലാവരേയും നോക്കിക്കൊണ്ടു് പൊട്ടിച്ചിരിച്ചു. മനുഷ്യനെപ്പോലെ ഒരു ജന്തു ചിരിക്കുന്നതു കണ്ടു് അതു് യാഗത്തെ വിഘ്നപ്പെടുത്തുന്നതിനായി വന്ന ഒരു ഭൂതമോ പിശാചോ ആയിരിക്കുമെന്നു വിചാരിച്ചു് അവിടെ ഇരുന്ന ഋത്വിക്കുകൾ ഭയവിഹ്വലരായി ഞെട്ടി.

ആ കീരിയുടെ ദേഹത്തിൽ ഒരു വശം മുഴുവനും സ്വർണ്ണമയമായിരുന്നു. നാനാദേശങ്ങളിൽ നിന്നും വന്നു് സഭയിൽ കൂടിയിരുന്ന രാജാക്കന്മാരേയും പണ്ഡിതന്മാരായ ബ്രാഹ്മണരേയും നോക്കിക്കൊണ്ടു് കീരി ഇങ്ങനെ പറഞ്ഞു:—

"മാന്യമഹാജനങ്ങളേ! നിങ്ങളുടെ യാഗം വളരെ ഭംഗിയായി നടന്നുവെന്നു് നിങ്ങൾ വിചാരിക്കുന്നു. ഒരിക്കൽ കുരുക്ഷേത്രത്തിൽ താമസിച്ചുവന്ന ഒരു ദരിദ്രബ്രാഹ്മണൻ അല്പം ചോളമാവു് ദാനംചെയ്തു. അദ്ദേഹം നടത്തിയ ആ [illegible]തിന്റെ സമമാകയില്ല നിങ്ങളുടെ

അശ്വമേധവും അതു സംബന്ധിച്ചു ചെയ്ത ദാനങ്ങളും. നിങ്ങളുടെ യാഗത്തെപ്പററി നിങ്ങരം എന്തിനാണു് വൃഥാ അഭിമാനിക്കുന്നതു്?"

കീരി ഇങ്ങനെ പറഞ്ഞതുകേട്ടു് സദസ്സിൽ ഉണ്ടായിരുന്നവരെല്ലാം വിസ്മയിച്ചു. യാഗം നടത്തിയ ബ്രാഹ്മണർ ആ കീരിയുടെ സമീപത്തു ചെന്നു് ഇങ്ങനെ ചോദിച്ചു. "സജ്ജനങ്ങരം കൂടിയിരിക്കുന്ന ഈ യാഗത്തിൽ നീ എവിടെനിന്നും വന്നു? നീ ആരാണു്? ഞങ്ങളുടെ യാഗത്തെ എന്തിനാണു് ഇപ്രകാരം നിന്ദിക്കുന്നതു്? ശാസ്ത്രമനുസരിച്ചു് സകല സാമഗ്രികളും ചേർത്തു യഥാക്രമം നടത്തപ്പെട്ട ഈ അശ്വമേധത്തെ നീ കുററപ്പെടുത്തുന്നതു ശരിയല്ല. യാഗത്തിനു വന്നുചേർന്നിട്ടുള്ള എല്ലാവരും യഥാരീതി പൂജിക്കപ്പെട്ടിട്ടുണ്ടു്. മന്ത്രപൂർവം ഹവിസ്സുകരം അഗ്നിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടു്. ബ്രാഹ്മണാദി നാലു വർണ്ണങ്ങളും സന്തുഷ്ടന്മാരായിരിക്കുന്നു. ഈ സ്ഥിതിക്കു് നീ എന്താണു് ഇങ്ങനെ പറയുന്നതു്? നിന്റെ അഭിപ്രായം സ്പഷ്ടമായി പറയുക."

ഈ വാക്കുകരം കേട്ടപ്പോരം ആ കീരി വീണ്ടും ചിരിച്ചു് ഇങ്ങനെ പറഞ്ഞു:—

"ഹേ ബ്രാഹ്മണരേ! ഞാൻ പറഞ്ഞ സംഗതി പൊളിയല്ല. നിങ്ങളോടോ യുധിഷ്ഠിരമഹാരാജാവിനോടോ എനിക്കു് അസൂയ ഇല്ല. മോടിയോടെ നടത്തപ്പെട്ട ഈ യാഗം യാഥാത്ഥ്യം നോക്കുന്നതായാൽ ഞാൻ കണ്ട ദരിദ്രബ്രാഹ്മണന്റെ ദാനത്തിനു സമമാകയില്ല. കുരുക്ഷേത്രത്തിൽ താമസിച്ച ആ ദരിദ്രബ്രാഹ്മണൻതന്നെയാണു് ശ്രേഷ്ഠനായ ദാനശാലി. ദാനത്തിന്റെ

മഹിമയാൽ അദ്ദേഹം തന്റെ പത്നി, പുത്രൻ, പുത്രവധു ഇവരോടുകൂടി ഉടൻതന്നെ സ്വർഗ്ഗത്തേക്ക് ആരോഹണം ചെയ്തു. ഞാൻ കണ്ടിട്ടുള്ള സംഭവം പറയാം. കേൾക്കുക.

നിങ്ങളുടെ യുദ്ധം നടക്കുന്നതിനുമുമ്പിൽ കുരുക്ഷേത്രത്തിൽ ഒരു ബ്രാഹ്മണൻ ഉഞ്ഛവൃത്തി അവലംബിച്ച് ജീവിതം നയിച്ചു. അതായത് താഴെ ഉതിർന്നു കിടന്ന ധാന്യം പെറുക്കി എടുത്ത് അദ്ദേഹം, ഭാര്യ, പുത്രൻ, പുത്രവധു ഇങ്ങനെ നാലുപേരും ദിവസന്തോറും ആഹാരം കഴിച്ചുവന്നു. ഓരോ ദിവസവും വൈകുന്നേരം ഒരു പ്രാവശ്യംമാത്രം ഒന്നര മണി കഴിഞ്ഞു് എല്ലാവരും ഒരുമിച്ച് ഇരുന്ന് ആഹാരംകഴിക്കും. എല്ലാദിവസവും ആവശ്യത്തിനു വേണ്ട ധാന്യം കിട്ടുകയില്ല. ആ അവസരങ്ങളിലെല്ലാം ഉപവാസമിരുന്ന് അടുത്ത ദിവസം പതിവുപോലെ യഥാസമയം ആഹാരംകഴിക്കും. ഒരു ദിവസം കിട്ടുന്നത് അടുത്ത ദിവസത്തേക്കായി അവർ മാററിവയ്ക്കുയില്ല. ഇത് അവരുടെ വ്രതത്തിൽ ഉൾപ്പെട്ട ഒരു നിഷ്ഠയായിരുന്നു.

ഇങ്ങനെ വ്രതനിഷ്ഠകളോടുകൂടി ഇവർ ജീവിച്ചുവരുമ്പോൾ മഴയില്ലാത്തതുകൊണ്ട് ആ പ്രദേശത്തിൽ ഒരു വലിയ ദുർഭിക്ഷം നേരിട്ടു. ആഹാരമില്ലാതെ നാലുപാടും ജനങ്ങൾ കഷ്ടപ്പെട്ടുതുടങ്ങി. മഴയില്ലാത്തതുകൊണ്ടു കൃഷിപ്പിഴ ബാധിച്ച് വിളവില്ലാതെയായി. ആഹാരത്തിന് ആവശ്യമുള്ള ധാന്യം വയലുകളിൽ കാണാതായി. തൽഫലമായി ആ ബ്രാഹ്മണനും അദ്ദേഹത്തിന്റെ കുടുംബത്തിനും പലനാൾ പട്ടിണിയായി കഴിക്കേണ്ടിവന്നു. ഒരു ദിവസം വെയിൽകൊണ്ടും വിശപ്പു ബാധിച്ചും ചുറ്റി

ത്തിരിഞ്ഞു് അല്പം ചോളം സമ്പാദിച്ചു് അവർ ഗൃഹത്തിലേയ്ക്കു മടങ്ങി. അതിനെ മാവാക്കി പതിവുപോലുള്ള ജപാദികൾ കഴിഞ്ഞു് ആ മാവു് നാലുപങ്കാക്കി ഈശ്വരസ്മരണയോടുകൂടി സന്തോഷപൂർവം ആഹാരംകഴിക്കാനായി അവർ ആസനസ്ഥരായി.

ആ സമയം ഒരു ബ്രാഹ്മണൻ വിശന്നു വലഞ്ഞു് അവിടെ വന്നുചേൎന്നു. ഉടൻതന്നെ അവർ എണീററു് അതിഥിയെ യഥാവിധി പൂജിച്ചു് അദ്ദേഹത്തോടു് ഇരിക്കാൻ അഭ്യൎത്ഥിച്ചു. നിഷ്കളങ്കന്മാരായ അവൎക്കു് അതിഥിസൽക്കാരം ചെയ്വാനുള്ള ഭാഗ്യം ലഭിച്ചതിൽ വലുതായ ആനന്ദമാണു് ഉണ്ടായതു്. "ഹേ ബ്രാഹ്മണശ്രേഷ്ഠ! ഞാൻ ഒരു ദരിദ്രനാണു്. എൻെറ നിഷ്ഠ അനുസരിച്ചു് യഥാവിധി സമ്പാദിച്ചതാണു് ഈ മാവു്. അങ്ങു് ഇതു സ്വീകരിച്ചാലും. അങ്ങേക്കു് മംഗളം ഭവിക്കട്ടേ!" എന്നു് അതിഥിയോടു പറഞ്ഞു് ആ ദരിദ്രബ്രാഹ്മണൻ തൻെറ പങ്കു് അദ്ദേഹത്തിനു സമൎപ്പിച്ചു. അതിഥി അതു കഴിച്ചു.

എന്നാൽ അതുകൊണ്ടു് അദ്ദേഹത്തിൻെറ വിശപ്പു ശമിച്ചില്ല. കിട്ടിയ ആഹാരം കഴിച്ചിട്ടു് വിശപ്പു് അടങ്ങാത്തതിനാൽ അദ്ദേഹം നോക്കിത്തുടങ്ങി. എന്തു ചെയ്യണമെന്നു് ബ്രാഹ്മണൻ ചിന്തിക്കുന്നതായിക്കണ്ടു് ഗൃഹനായിക ഇങ്ങനെ പറഞ്ഞു:

"എൻെറ പങ്കും ഇദ്ദേഹത്തിനു കൊടുത്താലും. ഇദ്ദേഹത്തിനു തൃപ്തിവന്നാൽ ഞാൻ കൃതാൎത്ഥയായി."

ഇത്രയും പറഞ്ഞു് ആ സാധ്വി തൻെറ ഓഹരി ഭൎത്താവിൻെറ അടുക്കൽ കൊടുത്തു് അതിഥിക്കു സമൎപ്പി

ക്കാൻ അപേക്ഷിച്ചു. അപ്പോൾ ഭർത്താവു് ഇപ്രകാരം തടുത്തു പറഞ്ഞു. "ഹേ പതിവ്രതേ! മൃഗാദികൾ മാത്രമല്ല, ചെറുപ്രാണികളായ കൃമികളും മററും അവയുടെ സ്ത്രീകളെ സൂക്ഷിച്ചു പോററുന്നു. നീ ആവശ്യപ്പെടുന്നതു ന്യായമല്ല. നീ എന്നെ ശുശ്രൂഷിക്കുന്നു. നിന്റെ സഹായംകൊണ്ടാണു ഞാൻ ഗാർഹസ്ഥ്യജീവിതം നയിക്കുന്നതു്. അങ്ങനെ ഇരിക്കേ നിന്നെ രക്ഷിക്കാതെ നീ വിശപ്പുകൊണ്ടു പരിതപിക്കാൻ അനുവദിച്ചാൽ എനിക്കു് എന്തു ശ്രേയസ്സാണു് ഉണ്ടാകുന്നതു്? പ്രിയേ! എല്ലും തോലും ആയിത്തീന്നിരിക്കുന്ന നീ വിശപ്പുകൊണ്ടു കഷ്ടപ്പെടുന്നു. അങ്ങനെയിരിക്കുന്ന നിന്നെ പട്ടിണിക്കിട്ടു് ഞാൻ അതിഥിപൂജചെയ്യുന്നതിൽ എന്തു ഫലമാണു് ഉണ്ടാകാൻ പോകുന്നതു്?"

ഇതുകേട്ടപ്പോൾ ആ വീരപത്നി ഇങ്ങനെ പറഞ്ഞു. "പ്രഭോ! ധമ്മം തുടങ്ങിയ പുരുഷാത്ഥങ്ങൾ നമുക്കിരുവക്കും പൊതുവായിട്ടുള്ളതല്ലേ? ദയാപൂവ്വം എന്റെ പങ്കും അങ്ങു സ്വീകരിച്ചു് അതിഥിക്കു കൊടുത്താലും. എന്നെപ്പോലെ തന്നെ അങ്ങും വിശപ്പുകൊണ്ടു പീഡിതനാണല്ലോ! ഞാൻ പറയുന്നതിനെ എതിക്കാതെ അതുപോലെ പ്രവത്തിച്ചാലും."

പത്നിയുടെ നിർബന്ധപൂവ്വമായ പ്രാത്ഥനയെ അദ്ദേഹം കൈക്കൊണ്ടു് ആ പങ്കും അതിഥിക്കു കൊടുത്തു. അതിഥി അതും ഭക്ഷിച്ചു. എങ്കിലും അദ്ദേഹത്തിന്റെ വിശപ്പു ശമിച്ചില്ല. ഉഞ്ഛവൃത്തികൊണ്ടു ജീവിച്ച ബ്രാഹ്മണൻ മനോവേദനയാൽ വല്ലാതെ വിഷമിച്ചു.

ഇതുകണ്ടു് അദ്ദേഹത്തിന്റെ മകൻ ഇങ്ങനെ പറഞ്ഞു. "അച്ഛാ! എന്റെ പങ്കും അതിഥിക്കു കൊടുത്തു് അദ്ദേഹത്തെ തൃപ്തിപ്പെടുത്തുക.

പുത്രന്റെ അപേക്ഷകേട്ടപ്പോൾ ആ സാധു ബ്രാഹ്മണൻ വളരെ പരിഭ്രമിച്ചു പറഞ്ഞു. "കുഞ്ഞേ! പ്രായം ചെന്നവക്കു വിശപ്പു സഹിക്കാൻ സാധിക്കും. ചെറുപ്പക്കാരുടെ വിശപ്പു തീവ്രമാണു്. അതു താങ്ങാൻ അവക്കു സാധിക്കയില്ല. നിന്റെ പങ്കു് എടുക്കാൻ എന്റെ മനസ്സു അനുവദിക്കുന്നില്ല."

എന്നാൽ യോഗ്യനായ ആ പുത്രൻ വീണ്ടും ഇങ്ങനെ നിർബ്ബന്ധിച്ചു പറഞ്ഞു: "വൃദ്ധനായ പിതാവിനെ രക്ഷിക്കുന്നതു പുത്രന്റെ കത്തവ്യമാണു്. പിതാവും പുത്രനും ഭിന്നമല്ല. പിതാവുതന്നെയാണല്ലോ പുത്രനായിത്തീരുന്നതു്. അതിനാൽ എന്റെ പങ്കും അങ്ങയുടേതു തന്നെയാണു്. അതും സ്വീകരിച്ചു് വിശപ്പു ശമിക്കാത്ത അതിഥിയെ തൃപ്തിപ്പെടുത്തുക."

ഇതു കേട്ടു് അച്ഛൻ അഭിനന്ദിച്ചു പറഞ്ഞു. "കുഞ്ഞേ! ശീലത്തിലും ഇന്ദ്രിയജയത്തിലും മറെറല്ലാവിധത്തിലും നീ സവ്വഥാ ശ്ലാഘ്യനായിരിക്കുന്നു. നിനക്കു് എല്ലാ നന്മകളും കൈവരട്ടെ. നിന്റെ പങ്കും ഞാൻ എടുക്കുന്നു." അനന്തരം ആ ഭാഗവും അതിഥിക്കു് സന്തോഷപൂവ്വം സമപ്പിച്ചു.

അതും അതിഥി സ്വീകരിച്ചു് ഉടൻതന്നെ ഭക്ഷിച്ചു. എന്നിട്ടും അദ്ദേഹത്തിനു തൃപ്തിവന്നില്ല. ആ സാധുബ്രാഹ്മണൻ ലജ്ജിച്ചു. ഇനിയും എ[illegible]ണു് ചെയ്യേണ്ടതു്?

എന്നു് ആലോചിച്ചു വിഷമിച്ചു. അതു കണ്ടു് പുത്രവധു ഇങ്ങനെ പറഞ്ഞു. "വന്ദ്യനായ ശ്വശുര! എന്റെ പങ്കും ഞാൻ സസന്തോഷം തരുന്നു. അവിടുന്നു സ്വീകരിച്ചു് അതിഥിക്കു കൊടുക്കണം. അവിടുത്തെ അനുഗ്രഹത്താൽ എനിക്കു് അക്ഷയമായ നന്മ ഉണ്ടാകും."

ബ്രാഹ്മണൻ തടുത്തു് ഇങ്ങനെ മറുപടി പറഞ്ഞു.

"സുശീലേ! വിളറി കൃശയായിത്തീൎന്നിരിക്കുന്ന നീ വിശപ്പുകൊണ്ടു വിഷമിക്കയാണല്ലോ. ആ സ്ഥിതിക്കു് നിന്റെ ഓഹരി വാങ്ങി അതിഥിക്കു കൊടുത്താൽ അതു് അധൎമ്മമായിരിക്കും. ബാലികയായ നീ വിശപ്പുകൊണ്ടു തപിക്കുന്നതു് ഞാൻ എങ്ങനെ കണ്ടുകൊണ്ടിരിക്കും?"

എന്നാൽ ധീരയായ ആ ബാലിക അചഞ്ചലയായിത്തന്നെ ഇരുന്നു. അവൾ ഇങ്ങനെ പറഞ്ഞു. "അവിടുന്നു് എന്റെ പ്രഭുവും പരമഗുരുവും പരദേവതയും ആകുന്നു. എന്റെ ഭാഗം സ്വീകരിക്കണം. ഈ ശരീരം ഗുരുനാഥന്റെ പരിചൎയ്യ ചെയ്യാനുള്ളതല്ലേ? അങ്ങു് എനിക്കു് സദ്ഗതി നല്കണം. എന്റെ ഓഹരി സ്വീകരിച്ചാലും."

ആ ബാലികാരത്നത്തിന്റെ വാക്കുകൾ കേട്ടു് ബ്രാഹ്മണൻ, "പതിവ്രതാശിരോമണേ! നിനക്കു് എല്ലാ ഭാഗ്യവും ഉണ്ടാകട്ടെ" എന്നു് ആശീൎവദിച്ചു് അവളുടെ പങ്കു വാങ്ങി അതിഥിക്കു കൊടുത്തു.

അതു കഴിച്ച ഉടൻ അതിഥി തൃപ്തനായി ഇങ്ങനെ പറഞ്ഞു. "കഴിവിനു തക്കവണ്ണം നല്കിയ നിങ്ങളുടെ പരിശുദ്ധമായ ദാനത്താൽ ഞാൻ അത്യന്തം തൃപ്തനായിരിക്കുന്നു. നിങ്ങളുടെ ദാനം അത്യത്ഭുതം തന്നെ-

ദേവന്മാർ പുഷ്പവൃഷ്ടി ചെയ്യുന്നു. നിങ്ങളെ ദർശിക്കാനായി ദേവർഷികളും ദേവന്മാരും ഗന്ധർവന്മാരും പരിവാരസഹിതം വിമാനങ്ങളിൽ വന്നു നില്ക്കുന്നതു നോക്കുക. നിങ്ങൾ നാലുപേരും സ്വൎഗ്ഗത്തിൽ പോകും. നിങ്ങളുടെ ദാനത്താൽ നിങ്ങളുടെ പൂർവികന്മാൎക്കും സ്വൎഗ്ഗപ്രാപ്തിയുണ്ടായിരിക്കുന്നു. സാധാരണമായി വിശപ്പുവന്നാൽ അറിവു നശിക്കും; ധൎമ്മചിന്ത നഷ്ടമാകും. ജ്ഞാനിയുടെ നിഷ്ഠയും വിശപ്പുകൊണ്ടു് ശിഥിലമായിത്തീരുന്നു. ഭാൎയ്യാപുത്രാദികളോടുള്ള സ്നേഹത്തെക്കാൾ ധൎമ്മത്തെത്തന്നെയാണു് നിങ്ങൾ വലുതായിക്കരുതിയതു്. അനവധി രാജസൂയങ്ങളും അശ്വമേധങ്ങളും നിങ്ങളുടെ ഈ ഒരൊററ ദാനത്തിനു തുല്യമാകയില്ല. നിങ്ങൾക്കുവേണ്ടി കാത്തിരിക്കുന്ന ദിവ്യവിമാനങ്ങളിൽ കയറി സ്വൎഗ്ഗത്തേക്കു പോകുക." ഇത്രയും പറഞ്ഞു് ബ്രാഹ്മണവേഷധാരിയായ അതിഥി മറഞ്ഞു.

* * * *

ഇപ്രകാരം ഉഞ്ഛവൃത്തികൊണ്ടു ജീവിച്ചിരുന്ന ബ്രാഹ്മണന്റെ കഥ പറഞ്ഞുകേൾപ്പിച്ചതിന്റെ ശേഷം ആ കീരി ഇങ്ങനെ തുടൎന്നു. "ആ ബ്രാഹ്മണന്റെ ചോളമാവിന്റെ ഗന്ധം ഏററു് എന്റെ തല സ്വൎണ്ണമയമായിത്തീൎന്നു. പിന്നീടു് ആ മാവു് നല്കിയ സ്ഥാനത്തു് ചെന്നു് ഞാൻ ഉരുണ്ടു. അവിടെ ചിതറിക്കിടന്ന മാവിന്റെ പൊടി സ്പൎശിച്ചമാത്രയിൽ എന്റെ ദേഹത്തിന്റെ പകുതിഭാഗം സ്വൎണ്ണമയമായി. പകുതിദേഹം സ്വൎണ്ണമയമായതുകൊണ്ടു് ബാക്കിപകുതിയും അതുപോലെതന്നെ സ്വൎണ്ണമയമാക്കുന്നതിനായി പല തപോ

വനങ്ങളിലും യാഗസ്ഥലങ്ങളിലും ഞാൻ സഞ്ചരിച്ചു. കീർത്തിപ്പെട്ട ധർമ്മപുത്രൻ യാഗംചെയ്യുന്നുവെന്നു കേട്ട് ഇവിടെയും വന്നു. എന്നാൽ ബാക്കിദേഹം സ്വർണ്ണമയമായില്ല. അതുകൊണ്ടുതന്നെയാണു് ഈ യാഗം അല്പമായ ചോളമാവിൻെറ ദാനത്തിനു സമാനമല്ലെന്നു് ഞാൻ അഭിപ്രായപ്പെട്ടതു്".

ഇപ്രകാരം പറഞ്ഞിട്ടു് ആ കീരി അന്തർദ്ധാനം ചെയ്തു.

---

## 103. രാജ്യഭാരം

ഒരു സാധനം കിട്ടുന്നതുവരെ മനുഷ്യനു് അതിനെപ്പററി മോഹമുണ്ടായിരിക്കും. അന്വേഷിച്ച സാമഗ്രി കിട്ടിക്കഴിഞ്ഞാൽ അതിലുണ്ടായിരുന്ന ആശ നശിച്ചുപോകുമെന്നു മാത്രമല്ല പുതിയ ചിന്തകളും കഷ്ടങ്ങളും അയാളെ ബാധിക്കയും ചെയ്യും. യുദ്ധം ചെയ്യുന്നതും ശത്രുക്കളെ കൊല്ലുന്നതും ക്ഷത്രിയധർമ്മമാണെങ്കിലും സഹോദരങ്ങളെ കൊന്നു് അതിൽനിന്നു കിട്ടുന്ന പദവിയും ഐശ്വര്യവും എന്തു സുഖമാണു് നല്കുന്നതു്? യുദ്ധാരംഭത്തിൽ ഇതു തന്നെയാണു് ശ്രീകൃഷ്ണനോടു് അർജ്ജുനൻ വിലപിച്ചു പറഞ്ഞതും. അർജ്ജുനൻെറ ചോദ്യത്തിനു് സമാധാനമായി ധർമ്മത്തെയും കർത്തവ്യത്തെയുംപററി ഭഗവാൻ ഉപദേശിച്ചു. എങ്കിലും അർജ്ജുനൻെറ വാക്കുകളിൽ ഒരു പരമാർത്ഥം ഇല്ലാതില്ല.

പാണ്ഡവന്മാർ കൗരവന്മാരെ ജയിച്ച് സമ്പൂർണ്ണമായ രാജപദവിയെ പ്രാപിച്ചു. കർത്തവ്യം മുൻനിറുത്തി അവർ രാജ്യപരിപാലനം ചെയ്തു. എങ്കിലും പ്രതീക്ഷിച്ചിരുന്ന സുഖവും സന്തോഷവും അവക്ക് കൈവന്നില്ല.

ജനമേജയൻ ചോദിച്ചു "വിജയികളായി രാജ്യാധിപത്യം പ്രാപിച്ച പാണ്ഡവന്മാർ ധൃതരാഷ്ട്രരോട് എങ്ങനെയാണ പെരുമാറിയതു്?" വൈശമ്പായനൻ മറുപടി പറഞ്ഞു:—

"ദുഃഖസാഗരത്തിൽ മുഴുകിയ ധൃതരാഷ്ട്രരെ എല്ലാ വിധത്തിലും ആദരിച്ചുതന്നെയാണ് പാണ്ഡവന്മാർ രാജ്യപരിപാലനം ചെയ്തതു്. സകല സംഗതികളും ധൃതരാഷ്ട്രരെ അറിയിച്ചു. അദ്ദേഹത്തിൻെറ അനുവാദത്തോടുകൂടി യുധിഷ്ഠിരൻെറ ആഭിമുഖ്യത്തിൽ പാണ്ഡവന്മാർ രാജ്യം പരിപാലിച്ചുവന്നു. താൻ പ്രസവിച്ച നൂറുമക്കളും സ്വപ്നത്തിൽ കിട്ടിയ ധനംപോലെ ഇല്ലാതെ ആയിത്തീൎന്ന ഗാന്ധാരിയോട്ട് കുന്തീദേവി വലുതായ സ്നേഹഭക്ത്യാദരങ്ങൾ കാണിച്ചു. ദ്രൗപദി, അവരെ രണ്ടുപേരേയും സമാനഭാവത്തിൽ വിനയപൂർവ്വം സേവിച്ചു.

ധൃതരാഷ്ട്രരുടെ മാളികയിൽ അദ്ദേഹത്തിനു വേണ്ടി ഉത്തമമായ ശയനാസനാദികളും വസ്ത്രാഭരണാദികളും യുധിഷ്ഠിരൻ ഏപ്പാടു ചെയ്തു. പല പ്രകാരത്തിലുള്ള വിശിഷ്ടങ്ങളായ ആഹാരങ്ങൾ തയ്യാറാക്കി അദ്ദേഹത്തിന് യുധിഷ്ഠിരൻ അയച്ചുകൊടുത്തിരുന്നു. കൃപാചാര്യരും ധൃതരാഷ്ട്രരുടെ കൂടെ താമസിച്ചുപോന്നു. വേദവ്യാസൻ ധൃതരാഷ്ട്രക്ക് ആശ്വാസവും സമാധാനവും വരുന്ന പല കഥകളും പറഞ്ഞു കേൾ[illegible]ച്ചു. രാജ്യകാര്യങ്ങളെ

സംബന്ധിച്ചു് അതാതവസരങ്ങളിൽ ധൃതരാഷ്ട്രരോടു് ചോദിച്ചു്, അദ്ദേഹത്തിൻെറ ആജ്ഞ അനുസരിച്ചു് ധൎമ്മപുത്രൻ പ്രവൎത്തിച്ചുവന്നു. രാജാവായ ധൎമ്മപുത്രൻ ധൃതരാഷ്ട്രൎക്കു സങ്കടം വരാവുന്ന യാതൊന്നും സംസാരിക്കാതിരിക്കാൻ വളരെ ജാഗരൂകനായിരുന്നു. അനേകം ദേശങ്ങളിൽനിന്നും വരുന്ന രാജാക്കന്മാർ കൗരവശ്രേഷ്ഠനായ ധൃതരാഷ്ട്രരെ പണ്ടത്തെപ്പോലെ തന്നെ മഹാരാജാവെന്ന നിലയിൽ ആദരിച്ചു വന്നു. ഗാന്ധാരിയെ പരിചരിക്കുന്നതിൽ സ്ത്രീകൾ യാതൊരു കുറവും കാണിച്ചുവന്നില്ല. "പുത്രനാശംകൊണ്ടു തപിക്കുന്ന ഇദ്ദേഹത്തിനു് അല്പം പോലും സങ്കടം വരുത്താതെ സൂക്ഷിക്കണം" എന്നു് യുധിഷ്ഠിരൻ തൻെറ സഹോദരന്മാരോടു് ആജ്ഞാപിച്ചിരുന്നു. ഭീമനൊഴിച്ചു് മറെറല്ലാവരും യുധിഷ്ഠിരൻെറ ആജ്ഞ അനുസരിച്ചു നടന്നു. പാണ്ഡവന്മാരാൽ സുപൂജിതനായി സ്വപുത്രന്മാർ ജീവിച്ചിരുന്നാൽ എപ്രകാരമോ അതുപോലെയുള്ള സുഖഭോഗങ്ങൾ ധൃതരാഷ്ട്രർ അനുഭവിച്ചു. ധൃതരാഷ്ട്രരും പാണ്ഡവന്മാരെ സ്നേഹപൂൎവം നോക്കിവന്നു. അവരിൽ അപ്രിയമായി യാതൊന്നും അദ്ദേഹം കണ്ടില്ല; അവരോടു് യാതൊരു അപ്രിയവും അദ്ദേഹം കാണിച്ചുമില്ല.

ഇപ്രകാരം പാണ്ഡവന്മാർ ധൃതരാഷ്ട്രരെ നന്നായി ആദരിച്ചു. എന്നാൽ ഭീമസേനൻ മാത്രം അപ്രിയമായ സംഗതികൾ ചിലപ്പോൾ പറഞ്ഞിരുന്നു. കുറേദിവസം കഴിഞ്ഞു് രഹസ്യമായി മററാളുകളെക്കൊണ്ടു് ധൃതരാഷ്ട്രരുടെ ആജ്ഞകൾ ലംഘിപ്പിക്കാൻ തുടങ്ങി. "മന്ദബുദ്ധിയായ ദുര്യോധനൻ കൊല്ലപ്പെട്ടു" എന്നു് ധൃതരാഷ്ട്രരുടെ

കാതിൽ കേൾക്കത്തക്കവണ്ണം ഭീമൻ പറഞ്ഞുവന്നു. ദുര്യോധനൻ, കർണ്ണൻ, ദുശ്ശാസനൻ ഇവരുടെ പ്രവൃത്തികളെ ആലോചിക്കുമ്പോൾ തന്റെ കോപം വിസ്മരിക്കാനോ അടക്കാനോ ഭീമസേനനു സാധിക്കാതെ വന്നു. ചില സമയങ്ങളിൽ ധൃതരാഷ്ട്രരും ഗാന്ധാരിക്കും കേൾക്കത്തക്കവണ്ണം പോലും ഭീമസേനൻ കഠിനവാക്കുകൾ പ്രയോഗിച്ചിരുന്നു.

ഭീമന്റെ വർത്തമാനവും നടത്തയും ധൃതരാഷ്ട്രരുടെ മനസ്സിനെ വ്യാകുലപ്പെടുത്തി. ഇതുകണ്ടു ഗാന്ധാരിയും സങ്കടപ്പെട്ടു. എന്നാൽ അവർ വിവേകസമ്പന്നയും ധർമ്മജ്ഞയും ആയിരുന്നു. ഭീമസേനന്റെ ക്രൂരവാക്കുകളും അപ്രിയവചനങ്ങളും കേൾക്കുമ്പോളെല്ലാം സാക്ഷാൽ ധർമ്മവിഗ്രഹമായി പ്രകാശിച്ച കുന്തീദേവിയെ നോക്കി ഗാന്ധാരി സമാധാനപ്പെട്ടു ശാന്തിയെ പ്രാപിച്ചിരുന്നു.

ഇങ്ങനെ പതിനഞ്ചു വർഷങ്ങൾ കഴിഞ്ഞു.

---

## 104. ധൃതരാഷ്ട്രർ

വൃദ്ധനായ ധൃതരാഷ്ട്രർ ഭീമന്റെ വാക്കുകൾകൊണ്ടു് പീഡിതനായിരുന്നതിനാൽ യുധിഷ്ഠിരന്റെ ആജ്ഞാനുസരണം നല്കപ്പെട്ട ഭോഗസുഖങ്ങളിൽ മനസ്സു വയ്ക്കാൻ അശക്തനായിത്തീർന്നു. പാണ്ഡവന്മാരെ അറിയിക്കാതെ അദ്ദേഹം കഠിനവ്രതങ്ങൾ അനുഷ്ഠിച്ചു തുടങ്ങി. ഊണു കുറയ്ക്കുക മുതലായ പല രീതികളാലും അദ്ദേഹം ശരീരത്തെ ക്ലേശിപ്പി[illegible] ഗാന്ധാരിയും അപ്ര

കാരം തന്നെ ചെയ്തു. പിന്നീടു് ഒരു ദിവസം ധൎമ്മപുത്രനെ ക്ഷണിച്ചു വരുത്തി അദ്ദേഹത്തോടു ധൃതരാഷ്ട്രർ ഇങ്ങനെ പറഞ്ഞു:—

"വത്സ! നിനക്കു ക്ഷേമമുണ്ടാകട്ടെ. ഞാൻ നിന്റെ പരിപാലനത്തിൽ നിന്റെ ഗൃഹത്തിൽ പതിനഞ്ചുവൎഷം താമസിച്ചു കഴിഞ്ഞിരിക്കുന്നു. ദാനം, ശ്രാദ്ധം മുതലായ കൎത്തവ്യകൎമ്മങ്ങളെല്ലാം ഞാൻ അനുഷ്ഠിച്ചു. പുത്രവിരഹിതയായ ഗാന്ധാരിയും മനഃസ്ഥൈൎയ്യത്തോടുകൂടി സ്വദുഃഖം വിസ്മരിച്ചു് എന്നെ സേവിച്ചുവരുന്നു. ദ്രൗപദിക്കു് വലുതായ അപരാധം ചെയ്തവരും നിന്റെ പിതൃസ്വത്തിനെ കവൎന്നവരും ആയ എന്റെ ദുഷ്ടസന്താനങ്ങൾ അവരുടെ അധൎമ്മത്താൽ മരിച്ചു. പിൻതിരിയാതെ യുദ്ധം ചെയ്തു് അവർ വീരസ്വൎഗ്ഗം പ്രാപിച്ചിരിക്കുന്നു. എനിക്കും ഗാന്ധാരിക്കും പരലോകത്തേക്കു വേണ്ട കാൎയ്യങ്ങളാണു് ഇനി ചെയ്യാനുള്ളതു്. നിനക്കു് ശാസ്ത്രം അറിയാമല്ലോ? ജീൎണ്ണവസ്ത്രവും മരവുരിയും ധരിച്ചു് വനത്തിലേക്കു പോകയാണു എന്റെ അനന്തരകൎത്തവ്യം. നമ്മളുടെ കുലരീതി ഞാൻ അനുസരിക്കണം. രാജാവായ നിനക്കു് എന്റെ തപസ്സിന്റെ ഫലത്തിൽ ഒരു പങ്കു ലഭിക്കും."

ഇതുകേട്ട ക്ഷണത്തിൽ യുധിഷ്ഠിരൻ പറഞ്ഞു. "അങ്ങു് ഇപ്രകാരം ഉപവാസം അനുഷ്ഠിച്ചു് ശരീരക്ലേശം ചെയ്യുന്നുവെന്നുള്ള വസ്തുത ഞാനോ എന്റെ സഹോദരന്മാരോ അറിഞ്ഞിട്ടില്ല. അങ്ങു് സുഖമായിരിക്കുന്നുവെന്ന ധാരണയിലാണു് ഞാൻ ഇരുന്നതു്. എന്റെ പിതാവായ അങ്ങു് അസഹ[illegible]മായ ദുഃഖം അനുഭവിക്കുന്നു.

രാജ്യം, സുഖാനുഭവങ്ങൾ മുതലായവകൊണ്ടു് എനിക്ക് എന്തു പ്രയോജനമാണുള്ളതു്? ഞാൻ മഹാപരാധി തന്നെയാണു്. രാജ്യലോഭത്താൽ ഞാൻ തെററു ചെയ്തു പോയി. അവിടത്തെ മകനായ യുയുത്സു രാജാവായി വാഴട്ടെ! അല്ലെങ്കിൽ അങ്ങു നിശ്ചയിക്കുന്ന ആരെങ്കിലും രാജാവായി ഇരുന്നുകൊള്ളട്ടെ. അഥവാ അങ്ങുതന്നെ രാജാവായിരുന്നു് ഈ ദേശത്തെ പരിപാലിച്ചാലും. ഞാൻ വനത്തിൽ പോകാം. ഇതുവരെ എനിക്കു നേരിട്ട അപകീർത്തി മതിയാകും. അങ്ങു് വീണ്ടും എന്നെ അപവാദാഗ്നിയിൽ ഇട്ടു തപിപ്പിക്കരുതു്. ഞാൻ രാജാവല്ല. അവിടുന്നുതന്നെയാണല്ലോ രാജാവു്? ആ സ്ഥിതിക്കു് അങ്ങേക്കു് അനുമതി നല്കാൻ ഞാൻ ആരാണു്? ദുര്യോധനനെ സംബന്ധിച്ചു് എനിക്കു് ഇപ്പോൾ യാതൊരു കോപവുമില്ല. വിധിവൈഭവത്താൽ നമ്മൾക്കെല്ലാം ബുദ്ധിവിഭ്രമമുണ്ടായി ഈ സംഭവങ്ങൾ നടന്നുപോയെന്നേ ഉള്ളു. ദുര്യോധനാദികളെപ്പോലെതന്നെ ഞങ്ങളും അങ്ങയുടെ പുത്രന്മാരാണല്ലോ? ഗാന്ധാരി, കുന്തി ഇവർ രണ്ടു പേരും ഒരുപോലെതന്നെ എനിക്കു് അമ്മമാരാണു്. അങ്ങു വനത്തിൽ പോകയാണെങ്കിൽ ഞാനും അങ്ങയുടെകൂടെത്തന്നെ വരും. അങ്ങു് കാട്ടിൽ പോയാൽ അങ്ങയുടെ വിരഹത്താൽ ദുഃഖിക്കുന്ന എനിക്കു് ഈ രാജപദവികൊണ്ടു് എന്തുസുഖമാണുണ്ടാകുന്നതു്? ഞാൻ ശിരസ്സു നമിച്ചു് അങ്ങയോടു പ്രാർത്ഥിക്കുന്നു. അങ്ങയുടെ മനസ്സിലുള്ള ദുഃഖം അകററിയാലും. ഞാൻ സന്തോഷപൂർവം അങ്ങയെ സേവി[...]് ശാന്തിയടയട്ടെ"

ധൃതരാഷ്ട്രർ മറുപടി പറഞ്ഞു. "ഹേ കുന്തീനന്ദന! വനത്തിൽചെന്നു തപസ്സുചെയ്യാനാണു് എന്റെ മനസ്സ് ആഗ്രഹിക്കുന്നതു്. പല സംവത്സരങ്ങളായി ഞാൻ നിന്റെ ഗൃഹത്തിൽ താമസിച്ചുവരുകയാണല്ലോ? നീയും നിന്നെ സംബന്ധിച്ച സകലരും എന്നെ നല്ലവണ്ണം സേവിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വനത്തിൽ പോകാൻ എന്നെ അനുവദിക്കണം."

ഇപ്രകാരം ധൃതരാഷ്ട്രർ വിറച്ചുകൊണ്ടു് കൂപ്പുകയ്യായി നിന്നു ധർമ്മപുത്രനോടു പറഞ്ഞിട്ടു് വിദുരനേയും കൃപനേയും നോക്കി ഇങ്ങനെ അപേക്ഷിച്ചു. "നിങ്ങൾ രാജാവിനോടു പറഞ്ഞു് എനിക്കു് അനുവാദം വാങ്ങിത്തരണം. എന്റെ നാക്കു കുഴങ്ങുന്നു. ഞാൻ വൃദ്ധനല്ലേ. അധികം സംസാരിച്ചതുകൊണ്ടുള്ള ക്ഷീണമായിരിക്കാം."

അനന്തരം പ്രജ്ഞയില്ലാതെ അദ്ദേഹം ഗാന്ധാരിയുടെ പുറത്തു് ചാഞ്ഞു. ഇതുകണ്ടപ്പോൾ യുധിഷ്ഠിരനു് അസഹനീയമായ ദുഃഖമുണ്ടായി. അദ്ദേഹം ഇങ്ങനെ വിലപിച്ചു. "ആനയുടെ ബലമുള്ള ഇദ്ദേഹം, ഇരുമ്പുകൊണ്ടുണ്ടാക്കപ്പെട്ട പ്രതിമയെ തവിടുപൊടിയാക്കിയ ഈ വീരൻ ഇങ്ങനെ മനോവേദനപ്പെട്ടു് ശരീരം വാടി എല്ലും തോലുമായിത്തീർന്നല്ലോ? പ്രജ്ഞയില്ലാതെ അനാഥനെന്നവണ്ണം ഗാന്ധാരിയുടെമേൽ ചാഞ്ഞു കിടക്കുന്നുവല്ലോ. ഇതിനെല്ലാം ഞാനല്ലേ കാരണം? ധർമ്മജ്ഞാനമില്ലാത്ത എന്നേയും എന്റെ ബുദ്ധിയേയും എന്റെ പഠിപ്പിനേയും എത്രതന്നെ നിന്ദിച്ചാലും മതിയാകയില്ല.

വെള്ളമെടുത്തു തളിച്ചു് തന്റെ കുളിർകൈകൾകൊണ്ടു് യുധിഷ്ഠിരൻ ധൃതരാഷ്ട്രരുടെ മുഖത്തു തലോടി.

ധൃതരാഷ്ട്രൻ പ്രജ്ഞവന്നപ്പോൾ കൈകൊണ്ടു് തന്നെ തടവികൊണ്ടിരുന്ന ധർമ്മപുത്രനെ ഗാഢമായി ആലിംഗനംചെയ്തു് ഇങ്ങനെ പറഞ്ഞു. "കുഞ്ഞേ! നിൻെറ സ്പർശംകൊണ്ടു് എനിക്കു് അമൃതാസ്വാദസമാനമായ സുഖം ഉണ്ടാകുന്നു."

ആ സന്ദർഭത്തിൽ വ്യാസൻ അവിടെ എത്തി. വിവരങ്ങൾ അറിഞ്ഞു് അദ്ദേഹം യുധിഷ്ഠിരനോടു് ഇങ്ങനെ പറഞ്ഞു.

"കുരുകുലശ്രേഷ്ഠനായ ധൃതരാഷ്ട്രർ പറയുന്നതു പോലെ ചെയ്യുക. വൃദ്ധനും പുത്രഹീനനുമായ ഇദ്ദേഹം അധികകാലത്തേക്കു് ഈ കഷ്ടം സഹിക്കയില്ല. ഉൽകൃഷ്ടജ്ഞാനസമ്പന്നയായ ഗാന്ധാരി സ്വദുഃഖം അസാധാരണമായ ധൈര്യത്തോടുകൂടി സഹിച്ചുവരുകയാണു്. ഞാൻ പറയുന്നതു് അനുസരിക്കുക. ധൃതരാഷ്ട്രർക്കു് അനുമതി നല്കുക. ഇദ്ദേഹം ഇവിടെ വിഷമിച്ചു മരിക്കേണ്ട. പ്രാജ്ഞനായ ഇദ്ദേഹം വനത്തിൽ മധുപൂർണ്ണങ്ങളായ പുഷ്പങ്ങളുടെ സൗരഭ്യമേററു് സങ്കടമില്ലാതെ വസിക്കട്ടെ. പ്രാചീന രാജർഷികളുടെ മാർഗ്ഗത്തെ പിൻതുടരട്ടെ. രാജാക്കന്മാർക്കു് ഇതുതന്നെയാണു് ധർമ്മം. ഒന്നുകിൽ യുദ്ധത്തിൽ മരിക്കണം അല്ലെങ്കിൽ വനത്തിൽ ശാസ്ത്രവിധി അനുസരിച്ചു് ആയുസ്സു് അവസാനിപ്പിക്കണം. ഇദ്ദേഹം യാഗങ്ങൾ അനുഷ്ഠിച്ചു് ഭൂമിയെ പരിപാലിച്ചു. നിങ്ങൾ വനവാസം ചെയ്യുമ്പോൾ പുത്രൻെറ അധീനതയിലിരുന്നു് വിശാലമായ രാജ്യത്തെ പതിമൂന്നു സംവത്സരകാലം ഇദ്ദേഹം അനുഭവിച്ചു. അപ്പോൾ അനവധി ദാനങ്ങളും ഇദ്ദേഹം ചെയ്തു. നീ[illegible]ു പതിനഞ്ചു സംവ

ത്സരം ഇദ്ദേഹത്തെ നന്നായി സേവിച്ചു. ഒരു കുറവും വരുത്തിയിട്ടില്ല. ഇപ്പോൾ ഇദ്ദേഹത്തിന് തപസ്സു ചെയ്യേണ്ട കാലമാണ്. ഇദ്ദേഹം കോപിച്ചു പോകുകയല്ല. അനുവദിക്കുക." ഇങ്ങനെ പറഞ്ഞു് വ്യാസൻ യുധിഷ്ഠിരനെ സമാധാനപ്പെടുത്തി. അങ്ങനെതന്നെ ചെയ്യാമെന്നു് ധർമ്മപുത്രൻ സമ്മതിച്ചപ്പോൾ വ്യാസൻ തൻെറ ആശ്രമത്തിലേക്കു മടങ്ങി.

---

## 105. മൂവരുടെയും അവസാനം

വനത്തിൽപോകാൻ യുധിഷ്ഠിരൻെറ അനുമതി കിട്ടിയ ഉടൻതന്നെ ധൃതരാഷ്ട്രരും ഗാന്ധാരിയും അവരുടെ മാളികയിൽചെന്നു് ഉപവാസവ്രതം അവസാനിപ്പിച്ചു. ഗാന്ധാരിയും കുന്തിയും ഒരുമിച്ചിരുന്നു് ഊണു കഴിച്ചു. ധൃതരാഷ്ട്രർ യുധിഷ്ഠിരനെ തന്റെ സമീപത്തിൽ ഇരുത്തി ആശീർവചനങ്ങൾ പൊഴിച്ചു. അനന്തരം ഗാന്ധാരിയുടെ തോളിൽ കൈവച്ചു് താങ്ങിക്കൊണ്ടു് നടന്നു് ആ വൃദ്ധൻ വനത്തിലേക്കു പുറപ്പെട്ടു. ഭർത്താവു് അന്ധനായതുകൊണ്ടു് ഗാന്ധാരി തൻെറ മുഖവും വസ്ത്രത്താൽ മറച്ചു് കണ്ണുകൾ ഉപയോഗിക്കാതെ ഇരുന്നിരുന്നു. ആ പതിവ്രതാമണിയായ മഹതി കുന്തിയുടെ തോളിൽ കൈവെച്ചു താങ്ങിക്കൊണ്ടു നടന്നു. മൂന്നുപേരും രാജധാനിവിട്ടു് വനത്തിൽ പ്രവേശിച്ചു.

ഗാന്ധാരിയെ ശുശ്രൂഷിച്ചുകൊണ്ടു് താനും വനത്തിൽതന്നെ താമ[illegible]മെന്നു കുന്തി മനസ്സുകൊണ്ടു

നിശ്ചയിച്ചിരുന്നു. യാത്രയായി പുറപ്പെട്ടപ്പോൾ കുന്തി യുധിഷ്ഠിരനോടു് ഇങ്ങനെ പറഞ്ഞു. "കുഞ്ഞേ! സഹദേവനോടു് ഒരിക്കലും കോപിക്കരുതു്. യുദ്ധത്തിൽ വീരനായി മരണം വരിച്ച കർണ്ണനെ എപ്പോഴും സ്നേഹപൂർവ്വം സ്മരിക്കണം. കർണ്ണൻ എന്റെ മകനും നിങ്ങളുടെ സഹോദരനുമാണെന്നുള്ള സംഗതി ഞാൻ നിങ്ങളെ അറിയിക്കാതെ ഇരുന്നതു് എന്റെ കുററംതന്നെ. ദ്രൗപദിയെ സ്നേഹപൂർവ്വം നോക്കണം. ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ ഇവർക്കു് ഒരിക്കലും ദുഃഖം വരാതിരിക്കത്തക്കവണ്ണം കാത്തു രക്ഷിച്ചുകൊള്ളണം. ഈ വംശത്തിന്റെ ഭാരം മുഴുവൻ ഇനിമേൽ നിന്നിൽ സമിതിചെയ്യുന്നു."

ഗാന്ധാരിയെ യാത്ര അയയ്ക്കുന്നതിനു വേണ്ടിയാണു് കുന്തി കൂടെപ്പോയതു് എന്നായിരുന്നു ധർമ്മപുത്രൻ അതുവരെ വിചാരിച്ചിരുന്നതു്. എന്നാൽ കുന്തിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ഒന്നും പറയാൻ സാധിക്കാതെ അദ്ദേഹം സ്വല്പനേരം സ്തംഭിച്ചു നിന്നുപോയി. പിന്നീടു് ധർമ്മപുത്രൻ ഇപ്രകാരം സങ്കടപ്പെട്ടു പറഞ്ഞു: "അമ്മേ! ഇങ്ങനെ ചെയ്യരുതു്. ഞങ്ങളെ അനുഗ്രഹിച്ചു യുദ്ധത്തിനയച്ചതു് അമ്മയാണല്ലൊ. ഇപ്പോൾ ഞങ്ങളെ ത്യജിച്ചു അമ്മ വനത്തിൽപോകുന്നതു് ധർമ്മമല്ല." എന്നാൽ യുധിഷ്ഠിരന്റെ നിർബന്ധപൂർവ്വമായ അപേക്ഷയെ സ്വീകരിക്കാതെ വനത്തിൽ പോകാൻതന്നെയാണു് കുന്തി നിശ്ചയിച്ചതു്. അവരുടെ സങ്കല്പം സുസ്ഥിരമായിരുന്നു.

കുന്തി ധർമ്മപുത്രനെ ആശീർവ്വദിച്ചു് ഇങ്ങനെ പറഞ്ഞു: "എന്റെ ഭർത്താവു [illegible]ിക്കുന്ന ലോകത്തിൽ

പോകാൻ ഞാൻ ആഗ്രഹിക്കുന്നു. ഗാന്ധാരിയുടെകൂടെ വനത്തിൽ താമസിച്ചു തപസ്സുചെയ്തു് ഞാൻ നിങ്ങളുടെ അച്ഛന്റെ ലോകത്തെ പ്രാപിക്കും. നീ തിരിച്ചു് നഗരത്തിലേക്കു പോകുക. നിന്റെ മനസ്സു് എപ്പോഴും ധമ്മത്തിൽതന്നെ സ്ഥിതിചെയ്യട്ടെ."

യുധിഷ്ഠിരൻ മൌനമായി നിന്നു. അദ്ദേഹത്തെയും മററു പുത്രന്മാരേയും വീണ്ടും വീണ്ടും നോക്കിക്കൊണ്ടു് കുന്തി വനത്തിലേക്കു പോയി.

ഒരാളുടെ തോളിൽ മറെറാരാൾ കൈവെച്ചു് ഊന്നിക്കൊണ്ടു് ആ മൂന്നുപേരും വനത്തിൽ പ്രവേശിച്ചു. ഈ കാഴ്ച ഇന്നലെ നമ്മളുടെ ഗൃഹത്തിൽ നടന്ന ഒരു ശോകസംഭവംപോലെതന്നെ തോന്നുന്നു.

* * * * *

ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയും മൂന്നു സംവത്സരം വനത്തിൽ താമസിച്ചു. പിന്നീടു് ഒരുദിവസം ധൃതരാഷ്ട്രൻ കുളികഴിഞ്ഞു് ആശ്രമത്തിലേക്കു മടങ്ങുകയായിരുന്നു. അപ്പോൾ കാട്ടിൽ തീപിടിച്ചു. കാററുകൊണ്ടു് വനം മുഴുവനും അഗ്നി വ്യാപിച്ചു. മാൻ, കാട്ടുപന്നി മുതലായവ കൂട്ടംകൂട്ടമായി ഓടി തടാകത്തെ പ്രാപിച്ചു.

തന്റെ കൂടെ ഉണ്ടായിരുന്ന സഞ്ജയനെ നോക്കി, "നിങ്ങൾ ഈ അഗ്നിപാതത്തിൽനിന്നും ഓടി രക്ഷപ്പെട്ടുകൊള്ളുക" എന്നു പറഞ്ഞു് അന്ധനായ ആ വൃദ്ധരാജാവും കണ്ണിനെ വസ്ത്രത്താൽ മൂടിയിരുന്ന ഗാന്ധാരിയും കുന്തീദേവിയും കിഴക്കുനോക്കി യോഗാസനത്തിൽ സ്ഥിതിചെയ്തു. അവർ യഥാവസരം അഗ്നിക്കു ബലിയായിത്തീർന്നു.

ധൃതരാഷ്ട്രർ അദൃശ്യനായപ്പോൾ അദ്ദേഹത്തിൻെറ കണ്ണും പ്രാണനുമായിരുന്ന സഞ്ജയൻ സർവ്വസംഗപരിത്യാഗിയായി ഹിമാലയത്തിലേയ്ക്കു പോയി.

## 106. ശ്രീകൃഷ്ണൻെറ തിരോധാനം

ഭാരതയുദ്ധം കഴിഞ്ഞു് മുപ്പത്താറുവർഷക്കാലം ശ്രീകൃഷ്ണൻ ദ്വാരകയിൽ രാജ്യപരിപാലനം ചെയ്തു. ശ്രീകൃഷ്ണകുലത്തിൽ ചേൎന്ന വൃഷ്ണികൾ, അന്ധകർ, ഭോജർ എന്നു പല പേരുകളിലും അറിയപ്പെട്ടുന്ന യാദവരാജാക്കന്മാർ അത്യധികമായ സുഖത്തിൽ കാലംകഴിച്ചുതുടങ്ങി. അങ്ങനെയുള്ള സുഖജീവിതംകൊണ്ടു് അവൎക്കു സംയമവും മൎയ്യാദയും ഇല്ലാതെയായി.

ഒരു ദിവസം ചില ഋഷിമാർ ദ്വാരകയിൽ വന്നുചേൎന്നു. അപ്പോൾ മഹാന്മാരെ ധിക്കരിച്ചിരുന്ന യാദവന്മാർ ഋഷിമാരെ പരിഹസിക്കുന്നതിനായി തങ്ങളിൽ ഒരാളെ സ്ത്രീവേഷംകെട്ടിച്ചു് ആ മഹാന്മാരുടെ സന്നിധാനത്തിൽ ചെന്നു് ഇങ്ങനെ ചോദിച്ചു. "ശാസ്ത്രജ്ഞന്മാരേ! ഈ പെണ്ണിനു് എന്തു കുഞ്ഞാണു് ഉണ്ടാകാൻ പോകുന്നതു്?"

ഈ കുടിലതയും പരിഹാസവും കണ്ടു് കോപാവിഷ്ടരായി, "ഇയാൾക്കു് ഒരു ഇരുമ്പുലക്കയാണു് ഉണ്ടാകാൻ പോകുന്നതു്. ആ ഇരുമ്പുലക്ക നിങ്ങളുടെ കുലത്തെ നശിപ്പിക്കും" എന്നു ശപിച്ചു് മഹ[illegible]മാർ മടങ്ങിപ്പോയി.

ഈ ശാപവാൎത്ത കേട്ടപ്പോൾ കളിയായി ആരംഭിച്ചത് എങ്ങനെ പരിണമിച്ചുവെന്നുകണ്ടു് യാദവന്മാർ അല്പം ഭയന്നു. അടുത്തദിവസം ഋഷിമാർ പറഞ്ഞതുപോലെ തന്നെ സ്ത്രീവേഷധാരിയായ സാംബന്നു് പ്രസവവേദന ഉണ്ടായി. അയാൾ ഒരു ഇരുമ്പുലക്ക പ്രസവിക്കയും ചെയ്തു. ഇതു കണ്ടപ്പോൾ ഋഷിമാരുടെ ശാപം യഥാൎത്ഥമായി ഫലിക്കുമെന്നു വിചാരിച്ചു് യാദവന്മാർ അത്യന്തം വ്യാകുലപ്പെട്ടു. ആ ഉലക്ക സാക്ഷാൽ യമൻ തന്നെ എന്നു് അവർ കരുതി. എല്ലാവരും ചേൎന്നു് ആലോചിച്ചു് ഉലക്ക പൊടിച്ചു സമുദ്രത്തിൽ കലക്കി. അടുത്ത വൎഷം ആ സ്ഥലത്തിൽ ഏരകപ്പുല്ലു് പടൎന്നുപിടിച്ചു. അവരുടെ ഭയം തീൎന്നുവെന്നു വിചാരിച്ചു് യാദവന്മാർ ശാപത്തെ വിസ്മരിച്ചു.

പിന്നീടു് ഒരു ദിവസം യാദവന്മാർ ഒന്നുചേൎന്നു് സമുദ്രതീരത്തിൽ ചെന്നു് ഉല്ലാസപൂൎവ്വം ക്രീഡാവിനോദങ്ങളിലും മധുപാനത്തിലും സ്വല്പനേരം കഴിച്ചു. മദ്യം അതിൻെറ പ്രാഭവം പ്രകാശിപ്പിച്ചുതുടങ്ങി.

യാദവകുലത്തിലെ കൃതവൎമ്മാവു് കൗരവപക്ഷത്തിലും സാത്യകി പാണ്ഡവപക്ഷത്തിലും യുദ്ധംചെയ്തിരുന്നുവല്ലോ? സാത്യകി കൃതവൎമ്മാവിനെ നോക്കി പരിഹസിച്ചുതുടങ്ങി. "ഏതു ക്ഷത്രിയനാണു് ഉറങ്ങിക്കിടക്കുന്നവരെ കൊല്ലാൻ ഒരുമ്പെടുന്നതു്?" കൃതവൎമ്മാവേ! യാദവകുലത്തിനെല്ലാം ഒരു വലിയ അപമാനം നിങ്ങൾ വരുത്തിവച്ചുവല്ലോ"? മദ്യപാനത്താൽ ബോധംകെടാത്ത മററു പലരും ഈ പരിഹാസവാൎത്തയെ അനുമോദിച്ചു പറഞ്ഞു. കൃതവൎമ്മാവിന്നു വല്ലാതായ കോപം ഉണ്ടായി.

അദ്ദേഹം ഇങ്ങനെ പറഞ്ഞു. "യുദ്ധത്തിൽ ഭഗ്നഹസ്തനായി പ്രായോപവേശനം ചെയ്തുംകൊണ്ടു് യോഗനിഷ്ഠയിൽ ഇരുന്ന മഹാനായ ഭൂരിശ്രവസ്സിനെയാണല്ലോ നിങ്ങൾ കൊന്നതു്. ഇപ്രകാരം കശാപ്പുകാരനെപ്പോലെ പ്രവർത്തിച്ച നിങ്ങൾക്കു് എന്നെ പരിഹസിക്കാൻ എന്തിരിക്കുന്നു?" അപ്പോൾ സാത്യകിയുടെ ആ കടുംകൃത്യത്തെ അപലപിച്ചു് മററു പലരും സംസാരിച്ചു. അനന്തരം യാദവന്മാർ എല്ലാവരും ആ കലഹത്തിൽ പങ്കുകൊണ്ടു. കലഹം മൂത്തു് അതിരു കടന്നുതുടങ്ങി.

"ഉറങ്ങിക്കൊണ്ടിരുന്നവരെ കൊന്ന ഈ പാപിയെ നോക്കുക! അയാളുടെ അന്ത്യകാലം അടുത്തു" എന്നുപറഞ്ഞു് സാത്യകി കൃതവർമ്മാവിൻെറ നേക്കു് പാഞ്ഞുചെന്നു് വാളുകൊണ്ടു് അദ്ദേഹത്തിൻെറ ശിരസ്സിനെ ഛേദിച്ചു.

അതുകണ്ടു് പലരും സാത്യകിയെ വളഞ്ഞു് അവിടെ ഉണ്ടായിരുന്ന പാനപാത്രങ്ങളെ അദ്ദേഹത്തിൻെറമേൽ എറിഞ്ഞു. ഇപ്രകാരം സാത്യകിയെ വളഞ്ഞു് ആക്രമിച്ചവരെ ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നൻ എതിർത്തു. അദ്ദേഹവും സാത്യകിയും മരിച്ചു. അപ്പോൾ ശ്രീകൃഷ്ണൻ കോപാന്വിതനായി അവിടെ സമുദ്രതീരത്തിൽ വളർന്നുവന്നിരുന്ന പുല്ലു് പറിച്ചെടുത്തു് അതുകൊണ്ടു് എല്ലാവരേയും ആക്രമിച്ചു. അപ്പോൾ യാദവകുലത്തിലുള്ള എല്ലാവരും പുല്ലുകൊണ്ടു് പരസ്പരം മർദ്ദിക്കാൻ ആരംഭിച്ചു.

പൊടിയാക്കിയ ആ ഉലക്കയുടെ അവശിഷ്ടങ്ങളിൽ നിന്നും മുളച്ച ആ പുല്ലു് [illegible]ത്താൽ പിഴുതെടു

ക്കുന്ന മാത്രയിൽത്തന്നെ ഉലക്കയായിത്തീൎന്നു. ആ ഉലക്ക കൊണ്ടു് അവർ പരസ്പരം അടിച്ചു. യാദവകുലം മുഴുവനും മദ്യപാനലഹരികൊണ്ടുണ്ടായ ഈ നിന്ദ്യമായ കലഹത്തിൽ ഇങ്ങനെ നശിച്ചു.

ഇതെല്ലാംകണ്ടു് ബലരാമനു് അത്യധികമായ ദുഃഖം ഉണ്ടായി. അദ്ദേഹം യോഗനിഷ്ഠ അവലംബിച്ചു് ശരീരം ത്യജിച്ചു. ശ്വേതസൎപ്പത്തിന്റെ രൂപത്തിൽ അദ്ദേഹത്തിന്റെ മുഖാരവിന്ദത്തിൽനിന്നു് ഒരു ജ്യോതിസ്സു് നിർഗമിച്ചു് സമുദ്രത്തിൽ ലയിച്ചു മറഞ്ഞു. ഇങ്ങനെ ബലരാമന്റെ അവതാരകാൎയ്യം അവസാനിച്ചു.

ബന്ധുക്കളെല്ലാം ആകമാനം നശിച്ചതും ജ്യേഷ്ഠൻ തിരോധനം ചെയ്തതും കണ്ടു് ശ്രീകൃഷ്ണൻ ധ്യാനനിമഗ്നനായി. അനന്തരം അദ്ദേഹം ഏകാകിയായി സമുദ്രതീരത്തിലുള്ള വനപ്രദേശത്തിൽ സഞ്ചരിച്ചു് സകലസംഭവങ്ങളും ആലോചിച്ചു് തനിക്കും ലോകത്തിൽനിന്നു് അന്തർദ്ധാനം ചെയ്വാനുള്ള സമയം ആസന്നമായെന്നു കണ്ടു് ഭൂമിയിൽ ശയിച്ചു. ആ അവസ്ഥയിൽത്തന്നെ അദ്ദേഹം യോഗനിദ്രയെ അവലംബിച്ചു.

അപ്പോൾ ആ കാട്ടിൽ മൃഗങ്ങളെ അന്വേഷിച്ചു വന്ന ഒരു വേടൻ ധരാശായിയായ കൃഷ്ണനെ ദൂരെനിന്നും നോക്കി മാനാണെന്നു ശങ്കിച്ചു. വില്ലു കുലച്ചു് അവൻ അദ്ദേഹത്തിന്റെ നേൎക്കു് അസ്ത്രം അയച്ചു.

ആ അമ്പു് ശ്രീകൃഷ്ണന്റെ പാദാരവിന്ദത്തിൽ തറച്ചു. പരമാത്മാവായ ശ്രീകൃഷ്ണഭഗവാൻ സ്വൎഗ്ഗാരോഹണം ചെയ്തു.

---

# 107. ധൎമ്മപുത്രൻ

യാദവന്മാരുടെ നാശത്തെയും ശ്രീകൃഷ്ണഭഗവാന്റെ അന്തൎദ്ധാനത്തെയും പററിയുള്ള വൎത്തമാനം ഹസ്തിനപുരത്തിൽ എത്തി.

ഈ വാൎത്ത കേട്ടപ്പോൾ പാണ്ഡവന്മാൎക്കു ലൗകികജീവിതത്തിൽ ഉണ്ടായിരുന്ന ആസക്തി നിശ്ശേഷം നീങ്ങി. അഭിമന്യുപുത്രനായ പരീക്ഷിത്തിനെ രാജാവായി വാഴിച്ചു് പഞ്ചപാണ്ഡവന്മാർ ദ്രൗപദിയുമായി തലസ്ഥാനം വിട്ടു് ദേശപൎയ്യടനം ചെയ്തുതുടങ്ങി. പല സ്ഥലങ്ങളിലും യാത്രചെയ്തതിന്റെശേഷം അവർ അവസാനമായി ഹിമാലയത്തിൽ എത്തി. അപ്പോൾ ഒരു പട്ടിയും അവരെ അനുഗമിച്ചുകൊണ്ടിരുന്നു. ആ മല കയറിപ്പോകുമ്പോൾ ദ്രൗപദിയും ധൎമ്മപുത്രന്റെ അനുജന്മാരും ഓരോരുത്തരായി താഴെ വീണു പരലോകം പ്രാപിച്ചു. ഭാൎയ്യയും അനുജന്മാരും വീണു മരിച്ചതു കണ്ടിട്ടും പരമാൎത്ഥദൎശിയായ ധൎമ്മപുത്രൻ മനഃസ്ഥൈൎയ്യത്തോടുകൂടി മുന്നോട്ടു പോകയാണു ചെയ്തതു്. യുധിഷ്ഠിരനു സഹായമായി പട്ടി മാത്രമേ ഉണ്ടായിരുന്നുള്ളു. ധൎമ്മം ഒന്നുമാത്രമാണു് മനുഷ്യന്റെ എന്നെന്നേക്കുമുള്ള തുണ എന്നു കാണിക്കുന്നതിനുവേണ്ടിയാണു് വ്യാസദേവൻ ഈ കഥ അവതരിപ്പിച്ചിരിക്കുന്നതു്. പട്ടിയുടെ രൂപത്തിൽ ധൎമ്മം തന്നെയാണു് ധൎമ്മപുത്രനെ അനുഗമിച്ചതു്. ധൎമ്മപുത്രർ വളരെ ദൂരം നടന്നതിൽപിന്നെ, അദ്ദേഹത്തോടു രഥാരൂഢനായി വന്ന ദേവേന്ദ്രൻ ഇങ്ങ[illegible] പറഞ്ഞു:—

"നിങ്ങളുടെ അനുജന്മാരും ദ്രൗപദിയും സ്വർഗ്ഗത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. നിങ്ങൾ മാത്രമാണു് മാറി നില്ക്കുന്നതു്. സശരീരനായി രഥത്തിൽ കയറുക. നിങ്ങളെ കൂട്ടിക്കൊണ്ടുപോകാനാണു് ഞാൻ വന്നിരിക്കുന്നതു്."

യുധിഷ്ഠിരൻ രഥത്തിൽ കയറാൻ ഭാവിച്ചപ്പോൾ പട്ടിയും അനുഗമിക്കാൻ തുടങ്ങി. "സ്വർഗ്ഗത്തിൽ പട്ടിക്കു് സ്ഥാനമെന്തു്" എന്നുപറഞ്ഞു ഇന്ദ്രൻ പട്ടിയെ തടുത്തു. അപ്പോൾ യുധിഷ്ഠിരൻ "അങ്ങനെയാണെങ്കിൽ എനിക്കും സ്വർഗ്ഗത്തിൽ സ്ഥാനമില്ല" എന്നുപറഞ്ഞു് പട്ടിയെ ഉപേക്ഷിച്ചു പോകുവാൻ വിസമ്മതിച്ചു. യുധിഷ്ഠിരനെ പരീക്ഷിക്കാനായി പട്ടിയായി വന്ന ധർമ്മരാജാവു് പുത്രൻെറ ധർമ്മനിഷ്ഠ കണ്ടു് ആനന്ദമഗ്നനായി.

യുധിഷ്ഠിരൻ സ്വർഗ്ഗത്തിൽ എത്തി. അവിടെ ആദ്യമായിക്കണ്ടതു് ദുര്യോധനനെയായിരുന്നു. അദ്ദേഹം സൂര്യതേജസ്സോടുകൂടി പ്രകാശിച്ചുകൊണ്ടു് മനോഹരമായ ആസനത്തിൽ ഇരിക്കയായിരുന്നു. വീരലക്ഷ്മിയും ദേവന്മാരും അദ്ദേഹത്തെ ചുററിനിന്നിരുന്നു. ഇതെല്ലാം കണ്ടപ്പോൾ യുധിഷ്ഠിരൻ അവിടെ നിന്നിരുന്നവരോടു് ഇങ്ങനെ പറഞ്ഞു. 'അത്യാഗ്രഹിയും സങ്കുചിതബുദ്ധിയും ആയ ദുര്യോധനൻ ഇരിക്കുന്ന സ്ഥലത്തു താമസിച്ചു കാലംകഴിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളെ പല പ്രകാരത്തിലും അസഹനീയമാകുംവണ്ണം കഷ്ടപ്പെടുത്തിയ ഈ ദുഷ്ടൻെറ പ്രവൃത്തികളുടെ ഫലമായി സ്നേഹിതന്മാരെയും സ്വജനങ്ങളെ[illegible]ങ്ങൾക്കു് കൊല്ലേണ്ടതായി

വനം. ഈ ദുർവൃത്തന്റെ ആജ്ഞാനുസരണം ധർമ്മവ്ര തയായ പാഞ്ചാലി സഭാമദ്ധ്യത്തിൽ അപമാനിതയായി. ഇങ്ങനെയുള്ള ഈ ദുര്യോധനനെ കണ്ടുകൊണ്ടിരിക്കാൻ എനിക്ക് ഇഷ്ടമില്ല. എന്റെ അനുജന്മാർ എവിടെ? അവർ ഇരിക്കുന്ന സ്ഥലത്തു പോകാനാണു് ഞാൻ ആഗ്രഹിക്കുന്നതു്." ഇത്രയും പറഞ്ഞിട്ടു് ധർമ്മപുത്രൻ അവിടെ നിന്നും പിൻതിരിഞ്ഞു.

സർവ്വജ്ഞനും ദേവർഷിമുഖ്യനുമായ നാരദൻ യുധിഷ്ഠി രനെ നോക്കി മന്ദഹാസപൂർവ്വം ഇങ്ങനെ പറഞ്ഞു.

"ഹേ രാജശ്രേഷ്ഠ! ഈ വിധമൊന്നും പറയരുതു്. സ്വർഗ്ഗത്തിൽ വിരോധങ്ങൾക്കു സ്ഥാനമില്ല. ദുര്യോധന നെപ്പററി ഇങ്ങനെ പറയാൻ പാടില്ല. വീരനായ ദുര്യോധനൻ ക്ഷത്രിയധർമ്മത്തിന്റെ വൈഭവത്താൽ ഈ പദവി പ്രാപിച്ചിരിക്കുന്നു. വത്സ, കഴിഞ്ഞുപോയ സംഭവങ്ങൾ ആലോചിച്ചു് മനസ്സിനെ കലുഷപ്പെടുത്ത രുതു്. ദുര്യോധനരാജാവോടുകൂടി ഇവിടെ താമസിക്കുക. സ്വർഗ്ഗത്തിൽ ശത്രുത്വത്തിനു് സ്ഥാനമില്ല. നിങ്ങൾ മനുഷ്യദേഹത്തോടുകൂടി ഇവിടെ വന്നിരിക്കുന്നതുകൊ ണ്ടാണു് ഇങ്ങനെയുള്ള അനുചിതവിചാരങ്ങൾ നിങ്ങളെ ബാധിക്കുന്നതു്. അവയെ അകററുക."

ഇതുകേട്ടു് യുധിഷ്ഠിരൻ മറുപടി പറഞ്ഞു. "ഹേ ബ്രാഹ്മണശ്രേഷ്ഠ! ധർമ്മഹീനനും പാപിഷ്ഠനും സജ്ജന ദ്രോഹിയും പകയും ക്രോധവും വളർത്തിയവനും അസംഖ്യം ജനങ്ങളുടെ നാശത്തിനു് കാരണഭൂതനുമായ ദുര്യോധ നനു് വീരസ്വർഗ്ഗം കിട്ടിയിരിക്കുന്നു. ശൂരന്മാരും സൽഗുണ സമ്പന്നന്മാരും ആയ എന്റെ [illegible]ജന്മാർക്കും, പതിവ്രത

യും ധൎമ്മനിരതയും ആയ ദ്രൗപദിയ്ക്കും എന്തു ഗതിയാണു് ലഭിച്ചിരിക്കുന്നതു്. അവരേയും കൎണ്ണനേയും എനിക്കു വേണ്ടി പ്രാണത്യാഗം ചെയ്തവരും എന്റെ സ്നേഹിതന്മാരുമായ രാജാക്കന്മാരേയും ഇവിടെ കാണുന്നില്ല. അവരെയെല്ലാം കാണാൻ ഞാൻ ആഗ്രഹിക്കുന്നു. വിരാടൻ, ദ്രുപദൻ, ധൃഷ്ടകേതു, പാഞ്ചാലകുമാരനായ ശിഖണ്ഡി, ദ്രൗപദീപുത്രന്മാർ, ശൂരനായ അഭിമന്യു, ഇവരെക്കാണാൻ ഞാൻ ആഗ്രഹിക്കുന്നു. അവരിൽ ആരെയും ഇവിടെക്കാണുന്നില്ലല്ലോ. എനിക്കു വേണ്ടി യുദ്ധമാകുന്ന മഹായാഗാഗ്നിയിൽ അവരുടെ ശരീരങ്ങളെ സമൎപ്പിച്ച ആ വീരന്മാരിൽ ആരെയുംതന്നെ ഇവിടെ കാണുന്നില്ല. അവരെല്ലാം എവിടെയാണു്? അവർ ഇരിക്കുന്ന സ്ഥലത്തിൽ പോയി താമസിക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. മാതാവായ കുന്തി എന്നോടു് ആജ്ഞാപിച്ചതു കൎണ്ണനു വേണ്ടിയും തൎപ്പണം ചെയ്യണമെന്നായിരുന്നു. ഇതു് ഓൎക്കുമ്പോൾ ഇപ്പോഴും എനിക്കു ദുഃഖം ഉണ്ടാകുന്നു. കൎണ്ണൻ ആരാണെന്നു് അറിയാതെ അദ്ദേഹത്തിന്റെ മരണത്തിനു് ഞങ്ങൾ കാരണമായിത്തീൎന്നു. അദ്ദേഹത്തെ കാണാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രാണനെക്കാളും പ്രിയനായ ഭീമനേയും ഇന്ദ്രസമനായ അൎജ്ജുനനേയും നകുലസഹദേവന്മാരേയും ധൎമ്മശീലയും പ്രിയതമയും ആയ പാഞ്ചാലിയേയും കാണാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ താമസിക്കാൻ എനിക്കു് ഒരു വിധത്തിലും സാധിക്കയില്ല. സഹോദരന്മാരും ബന്ധുക്കളും അരികിൽ ഇല്ലാതെ സ്വൎഗ്ഗത്തിൽ വസിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? അവർ ത[illegible]ിക്കുന്ന സ്ഥലം തന്നെയാണു്

സ്വൎഗ്ഗം. ഇതു സ്വൎഗ്ഗമല്ലെന്നുതന്നെയാണു് എന്റെ അഭിപ്രായം."

അപ്പോൾ ദേവന്മാർ പറഞ്ഞു. "ഹേ യുധിഷ്ഠിര! അവരുടെ അടുക്കൽ പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ കാത്തുനിൽക്കണമെന്നില്ല. ഇപ്പോൾ തന്നെ പോകാം." പിന്നീടു് ദേവദൂതനോടു് അവരുടെ അടുക്കലേയ്ക്കു യുധിഷ്ഠിരനെ കൂട്ടിക്കൊണ്ടുപോകാൻ ദേവന്മാർ ആജ്ഞാപിച്ചു.

മുമ്പിൽ ദേവദൂതനും പുറകിൽ യുധിഷ്ഠിരനും നടന്നു പോകുന്ന വഴിയിൽ ഇരുട്ടു വ്യാപിച്ചു തുടങ്ങി. കണ്ട കാഴ്ചകളെല്ലാം ഭയങ്കരമായിരുന്നു.

വഴിയിൽ എല്ലായിടത്തും മാംസവും രക്തവും കലൎന്നു കിടന്നിരുന്നു. ശവങ്ങളും എല്ലുകളും രോമങ്ങളും ചേൎന്നു ബീഭത്സമായ രംഗങ്ങൾ കണ്ടു തുടങ്ങി. എവിടെ നോക്കിയാലും കൃമികൾ തന്നെ. അസഹനീയമായ ദുൎഗന്ധം പുറപ്പെടുന്നുണ്ടു്. കാലും കയ്യും ഭഗ്നമായി പലരും അങ്ങിങ്ങു കാണപ്പെട്ടു. ഈ കാഴ്ചകളെല്ലാം കണ്ടു് ധൎമ്മാത്മാവായ യുധിഷ്ഠിരനു് കാൎയ്യമൊന്നും മനസ്സിലായില്ല. പലതും ആലോചിച്ചുകൊണ്ടു നടന്നു.

പിന്നീടു് യുധിഷ്ഠിരൻ ദേവദൂതനോടു ചോദിച്ചു. "ഈ വഴിയിൽക്കൂടി എത്രദൂരം പോകണം. എന്റെ ഭ്രാതാക്കൾ എവിടെയാണു് ഇരിക്കുന്നതു്."

"മടങ്ങിപ്പോകണമെന്നു് ആഗ്രഹിക്കയാണെങ്കിൽ അങ്ങനെ ചെയ്യാം" എന്നു് ദൂതൻ മറുപടി പറഞ്ഞു.

ദുൎഗ്ഗന്ധം സഹിക്കാൻ നിവൃത്തിയില്ലാതെയിരുന്നതിനാൽ തിരിയെപ്പോകാമെന്നു[illegible] യുധിഷ്ഠിരൻ നിശ്ച

യിച്ചു. അപ്പോൾ നാലുവശത്തുനിന്നും ദയനീയങ്ങളായ വിലാപങ്ങൾ കേട്ടുതുടങ്ങി.

"ഹേ ധർമ്മപുത്ര! അങ്ങു തിരിയെ പോകരുതു്. ഞങ്ങളെ അനുഗ്രഹിക്കാൻ ഒരു നിമിഷമെങ്കിലും ഇവിടെ നില്ക്കുക. അങ്ങു വന്നമാത്രയിൽതന്നെ സുഗന്ധപൂർണ്ണമായ മന്ദമാരുതൻ ഞങ്ങളെ അനുഗ്രഹിച്ചു. അതുകൊണ്ടു് ഞങ്ങൾക്കു് അല്പം ആശ്വാസവും സുഖവും ഉണ്ടായിരിക്കുന്നു. ഹേ കുന്തീപുത്ര! അങ്ങയുടെ ദർശനമാത്രത്താൽതന്നെ ഞങ്ങൾക്കു് കുറെ സന്തോഷം ഉണ്ടാകുന്നു. ഒരു ക്ഷണനേരത്തേക്കെങ്കിലും ഞങ്ങളുടെ സമീപത്തു നില്ക്കണം. അങ്ങു് അടുക്കൽ ഇരിക്കുമ്പോൾ ഞങ്ങളെ പീഡിപ്പിക്കുന്ന യാതനകൾക്കു് അല്പം ശമനമുണ്ടാകുന്നു." ഇങ്ങനെയൊക്കെയായിരുന്നു ആ ആർത്തവിലാപങ്ങൾ. ഇപ്രകാരമുള്ള ദയനീയവചനങ്ങൾ നാലുവശത്തുനിന്നും പുറപ്പെട്ടതുകേട്ടു് "കഷ്ടം! കഷ്ടം!" എന്നു പറഞ്ഞു് യുധിഷ്ഠിരൻ അവിടെനിന്നു. ആ ശബ്ദങ്ങൾ ഏതാണ്ടു് പരിചിതങ്ങളെന്നതുപോലെ തോന്നി. "നിങ്ങൾ ആരാണു്? എന്തിനായിട്ടാണു് ഇവിടെ ഇരിക്കുന്നതു്?" എന്നു് ശോകാവേഗത്തോടുകൂടി യുധിഷ്ഠിരൻ ചോദിച്ചു.

"പ്രഭോ! ഞാൻ കർണ്ണനാണു്" എന്നു് ഒരു ശബ്ദം കേട്ടു. "ഞാൻ [illegible]ൻ" എന്നു് മറെറാരു ശബ്ദം. "ഞാൻ അർജ്ജു[illegible]ന്നു് വേറെ ഒരു നാദം. "ദ്രൗപദി" എന്നു് ഒരു [illegible]സ്വരം മുഴങ്ങി. "ഞാൻ നകുലൻ" "ഞാൻ സഹദേവൻ" "ഞങ്ങൾ ദ്രൗപദീപുത്രന്മാർ" എന്നിപ്രകാരം നാലുവശത്തുനിന്നും പുറപ്പെട്ട ശബ്ദങ്ങൾ യുധിഷ്ഠിരൻ [illegible]ച്ചു.

അസഹനീയമായ വ്യസനത്താൽ പീഡിതനായ യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞു. "ഇവർ എന്തു പാപമാണു ചെയ്തിട്ടുള്ളതു്? എന്തുപുണ്യം അനുഷ്ഠിച്ചാണു് ദേവേന്ദ്രനു തുല്യമായ തേജസ്സോടുകൂടി ദുര്യോധനൻ സ്വർഗ്ഗലോകത്തിൽ ഇരിക്കുന്നതു്? ഇവരോ നരകത്തിൽ വസിക്കുന്നു! ഞാൻ സ്വപ്നം കാണുകയാണോ? അഥവാ ഞാൻ ഉണർന്നിരിക്കയാണോ? ഒരുപക്ഷേ ഞാൻ ബോധംകെട്ടിരിക്കുകയാണോ? ഇതു് എന്റെ മനോവിഭ്രമമായിരിക്കുമോ? ഇപ്രകാരം പറഞ്ഞിട്ടു് അത്യന്തം ക്രോധാക്രാന്തനായി അദ്ദേഹം ദേവന്മാരേയും ധർമ്മത്തേയും പഴിക്കാൻ തുടങ്ങി. അനന്തരം ദേവദൂതനെ നോക്കി അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"നിങ്ങൾ യാതൊരുവരുടെ ദൂതനാണോ അവരുടെ സമീപത്തേക്കു പൊയ്ക്കൊള്ളുക. ഞാൻ കൂടെ വരുന്നില്ല. ഇവിടെത്തന്നെയാണു് ഞാൻ താമസിക്കാൻ പോകുന്നതു്. എന്റെ സാമീപ്യം കൊണ്ടാണല്ലോ എന്റെ പ്രിയ സഹോദരന്മാർ ഇവിടെ നരകപീഡ അനുഭവിക്കുന്നതു്. ഞാനും ഇവിടെത്തന്നെയാണു് ഇരിക്കാൻ പോകുന്നതു്."

യുധിഷ്ഠിരൻ ഇങ്ങനെ പറഞ്ഞ ഉടൻതന്നെ ദൂതൻ ഇന്ദ്രന്റെ സമീ[illegible] വന്നു് യുധിഷ്ഠിരന്റെ സന്ദേശം അറിയിച്ചു.

ഒരു നിമിഷം ക[illegible]ം ഇന്ദ്രനും യമനും യുധിഷ്ഠിരന്റെ സമീപ[illegible] അവരുടെ ആഗമനത്തോടുകൂടി അന്ധകാരം നീ[illegible] ഭീഷണങ്ങളായ ദൃശ്യങ്ങളും മറഞ്ഞു. സാധുക്കളു[illegible]ങ്ങളും ഒടുങ്ങി. പുണ്യഗന്ധംകൊണ്ടു് സുരഭിലമാ[illegible]രുതൻ വീശിത്തുടങ്ങി.

ധമ്മമൂത്തിയായ ധമ്മരാജൻ ധമ്മപുത്രനെ നോക്കി ഇങ്ങനെ അരുളംചെയ്തു.

"ഉത്തമബുദ്ധിയായ വത്സ! നിന്നെ ഞാൻ പരീക്ഷിക്കുകയായിരുന്നു. ഇതു മൂന്നാമത്തെ പ്രാവശ്യമാണ്. ഭ്രാതാക്കൾക്കുവേണ്ടി നീ നരകത്തേയും വരിച്ചു. രാജപദവിയെ പ്രാപിച്ച് ലോകം പരിപാലിക്കുന്ന എല്ലാവക്കും നരകദശ്നനം ആവശ്യംഭാവിയാണ്. അതുകൊണ്ട് നിനക്കും അല്പനേരം ഈ മഹാദുഃഖം അനുഭവിക്കേണ്ടി വന്നു. കേഴ്വികേട്ട വീരനായ അജ്ജുനനോ നിന്റെ പ്രിയസഹോദരനായ ഭീമനോ സത്യവാനായ കർണ്ണനോ ഇവരിൽ ആരുംതന്നെ യഥാത്ഥത്തിൽ നരകത്തെ പ്രാപിച്ചിട്ടില്ല. നിന്നെ പരീക്ഷിക്കുന്നതിനുവേണ്ടി നടത്തിയ ഒരു സൂത്രമാണ് ഇതു്. ഈ സ്ഥാനം ദേവലോകംതന്നെ. നോക്കുക, മൂന്നു ലോകങ്ങളിലും സഞ്ചരിക്കുന്ന ദേവർഷിയായ നാരദൻ അതാ അവിടെ ഇരിക്കുന്നതു കാണുക. ദുഃഖിക്കരുതു്.

പിന്നീട് യുധിഷ്ഠിരൻ മനുഷ്യശരീരം ഉപേക്ഷിച്ച് ദിവ്യശരീരം സ്വീകരിച്ചു.

അതോടുകൂടി മനുഷ്യസഹജമായ ഹിംസ, ദ്വേഷം മുതലായ ക്ലേശങ്ങളിൽനിന്നും നിമ്മുക്തനായി ധമ്മരാജൻ പൂർണ്ണമായ പ... യ പ്രാപിച്ചു.

ദേവന്മാരും ഇ... ാദ്ദേഹത്തെ അഭിനന്ദിച്ചു കർണ്ണനും അനുജന്... ാഷ്ട്രപുത്രന്മാരും ക്രോധം ത്യജിച്ചു ദിവ്യഭാവം... ിരിക്കുന്നതു കണ്ട് യുധിഷ്ഠിരനു മനശ്ശാന്തി ഉ...

ഓം ശാ... ാന്തിഃ ശാന്തിഃ

---

വ്യാസന്റെ വിരുന്ന്

Vyasentae Virunnu.

Vyasen's feast.

**KOTTAYAM PUBLIC LIBRARY**

KOTTAYAM.

Cl. No. 200 Raj Acc. No. 61639

This book should be returned on or before the date last stamped below.

7 MAY 1986
18 SEP 1986
17 DEC 1986
JAN 1987
1 NOV 1988
4 JAN 1996
25 MAY 1998
2 JAN 2000
15 JAN 2000
07 APR 2005
8 JAN 2017
1 JAN 2022

If the book is not [illegible] on due date a fine of 5 Ps. (Five [illegible] will be charged.

൨൦൦

Rai.V.

6.1639

[illegible]

[illegible]

KOTTAYAM PUBLIC LIBRARY
Call No. ........ Acc. No. ........39
Author ........
Title ........

Indic Digital Archive Foundation
gpura.org